www.malankaralibrary.com

ജി. ചേടിയത്ത്

# സഭാപിതാക്കന്മാർ

# 1

കോട്ടയം
1987

www.malankaralibrary.com

ജി. ചേടിയത്ത്

# സഭാപിതാക്കന്മാർ

## I

No. 111

പൗരസ്ത്യവിദ്യാപീഠം
കോട്ടയം
1987

www.malankaralibrary.com

G. Chediath, **Sabhapithakanmar-I**
(The Fathers of the Church-I)
A Publication of the Oriental Institute of Religious Studies,
P. B. No. 1. Vadavathoor, Kottayam-686 010, India.

Copyright : G. Chediath, 1987

Printed at the Manu Printers, Arpookara, Kottayam.

www.malankaralibrary.com

# വിഷയവിവരം

ആമുഖം

1. സാർദിസിലെ മെലിറോ — പെസഹാപ്രസംഗം 1

2. വി. സിപ്രിയാൻ — കത്തോലിക്കാസഭയുടെ ഐക്യം 23

3. നിഖ്യാസൂനഹദോസ് — വിശ്വാസപ്രമാണവും കാനോനാകളും 50

ആമുഖം - 50; വിശ്വാസപ്രമാണം - 53; ഹോമോ ഉസിയോസ് - 54; നിഖ്യായുടെ കാനോനാകൾ ഇരുപതുമാത്രം-55; നിഖ്യായും ബ്രഹ്മചര്യവ്രതവും 55; ഉയിർപ്പുപെരുന്നാൾപ്രശ്നം-56; കാനോനാകൾ 57; പങ്കെടുത്തവർ - 78.

4. സാർദിക്കാ സിനഡ് 86

5. ലവദീഷ്യാ സിനഡ് 97

6. കോൺസ്റ്റാന്റിനോപ്പിൾ സൂനഹദോസ് 106

ആമുഖം - 106; കാനോനാകൾ - 111; പങ്കെടുത്തവർ -116;

7. പ്രാചീന സന്യാസനിയമങ്ങൾ 122

1. മാർ അപ്രേം 122

2. മാർ റാബുള 126

(എ) സന്യാസികൾക്കു വേണ്ടി (1)—126;

(ബി) ഉടമ്പടിയുടെ മക്കൾക്കുവേണ്ടി 128;

(സി) സന്യാസികൾക്കു വേണ്ടി (2) - 134.

3. മാർ അബ്രഹാം 137

4. മാർ ദാദീശോ 145

5. മാർ ബാബായ് 151

6. പാശ്ചാത്യ സുറിയാനി സഭയിലെ ചില സന്യാസ നിയമങ്ങൾ 157

(എ) മാർ ഫീലൊക്സീനോസ് - 157;

(ബി) മാർ യോഹന്നാൻ (2) - 158;

(സി) മാർ യാക്കോബ് - 161;

(ഡി) മാർ ഗീവർഗീസ് - 163;

(ഇ) മാർ കുറിയാക്കോസ് (2) - 163.

www.malankaralibrary.com



7. അജ്ഞാത കർത്തൃനിയമങ്ങൾ 165

എ) സന്യാസികൾക്കാവശ്യമായകാനോനാകൾ 165;
ബി) കന്യകകൾക്കു വേണ്ടിയുള്ള നിയമങ്ങൾ 168;
സി) പേർഷ്യയിലെ സന്യാസികൾക്കുവേണ്ടി യുള്ള നിയമങ്ങൾ—171;
ഡി) സന്യാസികൾ സ്വന്തം മുറിയിൽ അനുഷ്ഠിക്കേണ്ടവ - 174;
ഇ) അജ്ഞാത കർത്തൃ സന്യാസനിയമങ്ങൾ - 175;
എഫ്) മാർ ഗബ്രിയേൽ ആശ്രമത്തിലെ നിയമങ്ങൾ - 176.

8. അപ്പസ്തോലിക കാനോനാകൾ 178

9. സോളമന്റെ ഗീതകങ്ങൾ 193

10. വി. ഹിപ്പോളിററസ് - അപ്പസ്തോലികപാരമ്പര്യം 239

(വിവർത്തനം: റവ. ആൻഡ്രൂസ് മേക്കാട്ടുകുന്നേൽ)

1. ആമുഖം 241

ഭാഗം—1: വൈദികസ്ഥാനികൾ 242

2. മെത്രാൻമാർ 242
3. മെത്രാഭിഷേക പ്രാർത്ഥന 242
4. കുർബാന 243
5. എണ്ണയുടെ ആശീർവാദം 245
6. പാൽക്കട്ടിയുടെയും ഒലിവെണ്ണയുടെയും ആശീർവാദം 245
7. കുർബാന സ്വീകരണപ്രാർത്ഥനകൾ 246
8. വൈദികർ 248
9. ഡീക്കൻമാർ 248
10. വിശ്വാസസാക്ഷികൾ 250
11. വിധവകൾ 251
12. വായനക്കാർ 251
13. കന്യകകൾ 251
14. സബ്ഡീക്കൻമാർ 252
15. രോഗശാന്തിവരം 252

ഭാഗം 2: അൽമായർ 252

16. പുതുതായി വിശ്വാസം സ്വീകരിച്ചവർ 242
17. വചനം ശ്രവിക്കുവാനുള്ള സമയം 255
18. ജ്ഞാനസ്നാനാർത്ഥിയുടെ പ്രാർത്ഥന 255

www.malankaralibrary.com




| | | |
|---|---|---|
| 19. | ജ്ഞാനസ്നാനാർത്ഥികളുടെ മേലുള്ള കൈവയ്പ് | 255 |
| 20. | മാമോദീസാ സ്വീകരിക്കാനുള്ളവർ | 256 |
| 21. | മാമോദീസാ നൽകൽ | 257 |
| 22. | മൂറോനഭിഷേകം | 260 |
| 23. | പെസഹാബലി | 261 |
| ഭാഗം III | സഭയിലെ അനുഷ്ഠാനങ്ങൾ | 262 |
| 24. | കുർബാനസ്വീകരണം | 262 |
| 25. | ഉപവാസം | 263 |
| 26. | അഗാപേ | 263 |
| 27. | വിധവകളുടെ അത്താഴം | 267 |
| 28. | മെത്രാന് അർപ്പിക്കേണ്ട ഫലങ്ങൾ | 267 |
| 29. | ഉപവാസം | 268 |
| 30. | ഡീക്കൻമാരും ഡബ്ഡീക്കൻമാരും | 269 |
| 31. | പ്രാർത്ഥനയ്ക്കുള്ള സമയം | 269 |
| 32. | വിശുദ്ധ കുർബാനയ്ക്കുമുമ്പുള്ള ഉപവാസം | 269 |
| 33. | പുരോഹിതരുടെ ദിനചര്യ | 270 |
| 34. | ശവസംസ്കാരം | 270 |
| 35. | പ്രാർത്ഥനയ്ക്കുള്ള സമയം | 270 |
| 36. | യാമപ്രാർത്ഥനകൾ | 271 |
| 37. | കുരിശുവരയ്ക്കൽ | 273 |
| 38. | ഉപസംഹാരം | 274 |

www.malankaralibrary.com

# ആമുഖം

ക്രൈസ്തവസഭാരംഭകാലത്ത് ആദ്ധ്യാത്മിക മണ്ഡലത്തിൽ ഉയർന്നു പറക്കുകയും ഗഹനമായ ക്രൈസ്തവതത്ത്വങ്ങൾ ആകർഷകമായി ആവിഷ്ക്കരിക്കുകയും ചെയ്ത ക്രൈസ്തവസിദ്ധൻമാരാണ് സഭാപിതാക്കൻമാർ. ക്രൈസ്തവ വിശ്വാസപ്രബോധകരായ പണ്ഡിതരും വിശുദ്ധരുമാണവർ. സ്ഥലകാല സംസ്കാരങ്ങളുടെ കാര്യത്തിൽ കുറെയൊക്കെ വിഭിന്നരായിരുന്നെങ്കിലും സത്യവിശ്വാസപ്രഘോഷണത്തിൽ അവർ ഏകാഭിപ്രായക്കാരായിരുന്നു. അവരുടെ പ്രബോധനം സഭയുടെ ഈടുററ മുതൽക്കൂട്ടാണ്.

'സഭാപിതാക്കൻമാർ സഭയുടെ ബലിഷ്ഠസ്തംഭങ്ങളാണ്. സാർവകാലികസഭയ്ക്കുവേണ്ടി അവർ ശാശ്വതധർമ്മം നിർവഹിക്കുന്നു. അവരുടെ പ്രബോധനത്തോടും അധ്യാപനത്തോടും പൊരുത്തപ്പെട്ടുപോയെങ്കിലേ ഇന്നത്തെ സുവിശേഷപ്രഘോഷണവും ഔദ്യോഗികപ്രബോധനവും അവികലമാകൂ. സഭാപിതാക്കൻമാരാകുന്ന സജീവഉറവയിൽ നിന്ന് ഉത്ഭവിക്കേണ്ടവയാണ് എല്ലാ ആദ്ധ്യാത്മികസിദ്ധികളും സഭാശുശ്രൂഷകളും. അനുദിനം വളരുകയും വികസിക്കുകയും ചെയ്തുകൊണ്ടിരിക്കുന്ന പരിശുദ്ധമായ സഭാസൗധത്തോട് കൂട്ടിച്ചേർത്ത് പണിയുന്ന ഓരോ പുതിയ കല്ലും സഭാപിതാക്കൻമാർ നേരത്തെ പണിതിട്ടുള്ളതിനോട് അനുരൂപപ്പെടുന്നതായിരിക്കണം; ഈ സൗധത്തോട് ഓരോ കല്ലും ഇളകാത്തവിധം സ്ഥാപിക്കണം' (ജോൺപോൾ രണ്ടാമൻ മാർപ്പാപ്പാ, 'പാത്രെസ് എക്ലേസിയേ', ജനുവരി 2, 1980).

വേദപുസ്തകം കഴിഞ്ഞാൽ ക്രൈസ്തവർ പ്രാധാന്യം നൽകേണ്ടതും നൽകുന്നതുമാണ് സഭാപിതാക്കൻമാരുടെ കൃതികൾ. യേശുക്രിസ്തുവിനോടും രക്ഷാകര സംഭവങ്ങളോടും വളരെ അടുത്ത് ജീവിച്ച അവരുടെ ക്രിസ്താനുഭവം, ക്രിസ്തീയ ജീവിതമാതൃക, അവർ വരച്ചുകാട്ടുന്ന ക്രിസ്തുചിത്രം ആദിയായ കാര്യങ്ങൾ, ഇന്ന് ജീവിക്കുന്ന നമുക്ക് തീർച്ചയായും പ്രചോദനം നൽകുന്നവയാണ്.

'സഭാപിതാക്കൻമാർ' എന്ന തലക്കെട്ടിൽ 1980 - ൽ ഞാൻ ഒരു ഗ്രന്ഥം പ്രസിദ്ധീകരിച്ചു. അതിലെ ''അപ്പസ്തോലികപിതാക്കൻമാരുടെ കൃതികൾ'' തനിച്ചൊരു പുസ്തകമായി 1987 - ൽ

www.malankaralibrary.com



ഞാൻ പ്രസിദ്ധീകരിച്ചു. 1980 - ലെ കൃതിയിൽ അവശേഷിച്ചിരുന്ന "മെലിറോയുടെ പെസഹാപ്രസംഗം", "സിപ്രിയാൻെറ, കത്തോലിക്കാസഭയുടെ ഐക്യം", "നിഖ്യാസൂനഹദോസ്" എന്നീ വിഷയങ്ങൾ പുതിയ പുസ്തകത്തിൽ ഉൾപ്പെടുത്തി. അതുപോലെ "പ്രാചീന സന്യാസനിയമങ്ങൾ" എന്ന അധ്യായം കുറേകൂടി വിപുലപ്പെടുത്തി ഈ ഗ്രന്ഥത്തിൽ ഒരധ്യായമായി ചേർത്തിട്ടുണ്ട്. സാർദിക്കാ, ലവദീഷ്യ, കോൺസ്റ്റാൻറിനോപ്പിൾ എന്നീ സിനഡുകളുടെ കാനോനാകൾ പുതുതായി ചേർക്കപ്പെട്ടവയാണ്. അൻസീറ (314), നെയോചെസാറിയാ(315), ഗാംഗ്ര (325-നും 331-നും ഇടയ്ക്ക്) എന്നീ സിനഡുകളുടെ കാനോനാകൾ നേരത്തെ പ്രസിദ്ധീകരിച്ചതിനാൽ ഇതിൽ ചേർത്തില്ല (ജി. ചേടിയത്ത്, ആദിമ സഭാപിതാക്കൻമാർ, പേ. 361ff.) അന്ത്യോക്യൻ സിനഡിൻെറ (341) കാനോനാകളും നേരത്തെ തന്നെ പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. (ജി. ചേടിയത്ത്, അന്ത്യോക്യാപാത്രിയർക്കീസ്; പേ. 238ff.) എന്നാൽ "അപ്പസ്തോലികകാനോനാകൾ" എന്ന് അറിയപ്പെടുന്ന നിയമസംഹിത ഇതിൽ ചേർത്തിട്ടുണ്ട്. "സോളമൻെറ ഗീതകങ്ങളും" റോമിലെ വിശുദ്ധ ഹിപ്പോളിററസിൻെറ അപ്പസ്തോലികപാരമ്പര്യവും (അപ്പസ്തോലിക്കേ പാരദോസിസ്) മലയാളത്തിൽ ആദ്യമായി വിവർത്തനം ചെയ്ത് ഇതിൽ ചേർക്കുവാൻ സാധിച്ചു എന്നത് ചാരിതാർത്ഥ്യജനകം തന്നെ. "അപ്പസ്തോലിക പാരമ്പര്യം" മലയാളത്തിലേയ്ക്കു വിവർത്തനം ചെയ്തത് റവ. ആൻഡ്രൂസ് മേക്കാട്ടുകുന്നേൽ ആണ്.

ഈ ഗ്രന്ഥം പ്രസിദ്ധീകരിക്കാൻ സഹായിച്ച എല്ലാവരെയും നന്ദിപൂർവം സ്മരിക്കുന്നു. ഒരു സുപ്രധാന രേഖ വിവർത്തനം ചെയ്ത റവ. മേക്കാട്ടുകുന്നേൽ, ഭാഷ പരിശോധിച്ചു തിരുത്തിത്തന്ന റവ. കുര്യൻ വാലുപറമ്പിൽ, പകർത്തിയെഴുതുന്നതിൽ സഹായിച്ച സി. ഡി. തോമസ്, സി. ഡി. സാമുവേൽ, ലിസി മാത്യു എന്നിവരെ നന്ദിപൂർവം സ്മരിക്കുന്നു. ഇതിൻെറ അച്ചടി ഭംഗിയായി നിർവഹിച്ച മനുപ്രിൻേറഴ്സിലെ എല്ലാ പ്രവർത്തകർക്കും നന്ദി രേഖപ്പെടുത്തിക്കൊള്ളട്ടെ.

സെൻറ് തോമസ് അപ്പസ്തോലിക് സെമിനാരിയുടെ രജത ജൂബിലി സ്മാരകമായി (1962—1987) ഈ ഗ്രന്ഥം സഹൃദയ സമക്ഷം സാദരം സമർപ്പിച്ചു കൊള്ളുന്നു.

ഗീവർഗീസ് ചേടിയത്ത്

കോട്ടയം
ജൂലൈ 3, 1987.

www.malankaralibrary.com

# ഗ്രന്ഥസൂചിക

ANF = Ante Nicene Fathers, Buffalo - New york.

Baumstark, A., Geschichte der syrischen Literatur, Bonn, 1922

BO = Bibliotheca Orientalis, ed. J. S. Assemani, 3 vols. Rome. 1719-1728

Chediath, G., The Christology of Mar Babai the Great Rome, 1978; Kottayam, 1982.

Hahn, A. -Hahn, G. L., Bibliothek der Symbole und Glaubensregeln der alten Kirchen, Hildesheim, 1962.

HTR=Harward Theological Review, Cambribge (Mass.), 1908ff.

Jurgens, W.A., The Faith of the Early Fathers, 1. Collegeville 1970.

NPNF=A Select Libarary of Nicene and Post-Nicene Fathers of the Christian Church: Second Series, vol. 14.

Schulthess, F., Die syrischen Kanones der Synoden von Nicaea bis Chalcedon, Berlin, 1908.

Stevenson, J., Creeds Councils and Controversies, London, 1973.

Voobus, A., Syriac and Arabic Documents regarding legislation relative to Syrian Asceticism, Stockholm, 1960.

അ. കോ. = അപ്പസ്തോലിക കോൺസ്റ്റിറ്റ്യൂഷൻസ്

ചേടിയത്ത്, ജി., ആദിമസഭാപിതാക്കന്മാർ, കോട്ടയം, 1983.

www.malankaralibrary.com

# 1

# സാർദിസിലെ മെലിറേറാ പെസഹാ പ്രസംഗം

## ആമുഖം

ഏഷ്യാമൈനറിലെ ഒരു പട്ടണമായിരുന്നു സാർദിസ്. ബി. സി യിൽ സ്ഥാപിതമായ ലീദിയൻ സാമ്രാജ്യത്തിൻെറ തലസ്ഥാനമാ യിരുന്നത്. ലീദിയൻ സാമ്രാജ്യം ബി. സി. 546—ൽ അസ്തമി ച്ചെങ്കിലും ഒരു വലിയ കച്ചവടകേന്ദ്രമായ സാർദിസ് വളരെ നാരം പ്രശസ്തിയിൽ ഉയർന്നുനിന്നു. ബി. സി. അഞ്ചാം നൂററാണ്ടു മുതലേ സാർദിസിൽ ഒരു യഹൂദ കേന്ദ്രമുണ്ടായിരുന്നു. ശ്ലൈഹിക കാലത്തുതന്നെ അവിടെ ഒരു ക്രൈസ്തവസഭ വേരുറച്ചു. വെളി പാടുപുസ്തകത്തിൽ സാർദിസിലെ സഭയെ സംബന്ധിച്ച് പരാ മർശനം ഉണ്ട് (3:1—7). 1402—ൽ തൈമൂർ ഈ പട്ടണം തകർത്ത് തരിപ്പണമാക്കുന്നതുവരെ ഒരുവലിയ സഭാകേന്ദ്രമായും സാംസ്കാ രികകേന്ദ്രമായും അത് നിലനിന്നു. ഇന്നത് ടർക്കിയിലെ സാർത് എന്ന കുഗ്രാമമാണ്. ഈയടുത്തകാലത്ത് പല പണ്ഡി തൻമാരും പ്രസ്തുത സ്ഥലത്ത് ഗവേഷണം നടത്തുന്നുണ്ട്.

## മെലിറേറാ (+190)

രണ്ടാം നൂററാണ്ടിൽ ജീവിച്ചിരുന്ന മെത്രാൻമാരിൽ വളരെയ ധികം ബഹുമാനിക്കപ്പെടുകയും ആദരിക്കപ്പെടുകയും ചെയ്ത ആളായിരുന്നു മെലിറേറാ. ഒരു വലിയ വേദപുസ്തകവ്യാഖ്യാതാ വും ദൈവശാസ്ത്രജ്ഞനുമായിരുന്നു അദ്ദേഹം. പോപ്പ് വി ക്ടറിനുള്ള (189—198) ഒരു കത്തിൽ എഫേസൂസിലെ മെത്രാൻ പോളിക്രാട്ടെസ് (രണ്ടാം നൂററാണ്ട്) മെലിറേറായെപ്പററി പറയുന്ന ത് ഇപ്രകാരമാണ്: 'ഷണ്ഡനായ (അവിവാഹിതനായ) മെലി റേറാ പൂർണ്ണമായി പരിശുദ്ധാത്മാവിൽ ജീവിച്ചു. സാർദിസിൽ അദ്ദേഹം വിശ്രമിക്കുന്നു. മരിച്ചവർ ഉയിർക്കുന്ന നാളിൽ സ്വർ

www.malankaralibrary.com



ഗത്തിൽനിന്നുള്ള സന്ദർശനത്തിനായി അവൻ കാത്തിരിക്കുന്നു' (എവു. സഭാ. 5.24.5). ഉയിർപ്പുതിരുനാൾ സംബന്ധിച്ച് ഏഷ്യാമൈനറിലെ പാരമ്പര്യം മുറുകെ പിടിക്കാൻ ശ്രമിച്ചവരിൽ ഒരുവനായിരുന്നു അദ്ദേഹം. സത്യവിശ്വാസം സംരക്ഷിക്കുന്നതിൽ അദ്ദേഹം വളരെ ശ്രദ്ധിച്ചിരുന്നു; വളരെ കാര്യക്ഷമമായി സഭയെ ഭരിച്ചു. മെലിറ്റോയുടെ കൃതികളുടെ ഒരു പട്ടിക എവുസേബിയസിന്റെ സഭാചരിത്രത്തിൽ കാണാം (സഭാ. 4.26.2—3). ഇരനേയൂസ് (+200). തെർത്തുല്യൻ (+225), അലക്സാണ്ഡ്രിയയിലെ ക്ലെമെന്റ് (+215), ഒരിജൻ (+253), വി. ഹിപ്പോളിറ്റസ് (+236), അലക്സാണ്ഡ്രിയയിലെ അലക്സാണ്ടർ. (+328), കോൺസ്റ്റാന്റിനോപ്പിളിലെ പ്രോക്കുളുസ് (+447) എന്നിവരിൽ മെലിറ്റോയുടെ സ്വാധീനം കാണാം. യേശുക്രിസ്തുവാണ് മെലിറ്റോയുടെ ദൈവശാസ്ത്രത്തിന്റെ ബിന്ദു. 'ദൈവപുത്രനായ യേശുക്രിസ്തുവഴി പിതാവ് എല്ലാം സൃഷ്ടിച്ചു'. അവൻ ദൈവവും മനുഷ്യനുമാണ്; 'ഇരനേയൂസ്, മെലിറ്റോ എന്നിവരുടെ കൃതികൾ യേശുക്രിസ്തു ദൈവവും മനുഷ്യനുമാണെന്ന് പ്രഘോഷിക്കുന്നു. അവയറിയാത്തവൻ ആരാണുള്ളത്?' എന്ന് എവുസേബിയസ് ചോദിക്കുന്നു (സഭാ· 5:28.5). വി. ജറോമും മെലിറ്റോയെ വളരെ സ്തുതിച്ചെഴുതിയിട്ടുണ്ട്: 'തന്റെ ഉയിർത്തെഴുന്നേല്പിനായി അവൻ കാത്തിരിക്കുന്നു' (മഹത്. 45).

## മെലിറ്റോയുടെ പെസഹാ പ്രസംഗം

## (Melitonos Peri Pascha)

ഈ കൃതിയെപ്പറ്റി അടുത്തകാലം വരെ നമുക്ക് വളരെയധികം അറിവില്ലായിരുന്നു. 1940—ൽ കാംപ്ബെൽ ബൊണ്ണെർ എന്ന പണ്ഡിതൻ ചെസ്റ്റർ ബീട്ടി പപ്പീറസിൽ നിന്ന് മെലിറ്റോയുടെ പെസഹാ പ്രസംഗം (ഹോമിലി) ആദ്യമായി പ്രസിദ്ധീകരിച്ചു[1]. 1960—ൽ എം. തെസ്തുസ് എന്ന പണ്ഡിതൻ ബോഡ്മർ—13 എന്ന പപ്പീറസിനെ ആധാരമാക്കി പ്രസ്തുത ഹോമിലിയുടെ പുതിയൊരു പതിപ്പ് പ്രസിദ്ധപ്പെടുത്തി.[2]

വിവിധ ഭാഷകളിലുള്ള കയ്യെഴുത്തു പ്രതികൾ കണ്ടുകിട്ടിയതോടെ കൂടുതൽ കൃത്യമായ പതിപ്പുകൾ പുറത്തുവരാൻ തുടങ്ങി.

---

1. CAMPBELL BONNFR, ed & tr., *The Homily on the Passion by Melito Bishop of Sardis,* in 'Studies and Documents' 12, London 1940.
2. M. TESTUZ, *Papyrus Bodmer XIII,* (Bibliotheca Bodmeriana). Cologne—Geneva 1960.

www.malankaralibrary.com



ഇംഗ്ളീഷ്, ഫ്രഞ്ച്, ജർമ്മൻ, ഇററാലിയൻ എന്നീ ഭാഷകളിൽ ഇതിനോടകം ഈ കൃതി പ്രസിദ്ധീകൃതമായി, സി. ബൊണ്ണേറിൻെറ വിവർത്തനമാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്നത്.

നമുക്കു ലഭിച്ചിട്ടുള്ള ഏററം പഴക്കംചെന്ന പെസഹാപ്രസംഗം (ക്യംതാപ്രസംഗം) ആണ് മെലിറേറായുടെ 'പെരിപാസ്ക'. അപ്പസ്തോലിക കാലത്തോട് തൊട്ടടുത്ത് ജീവിച്ച ഒരു വിശുദ്ധൻ പെസഹാരഹസ്യത്തെ ധ്യാനിക്കുന്നത് ഈ പ്രസംഗത്തിൽ നമുക്ക് ദർശിക്കുവാൻ സാധിക്കും.

ക്രി. വ. 160—നും 170—നും മദ്ധ്യേയാണ് ഇത് എഴുതപ്പെട്ടത്. ഒരാമുഖം, രണ്ട് ഭാഗങ്ങൾ, ഒരുപസംഹാരം—ഇതാണ് ഈ പ്രസംഗത്തിൻെറ ഘടന. രണ്ടാം നൂററാണ്ടിലെ അപ്പോളജെററിക്കൽ രീതിയിൽനിന്ന് വ്യത്യസ്തമായൊരാവിഷ്കരണമാണ് പെരിപാസ്കയിൽ നാം കാണുക. വേദപുസ്തകവായന, പഴയനിയമ പെസഹായെപ്പററിയുള്ള വിവരണം, അതും പുതിയ പെസഹായുമായുള്ളബന്ധം വ്യക്തമാക്കൽ, പെസഹായുടെ ആന്തരാർത്ഥം, എന്നിങ്ങനെ പോകുന്നു മെലിറേറായുടെ പ്രസംഗതന്തു. തൻെറ എതിരാളികളെ വെല്ലുവിളിച്ചുകൊണ്ട് വിജയിക്കുന്ന ക്രിസ്തുവിൻെറ ചിത്രം പ്രദർശിപ്പിച്ചുകൊണ്ട് പ്രസംഗം അവസാനിക്കുന്നു.

ഗ്രീക്കുശൈലിയാണ് 'പെരിപാസ്ക'യിൽ പൊന്തി നിൽക്കുന്നത്. മെലിറേറാ ജീവിച്ച കാലത്തെ പ്രസംഗകല 'ഏഷ്യനിസം' എന്ന പേരിൽ അറിയപ്പെട്ടിരുന്നു. അതിൻെറ കേന്ദ്രം ഏഷ്യാമൈനർ ആയിരുന്നു. സെമിററിക് സ്വാധീനം രണ്ടാം സ്ഥാനത്തേക്ക് വഴുതിമാറുന്നു എന്നീ ആശയങ്ങളാണ് എ. വിൽസ്ട്രാൻഡിനുള്ളത്[3]. എന്നാൽ മെലിറേറായുടെ ശൈലി സെമിററിക് തന്നെയാണ് എന്ന ആശയക്കാരനാണ് പൗൽ കാഹ്ലെ[4]. സെമിററിക്ക് ചിന്താരീതിയും സംസാരരീതിയും അനുസരിച്ചാണ് മെലിറേറാ പ്രസംഗിച്ചത്. ഗ്രീക്കു ഭാഷയുടെ ആവരണം മാത്രമേയുള്ളു എന്നും അദ്ദേഹം ചിന്തിക്കുന്നു.[5]

3. A. WILLSTRAND, *The Homliy of Melito on the Passion,* in 'Vigiliae Christianae', Amsterdam, vol.2 (1948), p. 201—223.
4. P. KAHLE, Was Meliton's Homily on the Passion originally written in Syriac? in 'JTS', 44 (1943) p. 52—56.
5. See the lastest ed. G. F. HAWTHRONE, *A New English Translation of Melito's Paschal Homily,* in Current Issues in Biblical and Patristic Interpretation', Grand Rapids 1975, p. 147—175.

www.malankaralibrary.com

# മെലിറേറായുടെ പെസഹാ പ്രസംഗം

## ആമുഖം

1. യഹൂദന്മാരുടെ പുറപ്പാടിനെപ്പററിയുള്ള വേദപുസ്തകഭാഗം നാം ശ്രവിച്ചു. കുഞ്ഞാട് എങ്ങനെ അറുക്കപ്പെട്ടെന്നും ജനങ്ങളെങ്ങനെ രക്ഷിക്കപ്പെട്ടെന്നും ഉള്ള രഹസ്യത്തെ സംബന്ധിച്ച വാക്കുകൾ നാം ഗ്രഹിച്ചു.[1]

2. പ്രിയപ്പെട്ടവരേ, പെസഹാരഹസ്യം ഒരേ സമയം പ്രാചീനവും നൂതനവും, നിത്യവും കാലികവും, നശ്വരവും അനശ്വരവും, മർത്ത്യവും അമർത്ത്യവും ആണെന്ന് ഇപ്പോൾ നിങ്ങൾ ഗ്രഹിക്കുന്നു.

3. 'നിയമാ'നുസരണം അത് പഴയതാണ്; 'വചനാ'നുസരണം അത് പുതിയതാണ്. മുൻകുറിയിൽ അത് കാലികമാണ്; കൃപയിൽ അത് നിത്യമാണ്. കുഞ്ഞാടിന്റെ കൊലയിൽ അത് നശ്വരമാണ്; കർത്താവിന്റെ ജീവിതത്തിൽ അത് അനശ്വരമാണ്. കർത്താവിന്റെ കബറടക്കത്താൽ അത് മർത്ത്യമാണ്; മരിച്ചവരിൽനിന്നുള്ള തന്റെ ഉത്ഥാനത്താൽ അത് അമർത്ത്യമാണ്.

4. നിയമം പ്രാചീനമാണ്; വചനം നൂതനമാണ്. മുൻകുറി കാലികമാണ്: കൃപ നിത്യമാണ്; കുഞ്ഞാട് വികലമാണ്; കർത്താവ്

---

1. 'ഹേമെൻ ഗ്രാഫേ തേസ് എബ്രായിക്കേസ് എക്സൊഡു അനെഞ്ഞ്കോസ് തായ്, കായ് താ റേമാതാ തൂ മിസ്തേരിയു ദിയാസേസാ ഫേതായ്.' ഈ വാചകത്തിന്റെ അർത്ഥം സംബന്ധിച്ച് പണ്ഡിതന്മാർക്കിടയിൽ വലിയ ചർച്ച നടന്നിട്ടുണ്ട്.

cf. C. BONNER, *Two problems in Melito's Homily on the passion*, in 'Harward Theological Review', Cambridge (Mass.) 31 (1938), p. 175-190; G. ZUNTZ, *On the opening Sentence of Melito's paschal Homily*, in *HTR* 36 (1943), p. 299-315: C. BONNER, A *Supplementary Note on the Opening of Melito's Homily*, in *HTR*, 36 (1943), P. 317.

www.malankaralibrary.com



അവികലനാണ്. അവൻ ഒരാട് ആകയാൽ അവന്റെ അസ്ഥി കം തകർക്കപ്പെട്ടില്ല. അവൻ ദൈവമാകയാൽ മരിച്ചവരിൽ നിന്ന് ഉയിർത്തു. അവൻ ഒരാടോ, ഒരാട്ടിൻകുട്ടിയോ അല്ലാതിരിക്കെ, ആ ടിനെപ്പോലെ യാഗത്തിനായി ആനയിക്കപ്പെട്ടു; കുഞ്ഞാടിനെപ്പോ ലെ അവൻ മൗനമായിരുന്നു. കാരണം, പെസഹാരഹസ്യം നമ്മുടെ രക്ഷയുടെ സാദൃശ്യം മാത്രമല്ല, അതിന്റെ യാഥാർത്ഥ്യവും ഉൾ ക്കൊള്ളുന്നു.

5. കുഞ്ഞാടിന്റെ സ്ഥാനത്ത് ദൈവം വന്നു. ആടിന്റെ സ്ഥാനത്ത് ഒരു മനുഷ്യൻ വന്നു. ഈ മനുഷ്യൻ ക്രിസ്തുവാകു ന്നു; അവനെല്ലാം ഉൾക്കൊള്ളുന്നു.

6. ആടിന്റെ കൊലയും പെസഹാ അനുഷ്ഠാനവും, നിയമ ത്തിന്റെ അക്ഷരവും എല്ലാം യേശുക്രിസ്തുവിൽ പൂർണ്ണമാക്ക പ്പെടുന്നു. പഴയനിയമത്തിലുള്ളവയും കൂടുതൽ പൂർണ്ണമായി പു തിയതിലുള്ളവയും എല്ലാം അവനിലേക്ക് ഉന്മുഖമാക്കപ്പെട്ടിരി ക്കുന്നു.

7. പഴയനിയമം വചനമായിത്തീർന്നു. സീയോനിൽനിന്നും ജറുസലേമിൽ നിന്നുമുള്ള തന്റെ ആഗമനത്താൽ (ഏശ. 2: 3) പഴ യതു പുതിയതും, കല്പന കൃപയും, മുൻകുറി യാഥാർത്ഥ്യവും, കുഞ്ഞാട് പുത്രനും, മനുഷ്യൻ ദൈവവും ആയിത്തീർന്നു.

8. ശിശുവിനെപ്പോലെ പിറന്നവൻ, കുഞ്ഞാടിനെപ്പോലെ ആ നയിക്കപ്പെട്ടവൻ, ആടിനെപ്പോലെ അറുക്കപ്പെട്ടവൻ, മർത്യനെപ്പോ ലെ അടക്കപ്പെട്ടവൻ, ദൈവത്തെപ്പോലെ മരിച്ചവരിൽനിന്നുയർത്തു. സ്വഭാവത്താൽ അവൻ ദൈവവും, മനുഷ്യനുമാകുന്നു.

9. അവൻ എല്ലാമാകുന്നു: വിധിക്കുന്ന നിയമവും, പഠിപ്പി ക്കുന്ന വചനവും, രക്ഷിക്കുന്ന കൃപയും, ജനിപ്പിക്കുന്ന പിതാ വും, ജനിച്ച പുത്രനും, സഹിക്കുന്ന ആടും, അടക്കപ്പെട്ട മനുഷ്യ നും, ഉത്ഥാനം ചെയ്ത ദൈവവും.

10. അതാണേശുക്രിസ്തു: അവനെന്നേക്കും മഹത്വം ആമ്മീൻ.

# 1 ആദ്യപെസഹാ (11-71)

## (a) ബൈബിൾ പശ്ചാത്തലം (11-15)

11. നാമിപ്പോൾ വായിച്ച നിയമത്തിൽ ഉൾക്കൊണ്ടിരിക്കുന്ന പെസഹാരഹസ്യം ഇതാകുന്നു (പുറ: 12:11—30): മോശവഴി ഇസ്രാ

www.malankaralibrary.com



യേലിനെ രക്ഷിക്കാനും ഫറവോനെ ശിക്ഷിക്കാനും, ദൈവം തീരുമാനിച്ചപ്പോഠ ദൈവം മോശയ്ക്ക് ഈജിപ്തിൽ വച്ച് കൊടുത്ത കല്പനകളുംക്കൊള്ളുന്ന വേദപുസ്തകഭാഗം ഞാനിപ്പോഠ വിശദമായി വിവരിക്കാം. 12. അവൻ പറഞ്ഞു: ഊനമില്ലാത്തതും നിഷ്കളങ്കവുമായ ഒരാടിനെ തെരഞ്ഞെടുക്കണം. സന്ധ്യാസമയത്ത് ഇസ്രായേൽമക്കളുടെ മുമ്പാകെ അതിനെ അറുക്കണം. ധൃതിയായി രാത്രിയിൽ അതിനെ ഭക്ഷിക്കണം. അതിൻെറ അസ്ഥികളൊന്നും ഒടിക്കരുത്. 13. ഭവനങ്ങളിൽഗോത്രങ്ങളായി ഒന്നിച്ചുകൂടി ഒരു രാത്രിയിൽ തന്നെ അതിനെ ഭക്ഷിക്കണം; നിങ്ങളുടെ അര കെട്ടപ്പെട്ടിരിക്കണം; കൈകളിൽ വടിപിടിച്ചിരിക്കണം. എന്തെന്നാൽ ഇത് ഇസ്രായേൽ മക്കഠ നിത്യം അനുസ്മരിക്കാൻവേണ്ടിയുള്ള കർത്താവിൻെറ പെസഹാ ആകുന്നു. 14. ആടിൻെറ രക്തത്താൽ നിങ്ങളുടെ ഭവനങ്ങളുടെ വാതിലുകഠ മുദ്രകുത്തുവിൻ. ദൂതൻ അകന്നുപോകുവാൻ നിങ്ങളുടെ കട്ടിളപ്പടികളിൽ അടയാളം ഇടുവിൻ. എന്തെന്നാൽ ഞാൻ ഈജിപ്തിനെ അടിക്കുവാൻ പോകുന്നു. ഒററരാത്രികൊണ്ട് മൃഗങ്ങളുടെയും മനുഷ്യരുടെയും ആദ്യജാതൻമാർ നഷ്ടപ്പെടും. 15. മോശയുടെ നിർദ്ദേശാനുസരണം ഇസ്രായേൽ മക്കഠ ഈ നിശാരഹസ്യം അനുഷ്ഠിച്ചു. അവർ ആടിനെ വെട്ടി അതിനെ ഭക്ഷിച്ചു; അതിൻെറ രക്തംകൊണ്ട് ഭവനകവാടങ്ങഠ മുദ്രകുത്തി.

## (b) ഈജിപ്തിൻെറ ദുരിതങ്ങഠ(16–29)

16. ആടിനെ വെട്ടി പെസഹാ ഭക്ഷിച്ച് രഹസ്യം പൂർത്തിയാക്കി; ജനങ്ങഠ സന്തുഷ്ടരായി; ഇസ്രായേൽ വേർതിരിക്കപ്പെട്ട സന്ദർഭത്തിൽ ഈജിപ്തിനെ മർദ്ദിക്കുവാൻ ദൂതൻവന്നു. ദുഷ്ടയും അവിശ്വാസിനിയുമായ ഈജിപ്ത് ഈ രഹസ്യത്തിലേയ്ക്കാനീതയായിരുന്നില്ല; പെസഹായിൽ പങ്കുകൊണ്ടുമില്ല; ആടിൻെറ രക്തത്താൽ വേർതിരിക്കപ്പെട്ടിരുന്നില്ല; അരൂപിയാൽ സംരക്ഷിക്കപ്പെട്ടിരുന്നില്ല. 17. ഒററരാത്രികൊണ്ട് ദൂതൻ ഈജിപ്തിനെ അടിക്കയും അവളുടെ മക്കളെ നശിപ്പിക്കുകയും ചെയ്തു. തൻെറ ജോലി തീർന്നപ്പോഠ ആടിൻെറ രക്തത്താൽ അടയാളപ്പെടുത്തപ്പെട്ട ഇസ്രായേൽക്കാരിൽനിന്ന് അവൻ ഒഴിഞ്ഞുമാറി. എന്നാൽ പിടലി കടുത്ത ഫറവോന് അവൻ ആകുലതകഠ സമ്മാനിച്ചു: അവനെയും അവൻെറ ജനത്തെയും കൈയ്പേറിയ വസ്ത്രത്താലവൻ മൂടിക്കളഞ്ഞു. 18. ഈജിപ്ററുകാരെല്ലാവരും കരഞ്ഞുവിലപിച്ചുകൊണ്ട് മൺപാത്രങ്ങഠപോലെ തകർന്ന ഹൃദയവും വസ്ത്രങ്ങഠപോലെ പിച്ചിച്ചീന്തപ്പെട്ട നെഞ്ചുമായി ഭീകരമായ ശിക്ഷയാൽ തകർക്കപ്പെട്ട്, ഫറവോൻെറ ചുററും ഓടിക്കൂടി.

www.malankaralibrary.com



19. ദുഃഖാർത്തമായ ഈ സമൂഹത്തിൽ ചിലർ നെഞ്ചത്തടിച്ചു. ചിലർ ഉച്ചത്തിൽ നിലവിളിച്ചു. എല്ലാററിനും മദ്ധ്യേ, ആകുല ചിത്തനായ ഫറവോൻ ദേശീയ ദുഃഖസൂചകമായ വസ്ത്രം ധരിച്ചു ചാക്കിലും ചാരത്തിലും ഇരുന്നു. പീഡിപ്പിക്കുന്നവനെ മൂടുവാൻ വേണ്ടി നെയ്ത വസ്ത്രം അത്തരത്തിലുള്ളതായിരുന്നു. ഈജിപ്ത് മുഴുവനും ദുഃഖത്തിൻെറ വസ്ത്രത്താൽ മൂടപ്പെട്ടു 20. ഈജിപ്ത് മുഴുവനും ദുഃഖത്തിൻെറ മേലങ്കിപോലെ ഫറവോൻെറ ചുററുംകൂടി. ആ ദുഷ്ടൻെറ ശരീരത്തിനു നെയ്തെടുത്ത വസ്ത്രം അത്തരത്തിൽപ്പെട്ടതായിരുന്നു. കഠിനമായ ദുഃഖം, കൂരിരുട്ട്, ആദ്യജാതരുടെ മരണം, എന്നിവ പിടലികടുത്ത ഫറവോനു വേണ്ടി നീതിയുടെ മാലാഖ നെയ്തെടുത്ത വസ്ത്രങ്ങളാ ആയിരുന്നു. മാലാഖ ആദ്യജാതൻമാരുടെമേൽ ആധിപത്യം നടത്തിക്കൊണ്ടിരുന്നു. അവരുടെ മരണം പെട്ടെന്നായിരുന്നു. 21. ഒററയടിയാൽ കൊല്ലപ്പെട്ട ശരീരങ്ങളുടെ മുകളിൽ വിജയക്കൊടി നാട്ടിക്കൊണ്ട് രാത്രിമുഴുവൻ ദൂതൻ തൻെറ ദൗത്യം നിർവ്വഹിച്ചുകൊണ്ടിരുന്നു.

22. ഭീകരസംഭവങ്ങളുടെ കഥ കേട്ടാൽതന്നെ നിങ്ങാ ഭയന്ന് വിറച്ചുപോകും. ഈജിപ്തു മുഴുവൻ ഭീകരമായ കൂരിരുട്ടായിരുന്നു; മരണം ഇഴഞ്ഞു നടന്നു; ദൂതൻ കൊലനടത്തി; പാതാളം ആദ്യജാതൻമാരെ വിഴുങ്ങി; 23. ഒഴിഞ്ഞുമാറാമെന്ന് കരുതിയവരും മൃത്യുവിനാഹാരമായി. കാരണം, കൊള്ളരുതാത്ത ഈജിപ്തുകാർ തപ്പിത്തടഞ്ഞപ്പോഠം, ഇരുട്ടിൽ പതിയിരുന്ന മരണം അവരെ പിൻതുടർന്നു; ദൂതൻെറ കല്പനയാൽ ആദ്യജാതൻമാരെ എത്തിപ്പിടിച്ചു. 24. കൂരിരുട്ടിൽ ഒരാദ്യജാതൻെറ കരം ഏതോ വസ്തുവിൽ തട്ടിയപ്പോഠം അവൻെറ കരച്ചിൽ ദയാർദ്രവും ഭീതിദായകവുമായിരുന്നു. ഞാൻ സ്പർശിച്ച ഈയാഠം ആരാണ്? എന്നെ അസ്തപ്രജ്ഞനാക്കുന്ന ഇവനാരാണ്? എൻെറ ശരീരത്തെ വലയം ചെയ്യുന്ന ഈ ഇരുട്ടെന്താണ്? നീയെൻെറ പിതാവാണെങ്കിൽ എന്നെ സഹായിക്കുക; നീയെൻെറ മാതാവാണെങ്കിൽ, എന്നെ ആശ്വസിപ്പിക്കുക; നീയെൻെറ സഹോദരനാണെങ്കിൽ, എന്നോട് സംസാരിക്കുക: നീയെൻെറ സുഹൃത്താണെങ്കിൽ എന്നോടൊന്നിച്ചിരിക്കുക; നീയെൻെറ ശത്രുവാണെങ്കിൽ എന്നിൽനിന്നകലുക; എന്തെന്നാൽ ഞാൻ ആദ്യജാതനാകുന്നു'. 25. അവൻ നിലവിളിച്ചുകൊണ്ടിരുന്നപ്പോഠംതന്നെ, ഒരു വലിയ നിശ്ശബ്ദത അവൻെറമേൽ നിപതിച്ചു. 'ആദ്യജാതൻ, വിധിയുടെ കല്പനയാൽ നീയെൻേറതാണ്, മരണത്തിൻെറ നിശ്ശബ്ദതയാകുന്ന ഞാൻ നിൻേറതും.'

26. മറെറാരാദ്യജാതൻ മററുള്ളവരുടെ മരണംകണ്ട് തന്നെപ്പററിയുള്ള സത്യം മറയ്ക്കുവാനും അങ്ങനെ കയ്പേറിയ മരണത്തിൽ നിന്നൊഴിയാനും ശ്രമിച്ചു. 'ഞാനാദ്യജാതനല്ല; ഞാനെൻെറ മാതാപി

www.malankaralibrary.com



താക്കളുടെ മൂന്നാമത്തെ പുത്രനാണ്.' എന്നാൽ വഞ്ചിക്കപ്പെടാൻ കഴിയാത്ത മരണം അവനെയും പിടികൂടി; മറ്റൊരുവാക്കും ഉച്ചരിക്കാതെ അവനും തലകുത്തി വീണു. ഒറ്റയടിക്ക് എല്ലാ ഈജിപ്തുകാരുടെയും ആദ്യജാതൻമാർ നശിച്ചു. ആദ്യം ഉരുവായവർ, ആദ്യം പിറന്നവൻ, ആദ്യം സ്നേഹിക്കപ്പെട്ടവർ, ആദ്യം ലാളനയേറ്റവർ, എല്ലാം താഴെവീണു. മനുഷ്യരുടെ ആദ്യജാതർ മാത്രമല്ല മൃഗങ്ങളുടേതുംകൂടി വീണു.

27. നാട്ടിലെ എല്ലാ വയലുകളിലും കിടാക്കളെ പ്രതിയുള്ള മൃഗങ്ങളുടെ രോദനം കേൾക്കാമായിരുന്നു. പശു കുട്ടിയെപ്രതിയും കഴുത അതിന്റെ കുട്ടിയെപ്രതിയും പ്രസവിക്കുകയും വളർത്തുകയും ചെയ്ത മററു മൃഗങ്ങളും അവയുടെ ആദ്യജാതരെപ്രതിയും കയ്പോടും നിറഞ്ഞ ദുഃഖത്തോടും കൂടെ പ്രലപിച്ചു. 28. ഈജിപ്ത് ആദ്യജാതന്മാരുടെ മരണം മൂലം കരഞ്ഞു നിലവിളിച്ചുകൊണ്ടേയിരുന്നു. ഈജിപ്തു മുഴുവൻ കബറടക്കം നടത്തപ്പെട്ടു; ശരീരങ്ങളുടെ ദുർഗന്ധത്താൽ അത് മലീമസമായി. 29. ദുഃഖകരമായ മറ്റൊരു കാഴ്ചകാണൂ: മാതാക്കൾ പാറിപ്പറക്കുന്ന മുടിയോടും പിതാക്കന്മാർ തകർന്ന മനസ്സോടും ഉച്ചത്തിലിപ്രകാരം നിലവിളിച്ചു: 'ഒറ്റയടിയാൽ നമ്മുടെ മക്കൾ, നമ്മുടെ ആദ്യജാതർ, നഷ്ടപ്പെട്ട നാം ദുർഭഗരാണ്.'

## (c) ഇസ്രായേലിന്റെ സുരക്ഷിതത്വം (30–38)

30. തങ്ങളുടെ മക്കളുടെ നഷ്ടത്തിലും ഈജിപ്തിനെ സന്താനരഹിതയാക്കാൻ അവളുടെമേൽ പെട്ടെന്നു നിപതിച്ച നാശത്തിലും ദുഃഖിച്ച് അവർ നെഞ്ചത്തടിക്കുകയും ഉച്ചത്തിൽ നിലവിളിക്കുകയും ചെയ്തു. എന്നാൽ ആടിന്റെ കൊലയാൽ ഇസ്രായേൽ രക്ഷപ്രാപിച്ചു; അതിന്റെ രക്തത്തിന്റെ ചിന്തലാൽ അവർ പ്രകാശിതരായി. ആടിന്റെ കൊല ജനങ്ങൾക്കൊരു സംരക്ഷണവലയം ആയി കാണപ്പെട്ടു.

31. ഓ, അതുല്യവും അവാച്യവുമായ രഹസ്യം! ആടിന്റെ കൊല ഇസ്രായേലിന്റെ രക്ഷയായി പരിണമിച്ചു; ആടിന്റെ മരണം ആളുകളുടെ ജീവനായിത്തീർന്നു; അതിന്റെ രക്തം ദൂതനെ തടഞ്ഞു നിർത്തി.

32. 'എന്നാൽ ദൈവദൂതാ, എന്താണു യഥാർത്ഥത്തിൽ നിന്റെ കരങ്ങളെ തടഞ്ഞതെന്നെന്നോട് പറയുക. ആടിന്റെ കൊലയോ, കർത്താവിന്റെ ജീവനോ? ആടിന്റെ മരണമോ, കർത്താവിന്റെ മുൻകുറിയോ? ആടിന്റെ രക്തമോ, കർത്താവിന്റെ അരൂപിയോ?'

www.malankaralibrary.com



33. 'കർത്തൃരഹസ്യം ആടിലും, കർത്താവിൻെറ ജീവൻ ആടിൻെറ കൊലയിലും സന്നിഹിതമായിരിക്കുന്നത് കണ്ടതിനാലാണ് നിശ്ചയമായും നീ പിൻതിരിഞ്ഞത്. അതുകൊണ്ടാണ് നീ ഇസ്രായേലിനെ രക്ഷിച്ചത്; ഈജിപ്തിനെ മാത്രം സന്താനരഹിതയാക്കിയതും.' 34. പ്രിയപ്പെട്ടവരേ, ഈജിപ്ത് അടിക്കപ്പെടുകയും നശിപ്പിക്കപ്പെടുകയും ഇസ്രായേൽ സംരക്ഷിക്കപ്പെടുകയും വീണ്ടെടുക്കപ്പെടുകയും ചെയ്ത രഹസ്യത്തിൻെറ അർത്ഥം ശ്രദ്ധിപ്പിൻ.

35. പഴയനിയമവാക്കുകളും സംഭവങ്ങളും വിശദീകരണങ്ങളോ മാതൃകകളോ ആണെന്നതിലേ അർത്ഥമുള്ളു. അവ വഴി ഒരുക്കിയ പുതിയതുമായുള്ള ബന്ധംകൊണ്ടേ അവ മനസ്സിലാക്കാനാവൂ. 36. മാതൃക കൂടാതൊരു കലാവസ്തുവും നിർമ്മിക്കപ്പെടുന്നില്ല; അത് സ്ഥിതിചെയ്യുന്നതിനു മുൻപ്, അതിന് സദൃശ്യമായ രൂപത്തിൽ അത് കാണപ്പെടുന്നു. അതുകൊണ്ടാണ് കലാകാരൻമാർ മെഴുകുകൊണ്ടോ, മണ്ണുകൊണ്ടോ, തടികൊണ്ടോ, ഉള്ള മാതൃകകളുണ്ടാക്കുന്നത്. ചെറുതും താല്ക്കാലികവുമായ മാതൃകയനുസരിച്ചാണ് വസ്തു നിർമ്മിക്കപ്പെട്ടതെങ്കിലും, അത് തീർന്നുകഴിയുമ്പോൾ ഈടുററതും വലുതും, രൂപഭംഗിയേറിയതും, അലങ്കാരവിഭൂഷിതവും ആയിരിക്കും. 37. വസ്തു നിർമ്മിക്കപ്പെട്ടു കഴിയുമ്പോൾ അതിനു മുമ്പുണ്ടായിരുന്നതും മാതൃക ആയിരുന്നതുമായ വസ്തു നശിപ്പിക്കപ്പെടുന്നു; കാരണം അതിൻെറ ഉപയോഗം കഴിഞ്ഞു. മുൻകുറി അതിൻെറ സാദൃശ്യം യഥാർത്ഥമായ വസ്തുവിന് പകർന്നു കൊടുത്തുകഴിഞ്ഞു. മാതൃക ഒരിക്കൽ വിലയേറിയതായിരുന്നു. എന്നാൽ യഥാർത്ഥത്തിൽ വിലയേറിയത് ഉദയംചെയ്യുമ്പോൾ മാതൃകയുടെ വിലയില്ലാതായിത്തീരുന്നു.

38. എല്ലാററിനും അതതിൻെറ സമയമുണ്ട്; മാതൃകയ്ക്കും അതുണ്ടാക്കിയ വസ്തുവിനും ഒരു സമയമുണ്ട്. ഒരു വസ്തുവിൻെറ ഒരു മാതൃക നീയുണ്ടാക്കുന്നു. നീ അതിഷ്ടപ്പെടുന്നു. കാരണം, അതിൽ നീയുണ്ടാക്കുവാൻ പോകുന്ന വസ്തുവിൻെറ സാദൃശ്യം നീ കാണുന്നു. മാതൃകയ്ക്കൊരു വസ്തു നീ കൊടുക്കുന്നു. ഈ വസ്തുവഴി ഒരു രൂപമുണ്ടാക്കുന്നു. എന്നാൽ കലാവസ്തു പൂർണ്ണമായിക്കഴിയുമ്പോൾ, നീയതിനെ മാത്രമേ ആഗ്രഹിക്കൂ, അതിനെ മാത്രമേ സ്നേഹിക്കൂ. കാരണം, അതിൽ മാതൃകയും, വസ്തുവും മാത്രമല്ല, യാഥാർത്ഥ്യംതന്നെയുണ്ട്.

## (d) പഴയതും പുതിയതും തമ്മിലുള്ള ബന്ധം (39—45)

39. നശ്വരവസ്തുക്കളെ സംബന്ധിച്ചിതു ശരിയാണെങ്കിൽ, അനശ്വരമായവയെ സംബന്ധിച്ച് എത്രയധികം! ഭൗമികവസ്തുക്കളെ സംബന്ധിച്ച് ഇതു ശരിയാണെങ്കിൽ, സ്വർഗ്ഗീയമായവയെ

www.malankaralibrary.com



സംബന്ധിച്ച് എത്രയധികം! കർത്താവിന്റെ രക്ഷയും സത്യവും ഉപമാരൂപത്തിൽ ഇസ്രായേൽ ജനത്തിലുണ്ടായിരുന്നു; സുവിശേഷ പ്രബോധനങ്ങൾ നേരത്തേതന്നെ 'നിയമ'ത്തിൽ അറിയപ്പെട്ടിരുന്നു;

40. തിരഞ്ഞെടുക്കപ്പെട്ട ജനം സഭയുടെ ഒരു മുൻകുറിയായിരുന്നു; നിയമം, സുവിശേഷത്തിന്റെ ഒരു ഉപമയായിരുന്നു. സുവിശേഷം നിയമത്തിന്റെ വിശദീകരണവും അതിന്റെ പൂർത്തീകരണവുമാണ്; അത് യാഥാർത്ഥ്യവൽക്കരിക്കപ്പെടുന്ന സ്ഥലമാണ് സഭ. 41. യാഥാർത്ഥ്യം പ്രത്യക്ഷപ്പെടുന്നതിനുമുമ്പ് മുൻകുറിക്കൊരു മൂല്യമുണ്ടായിരുന്നു. വ്യാഖ്യാനത്തിനു മുമ്പ് ഉപമ ആദരണീയമായിരുന്നു. അതായത്, സഭയുടെ ജനനത്തിനുമുൻപ് എബ്രായരാജ്യത്തിനൊരു പ്രത്യേക വിലയുണ്ടായിരുന്നു; സുവിശേഷത്തിന്റെ ഉദയത്തിനുമുമ്പ് 'നിയമം' ആദരണീയമായിരുന്നു. 42. സഭയും സുവിശേഷവും മുൻകുറിയും 'നിയമവും' സ്വാംശീകരിച്ചപ്പോൾ അവയുടെ ശക്തിയും അർത്ഥവും സ്വന്തമാക്കി. യാഥാർത്ഥ്യത്തിന്റെ പ്രതീകമായ മാതൃകയ്ക്ക് യാഥാർത്ഥ്യവുമായുള്ള ബന്ധംകൊണ്ടേ വിലയുള്ളു, ഉപമയ്ക്ക് അതിന്റെ വ്യാഖ്യാനവുമായുള്ള ബന്ധംകൊണ്ടേ വിലയുള്ളു. 43. അതുപോലെ സുവിശേഷദീപത്തിന്റെ ആവിർഭാവത്തിൽ നിയമം പൂർത്തീകരിക്കപ്പെട്ടു; സഭയുടെ ഉദയത്തിൽ എബ്രായജനം പൂർണ്ണമായി. കർത്താവ് വെളിപ്പെട്ടപ്പോൾ ഉപമ നീങ്ങിപ്പോയി. മുമ്പ് വിലയേറിയതായിരുന്നത്, സ്വഭാവത്താലേ വിലയേറിയത് ആവിർഭവിച്ചപ്പോൾ വിലയില്ലാത്തതായിത്തീർന്നു. 44. കർത്താവിന്റെ ജീവൻ ആടിന്റെ കൊലയേക്കാൾ വിലയേറിയതാണ്. കർത്താവിന്റെ രക്ഷ ആടിന്റെ മരണത്തേക്കാൾ വിലയേറിയതാണ്. കർത്താവിന്റെ അരൂപി ആടിന്റെ രക്തത്തേക്കാൾ വിലയേറിയതാണ്; കുററമില്ലാത്ത പുത്രൻ മൂകമായ ആടിനേക്കാൾ വിലയേറിയവനാണ്. സ്വർഗ്ഗത്തിൽനിന്നുവന്ന ക്രിസ്തു ഭൗമികാലയത്തേക്കാൾ വിലയേറിയവനാണ്. 45. സ്വർഗ്ഗീയ യരുശലേം ഭൗമിക യരുശലേമിനേക്കാൾ വിലയേറിയതാണ്. എല്ലാവരിലും ധാരാളമായി ചിന്തപ്പെട്ട കൃപ, വളരെക്കുറച്ചുപേർക്കുമാത്രമായി വേർതിരിക്കപ്പെട്ടിരുന്ന അവകാശത്തേക്കാൾ വിലയേറിയതാണ്. ദൈവമഹത്വം ഒരു സ്ഥലത്തോ, ഒരു ചെറിയ കൂടാരത്തിലോ സ്ഥാപിക്കപ്പെട്ടതല്ല, മറിച്ച് ഭൂമിയുടെ അതിർത്തികൾവരെയും അവന്റെ കൃപ ചിന്തപ്പെട്ടിരിക്കുന്നു. അവിടെ സർവ്വശക്തനായ ദൈവം യേശുക്രിസ്തുവഴി തന്റെ വാസസ്ഥലം നിർമ്മിച്ചിരിക്കുന്നു; അവന് എന്നേക്കും മഹത്വം ഉണ്ടായിരിക്കട്ടെ. ആമ്മീൻ.

www.malankaralibrary.com



## (e) പെസഹാരഹസ്യത്തിന്റെ ഘടകങ്ങൾ (46—71)

### 1) പെസഹാ (46—47a)

46. മുൻകുറികളുടെയും അവയുടെ സമാന്തരങ്ങളുടെയും അർത്ഥം നിങ്ങൾ കേട്ടുകഴിഞ്ഞു. ഇനി രഹസ്യത്തിന്റെ ഘടനയിലേക്ക് കടക്കാം. പെസഹാ (പാസ്ക) എന്നാൽ എന്താണ്? ഒരു സംഭവത്തിലാണീ വാക്കിന്റെ ഉൽഭവം. പെസഹാ ആഘോഷം (പാസ്ക്കെയിൻ) എന്ന വാക്ക് കഷ്ടപ്പെടുക (പാത്തെയിൻ) എന്നതിൽ നിന്നാണ് ഉണ്ടായിട്ടുള്ളത്. സഹിക്കുന്നവനാരാണെന്നും, സഹിക്കുന്നവനോടുകൂടി സഹതപിക്കുന്നവനാരാണെന്നും നമുക്കാരായാം. 47. സഹിക്കുന്നവരോടുകൂടി തന്നെത്തന്നെ ഒന്നിക്കുവാനും, അങ്ങനെ അവരെ സ്വർഗ്ഗീയോന്നതങ്ങളിലേക്ക് കരേററുവാനും കർത്താവ് ഭൂമിയിൽ സന്നിഹിതനായെന്ന് നമുക്കറിയാം.

### 2) സൃഷ്ടിയും മനുഷ്യവീഴ്ചയും (47b—48)

ആദിയിൽ ദൈവം ആകാശവും ഭൂമിയും, അവയിലുള്ളവയും തന്റെ വചനത്താൽ സൃഷ്ടിച്ചു. അവൻ മനുഷ്യനെ മണ്ണിൽനിന്ന് മെനഞ്ഞുണ്ടാക്കി, തന്റെതന്നെ ജീവശ്വാസം അവന് പകർന്നുകൊടുത്തു. എന്നിട്ടവനെ പറുദീസായിലാക്കി; അത് കിഴക്ക് ഏദനിലായിരുന്നു; അവിടവൻ ആഹ്ളാദപൂർവം ജീവിക്കാൻതന്നെ, അവൻ ഒരു കൽപനയും നൽകി. 'നന്മതിന്മകളുടെ അറിവിന്റെ വൃക്ഷത്തിൽനിന്നൊഴിച്ച് എല്ലാ വൃക്ഷത്തിൽനിന്നും നിനക്കു തിന്നാം. അതിൽനിന്നു തിന്നാൽ നീ മരിക്കും' (ഉല്പ. 2:16—17). 48. നല്ല വിത്തുകളും ചീത്തവിത്തുകളും സ്വീകരിക്കാൻ ഭൂമിക്ക് കഴിവുള്ളതുപോലെ സ്വഭാവത്താൽ തന്നെ മനുഷ്യൻ നന്മക്കും തിന്മയ്ക്കും അധീനനാണ്. കുലശത്രുവിന്റെ ദുരുപദേശം കേട്ട്, അവൻ വൃക്ഷത്തിൽ തൊട്ടു; ദൈവകല്പന തിരസ്ക്കരിച്ച് അവനെ നിഷേധിച്ചു; അതിന്റെഫലമായി, കുററവാളി ജയിലിലേക്ക് തള്ളിക്കയററപ്പെടുന്നതുപോലെ അവൻ ഈ ലോകത്തിലേക്ക് മറിച്ചിടപ്പെട്ടു.

### 3) പാപഫലം (49—56)

49. അവന്റെ സന്താനപരമ്പരകൾ ലോകത്തിലെല്ലാം താമസമാക്കിയപ്പോൾ, ദുഃഖം നിറഞ്ഞൊരവകാശമാണ് തലമുറയായി കൈമാറിക്കൊണ്ടിരുന്നത്. ഈ അവകാശം ശുദ്ധതയുടേതല്ല; അശുദ്ധതയുടെ താഴ്വരയുടേതാണ്; അമർത്യതയുടേതല്ല, നശ്വരതയുടേതാണ്. രക്ഷയുടേതല്ല, നാശത്തിന്റേതാണ്. 50. പാപത്തിന്റെ തേർവാഴ്ചയുടെ ഉരുക്കുമുഷ്ടിയിൽ മനുഷ്യൻ അമർന്നപ്പോൾ,

www.malankaralibrary.com



അവൻെറ ദുഃസ്ഥിതി കൂടുതൽ വഷളായിക്കൊണ്ടിരുന്നു. അത് ദുർവികാരങ്ങളുടെ ആധിപത്യത്തിന് അവനെ ഏൽപിച്ചു. വ്യഭിചാരം, വേശ്യാവൃത്തി, വഷളത്തം, അത്യാഗ്രഹം, കൊലപാതകം, മനുഷ്യക്കുരുതി എന്നിവയുടെ കടിഞ്ഞാണിടാത്ത നിയമരാഹിത്യത്തിനും, തൃപ്തിവരാത്ത അത്യാർത്തിയുടെ പിന്നാലെയുള്ള പോക്കിനും അവനെ കയറൂരിവിട്ടു.

51. അതിപാവനമായ ബന്ധങ്ങൾപോലും തിന്മയുടെ അടിച്ചുകയററത്തിൽ തകർന്നുപോയി. അതിഥി ആതിഥേയനെ ഒററിക്കൊടുത്തു; സ്നേഹിതൻ സ്നേഹിതനെതിരായി നിന്നു; സഹോദരൻ സഹോദരനെ കൊന്നു. മകൻ അപ്പനെതിരെ കരമുയർത്തി; അപ്പൻ മകനെതിരായി വാളുയർത്തി. ഒരു മനുഷ്യൻെറ ഉരുക്കുമുഷ്ടികൊണ്ടു മറെറാരുവനെ കൊന്നു. 52. അങ്ങനെ ഭൂമിയിലുള്ളവരെല്ലാം കൊലപാതകികളായി! ചിലർ സുഹൃത്ഹത്യർ, ചിലർ സോദരഹത്യർ, ചിലർ ശിശുഹത്യർ! എന്നാൽ കുറേക്കൂടി ഭീകരവും കേട്ടുകേൾവിപോലുമില്ലാത്ത ചില കാര്യങ്ങൾ ഉണ്ട്! താൻ ലോകത്തിലേക്ക് ജനിപ്പിച്ച കുഞ്ഞിനെ മാതാവ് കൊല്ലുന്നു; തൻെറ സ്തനങ്ങളാൽ വളർത്തിയ കുഞ്ഞിനെ മാതാവു കൊല്ലുന്നു: തൻെറ ഉദരഫലത്തെ തൻെറ ഉള്ളിലാക്കുന്നു; തൻെറ മാറിൽ വഹിച്ച കുഞ്ഞിനെ വിഴുങ്ങുന്നതിനാൽ, നിർഭാഗ്യയായ ആ മാതാവ് ഭീകരമായ ശവക്കല്ലറയായി മാറുന്നു.

53. ഞാൻ നിർത്തുന്നു. എന്നാൽ ഇതിനെക്കാൾ ഭീകരവും ലജ്ജാവഹവുമായ ചില കാര്യങ്ങളും കാണാറുണ്ട്. ഒരപ്പൻ മകളുടെ കിടക്ക കാംക്ഷിക്കുന്നു; മകൻ അമ്മയുടേത്; സഹോദരൻ സഹോദരിയുടേത്: ഒരുത്തൻ മറെറാരുത്തൻേറത്; എല്ലാവരും തൻെറ അയല്ക്കാരൻെറ ഭാര്യയെ മോഹിക്കുന്നു. ലോകത്തിൻെറ എല്ലാഭാഗത്തും കൊലപാതകത്തിൻേറയും, വ്യഭിചാരത്തിൻെറയും ഏററം ഹീനമായ വഴിപിഴയ്ക്കലിൻെറയും കടലിൽ മനുഷ്യൻമുങ്ങിപ്പോയി. 54. മരണത്തിൻെറ സഹകാരിയായ പാപം ഈ അധഃപതനത്തിൽ തുള്ളിച്ചാടി; അത് മനുഷ്യാത്മാക്കളിലേക്ക് തുളച്ചുകയറി; അവരുടെ ശരീരങ്ങളെ മരണത്തിനാഹാരമാക്കി. എല്ലാ ആത്മാക്കളിലും പാപം അതിൻെറ മുദ്രകുത്തി; മുദ്രകുത്തപ്പെട്ടവരെല്ലാം മരണത്തിനു വിധേയരുമായിരുന്നു (റോമ: 5: 12). 55. എല്ലാവരും പാപത്തിനടിപ്പെട്ടു; എല്ലാ ശരീരവും മരണത്തിന് വിധേയമായി; എല്ലാ ആത്മാക്കളും നന്മയുടെ വാസസ്ഥലങ്ങളിൽനിന്നോടിക്കപ്പെട്ടു. മണ്ണിൽ നിന്നെടുക്കപ്പെട്ടത് മണ്ണിൽ അലിഞ്ഞുചേർന്നു. ദൈവദത്തമായ വസ്തു പാതാളത്തിൽ അടയ്ക്കപ്പെട്ടു. ശരീരത്തിൻെറയും ആത്മാവിൻെറയും മനോഹരമായ ഒരുമിക്കൽ ഛിന്നഭിന്നമായി. 56. മരണം മനുഷ്യനെ പിച്ചിച്ചീന്തി ഭീകരമായ അടിമത്തത്തിൽ

www.malankaralibrary.com



ബന്ധിച്ചു. അതിന്റെ നിഴലുകളിൽ കൂടി അവനെ വലിച്ചിഴച്ചു. പിതാവിന്റെ ഛായ ഉപേക്ഷിക്കപ്പെട്ട് വീണു കിടന്നു. പ്രിയപ്പെട്ടവരേ, പെസഹാരഹസ്യം കർത്തൃശരീരത്തിൽ പൂർത്തീകരിക്കപ്പെട്ടതിന്റെ കാരണമിതാണ്.

## 4) ക്രിസ്തുവിന്റെ സഹനങ്ങളെക്കുറിച്ചുള്ള പ്രവചനങ്ങൾ (57-65)

57. നിയമത്തിലും പ്രവാചകരിലും കാണുന്നതുപോലെ പിതാക്കന്മാർക്കും പ്രവാചകന്മാർക്കും സർവജനത്തിനും കർത്താവ് സ്വയം വെളിപ്പെടുത്തിക്കൊണ്ടു തന്റെ കഷ്ടതകൾക്കാദ്യം വഴിയൊരുക്കി. ശോഭനമായി യാഥാർത്ഥ്യവല്ക്കരിക്കപ്പെടേണ്ട ഭാവി വളരെനേരത്തെ ഒരുക്കപ്പെട്ടിരുന്നു. വളരെ നേരത്തെതന്നെ ഉപമിക്കപ്പെട്ടതുവഴി യാഥാർത്ഥ്യവല്ക്കരിക്കപ്പെടുമ്പോൾ, അതു വളരെ വേഗത്തിൽ വിശ്വാസം ജനിപ്പിക്കാൻ തന്നെ. 58. അതുകൊണ്ടാണ് കർത്തൃരഹസ്യം-നേരത്തെ ഉപമിക്കപ്പെട്ടതും ഇപ്പോൾ പ്രത്യക്ഷപ്പെട്ടതും-ഇപ്പോൾ നടന്നു കഴിഞ്ഞു എന്ന് നാം വിശ്വസിക്കുന്നത്. ഇന്ന് കാണുന്നവ വളരെ അസാധാരണമായി ജനങ്ങൾ കരുതുന്നുവെങ്കിലും എല്ലാം മുൻകൂട്ടി പറഞ്ഞിട്ടുള്ളവയാണ്. ഒരിക്കലും കേട്ടിട്ടില്ലാത്ത രീതിയിൽ മനുഷ്യരാൽ അവൻ വിധിക്കപ്പെട്ടെങ്കിലും അവന്റെ സാക്ഷ്യം സത്യമാകുന്നു. കാരണം അപ്രകാരം സംഭവിച്ചു. ഈ രഹസ്യം പഴയതും പുതിയതുമാണ്; ഉപമയിൽ പഴയത്. കൃപയിൽ പുതിയത്. ഉപമയെ ധ്യാനിക്കുന്നവന് അതിൽ പ്രതിഫലിക്കുന്ന യാഥാർത്ഥ്യം കാണാനാവും. 59. തന്റെ 'രഹസ്യ'ത്തിൽ കർത്താവ് സന്നിഹിതനായിരിക്കുന്നത് കാണാൻ നിനക്കാഗ്രഹമുണ്ടെങ്കിൽ, ഹാബേൽ കൊല്ലപ്പെട്ടതിനെപ്പറ്റി ധ്യാനിക്കൂ; ഇസഹാക്ക് വരിഞ്ഞുകെട്ടപ്പെട്ടതിനെപ്പറ്റി ധ്യാനിക്കൂ: ജോസഫ് വിൽക്കപ്പെട്ടതിനെപ്പറ്റി ധ്യാനിക്കൂ: മോശ നദിയിൽ 'ഇടപെട്ട'തിനെപ്പറ്റി ധ്യാനിക്കൂ; ദാവീദ് പീഡിപ്പിക്കപ്പെട്ടതിനെപ്പറ്റി ധ്യാനിക്കൂ; പ്രവാചകൻ ക്രിസ്തുവിനെപ്രതി പീഡ സഹിച്ചതിനെപ്പറ്റി ധ്യാനിക്കൂ.

60. ഈജിപ്തിൽവച്ച് അറുക്കപ്പെട്ട ആടിനെ നോക്കൂ. അതിന്റെ മരണത്താൽ ഈജിപ്റ്റ് അടിക്കപ്പെട്ടു. അതിന്റെ രക്തത്താൽ ഇസ്രായേൽ രക്ഷിക്കപ്പെട്ടു. 61. കർത്തൃരഹസ്യം പ്രവാചകവാക്കുകളിലും പ്രഘോഷിക്കപ്പെടുന്നു. മോശ ജനങ്ങളോട് പ്രഖ്യാപിച്ചു: 'രാത്രിയും പകലും നിങ്ങളുടെ നയനങ്ങൾക്കു മുൻപിൽ നിങ്ങളുടെ ജീവൻ തൂങ്ങിക്കിടക്കുന്നതു നിങ്ങൾ കാണും; നിങ്ങൾ, നിങ്ങളുടെ ജീവൻ നിങ്ങളുടേതായെണ്ണുകയില്ല (ആവ. 28:66).

www.malankaralibrary.com



62. ദാവീദ് പറഞ്ഞു: 'രാജ്യങ്ങൾക്കിടയിലുള്ള ഈ ആരവാരം എന്തിന്? ജനങ്ങളെന്തിന് ദിവാസ്വപ്നങ്ങൾ കാണുന്നു? കർത്താവിനും അവൻെറ അഭിഷിക്തനും എതിരായി ഭൂമിയിലെ രാജാക്കൻമാർ എഴുന്നേല്ക്കുകയും ഗൂഢാലോചന നടത്തുകയും ചെയ്യുന്നു (സങ്കീ. 2: 1—2). 63. ജറമിയ: വെട്ടുവാൻ കൊണ്ടുപോകുന്ന ആട്ടിൻകുട്ടിയെപ്പോലെയാണ് ഞാൻ. അവരെനിയ്ക്കെതിരായി ഗൂഢാലോചന നടത്തി പറയുന്നു: നമുക്കവൻെറ അപ്പത്തിൽ വിഷം ചേർക്കാം; ജീവിക്കുന്നവരുടെ ഭൂമിയിൽനിന്നവനെ പിഴുതെറിയാം അവൻെറ നാമം തന്നെ വിസ്മൃതമാകട്ടെ(ജറമി. 11:19).

64. ഏശയാ: ആടിനെപ്പോലെ വെട്ടുവാനായി അവൻ ആനയിക്കപ്പെട്ടു; കഴിവുണ്ടായിരുന്നിട്ടും, മൗനമായിരുന്ന കുഞ്ഞാടുപോലെ അവൻ തൻെറ വായ് തുറന്നില്ല. അവൻെറ ജനനത്തെ ആർക്ക് വിവരിക്കാനാവും? (ഏശ. 53: 7—8).

65. മററ് പ്രവാചകൻമാരും പെസഹാരഹസ്യത്തെപ്പററി അനേകം അത്ഭുതകാര്യങ്ങൾ അറിയിച്ചിട്ടുണ്ട്. പെസഹാരഹസ്യം ക്രിസ്തുവാകുന്നു. അവനെന്നേയ്ക്കും മഹത്വം ഉണ്ടായിരിക്കട്ടെ. ആമ്മീൻ,

## 5) ക്രിസ്തുവിലൂടെ മനുഷ്യകുലത്തിൻെറ വിമോചനം (66–71)

66. കഷ്ടപ്പെടുന്ന മനുഷ്യകുലത്തിനുവേണ്ടി, അവൻ സ്വർഗ്ഗത്തിൽ നിന്നിറങ്ങി, കന്യക വഴി മനുഷ്യവേഷം ധരിച്ചു; സഹിക്കുവാൻ കഴിയുന്ന ശരീരമുള്ള മനുഷ്യനായി നമ്മുടെ മദ്ധ്യേ കാണപ്പെട്ടു. കഷ്ടപ്പെടുന്നവരുടെ കഷ്ടതകളെല്ലാം തൻെറമേൽ വഹിച്ചു. അമർത്യമായ തൻെറ അരൂപിയാൽ മർത്യസംഹാരകനായ മരണത്തെ വധിച്ചു.

67. ഇസ്രായേലിനെ ഈജിപ്തിൽനിന്നു വീണ്ടെടുക്കുന്നതുപോലെ കുഞ്ഞാടിനെപ്പോലാനയിക്കപ്പെട്ട് ആടിനെപ്പോലെ കൊല്ലപ്പെട്ട്, അവൻ നമ്മെ ലോകത്തിൻെറ ദാസ്യവൃത്തിയിൽനിന്ന് വീണ്ടെടുത്തു. ഇസ്രായേലിനെ ഫറവോൻെറ കൈകളിൽനിന്ന് മോചിച്ചതുപോലെ, ദുഷ്ടൻെറ അടിമത്തത്തിൽനിന്ന് നമ്മെ വിമോചിച്ചു. തൻെറ തന്നെ അരൂപിയാൽ ഒരു മുദ്രകൊണ്ടെന്നവണ്ണം ആത്മാക്കളെ അവനടയാളപ്പെടുത്തി, നമ്മുടെ ശരീരത്തിൻെറ അവയവങ്ങളെ തൻെറ സ്വന്തം രക്തത്താൽ അവൻ മുദ്രകുത്തി.

68. മോശ ഫറവോനെ ദുഃഖിപ്പിക്കുകയും അപമാനിക്കുകയും ചെയ്തതുപോലെ, അവൻ മരണത്തെ അപമാനം ധരിപ്പിക്കുകയും,

www.malankaralibrary.com



ദുഷ്ടനെ ദുഃഖിപ്പിക്കുകയും ചെയ്തു. മോശ ഈജിപ്തിനെ ശിക്ഷിക്കുകയും സന്താനരഹിതയാക്കുകയും ചെയ്തതുപോലെ അവൻ പാതകത്തെ ശിക്ഷിക്കുകയും അനീതിയുടെ അവകാശികളെ നീക്കിക്കളയുകയും ചെയ്തു. അവൻ നമ്മെ ദാസ്യത്തിൽനിന്ന് സ്വാതന്ത്ര്യത്തിലേക്കും, തമസ്സിൽനിന്ന് ജ്യോതിസ്സിലേക്കും മൃത്യുവിൽനിന്ന് ജീവനിലേക്കും തേർവാഴ്ചയിൽനിന്ന് നിത്യരാജ്യത്തിലേക്കും കൊണ്ടുവന്നു.

69. അവൻ നമ്മുടെ രക്ഷയുടെ പെസഹായാകുന്നു; അവൻ പലതും അനുഭവിക്കാൻ പലരിലും സന്നിഹിതനായിരുന്നു; അവൻ ഹാബേലിൽ കൊല്ലപ്പെട്ടു, ഇസഹാക്കിൽ കെട്ടപ്പെട്ടു; യാക്കോബിൽ പരദേശിയാക്കപ്പെട്ടു; യൗസേഫിൽ വില്ക്കപ്പെട്ടു; മോശയിൽ കാട്ടപ്പെട്ടു; ദാവീദിൽ ദണ്ഡിക്കപ്പെട്ടു; പ്രവാചകരിൽ അപമാനിക്കപ്പെട്ടു.

70. അവൻ കന്യകയിൽനിന്ന് ശരീരമെടുത്തവനാകുന്നു. അവൻ മരത്തിൽ തൂക്കപ്പെട്ടവനാകുന്നു അവൻ ഭൂമിയിൽ അടക്കപ്പെട്ടു; എന്നാലവൻ മരിച്ചവരിൽനിന്നെഴുന്നേററു. അവൻ സ്വർഗ്ഗീയോന്നതങ്ങളിലേയ്ക്കെടുക്കപ്പെട്ടു.

71. ശബ്ദമില്ലാത്ത കുഞ്ഞാടിവനാകുന്നു; അറുക്കപ്പെട്ട കുഞ്ഞാടിവനാകുന്നു. കലയുള്ള പെണ്ണാടായ മറിയാമിൽനിന്ന് പിറന്നവൻ ഇവനാകുന്നു. ആലയിൽനിന്ന് പിടിക്കപ്പെടുകയും വെട്ടുവാൻ വലിച്ചിഴയ്ക്കപ്പെടുകയും ചെയ്തവൻ ഇവനാകുന്നു. സന്ധ്യാസമയത്ത് അവൻ തകർക്കപ്പെട്ടു; രാത്രിയിൽ അവൻ അടക്കപ്പെട്ടു. സ്ലീബായിൽവച്ച് ഒടിക്കപ്പെടാതിരുന്നവൻ ഭൂമിക്കകത്ത് ജീർണ്ണിച്ചില്ല. കാരണം, അവൻ മരിച്ചവരിൽനിന്നുയിർത്ത് കല്ലറയുടെ ആഴത്തിൽനിന്ന് മനുഷ്യനെ ഉയിർത്തെഴുന്നേൽപ്പിച്ചു.

## II ക്രിസ്തുവിൻെറ മരണവും ഇസ്രായേലിൻെറ പാപവും (72-99)

### (a) ക്രിസ്തുവിൻെറ മരണകാരണവും മരിച്ച സ്ഥലവും (72–86)

72. അവൻ കൊല്ലപ്പെട്ടു; എവിടെവച്ചവൻ കൊല്ലപ്പെട്ടു? യറുശലേമിൻെറ മധ്യത്തിൽ. എന്തുകൊണ്ട്? എന്തുകൊണ്ടെന്നാൽ അവൻ അവരുടെ മുടന്തരെ സൗഖ്യമാക്കി; അവരുടെ കുഷ്ഠരോഗികളെ ശുദ്ധരാക്കി; അവരുടെ കുരുടർക്ക് കാഴ്ചനൽകി; അവരുടെ മരിച്ചവരെ ഉയിർപ്പിച്ചു. അതിനാണവൻ പീഡയേററത്, നിയമ

www.malankaralibrary.com



ത്തിലും പ്രവാചകരിലും എവിടെയോ എഴുതപ്പെട്ടിരിക്കുന്നു: 'നൻമയ്ക്ക് പകരം തിൻമ എനിക്കവർ തന്നു; എന്റെ ആത്മാവും തള്ളപ്പെട്ടിരിക്കുന്നു' (സങ്കീ. 35: 12). 'എനിക്കെതിരായി ദുരാലോചനനടത്തി അവർ പറയുന്നു:' 'നമുക്ക് നീതിമാനെ ബന്ധിക്കാം; കാരണം അവൻ നമുക്കൊരു ഭാരമാണ്'' (സങ്കീ. 35: 4; 41: 8).

73 ഇസ്രായേലേ, നിങ്ങളെന്തിനീ ക്രൂരകൃത്യം ചെയ്തു? നിങ്ങളെ ബഹുമാനിച്ചവനെ നിങ്ങളെന്തിനവമാനിച്ചു? നിങ്ങളെ മഹത്വപ്പെടുത്തിയവനെ നിങ്ങളെന്തിന് ലജ്ജിപ്പിച്ചു? നിങ്ങളെ അംഗീകരിച്ചവനെ നിങ്ങളെന്തിന് തള്ളിപ്പറഞ്ഞു? നിങ്ങളെ സുവിശേഷം അറിയിച്ചവനെ നിങ്ങളെന്തിന് തിരസ്കരിച്ചു? നിങ്ങളെ ജീവിപ്പിച്ചവനെ നിങ്ങളെന്തിന് കൊന്നു? ഇസ്രായേലേ, നിങ്ങളെന്താണ് പ്രവർത്തിച്ചത്?

74. നിങ്ങൾ ഭീകരമായി മരിക്കാതിരിപ്പാൻ നിഷ്കളങ്ക രക്തം ചൊരിയരുതെന്ന് നിങ്ങളുടെ നിയമത്തിൽ എഴുതപ്പെട്ടിരുന്നില്ലേ? (ഉല്പ. 9: 6; പുറ. 20: 13). 'ഞാൻ കർത്താവിനെ കൊന്നു' എന്ന് ഇസ്രായേൽ ഏറ്റുപറയുന്നു, എന്തുകൊണ്ട്? 'എന്തുകൊണ്ടെന്നാൽ അവൻ പീഡിപ്പിക്കപ്പെടുക ആവശ്യമായിരുന്നു' (ലൂക്കോ. 24: 26). കർത്താവിന്റെ മരണത്തെപ്പറ്റി ഇങ്ങനെ ഒരാശയം കണ്ടുപിടിച്ചതിൽ ഇസ്രായേലേ, നിങ്ങൾക്കു തെറ്റുപറ്റി. 75. അവൻ പീഡയേൽക്കണമായിരുന്നു; എന്നാൽ നിങ്ങൾ മൂലമായിരിക്കണമെന്നില്ല. അവൻ അപമാനിക്കപ്പെടണമായിരുന്നു, എന്നാൽ നിങ്ങൾ മൂലമായിരിക്കണമെന്നില്ല. അവൻ വധിക്കപ്പെടണമായിരുന്നു, എന്നാൽ നിങ്ങൾ മൂലമായിരിക്കണമെന്നില്ല. അവൻ ക്രൂശിക്കപ്പെടണമായിരുന്നു; എന്നാൽ നിങ്ങളുടെ കൈകൾ മൂലമായിരിക്കണമെന്നില്ല. ഇപ്രകാരം നിങ്ങൾ ഉച്ചത്തിൽ നിലവിളിച്ചു പ്രാർത്ഥിക്കണമായിരുന്നു: 76. 'ദൈവമേ, നിന്റെ പുത്രൻ പീഡയേൽക്കണമെങ്കിൽ, അതാണ് തിരുഹിതമെങ്കിൽ, അവൻ സഹിക്കുവാൻ അനുവദിച്ചാലും. എന്നാലത് ഞാൻ മൂലമാകരുതേ. മറ്റൊരു ജാതിയിൽപെട്ടവനാൽ അവൻ സഹിക്കുവാൻ ഇടയാക്കിയാലും. വിദേശികളാൽ അവൻ വിധിക്കപ്പെടാൻ ഇടയാക്കിയാലും. അപരിചിതരാൽ, ഒരു തേർവാഴ്ചക്കാരന്റെ കൈകളാൽ, അവൻ ക്രൂശിക്കപ്പെടാൻ ഇടയാക്കിയാലും; ഞാൻ മൂലമാകരുതേ'.

77. എന്നാൽ ഇസ്രായേലേ, ഇത്തരമൊരു പ്രാർത്ഥനവഴി നിങ്ങൾ ദൈവത്തിന്റെ മുമ്പാകെ നിങ്ങളെത്തന്നെ നിർമ്മലരാക്കിയില്ല, നിങ്ങൾ നിങ്ങളുടെ ആശ്രയം ദൈവത്തിൽവച്ചില്ല; നിങ്ങൾ അവനെ ഭയപ്പെട്ടില്ല. 78. അവന്റെ പ്രവൃത്തികൾ കണ്ടിട്ടും നിങ്ങൾ കുലുങ്ങിയില്ല; വരണ്ട കൈ ആരോഗ്യമുള്ള അവയവമാക്കിയപ്പോഴും

www.malankaralibrary.com



നിങ്ങൾക്കത് സ്വീകാര്യമായില്ല; അവൻെറ തന്നെ കരം കുരുടനു കാഴ്ച നൽകിയപ്പോഴുമില്ല; അവൻെറ ശബ്ദം തളർവാതരോഗിയെ ശക്തനാക്കിയപ്പോഴുമില്ല; അടക്കം ചെയ്തിട്ട് നാലുദിവസമായവനെ കല്ലറയിൽനിന്ന് വിളിച്ചിറക്കിയ മഹത്തായ അത്ഭുതവും നിങ്ങളെ ഭയപ്പെടുത്തിയില്ല. നിങ്ങളീ അടയാളങ്ങളൊന്നും ശ്രദ്ധിച്ചില്ല.
79. മറിച്ച്, കർത്താവിൻെറ ബലിയുടെ സമയത്ത്, ഒരു കൊലപാതകിയായ കള്ളനെയെന്നവണ്ണം, നിങ്ങൾ അവനുവേണ്ടി മൂർച്ചയുളള ആണികളും, കള്ളസാക്ഷികളും, ബന്ധനങ്ങളും, ചമ്മട്ടിയടികളും, വിനാഗിരിയും കൈയ്പും വാളും കഷ്ടതകളും തയ്യാറാക്കി. നിങ്ങൾ അവൻെറ ശരീരത്തിൽ ചാട്ടകൾ പ്രയോഗിച്ചു; അവൻെറ തലയിൽ മുള്ളുകൾ അറച്ചുകയററി; മണ്ണിൽനിന്ന് നിങ്ങളെ മനഞ്ഞുണ്ടാക്കിയ മോഹനകരങ്ങൾ നിങ്ങൾ കൂട്ടിക്കെട്ടി. ജീവൻ തന്നു നിങ്ങളെ പോററിയവന് നിങ്ങൾ കയ്പുകൊടുത്തു. വലിയ പെരുന്നാൾ ദിവസം നിങ്ങൾ നിങ്ങളുടെ രക്ഷകനെ കൊന്നു.

80. അവൻ വിശന്നുവലഞ്ഞപ്പോൾ നിങ്ങൾ ഭക്ഷിച്ചാനന്ദിച്ചു; അവൻ വിനാഗിരിയും കൈയ്പും കുടിച്ചപ്പോൾ, നിങ്ങൾ അപ്പം തിന്നുകയും വീഞ്ഞു കുടിക്കുകയുംചെയ്തു. അവൻെറ മുഖം ദുഃഖത്താൽ ഇരുണ്ടിരുന്നപ്പോൾ നിങ്ങളുടെ മുഖം പ്രശോഭിച്ചിരുന്നു. അവൻ ഞെരുക്കപ്പെട്ടപ്പോൾ, നിങ്ങൾ ആനന്ദതുന്ദിലരായിരുന്നു. അവൻ വിധിക്കപ്പെട്ടപ്പോൾ, നിങ്ങൾ പാട്ടുപാടി. അവൻ ക്രൂശിക്കപ്പെട്ടപ്പോൾ, നിങ്ങൾ കല്പന കൊടുത്തു. അവൻ സംസ്കരിക്കപ്പെട്ടപ്പോൾ, നിങ്ങൾ നൃത്തംചവുട്ടി. അവനൊരു ശവപ്പെട്ടിയിൽ കല്ലറയിൽ കിടന്നപ്പോൾ, നിങ്ങൾ മൃദുവായ മെത്തയിൽ വിശ്രമിച്ചു.

81. ഓ, കുററവാളിയായ ഇസ്രായേലേ, നിങ്ങളെ ഉരുവാക്കുകയും, നിങ്ങളെ സൃഷ്ടിക്കുകയും, നിങ്ങളെ ബഹുമാനിക്കുകയും, നിങ്ങളെ ഇസ്രായേൽ എന്നു വിളിക്കുകയും ചെയ്ത നിങ്ങളുടെ കർത്താവും നിങ്ങളുടെ യജമാനനുമായവനെ അവാച്യമായ വേദനകൾക്ക് നിങ്ങൾ വിധേയനാക്കി. നിങ്ങൾ കൊടുംപാതകം ചെയ്തതെന്തിനാണ്?

82. നിങ്ങൾ 'ഇസ്രായേലായി' കണ്ടെത്തപ്പെട്ടില്ല; കാരണം, നിങ്ങൾ നിങ്ങളുടെ ദൈവത്തെ കണ്ടില്ല; നിങ്ങൾ നിങ്ങളുടെ ദൈവത്തെ മനസ്സിലാക്കിയില്ല. അവൻ ദൈവത്തിൻെറ ആദ്യജാതനാണെന്നുളളത് ഇസ്രായേലേ, നിങ്ങൾ അറിഞ്ഞില്ല. അവനാകുന്നു, പ്രഭാതനക്ഷത്രത്തിനുമുമ്പുദയം ചെയ്തവൻ; ഉദിച്ചുയരുവാൻ വെളിച്ചത്തെ ഉണ്ടാക്കിയവൻ; ദിവസത്തെ പ്രകാശിപ്പിക്കുന്നവൻ; ഇരുട്ടിൽ

www.malankaralibrary.com



നിന്ന് പ്രകാശത്തെ വേർതിരിച്ചവൻ; സൃഷ്ടിയുടെ അതിർത്തി നിശ്ചയിച്ചവൻ; ഭൂമിയെ അതിന്റെ സ്ഥാനത്ത് തൂക്കിയിട്ടവൻ; ആഴത്തെ വററിച്ചവൻ. പ്രപഞ്ചത്തെ ക്രമീകരിച്ചവൻ; 83. ആകാശത്തിൽ നക്ഷത്രങ്ങടം സ്ഥാപിച്ചവൻ; ഗോളങ്ങളെ പ്രശോഭിപ്പിക്കുന്നവൻ; പ്രകാശിപ്പിക്കുവാൻ സൂര്യനേയും ചന്ദ്രനേയും സൃഷ്ടിച്ചവൻ; സ്വർഗ്ഗത്തിൽ മാലാഖമാരെ സൃഷ്ടിച്ചവൻ; അവിടെ സിംഹാസനങ്ങടം സ്ഥാപിച്ചവൻ; ഭൂമിയിൽ മനുഷ്യനെ രൂപപ്പെടുത്തിയവൻ; നിങ്ങളെ തിരഞ്ഞെടുക്കുകയും, ആദാം മുതൽ നോഹവരെയും നോഹ മുതൽ അബ്രഹാംവരെയും, അബ്രഹാം മുതൽ ഇസഹാക്ക്, യാക്കോബ്, പന്ത്രണ്ടു പിതാക്കൻമാർ എന്നിവർവരെയും നിങ്ങളെ നയിക്കുകയുംചെയ്തത് അവനാകുന്നു.

84 നിങ്ങളെ ഈജിപ്തിലേക്കു തിരിച്ചുവിടുകയും സംരക്ഷിക്കയും അവിടെ തളർത്തുകയും ചെയ്തവൻ അവനാകുന്നു. അഗ്നിത്തൂണുകൊണ്ട് നിങ്ങളുടെ വഴി പ്രകാശിപ്പിക്കുകയും മേഘത്തൂണാൽ നിങ്ങളെ പരിപാലിക്കുകയും ചെങ്കടലിനെ വിഭജിക്കുകയും നിങ്ങളെ അതിൽകൂടെ കടത്തുകയും നിങ്ങളുടെ ശത്രുക്കളെ ചിതറിക്കുകയും ചെയ്തവൻ അവനാകുന്നു.

85. നിങ്ങടംക്ക് സ്വർഗ്ഗത്തിൽനിന്നു മന്നാ തന്നവൻ അവനാകുന്നു; നിങ്ങടംക്കു പാറയിൽനിന്ന് പാനം തന്നവൻ അവനാകുന്നു; ഹോറേബിൽവച്ച് നിയമം തന്നവൻ അവനാകുന്നു.; വാഗ്ദാനഭൂമി അവകാശമായി തന്നവൻ അവനാകുന്നു; നിങ്ങടംക്ക് പ്രവാചകരെ അയച്ചവൻ അവനാകുന്നു; നിങ്ങളിൽനിന്ന് രാജാക്കന്മാരെ ഉയർത്തിയവൻ അവനാകുന്നു.

86. നിങ്ങളുടെ പക്കലേക്ക് വരുകയും, നിങ്ങളുടെ രോഗികളെ സൗഖ്യമാക്കുകയും, നിങ്ങളുടെ മരിച്ചവരെ ഉയിർപ്പിക്കുകയും ചെയ്തവൻ അവനാകുന്നു. നിങ്ങളവനോടു നിന്ദ്യമായി പെരുമാറി, നിങ്ങളവനോട് അനീതി പ്രവർത്തിച്ചു, നിങ്ങളവനെ പണത്തിനു വിററു. നിങ്ങളവനെ കൊന്നുകളഞ്ഞു.

## (b) ഇസ്രായേൽ പരീക്ഷിക്കപ്പെടുന്നു (87–93)

87. നന്ദിയില്ലാത്ത ഇസ്രായേലേ, എന്റെ മുമ്പിൽവന്ന് നിങ്ങളുടെ നന്ദിഹീനതയെ പ്രതി വിധിക്കപ്പെടുവിൻ. അവനാൽ സൃഷ്ടിക്കപ്പെട്ടതിനെ നിങ്ങളെത്രമാത്രം വിലമതിക്കുന്നു? നിങ്ങടം ഈജിപ്തിലേക്കു പോയതിനെയും അവിടെ യൗസേപ്പിന്റെ കരുതലിനേയും നിങ്ങളെത്രമാത്രം വിലമതിക്കുന്നു? 88. പത്തു ബാധകളെ നിങ്ങളെത്രമാത്രം വിലമതിക്കുന്നു? രാത്രിയിലെ അഗ്നിത്തൂണിനെയും പകലിലെ മേഘത്തൂണിനെയും, ചെങ്ക

www.malankaralibrary.com



ടൽ കടന്നതിനെയും, നിങ്ങളെത്ര വിലമതിക്കുന്നു? ആകാശത്തുനിന്നുള്ള മന്നായെയും, പാറയിൽനിന്നുള്ള വെള്ളത്തെയും, ഹോറേബിൽവച്ച് നിയമം നടപ്പാക്കിയതിനെയും ഭൂമിയുടെ അവകാശത്തെയും അവിടവൻ തന്ന അനുഗ്രഹത്തെയും നിങ്ങളെത്രമാത്രം വിലമതിക്കുന്നു?

89. പീഡിതരായ മനുഷ്യരെ തന്റെ സാന്നിദ്ധ്യത്താൽ അവൻ സൗഖ്യമാക്കിയതിനെ നിങ്ങളെത്രമാത്രം വിലമതിക്കുന്നു? വരണ്ട കൈ സുഖമാക്കിയതിന്റെ തത്വം ഇപ്പോഠം ഗ്രഹിക്കൂ, 90. പിറവിക്കുരുടനു കാഴ്ച നൽകിയ ശബ്ദത്തിന്റെ അർത്ഥം ഇപ്പോഠം ഗ്രഹിക്കൂ; രണ്ടും മൂന്നും ദിവസങ്ങളായി കല്ലറകളിലായിരുന്ന ശരീരങ്ങളെ അവൻ ഉയിർപ്പിച്ചതിന്റെ അർത്ഥം ഇപ്പോഠം ഗ്രഹിക്കൂ; അവൻ നിങ്ങഠംക്കു നൽകിയ ദാനങ്ങഠം അമൂല്യങ്ങളാണ്. എന്നാൽ നിങ്ങളുടെ നികൃഷ്ടതയിൽ നിങ്ങളവന് നന്ദിഹീനതമാത്രം മടക്കികൊടുത്തു. നന്മയ്ക്ക് തിന്മയും, ആനന്ദത്തിന് കഷ്ടതയും, ജീവന് മരണവും, നിങ്ങളവന് മടക്കികൊടുത്തു.

91. ഇക്കാരണത്താൽ നിങ്ങളും മരിക്കണം. ഒരു രാജ്യത്തെ രാജാവ് ശത്രുക്കളാൽ പിടിക്കപ്പെട്ടപ്പോഠം അവനെപ്രതി ഒരു യുദ്ധം ആരംഭിക്കുകയായി; കോട്ടകൊത്തളങ്ങഠം തകർക്കപ്പെടുകയായി; പട്ടണങ്ങഠം കൊള്ളയടിക്കപ്പെടുകയായി; ജാമ്യത്തിനാഠം അയക്കപ്പെടുകയായി. അവൻ സ്വതന്ത്രനും ജീവനുള്ളവനുമെങ്കിൽ അവനെ സ്വീകരിക്കുന്നതിനും, അവൻ കൊല്ലപ്പെട്ടെങ്കിൽ സംസ്ക്കാരത്തിന് കൊണ്ടുവരുന്നതിനും പ്രതിനിധികഠം അയയ്ക്കപ്പെടുകയായി.

92. മറിച്ച് നിങ്ങളാകട്ടെ, നിങ്ങളുടെ കർത്താവിനെതിരായി ചീട്ടിട്ടു; വലിയ പെരുനാഠം ദിവസം അവനെ നിങ്ങഠം കൊന്നു. രാജ്യങ്ങഠംക്ക് ആരാധ്യനാണവൻ; അഗ്രചർമ്മികഠംക്ക് പൂജ്യനാണവൻ; വിദേശികളാൽ മഹത്വീകൃതനാണവൻ; അവനെപ്രതി പീലാത്തോസ് കൈകഠം കഴുകി.

93. 'പുളിപ്പില്ലാത്ത അപ്പം കൈപ്പുചീരയോടുകൂടി തിന്നണം' (പുറ. 12:8) എന്നെഴുതപ്പെട്ടിരിക്കുന്നതുപോലെ, ഇക്കാരണത്താലാണ് പുളിപ്പില്ലാത്ത അപ്പങ്ങളുടെ പെരുന്നാഠം നിങ്ങഠംക്ക് കൈപ്പേറിയതായി തീർന്നത്. നിങ്ങഠം മുനയുണ്ടാക്കിയ ആണികഠം കൈപ്പേറിയവയാണ്. നിങ്ങഠം മൂർച്ച കൂട്ടിയ നാവും, നിങ്ങഠം നിർത്തിയ കള്ളസാക്ഷികളും, നിങ്ങഠം തയ്യാറാക്കിയ ബന്ധനങ്ങളും, നിങ്ങഠം മെനഞ്ഞ ചമ്മട്ടികളും, നിങ്ങഠം കൈക്കൂലി കൊടുത്ത യൂദാസും, നിങ്ങഠം അനുസരിച്ച ഹേറോദേസും, നിങ്ങഠം വിശ്വസിച്ച കയ്യാഫാസും, നിങ്ങഠം തയ്യാറാക്കിയ കൈയ്പും, നിങ്ങഠം ഉണ്ടാക്കിയ

www.malankaralibrary.com



വിനാഗിരിയും, നിങ്ങരം ശേഖരിച്ച മുള്ളുകളും, നിങ്ങരം ബന്ധിച്ച കൈകളും കൈയ്പേറിയവയാണ്. യരുശലേമിന്റെ മദ്ധ്യേ നിങ്ങളുടെ നാഥനെ നിങ്ങരം കൊന്നു.

## (c) ഇസ്രായേലിന്റെ പാതകങ്ങരംക്ക് ജാതികരം സാക്ഷികളാണ് (94—98)

94. വിജാതീയ കുടുംബങ്ങളേ, ശ്രവിപ്പിൻ! നിയമത്തിന്റെ നഗരമായ, എബ്രായരുടെ നഗരമായ, പ്രവാചകരുടെ നഗരമായ, നീതിയുടെ നഗരമെന്ന് വിളിക്കപ്പെട്ട, യരുശലേമിൽ വച്ചുതന്നെ നടത്തപ്പെട്ട ഭീകരപാതകം ദർശിപ്പിൻ. ആരാണ് കൊല്ലപ്പെട്ടത്? കൊലപാതകിയാര്? അതു പറയുവാൻ ഞാൻ ലജ്ജിക്കുന്നു; എങ്കിലും ഞാനതു പറയേണ്ടതാണ്, കൊലപാതകം രാത്രിയിലാണ് സംഭവിച്ചതെങ്കിൽ, ഒരു വിജനപ്രദേശത്തുവച്ച് കർത്താവ് കൊല്ലപ്പെട്ടെങ്കിൽ, അതേപ്പററി മൗനമായിരിക്കാമായിരുന്നു. എന്നാൽ നീതിമാൻ നീതിരഹിതമായി കൊല്ലപ്പെട്ടത്, എല്ലാവരും കാൺകെ നഗരമധ്യത്തിൽ വച്ചാണ്.

95. അവൻ സ്ളീബാമേൽ ഉയർത്തപ്പെട്ടു; അവൻ ആരാണെന്ന് വിളിച്ചറിയിക്കുന്ന ഒരു മേലെഴുത്ത് തൂക്കപ്പെട്ടിരുന്നു. ഇതും വിവരിക്കുക പ്രയാസമാണ്; എന്നാലിത് വിവരിക്കാതിരിക്കുന്നതു ഏററം ഭീകരമായിരിക്കും. ഭൂമി മുഴുവൻ അവനെ പ്രതി നടുങ്ങുന്നു. അവനാരാണെന്ന് നടുക്കത്തോടുകൂടി കേരംക്കുവിൻ.

96. ഭൂമിയെ താങ്ങുന്നവൻ തൂക്കപ്പെട്ടു; ആകാശത്തെ വിരിച്ചവൻ വിടർത്തപ്പെട്ടു; എല്ലാററിനേയും ഉറപ്പിക്കുന്നവൻ, മരത്തിൻമേൽ ഉറപ്പിക്കപ്പെട്ടു; യജമാനൻ കററവാളിയാക്കപ്പെട്ടു: ഇസ്രായേലിന്റെ രാജാവ് ഇസ്രായേലിന്റെ തന്നെ കൈകളാൽ കൊല്ലപ്പെട്ടു.

97. അവാച്യമായ പാതകം! അവിശ്വസനീയമായ അനീതി! യജമാനനെ തിരിച്ചറിയാൻ പാടില്ല! അവന്റെ ശരീരം നഗ്നമാണ്: ധരിക്കുവാൻ ഒരു വസ്ത്രമെങ്കിലും കിട്ടുവാൻ അർഹനാണെന്നുള്ള വിധിപോലും അവനുണ്ടായില്ല. അതുകൊണ്ട് അന്തരീക്ഷപ്രകാശങ്ങരം ലജ്ജയാൽ തങ്ങളെത്തന്നെ മറച്ചുകളഞ്ഞു. സ്ലീബാമരത്തിന്മേലുള്ള അവന്റെ നഗ്ന ശരീരം മറയ്ക്കുവാനും. ദുഷ്ട മനുഷ്യരുടെ കണ്ണുകരം കുരുടാക്കുന്നതിനും അവ ഇരുണ്ടുപോയി.

98. വാസ്തവത്തിൽ ജനങ്ങരം നടുങ്ങിയില്ല; എന്നാൽ ഭൂമി ഞെട്ടിവിറച്ചു. ജനങ്ങരംക്കൊരു ഭീതിയുമുണ്ടായില്ല: എന്നാൽ ആകാശങ്ങരം ഭീതിപൂണ്ടു. ജനങ്ങരം അവരുടെ വസ്ത്രം കീറിയില്ല;

www.malankaralibrary.com



എന്നാൽ മാലാഖാ വസ്ത്രം കീറി. ജനങ്ങൾ വിലപിച്ചില്ല; എന്നാൽ കർത്താവ് ആകാശത്തിൽനിന്ന് അട്ടഹസിച്ചു. അത്യുന്നതൻ നാദം മുഴക്കി.

## (d) ഇസ്രായേൽ മരണത്തിന് വിധിക്കപ്പെടുന്നു (99)

99. എന്നാൽ ഇസ്രായേലേ, എന്തുകൊണ്ട് കർത്താവിൻെറ മുമ്പാകെ നിങ്ങൾ ഭ്രമിച്ചില്ല.? എന്തുകൊണ്ട് കർത്താവിൻെറ മുമ്പാകെ നിങ്ങൾ ഭീതി പൂണ്ടില്ല?. എന്തുകൊണ്ട് കർത്താവിൻെറ മുമ്പാകെ നിങ്ങൾ കരഞ്ഞില്ല? എന്തുകൊണ്ട് ആദ്യജാതൻെറ മുമ്പാകെ നിങ്ങൾ നിലവിളിച്ചില്ല? എന്തുകൊണ്ട് തൂക്കപ്പെട്ട കർത്താവിൻെറ മുമ്പാകെ നിങ്ങൾ വ്യസനത്താൽ മൂടപ്പെട്ടില്ല. കാരണം, നിങ്ങൾ കർത്താവിനെ ഉപേക്ഷിച്ചു; അവൻെറ ദയ നിങ്ങൾ സ്വീകരിച്ചില്ല; കാരണം നിങ്ങൾ കർത്താവിനെ നശിപ്പിച്ചു. നിങ്ങൾ ഭൂമിയോളം താഴ്ത്തപ്പെട്ടു. അവനോ കല്ലറയിൽനിന്നെഴുന്നേററു.

# III ക്രിസ്തുവിൻെറ അന്ത്യവിജയം (100–105)

100. അവൻ സ്വർഗീയോന്നതങ്ങളിലേക്ക് കരേറിയപ്പോൾ നിങ്ങൾ മാകരമായ നുണപറയുന്നു. പീഡിതർക്കുവേണ്ടി പീഡയേല്ക്കാനും, പരാജിതർക്കുവേണ്ടി കെട്ടപ്പെടുവാനും, കുററവാളികൾക്കുവേണ്ടി വിധിക്കപ്പെടുവാനും, അടക്കപ്പെട്ടവർക്കുവേണ്ടി അടക്കപ്പെടുവാനും, കർത്താവ് മനുഷ്യനായിത്തീർന്നു.

101. അവൻ മരിച്ചവരിൽനിന്നുയർത്തെഴുന്നേററുകൊണ്ടിപ്രകാരം പ്രഖ്യാപിക്കുന്നു: 'എനിക്കെതിരായി ആരു നിൽക്കും? അവനെൻെറ മുമ്പിൽ വരട്ടെ. ഞാൻ വിധിക്കപ്പെട്ടവരെ വിടുവിച്ചു. ഞാൻ കല്ലറകളിൽനിന്നെഴുന്നേൽപ്പിച്ചു. 102. എനിക്കെതിരായി ആരുനിൽക്കും?. 'ഞാനാണ് ക്രിസ്തു'—കർത്താവ് പറയുന്നു. ഞാനാണ് മരണത്തെ നശിപ്പിച്ചവൻ; ഞാൻ ശത്രുവിൻമേൽ വിജയശ്രീലാളിതനായി; ഞാൻ പാതാളത്തെ കാൽക്കീഴിൽ ചവുട്ടി; ഞാൻ ശക്തനെ ബന്ധിച്ചു; ഞാൻ മനുഷ്യരെ സ്വർഗ്ഗീയോന്നതങ്ങളിലേക്കുയർത്തി. ഞാനാണിവയെല്ലാം പ്രവർത്തിച്ചത്' എന്ന് ക്രിസ്തു പറയുന്നു.

103. 'മനുഷ്യകുലത്തിൽപെട്ട നിങ്ങളെല്ലാവരും അടുത്തു വരുവിൻ. നിങ്ങളെ ക്ലേശിപ്പിക്കുന്ന പാപങ്ങൾക്ക് മോചനം പ്രാപിപ്പിൻ. കാരണം, ഞാൻ നിങ്ങളുടെ മോചനമാകുന്നു. ഞാൻ നിങ്ങളുടെ രക്ഷയുടെ പെസഹായാകുന്നു. ഞാൻ നിങ്ങൾക്കുവേണ്ടി അറക്കപ്പെട്ട കുഞ്ഞാടാകുന്നു; ഞാൻ നിങ്ങളുടെ വീണ്ടെടുപ്പുവില

www.malankaralibrary.com



യാകുന്നു. ഞാൻ നിങ്ങളുടെ ശുദ്ധീകരണജലമാകുന്നു. ഞാൻ നിങ്ങളുടെ ജീവനാകുന്നു. ഞാൻ നിങ്ങളുടെ ഉത്ഥാനമാകുന്നു; ഞാൻ നിങ്ങളുടെ വെളിച്ചമാകുന്നു. ഞാൻ നിങ്ങളുടെ വഴിയാകുന്നു; ഞാൻ നിങ്ങളുടെ രാജാവാകുന്നു. നിങ്ങളെ സ്വർഗ്ഗീയോന്നതങ്ങളിലേക്ക് കരേററുന്നവൻ ഞാനാകുന്നു. നിങ്ങളെ ഉയിർപ്പിക്കുന്നവൻ ഞാനാകുന്നു. നിങ്ങളെ നിത്യപിതാവിന്റെ സന്നിധിയിലേക്ക് ആനയിക്കുന്നവൻ ഞാനാകുന്നു. വലത്തുകൈയ്യാൽ തന്നെ നിങ്ങളെ ഉയിർപ്പിക്കുന്നവൻ ഞാനാകുന്നു.'

104. ആകാശവും ഭൂമിയും നിർമ്മിച്ചവൻ ഇവനാകുന്നു. ആദിയിൽ മനുഷ്യനെ രൂപീകരിച്ചവനും, നിയമവും പ്രവാചകരും സാക്ഷിച്ചനും കന്യകയിൽനിന്ന് ശരീരമെടുത്തവനും സ്ലീബായിൽ തൂക്കപ്പെട്ടവനും ഭൂമിയിൽ അടയ്ക്കപ്പെട്ടവനും മരിച്ചവരിൽനിന്നുയിർത്തവനും സ്വർഗ്ഗീയോന്നതങ്ങളിലേക്ക് കരേറിയവനും പിതാവിന്റെ വലത്തു ഭാഗത്തിരിക്കുന്നവനും എല്ലാവരെയും വിധിക്കുവാനും രക്ഷിക്കുവാനും കഴിവുള്ളവനും ഇവനാകുന്നു. ആദിമുതൽ നിത്യതവരെ ഉള്ള സർവ്വവും അവൻവഴി പിതാവ് സൃഷ്ടിച്ചു.

106. അവൻ ആലപ്പും താവും ആകുന്നു. അവൻ ആരംഭവും അന്ത്യവുമാകുന്നു; അവൻ അവാച്യമായ ആരംഭവും അഗ്രാഹ്യമായ അന്ത്യവുമാകുന്നു. അവനാണ് ക്രിസ്തു; അവനാണ് രാജാവ്; അവനാണ് യേശു. അവൻ നേതാവും കർത്താവും, മരിച്ചവരിൽ നിന്നുയിർത്തവനും, പിതാവിന്റെ വലത്തുഭാഗത്തിരിക്കുന്നവനും ആകുന്നു. അവൻ പിതാവിനെ ഉരംക്കൊള്ളുന്നു; അവൻ പിതാവിൽ നിന്നു ജനിച്ചു. അവന് എന്നേയ്ക്കും ശക്തിയും മഹത്വവും ആമ്മീൻ.

ഇത് പകർത്തിയെഴുതുന്നവനും, ഇത് വായിക്കുന്നവനും, നിഷ്കളങ്ക ഹൃദയത്തോടെ കർത്താവിനെ സ്നേഹിക്കുന്നവനും, സമാധാനം.

www.malankaralibrary.com

# 2

# വി. സിപ്രിയാൻ

## കത്തോലിക്കാ സഭയുടെ ഐക്യം

### ആമുഖം

വി. സിപ്രിയാൻ ക്രിസ്തുർവഷം 248 മുതൽ 258വരെ ഉത്തര ആഫ്രിക്കയിലെ (Africa Proconsularis) കാർത്തേജ് രൂപതയുടെ മെത്രാനായിരുന്നു. ആഫ്രിക്കൻ സിംഹം എന്നറിയപ്പെടുന്ന സിപ്രിയാൻ, സഭയുടെ ഐക്യത്തിനുവേണ്ടി വീറോടെ വാദിച്ചു. റോമൻ ചക്രവർത്തിയായ ഡേഷ്യസിന്റെ (249—251) മതമർദ്ദനകാലത്ത് അനേകം ക്രിസ്ത്യാനികൾ ക്രിസ്തുനാഥനെപ്രതി ജീവരക്തം ഊററിക്കൊടുത്ത് വീരരക്തസാക്ഷികളായി, വിശ്വാസം ഉപേക്ഷിക്കുന്നതിനു പകരം ക്രിസ്തുവിനെ പ്രതി അവർ ഘാതകർക്കു കഴുത്തുകൾ കുനിച്ചുകൊടുത്തു; കൂരമ്പുകൾക്കു വിരിമാറു കാട്ടിക്കൊടുത്തു. ക്രിസ്തീയ ജീവിതം വലിച്ചെറിഞ്ഞു ചാരിത്ര്യം കളങ്കപ്പെടുത്തുന്നതിനുപകരം മരണം തന്നെ അഭികാമ്യമെന്ന് അനേകം കന്യകകൾ കരുതി. എന്നാൽ വിശ്വാസം പരിത്യജിച്ച ചില നിർഭാഗ്യവാൻമാരും അവിടവിടെ ഉണ്ടായിരുന്നു.

മതമർദ്ദനം അവസാനിച്ചപ്പോൾ വിശ്വാസത്യാഗികൾ തിരിച്ചു വരാൻ ആഗ്രഹിച്ചു. അവരെ സംബന്ധിച്ചു എന്തുചെയ്യണമെന്ന പ്രശ്നം പൊന്തിവന്നു. മതമർദ്ദനകാലത്തു സഭയെ അനാഥമായി വിട്ടിട്ട്, അറസ്ററു വരിച്ച് കൊല്ലപ്പെടുന്നതിനേക്കാൾ രഹസ്യമായി ജനത്തെ നയിക്കുകയാണ് തന്റെ ദൗത്യമെന്ന് സിപ്രിയാൻ കണ്ടു. ഇത് വിശ്വാസത്യാഗമായി ചിലർ വ്യാഖ്യാനിച്ചു. നൊവാത്തസ് എന്ന വൈദികന്റെ നേതൃത്വത്തിൽ കുറെപ്പേർ വിശ്വാസത്യാഗികളെ വേഗം തിരികെ എടുക്കണമെന്ന് ആവശ്യപ്പെട്ടു. അനേകം വിശ്വാസസാക്ഷികളും ആ പക്ഷത്തുചേർന്നു. വിശ്വാസസാക്ഷികളായ തങ്ങൾക്കു വിശ്വാസത്യാഗികളുടെ പാപം മോചി

www.malankaralibrary.com



ക്കാനധികാരം ഉണ്ടെന്നും, തങ്ങാം മോചിച്ചവരെ മെത്രാൻ, സഭയിൽ സ്വീകരിക്കണമെന്നും അവർ വാദിച്ചു. സിപ്രിയാനാകട്ടെ, അനുതാപവും പ്രായശ്ചിത്തവും വ്യക്തമായ അന്വേഷണവും അപരിത്യാജ്യമാണെന്നു കരുതി. എന്നാലതിലൊരയവ് അത്യാവശ്യമാണെന്നും അതിനൊരു സൂനഹദോസ് കൂടിയിട്ടാകാം എന്നും ആയിരുന്നു അദ്ദേഹത്തിന്റെ പക്ഷം.

ഇതേ പ്രശ്നം റോമിലുണ്ടായി. പോപ്പ് കോർണേലിയൂസിനെതിരായി (+253) നോവേഷ്യൻ പാപ്പായായി. കടുത്തകർക്കശ്യം പാടില്ലെന്ന ചിന്താഗതിക്കാരനായിരുന്നു പോപ്പ് കോർണേലിയൂസ്. എതിർ പാപ്പയായ നോവേഷ്യനാകട്ടെ, വിശ്വാസത്യാഗികളെ ചേർക്കുന്നതിനെ ശക്തിയായി എതിർത്തു. തന്റെ പക്ഷത്തുള്ളവരാണ് യഥാർത്ഥസഭയെന്നു കരുതി. കാർത്തേജിലുണ്ടായിരുന്ന നോവാത്തുസിന്റെ പക്ഷക്കാർ ഫോർത്തുണാത്തൂസ് എന്നയാളെ കാർത്തേജിലെ മെത്രാനാക്കി. നൊവേഷ്യൻ ശീശ്മ ആഫ്രിക്കയിലും പടർന്നു. അവരും കാർത്തേജിൻ സിപ്രിയാനെതിരായി അവരുടെ 'മെത്രാനെ വാഴിച്ചു'. പരസ്പരവിരുദ്ധങ്ങളായ ചിന്താഗതിക്കാരായിരുന്നു നോവാത്തുസിന്റെ പക്ഷകാരും നെവേഷ്യന്റെ ഗ്രൂപ്പുകാരും; ഒന്ന് അയഞ്ഞ മനഃസ്ഥിതിക്കാരും മററതു കർക്കശ മനഃസ്ഥിതിക്കാരും. എന്നാൽ യഥാർത്ഥ മെത്രാനായ സിപ്രിയാനെതിരായി ഇരുവരും യോജിച്ചു. ഇവർക്കെതിരായി 251—ൽ ഉയിർപ്പിനുശേഷം സിപ്രിയാൻ ഒരു പ്രാദേശിക സൂനഹദോസ് വിളിച്ചുകൂട്ടി. കൗൺസിലിന്റെ അദ്ധ്യക്ഷൻ എന്ന നിലയ്ക്ക് സിപ്രിയാൻ ചെയ്ത പ്രസംഗമാണ് 'കത്തോലിക്കാസഭയുടെ ഐക്യത്തെ സംബന്ധിച്ച്' എന്ന രേഖ അപ്പസ്തോലന്മാരുടെ പിൻഗാമികളായ മെത്രാൻമാരുടെ സംഘം ഐകമത്യത്തോടുകൂടി സഭയെ ഭരിക്കുന്നു. സഭയിൽ ഐക്യത്തിന്റെ ആധാരം അപ്പസ്തോലസംഘത്തിന്റെ തലവനായ പത്രോസാണ്. എല്ലാവർക്കും അധികാരംനല്കിയെങ്കിലും സഭയുടെ ഐക്യം നിലനിർത്താൻ ഒരാളിൽ ഒരാരംഭം കുറിച്ചു. ഒരൊററ കൂട്ടത്തിന്റെ അജപാലകരാണ് മെത്രാൻമാർ എന്നിങ്ങനെ സിപ്രിയാൻ വാദിച്ചു.

## കത്തോലിക്കാസഭയുടെ ഐക്യം

1. നമ്മുടെ കർത്താവ് തന്റെ ഉപദേശത്തിൽ അരുളംചെയ്യുന്നു: 'നിങ്ങാം ലോകത്തിന്റെ ഉപ്പാകുന്നു (മത്താ. 5:13). ഏററം പ്രിയപ്പെട്ട സഹോദരങ്ങളേ, നാം പരമാർത്ഥഹൃദയരും കളങ്കരഹിതരുമായിരിക്കണമെന്ന് അവിടുന്നാഗ്രഹിക്കുന്നു. അതായത് നാം ക്രാന്തദർശികളായിരുന്ന്. ശത്രുവായ ദുഷ്ടന്റെ ഒളിയമ്പുകളെയെല്ലാം

www.malankaralibrary.com



തിരിച്ചറിയാൻ തക്കവണ്ണം കരുതലുള്ളവരായിരിക്കണം (cf. മത്താ. 10:16). പിതാവായ ദൈവത്തിൻെറ ജ്ഞാനമായ (cf. 1 കൊറി. 1:24) പുത്രനെ നാം ധരിച്ചിരിക്കുന്നു. അതുകൊണ്ട് യാതൊരു കാരണത്താലും നമ്മുടെ ആത്മ രക്ഷയെ[1] സംബന്ധിക്കുന്ന കാര്യത്തിൽ നാം കുറവുള്ളവരായി കാണപ്പെടരുത്. തുറന്ന ആക്രമണം വഴി ദൈവശുശ്രൂഷകരെ പരാജയപ്പെടുത്തുവാനും തറപററിക്കാനും കരുപ്പിടിപ്പിക്കപ്പെടുന്ന മതമർദ്ദനങ്ങളെ മാത്രം നാം ഭയന്നാൽ പോരാ. അപകടം അടുത്തെങ്കിൽ കരുതൽ എളുപ്പമാണ്. വിദ്വേഷം പരസ്യമായി പ്രഖ്യാപിക്കപ്പെടുമ്പോഠം അതിനെ എതിർക്കാൻ മനസ് എളുപ്പമുള്ളതായിത്തീരുന്നു.

എന്നാൽ നാം ഏററം ഭയക്കേണ്ടത് വേറൊരു തരം ശത്രുക്കളെയാണ്. പച്ചപ്പുല്ലിനിടയിൽ പതുങ്ങിക്കിടക്കുന്ന പാമ്പിനെപ്പോലെ, സ്നേഹിതനെപ്പോലെ പെരുമാറുകയും നാമറിയാതെ നമ്മെ ആക്രമിക്കുകയും ചെയ്യുന്നവരെയാണ് നാം യഥാർത്ഥത്തിൽ ഭയപ്പെടേണ്ടത്. അക്കാരണത്താലാണവൻ 'സർപ്പം' എന്നു വിളിക്കപ്പെടുന്നത്. മനുഷ്യരെ അൽഭുതപ്പെടുത്തത്തക്കവണ്ണം വഞ്ചനാപരമായ അവൻെറ പ്രവർത്തനരീതികഠം പരമരഹസ്യവും അതിഗോപ്യവുമാണ്. അവൻ വളരെ വിജയകരമായിത്തന്നെ ഇത്തരമൊരു പദ്ധതി ലോകാരംഭത്തിൽ നടപ്പാക്കി. പാവപ്പെട്ട, പരിചയരഹിതരായ മനുഷ്യരെ വഞ്ചകാത്മകമായ മുഖസ്തുതിയാൽ അവൻ വഴിതെററിച്ചു. നമ്മുടെ കർത്താവിനെ പരീക്ഷിക്കാനൊരുമ്പെട്ടപ്പോഴും അത്തരം ഗോപ്യമായ ചതിയും വഞ്ചനയും പ്രയോഗിക്കാൻ അവൻ ഒരുമ്പെട്ടു. എന്നാൽ അവനാരാണെന്നു നന്നായി അറിയാമായിരുന്നതുകൊണ്ട് അവൻെറ പദ്ധതികളെ തകർത്ത് കർത്താവ് അവനെ ലജ്ജിപ്പിച്ചു. അതിഗൂഢമായ ചതിയുടെ ആഴം ഗ്രഹിച്ചു പരമരഹസ്യമായ വഞ്ചന തുറന്നുകാട്ടിയതുവഴിയാണ് അവൻ അടിയോടെ പരാജയപ്പെട്ടത്.

2. നമ്മുടെ 'പഴയ മനുഷ്യ'സ്വഭാവത്തിൽനിന്നു (എഫേ. 4:22; കൊളോ. 3:9). രക്ഷനേടാനുള്ളൊരു പദ്ധതി നമുക്ക് നൽകപ്പെട്ടിട്ടുണ്ട്. വിജയശ്രീലാളിതനായ ക്രിസ്തുനാഥൻെറ കാല്പ്പാടുകഠം പിന്തുടരുക എന്നത് മാത്രമാണത്. ഒരിക്കലും നാം കെണിയിൽ വീഴരുത് മരണത്തിൻെറ വലയിൽ കുടുങ്ങി, വരിഞ്ഞ് മുറുക്കപ്പെടുവാൻ നാം ഒരിക്കലും അനുവദിക്കരുത്. പതിയിരിക്കുന്ന

---

1. 'ആത്മീയാരോഗ്യം' എന്ന് വാച്യാർത്ഥം; 'Salus' എന്ന പദത്തിന് ഒന്നാമതായി 'ശാരീരികാരോഗ്യം' എന്നാണർത്ഥം. പിന്നെ, മനസ്സിൻെറയും, ആത്മാവിൻെറയും ആരോഗ്യം. 'രക്ഷ' എന്നാണ് ക്രൈസ്തവസാഹിത്യത്തിൽ 'Salus' വിവർത്തനം ചെയ്യപ്പെടുന്നത്.

www.malankaralibrary.com



ഈ അപകടത്തെപ്പററി നാം ബോധവാൻമാരായിരുന്ന് നമുക്കു വേണ്ടി നേടിയെടുക്കപ്പെട്ട നിത്യജീവനെ എത്തിപ്പിടിക്കണം. എന്നാൽ ക്രിസ്തുവിൻെറ കല്പനകൾ കാക്കാതെ നമുക്കെങ്ങനെയിതു സാധിക്കും? അവിടന്ന് പഠിപ്പിച്ചതുപോലെ മരണത്തെ പാടെ പരാജയപ്പെടുത്തുവാനുള്ള വഴി അതൊന്നു മാത്രമാണ്. 'ജീവനിൽ പ്രവേശിക്കാൻ നിനക്കാഗ്രഹമുണ്ടെങ്കിൽ കല്പനകൾകാക്കുക' (മത്താ. 19:17). വീണ്ടും, 'ഞാൻ നിങ്ങളോടു കല്പിക്കുന്നവ നിങ്ങൾ ചെയ്യുന്നെങ്കിൽ സ്നേഹിതൻമാരെന്നല്ലാതെ, ദാസൻമാരെന്നു ഞാൻ നിങ്ങളെ വിളിക്കുന്നില്ല (യോഹ. 15:14f). അനുസരിക്കുന്നവരെ, ഉറപ്പുള്ളതും ബലമുള്ളതും പാറയിൽ പണിയപ്പെട്ടതും കാലത്തിൻെറ കുത്തൊഴുക്കുകളാലും കൊടുങ്കാററുകളാലും ഇളകിപ്പോകാത്തതുമായ ഭവനത്തോടു അവിടുന്ന് ഉപമിച്ചിട്ടുണ്ട്. അവിടുന്നു പറയുന്നു: എൻെറ വാക്കു കേട്ടനുസരിക്കുന്നവൻ പാറയിൽ തൻെറ ഭവനം പണിത ജ്ഞാനിയോടു സദൃശ്യനാകുന്നു. മഴപെയ്തു; ജലവിതാനം ഉയർന്നു; കാററടിച്ചു; ആ വീടിനെതിരെ ആഞ്ഞടിച്ചു. എന്നാലതു വീണില്ല. കാരണം, അതിൻെറ അടിസ്ഥാനം പാറയിൽ ആയിരുന്നു (മത്താ. 7:24f.) അവൻെറ വാക്കുകൾ അവധാനപൂർവ്വം നാം കേട്ടു പഠിക്കണം; അവൻ പഠിപ്പിച്ചതും ചെയ്തുകാണിച്ചതും നാമും ചെയ്യണം; അവിടുന്നു പഠിപ്പിച്ചതനുസരിക്കാതെ തെററായി പെരുമാറുന്നവന്, ക്രിസ്തുവിൽ വിശ്വസിക്കുന്നു എന്ന് എങ്ങനെ പറയാൻ കഴിയും? വിശ്വാസത്തിനനുസരിച്ച് കല്പനകാക്കാത്തവന് എങ്ങനെ വിശ്വാസത്തിൻെറ പ്രതിഫലം ലഭിക്കും? അവൻ വഴിതെററി ചെളിക്കുണ്ടിൽ വീഴാനാണ് സാദ്ധ്യത. കാററു പൊടിയെ പറത്തുന്നതുപോലെ, തെററിൻെറ അരൂപി അവനെ നിശ്ചയമായും പിടികൂടി പറത്തിക്കളയും. മററു വാക്കുകളിൽ, രക്ഷയിലേക്കുള്ള ശരിയായ മാർഗം പിഴച്ചവന് എത്ര ദൂരം അതിലെ നടന്നാലും ലക്ഷ്യസ്ഥാനത്തെത്താൻ സാധ്യമല്ല.

3. അപകടം പലതരമുണ്ട്. അതുകൊണ്ട് നാം വളരെ കരുതലുള്ളവരായിരിക്കണം. അവയിൽ ചിലവ സുവ്യക്തവും, സുസ്പഷ്ടവും ചിലവ നിഗൂഢവും പ്രച്ഛന്നവുമാകാം. ശത്രുവായ ദുഷ്ടൻെറ പെരുമാററത്തേക്കാൾ പ്രച്ഛന്നതയും ചാതുര്യവും ഏറിയ എന്തുണ്ട്? ക്രിസ്തുവിൻെറ വരവിൽ ജനതകളുടെ പ്രകാശം ഉദിച്ചു. മർത്ത്യമുക്തിക്കായി രക്ഷയുടെ മഹത്ത്വം പ്രകാശിച്ചു. ചെകിടർ ആദ്ധ്യാത്മിക കൃപാസമൃദ്ധിയുടെ സന്ദേശം ശ്രവിച്ചു. ഈശ്വരദർശനാർത്ഥം കുരുടരുടെ നയനങ്ങൾ തുറക്കപ്പെട്ടു. രോഗികൾ നിത്യമായ ആരോഗ്യം നേടി. സഭയുടെ മടിത്തട്ടിലഭയം പ്രാപിക്കാൻ മുടന്തർ പാഞ്ഞടുത്തു. ഊമർ പ്രാർത്ഥനയിൽ ശബ്ദമുയർത്തി സ്പഷ്ടമായി സംസാരിച്ചു. തത്ഫലമായി വിഗ്രഹങ്ങൾ അനാഥമായും തൻെറ സിംഹാസനങ്ങളും ആരാ

www.malankaralibrary.com



ധനാലയങ്ങളും പരിത്യക്തമായും ഭവിച്ചത് ശത്രു കണ്ടു. അവൻ കണക്കുകൂട്ടിയതിലധികം ജനങ്ങൾ വിശ്വാസപാതയിലേക്ക് തള്ളിക്കയറിക്കൊണ്ടിരുന്നു. ആ പശ്ചാത്തലത്തിൽ സൂക്ഷ്മതയില്ലാത്തവരെ വീഴിക്കാൻ 'ക്രിസ്തീയത്വം' എന്ന നാമം തന്നെ ഉപയോഗിച്ച്, അവനൊരു പുതിയവഴി കണ്ടുപിടിക്കയില്ലെന്ന് വരുമോ? ശീശ്മയും പാഷണ്ഡതയും കണ്ടുപിടിച്ചപ്പോൾ അവൻ ചെയ്തത് അതാണ്. അത് സത്യവിശ്വാസം വളച്ചൊടിച്ചു. സത്യത്തെ വികൃതമാക്കി, ഐക്യത്തെ പിച്ചിച്ചീന്തി.

ജനങ്ങളെ അവരുടെ പഴയ മതത്തിന്റെ ഇരുട്ടറകളിൽ പൂട്ടിയിടാൻ അവന് സാധിച്ചില്ല. ഇതുമൂലം അവൻ വളരെ വളഞ്ഞ മറ്റൊരു രീതിയിൽ അവരെ ചതിച്ചു. സഭയിൽനിന്നുതന്നെ ആളുകളെ അകററുകയും, അബദ്ധാഭിപ്രായങ്ങളുടെ നവീന പാതയിലൂടെ നയിക്കുകയുമായിരുന്നു അവൻ ചെയ്തത്. തമസ്സിൽ നിന്ന് രക്ഷപെട്ടെന്നും, പ്രകാശത്തെ സമീപിച്ചെന്നും അവർ കരുതി. എന്നാൽ അവൻ അവരുടെ അറിവുകൂടാതെ അവർക്കു ചുററും പുതിയൊരിരുട്ടു പരത്തി. ഫലമോ? അവർ ക്രിസ്തുവിന്റെ സുവിശേഷത്തിനനുസരണം വ്യാപരിക്കുകയോ അവനെ ബഹുമാനിക്കുകയോ ചെയ്യുന്നില്ല. എന്നിട്ടും അവർ സ്വയം ക്രിസ്ത്യാനികൾ എന്നു വിളിക്കുന്നു. കൂരിരുട്ടിൽ തപ്പിത്തടയുന്നെങ്കിലും തങ്ങൾ പ്രകാശത്തിലാണെന്നവർ വിചാരിക്കുന്നു. ഇതെല്ലാം ശത്രുവിന്റെ ചതിയും മുഖസ്തുതിയും മൂലമാണ്. ശ്ലീഹാ സാക്ഷിക്കുന്നതുപോലെ, സാത്താൻ 'പ്രകാശമുള്ള മാലാഖയുടെ' വേഷം കെട്ടുന്നു. തന്റെ ദാസൻമാരെ നീതിയുടെ ദാസൻമാരായി രംഗത്തിറക്കുന്നു; അവരോ രാത്രിയെ പകലെന്നും, മരണത്തെ രക്ഷയുടെ ജീവൻ എന്നും പ്രഖ്യാപിക്കുന്നു. അവർ പ്രതീക്ഷയുടെ മൂടുപടത്തിൽ കടുത്ത നിരാശ പ്രഘോഷിക്കുന്നു. വിശ്വാസത്തിന്റെ ഉടുപ്പിട്ട് വിശ്വാസപാതകം വിതരണം ചെയ്യുന്നു. ക്രിസ്തു എന്ന പേരിൽ അന്തിക്രിസ്തുവിനെ പ്രസംഗിക്കുന്നു. സത്യത്തിന്റെ മുഖംമൂടിവച്ച പച്ചക്കള്ളങ്ങൾ! സത്യത്തെ തന്നെയും അവർ അവരുടെ ദുഷ്ക്കർമ്മങ്ങളുമായി കൂട്ടിക്കുഴയ്ക്കുന്നു. പ്രിയസഹോദരങ്ങളേ, സത്യത്തിന്റെ സ്രോതസ്സിലേക്ക് അവർ തിരിയാത്തിടത്തോളംകാലം, കർത്താവിന്റെ പ്രബോധനങ്ങളെ അവർ പരിഗണിക്കാത്തിടത്തോളം കാലം, ഇത് സംഭവിക്കേണ്ടതുതന്നെ.

4. തത്സംബന്ധമായി സുദീർഘമായൊരു ലേഖനമോ, വാദഗതിയോ ആവശ്യമില്ലെന്ന് ഇക്കാര്യം ശ്രദ്ധാപൂർവ്വം പഠിച്ചാൽ നിങ്ങൾക്കുതന്നെ ബോധ്യമാകും. നമ്മുടെ വിഷയത്തിന്റെ തെളിവിലേക്ക് ചെറിയൊരു സത്യപ്രസ്താവന മതി. അതിന്റെ സരളത നമ്മുടെ വിശ്വാസത്തെ ഉറപ്പിക്കുന്നു. കർത്താവ് പത്രോസി

www.malankaralibrary.com



നോടു പറഞ്ഞ വാക്കുകളിൽ അത് ഉൾക്കൊണ്ടിട്ടുണ്ട്: 'ഞാൻ നിന്നോടു പറയുന്നു: നീ കീപ്പായാകുന്നു. ഈ കീപ്പാമേൽ ഞാനെന്റെ സഭയെ പണിയും. നരകവാതിലുകൾ അതിൻമേൽ പ്രബലപ്പെടുകയില്ല. സ്വർഗരാജ്യത്തിന്റെ താക്കോലുകൾ ഞാൻ നിനക്ക് തരും. നീ ഭൂമിയിൽ കെട്ടുന്നതെല്ലാം സ്വർഗത്തിൽ കെട്ടപ്പെട്ടിരിക്കും. നീ ഭൂമിയിൽ അഴിക്കുന്നതെല്ലാം സ്വർഗത്തിലും അഴിക്കപ്പെട്ടിരിക്കും' [മത്താ.16:18f].

### ഒരു പതിപ്പ്

ഉയിർപ്പിനുശേഷം തന്റെ സഭയെ പത്രോസിൻമേൽ പണിതുകൊണ്ട് അവനോടു പറയുന്നു: 'എന്റെ ആടുകളെ മേയിക്കുക.' [യോഹ. 21:11] മേയ്ക്കുവാനായി തന്റെ ആടുകളെ പത്രോസിനെയാണ് ഭരമേൽപിച്ചത്. എല്ലാവർക്കും ക്രിസ്തു തുല്യാധികാരം നൽകുന്നെങ്കിലും അവരുടെയിടയിൽ ഒരധ്യക്ഷപീഠമേ സ്ഥാപിച്ചുള്ളു. ഇതാണ് ഐക്യത്തിന്റെ സ്രോതസും അടിസ്ഥാനതത്ത്വവുമായി അധികാരപൂർവ്വം ക്രിസ്തു ഏർപ്പെടുത്തിയത്.

പത്രോസ് എന്തായിരുന്നുവോ, അത് മററ് ശ്ലീഹൻമാരു

### മററൊരു പതിപ്പ്[2]

അവൻ സഭയെ ഒരാളിൽ അത്രേ പണിതത്. ഉയിർപ്പിനുശേഷം അവൻ എല്ലാവർക്കും അധികാരം നൽകിയെന്നതു ശരിതന്നെ. 'എന്റെ പിതാവ് എന്നെ അയച്ചതുപോലെ ഞാൻ നിങ്ങളെയും അയയ്ക്കുന്നു; നിങ്ങൾ പരിശുദ്ധാത്മാവിനെ സ്വീകരിക്കുവിൻ. നിങ്ങൾ ആരുടെയെങ്കിലും പാപങ്ങൾ മോചിച്ചാൽ അവ മോചിക്കപ്പെട്ടിരിക്കും, ആരുടെയെങ്കിലും ബന്ധിച്ചാൽ അവ ബന്ധിക്കപ്പെട്ടിരിക്കും.' [യോഹ. 20:21-22]. എന്നാൽ ഐക്യത്തിന്റെ സ്വഭാവം വ്യക്തമാക്കുവാൻ, അധികാരപൂർവം ഒരുവനിൽ അതിനൊരു സ്രോതസ്സു നൽകി

---

2. പത്രോസിന്റെ ശ്രേഷ്ഠസ്ഥാനത്തെപ്പററി ചർച്ച ചെയ്യുന്ന ഭാഗം രണ്ടു പതിപ്പുകളിൽ നമുക്കു കൈവന്നിട്ടുണ്ട്. ഒന്നാമത്തെ പതിപ്പിൽ 'Primatus' എന്ന പദം ഉപയോഗിച്ചിട്ടുണ്ട്. രണ്ടാമത്തേതിൽ അതില്ല; ഒന്നാമത്തേതാണ് ആദ്യത്തേത്. രണ്ടാമത്തേത് സിപ്രിയാൻ തന്നെ എഴുതിയ രണ്ടാം പതിപ്പായിരിക്കാം. ഒന്നാം പതിപ്പിലെ 'അദ്ധ്യക്ഷസ്ഥാനം' (Primacy), 'സിംഹാസനം' (Chair) എന്നീ വാക്കുകൾക്ക് താനുദ്ദേശിക്കാത്ത അർത്ഥം കൊടുത്തു കണ്ടപ്പോഴായിരിക്കും രണ്ടാംപതിപ്പ് എഴുതാൻ സിപ്രിയാൻ നിർബന്ധിതനായത്.

www.malankaralibrary.com



മായിരുന്നു, എന്നാൽ പത്രോസിനായിരുന്നു, പ്രാഥമ്യം. ഒരു സഭയും ഒരധ്യക്ഷപീഠവുമേ ഉള്ളു എന്ന് കർത്താവ് അതുവഴി വ്യക്തമാക്കുകയായിരുന്നു. എല്ലാ ശ്ലീഹൻമാരും ഇടയൻമാരാണ്. എന്നാൽ പരസ്പര യോജിപ്പിൽ മേയ്ക്കപ്പെടേണ്ട ഒരു അജഗണമേ അവർക്കുള്ളു എന്ന് നമുക്ക് അവൻ കാണിച്ചുതന്നു. പത്രോസിൻമേൽ അധിഷ്ഠിതമായ ഈ ഐക്യത്തോട് യോജിക്കാത്തവന് സത്യവിശ്വാസം ഉണ്ടെന്ന് കരുതാനാവുമോ? സഭ പത്രോസിൻമേൽ പണിയപ്പെട്ടിരിക്കുന്നു. പത്രോസിന്റെ അധ്യക്ഷ സ്ഥാനത്തോടുള്ള അനുസരണം ഉപേക്ഷിക്കുന്നവൻ, സഭയിൽ ഉൾപ്പെട്ടവനാണെന്ന് അവന് എങ്ങനെ കരുതാനാവും?

പത്രോസ് എന്തായിരുന്നുവോ, അതു മററു ശ്ലീഹൻമാരും ആയിരുന്നു. ബഹുമാനവും അധികാരവും എല്ലാവർക്കും തുല്യമായി ഉണ്ടായിരുന്നു. എന്നാൽ ക്രിസ്തുവിന്റെ സഭ ഒന്നാണെന്നു കാണിക്കാൻ ഒരാളുടെ നിയമനം വഴി ഒരു ആരംഭം കുറിച്ചു. ഉത്തമഗീതത്തിൽ പോലും പരിശുദ്ധാത്മാവ് കർത്താവിന്റെ നാമത്തിൽ സംസാരിക്കുമ്പോൾ സഭയുടെ ഈ ഐക്യം സൂചിപ്പിക്കുന്നുണ്ട്. 'എന്റെ പ്രാവും എന്റെ പൂർണ്ണയും ഒരുവളാണ്. അവൾ അവളുടെ അമ്മയുടെ ഏക പുത്രിയാണ്; അവളെ പ്രസവിച്ചവൾക്ക് ഓമനയും (ഉത്തമ. 6: 8). സഭയുടെ ഈഐക്യത്തോടു യോജിക്കാത്തവന് സത്യവിശ്വാസം ഉണ്ടെന്നു കരുതാനാവുമോ? ഭാഗ്യവാനായ മാർ പൗലോസ്ശ്ലീഹാ ഈ ഐക്യത്തെ സംബന്ധിച്ചുനമ്മെ പഠിപ്പിക്കുന്നു. ഐക്യത്തിന്റെ രഹസ്യം വെളിപ്പെടുത്തിക്കൊണ്ടുപറയുന്നു: ഏകശരീരവും ഏകാത്മാവും വിളി സംബന്ധിച്ച് ഏക പ്രതീക്ഷയും ഏക കർത്താവും ഏക വിശ്വാസവും ഏക ദൈവവും ഏക മാമ്മോദീസായും (എഫെ. 4: 4-6). സഭയെ എതിർത്ത് മൽസരിച്ചു നില്ക്കുന്നവൻ സഭയിൽ ഉൾപ്പെട്ടവനാണെന്ന് കരുതാനാവുമോ?

www.malankaralibrary.com



5. എല്ലാററിനുമുപരിയായി, സഭയിൽ അദ്ധ്യക്ഷസ്ഥാനം വഹിക്കുന്ന മെത്രാൻമാരായ നാം ഈ ഐക്യത്തോട് അവഗാഢം യോജിച്ചിരിക്കണം. മെത്രാൻ മാരുടെ അധികാരം തന്നെ ഏകകവും അവിഭാജ്യവുമാണെന്നു കാണിക്കുന്നതുവഴി നാമതിനെസംരക്ഷിക്കണം. കള്ളംപറഞ്ഞ് നമ്മിലാരും സഹോദരങ്ങളെ വഞ്ചിക്കരുത്: സത്യവിരുദ്ധമായ പ്രസ്താവനകൾ വഴി നമ്മിലാരും സത്യത്തെ കളങ്കപ്പെടുത്തരുത്.

മെത്രാൻസ്ഥാനം ഏകമാണ്. ഓരോ മെത്രാനും സംഘത്തോടുചേർന്ന് അതിലൊരു വിഭാഗത്തിന്റെ ചുമതല വഹിക്കുന്നു. ആളുകൾ വർദ്ധിക്കുന്നതനുസരിച്ച് സഭ പല പല ഇടവകകളിൽ വ്യാപിച്ചിരിക്കുന്നെങ്കിലും ആഗോളവ്യാപകമായ സഭ ഏകമാണ്. സൂര്യനനേകം രശ്മികളുണ്ടെങ്കിലും പ്രസരണതലം ഏകമാണ്. വൃക്ഷത്തിനനേകം ശാഖകളുണ്ടെങ്കിലും തായ്ത്തടി ഒന്നേയുള്ളു. ശക്തിയേറിയ ഊററുള്ള ഉറവയിൽ നിന്നു പല അരുവികൾ ഒഴുകി ജലം നാനാഭാഗത്തേക്കും വ്യാപിക്കുന്നെങ്കിലും ഉറവ ഒന്നേയുള്ളു എന്നതിൽ അവിടൊരൈക്യം കാണാം. സൂര്യനിൽനിന്നു രശ്മിയെ മാററൂ. രശ്മികൾക്ക് ഐക്യത്തിനാധാരമായൊന്നുമില്ല. തായ്ത്തടയിൽനിന്ന് ശാഖയെ വെട്ടിമാററൂ. അതു മുളച്ചുവരില്ല. ഉറവയുമായുള്ള ബന്ധം വിച്ഛേദിക്കൂ. അരുവി വരണ്ടു പോകുന്നു. സഭയുടെ കാര്യത്തിലും ഇപ്രകാരം തന്നെയാണ്. നാഥന്റെ പ്രകാശത്താലാണ് സഭ പ്രഭാപൂരം ധരിക്കുന്നതും ലോകം മുഴുവൻ പ്രകാശക്കതിരുകൾ വർഷിക്കപ്പെടുന്നതും. എന്നാൽ ശരീരത്തിന്റെ ഐക്യത്തിനു കോട്ടംതട്ടാതെ എല്ലായിടത്തും വ്യാപിച്ചിരിക്കുന്ന പ്രകാശം ഏകമാണ്. തഴച്ചു വളരുന്ന വൃക്ഷംപോലെ സഭ ലോകത്തിന്റെ എല്ലാ ഭാഗത്തും ശാഖകൾ വിരിക്കുന്നു. അരുവികൾ ജലംകൊണ്ട് നിറഞ്ഞ് തീരം തിങ്ങി ഒഴുകുന്നു. എന്നാൽ അവയ്ക്കെല്ലാം ഒരുറവയും ഒരാരംഭവും മാത്രമേയുള്ളു. പല പ്രസവത്താൽ ഒരമ്മ തന്നെയാണ് തന്റെ കുടുംബം വലുതാക്കുന്നത്. അവളുടെ ഉദരത്തിൽ നാം ഉരുവാക്കപ്പെട്ടു: അവളുടെ സ്തന്യം നുകർന്നു നാം വളർന്നു: അവളുടെ ശ്വാസത്തിൽനിന്ന് നാം ജീവൻ പ്രാപിച്ചു.

www.malankaralibrary.com



6. ക്രിസ്തുവിന്റെ വധു വശീകരണ വിധേയയല്ല. അവശ ശാലീനയും നിഷ്കളങ്കയുമാണ്. അവശക്കൊരു ഭവനമേയറിയൂ, പരിപൂർണ്ണവെടിപ്പിൽ ഒരൊററ വിവാഹക്കിടക്കയുടെ പരിശുദ്ധി അവശ പരിപാലിക്കുന്നു. ദൈവത്തോടുള്ള വിശ്വസ്തതയിൽ അവശ നമ്മെ കാത്തുസൂക്ഷിക്കുന്നു. ദൈവത്തിന്റെ രാജ്യത്തിനു താൻ പ്രസവിക്കുന്ന ശിശുക്കളെ അവശ സമർപ്പിക്കുന്നു. സഭയിൽ നിന്നു വിട്ടുമാറുന്നവൻ വേശ്യയോടുകൂടി സംസർഗം ചെയ്യുന്നു; സഭയുടെ വാഗ്ദാനം ചെയ്യപ്പെട്ട അവകാശത്തിൽ അവനൊരിക്കലും ഓഹരിയില്ല. ക്രിസ്തു ഉറപ്പു നൽകിയ പ്രതിഫലം ക്രിസ്തുവിന്റെ സഭയെ വിട്ടുപേക്ഷിച്ചവനു കിട്ടുമെന്ന് പ്രതിക്ഷിക്കാൻ ഒരിക്കലും സാധ്യമല്ല. അവൻ അന്യനും ഭ്രഷ്ടനും ശത്രുവും ആയിത്തീർന്നു. സഭയെ തന്റെ മാതാവായി കരുതാത്തവനു ദൈവത്തെ തന്റെ പിതാവായി കരുതുവാൻ സാധ്യമല്ല. നോഹയുടെ പെട്ടകത്തിനു പുറത്തുണ്ടായിരുന്നവർ നാശത്തിൽനിന്നു രക്ഷപെട്ടെങ്കിൽ സഭയ്ക്കു പുറത്തുള്ളവരും രക്ഷപ്രാപിക്കും. 'എന്നോടു കൂടിയല്ലാത്തവൻ എനിക്കു വിരോധിയാകുന്നു; എന്നോടുകൂടി ചേർക്കാത്തവൻ ചിതറിക്കും' (മത്താ. 12: 30) എന്ന് കർത്താവ് പറയുമ്പോശ ഇതു നമ്മെ അനുസ്മരിപ്പിക്കയാണ്. ക്രിസ്തുവിന്റെ സമാധാനവും യോജിപ്പും ഭഞ്ജിക്കുന്നവൻ ക്രിസ്തുവിനെതിരായി പ്രവർത്തിക്കുന്നു. തിരുസഭയിലല്ലാതെ മററിവിടെയെങ്കിലും കൂട്ടിച്ചേർക്കുന്നവനും ക്രിസ്തുവിന്റെ സഭയെ ചിതറിക്കുന്നു. കർത്താവു പറയുന്നു: 'ഞാനും എന്റെ പിതാവും ഒന്നാകുന്നു.' (യോഹ. 10:3) വീണ്ടും പിതാവിനെയും പുത്രനേയും പരിശുദ്ധാത്മാവിനെയുംപററി മൂന്നും ഒന്നാകുന്നു എന്ന് എഴുതപ്പെട്ടിരിക്കുന്നു. (1 യോഹ. 5: 8) മാററമില്ലാത്ത ദൈവസ്വഭാവത്തിൽനിന്നു പുറപ്പെടുന്നതും സ്വർഗ്ഗീയ രഹസ്യങ്ങളിൽ സ്ഥാപിക്കപ്പെട്ടിരിക്കുന്നതുമായ ഈ ഐക്യം സഭയിൽ തകർക്കപ്പെടാമെന്നും മനുഷ്യമനസ്സുകളുടെ എതിർപ്പുകശവഴി പിച്ചിച്ചീന്തിക്കളയാമെന്നും ആരെങ്കിലും കരുതുന്നുണ്ടോ? ഈ ഐക്യത്തോടുള്ള ബന്ധം നഷ്ടപ്പെട്ടവന് ദൈവിക നിയമത്തോടുള്ള ബന്ധം അററുപോയി. പിതാവിലും പുത്രനിലും ഉള്ള വിശ്വാസവും അവനു നശിച്ചു; ജീവനിലും രക്ഷയിലുമുള്ള പ്രത്യാശ അവനില്ലാതെയായി.

7. 'നമ്മുടെ കർത്താവേശുമിശിഹായുടെ അങ്കി പകിടപ്പെട്ടുമില്ല, കീറപ്പെട്ടുമില്ല.' എന്നു സുവിശേഷം പ്രഘോഷിക്കുമ്പോശ ഐക്യത്തിന്റെ ഈ നിഗൂഢയാഥാർത്ഥ്യവും അഭേദ്യമായ യോജിപ്പിന്റെ ശൃംഖലയും ചിത്രീകരിക്കയാണ് ചെയ്യുന്നത്. കർത്താവിന്റെ വസ്ത്രത്തിന് കുറി വീണവൻ[3] പൂർണ്ണവും അവികലവുമായ അങ്കി

3. ക്രിസ്തുവിനെ ധരിക്കുവാനുള്ള അവകാശം ലഭിച്ചവൻ.

www.malankaralibrary.com



നേടി. പങ്കിടപ്പെടാത്ത അങ്കിക്കാണവൻ അവകാശിയായത്. വി. ഗ്രന്ഥം പ്രഖ്യാപിക്കുന്നു: 'അവന്റെ അങ്കിയാകട്ടെ, തയ്പ് കൂടാതെ മുകൾമുതൽ മുഴുവൻ നെയ്യപ്പെട്ടതായിരുന്നു. ആകയാൽ അവർ: അത് നാം കീറേണ്ടാ, അത് ആർക്ക് ഇരിക്കണമെന്ന് നമുക്കു ചീട്ടിടുകതന്നെ എന്നു പരസ്പരം പറഞ്ഞു.' (യോഹ. 19:23f.) ക്രിസ്തു മുകളിൽനിന്ന് അതായത് പിതാവിൽനിന്ന്, സ്വർഗ്ഗത്തിൽനിന്ന് ഈ ഐക്യം വർഷിച്ചുകൊണ്ടിരിക്കയാണ്. തന്റെ സ്വന്തമായി അങ്കി ലഭിച്ചവനും അതൊരിക്കലും കീറാൻ കഴിഞ്ഞില്ല. അത് നന്നായി തയ്ച്ചതും ഒന്നായി ചേർന്നതും അവിഭാജ്യമായി പൂർണ്ണമായതും ആയിരുന്നു. അപ്രകാരംതന്നെ, സഭയെ പിച്ചിച്ചീന്തുകയും വിഭജിക്കുകയും ചെയ്യുന്ന ഒരുത്തന്റെയും പക്കൽ ക്രിസ്തുവിന്റെ അങ്കിയില്ല. ഇതിനെതിരായി, സോളമൻ മരിച്ചപ്പോൾ അവന്റെ സാമ്രാജ്യം ശിഥിലമായി; ജനങ്ങൾ ചിതറപ്പെട്ടു. ജെറോബെവാം രാജാവിനെ വയലിൽവച്ചെതിരേററ അഹിയ പ്രവാചകൻ തന്റെ വസ്ത്രം പന്ത്രണ്ട് ആയി കീറിക്കൊണ്ട് പത്ത് കഷണം നീയെടുക്കുക; എന്തെന്നാൽ കർത്താവ് ഇപ്രകാരം അരുളം ചെയ്യുന്നു: സോളമനിൽനിന്ന് സിംഹാസനം കീറിയെടുത്ത് പത്ത് ഭാഗങ്ങളുടെമേൽ ഞാൻ നിനക്കധികാരം തരുന്നു; സോളമന് രണ്ടും. അതും എന്റെ ദാസനായ ദാവീദിനെ പ്രതിയും, എന്റെ നാമത്തെ ഓർത്ത് ഞാൻ തിരഞ്ഞെടുത്ത യരുശലേമിനെ പ്രതിയും മാത്രം' (1. രാജാ. 11:31f, 36). ഇസ്രായേൽ ഗോത്രങ്ങൾ ചിതറിക്കപ്പെട്ടപ്പോൾ അഹിയ പ്രവാചകൻ തന്റെ വസ്ത്രം കീറി. എന്നാൽ ക്രിസ്തുവിന്റെ ജനം വിഭജിക്കപ്പെടാവതല്ലാത്തതിനാൽ, ഒററത്തുണിയിൽ മുകൾമുതൽ നെയ്യപ്പെട്ട അവന്റെ വസ്ത്രം ലഭിച്ചവർക്ക് വിഭജിക്കാൻ കഴിയുകയില്ല. അതിന്റെ അവിഭാജ്യ സ്വഭാവം അവനോടൊപ്പം അത് ധരിച്ച ക്രിസ്ത്യാനികളുടെ ഗാഢമായ യോജിപ്പ് പ്രസ്പഷ്ടമാക്കുന്നു. തന്റെ അങ്കിയുടെ രഹസ്യത്താലും അടയാളത്താലും അവൻ തന്റെ സഭയുടെ ഐക്യം പ്രഖ്യാപിക്കയാണ് ചെയ്യുന്നത്.

8. ദൈവത്തിന്റെ ഐക്യം—അതായത് നമ്മുടെ കർത്താവിന്റെ അങ്കി, ക്രിസ്തുവിന്റെ സഭ—തകർക്കാമെന്നു കരുതുകയോ, പിച്ചിച്ചീന്താൻ ശ്രമിക്കയോ ചെയ്യുന്ന, കലഹത്തിന്റെ ഉൻമാദത്താൽ ബുദ്ധിഭ്രമം ബാധിച്ച പാതകിയും വഞ്ചകനും ആരാണ്? ക്രിസ്തുതന്നെ സുവിശേഷത്തിൽ നമ്മെ ഉദ്ബോധിപ്പിക്കയും പഠിപ്പിക്കയും ചെയ്യുന്നു: 'അങ്ങനെ ഒരാട്ടിൻകൂട്ടവും ഒരിടയനും ആകും' (യോഹ. 10: 16.). അങ്ങനെയെങ്കിൽ ഒരു സ്ഥലത്തു തന്നെ അനേകം ഇടയൻമാരും ഒന്നിലേറെ ആട്ടിൻകൂട്ടവും ഉണ്ടാകാൻ സാധിക്കും എന്ന് ആരെങ്കിലും കരുതുന്നുണ്ടോ? ഈ ഐക്യം

www.malankaralibrary.com



ആഴമായുണ്ടാകുവാൻ പൗലോസ്ശ്ലീഹായും തൻെറ വായനക്കാരോട് അപേക്ഷിക്കുന്നു: 'എൻെറ സഹോദരന്മാരേ, നിങ്ങൾക്കെല്ലാവർക്കും ഒരേവചനംതന്നെ ആയിരിക്കണമെന്നും, നിങ്ങളിൽ ഭിന്നതകൾ ഉണ്ടാകരുത്, മറിച്ച് ഒരേ മനസ്സോടും ഒരേ വിചാരത്തോടും കൂടെ നിങ്ങൾ പൂർണ്ണരായിരിക്കണമെന്നും നമ്മുടെ കർത്താവായ യേശുമിശിഹായുടെ നാമത്തിൽ ഞാൻ നിങ്ങളോടപേക്ഷിക്കുന്നു' (1 കൊറി. 1: 10). വീണ്ടും 'സ്നേഹത്തിൽ അന്യോന്യം സഹിക്കുവിൻ. സമാധാന ബന്ധത്തിൽ ആത്മാവിൻെറ ഐക്യം കാത്തുകൊള്ളുവാൻ ഉത്സാഹിക്കുവിൻ' എന്ന് അവൻ പ്രബോധിപ്പിക്കുന്നു (എഫേ. 4:2f). സഭയെ വിട്ടുപേക്ഷിച്ച് മറ്റു താവളങ്ങൾ തനിക്കായി കരുതുന്നവന് അങ്ങനെ ചെയ്യുന്നതുവഴി നിലനിൽക്കാൻ കഴിയുമെന്ന് നിങ്ങൾക്കു തോന്നുന്നുണ്ടോ? സഭയുടെ മുൻകുറിയായ റാഹാബിനോട് നീ നിൻെറ ഭവനത്തിൽ നിൻെറമാതാപിതാക്കളെയും സഹോദരങ്ങളെയും പിതൃഭവനത്തിലുള്ള എല്ലാവരെയും ഒന്നിച്ചു കൂട്ടണം: നിൻെറ ഭവനത്തിൽ വാതിൽപ്പടിക്കു പുറത്തു കടക്കുന്നവൻെറ രക്തം അവൻെറ തലമേൽ തന്നെയിരിക്കും' എന്നു വി. ഗ്രന്ഥം പറയുന്നില്ലേ? (യോഷ്വാ. 2:18f). അതുപോലെ പുറപ്പാടു പുസ്തകത്തിൽ പെസഹായെ സംബന്ധിച്ച് എഴുതപ്പെട്ടിരിക്കുന്ന ഭാഗം ശ്രദ്ധിക്കൂ: ക്രിസ്തുവിൻെറ മുൻകുറിയായി കൊല്ലപ്പെട്ട ആട്ടിൻകുട്ടിയെയല്ലാതെ മറ്റൊന്നും തിന്നാൻ അനുവാദമില്ലായിരുന്നു. ദൈവം പറയുന്നു: 'അതിനെ ഭവനത്തിൽവച്ചു ഭക്ഷിക്കണം; അതിൻെറ മാംസം പുറത്തെറിയരുത്' (പുറ. 12:46). അപ്രകാരമാണ് ക്രിസ്തുവിൻെറ ശരീരവും! കർത്താവിനു പരിശുദ്ധമായിരിക്കുന്നതു പുറത്തുകളയാൻ പാടില്ല. ഏകസഭയല്ലാതെ വിശ്വാസികൾക്കു വേറെ ഭവനമില്ല. പരിശുദ്ധാത്മാവ് സങ്കീർത്തനത്തിൽ പ്രഖ്യാപിക്കുന്നതുപോലെ ഇതാണാഭവനം. ഏകമനസ്സോടുകൂടിയിരിക്കുന്ന സൽക്കാര മുറി ഇതുതന്നെയാണ്. അവിടെ പറയുന്നു: ഏകമനസ്സോടെ ഒരേ ഭവനത്തിൽ ഒന്നിച്ചു താമസിക്കാൻമനുഷ്യരെ പ്രേരിപ്പിക്കുന്ന ദൈവം' (സങ്കീ. 68: 7). ദൈവഭവനമായ സഭയിൽ ഏകമനസ്സോടെ ജനങ്ങൾ വസിക്കുന്നു. ആത്മാർത്ഥതയിലും യോജിപ്പിലും അവർ അനുനിമിഷം വളർന്നുവരുന്നു.

9. ഇക്കാരണത്താലാണ് പരിശുദ്ധാത്മാവ് ഉന്നതത്തിൽനിന്നു പ്രാവിൻെറ രൂപത്തിൽ എഴുന്നെള്ളിയത്. പ്രാവ് നിഷ്കളങ്കയും സന്തുഷ്ടയുമാണ്. അതിനാരോടും വിദ്വേഷമില്ല. ഹീനസ്വഭാവത്തോടുകൂടെ ചികഞ്ഞു വഴക്കുണ്ടാക്കുന്നില്ല. ഹിംസാത്മകമായി മാന്തിക്കീറുന്നില്ല. മനുഷ്യരാൽ പരിലാളിക്കപ്പെടാൻ അവ ഇഷ്ടപ്പെടുന്നു. ഒരു വീടിനോടു സദാ പറ്റിച്ചേർന്നിരിക്കും. അവ ഒന്നിച്ചു കുഞ്ഞുങ്ങളെ വിരിച്ചിറക്കുന്നു. ഒന്നിച്ചു പറക്കുകയും

www.malankaralibrary.com



സന്തുഷ്ടരായി സഹവസിക്കുകയും ചെയ്യുന്നു. ചുണ്ടുകൾ പരസ്പരം കൂട്ടിയുരുമ്മി സ്നേഹപ്രകടനങ്ങൾ നടത്തുന്നു. എല്ലാററിലും യോജിപ്പിന്റെ നിയമം പാലിക്കയും ചെയ്യുന്നു. ഈ ആത്മാർത്ഥതയും യോജിപ്പുമാണ് സഭയിൽ നമുക്കാവശ്യം. നാം പ്രാവിനെപ്പോലെ സഹോദരങ്ങളെ സ്നേഹിക്കണം. ആടുകളെപ്പോലെ താഴ്മയും വിനയവും പാലിക്കണം. ചെന്നായ്ക്കളുടെ ക്രൂരത, നായ്ക്കളുടെ ഭ്രാന്ത്, സർപ്പങ്ങളുടെ മാരകവിഷം, വന്യമൃഗങ്ങളുടെ രക്തദാഹം—ക്രിസ്ത്യാനിയുടെ ഹൃദയത്തിൽ ഇവയ്ക്കെന്തു സ്ഥാനം? ഇത്തരം സ്വഭാവക്കാർ സഭയിൽനിന്നു വേർപെട്ടുപോകുമ്പോൾ നമുക്കു നന്ദിയുള്ളവരായിരിക്കാം. അവർ ക്രിസ്തുവിന്റെ പ്രാക്കളെയും കുഞ്ഞാടുകളെയും അക്രമാസക്തവും വിഷലിപ്തവുമായ പെരുമാററത്താൽ ക്ഷതമേല്പിക്കുമെന്നുള്ള ഭയപ്പാടിന് ഇനി ആവശ്യമില്ല. പരസ്പരവിരുദ്ധങ്ങളെ ഒന്നിച്ചു നിർത്താൻ സാദ്ധ്യമല്ല: കയ്പും മധുരവും, മഞ്ഞും സൂര്യപ്രകാശവും, മഴയും തെളിഞ്ഞാകാശവും, യുദ്ധവും സമാധാനവും ഉല്പാദനവും വന്ധ്യത്വവും, അരുവികളും വരൾച്ചയും, ശാന്തതയും കൊടുങ്കാററും ഒന്നിച്ചുപോകയില്ല. നല്ല മനുഷ്യർ സഭയെ ഉപേക്ഷിക്കുമെന്ന് ഒരുത്തനും ചിന്തിക്കാതിരിക്കട്ടെ. കാററു ധാന്യമണികളെ പറപ്പിച്ചുകൊണ്ടു പോകുന്നില്ല; കൊടുങ്കാററ് ആഴത്തിൽ വേരുറച്ച വൃക്ഷത്തെ പിഴുതെറിയുന്നില്ല. ചെറുകാററിലും പാറിപ്പോകുന്നതു ശുഷ്കിച്ച പതിരാണ്; വേരില്ലാത്ത ബലഹീനസസ്യങ്ങളാണ് കൊടുങ്കാററിൽ കടപുഴക്കിയെറിയപ്പെടുന്നത്. യോഹന്നാൻ ശ്ലീഹാ അത്തരക്കാരെപ്പററി പറയുന്നു: അവർ നമ്മിൽനിന്നകന്നു. അവർ നമ്മുടേതല്ലായിരുന്നു. അവർ നമ്മുടേതായിരുന്നെങ്കിൽ അവർ നമ്മോടൊത്തു വസിച്ചേനെ! (1. യോഹ. 2:19).

10. അതുകൊണ്ടു മുമ്പുണ്ടായിരുന്നവയും ഇപ്പോഴുണ്ടാകുന്നവയുമായ എല്ലാ പാഷണ്ഡതകളുടെയും കാരണം, കുഴപ്പങ്ങൾ സൃഷ്ടിക്കാൻ നോക്കിനടക്കുന്ന ദുഷിച്ച മനസ്സും, കലഹവും വിഭജനവും ഉണ്ടാക്കുന്ന അനുസരണരാഹിത്യവുമാണ്. നമ്മുടെ കർത്താവ് പാഷണ്ഡതകൾ അനുവദിക്കുന്നു. അവിടുന്നു മനുഷ്യമനസ്സിനു തികച്ചും സ്വാതന്ത്ര്യം നൽകിയിട്ടുണ്ട്. സത്യത്തിന്റെ നീതിന്യായ പീഠത്തിൻ മുൻപാകെ നമ്മുടെ മനസ്സും ഹൃദയവും നിർത്തപ്പെടുവാനും പരീക്ഷണത്തെ വിജയിച്ചവരുടെ വിശ്വാസം ഏററം ശോഭയോടെ പ്രകാശിതമാക്കുവാനും നമ്മുടെ കർത്താവ് അവ അനുവദിക്കുന്നു. പരിശുദ്ധാത്മാവ് അപ്പസ്തോലന്റെ വാക്കുകളിലൂടെ ഇതു മുൻകൂട്ടി പ്രസ്താവിക്കുന്നു: നിങ്ങളിൽ ശോധന ചെയ്യപ്പെട്ടവർ അറിയപ്പെടുവാൻ പാഷണ്ഡതകളുണ്ടാകേണ്ടതുതന്നെ' (1. കൊറി. 11; 19). ഈ രീതിയിലാണ്

www.malankaralibrary.com



വിശ്വാസികൾ പരീക്ഷയെ ജയിക്കുന്നതും വിശ്വാസഹീനർ വെളിച്ചത്തു വരുന്നതും വിധിദിവസത്തിനു മുൻപുതന്നെ, ഇപ്പോൾ ഇവിടെ വച്ചുതന്നെ നീതിമാൻമാരുടെയും നീതികെട്ടവരുടെയും ആത്മാക്കൾ—പതിരും മണിയും—വേർതിരിക്കപ്പെടുന്നു. ദൈവിക നിയമനമെന്യേ, സ്വന്ത അധികാരത്താൽ മാത്രം, വികാരതീവ്രതയാൽ ഒന്നിച്ചുകൂട്ടപ്പെട്ട നീചജനങ്ങളുടെ നേതാക്കൻമാരായി മരുവുന്നവരെയാണ് ഇവിടെ പതിരുകൊണ്ടു വിവക്ഷിക്കുന്നത്. നൈയാമിക കൈവെപ്പില്ലാത്തവർ ഉന്നതസ്ഥാനമുണ്ടെന്നവകാശപ്പെടുന്നു. ആരും അവർക്കു മെത്രാഭിഷേകം നടത്തിയിട്ടില്ലെങ്കിലും അവർ മെത്രാൻമാരെന്നു പേരെടുക്കുന്നു. അവർ 'ബാധയുടെ ഇരിപ്പിടത്തിൽ ഇരിക്കുന്നു എന്ന് അവരെപ്പററി സങ്കീർത്തനത്തിൽ പരിശുദ്ധാത്മാവ് പറയുന്നു (സങ്കീ. 1:1). കാരണം അവരാണ് വിശ്വാസത്തിന്റെ ബാധയും വിനാശകാരണവും. അവർ പതിയിരുന്നു കടിക്കുന്നു. അവരുടെ ദുഷ്ടവായിൽനിന്നുള്ള മാരകവിഷത്താൽ അവർ സത്യത്തിന്റെ ശരീരത്തിൽ പൊട്ടിയൊലിക്കുന്ന മുറിവുണ്ടാക്കുകയും ചെയ്യുന്നു. ഭയാനകമാംവിധം പകരുന്ന രോഗംപോലെയാണവരുടെ സംസാരം. അവരുടെ ഘോഷണം കേൾവിക്കാരുടെ ഹൃദയത്തിൽ മരണകരമായ വിഷം കുത്തിവയ്ക്കുന്നു.

11. ഇത്തരം സ്വഭാവക്കാർക്കെതിരായി നമ്മുടെ കർത്താവ് ഉറക്കെ വിളിച്ചുപറയുകയും തന്റെ ജനത്തെ നിയന്ത്രിക്കുകയും പാദപ്പതർച്ചയിൽനിന്ന് അവരെ പിൻതിരിപ്പിക്കുകയും ചെയ്യുന്നു. അവിടുന്നു പറയുന്നു. കള്ളപ്രവാചകൻമാരെ നിങ്ങൾ ശ്രദ്ധിക്കരുത്. എന്തെന്നാൽ അവർ തങ്ങളുടെ ഹൃദയവിചാരങ്ങൾക്കനുസരണം സ്വയം ചതിക്കപ്പെടുന്നു. അവർ സംസാരിക്കുന്നു, കർത്തൃശബ്ദത്തിലല്ലെന്നുമാത്രം. കർത്തൃവചനത്തെ തിരസ്കരിക്കുന്നവരോട് 'നിങ്ങൾക്കും താന്താങ്ങളുടെ ആഗ്രഹങ്ങളനുസരിച്ച് നടക്കുന്നവർക്കും 'സമാധാനം' എന്ന് അവർ പറയുന്നു. തെററായ മനസ്സാക്ഷിയോടുകൂടെ നടക്കുന്നവരോട് 'നിങ്ങൾക്കൊരാപത്തും വന്നുഭവിക്കയില്ല' എന്ന് അവർ ജല്പിക്കുന്നു. 'ഞാനവരോടു സംസാരിച്ചില്ല; എന്നിട്ടും അവർ പ്രവചിക്കുന്നു. അവർ എന്റെ അടിസ്ഥാനത്തിൽ പാദമൂന്നുകയും എന്റെ വാക്കു കേൾക്കുകയും എന്റെ ജനത്തെ പഠിപ്പിക്കുകയും ചെയ്തിരുന്നെങ്കിൽ അവർ അവരെ ദുഷിച്ചചിന്തയിൽനിന്നു പിൻതിരിപ്പിച്ചേനെ, (ജാ. 13: 16ff.) ഇത്തരക്കാരെ കർത്താവു വ്യക്തമായി തള്ളിപ്പറയുന്നു 'അവർ ജീവജലത്തിന്റെ ഉറവയായ എന്നെ ഉപേക്ഷിച്ചു; പകരം, ജലം ശേഖരിക്കാൻ കഴിവില്ലാത്ത പൊട്ടക്കിണറുകൾ തങ്ങൾക്കായി കുഴിച്ചിരിക്കുന്നു' (ജാ. 2: 13). മാമോദീസാ ഒന്നേയുള്ളുവെങ്കിലും മാമോദീസാ നൽകാനുള്ള അധികാരം അവർക്കുമുണ്ടെന്ന് അവർ കരുതുന്നു. ജീവന്റെ ഉറവയെ ഉപേക്ഷിച്ചെങ്കിലും, ജീവനുള്ളതും

www.malankaralibrary.com



രക്ഷാകരവുമായ ജലത്തിന്റെ കൃപ മററുള്ളവർക്ക് അവർ വാഗ്ദാനം ചെയ്യുന്നു. അവരുടെ സ്നാനജലത്താൽ ജനം കൂടുതൽ അഴുക്കുള്ളവരാകുന്നു എന്നല്ലാതെ ശുദ്ധരാകുന്നില്ല; അവരുടെ പാപങ്ങൾ വർദ്ധിക്കുന്നതല്ലാതെ, കഴുകപ്പെടുന്നില്ല. അവരുടെ സ്നാനത്തിലെ 'പുതിയ ജനനം' അവരെ പിശാചിന്റെ മക്കളാക്കുകയല്ലാതെ ദൈവസുതരാക്കുന്നില്ല. അവർ വ്യാജത്തിൽനിന്നാണ് 'ജനിച്ചിരിക്കുന്നത്'; അതുകൊണ്ട് സത്യത്തിന്റെ വാഗ്ദാനങ്ങൾ അവർ പ്രാപിക്കുന്നില്ല. അവർ വിശ്വാസപാതകത്തിൽനിന്ന് ജനിച്ചവരാകെയാൽ വിശ്വാസത്തിന്റെ കൃപാവരം അവർക്കു നഷ്ടമാകുന്നു. കലഹത്തിന്റെ പൈശാചികത്വംവഴി കർത്താവിന്റെ സമാധാനം അവർ ഭഞ്ജിച്ചു; തൻമൂലം സമാധാനത്തിന്റെ സമ്മാനത്തിന് അവർ അർഹരല്ല.

12. 'രണ്ടോമൂന്നോ പേർ എന്റെ നാമത്തിൽ എവിടെ കൂടിയാലും അവരുടെ മദ്ധ്യത്തിൽ ഞാനുണ്ട്' (മത്താ. 18: 20) എന്ന കർത്തൃവചനം വ്യർത്ഥമായി ഉച്ചരിച്ച് ആരും നിങ്ങളെ ചതിക്കാതിരിപ്പാൻ സൂക്ഷിച്ചുകൊള്ളുവിൻ. സുവിശേഷം തെററായി ഉദ്ധരിച്ച് അതിന്റെ പരിശുദ്ധി നശിപ്പിക്കുന്ന ഇവർ ഒരു ഖണ്ഡികയുടെ അവസാനവാക്യമെടുത്തിട്ട് അതിനു മുമ്പുള്ളവ വിട്ടുകളയുന്നു: ഒന്നു ചൂണ്ടിക്കാട്ടിയിട്ട് ആത്മാർത്ഥതയില്ലാതെ മറെറാന്നു പരിത്യജിക്കുന്നു. അവർ സഭയിൽ നിന്നകന്നുപോയി. യോജിപ്പിനെയും സമാധാനത്തെയും സംബന്ധിച്ച് കർത്താവ് ഉപദേശിക്കുന്ന ഭാഗം കേൾക്കൂ: 'ഭൂമിയിൽ രണ്ടോമൂന്നോപേർ ഏതെങ്കിലും കാര്യം സംബന്ധിച്ച് യോജിച്ചിരുന്നാൽ സ്വർഗ്ഗസ്ഥനായ എന്റെ പിതാവ് അതു നിങ്ങൾക്കു നല്കും എന്നു ഞാൻ ഉറപ്പായി നിങ്ങളോടു പറയുന്നു. എന്റെ നാമത്തിൽ രണ്ടോമൂന്നോ പേർ ഒന്നിച്ചിരുന്നാൽ അവിടെ അവരുടെ മധ്യേ ഞാനുണ്ട് (മത്താ. 18: 19f). പ്രാർത്ഥിക്കുന്നവരുടെ സംഖ്യാബലത്തിനല്ല, ഹൃദയൈക്യത്തിനാണ് പ്രാധാന്യം എന്നാണ് അതിന്റെ അർത്ഥം. നിങ്ങൾ യോജിച്ചിരുന്നാൽ എന്നാണവിടുന്ന് പറയുന്നത്. അതായത് സമാധാനപൂർവമായ സഹവർത്തിത്വത്തിൽനിന്ന് ഉടലെടുക്കുന്ന ഹൃദയൈക്യവും യോജിപ്പും ഒന്നാമതായി അവിടുന്നു മാനിച്ചിരുന്നു എന്നത്രേ; നാം പരസ്പരം യോജിപ്പിൽ വസിക്കണമെന്ന് തന്റെ കൽപനയാൽ അവിടുന്നുറപ്പായി കൽപിക്കുകയും ചെയ്തിരിക്കുന്നു. എന്നാൽ സഭാശരീരത്തോടും സഭയുടെ സാർവത്രികസാഹോദര്യത്തോടും യോജിക്കാത്തവന് ഏതെങ്കിലും വ്യക്തിയോട് എങ്ങനെ യോജിക്കാൻ കഴിയും? ക്രിസ്തുവിൽനിന്നും തന്റെ സുവിശേഷത്തിൽനിന്നും സ്പഷ്ടമായി വേർപിരിഞ്ഞിട്ട് ക്രിസ്തുവിന്റെ നാമത്തിൽ എങ്ങനെ രണ്ടോ മൂന്നോ പേർക്ക് ഒന്നിച്ചു കൂടാനാവും. നാം അവരിൽനിന്നു പേർപെടുകയല്ല, പ്രത്യുത അവർ നമ്മിൽ

www.malankaralibrary.com



നിന്നു വേർപെടുകയും സത്യത്തിന്റെ സ്രോതസ്സിനെ വിട്ടുമാറു കയുമാണുണ്ടായത്. പാഷണ്ഡതകളും ശീശ്മകളും സഭയ്ക്കു ശേഷമാണുണ്ടായിട്ടുള്ളത്, അതുപോലെ വേർപെട്ട സമൂഹങ്ങൾ ശീശ്മകളോടും പാഷണ്ഡതകളോടും ഒപ്പം ഉണ്ടായി.

എന്നാൽ നമ്മുടെ കർത്താവ് തന്റെ തിരുസഭയെപ്പററിയാണു സംസാരിക്കുന്നത്. തന്റെ സഭയിലുള്ളവരോട്ടാണു താൻ സംസാ രിക്കുന്നത്. പരസ്പരം യോജിപ്പിൽ തന്റെ കല്പനകളനുസരി ച്ച് രണ്ടോ മൂന്നോ പേർ മാത്രമേയുള്ളുവെങ്കിലും ഒന്നിച്ചുകൂടുക യും ഏകമനസ്സോടെ പ്രാർത്ഥിക്കുകയും ചെയ്താൽ, അവരു ടെ യാചന സ്വർഗ്ഗത്തിൽ നിന്നു സാധിച്ചുകൊടുക്കുമെന്നാണു കർ ത്താവുദ്ദേശിക്കുന്നത്. 'രണ്ടോമൂന്നോപേർ എവിടെ കൂടുന്നുവോ അവിടെ അവരുടെ മധ്യേ ഞാനുണ്ട്.' പരമാർത്ഥതയും സമാധാനവു മുള്ളവർ—ദൈവത്തെ ഭയപ്പെടുകയും അനുസരിക്കയും ചെയ്യുന്ന വർ—രണ്ടോ മൂന്നോപേർ മാത്രമെയുള്ളുവെങ്കിലും താൻ അവരോ ടൊത്തുണ്ടായിരിക്കുമെന്നു അവിടുന്നു പ്രഖ്യാപിക്കന്നു. ഈ രീതി യിലാണ് അഗ്നിച്ചൂളയിൽവച്ചു മൂന്നു ബാലൻമാരുടെ മധ്യേ അവൻ സന്നിഹിതനായത്. കാരണം അവർ ദൈവവിശ്വാസത്തിൽ ഉറച്ചവരും പരസ്പരൈക്യമുള്ളവരുമായിരുന്നു. അവിടെ ജ്വാല യുടെ മധ്യത്തിൽ അവൻ അവർക്ക് ആധ്യാത്മീകപോഷണം നൽകി. ജയിലിലിടയ്ക്കപ്പെട്ട രണ്ട് അപ്പസ്തോലൻമാരോടുമൊപ്പം അവൻ അപ്രകാരം തന്നെ സന്നിഹിതനായിരുന്നു. അവരുടെ പരമാർത്ഥ തയും ഹൃദയൈക്യവുംകൊണ്ടാണ് അവൻ അവരുടെകൂടെയും സന്നി ഹിതനായിരുന്നത്. അവർ വിശ്വസ്തതാപൂർവ്വം പ്രസംഗിച്ചിരുന്ന സദ്വാർത്ത തുടർന്നും അറിയിക്കാൻ ജയിലഴികൾ തുറക്കപ്പെട്ടപ്പോൾ പൊതുസ്ഥലത്തേയ്ക്ക് അവൻ അവരെ അയച്ചു. 'രണ്ടോ മൂന്നോ പേർ എവിടെ കൂടുന്നോ അവരുടെ മധ്യേ ഞാനുണ്ട്' എന്ന കർത്തൃ വചനത്തിലെ വാക്കുകൾ ചെറിയചെറിയ ഗ്രൂപ്പുകളുണ്ടാക്കി കത്തോ ലിക്കാതിരുസഭയിൽ നിന്ന് ആളുകളെ വെട്ടിമാററാൻ വേണ്ടി ഉദ്ദേ ശിക്കപ്പെട്ടിട്ടുള്ളതല്ല. കാരണം തിരുസഭയെ പണിതത് ക്രിസ്തു തന്നെയാണ്. കർത്തൃവചനം വിശ്വാസപാതകരുടെ ഇടയിൽ മൽസ രങ്ങൾക്കൊരുവിലക്കും, വിശ്വാസികൾക്കു സമാധാനത്തിനുള്ളൊരാ ഹ്വാനവുമാണ്. അവിടുന്നരുൾചെയ്യുന്നതുപോലെ, കൂടുതൽ അം ഗസംഖ്യയുണ്ടെങ്കിലും, മൽസരിച്ചിരിക്കുന്നൊരു സമൂഹത്തിലെന്ന തിനേക്കാൾ, ഹൃദയൈക്യത്തോടുകൂടെ പ്രാർത്ഥിക്കുന്ന രണ്ടോ മൂന്നോ പേരുടെ മധ്യേ അവൻ കൂടുതൽ സന്നിഹിതനാണ്. കൂടു തൽ പേരുണ്ടെങ്കിലും, യോജിപ്പില്ലാത്ത പ്രാർത്ഥനകൊണ്ടെന്നതി നേക്കാൾ യോജിപ്പോടുകൂടി കുറേപ്പേർ നടത്തുന്ന പ്രാർത്ഥന കൊണ്ട് കൂടുതൽ കാര്യങ്ങൾ സാധിക്കാം.

www.malankaralibrary.com



13. അതുകൊണ്ടാണ് പ്രാർത്ഥിക്കാൻ നില്ക്കുമ്പോഴും, 'സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവ് നിങ്ങളുടെ തെററുകൾ ക്ഷമിക്കേണ്ടതിന്, സഹോദരനോടെന്തെങ്കിലും വിരോധം ഉണ്ടെങ്കിൽ ഹൃദയപൂർവ്വം അവനോട് ക്ഷമിക്കണം' എന്ന് കർത്താവ് ഉപദേശിക്കുന്നത് (മർക്കോ. 11:25). അതുപോലെതന്നെയാണ് ബലിയർപ്പിക്കാൻ വരുന്ന മനുഷ്യനെ സംബന്ധിച്ചും അവിടുന്ന് അരുളുചെയ്യുന്നത്. സഹോദരനോടു മത്സരിച്ചിരുന്നതിനാൽ, അൾത്താരയിൽ നിന്ന് ഇറങ്ങി അവനെ ദൂരെവിളിച്ച് അവനോടു രമ്യപ്പെടാനും പിന്നെ സമാധാനമായി വന്ന് ദൈവത്തിനു ബലി അർപ്പിക്കാനും കല്പിക്കുന്നു (മത്താ. 5:23f.). ദൈവം കായേന്റെ ബലി സ്വീകരിച്ചില്ല (ഉല്പ. 4:5); കാരണം സഹോദരനോടുള്ള അസൂയ ദൈവത്തോടു രമ്യതയിൽ വർത്തിക്കുന്നതിൽ നിന്ന് അവനെ തടഞ്ഞു. സഹോദരങ്ങളോടു ശത്രുതയിൽ കഴിയുന്നവർക്ക് സമാധാനം കിട്ടുമെന്ന് എങ്ങനെ കരുതാനാവും? പൗരോഹിത്യത്തിന്റെ എതിരാളികളായവർ എന്തൊരു ബലിയർപ്പിക്കാമെന്നാണ് കരുതുന്നത്? ക്രിസ്തുവിന്റെ കത്തോലിക്കാതിരുസഭയ്ക്കു പുറത്താണ് ഒന്നിച്ചുകൂടുന്നതെങ്കിൽ തദവസരം ക്രിസ്തു അവരുടെ മദ്ധ്യേ സന്നിഹിതനാകും എന്ന് എങ്ങനെ കരുതാനാവും

14. ഇത്തരക്കാർ ക്രിസ്തുനാമം പ്രഘോഷിക്കുന്നതിന്റെ പേരിൽ കൊല്ലപ്പെട്ടാലും, അവരുടെ വ്യക്തിത്വത്തിലുള്ള ഈ കറ കഴുകാൻ അവരുടെ രക്തം പര്യാപ്തമല്ല, വിഭജനത്തിന്റെ ഭയാനകവും അക്ഷന്തവ്യവുമായ കുററത്തിൽനിന്ന് അവരെ ശുദ്ധരാക്കാൻ അവരുടെ കഷ്ടപ്പാടുകളൊന്നും ശക്തമല്ല. സഭയ്ക്കു പുറത്തുള്ളവനു സഭയിൽ രക്തസാക്ഷിയാകാൻ സാധ്യമല്ല. ക്രിസ്തു തന്റെ സമാധാനം നമുക്ക് നല്കി; പരസ്പരം സൗഹാർദ്ദത്തിലും ഐക്യത്തിലും ജീവിക്കാൻ ക്രിസ്തു നമ്മെ പഠിപ്പിച്ചു. കറയററസ്നേഹത്തിന്റെയും അവിഭാജ്യമായ യോജിപ്പിന്റെയും ഉടമ്പടി പാലിക്കാൻ അവിടുന്നു കല്പിച്ചു. സഹോദരസ്നേഹമില്ലാത്തവനു രക്തസാക്ഷിയാകാൻ സാദ്ധ്യമല്ല. ഇതു തന്നെയാണ് വി. പൗലോസ് ശ്ളീഹായുടെ വാദവും (1 കൊറി. 13:2-5.7). 'മലകളെ മാററുവാൻ തക്കവണ്ണം സകല വിശ്വാസവും എന്നിലുണ്ടായാലും എനിക്കു സ്നേഹമില്ലെങ്കിൽ ഞാൻ ഒന്നുമല്ല. ഞാൻ എനിക്കുള്ളതെല്ലാം ദരിദ്രർക്കു ഭക്ഷിക്കുവാൻ കൊടുത്താലും, ദഹിക്കുവാനായി എന്റെ ശരീരം കല്പിച്ചാലും, എന്നിൽ സ്നേഹമില്ലെങ്കിൽ എനിക്കൊരു പ്രയോജനവുമില്ല; സ്നേഹം ദീർഘശാന്തതയുള്ളതും ദയയുള്ളതുമാകുന്നു; സ്നേഹം അസൂയപ്പെടുന്നില്ല. കലഹിക്കുന്നില്ല. അഹങ്കരിക്കുന്നില്ല. അതു ലജ്ജാവഹമായത് പ്രവർത്തിക്കുന്നില്ല. തൻകാര്യം അന്വേഷിക്കുന്നില്ല. കോപിക്കുന്നില്ല.

www.malankaralibrary.com



തിൻമയായിട്ടുള്ളത് വിചാരിക്കുന്നില്ല. അത് അനീതിയിൽ സന്തോഷിക്കാതെ സത്യത്തിൽ സന്തോഷിക്കുന്നു. അതു സകലവും സഹിക്കുന്നു സകലവും വിശ്വസിക്കുന്നു. സകലവും പ്രതീക്ഷിക്കുന്നു. സകലവും അനുഭവിക്കുന്നു.'

'സ്നേഹം ഒരിക്കലും വീണുപോകുന്നില്ല.' സ്നേഹം ഒരിക്കലും വീണുപോകുന്നില്ല; കാരണം, ദൈവരാജ്യത്തിലെന്നുമതുണ്ടായിരിക്കും. സ്നേഹത്തിൽ പരസ്പരം ബന്ധിതമായ സഹോദര്യന്റെ ഐക്യത്തിൽ എന്നുമതു നിലനില്ക്കും. ദൈവരാജ്യത്തിൽ കലഹത്തിനൊരു സ്ഥാനവുമില്ല. ക്രിസ്തുപറയുന്നു: 'ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ. ഇതാണ് ഞാൻ നിങ്ങൾക്കു നല്കുന്ന കല്പന. അതുകൊണ്ട് വഞ്ചനാമയമായ കലഹത്താൽ കല്പനയെ ദൂരെയെറിഞ്ഞവർക്ക്, അവിടുന്നു വാഗ്ദാനം ചെയ്ത പ്രതിഫലത്തിന് അവകാശം ഉണ്ടായിരിക്കയില്ല. സ്നേഹമില്ലാത്ത മനുഷ്യൻ ദൈവമില്ലാത്തവനാണ്. വി. യോഹന്നാൻശ്ലീഹാ പഠിപ്പിക്കുന്നതുപോലെ 'ദൈവം സ്നേഹമാകുന്നു; സ്നേഹത്തിൽ വസിക്കുന്നവൻ ദൈവത്തിലും ദൈവം അവനിലും വസിക്കുന്നു' (1 യോഹ. 4:16). അപ്പോൾ, ദൈത്തിന്റെ സഭയിൽ ഏകമനസ്സോടെ വ്യാപരിക്കാത്തവർക്ക് ദൈവത്തോടുകൂടി വസിക്കുവാൻ സാധ്യമല്ല. വന്യമൃഗങ്ങൾക്കും, അഗ്നിക്കും ഇരകളാകുവാൻ അവർ തങ്ങളെത്തന്നെ ഏല്പിച്ചാലും, വിശ്വാസത്തിൽ പിളർപ്പുണ്ടാക്കിയതിന് അത് ശിക്ഷയാകുമെന്നല്ലാതെ വിശ്വാസത്തിന്റെ കിരീടമാകയില്ല. ഭക്തി വർദ്ധിപ്പിക്കുവാൻ പര്യാപ്തമാകത്തക്കവിധം, അവരുടെ അന്ത്യം മഹത്തരമേയല്ല. പ്രത്യുത, മനുഷ്യരെ ഹതാശയരാക്കുന്ന അധഃപതനത്തിന്റെ അന്ത്യമാണവരുടേത്. ഇത്തരക്കാർ കൊല്ലപ്പെട്ടേക്കാം: എന്നാലവർക്കു കിരീടം ലഭിക്കില്ല. തങ്ങൾ ക്രിസ്ത്യാനികളാണെന്നുള്ള അവരുടെ ജല്പനം താൻ ക്രിസ്തുവാണെന്നുള്ള പിശാചിന്റെ നാട്യംപോലെയുള്ളു. കർത്താവുതന്നെ അതേപ്പററി നമ്മെ അനുസ്മരിപ്പിക്കുന്നു. 'ഞാൻ ക്രിസ്തുവാംണന്നു പറഞ്ഞ് അനേകർ എന്റെ നാമത്തിൽവരും. പലരേയും അവർ ചതിക്കും' (മത്താ. 24:5). പിശാച് ചതിപ്രയോഗത്താൽ ക്രിസ്തുവിന്റെ നാമം എടുത്താലും, അവൻ ക്രിസ്തു അല്ലാത്തതുപോലെ ക്രിസ്തുവിന്റെ സുവിശേഷവും സത്യവിശ്വാസവും ഉപേക്ഷിക്കുന്നവനെ ക്രിസ്ത്യാനിയായി സ്വീകരിക്കാൻ ഒരിക്കലും പാടില്ല.

15. പ്രവചിക്കുക, പിശാചുക്കളെ പുറത്താക്കുക, ഭൂമിയിൽ അത്ഭുതപ്രവൃത്തികൾ ചെയ്യുക എന്നിവ ഉന്നതവും പ്രശംസാർഹവുമായ കാര്യങ്ങൾതന്നെ. എന്നാൽ നീതിമാർഗ്ഗത്തിൽ നിരന്തരം പുരോഗമിക്കാതെ ഇക്കാര്യങ്ങളിൽ പ്രസിദ്ധി നേടിയതുകൊണ്ടു

www.malankaralibrary.com



മാത്രം ദൈവരാജ്യത്തിൽ പ്രവേശിക്കാം എന്നുറപ്പില്ല. ഈ കാര്യത്തിൽ പരാജയം പററാതിരിപ്പാൻ കർത്താവു പറയുന്നു: 'പലർ അന്നാളിൽ എന്നോടു പറയും; കർത്താവേ, കർത്താവേ, നിൻെറ നാമത്തിൽ ഞങ്ങൾ പ്രവചിച്ചില്ലേ? നിൻെറ നാമത്തിൽ ഞങ്ങൾ പിശാചുക്കളെപുറത്താക്കിയില്ലേ? നിൻെറ നാമത്തിൽ അത്ഭുതങ്ങൾ പ്രവർത്തിച്ചില്ലേ? (മത്താ. 7: 22f.) അപ്പോൾ ഞാനവരോടു പറയും: 'അനീതി പ്രവർത്തിക്കുന്നവരെ, നിങ്ങൾ എന്നെവിട്ടകന്നു പോകുവിൻ. ഞാൻ നിങ്ങളെ ഒരുനാളും അറിയുന്നില്ല.' വിധിയാളനായ ദൈവത്തിൽനിന്നു കാരുണ്യം ലഭിക്കണമെങ്കിൽ, മനുഷ്യൻ നീതിമാനായിരിക്കണം. നമ്മുടെ വിശ്വാസവും പ്രതീക്ഷയും എപ്രകാരമായിരിക്കണമെന്ന് കർത്താവു ചുരുക്കമായി വിവരിക്കുന്നു: 'നിൻെറ ദൈവമായ കർത്താവ് ഏക കർത്താവാകുന്നു. നിൻെറ ദൈവമായ കർത്താവിനെ പൂർണ്ണഹൃദയത്തോടും പൂർണ്ണമനസ്സോടും സർവ്വശക്തിയോടുംകൂടെ സ്നേഹിക്കണം. ഇതാകുന്നു ഒന്നാം കല്പന. രണ്ടാമത്തേതു ഇതിനു തുല്യമാകുന്നു: നിന്നെപ്പോലെ നിൻെറ അയൽക്കാരനേയും സ്നേഹിക്കുക. ഈ രണ്ടു പ്രമാണങ്ങളിൽ നിയമവും പ്രവാചകൻമാരും അടങ്ങിയിരിക്കുന്നു. (മർക്കോ. 12: 19;മത്താ. 22: 40).' ജനനേതാവായ ക്രിസ്തു ഐക്യവും സ്നേഹവും പഠിപ്പിച്ചു. അതിൽ സകല നിയമവും പ്രവാചകരും ഉൾക്കൊള്ളുന്നു. എന്നാൽ കലഹത്തിൻെറ വിഭ്രാന്തിയിൽ സഭയെ പിച്ചിച്ചീന്തുന്നവർ, വിശ്വാസം നശിപ്പിക്കുന്നവർ, സമാധാനം കലക്കുന്നവർ, പരസ്നേഹം ഭഞ്ജിക്കുന്നവർ, കൂദാശാപരമായ ജീവിതത്തെ പരിഹസിക്കുന്നവർ, ആദിയായവർ ഏതു രീതിയിലുള്ള ഐക്യമാണ് പാലിക്കുന്നത്? ഏതുരീതിയിലുള്ള സ്നേഹമാണവർക്കുള്ളത്?

16. വിശ്വസ്ത സഹോദരങ്ങളേ, ഈ തിന്മ പണ്ടേ ആരംഭിച്ചതാണ്. എന്നാൽ ഇന്ന് അത് ദാരുണമായ അവസ്ഥയിലെത്തിയിരിക്കുന്നു എന്നുമാത്രം.. പാഷണ്ഡതയുടെയും ശീശ്മയുടെടെയും വിനാശകമായ വിഷം വർദ്ധിച്ചുവരികയാണ്. ശ്ലീഹാവഴി പരിശുദ്ധാത്മാവ് നമ്മെ മുന്നറിയിച്ചതുപോലെ, ഇതെല്ലാം കാലാവസാനത്തിൽ സംഭവിക്കേണ്ടതുതന്നെ: അവസാന നാളുകളിൽ ക്ലേശപൂർണ്ണമായ സമയങ്ങൾ വരും. അപ്പോൾ മനുഷ്യർ സ്വാർത്ഥതൽപരരും ദ്രവ്യാഗ്രഹികളും അഹങ്കാരികളും ഗർവിഷ്ഠരും ദൈവദൂഷകരും മാതാപിതാക്കളെ അനുസരിക്കാത്തവരും കൃതഘ്നരും വിശുദ്ധി ഇല്ലാത്തവരും ആയിരിക്കും. അവർ മനുഷ്യത്വം ഇല്ലാത്തവരും വിധേയത്വമില്ലാത്തവരും അപവാദത്തിൽ ഏർപ്പെടുന്നവരും ആത്മസംയമനം ഇല്ലാത്തവരും ക്രൂരരും നന്മയെവെറുക്കുന്നവരുമായിരിക്കും. അവർ വഞ്ചകരും എടുത്തുചാട്ടക്കാരും അഹന്തഉള്ളവരും ദൈവത്തെ സ്നേഹിക്കുന്നതിനുപകരം സുഖഭോഗങ്ങളിൽ ആസ

www.malankaralibrary.com



ക്തി ഉള്ളവരുമായിരിക്കും. അവർ ഭക്തിയുടെ ബാഹ്യരൂപം നിലനിർത്തിക്കൊണ്ട് അതിൻെറ ചൈതന്യത്തെ നിഷേധിക്കുന്നു... ഈ കൂട്ടത്തിലുള്ളവരാണ് വീടുകളിൽകയറി ദുർബലകളും പാപഭാരം പേറിയവരും വിഷയാസക്തിയുള്ളവരുമായ സ്ത്രീകളെ വശീകരിക്കുന്നത്. ഈ സ്ത്രീകൾ ആരെന്തു പറഞ്ഞാലും കേൾക്കും. എന്നാൽ സത്യത്തെപ്പററിയുള്ള പൂർണ്ണജ്ഞാനത്തിൽ എത്തിച്ചേരുവാൻ അവർക്കു കഴിവില്ല. യാന്നസും യാമ്പ്രസും മോശയെ എതിർത്തതുപോലെ ഈ മനുഷ്യർ സത്യത്തെ എതിർക്കുന്നു...എന്നാൽ അവർ അധികം മുമ്പോട്ട് പോകയില്ല.' മേല്പറഞ്ഞ രണ്ടാളുകളുടെ കാര്യത്തിലെന്നതുപോലെ അവരുടെ മൗഢ്യം എല്ലാവർക്കും ബോധ്യമാകും' (2 തിമോ. 3:1—9,). മനുഷ്യരേയും സമയങ്ങളേയും ദൈവം വിധിക്കുന്ന കാലാന്ത്യമടുക്കുന്തോറും വെളിപാടുകളെല്ലാം യാഥാർത്ഥ്യമായി പകരുകയാണ്. നമ്മുടെ ശത്രു കൂടുതൽ ക്രുദ്ധനാകുന്നു. അവൻെറ വഴിപിഴച്ച പ്രബോധനം ജനങ്ങളെ വഴിതെററിക്കുന്നു. അർത്ഥശൂന്യങ്ങളായ അഭിപ്രായങ്ങൾ അവരുടെ ഗർവ്വിനെ പോഷിപ്പിക്കുന്നു. തിന്മ അവരുടെ ഹൃദയങ്ങളിൽ കത്തിയെരിയുന്നു. അവരുടെ ദുരാശ അവരെ അന്ധരാക്കുന്നു. അനുസരണരാഹിത്യത്താൽ യഥാർത്ഥമതത്തിൽനിന്ന് അവർ അകററപ്പെട്ടിരിക്കുന്നു. അഹങ്കാരപ്രമത്തരാകയാൽ അവർ കോപാന്ധരായി തർക്കിച്ച് പ്രക്ഷുബ്ധരാകുന്നു.

17. പെട്ടെന്ന് പടർന്നുപിടിച്ച ഈ മാർഗഭ്രംശം നമ്മെ സംഭ്രമിപ്പിക്കുകയോ, നഷ്ടധൈര്യരാക്കുകയോ ചെയ്യരുത്. പ്രത്യുത, പ്രവചനങ്ങളുടെ സത്യം വെളിപ്പെടുന്നതുവഴി ഇതു നമ്മെ വിശ്വാസത്തിൽ ഉറപ്പിക്കണം. മുൻകൂട്ടി അറിയിക്കപ്പെട്ടവയാണിവയെല്ലാം. അപ്രകാരം ചിലർ ചീത്തസ്വഭാവക്കാരായി മാറി. ശേഷം സഹോദരങ്ങളാകട്ടെ, ഇവരുടെ മാർഗഭ്രംശത്തിൽനിന്ന് തങ്ങളെത്തന്നെ സൂക്ഷിച്ചുകൊള്ളണം. 'നിങ്ങൾ ജാഗ്രതയുള്ളവരായിരിക്കുവിൻ, ഞാൻ എല്ലാം മുൻകൂട്ടി അറിയിച്ചിരിക്കുന്നു' എന്നു കർത്താവുതന്നെ ഉപദേശിച്ചിരിക്കുന്നു (മർക്കോ. 13: 23). അത്തരക്കാരെ നിങ്ങളിൽനിന്നകററി നിർത്തണമെന്നു ഞാനപേക്ഷിക്കുന്നു; അവരുമായുള്ള സംസർഗത്തിൽനിന്ന് ഒഴിഞ്ഞുമാറണം. ബാധപോലുള്ള അവരുടെ സംസാരം ശ്രവിക്കരുത്. കാരണം, ഇപ്രകാരം എഴുതപ്പെട്ടിരിക്കുന്നു: 'നിങ്ങളുടെകർണ്ണേന്ദ്രിയങ്ങൾക്കു മുള്ളുകൾകൊണ്ടുള്ള വേലി കെട്ടുവിൻ; അർത്ഥശൂന്യമായ നാവിനെ ശ്രദ്ധിക്കുവാൻ കൂട്ടാക്കാതിരിക്കുവിൻ' (സഭാപ്രസംഗി 28:28). വീണ്ടും: 'ചീത്തഭാഷണം നല്ല മനസ്സാക്ഷിയെക്കൂടി മലിനപ്പെടുത്തുന്നു' (1 കൊറി. 15:33). അവരിൽ നിന്നകന്നുപോകാൻ കർത്താവും പ്രബോധിപ്പിക്കുന്നു: 'അവർ കുരുടൻമാരുടെ വഴികാട്ടികളായ കുരു

www.malankaralibrary.com



ടൻമാരാകുന്നു; കുരുടൻ കുരുടനെ വഴി നടത്തിയാൽ ഇരുവരും കുഴിയിൽ വീഴും (മത്താ. 15:14). ഇത്തരക്കാരെയാണ് നാം വെറുക്കുകയും ഒഴിച്ചുനിർത്തുകയും ചെയ്യേണ്ടത്. അതായത്, സഭയിൽനിന്ന് വേർപെട്ട എല്ലാവരിൽനിന്നും എന്നർത്ഥം. തൻെറമേൽത്തന്നെ നാശം വലിച്ചുവച്ച ദുഷിച്ച പാപിയാണവൻ. അവൻ ക്രിസ്തുവിൻെറ പുരോഹിതൻമാരെ എതിർക്കുന്നു. ക്രിസ്തുവിൻെറ ജനത്തിൽനിന്നും ഇടയൻമാരിൽനിന്നും അകന്നുപോകുന്നു. പിന്നെ അവൻ ക്രിസ്തുവിൻെറ പക്ഷത്താണെന്ന് എങ്ങനെ കരുതാനാവും? അവൻ സഭക്കെതിരായി വാളെടുത്ത്, ദൈവിക പദ്ധതികൾക്കെതിരായി യുദ്ധം ചെയ്യുന്നു. അവൻ അൾത്താരയുടെ ശത്രുവും ക്രിസ്തുവിൻെറ ബലിയുടെ എതിരാളിയുമാണ്. അവൻ വിശ്വാസത്തിനുപകരം അവിശ്വാസവും യഥാർത്ഥമതത്തിനുപകരം ഈശ്വരനിന്ദയും സ്ഥാപിച്ചിരിക്കുന്നു. അവൻ അനുസരണമില്ലാത്ത ദാസനാണ്; വിധേയത്വമില്ലാത്ത മകനാണ്; ശത്രുപക്ഷത്തുചേർന്ന സഹോദരനാണ്. മെത്രാൻമാരെ നിന്ദിക്കുകയും ദൈവത്തിൻെറ വൈദികരെ വിട്ടുപേക്ഷിക്കുകയും ചെയ്തിട്ട് വേറൊരൾത്താര പണിയാനും അതിൽ നിഷിദ്ധമായ ആരാധന അർപ്പിക്കാനും അവൻ ഒരുമ്പെടുന്നു. കർത്താവ് തന്നെത്തന്നെ ഒരു യാഗമായി അർപ്പിക്കുന്ന ബലിയുടെ യാഥാർത്ഥ്യത്തെ തൻെറ കപടബലിയാൽ അവൻ നിന്ദിക്കുന്നു. ദൈവനിയമങ്ങളെ എതിർക്കുന്നവർക്ക് അവരുടെ ധിക്കാരത്തിനു തക്കശിക്ഷ ലഭിക്കും എന്ന് അവനൊട്ടറിയുന്നുമില്ല.

18. മോശയ്ക്കും പുരോഹിതനായ അഹറോനുമെതിരായി, കോറാ, ദാഥാൻ, അബീരാം എന്നിവർ നില്ക്കയും, ബലിയർപ്പിക്കാനവകാശമുണ്ടെന്നു വാദിക്കുകയും തെററിനു തക്കശിക്ഷ വാങ്ങുകയും ചെയ്തത് ഈരീതിയിലാണ്. ഭൂമിപിളർന്നു; ഒരു ഗാധഗർത്തമുണ്ടായി. അവർ ജീവനോടെ ഭൂമിക്കുള്ളിലായി (cf. സംഖ്യ 16: 1—33). ദൈവകോപം നേതാക്കൻമാരെ മാത്രമല്ല പിടികൂടിയത്. മാനസിക വിഭ്രാന്തിയാൽ ശീശ്മയ്ക്കൊരുങ്ങിയവരോടുകൂടെ കൂടിയ ഇരുനൂററമ്പതു പേരെ ഉടനെ ദൈവത്തിൽനിന്നു പുറപ്പെട്ട അഗ്നി ദഹിപ്പിച്ചുകളഞ്ഞു (cf. സംഖ്യ 16: 35). ദൈവികശാസനം ദൂരെ വലിച്ചെറിഞ്ഞ്, ദുരാഗ്രഹം നടപ്പാക്കുക എന്ന അവരുടെ ലക്ഷ്യം തികച്ചും ദൈവതിരുമനസ്സിനെതിരായിരുന്നു എന്നതിൻെറ വ്യക്തമായൊരു പ്രകാശനമാണിത്. അതുപൊലെയാണ് ഉസിയാരാജാവിൻെറ കാര്യവും: ബലിയർപ്പിക്കുവാൻ ഉള്ള അവകാശത്തിൽ കൈകടത്തി, ധൂപകലശമെടുത്തു; ദൈവികനിയമം ലംഘിച്ചു. പുരോഹിതനായ അസറിയാ വിലക്കിയിട്ടും അവൻ പിൻമാറിയില്ല. ഉടനെ ദൈവശിക്ഷയുണ്ടായി. നെററിത്തടത്തിലെ തൊലിയുടെ നിറംമാറി. അവൻ കുഷ്ഠരോഗിയായി.

www.malankaralibrary.com



ദൈവാനുഗ്രഹം പ്രാപിക്കുന്നവൻ മുദ്രവയ്ക്കപ്പെടുന്ന അതേ സ്ഥാനത്ത്, ദൈവശിക്ഷയായ രോഗത്തിന്റെ ലക്ഷണം കാണപ്പെട്ടു (2ദിന. 26: 16—21). ദൈവികാധികാരം കൂടാതെ, അഹറോന്റെ മക്കൾ അൾത്താരയിലേക്ക് 'അന്യഅഗ്നി' കൊണ്ടുവന്നു. അവന്റെ സന്നിധിയിൽ വെച്ചുതന്നെ അവരും ദൈവകോപത്താൽ നശിച്ചുപോയി (cf. ലേവ്യ 10: 1f).

19. ദൈവദത്തമായ പാരമ്പര്യങ്ങളെ വിട്ടിട്ട്, അപരിചിതങ്ങളായ തത്ത്വങ്ങളന്വേഷിക്കുകയും, മനുഷ്യനിർമ്മിതങ്ങളായ പാരമ്പര്യങ്ങൾ നടപ്പാക്കുകയും ചെയ്തവരുടെ ഉദാഹരണങ്ങളാണിവ. നമ്മുടെ കർത്താവ് തന്റെ സുവിശേഷത്തിൽ ശക്തമായ ഭാഷയിൽ അവരെ കുററപ്പെടുത്തുന്നു (മർക്കോ. 7:9). 'നിങ്ങളുടെ പാരമ്പര്യം സ്ഥാപിക്കാൻ നിങ്ങൾ ദൈവകല്പന തള്ളിക്കളയുന്നു.' വിശ്വാസത്യാഗിയായ ഒരുവന്റെ തെററിനേക്കാൾ തിൻമയേറിയതാണിത്. വിശ്വാസത്യാഗി അനുതപിക്കുകയും ഉത്തമ മനസ്താപത്താൽ ദൈവത്തിന്റെ ക്ഷമയ്ക്കായി അപേക്ഷിക്കുകയും ചെയ്യുന്നു; സഭയിൽചേർക്കണമെന്നു നിരന്തരം പ്രാർത്ഥിക്കുന്നു. ഇവരോ? നിരന്തരം മൽസരിച്ചുനിൽക്കുന്നു. ഒന്നാമത്തവനെ ആരെങ്കിലും നിർബന്ധിച്ചിട്ടാകാം അങ്ങനെ സംഭവിച്ചത്. രണ്ടാമത്തവൻ സ്വന്ത ഇഷ്ടപ്രകാരം പാപത്തിൽതന്നെ നിലനില്ക്കുന്നു. വിശ്വാസത്യാഗി തന്നത്താൻ ദ്രോഹിക്കുന്നു. എന്നാൽ ശീശ്മയ്ക്കും, പാഷണ്ഡതയ്ക്കും പ്രേരിപ്പിക്കുന്നവനോ? തന്നെ അനുഗമിക്കുന്ന അനേകരെ വഴിതെററിക്കുന്നു. ഒന്നാമത്തേതിൽ ഒരാത്മാവുമാത്രം നശിക്കുന്നു; മററതിൽ അനേകരെ അപകടം ഭീഷണിപ്പെടുത്തുന്നു. വിശ്വാസത്യാഗി താൻ തെററു ചെയ്തു എന്ന് നന്നായി മനസ്സിലാക്കി അത്യഗാധമായി ദുഃഖിക്കുന്നു. ശീശ്മക്കാരനാകട്ടെ, അഹങ്കാരത്താൽ നിറഞ്ഞു പാപത്തിൽതന്നെ വസിക്കുന്നു. തന്റെ സ്വഭാവദൂഷ്യം ശരിയാണെന്ന ഉറപ്പിൽ കഴിയുന്നു. അവർ കുഞ്ഞുങ്ങളെ മാതാവിൽനിന്നും ആടുകളെ ആലയിൽനിന്നും തട്ടിക്കൊണ്ടു പോകുന്നു. ദൈവം സ്ഥാപിച്ച കൂദാശക്രമങ്ങളിൽ ക്രമക്കേടുകൾ വരുത്തിക്കൂട്ടുന്നു. വിശ്വാസത്യാഗി ഒരിക്കൽ തെററുചെയ്യുമ്പോൾ ശീശ്മക്കാരൻ ദൈനംദിനം പാപം ചെയ്യുന്നു. വിശ്വാസത്യാഗി പിന്നീട് രക്തസാക്ഷിമകുടം ചൂടിയാൽ അവൻ രാജ്യത്തിന്റെ അവകാശം പ്രാപിച്ചേക്കും. എന്നാൽ മററവൻ സഭയ്ക്കു പുറത്തായിരിക്കുമ്പോൾ കൊല്ലപ്പെട്ടാൽ, സഭയ്ക്ക് വാഗ്ദാനം ചെയ്യപ്പെട്ടിട്ടുള്ള അവകാശങ്ങൾ പ്രാപിക്കയില്ല.

20. പ്രിയസഹോദരങ്ങളേ, ചില വിശ്വാസസാക്ഷികൾതന്നെയും ഈ ശീശ്മയിൽ ഉൾപ്പെട്ട് ഗൗരവമായ പാപം ചെയ്തു എന്നതിൽ ആരും അത്ഭുതപ്പെടേണ്ട. വിശ്വാസത്തിനുവേണ്ടി ഒരാൾ

www.malankaralibrary.com



കഷ്ടതസഹിച്ചു എന്നതുകൊണ്ട് പിശാചിന്റെ ഉപായങ്ങളിൽ നിന്ന് അവൻ വിമുക്തനാണെന്നോ, ലോകത്തിന്റെ പ്രലോഭനങ്ങളിൽനിന്നും അപകടകരങ്ങളായ ആക്രമണങ്ങളിൽനിന്നും ശിഷ്ടായുസുമുഴുവൻ സംരക്ഷിതനാണെന്നോ വരുന്നില്ല. അല്ലാത്തപക്ഷം ചില വിശ്വാസസാക്ഷികളുടെ ഇടയിൽ ഇന്നും നാം ഞെട്ടലോടും ദുഃഖത്തോടും കൂടെ കാണുന്ന, ആത്മാർത്ഥതയില്ലായ്മ, സാൻമാർഗികാധപ്പതനം, ലൈംഗികവൈകൃതം എന്നിവ കാണില്ലായിരുന്നു. എത്ര നല്ലവനായ വിശ്വാസസാക്ഷിയും സോളമനെക്കാൾ ശ്രേഷ്ഠനോ, ദൈവത്തിനു പ്രിയംകരനോ അല്ല. സോളമൻ തന്നെയും കർത്തൃപാതകളിൽ വ്യാപരിച്ചപ്പോൾ മാത്രം അനുഗ്രഹം നേടി. കർത്തൃപാതകളെ തിരസ്ക്കരിച്ചപ്പോൾ, കർത്താവിന്റെ കരുണ അവന് നഷ്ടപ്പെട്ടു: 'നിന്റെ കിരീടം മറ്റൊരുവൻ സ്വീകരിക്കാതിരിക്കാൻ, നിനക്കുള്ളവയെ മുറുകെ പിടിക്കുക' എന്ന് എഴുതപ്പെടുകയും ചെയ്തിരിക്കുന്നു (വെളി. 3:11). നമ്മുടെ കിരീടം നഷ്ടപ്പെടുത്തുമെന്ന് ഒരിക്കലും ദൈവം ഭീക്ഷണിപ്പെടുത്തുകയില്ലെന്ന് നാം നന്നായി ഗ്രഹിക്കണം. എന്നാൽ നമ്മുടെ നീതി വാടിക്കരിയുമ്പോൾ നമ്മുടെ കിരീടവും വാടിക്കരിയും.

21. വിശ്വാസസാക്ഷ്യം മഹത്വത്തിലേക്കുള്ള ആദ്യപടിമാത്രമാണ്; ശ്രേഷ്ഠതയുടെ അന്തിമകിരീടമല്ല; പരമമായ നേട്ടമേയല്ലത്. 'അവസാനത്തോളം സഹിച്ചു നില്ക്കുന്നവൻ രക്ഷിക്കപ്പെടും' എന്നാണല്ലോ എഴുതപ്പെട്ടിരിക്കുന്നത് (മത്താ. 10: 22; 24: 13). അന്ത്യത്തിനു മുമ്പുള്ളവയെല്ലാം രക്ഷയുടെ സോപാനത്തിലേക്കുള്ള ചവിട്ടുപടികൾ മാത്രമാണ്; അന്ത്യമല്ല; കൊടുമുടിയുടെ ഉയരം കീഴടക്കലാണ് അന്ത്യം. വിശ്വാസം സാക്ഷിക്കുന്നവൻ വിശ്വാസസാക്ഷി (മൗദ്യാന) ആണ്; എന്നാൽ സാക്ഷ്യത്തിനുശേഷം അവൻ ഉപരിയായ ആപത്തിലാണ്; കാരണം എതിരാളി കൂടുതലായി പ്രകോപിപ്പിക്കപ്പെട്ടിരിക്കുന്നു. അവൻ ഒരു വിശ്വാസസാക്ഷിയാണ്: നമ്മുടെ കർത്താവിന്റെ സുവിശേഷത്തോട് കൂടുതൽ വിധേയത്വമുള്ളവനായിരിക്കാൻ അത് ആവശ്യപ്പെടുന്നു. കാരണം സുവിശേഷത്തിലൂടെയാണ് നമ്മുടെ കർത്താവിൽനിന്ന് ഇത്ര ശ്രേഷ്ഠമായൊരു ബഹുമാനം അവന് ലഭിച്ചത്. 'അധികം ലഭിച്ചവനിൽനിന്ന് അധികം ആവശ്യപ്പെടും: അധികം ബഹുമാനം ലഭിച്ചവൻ കൂടുതൽ സേവനം ചെയ്യണം' (ലൂക്കാ. 12: 48). ഏതെങ്കിലും വിശ്വാസസാക്ഷിയുടെ മാതൃകയാൽ ആരും നശിക്കാൻ ഇടയാകാതിരിക്കട്ടെ, ഏതെങ്കിലും രക്തസാക്ഷിയുടെ പെരുമാറ്റം കണ്ട് ആരും നീതിരഹിതനോ, കർക്കശനോ, അവിശ്വസ്തനോ ആകുവാൻ പഠിക്കാതിരിക്കട്ടെ. അവൻ ഒരു വിശ്വാസസാക്ഷിയാണ്; അവൻ വിനീതനും ശാന്തനുമായിരിക്കട്ടെ; അവന്റെ പ്രവൃത്തികൾ അടക്കവും സ്വയം നിയന്ത്രണവും കാണിക്കട്ടെ. ക്രിസ്തുവിന്റെ

www.malankaralibrary.com



വിശ്വാസ സാക്ഷി എന്ന് വിളിക്കപ്പെടുന്നവൻ താൻ ഏറ്റുപറയുന്ന ക്രിസ്തുവിനെ അനുകരിക്കട്ടെ. 'കാരണം, സ്വയം ഉയർത്തുന്നവൻ താഴ്ത്തപ്പെടും; സ്വയം താഴ്ത്തുന്നവൻ ഉയർത്തപ്പെടും' എന്ന് ക്രിസ്തു പറഞ്ഞിരിക്കുന്നു (ലൂക്കാ 14:11;18:14). പിതാവായ ദൈവത്തിന്റെ വചനവും, ശക്തിയും, വിജ്ഞാനവും ആയ ക്രിസ്തു ഭൂമിയിൽ ആയിരുന്നപ്പോൾ സ്വയം താഴ്ത്തിയതിനാൽ പിതാവിനാൽ ഉയർത്തപ്പെട്ടു(1 കൊറി. 1:24). തന്റെ നിയമത്തിൽ എളിമ കൂടി ചേർക്കുകയും, തന്റെ താഴ്മനിമിത്തം എല്ലാ നാമങ്ങളേക്കാളും ശ്രേഷ്ഠമായനാമം ലഭിക്കയും ചെയ്ത ക്രിസ്തുവിന്റെ മുൻപാകെ ഗർവിന് എന്ത് വിലയാണുള്ളത്? (ഫിലി. 2:8f).

അവൻ ക്രിസ്തുവിന്റെ ഒരു വിശ്വാസസാക്ഷിയാണ്: അവൻ പിന്നീടു ക്രിസ്തുവിന്റെ സൽപേരും ശ്രേഷ്ഠതയും ദുഷിക്കപ്പെടാൻ ഇടയാക്കാതിരിക്കണം. ക്രിസ്തുവിനെ ഏറ്റുപറഞ്ഞ നാവ് അസൂയനിറഞ്ഞതും ദുഷ്ടതനിറഞ്ഞതും ആകരുത്; അത് വാഗ്വാദങ്ങൾകൊണ്ടും കലഹങ്ങൾകൊണ്ടും ശബ്ദമുഖരിതമായിരിക്കരുത്; ക്രിസ്തുവിനെ സാക്ഷിച്ചശേഷം അത് സഹോദരൻമാർക്കും ദൈവത്തിന്റെ പുരോഹിതൻമാർക്കും എതിരായി സർപ്പത്തിന്റെ വിഷം പുറപ്പെടുവിക്കുന്നതാകരുത്. വിശ്വാസസാക്ഷി പിൽക്കാലത്ത് നിന്ദിതനും കുററക്കാരനും ആയിത്തീർന്നാൽ, തന്റെ വഴികളുടെ ദുഷ്ടതയാൽ വിശ്വാസസാക്ഷി എന്ന തന്റെ ബഹുമാനത്തിന് കളങ്കം വരുത്തിയാൽ, ദുഷ്പേരും ദുർവൃത്തിയും കൊണ്ട് തന്റെ ജീവിതം പങ്കിലമാക്കിയാൽ, താൻ രക്തസാക്ഷിയായിരിക്കുന്ന സഭയെ ഉപേക്ഷിച്ചാൽ, സഭയുടെ ഐക്യവും യോജിപ്പും തകർത്താൽ, തന്റെ ആദ്യവിശ്വാസത്തോടുള്ള വിശ്വസ്തതയുടെ സ്ഥാനത്ത് അവിശ്വസ്തനായി തീർന്നാൽ, തന്റെ വിശ്വാസ സാക്ഷ്യം മഹത്വത്തിലേക്കുതന്നെ മുൻനിർണയം ചെയ്തിരിക്കുന്നു എന്ന് അവന് വീമ്പടിക്കാൻ സാധിക്കില്ല. മറിച്ച്, തന്നെ കാത്തിരിക്കുന്ന ന്യായവിധി വർദ്ധിപ്പിക്കുകമാത്രം ചെയ്യും.

22. ഉദാഹരണമായി, യൂദാസ്, കർത്താവ് തിരഞ്ഞെടുത്ത ശ്ലീഹൻമാരിൽ ഒരുവനായിരുന്നെങ്കിലും, പിന്നീട് തന്റെ നാഥനെ ഒററിക്കൊടുത്തു. യൂദാ ശ്ലീഹൻമാരുടെ സംഘത്തെ ഉപേക്ഷിച്ചതിനാൽ അവരുടെ വിശ്വാസവും വിശ്വസ്തതയും നശിപ്പിക്കപ്പെട്ടില്ല. വിശ്വാസ സാക്ഷികളിൽ ചിലരുടെ വിശ്വാസം നശിച്ചതിനാൽ അവരുടെ കൂട്ടത്തിന്റെ വിശ്വാസവും സൽപേരും നഷ്ടപ്പെടുന്നില്ല. വി. ശ്ലീഹാ തന്റെ ലേഖനങ്ങളിൽ ഒരിടത്ത് പറയുന്നു: അവരിൽ ചിലർ വിശ്വാസത്തിൽനിന്ന് വീണുപോയെങ്കിൽ എന്താണ്? അവരുടെ അവിശ്വസ്തത ദൈവത്തിന്റെ വിശ്വസ്തതയെ ഇല്ലാതാക്കിയോ? ഒരിക്കലുമില്ല, കാരണം, ദൈവം സത്യവാനാകുന്നു; മനുഷ്യരെല്ലാം നുണയൻമാരും' (റോമ. 3:3f). വിശ്വാസസാക്ഷികളിൽ ഭൂരി

www.malankaralibrary.com



ഭാഗവും, പ്രത്യേകിച്ച് അവരുടെ കൂട്ടത്തിലെ മികച്ചവർ, വിശ്വാസത്തിൽ ഉറച്ചുനില്ക്കുന്നു; കർത്താവിന്റെ നിയമത്തോടും ശിക്ഷണത്തോടും വിശ്വസ്തരായി വർത്തിക്കുന്നു; സഭയിലാണ് ദൈവത്തിന്റെ നൻമയാൽ തങ്ങൾക്ക് കൃപ നൽകപ്പെട്ടതെന്ന് അവർ ഗ്രഹിക്കുന്നു; അവർ ഒരിക്കലും സഭയുടെ ഐക്യത്തിൽനിന്ന് മാറുന്നില്ല. ചിലരുടെ അവിശ്വസ്തതയ്ക്ക് അവർ കൂട്ടുനിൽക്കാത്തതിനാൽ അവരുടെ വിശ്വാസം കൂടുതൽ പ്രകാശിതമായിരിക്കുന്നു. ആ കുററത്തിന്റെ എല്ലാ മാലിന്യത്തിൽനിന്നും അവർ വിമോചിതരാണ്. സുവിശേഷചൈതന്യത്താൽ പ്രശോഭിതരായി, നമ്മുടെ കർത്താവിന്റെ തന്നെ ജാജ്വലതേജസാൽ തിളങ്ങുന്നവരായി സഭൈക്യം സംരക്ഷിച്ചതിൽ അവർക്കുള്ള സ്തുതി പിശാചിനോടുള്ള പോരാട്ടത്തിൽ അവർക്കു ലഭിച്ച വിജയത്തിനു തുല്യമാണ്.

23. പ്രിയ സഹോദരൻമാരേ, ഞാൻ നിങ്ങളെ ഉദ്ബോധിപ്പിക്കുകയും, നിർബന്ധിക്കുകയും ചെയ്യുന്ന ഒരു കാര്യമുണ്ട്: സഹോദരൻമാരിൽ ആരുംതന്നെ നശിക്കാൻ ഇടയാകാതിരിക്കട്ടെ. മറിച്ച് ഒരേ ആത്മാവോടുകൂടി ഒരേ ശരീരമായി തന്റെ മടിത്തട്ടിൽ എല്ലാവരേയും ആശ്ലേഷിക്കുവാൻ നമ്മുടെ അമ്മയ്ക്ക് സാധിക്കട്ടെ. എന്നാൽ വിഭജനത്തിന് കാരണക്കാരായ ശീശ്മയുടെ ചില നേതാക്കൻമാർ തങ്ങളുടെ അന്ധതനിറഞ്ഞതും മർക്കടമുഷ്ടി പിടിച്ചതുമായ തെററിൽ നിലനില്ക്കുന്നെങ്കിലും, അവരുടെ നൻമയെ പ്രതിയുള്ള ഉപദേശം രക്ഷയുടെ പാതയിലേക്ക് അവരെ കൊണ്ടുവരാൻ പ്രയാസമാണെങ്കിലും, നിങ്ങൾ അവരുടെ വഞ്ചനനിറഞ്ഞ തെററിൽനിന്ന് അകന്നുമാറിക്കൊള്ളണം. നിങ്ങൾ ഒരു പക്ഷേ നിഷ്ക്കളങ്കഹൃദയത്തോടെയും തെറ്റെന്ന് ഗ്രഹിക്കാതെയും ആകാം അവരെ പിൻചെന്നത്. ഒരു പക്ഷേ അവരുടെ വഞ്ചന നിറഞ്ഞ ചതിയിൽ നിങ്ങൾ വീണുപോയതുമാകാം. നിങ്ങൾ നിപതിച്ച തെററിൽനിന്ന് കരേറി, സ്വർഗത്തിലേയ്ക്കുള്ള നേരായ പാത ഒരിക്കൽകൂടി കണ്ടെത്തണം. അപ്പസ്തോലന്റെ സന്ദേശം ശ്രവിക്കൂ: 'അലസതയിലും, ഞങ്ങളിൽനിന്ന് സ്വീകരിച്ച പാരമ്പര്യത്തിന് നിരക്കാത്ത വിധത്തിലും ജീവിക്കുന്ന ഏതൊരു സഹോദരനിൽനിന്നും അകന്നു നിൽക്കണമെന്നു കർത്താവായ ഈശോമിശിഹായുടെ നാമത്തിൽ ഞങ്ങൾ കൽപിക്കുന്നു (2 തെസ. 3: 6).' വീണ്ടും അവൻ പറയുന്നു: 'ഒരു മനുഷ്യനും വ്യർത്ഥവചനങ്ങളാൽ നിങ്ങളെ വഞ്ചിക്കാതിരിക്കട്ടെ (എഫേ. 5: 6f). എന്തെന്നാൽ, ഇവമൂലമാണ് അനുസരണം ഇല്ലാത്ത മക്കളുടെമേൽ ദൈവകോപം നിപതിക്കുന്നത്. അതുകൊണ്ട് നിങ്ങൾ അവരോടു കൂട്ടുചേരരുത്.' പാപത്തിൽ ഉൾപ്പെട്ടവരിൽനിന്ന് അകന്നു മാറുവിൻ. അവരിൽനിന്ന് പറന്നകലണം. അവരുടെ ചിത്ത പ്രവൃത്തികളെ പിൻചെന്ന് തെററിന്റെ പാതയിലൂടെ നടന്ന് സത്യപാത വിട്ടുമാറാൻ ഇടവരാതി

www.malankaralibrary.com



ക്കാനും അവരുടെ കുറ്റത്തിൽ ഉൾപ്പെടാതിരിപ്പാനുമാണിത്. ദൈവം ഒരുവൻ; ക്രിസ്തു ഒരുവൻ: തൻെറ സഭയും ഒന്ന്; വിശ്വാസം ഒന്ന്; യോജിപ്പോടുകൂടി ഒരേ ശരീരത്തിൻെറ ഗാഢമായ ഐക്യത്തിൽ ഉറപ്പിക്കപ്പെട്ടിരിക്കുന്ന ജനവും ഒന്ന്. ആ ഐക്യത്തെ പിളർക്കുവാൻ ആർക്കും സാധിക്കയില്ല. ആ ശരീരം ഘടനയിലുള്ള വിള്ളലിലൂടെ പിളർക്കാനോ കഷണങ്ങളായി കീറിമുറിക്കാനോ സാധിക്കയില്ല; തായ്ത്തടിയിൽ നിന്ന് വെട്ടിമാററപ്പെട്ടതിന് ജീവിക്കാനോ ശ്വസിക്കാനോ സാധിക്കയില്ല; അതിൻെറ രക്ഷയുടെ പ്രതീക്ഷ നശിച്ചിരിക്കുന്നു.

24. പരിശുദ്ധാത്മാവ് നമ്മെ ഇപ്രകാരം ഉൽബോധിപ്പിക്കുന്നു: 'ജീവൻകാംക്ഷിക്കുകയും നന്മനിറഞ്ഞ ദിവസങ്ങൾ ആഗ്രഹിക്കുകയും ചെയ്യുന്ന മനുഷ്യൻ ആരാകുന്നു? നിൻെറ അധരങ്ങളെ തിന്മയിൽനിന്നും നിൻെറ നാവിനെ ചതിനിറഞ്ഞ സംഭാഷണങ്ങളിൽനിന്നും അകററുക. തിന്മവിട്ടകന്ന് നന്മചെയ്യുക; സമാധാനം അന്വേഷിച്ച് അതിനെ പിൻതുടരുക' (എഫേ. 5:6f). സമാധാനപുത്രൻ സമാധാനത്തെ അന്വേഷിച്ച് പിൻതുടരണം; സ്നേഹത്തിലുള്ള ഐക്യം ഗ്രഹിച്ച് അതിനെ സ്നേഹിക്കുന്നവൻ കലഹമാകുന്ന തിന്മയിൽനിന്ന് തൻെറ നാവിനെ നിയന്ത്രിക്കണം. തൻെറ പീഡാനുഭവത്തിൻെറ തലേരാത്രിയിൽ നമ്മുടെ കർത്താവ് ശിഷ്യൻമാർക്ക് നൽകിയ കൽപനകളിലും ഉപദേശങ്ങളിലും ഇതുകൂടി അവിടുന്ന് ഉൾപ്പെടുത്തി. 'സമാധാനം നിങ്ങൾക്കായി ഞാൻ വിട്ടുതരുന്നു; എൻെറ സമാധാനം ഞാൻ നിങ്ങൾക്ക് നൽകുന്നു' (യോഹ. 14:27). ഇതാണ് അവൻ നമുക്ക് തന്നിട്ടുപോയ അവകാശം: സമാധാനസംരക്ഷണത്തോടുകൂടെ താൻ വാഗ്ദാനം ചെയ്ത എല്ലാ ദാനങ്ങളും സമ്മാനങ്ങളും അവൻ നമുക്ക് ഉറപ്പുവരുത്തുന്നു. നാം ക്രിസ്തുവിൻെറ അവകാശികളാണെങ്കിൽ, നമുക്ക് ക്രിസ്തുവിൻെറ സമാധാനത്തിൽ വസിക്കാം. നാം ദൈവമക്കളെങ്കിൽ, നാം സമാധാനപ്രേമികളായിരിക്കണം. 'സമാധാനം സംസ്ഥാപിക്കുന്നവർ ഭാഗ്യവാൻമാർ, എന്തെന്നാൽ അവൻ ദൈവമക്കളെന്ന് വിളിക്കപ്പെടും' എന്ന് അവൻ അരുളചെയ്യുന്നു (മത്താ. 5:9). ദൈവമക്കൾ സമാധാനസ്ഥാപകരും, വിനീതഹൃദയരും, ചതിക്കാത്ത നാവുള്ളവരും, ഒരുമയുള്ളവരും, ഏകമനസോടുകൂടി ആത്മാർത്ഥമായി പരസ്പരം ബന്ധിതരും ആയിരിക്കണം.

25. ശ്ലീഹൻമാരുടെ കാലത്ത് ഈ ഏകമനസ്സുണ്ടായിരുന്നു. വിശ്വാസികളുടെ പുതിയ കൂട്ടം ഈ അരൂപിയോടുകൂടെയാണ് നമ്മുടെ കർത്താവിൻെറ കല്പനകൾ അനുസരിച്ചതും പരസ്പര സാഹോദര്യത്തിൽ വർത്തിച്ചതും. വി. ഗ്രന്ഥം അതിനു സാക്ഷിയാകുന്നു: 'വിശ്വസിച്ചവരായ ജനക്കൂട്ടത്തിന് ഏക മനസ്സും

www.malankaralibrary.com



ഏകാത്മാവും ഉണ്ടായിരുന്നു' (നട. 4:32); വീണ്ടും, 'അവരെല്ലാം സ്ത്രീകളോടും ഈശോയുടെ അമ്മയായ മറിയത്തോടും അവന്റെ സഹോദരൻമാരോടും കൂടെ ഏക മനസോടെ നിരന്തരം പ്രാർത്ഥനയിൽ മുഴുകിയിരുന്നു' (നട. 1:14). അതുകൊണ്ടാണ് അവരുടെ പ്രാർത്ഥന ഫലദായകമായത്; അതുകൊണ്ടാണ് ദൈവത്തിന്റെ ദയയിൽനിന്ന് അവർ യാചിച്ചവയെല്ലാം ലഭിക്കുമെന്ന് അവർക്ക് ഉറപ്പുണ്ടായിരുന്നത്.

26. എന്നാൽ നമ്മുടെ ഇടയിലെ സ്നേഹം കുറഞ്ഞപ്പോൾ മാനസികൈക്യം താറുമാറായി. അക്കാലത്ത് അവർ ഭവനങ്ങളും സമ്പത്തും വിററ് പാവങ്ങൾക്ക് ദാനം ചെയ്യാനായി ശ്ലീഹൻമാരെ ഏൽപിക്കയും സ്വർഗത്തിൽ നിക്ഷേപം ശേഖരിച്ചു വയ്ക്കുകയും ചെയ്യുമായിരുന്നു. ഇക്കാലത്താകട്ടെ, നാം ദശാംശംപോലും കൊടുക്കുന്നില്ല; വിററ് ദാനം ചെയ്യാൻ നമ്മുടെ കർത്താവ് പറഞ്ഞതിനെതിരെ, വാങ്ങിച്ചുകൂട്ടാനാണ് നാം തത്രപ്പെടുന്നത്. അത്രമാത്രം സജീവ വിശ്വാസം നമ്മുടെയിടയിൽ മന്ദീഭവിച്ചു; അത്രമാത്രം വിശ്വാസത്തിലുള്ള ഉറപ്പ് നമ്മുടെ ആളുകൾക്കു നഷ്ടപ്പെട്ടു. നമ്മുടെ കാലത്തെ മുന്നിൽ കണ്ടുകൊണ്ട് നമ്മുടെ കർത്താവ് പറയുന്നു: 'മനുഷ്യപുത്രൻ വരുമ്പോൾ ഭൂമിയിൽ വിശ്വാസം കണ്ടെത്തുമോ?' (ലൂക്കാ. 18:8). അവൻ പ്രവചിച്ചത് നയനങ്ങൾക്കു മുൻപിൽ യാഥാർത്ഥ്യമാകുന്നത് നാം ഇതാ കാണുന്നു. നമ്മുടെ വിശ്വാസം ദൈവഭയത്തിലേക്കോ, നീതിയിലേക്കോ സ്നേഹത്തിലേക്കോ, സൽപ്രവൃത്തികളിലേക്കോ നമ്മെ പ്രചോദിപ്പിക്കുന്നില്ല; ഭാവിയിൽ കാത്തിരിക്കുന്ന ഭീകരതയെപ്പററി ഒരുവനും ചിന്തിക്കുന്നില്ല; കർത്താവിന്റെ ദിവസം, ദൈവത്തിന്റെ ക്രോധം, അവിശ്വാസികളെ കാത്തിരിക്കുന്ന ശിക്ഷകൾ, വിശ്വാസഘാതകർക്കുള്ള പീഡനങ്ങൾ എന്നിവയെപ്പററി ഒരുത്തനും ചിന്തിക്കുന്നതേയില്ല. വിശ്വാസമുള്ള മനസ്സാക്ഷി ഭയക്കുന്നതൊന്നും, വിശ്വസിക്കാത്തതിനാൽ നമ്മുടെ മനസ്സാക്ഷി ഭയക്കുന്നില്ല. വിശ്വസിച്ചിരുന്നെങ്കിൽ, ശ്രദ്ധിക്കുമായിരുന്നു; ശ്രദ്ധിച്ചെങ്കിൽ രക്ഷപെടുമായിരുന്നു.

27; പ്രിയ സഹോദരൻമാരേ, നമുക്ക് നമ്മെത്തന്നെ ഉണർത്താൻ കഴിവുള്ളതെല്ലാം ചെയ്യാം; കഴിഞ്ഞ കാലത്തിലെ നിഷ്ക്രിയത്വത്തിന്റെ നിദ്രവിട്ടുണരാം; നമ്മുടെ കർത്താവിന്റെ കല്പനകൾ അനുസരിക്കാൻ നമ്മുടെ മനസ്സിനെ സജ്ജമാക്കാം. നാം എങ്ങനെ ആയിരിക്കണം എന്ന് അവിടുന്ന് പറഞ്ഞതുപോലെ വ്യാപരിക്കാം; 'നിങ്ങളുടെ അരകൾ കെട്ടപ്പെട്ടും വിളക്കുകൾ കത്തിക്കൊണ്ടും ഇരിക്കട്ടെ. തങ്ങളുടെ യജമാനൻ വിവാഹവിരുന്നു കഴിഞ്ഞ് മടങ്ങിവന്ന് വാതിലിൽ മുട്ടുമ്പോൾ ഉടൻ തുറന്നുകൊടുക്കാനായി അദ്ദേഹത്തിന്റെ പ്രത്യാഗമനവും കാത്തിരിക്കുന്നവരെപ്പോലെ നിങ്ങൾ

www.malankaralibrary.com



ആയിരിക്കുവിൻ; യജമാനൻ വരുമ്പോൾ ഉണർന്നിരിക്കുന്നവരായി അവൻ കാണുന്ന ഭൃത്യൻമാർ ഭാഗ്യവാൻമാർ.' (ലൂക്കാ. 12:35—37). യുദ്ധ ദിവസം സമാഗതമാകുമ്പോൾ നാം ബാഹ്യാലങ്കാരങ്ങളുടെ മോടിയിൽ ബന്ധിതരാകാതിരിപ്പാൻ, നമ്മുടെ അരകൾ കെട്ടപ്പെട്ടിരിക്കണം. ഈ ലോകത്തിൻെറ ഇരുട്ടിൽനിന്ന് നിത്യപ്രകാശത്തിൻെറ ജ്വാലയിലേക്ക് ആനീതരാകുവാൻ, സൽപ്രവൃത്തികളിൽ നമ്മുടെ വെളിച്ചം പ്രകാശിക്കട്ടെ. നമ്മുടെ കർത്താവു് വന്ന് മുട്ടുമ്പോൾ നമ്മുടെ വിശ്വാസം സജീവമായിരിക്കണം. ജാഗരണത്തിൻെറ പ്രതിഫലം നമ്മുടെ കർത്താവിൽനിന്ന് സ്വീകരിക്കാൻ നാം തയാറായിരിക്കണം. നമ്മുടെ കർത്താവിൻെറ പെട്ടെന്നുള്ള വരവിനെ കാത്തിരിക്കയും, ശ്രദ്ധാലുക്കളായും ഒരുക്കമുള്ളവരായും വർത്തിക്കയും ചെയ്യാം. നാം ഈ കല്പനകൾ അനുസരിച്ചാൽ, താക്കീതും പ്രബോധനങ്ങളും ശ്രവിച്ചാൽ നമ്മുടെ നിദ്രയിൽ പിശാചിന് നമ്മെ കീഴമർത്തുവാൻ അസാധ്യമാണ്; ഉണർന്നിരിക്കുന്ന ഭൃത്യൻമാരെപ്പോലെ, കർത്താവിൻെറകർത്തൃത്വത്തിൻ കീഴിൽ നാം തന്നെ ഭരണാധിപൻമാരായിരിക്കും.

www.malankaralibrary.com

# 3

# നിഖ്യാസൂനഹദോസ് (325)

## വിശ്വാസപ്രമാണങ്ങളും കാനോനാകളും

### ആമുഖം

നിഖ്യായിൽവച്ച്[1] '318' മെത്രാൻമാർ 325—ാമാണ്ടിൽ സഭാചരിത്രത്തിലെ വലിയൊരു സൂനഹദോസ് കൂടി. ആദ്യത്തെ സാർവത്രിക സൂനഹദോസായി ഇത് അറിയപ്പെടുന്നു. ആരിയൂസ് എന്ന അലക്സാണ്ഡ്രിയൻ വൈദികന്റെ അബദ്ധോപദേശത്തെ എതിർത്തു സത്യവിശ്വാസം പഠിപ്പിക്കാനാണ് ഈ സൂനഹദോസ് കൂടിയത്. 'വചനം' സൃഷ്ടിയാണെന്നും പിതാവിന് തുല്യനല്ലെന്നും പിതാവിനും പുത്രനും രണ്ട് സത്തയാണെന്നും പുത്രനില്ലാത്ത ഒരവസ്ഥ ഉണ്ടായിരുന്നെന്നും മററും ആരിയൂസ്

---

1. ബിഥീനിയായിലെ നിഖ്യായുടെ ഇന്നത്തെ പേര് ടർക്കിയിലെ ഇസ്നിക് എന്നാണ്. നിഖ്യാസൂനഹദോസിൽ സംബന്ധിച്ച മിക്ക മെത്രാൻമാരും പൗരസ്ത്യരായിരുന്നു. പാശ്ചാത്യർ താഴെപ്പറയുന്നവരാണ്: കൊർദോവായിലെ ഹോസിയൂസ് (+375), കാർത്തേജിലെ ചെച്ചീലിയൻ (+345) കലാബ്രിയയിലെ മർക്കോസ്, ദീയോനിലെ നിക്കോസിയൂസ്, സ്ത്രീദോ (പന്നോണിയ) യിലെ ദോമ്നൂസ്, റോമിലെ വൈദികരായ വീത്തൂസ്, വിൻസെൻറ്. ആദ്യം കൗൺസിലിൽ പ്രസംഗിച്ചതാര് എന്ന ചോദ്യം ഇന്നും അവശേഷിക്കുന്നു. ആദ്യം ഒപ്പിട്ടിരിക്കുന്നത് ഹോസിയൂസും പിന്നെ റോമൻ വൈദികരുമാണ്, മേയ് മധ്യത്തിൽ അനൗപചാരിക ചർച്ചകൾ തുടങ്ങി. സിനഡ് ആഘോഷമായി തുടങ്ങിയത് ജൂൺ 19/20—നും അവസാനിച്ചത് ആഗസ്ററ് 25—നുമാണ്.

www.malankaralibrary.com



പഠിപ്പിച്ചു.2 കോൺസ്ററൻറയിൻ ചക്രവർത്തിയാണ് (+ 337) സൂനഹദോസ് വിളിച്ചുകൂട്ടിയത്.

കൊർദോവായിലെ ഹോസിയസ്, ചക്രവർത്തിയുടെ പ്രധാന മതോപദേഷ്ടാവായിരുന്നു. റോമിലെ സിൽവെസ്ററർ മാർപ്പാപ്പായെ പ്രതിനിധീകരിച്ച് സൂനഹദോസിൽ സംബന്ധിച്ചവർ വിക്ടർ (വീത്തുസ്), വിൻസെൻറ് എന്നീ വൈദികരായിരുന്നു. പുതിയ കണ്ടുപിടുത്തങ്ങളും മററും നടത്താനല്ല പിതാക്കൻമാർ മുതിർന്നത്. തങ്ങാംക്കു കിട്ടിയ പ്രബോധനം അഭംഗുരം പിൻതലമുറയ്ക്ക് പകർന്നുകൊടുക്കണം. അതിൽ മായം ചേർക്കാൻ അനുവദിക്കരുത്. സത്യവിശ്വാസ പ്രബോധത്തിൽ പാളിച്ച പററാൻ പാടില്ല. അതിലവർ സർവശ്രദ്ധയും കേന്ദ്രീകരിച്ചു. അവരുടെ ആത്മാർത്ഥത പ്രശംസനീയം തന്നെ. നിഖ്യാ ഒരു വിശ്വാസപ്രമാണം സ്വീകരിച്ചു.

---

2. ആരിയൂസ് 270—ൽ ലിബിയയിൽ ജനിച്ചു. അലക്സാണ്ഡ്രിയായിലെ പീററിൻെറ ഭരണകാലത്ത് (300—311) ആരിയൂസ് ലിക്കോപ്പൊലീസിലെ മെലീഷ്യസിൻെറ പക്ഷം ചേർന്നു. പിന്നീട് ആ ഗ്രൂപ്പിൽനിന്ന് മാറി 307—ൽ ശെമ്മാശനായി. മെലീഷ്യസിനെതിരെ എടുത്ത സഭാനടപടികളിൽ ആരിയൂസ് പ്രതിഷേധിച്ചു. അതിൻെറ പേരിൽ സഭാഭ്രഷ്ടനാക്കപ്പെട്ടെങ്കിലും 311—ൽ മുടക്ക് പിൻവലിക്കപ്പെടുകയും വൈദികനായി നിയമിതനാകുകയും ചെയ്തു. പീററിൻെറ പിൻഗാമിയായ അക്കില്ലെസാണ് (311—312) ആരിയൂസിന് പട്ടംകൊടുത്തത്. അക്കില്ലെസിൻെറ പിൻഗാമി അലക്സാണ്ഡർ (312—328) ആരിയൂസിനെ ബൗകാലിസ് ഇടവകയുടെ ചുമതല ഏല്പിച്ചു.

അന്ത്യോക്യയിലെ ലൂസിയൻ എന്ന അദ്ധ്യാപകൻെറ 'സബോർഡിനേഷൻ' ചിന്താരീതികാം ആരിയൂസ് സ്വീകരിച്ചു. പുത്രനെ പിതാവിൽനിന്ന് താണപടിയിൽ കരുതുന്നതാണ് ഈ അബദ്ധ ചിന്ത. ലൂസിയനെ തൻെറ ഗുരുവായി ആരിയൂസ് ചിത്രീകരിക്കുന്നുണ്ട്. 318-ഓടുകൂടി താൻെറ മെത്രാനുമായി ഗൗരവമേറിയ കാര്യങ്ങളിൽ ആരിയൂസ് ഇടറി. 'പുത്രൻ സൃഷ്ടിയാണ്, ഇല്ലായ്മയിൽനിന്ന് നിർമ്മിക്കപ്പെട്ടതാണ്' എന്നും 'അവൻ ഇല്ലാതിരുന്ന ഒരു അവസ്ഥ ഉണ്ടായിരുന്നു എന്നും ആരിയൂസ് പഠിപ്പിച്ചു. നിഖ്യായ്ക്കുശേഷം 336—ൽകോൺസ്ററൻറയിനുമായുള്ള ഒരു സംഭാഷണംവഴി 'തൻെറ സത്യവിശ്വാസം' തെളിയിക്കാൻ ആരിയൂസിനു സാധിച്ചു. ടയർ, ജറുസലേം

www.malankaralibrary.com



അതോടൊപ്പം ഇരുപത് കാനോനാകളും എഴുതി ഉണ്ടാക്കി. '318' ബാവാൻമാർ എന്നത് ആലങ്കാരികഭാഷയിൽ മനസ്സിലാക്കണം എന്നാണ് പണ്ഡിതമതം.[3] സിനഡ് ആരിയൂസിനെ സഭാഭ്രഷ്ടനാക്കി; മെലീസിയൂസിന്റെ ശീശ്മ ചർച്ചചെയ്ത് പരിഹാരം നിർദ്ദേശിച്ചു.[4] 'കത്തറി' എന്ന ഗ്രൂപ്പുകാരുടെ ഐക്യത്തിന് ഫോർമുലഉണ്ടാക്കി.[5] 'ഉയിർപ്പുതിരുനാറം' സംബന്ധിച്ച വൈവിധ്യ പാരമ്പര്യം അവസാനിപ്പിച്ച് സഭയിൽ ആകമാനം ഐകരൂപ്യം വരുത്താൻ ശ്രമിച്ചു.[6]

---

എന്നിവിടങ്ങളിൽവച്ച് 335—ൽ എടുത്ത തീരുമാനം ആരിയൂസിനെ തിരികെ എടുക്കണം എന്നതായിരുന്നു. തിരികെ എടുക്കാൻ കോൺസ്റ്റന്റയിൻ കല്പനയും കൊടുത്തു. എന്നാൽ അതിന്റെ തലേദിവസം കോൺസ്റ്റാൻറിനോപ്പാളിലെ ഒരൊഴിഞ്ഞ സ്ഥലത്ത് ആരിയൂസ് മരിച്ചുവീണു. cf. ആദിമസഭാപിതാക്കൻമാർ, പേ. 1-31.

3. E. HONIGMANN, 'La liste Originale des Peres de Nicee, *Byzantion* 14 (1939), p. 17—76; Idem, 'The Original Lists of the Members of the Council of Nicaea...' *in Byzantion* 16 (1942—3), p. 21 ff. പങ്കെടുത്തവരുടെ പട്ടിക താഴെ കാണുക.

4. താഴെ കാനൻ 6 ന്റെ വിശദീകരണം കാണുക.

5. താഴെ കാനൻ 8 ന്റെ വിശദീകരണം കാണുക.

6. താഴെ പേജ് 56 കാണുക.

www.malankaralibrary.com



## നിഖ്യാവിശ്വാസപ്രമാണം[7]

സർവശക്തിയുള്ള പിതാവും ദൃശ്യാദൃശ്യങ്ങളുടെ നിർമ്മാതാവുമായ ഏക ദൈവത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു. ദൈവത്തിന്റെ പുത്രനും പിതാവിൽനിന്ന് ജനിച്ചവനും ഏകജാതനും പിതാവിന്റെ സത്തയിൽ നിന്നുള്ളവനും ദൈവത്തിൽനിന്നുള്ള ദൈവവും പ്രകാശത്തിൽനിന്നുള്ള പ്രകാശവും സത്യദൈവത്തിൽനിന്നുള്ള സത്യദൈവവും ജനിച്ചവനും സൃഷ്ടിയല്ലാത്തവനും സത്തയിൽ പിതാവിനോട് സമത്വമുള്ളവനും തന്നാൽ ആകാശത്തിലും ഭൂമിയിലുമുള്ള സകലവും നിർമ്മിക്കപ്പെട്ടവനും ആയ ഏക കർത്താവീശോമിശിഹായിലും ഞങ്ങൾ വിശ്വസിക്കുന്നു. അവൻ മനുഷ്യരായ നമുക്കും നമ്മുടെ രക്ഷയ്ക്കുംവേണ്ടി താഴേക്കിറങ്ങി ശരീരമെടുത്ത്, മനുഷ്യനായി. അവൻ കഷ്ടപ്പെട്ടുമരിക്കുകയും വീണ്ടും മൂന്നാംനാൾ ഉയിർത്തെഴുന്നേല്ക്കുകയും സ്വർഗത്തിലേക്ക് കരേറുകയും ചെയ്തു. ജീവനുള്ളവരെയും മരിച്ചവരെയും വിധിക്കാൻ അവൻ വീണ്ടും വരും. പരിശുദ്ധാത്മാവിലും ഞങ്ങൾ വിശ്വസിക്കുന്നു. 'അവൻ ഇല്ലായിരുന്ന ഒരു സമയം ഉണ്ടായിരുന്നു' എന്നോ, ജനിക്കുന്നതിനു മുൻപ് അവൻ ഇല്ലായിരുന്നു' എന്നോ 'ഇല്ലാതിരുന്ന അവസ്ഥയിൽനിന്ന് അവൻ നിർമ്മിക്കപ്പെട്ടു' എന്നോ, അവൻ മറ്റൊരു സാരാംശത്തിൽ അഥവാ സത്തയിൽ നിന്നാണ്'' എന്നോ, 'അവൻ ഒരു സൃഷ്ടിയാണ്'' എന്നോ, 'മാററത്തിനും വ്യതിയാനത്തിനും വിധേയനാണ്'' എന്നോ ദൈവപുത്രനെപ്പററി പറയുന്ന എല്ലാവരേയും കാതോലികവും ശ്ലൈഹികവുമായ സഭ പുറന്തള്ളുന്നു.

പലസ്തീനയിലെ കേസറിയയിൽ ഉപയോഗത്തിലിരുന്ന വിശ്വാസപ്രമാണം[8] മെത്രാനായ എവുസേബിയസ് നിഖ്യായിലെ സിനഡിൽ അവതരിപ്പിച്ചെന്നും ചില്ലറ മാററങ്ങളോടുകൂടി സിനഡ്

---

7. A. HAHN—G. L. HAHN, Bibliothek der Symbole und Glaubensregeln der alten Kirche, Hildesheim 1962, p. 160—161; W. A. JURGENS, The Faith of the Early Fathers' vol. 1, Collegeville 1970, p. 281. ആദിമസഭാപിതാക്കൻമാർ, പേ. 4—5.

8. A Select Library of Nicene and Post-Nicene Fathers of the Christian Church, Second Series, Vol. 14, (=NPNF) p. 3. A. Hahn, *ibid.* 131—2. Stevenson, p. 364-7. ആദിമസഭാപിതാക്കൻമാർ, പേ. 168-9.

www.malankaralibrary.com



അത് അംഗീകരിച്ചെന്നുമായിരുന്നു പൊതുധാരണ. എന്നാൽ ജറുസലേം സഭയിൽ നിലവിലിരുന്ന വിശ്വാസപ്രമാണമാണ്[9] ഭേദഗതികളോടുകൂടി നിഖ്യാ സ്വീകരിച്ചത് എന്നാണ് ഭൂരിപക്ഷം പണ്ഡിതൻമാരുടെയും അഭിപ്രായം.

## ഹോമോഉസിയോസ്[10]

'ഹോമോഉസിയോൻ തോ പാത്രി' 'സത്തയിൽ പിതാവിനോട് സമത്വമുള്ളവൻ' എന്നത് അതേ വാക്കുകളിൽ വേദപുസ്തകത്തിൽ കാണുന്ന പ്രയോഗമല്ല. എന്നാൽ അതേ ആശയം സ്പഷ്ടമായി വേദപുസ്തകത്തിൽ ഉടനീളം ഉണ്ട്. 'സമസത്ത്' എന്ന് മലയാളത്തിലും 'ബർക്യാന' എന്നും 'ബർഈസൂസാ' എന്നും സുറിയാനിയിലും തർജ്ജമചെയ്യാം.[11] തികച്ചും വേദപുസ്തകാധിഷ്ഠിതമായ പദപ്രയോഗങ്ങൾകൊണ്ടൊരു വിശ്വാസപ്രമാണം ക്രോഡീകരിക്കുക എന്നതായിരുന്നു നിഖ്യായുടെ പ്രാരംഭലക്ഷ്യം. അത് അസാദ്ധ്യമായി തീർന്നപ്പോൾ 'സമസത്ത' എന്ന പദം സ്വീകരിക്കപ്പെട്ടു. തുല്യമായ, അതേ സത്ത, ഒരേ സത്തയിൽനിന്നുള്ള ഭാഗഭാഗിത്വം, ഒരേസാരാംശം. അങ്ങനെ പിതാവിൻെറയും പുത്രൻെറയും ഒരേ സത്തയെ (സാരാംശത്തെ) കുറിക്കാൻ ഈ പദം പര്യാപ്തമായിത്തീർന്നു. പിതാവും പുത്രനും ഒരാളല്ല, രണ്ടാളുകളാണ്, അതേ സമയം ഒരേ സത്തയാണ് എന്ന സംഗതി ഈ പദം വ്യക്തമാക്കി. ഇരനെയുസ് നാലു പ്രാവശ്യം ഇതുപയോഗിച്ചിട്ടുണ്ട്. ഒരിജൻ നിഖ്യായുടെ അർത്ഥത്തിൽ ഇത് പ്രയോഗിച്ചു. തെർത്തുല്യൻ ഇതേ അർത്ഥം വരുന്ന വാക്ക് (unius substantiae) രണ്ടു പ്രാവശ്യം ഉപയോഗിച്ചു. എന്നാൽ സാമസോട്ടക്കാരൻ പൗലോസ് എന്ന അന്ത്യോക്യൻ മെത്രാനെ 268—ൽ മുടക്കിയ മെത്രാൻമാർ ഈ പദം തിരസ്ക്കരിക്കുകയാണ് ഉണ്ടായത്. പൗലോസ് പാഷണ്ഡത ധ്വനിക്കത്തക്ക രീതിയിൽ ഇത് പ്രയോഗിച്ചതത്രേ കാരണം.[12]

---

9. A. Hahn, 132—4; കെല്ലി, പേ. 183—4. ആദിമ സഭയുടെ സന്ദേശം പേ. 171.

10. 'ഹോമോഉസിയോസ്' എന്ന പദപ്രയോഗം ഉൾക്കൊള്ളുന്ന നിഖ്യാവിശ്വാസപ്രമാണം താൻ അംഗീകരിച്ചതിനെ ന്യായീകരിച്ചുകൊണ്ട് സിനഡിൻെറ അവസാനം എവുസേബിബിയസ് തൻെറ രൂപതയായ കേസറിയായിലേക്ക് ഒരു കത്ത് അയയ്ക്കുകയുണ്ടായി. cf. സൊക്രാട്ടസ്, സഭാചരിത്രം, 1. 8. 35f.; തിയഡൊറെററ്, സഭാചരിത്രം 1. 12:1; ആദിമസഭാപിതാക്കൻമാർ, പേ. 168—171

11. cfr, തിയഡോർ, മതാധ്യാപന പ്രസംഗങ്ങൾ, പേ XXV.

12. NEPF. p. 4.

www.malankaralibrary.com



## നിഖ്യായുടെ കാനോനകൾ ഇരുപതുമാത്രം[13]

സൈറസിലെ തിയഡൊറെററ്, സിസിക്കുസിലെ ജലാസിയുസ്,[14] ആദിയായവർ നിഖ്യായുടെ കാനോനകൾ ഇരുപതുമാത്രമാണെന്ന് രേഖപ്പെടുത്തിയിരിക്കുന്നു. ആഫ്രിക്കൻ മെത്രാൻമാരും റോമൻ മെത്രാനും തമ്മിലുണ്ടായ ഒരു ചർച്ചയിലും ഇക്കാര്യം വ്യക്തമാക്കപ്പെട്ടു. നിഖ്യായുടെ കാനോനകളുടെ എണ്ണത്തെ സംബന്ധിച്ച് തർക്കം ഉണ്ടായപ്പോൾ, അന്ത്യോക്യാ, അലക്സാണ്ഡ്രിയാ, കോൺസ്ററാൻറിനോപ്പിൾ എന്നീ പാത്രിയാർക്കേററുകൾ കാനോനകൾ ഇരുപതു മാത്രമാണെന്ന് തറപ്പിച്ച് സ്പഷ്ടമായി അറിയിച്ചു. നാലും അഞ്ചും നൂററാണ്ടുകളിൽ ക്രോഡീകരിക്കപ്പെട്ട കാനോനിക സമാഹാരങ്ങളിലെല്ലാം നിഖ്യായുടെ ഇരുപതു നിയമങ്ങളേയുള്ളു. എന്നാൽ നിഖ്യായുടേതായി 80 കാനോനകൾ 'അറബിക്കാനൻ' എന്ന പേരിൽ അറിയപ്പെടുന്നുണ്ട്.[15] പൗരസ്ത്യരുടെ ഇടയിൽ ഇവയ്ക്ക് പ്രചുരപ്രചാരം ഉണ്ടായിരുന്നു. പല സിനഡുകളുടെ കാനോനകൾ ഒന്നിച്ചു ചേർന്നതാണ് ഈ 80 കാനോനകൾ.[16]

## നിഖ്യായും ബ്രഹ്മചര്യവ്രതവും

വൈദിക സ്ഥാനത്തുള്ളവർ ബ്രഹ്മചര്യവ്രതം പാലിക്കണം, വൈവാഹിക ജീവിതം പാടില്ല എന്ന തരത്തിൽ ഒരു നിയമം നിഖ്യായിൽ പാസാക്കാൻ കൊർദോവയിലെ ഹോസിയൂസ് മുതിർന്നു. ഉത്തര തേബായിസിലെ മെത്രാനായ പഫ്നൂസിയുസ് ഇതിനെ എതിർത്തു. ജീവിതകാലം മുഴുവൻ വളരെ താപസജീവിതം നയിക്കയും ബ്രഹ്മചാരിയായി വർത്തിക്കയും പീഡനങ്ങൾ സഹിക്കയും ചെയ്ത പഫ്നൂസിയൂസിനെ എതിർത്തു നിയമം പാസാക്കാൻ ആരും മുതിർന്നില്ല. അത്ഭുതപ്രവർത്തകനായ പഫ്നൂസിയൂസിനെ

---

13. NEPF. p. 8ff.
14. അക്വിലെയായിലെ റൂഫീനസ് 6—0—8—0 കാനോനകൾ ഈരണ്ടായി പിരിച്ചാണ് ലത്തീനിലേക്ക് വിവർത്തനം ചെയ്തത്.
15. 84 എണ്ണം ചില സമാഹാരങ്ങളിലുണ്ട്.
16. ഇവയ്ക്കു പുറമെ നിഖ്യായുടേതായി മററ് ചില കാനോനിക സമാഹാരങ്ങളും ഉണ്ട്. cf. MANSI vol. 6; W. A. JURGENS, *op. cit.* p. 282.

www.malankaralibrary.com



കോൺസ്റ്റന്റൈൻ വളരെയധികം ബഹുമാനിച്ചിരുന്നു. മത പീഡനത്തിൽ അദ്ദേഹത്തിന്റെ കാഴ്ച നഷ്ടപ്പെട്ടു. ആ കൺകുഴിയിൽ ചക്രവർത്തി ചുംബിച്ചിരുന്നു. 'ഭാരമേറിയ നുകം വൈദികരുടെമേൽ വയ്ക്കരുത്' എന്ന് പഫ്നൂസിയൂസ് പ്രസ്താവിച്ചു. വൈദികപട്ടം സ്വീകരിച്ചതിനുശേഷം ആരും വിവാഹം കഴിക്കാൻ പാടില്ല എന്ന നിയമം പൊതുവേ എല്ലാവരും സ്വീകരിച്ചു. വിവാഹം കഴിച്ചശേഷം പട്ടം സ്വീകരിക്കുന്നവർ ഭാര്യയെ ഉപേക്ഷിക്കാൻ പാടില്ല. ഗ്രീക്കു സഭയിൽ ശെമ്മാശപട്ടം കിട്ടിയശേഷമാണ് വിവാഹം കഴിക്കുന്നത്. അതിനുമുൻപ് വേണമെങ്കിൽ മെത്രാന്റെ അനുവാദം വാങ്ങിയിരിക്കണം. പിൽക്കാലത്ത് പാശ്ചാത്യസഭ ബ്രഹ്മചര്യനിയമം കർക്കശമാക്കി! 'വൈദിക സ്ഥാനങ്ങളിലുള്ളവർ വിവാഹജീവിതത്തിൽ നിന്നകന്നിരിക്കണം; വിവാഹിതരാണെങ്കിൽ ഭാര്യയിൽനിന്ന് അകലണം'. ഗ്രീക്കു സഭ അത്തരം വിലക്കുകളൊന്നും നൽകിയില്ല; എന്നാൽ ഗ്രീക്കുസഭ വൈദികർക്ക് രണ്ടാം വിവാഹം വിലക്കുന്നു.

## ഉയിർപ്പുപെരുന്നാൾ പ്രശ്നം[17]

കത്തോലിക്കാ സഭയിൽ വിവിധ സ്ഥലങ്ങളിൽ ഉയിർപ്പുപെരുന്നാൾ ഒരേ സമയത്തല്ല ആചരിച്ചിരുന്നത്. തത്സംബന്ധമായി വിവിധ തർക്കങ്ങളും ഉണ്ടായി. നിഖ്യായുടെ കാലത്തും അതേ തുടർന്നും ഉണ്ടായ തർക്കത്തെ സംബന്ധിച്ച് ചുരുക്കമായി വിവരിക്കാം. അലക്സാണ്ഡ്റിയക്കാർ 19 വർഷചക്രവും റോമാക്കാർ 84 വർഷചക്രവുമാണ് ഉപയോഗിച്ചിരുന്നത്. ഞായറാഴ്ചയാണെങ്കിൽ നീസാൻ മാസം 15—ാം തീയതിതന്നെ അലക്സാണ്ഡ്റിയാക്കാർക്ക് ഉയിർപ്പ് ആചരിക്കാമായിരുന്നു. മററവർക്ക് 16 നു ശേഷമെ അതു പാടുണ്ടായിരുന്നുള്ളു. ഏപ്രിൽ 25വരെയാകാം അങ്ങോട്ടുള്ള തീയതി അലക്സാണ്ഡ്റിയാക്കാർക്ക്; റോമർക്ക് 21 വരെ മാത്രവും. 387—ാമാണ്ടിൽ ഗോളിൽ (ഫ്രാൻസിൽ) മാർച്ച് 21 നും, ഇററലിയിൽ ഏപ്രിൽ 18നും, അലക്സാണ്ഡ്റിയായിൽ ഏപ്രിൽ 25 നും ഉയിർപ്പ് ആചരിച്ചതായി അഗസ്ററിൻ സാക്ഷിക്കുന്നു (ലേഖനം,23) പിൽക്കാലത്ത് റോം കൂടുതൽ കൂടുതൽ അലക്സാണ്ഡ്റിയൻരീതി സ്വീകരിച്ചു. ദിവന്നാസ്യോസ് എക്സീഗൂസ് (525) അലക്സാണ്ഡ്റിയൻ രീതിയനുസരിച്ച് റോമൻ തീയതി മാററിക്കുറിക്കുകയും ഐകരൂപ്യം വരുത്തുകയും ചെയ്തു.

17. Cf 'Paschal Controversies', in F. L. CRCSS, *The Oxfrod Dictionary of the Christian Church*, London 1974, p. 1037.

www.malankaralibrary.com



## കാനോനാകൾ

### കാനൻ 1

രോഗനിവാരണാർത്ഥം ഭിഷഗ്വരൻമാരാൽ ഓപ്പറേഷന് വിധേയരാക്കപ്പെട്ടവരും, ശത്രുക്കളാൽ ഷണ്ഡൻമാരാക്കപ്പെട്ടവരും വൈദികസ്ഥാനത്തു നിലനില്ക്കട്ടെ. എന്നാൽ നല്ല ആരോഗ്യമുള്ളവർ സ്വയം വൃഷണഛേദനം ചെയ്താൽ, വൈദികസമൂഹത്തിൽ പേരെഴുതപ്പെട്ടയാളാണെങ്കിലും, പൗരോഹിത്യജോലിയിൽനിന്ന് പിൻമാറട്ടെ. ഇനിമേൽ അത്തരക്കാർക്ക് പട്ടം നൽകാനേ പാടില്ല. അത്, സ്വന്ത ഇഷ്ടത്താൽ ചെയ്യുകയും വൃഷണഛേദനം നടത്തുകയും ചെയ്യുന്നവരെപ്പററിയാണ് പറഞ്ഞിരിക്കുന്നത് എന്ന് വ്യക്തമാണല്ലോ. അതുകൊണ്ട് ശത്രുക്കളാലോ തങ്ങളുടെ യജമാനൻമാരാലോ ഷണ്ഡരാക്കപ്പെട്ടവർ യോഗ്യരായി കാണപ്പെട്ടാൽ, അത്തരക്കാരെ കാനൻ വൈദികഗണത്തിൽ ഉൾപ്പെടുത്തുന്നു.

### പ്രാചീനച്ചുരുക്കം (=പ്രാ. ച്.)

ഷണ്ഡൻമാരെ വൈദികസമൂഹത്തിൽ ചേർക്കാവുന്നതാണ്. എന്നാൽ സ്വയം വൃഷണഛേദനം നടത്തുന്നവരെ സ്വീകരിക്കാൻ പാടില്ല.

### വിശദീകരണം:

സ്വയം ഷണ്ഡരാക്കപ്പെട്ടവരെ വൈദിക ഗണത്തിൽ ഉൾപ്പെടുത്താൻ പാടില്ല എന്ന് സഭ അനുശാസിക്കുന്നു. ചിലർ മത്തായി 19:12 വാച്യാർത്ഥത്തിലെടുത്ത് സ്വയം ഷണ്ഡരാക്കിയിട്ടുണ്ട്. ഒരിജൻ അത്തരക്കാരനായിരുന്നു.[18] എന്നാൽ ജൻമനാ ഷണ്ഡരായവരുണ്ട്: അന്ത്യോക്യായിലെ ഡൊറോത്തെവൂസ് എന്ന വൈദികൻ. കോൺസ്ററാൻറിനോപ്പിളിലെ തിഗ്രീസ് പീഡകരാൽ ഷണ്ഡനാക്കപ്പെട്ടു.[19] നിഖ്യായുടെ കാലത്തുണ്ടായ ഏതോ ചില സംഭവങ്ങളായിരിക്കാം ഈ ഡിക്രിക്ക് ഹേതു.

---

18. എവുസേബിയാസ്, സഭാചരിത്രം, 6. 8. 1—3.

19. Ibid. 7. 32. 2—4. സൊക്രാട്ടസ്, സഭാചരിത്രം, 7, 15 സൊസോമൻ, സഭാചരിത്രം 1. 6. 24.

www.malankaralibrary.com



## കാനൻ 2

അത്യാവശ്യം കൊണ്ടോ, വ്യക്തികളുടെ തിടുക്കം കൊണ്ടോ, സഭാനിയമത്തിനെതിരായി[20] പല കാര്യങ്ങളും നടന്നു. പുറജാതികളിൽനിന്ന് വിശ്വാസത്തിലേക്കു വന്ന നവാഗതർ, പരിശീലനം ലഭിച്ചവരെങ്കിലും കുറച്ചുകാലം മാത്രമായവർ, നേരെ ആത്മീയ സ്നാനത്തിനാനീതരാക്കപ്പെടുകയും സ്നാനാനന്തരം ഉടനെതന്നെ വൈദികസ്ഥാനത്തേയ്ക്കോ, മെത്രാൻ സ്ഥാനത്തേയ്ക്കോ ഉയർത്തപ്പെടുകയും ചെയ്യുന്നു. ഇപ്രകാരം ഒന്നും ഭാവിയിൽ സംഭവിക്കാൻ പാടില്ല എന്നുള്ളതു യുക്തമെന്ന് നമുക്കു തോന്നുന്നു. കാരണം സ്നാനാർത്ഥിക്കുതന്നെ സമയവും സ്നാനം കഴിഞ്ഞ് നീണ്ട പരിശോധനയും ആവശ്യമാണ്. 'അഹങ്കരിച്ച്, ശിക്ഷയിലും പിശാചിന്റെ കെണിയിലും വീഴാതിരിക്കാൻ അവൻ ഒരു നവശിഷ്യനായിരിക്കരുത്' (1 തിമോ. 3:6) എന്നുള്ള ശ്ലൈഹികചൊല്ല് വ്യക്തമാണല്ലോ. എന്നാൽ പിന്നീട് ഏതെങ്കിലും ലൈംഗികപാപം[21] അവനിൽ കണ്ടുപിടിക്കപ്പെടുകയും രണ്ടോ മൂന്നോ സാക്ഷികളാൽ കുററപ്പെടുത്തപ്പെടുകയും ചെയ്താൽ അവൻ വൈദികസ്ഥാനത്ത് തുടരാൻ പാടില്ല. ഈ നടപടികളെ മറികടക്കുന്നവർ ഈ വലിയ സിനഡിനെ ധിക്കരിക്കുന്നതിനാൽ അവരുടെ വൈദികസ്ഥാനം നഷ്ടപ്പെടുത്തുകയായിരിക്കും.

പ്രാ. ച.

പുറജാതികളിൽനിന്നു വന്നവരെ വേഗത്തിൽ വൈദിക സ്ഥാനത്തേയ്ക്ക് ഉയർത്തരുത്. കാരണം കുറേക്കാലത്തെ പരിശോധനയില്ലെങ്കിൽ നവശിഷ്യൻ ശരിയാകില്ല. എന്നാൽ പട്ടത്തിനുശേഷം മുൻകാലപാപം അറിയപ്പെട്ടാൽ അവനെ വൈദികസ്ഥാനത്തുനിന്ന് നീക്കം ചെയ്യണം.

### വിശദീകരണം

സ്നാനം സ്വീകരിച്ച ഉടനെ ആരെയും വൈദികസ്ഥാനത്തുയർത്താൻ പാടില്ല എന്ന് കാനൻ അനുശാസിക്കുന്നു. എന്നാൽ നിഖ്യാ

---

20. 'കാനോൻ' എന്നാണ് വാക്ക്; നിഖ്യായ്ക്ക് മുൻപുള്ള ഏതോ കാനോനായിരിക്കാം പരാമർശനം. അല്ലെങ്കിൽ നടപ്പുള്ള സഭാകീഴ്വഴക്കം ആകാം.

21. 'Psychikon' എന്നാണ് വാക്ക്; ഇവിടെ 'ജഡികപാപം' എന്നർത്ഥം.

www.malankaralibrary.com



യുടെ നൂററാണ്ടിൽത്തന്നെ ഇതിന് നാം അപവാദം കാണുന്നു. അംബ്രോസ് സ്നാനവും വൈദികപട്ടവും മെത്രാൻപട്ടവും ഒന്നിച്ച് സ്വീകരിച്ചു.

കാനൻ 3

സ്വന്തം അമ്മ, സഹോദരി, അമ്മാവി, അതുപോലെ സംശയാതീതരായ മററ് ആളുകൾ എന്നിവരൊഴിച്ച് മെത്രായോ വൈദികനോ ശെമ്മാശ്ശനോ, വൈദികസ്ഥാനമുള്ള മററുള്ളവരോ തൻെറ കൂടെ ഒരു സ്ത്രീയേയും പാർപ്പിച്ചു കൂടായെന്ന് ഈ വലിയ സൂന്നഹദോസ് കർശനമായി വിലക്കുന്നു.

പ്രാ. ച.

സ്വന്തം അമ്മ, സഹോദരി, എല്ലാവിധ സംശയങ്ങൾക്കും അതീതരായ മററാളുകൾ എന്നിവരൊഴിച്ച് ഒരു സ്ത്രീയേയും വൈദികസ്ഥാനമുള്ളവർ തങ്ങളുടെ ഭവനത്തിൽ പാർപ്പിച്ചു കൂടാ.

വിശദീകരണം:

'സുമ്പ്ഇൻത്രാദുക്താ' 'സിനെയ്സാക്തോസ്': വൈദികസ്ഥാനമുള്ളവരുടെകൂടെ പാർപ്പിക്കുവാനായി കൊണ്ടുവരപ്പെട്ട ഏത് സ്ത്രീയേയും കുറിക്കാൻ ഈ പദം ഉപയോഗിക്കാം. ഭാര്യയോ, കാമുകിയോ, ഒന്നുമല്ല അർത്ഥമാക്കുന്നത്. അമ്മ, സഹോദരി, ആദിയായവരൊഴിച്ച് ഒരു സ്ത്രീയും വൈദികസ്ഥാനത്തുള്ളവരുടെ കൂടെ പാർക്കാൻ പാടില്ല എന്ന് കാനൻ അനുശാസിക്കുന്നു.

കാനൻ 4

ഒരു പ്രോവിൻസിലെ എല്ലാ മെത്രാൻമാരും കൂടി ഒരു മെത്രാനെ വാഴിക്കുക എന്നത് സർവ്വാത്മനാ ആദരണീയമാണ്. അത്യാവശ്യത്താലോ, ദൂരം കൊണ്ടോ ഇത് പ്രയാസമാണെങ്കിൽ, കുറഞ്ഞത് മൂന്നുപേരെങ്കിലും ഒന്നിച്ചുകൂടുകയും വരാത്തവരുടെ സമ്മതം എഴുതിവാങ്ങുകയും ചെയ്തിട്ട് പട്ടം കൊടുക്കണം. എന്നാൽ എല്ലാ പ്രോവിൻസിലും, നടന്ന സംഗതികളുടെ സ്ഥിരീകരണം മെത്രാപ്പോലീത്തായ്ക്ക് വിട്ടുകൊടുക്കണം.

www.malankaralibrary.com



പ്രാ. ച്ച.

ഒരു പ്രോവിൻസിലെ[22] എല്ലാ മെത്രാൻമാരുംകൂടി—കുറഞ്ഞ പക്ഷം മൂന്നു പേരെങ്കിലും കൂടി—മെത്രാനെ തിരഞ്ഞെടുക്കണം; മററുള്ളവർ തങ്ങളുടെ സമ്മതം കത്തുവഴി അറിയിക്കണം; എന്നാൽ ഈ തിരഞ്ഞെടുപ്പ് മെത്രാപ്പോലീത്താ സ്ഥിരീകരിക്കണം.

വിശദീകരണം;

മെത്രാൻമാരെ തെരഞ്ഞെടുക്കുന്ന യോഗത്തിൽ നാലു നിബന്ധനകളാണ് നിഖ്യാ വയ്ക്കുന്നത്: 1. ഏതെങ്കിലും സഭാപ്രോവിൻസിലെ ഒരു മെത്രാന് തനിയെ വേറൊരാളെ മെത്രാനായി നിയമിക്കാൻ സാദ്ധ്യമല്ല. 2. കുറഞ്ഞത് മൂന്നു മെത്രാൻമാരെങ്കിലും ഒന്നിച്ചു കൂടണം. 3. സന്നിഹിതരല്ലാത്തവരുടെ രേഖാമൂലമുള്ള സമ്മതമില്ലാതെ അവർ ഒന്നും ചെയ്യാൻ പാടില്ല. 4. തെരഞ്ഞെടുപ്പ്, മെത്രാപ്പോലീത്തായുടെ സ്ഥിരീകരണത്തിന് സമർപ്പിക്കപ്പെടണം. മെലീഷ്യൻ ശീശ്മയുടെ പശ്ചാത്തലത്തിലാണ് ഇതിനെ മനസ്സിലാക്കേണ്ടത്. മററു മെത്രാൻമാരോട് ആലോചിക്കാതെ മെലീഷ്യസ് ഈജിപ്തിലുടനീളം മെത്രാൻമാരെ വാഴിച്ചു നിയമിച്ചു. മെത്രാപ്പോലീത്തായെ ബോധിപ്പിക്കാനും അദ്ദേഹം കൂട്ടാക്കിയില്ല. തൽഫലമായി ശീശ്മ ഉടലെടുത്തു. ഇത്തരം നടപടി മേലിൽ ഉണ്ടാകാതിരിക്കാനാണ് ഈ കാനൻ.

കാനൻ 5

പലപ്രവിശ്യകളിലായി മുടക്കപ്പെട്ട വൈദികരെയും അൽമായരെയും സംബന്ധിച്ച്: ആരെങ്കിലും ഒരാരം മുടക്കിയ ആളെ മററുള്ളവർ സ്വീകരിക്കാതിരിക്കട്ടെ എന്ന കാനൻ[23] മെത്രാൻമാർ പാലിക്കട്ടെ.

---

22. 'എൻ തോ എപ്പാർക്കിയ': സിവിൽ പ്രോവിൻസ്. സഭാപ്രോവിൻസ് സിവിൽ പ്രോവിൻസിൽനിന്നു വ്യത്യസ്തമായിട്ടു വരുമ്പോഴും ഈ വാക്ക് ഉപയോഗിക്കുന്നു.

23. നിഖ്യാക്ക് മുൻപുള്ള കാനോനികനിയമങ്ങളെക്കുറിച്ചാണ് ഈ ഡിക്രി പരാമർശിക്കുന്നത്. എൽവീരാ സിനഡിന്റെ (306) കാനോനാകളിൽ 53—ാമത്തേതും ആർലസ് (Arles) സിനഡിന്റെ (314) 22 കാനോനാകളിൽ 16—ാമത്തേതും മുടക്കപ്പെട്ടവരെപ്പററി ചർച്ച ചെയ്യുന്നു. എൽവീരായുടെ തീരുമാനപ്രകാരം മുടക്കിയ മെത്രാനു മാത്രമേ മുടക്കു തീർക്കുവാൻ സാധിക്കൂ. ആർലസ് സിനഡനുസരിച്ച്

www.malankaralibrary.com



ഛിദ്രവാസനയാലോ, കലഹപ്രിയത്താലോ, മെത്രാൻെറ കരുണാരാഹിത്യം ആദിയായ മററു കാരണത്താലോ ആണോ അവൻ സഭാഭ്രഷ്ടനാക്കപ്പെട്ടത് എന്ന് അന്വേഷിക്കണം. ഇക്കാര്യം സംബന്ധിച്ച് വേണ്ടവണ്ണം പരിശോധിക്കപ്പെടുവാനായി ഇപ്രകാരം തീർപ്പു കല്പിക്കുന്നു: എല്ലാ പ്രവിശ്യകളിലും ആണ്ടിൽ രണ്ടു പ്രാവശ്യം സിനഡ് കൂടണം. പ്രവിശ്യയിലെ എല്ലാ മെത്രാൻമാരും ഒന്നിച്ചു കൂടുമ്പോൾ ഈ വകപ്രശ്നങ്ങൾ പൂർണ്ണമായി പരിശോധനാവിധേയമാക്കണം. സ്വന്തം മെത്രാനെതിരായി തെററുചെയ്തവർ, ശരിയായിട്ടാണ് സഭാഭ്രഷ്ടരാക്കപ്പെട്ടതെന്ന് എല്ലാവരും ഗ്രഹിക്കാനാണിത്. മെത്രാൻമാരുടെ ഒരു പൊതുമീററിംഗിൽ വച്ച് പിന്നീട് കുറേക്കൂടി കരുണാർദ്രമായ ഒരു വിധി അവരുടെമേൽ പ്രസ്താവിക്കാൻ സാധിക്കുന്നതുവരെ ഇതു തുടരട്ടെ. ഈ സിനഡുകളിൽ ഒന്ന് വലിയ നോമ്പിനു മുമ്പും മററത് ശരത്കാലത്തും ആയിരിക്കട്ടെ. എല്ലാ കൈപ്പും മാററിവയ്ക്കപ്പെട്ട് ദൈവത്തിന് പരിശുദ്ധമായഅർപ്പണം നടത്താൻവേണ്ടിയാണിത്.

പ്രാ. മ്യ.

ഭീരുത്വം, കലഹം അതുപോലെയുള്ള മററു കാരണങ്ങൾ എന്നിവയാലല്ലാതെയുള്ള സാഹചര്യത്തിൽ ഒരു മെത്രാനാൽ മുടക്കപ്പെട്ടവരെ മററുള്ളവർ സ്വീകരിക്കാൻ പാടില്ല. ഇക്കാര്യം നന്നായി ശ്രദ്ധിക്കാൻ വർഷംതോറും വലിയ നോമ്പിനുമുമ്പും ശരത്കാലത്തും ആയി രണ്ടു സിനഡുകൾ കൂടണം.

## വിശദീകരണം:

നിഖ്യാ അനുശാസിക്കുന്നുവെങ്കിലും അപൂർവ്വമായേ മെത്രാൻമാർ ഇപ്രകാരം ഒന്നിച്ചു കൂടിയിരുന്നുള്ളു. ഗ്രിഗറി നസ്യാൻസൻെറ അഭിപ്രായം സാർവ്വത്രികമായെന്നു തോന്നും ഇതു കണ്ടാൽ; രണ്ടാം സാർവത്രിക സൂനഹദോസിൻെറ (381) അവസാന യോഗങ്ങളിൽ സംബന്ധിക്കാൻ അദ്ദേഹം വിസമ്മതിച്ചു: 'മെത്രാൻമാരുടെ എല്ലാ മീററിംഗുകളിൽനിന്നും ഒഴിഞ്ഞിരിക്കുവാൻ ഞാൻ തീരുമാനിച്ചിരിക്കയാണ്; കാരണം ഒരു സിനഡും നന്നായി അവസാനിച്ചതായി ഞാൻ കണ്ടിട്ടില്ല; അവ പ്രശ്നങ്ങൾ വർദ്ധിപ്പിക്കുകയല്ലാതെ, കുറച്ചിട്ടില്ല.'[24] മെത്രാൻമാരുടെ സിനഡിനോ മുടക്കിയ മെത്രാനോ മുടക്ക് തീർക്കാൻ അനുവാദമുണ്ട്. ഈ രീതിയിലും പലരും ഈ കാനൻ മനസ്സിലാക്കിയിരുന്നു.

---

മുടക്കിയ സ്ഥലത്തുവച്ചേ വീണ്ടും സഭയിൽ പ്രവേശിപ്പിക്കാവൂ. ഒരാൾ മുടക്കിയ ആളെ മറെറാരാൾ സ്വീകരിച്ചുകൂടാ എന്നർത്ഥം.

24. പ്രൊക്കോപ്പിയസിനുള്ള ലേഖനം: PG. 130.

www.malankaralibrary.com



## കാനൻ 6

ഈജിപ്ത്, ലിബിയ, പെൻറാപോലിസ് എന്നിവിടങ്ങളിലെ പ്രാചീന പാരമ്പര്യമനുസരിച്ച് അലക്സാണ്ട്റിയായിലെ മെത്രാന് ഇവകളിൻമേലുള്ള അധികാരം നിലനിൽക്കട്ടെ. കാരണം, റോമിലെ മെത്രാനും ഇപ്രകാരമാണല്ലോ പതിവ്.[25] അതുപോലെ അന്ത്യോക്യയിലും മററ് പ്രവിശ്യകളിലും സഭകൾ അവരവരുടെ അവകാശങ്ങൾ നിലനിർത്തട്ടെ. മെത്രാപ്പോലീത്തയുടെ സമ്മതം കൂടാതെ ആരെയെങ്കിലും മെത്രാനാക്കിയാൽ, അപ്രകാരമുള്ളവർ മെത്രാനായിരിക്കാൻ പാടില്ല എന്ന് ഈ വലിയ സൂനഹദോസ് തീർപ്പുകൽപിക്കുന്നു. ഇത് സർവ്വത്രികമായി സകലരും അറിഞ്ഞിരിക്കട്ടെ. എന്നാൽ രണ്ടോമൂന്നോ മെത്രാൻമാർ തർക്കത്തിനുള്ള സ്വാഭാവിക പ്രേരണയാൽ മററുള്ളവരുടെ പൊതുതീരുമാനത്തെ എതിർത്താൽ ഭൂരിപക്ഷതീരുമാനം നിലനില്ക്കും എന്നത് ബുദ്ധിപൂർവ്വവും സഭാനിയമാനുസാരവുമാണ്.

### പ്രാ. ച

അലക്സാണ്ട്റിയായിലെ മെത്രാന് ഈജിപ്ത്, ലിബിയാ, പെൻറാപോലീസ് എന്നിവമേൽ അധികാരം ഉണ്ടായിരിക്കും. റോമിനു കീഴ്പ്പെടുന്നവരുടെമേൽ റോമൻ മെത്രാനുള്ളതുപോലെ. അതുപോലെ അന്ത്യോക്യയിലെ മെത്രാനും കീഴുള്ളവരുടെമേൽ അധികാരം ഉണ്ടായിരിക്കും. മെത്രാപ്പോലീത്തായുടെ തീരുമാനത്തിനെതിരായി ആരെങ്കിലും മെത്രാനായാൽ അവൻ മെത്രാനായിരിക്കാൻ പാടില്ല. കാനനനുസരിച്ചു ഭൂരിപക്ഷം തീരുമാനമെടുക്കയും മൂന്നുപേർ എതിർക്കുകയും ചെയ്താൽ, അവരുടെ എതിർപ്പിന് ഒരു വിലയുമില്ല.

---

25. പാത്രിയാർക്കേററുകളുടെ രൂപീകരണ പ്രക്രിയയിലേക്ക് വിരൽ ചൂണ്ടുകയാണ് ഈ കാനൻ. അലക്സാണ്ട്റിയൻ മെത്രാന് സിവിൾ പ്രോവിൻസിൽ മാത്രമല്ല അധികാരം (മെത്രാപ്പോലീത്താമാർക്ക് അപ്രകാരം അധികാരം ഉണ്ടല്ലോ: കാനൻ 4) ഈജിപ്ത് എന്ന 'സിവിൾ രൂപത'യിലുള്ള എല്ലാ പ്രോവിൻസുകളിലെയും സഭകളുടെമേൽ അദ്ദേഹത്തിന് അധികാരം ഉണ്ട്. അതോടൊപ്പം ലിബിയ, പെൻറാപോലീസ്, സിറനായ്ക എന്നീ പ്രോവിൻസുകളിലും അധികാരം ഉണ്ട്. ഇവിടെ രൂപതയാണ് പ്രോവിൻസിനെക്കാൾ വലുത്.

www.malankaralibrary.com



വിശദീകരണം:

ഈ കാനനെ ആധാരമാക്കി വളരെയധികം ഗ്രന്ഥങ്ങളെഴുതപ്പെട്ടിട്ടുണ്ട്, സഭയിൽ നിലനിന്ന പാരമ്പര്യം ഉറപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ കാനൻ എഴുതപ്പെട്ടത്.

പുതിയൊരധികാരം നൽകുകയല്ലിവിടെ.. 'പ്രാചീന പാരമ്പര്യമനുസരിച്ച്' എന്നതിൽനിന്ന് ഇത് വ്യക്തമാണ്. മെലീഷ്യസിന്റെ ആക്രമണവും ശീശ്മയും നിമിത്തം ഈജിപ്ഷ്യൻ സഭയിലുണ്ടായ പ്രശ്നമാണ് ഈ കാനന് ഹേതു. രണ്ടാംഭാഗം മററു മെത്രാപ്പോലീത്താമാർക്കുള്ള അധികാരം ഉറപ്പിക്കുകയും ചെയ്യുന്നു. ഡയോക്ലീഷന്റെ മതപീഡന കാലത്ത് അലക്സാണ്ട്റിയായിലെ പീററർ ഒളിസ്ഥലത്തിരുന്നുകൊണ്ട് സഭയെ നയിച്ചു. തദവസരം ലിക്കോപ്പൊലീസിലെ മെലീഷ്യസ്മെത്രാൻ മററു മെത്രാൻമാരുടെ രൂപതകളിൽ കടന്നാക്രമണം നടത്തി, പട്ടം കൊടുക്കാനും അധികാരം പ്രയോഗിക്കാനും തുടങ്ങി. 305/6ൽ അലക്സാണ്ട്റിയായിൽ കൂടിയ സിനഡ് മെലീഷ്യസിനെ മുടക്കി. ഉടനെ അദ്ദേഹം മെലീഷ്യൻ ശീശ്മ എന്ന പേരിൽ അറിയപ്പെടുന്ന പിളർപ്പ് ഉണ്ടാക്കി. അതു നൂററാണ്ടുകളാം തന്നെ നിലനിന്നു. 'പ്രസ്തുത ഗ്രൂപ്പുകാർ രക്തസാക്ഷികളുടെ സഭ' എന്ന പേരിൽ ഒരു സമൂഹത്തെ രൂപീകരിച്ചു. ആരിയൂസ് കുറേനാളം ഈ കക്ഷിയിൽ പെട്ട ആളായിരുന്നു. ഇക്കൂട്ടർക്കെതിരായിട്ടാണ് ഈജിപ്ത് ആദിയായ പ്രദേശങ്ങളിലെ പ്രാചീന പാരമ്പര്യം ഒരു നിയമമായി നിഖ്യാ പ്രഖ്യാപിച്ചത്.

## കാനൻ 7

ഏലിയായുടെ [26] മെത്രാൻ ബഹുമാനിക്കപ്പെടണം എന്ന പ്രാചീന പാരമ്പര്യവും ആചാരവുമനുസരിച്ച് മെത്രാപ്പൊലീസിന്റെ പദവി അംഗീകരിച്ചുകൊണ്ട്, ഥാന്യസ്ഥാനം ഉണ്ടായിരിക്കണം. [27]

---

26. ജറുസലേമിന്റെ;

27. കേസറിയാ മെത്രാപ്പോലീത്തായുടെ സാമന്തനായ ജറുസലേം മെത്രാൻ ബഹുമാനിക്കപ്പെടണം. അധികാരത്തിൽ ആകട്ടെ ജറുസലേം കേസറിയായ്ക്ക് കീഴ്പ്പെട്ടിരിക്കണം. ഈ പ്രത്യേക സ്ഥിതിവിശേഷം 451—ലെ കാൽസിഡൺ സൂനഹദോസ് വരെ നീണ്ടുനിന്നു. അന്ന് ജറുസലേം ഒരു പാത്രിയാർക്കേററായി ഉയർത്തപ്പെടുകയും മെത്രാനായ ജൂവെനാൽ പാത്രിയാർക്കീസായി തീരുകയും ചെയ്തു.

www.malankaralibrary.com



പ്രാ· ച·

മെത്രോപ്പൊലീസിന്റെ അവകാശങ്ങൾ അഭംഗുരം സംരക്ഷിക്കപ്പെട്ടുകൊണ്ട്, ഏലിയായുടെ മെത്രാൻ ബഹുമാനിക്കപ്പെടണം.

വിശദീകരണം:

ആദ്യകാലങ്ങളിൽ കേസറിയായുടെ ഒരു സമാന്തര രൂപതമാത്രമായിരുന്നു ജറുശലേം (ഏലിയ). മെത്രോപ്പൊലീസ് എന്നുപറുന്നതു കേസറിയായെക്കുറിച്ചാണ്. റോമാക്കാർ യഹൂദൻമാരുടെ യരുശലേം 130—ൽ നശിപ്പിച്ചിട്ട് 'ഏലിയാ കാപ്പിത്തോളീനാ' എന്ന പേരിൽ ഒരു നഗരം തൽസ്ഥാനത്ത് പണിതു. ഈ പേഗൻ പട്ടണത്തിൽ ക്രിസ്തീയ സമൂഹം വളർന്നു വരുന്നതായി രണ്ടാം നൂററാണ്ടിൽ നാം കാണുന്നു. ജറുസലേമിന്റെ പാവനതയെപ്പററിയുള്ള ചിന്ത ക്രൈസ്തവമനസിൽ പുനരുദ്ധരിക്കപ്പെടാൻ തുടങ്ങി. പോപ്പ് വിക്ടറിന്റെ കാലത്ത് 'ഈസ്ററർ പ്രശ്നം' ചർച്ചചെയ്യാൻ കൂടിയ സിനഡിൽ കേസറിയായിലെ തെയോഫിലസും യരുശലേമിലെ നർചീസൂസും അദ്ധ്യക്ഷൻമാരായിരുന്നു എന്ന് എവുസേബിയൂസ് സാക്ഷിക്കുന്നു.[28]

കാനൻ 8

'കത്താറി' എന്നുവിളിക്കപ്പെടുന്നവരെ സംബന്ധിച്ച് ഈ മഹാ പരിശുദ്ധ സൂനഹദോസ് ഇപ്രകാരം തീരുമാനിക്കുന്നു: അവരുടെ കൂട്ടത്തിൽനിന്ന് കാതോലികവും അപ്പസ്തോലികവുമായ സഭയിലേക്ക് വരുന്ന പട്ടം[29] ഉള്ളവർ വൈദികസമൂഹത്തിൽ തുടരട്ടെ.[30] എന്നാൽ അവർ കാതോലികവും അപ്പസ്തോലികവുമായ സഭയുടെ തത്വങ്ങൾ അനുസരിക്കുകയും അനുവർത്തിക്കുകയും ചെയ്യുമെന്നും എല്ലാററിനും മുൻപേ എഴുതി പ്രഖ്യാപിക്കേണ്ടത് അത്യാവശ്യമാണ്. പ്രത്യേകമായി, പുനർവിവാഹം നടത്തിയവരു

28. സഭാചരിത്രം. 5: 23.

29. 'വരുന്നവരുടെമേൽ കൈവയ്പ് നടത്തണം' എന്നും ചിലർ വായിക്കുന്നു.

30. വിവിധ രീതികളിൽ ഈ ഭാഗം വ്യാഖ്യാനിക്കപ്പെടുന്നു: (i) കത്താറികളുടെ (നൊവേഷ്യരുടെ) പട്ടം കത്തോലിക്കാ

www.malankaralibrary.com



മായും, മതപീഡനകാലത്തു 'വീണുപോകയും,' 31 കല്പിക്കപ്പെട്ട നിശ്ചിത കാലയളവിൽ പ്രായശ്ചിത്തം അനുഷ്ഠിക്കുകയും തിരിച്ചുവരവിന് ഒരു കൃത്യസമയം നിശ്ചയിക്കപ്പെടുകയും ചെയ്തവരുമായും, സഹകരിക്കുമെന്നും, എല്ലാ കാര്യങ്ങളിലും കത്തോലിക്കാസഭയുടെ തത്ത്വങ്ങൾ പിൻചെല്ലുമെന്നും പ്രഖ്യാപിക്കണം; ഇവരുടെ കൂട്ടത്തിൽ നിന്ന് പട്ടം ഏറ്റവർ ഗ്രാമങ്ങളിലായാലും, പട്ടണങ്ങളിലായാലും വൈദികസ്ഥാനത്തും, അവർ നില്ക്കുന്ന ക്രമത്തിലും നിലനില്ക്കട്ടെ. എന്നാൽ കത്തോലിക്കാസഭയുടെ മെത്രാനോ വൈദികനോ ഉള്ള സ്ഥലങ്ങളിൽ സഭയുടെ മെത്രാന് 32 മെത്രാന്റെ സ്ഥാനം ഉണ്ടായിരിക്കും എന്നത് വ്യക്തമാണല്ലോ. 'കത്തറി' എന്നു വിളിക്കപ്പെടുന്നവരുടെ മെത്രാനെന്ന് പേരുള്ള ആൾക്ക് വൈദികന്റെ സ്ഥാനമേ ഉണ്ടായിരിക്കൂ; എന്നാൽ ആ സ്ഥാനമാഹാത്മ്യത്തിൽ അയാൾക്കു ഭാഗഭാഗിത്വം നൽകുന്നത് യുക്തമെന്ന് മെത്രാന് ബോദ്ധ്യമെങ്കിൽ അങ്ങനെയാകാം. ഇത് തൃപ്തികരമല്ലെങ്കിൽ അദ്ദേഹത്തിന് കോറെപ്പിസ്കോപ്പാ എന്ന സ്ഥാനമോ, വികാരിസ്ഥാനമോ നൽകി ഒരിടത്താക്കട്ടെ. ഒരേസ്ഥലത്ത് രണ്ടു മെത്രാൻമാർ ഉണ്ടാകാതിരിക്കാനും അദ്ദേഹം വൈദികസമൂഹത്തിലാണെന്ന് കാണപ്പെടുവാനും വേണ്ടിയാണിത്.

പ്രാ. ച.

തിരികെ വരാൻ ആഗ്രഹിക്കുന്ന 'കത്തറി', പുനർവിവാഹം ചെയ്തവരുമായി സഹകരിക്കാൻ സന്നദ്ധരാണെന്നും 'വീണവരോട്' ക്ഷമിക്കാൻ തയാറാണെന്നും ആദ്യമേ പ്രഖ്യാപനം നടത്തണം. ഈ അടിസ്ഥാനത്തിൽ വൈദികസ്ഥാനത്തുള്ളവർ ആ

---

സഭ അംഗീകരിക്കുന്നു. (ii) കത്തറികളിൽനിന്ന് വരുന്ന 'വൈദിക' സ്ഥാനികൾക്ക് വീണ്ടും പട്ടം നല്കി വൈദികസ്ഥാനങ്ങളിൽ നിയമിക്കണം. (iii) കൈവയ്പ്, പട്ടത്തെയല്ല കുറിക്കുന്നത് പിന്നെയോ രമ്യതയുടെ ശുശ്രൂഷയെയത്രേ. ശീശ്മനീക്കി അവരെ സഭയിൽ തിരികെ എടുക്കുകമാത്രം നടത്തിയാൽമതി.

31. 'lapsi' 'വീണവർ', പേജ് 69 കാണുക

32. കത്തോലിക്കാ സഭയുടെ മെത്രാന്,

www.malankaralibrary.com



സ്ഥാനങ്ങളിൽത്തന്നെ തുടരട്ടെ. അതായത്, മെത്രാൻ മെത്രാനായിത്തന്നെ തുടരട്ടെ. 'കത്തറി'കളുടെ ഇടയിൽ മെത്രാനായിരുന്നവൻ 'കോറെപ്പിസ്കോപ്പാ' ആകുകയോ വികാരിയുടെയോ മെത്രാൻെറയോ ബഹുമാനം അനുഭവിക്കുകയോ ചെയ്യട്ടെ. കാരണം, ഒരേ സഭയിൽ രണ്ടു മെത്രാൻമാർ പാടില്ല.

## വിശദീകരണം:

നൊവേഷ്യൻ എന്ന റോമൻ വൈദികൻ പോപ്പ് കൊർണേലിയൂസിനെ എതിർത്തു പാപ്പായായി. 251ൽ മെത്രാനായ അദ്ദേഹത്തിൻെറ പിൻഗാമികളാണ് 'കത്തറി' (പരിശുദ്ധർ) എന്നറിയപ്പെടുന്നവർ. പാപികളോട് ക്ഷമിക്കാൻ സഭയ്ക്ക് അധികാരമില്ല എന്ന് ഇക്കൂട്ടർ വാദിച്ചു. പല സിനഡുകൾ ഇവരെ പുറം തള്ളിയെങ്കിലും വളരെക്കാലം ഇവർ നിലനിന്നു. കത്തോലിക്കാ സഭയിൽനിന്ന് ഇവരുടെകൂടെ കൂടിയവർക്ക് ഇവർ വീണ്ടും സ്നാനം കൊടുത്തിരുന്നു. ഇവർ പുനർവിവാഹം പാടേ തിരസ്ക്കരിച്ചു.

നിഖ്യായുടെ കാലത്ത് കോൺസ്റ്റാൻറിനോപ്പിളിൽ അചേസിയൂസ് എന്നൊരു നൊവേഷ്യൻ മെത്രാനുണ്ടായിരുന്നു. ആരിയൂസിനെതിരായ നിഖ്യായുടെ പ്രഖ്യാപനങ്ങളൊക്കെ അദ്ദേഹം സ്വീകരിച്ചെങ്കിലും ശീശ്മയിൽത്തന്നെ തുടർന്നു. മാരകപാപം ചെയ്തവരെ സഹാസംസർഗ്ഗത്തിലേക്ക് കൊണ്ടുവരാൻ പാടില്ല എന്ന പ്രാചീന പാരമ്പര്യം ഉപേക്ഷിക്കപ്പെട്ടിരിക്കുന്നതിനാലാണ് തനിക്ക് കത്തോലിക്കാ സഭയുമായി യോജിക്കാൻ സാധിക്കാത്തത് എന്ന് അചേസിയൂസ് കോൺസ്റ്റൻറൈനെ ധരിപ്പിച്ചു. 'പ്രായശ്ചിത്തം ചെയ്യാൻ സഭയ്ക്ക് പ്രേരിപ്പിക്കാം. എന്നാൽ പാപമോചനം ഉറപ്പുവരുത്താൻ സഭയ്ക്ക് സാധ്യമല്ല; ദൈവത്തിൻെറ വിധിക്കത് വിട്ടുകൊടുക്കണം' എന്നിങ്ങനെ അദ്ദേഹം വാദിച്ചപ്പോൾ കോൺസ്റ്റൻറൈൻ പറഞ്ഞു: അചേസിയൂസ്, ഒരേണിയെടുത്ത് തനിയെ സ്വർഗ്ഗത്തിലേക്കു കയറുക' (സൊക്രാട്ടസ്, സഭാചരിത്രം 1. 10).

കോർ-എപ്പിസ്കോപ്പാ ഗ്രാമത്തിലെ മെത്രാനാണ്. നഗരത്തിലെ മെത്രാന് എല്ലായിടത്തും പോകാൻ അസാദ്ധ്യമായപ്പോൾ അദ്ദേഹത്തിന് വിധേയനായി കോറെപ്പിസ്കോപ്പാമാർ വാഴിക്കപ്പെട്ടു. മൂന്നാം നൂററാണ്ടിൻെറ ഉത്തരാലട്ടത്തിൽ ഏഷ്യാമൈനറിലാണ് ഇതാദ്യം തുടങ്ങിയത്. അൻസീറാ (314), നെയോസെസറിയ (314) നിഖ്യാ (325) എന്നീ സൂനഹദോസുകൾ ഇവരെപ്പററി ചർച്ചചെയ്യുന്നുണ്ട് (ആദിമ സഭാപിതാക്കൻമാർ, പേ. 361f) നിഖ്യായിൽ കുറെ കോറെപ്പിസ്കോപ്പാമാർ സംബന്ധിച്ചിരുന്നു.

www.malankaralibrary.com



പിലക്കാലത്ത് മെത്രാൻമാർ അല്ലാത്ത ആളിനെയും കോറെപ്പിസ്കോപ്പാ എന്നു വിളിച്ചിരുന്നു. പട്ടണത്തിലെ മെത്രാനോട് സഹകരിച്ചും മെത്രാന് വിധേയനായും മാത്രമേ കോറെപ്പിസ്കോപ്പായയ്ക്ക് പ്രവർത്തിക്കാൻ അനുവാദമുണ്ടായിരുന്നുള്ളു.

കാനൻ 9

പരിശോധന കൂടാതെ ഏതെങ്കിലും വ്യക്തി വൈദികസ്ഥാനത്തേയ്ക്ക് കയററപ്പെടുകയോ, പരിശോധനയിൽ പാതകം ചെയ്തതായി വെളിപ്പെടുത്തപ്പെടുകയോ, കാനനെതിരായി ആരെങ്കിലും അവരുടെമേൽ കൈവയ്പ് നടത്തുകയോ ചെയ്താൽ, അവർ കുററം ഏററു പറഞ്ഞാലും ഇത്തരം നടപടികൾ കാനൻ അംഗീകരിക്കുന്നില്ല; കാരണം കത്തോലിക്കാസഭ കുററമററവ മാത്രമേ സ്വീകരിക്കുന്നുള്ളു.

പ്രാ. ച.

പരിശോധന കൂടാതെ പട്ടമേല്ക്കപ്പെട്ടവർ, പിന്നീടുള്ള പരിശോധനയിൽ കുററക്കാരായി തെളിയിക്കപ്പെട്ടാൽ നിഷ്കാസിതരാകണം.

വിശദീകരണം:

പാതകം (കുററം) ആയി കരുതപ്പെടുന്നവ താഴെപ്പറയുന്ന തെററുകളാണ്: ദൈവദൂഷണം, ദ്വിഭാര്യാത്വം, പാഷണ്ഡത, വിഗ്രഹാരാധന, മന്ത്രവാദം ആദിയായവ. ഇത്തരം തെററുകളിൽ ഉൾപ്പെട്ടവർ വൈദികസ്ഥാനങ്ങളിലേയ്ക്ക് ഉയർത്തപ്പെടാനേ പാടില്ല എന്നതായിരുന്നു പ്രാചീനപാരമ്പര്യം.

കാനൻ 10

അജ്ഞത മൂലമോ പട്ടം നൽകുന്ന ആളിന്റെ അറിവോടുകൂടിയോ വിശ്വാസ ത്യാഗിയായ ഒരാൾക്ക് പട്ടം നൽകപ്പെടുന്നത് സഭയുടെ കാനനെ പ്രതികൂലമായി ബാധിക്കുന്നില്ല; കാരണം, അറിയപ്പെടുമ്പോൾ അവൻ നിഷ്കാസിതനാകണം.

പ്രാ. ച.

പട്ടം കൊടുത്തവർ അറിഞ്ഞോ അറിയാതെയോ പട്ടംസ്വീകരിച്ച് ഉയർത്തപ്പെട്ട വിശ്വാസത്യാഗികൾ നിഷ്കാസിതരാകണം.

www.malankaralibrary.com



വിശദീകരണം:

ഈ കാനനും 9—ാം കാനനും തമ്മിലുള്ള വ്യത്യാസം ഇതാണ്: 1. ഈ കാനൻ വിശ്വാസത്യാഗികളെ മാത്രം പരാമർശിക്കുന്നതാണ്. കാനൻ 9 എല്ലാത്തരം പാതകങ്ങളെയും പരാമർശിക്കുന്നു. 2. ഈ കാനൻ വൈദികസ്ഥാനത്തുള്ള എല്ലാവരെയും ബാധിക്കുന്നു; കാനൻ 9—ആകട്ടെ വൈദികരെ (Presbyters) മാത്രം ബാധിക്കുന്നു. അറിഞ്ഞുകൊണ്ട് പട്ടം നൽകുന്ന മെത്രാന്റെ ശിക്ഷയെപ്പററി കാനൻ ഒന്നും പറയുന്നില്ല. അനുതപിച്ചാലും വിശ്വാസത്യാഗിക്ക് പട്ടം കൊടുക്കുവാൻ പാടില്ല എന്നതാണ് സംശയാതീതമായ സംഗതി.

## കാനൻ 11

ലിചീനിയൂസിന്റെ കിരാതവാഴ്ചയുടെ കാലത്തേതുപോലെ[33] വസ്തുവകകൾ നഷ്ടപ്പെടാതെയും, ആപത്തോ, അതുപോലെ എന്തെങ്കിലുമോ കൂടാതെയും; നിർബന്ധം ഒന്നും കൂടാതെയും 'വീണ'വരെ സംബന്ധിച്ചു സിനഡ് ഇപ്രകാരം പ്രഖ്യാപിക്കുന്നു. അവർ ദയ അർഹിക്കുന്നില്ലെങ്കിലും അവരോട് കാരുണ്യപൂർവ്വം വർത്തിക്കണം. ഹൃദയപൂർവ്വം അനുതപിക്കുന്നെങ്കിൽ 'സഹകരിക്കുന്നവരാകാൻ' അവർ മൂന്നു വർഷം 'ശ്രോതാക്കളുടെ കൂടെ' ആയിരിക്കണം; ഏഴു വർഷം 'പ്രണാമകരായി' കഴിയണം. ബലിയിൽ സംബന്ധിക്കാതെ രണ്ടുവർഷം പ്രാർത്ഥനകളിൽ മാത്രം അവർ സമ്പർക്കം പുലർത്തട്ടെ

പ്രാ. ച.

സാഹചര്യം ഒന്നുംകൂടാതെ 'വീണവർ' കരുണ അർഹിക്കുന്നില്ലെങ്കിലും അവരോട് കുറെ ദയ കാണിക്കണം. അവർ പന്ത്രണ്ടു വർഷം 'പ്രണാമകരമായി' വർത്തിക്കട്ടെ.

---

33. 324—ൽ ലിചീനിയൂസ് കോൺസ്ററൻടൈനുമായി ഏററുമുട്ടി തോല്ക്കുന്നതുവരെ കുറെ നാളത്തേക്ക് കിരാതഭരണം നടത്തി. ലിചീനിയസിന്റെകൂടെ കൂടി കോൺസ്ററൻടൈനെതിരായി യുദ്ധം ചെയ്തവരെ 'വീണ'വരായി പരിഗണിച്ചിരുന്നു. ലിചീനിയൂസ് വിഗ്രഹാരാധനയ്ക്ക് പ്രേരിപ്പിച്ചു.

www.malankaralibrary.com



വിശദീകരണം

'വീണവർ' എന്നത് വിശ്വാസത്തിൽ നിന്ന് വ്യതിചലിച്ച് വിശ്വാസവിരുദ്ധമായവ പ്രവർത്തിക്കാൻ ഇടയായവരെപ്പറ്റിയാണ്. അനുതപിക്കുന്ന പാപികൾ ആദിമസഭയിൽ പല ഗണങ്ങളായി തിരിക്കപ്പെട്ടിരുന്നു. ഒന്നാമത് 'കരയുന്നവർ'. അവർ ദേവാലയത്തിന്റെ മുൻവശത്ത് വാതിലിനുപുറത്തുനിന്നുകൊണ്ടു പരിഹാരം അനുഷ്ഠിച്ചിരുന്നു. പ്രതികൂല കാലാവസ്ഥയിലൊക്കെ അവർ അവിടെ ത്തന്നെനിന്നു പ്രായശ്ചിത്തം അനുഷ്ഠിക്കണമായിരുന്നു. ദൈവാലയത്തിൽ പ്രവേശിക്കുന്ന വിശ്വാസികളുടെ പ്രാർത്ഥന അവർ അവിടെ നിന്നുകൊണ്ട് യാചിക്കുന്നു. രണ്ടാമത് 'ശ്രോതാക്കൾ'. ദൈവാലയത്തിൽ ഹൈക്കലായുടെ ഏററം പടിഞ്ഞാറുവശത്തു ഇക്കൂട്ടർ നിന്നുകൊണ്ടു ദൈവവചനവും പ്രസംഗവും ശ്രവിക്കുന്നു. സ്നാനാർത്ഥികളോടുകൂടി അനാഫറയ്ക്കുമുൻപ് പള്ളിക്കു പുറത്ത് പോകുവാൻ ഇക്കൂട്ടർ ബാധ്യസ്ഥരായിരുന്നു. മൂന്നാമത്തെത് 'പ്രണാമകർ'. അവർക്കുവേണ്ടിയുള്ള ചില പ്രാർത്ഥനകൾ വിശ്വാസികളോടൊപ്പം ചൊല്ലുവാൻ അവർക്കു സ്വാതന്ത്ര്യമുണ്ടായിരുന്നു. 'ശ്രോതാക്കളെ'ക്കാൾ കുറേകൂടി ഉള്ളിലായി ഇവർ നിന്നു പ്രാർത്ഥിക്കുന്നു. പിരിഞ്ഞു പോകുന്നതിനുമുമ്പ് മെത്രാന്റെ കൈവെപ്പിനുവേണ്ടി ഇക്കൂട്ടർ സാഷ്ടാംഗപ്രണാമം ചെയ്തിരുന്നു. അതിൽനിന്നു 'പ്രണാമകർ' എന്നു പേരുണ്ടായി. നാലാമത്തെക്കൂട്ടർ 'സമ്പർക്കം പുലർത്തുന്നവർ.' വിശ്വാസികളോടൊപ്പം നിൽക്കുകയും പ്രാർത്ഥനയിൽ പങ്കുകൊള്ളുകയും ചെയ്യുന്നു. വിശ്വാസികൾ ബലി അർപ്പിച്ച് കുർബാന സ്വീകരിക്കുമ്പോൾ ഇക്കൂട്ടർക്ക് ദേവാലയത്തിൽ നിൽക്കാൻ അനുവാദം ഉണ്ടായിരുന്നു. എന്നാൽ ബലി അർപ്പിക്കാനോ, കുർബാന സ്വീകരിക്കാനോ ഇവർക്ക് സാധ്യമായിരുന്നില്ല.

ആദിമസഭയിൽ വലിയ നോമ്പ് തുടങ്ങുന്ന അവസരം അനുതാപികളെ മാനസാന്തരത്തിന് ക്ഷണിച്ചുകൊണ്ടും, പ്രായശ്ചിത്തം നിശ്ചയിച്ചുകൊണ്ടും ഉള്ള ശുശ്രൂഷകളുണ്ടായിരുന്നു. പാപം ഏറ്റുപറച്ചിൽ രഹസ്യമായിട്ടായിരുന്നു. മെത്രാനോ, പട്ടക്കാരനോ, രഹസ്യമോ, പരസ്യമോ ആയ പ്രായശ്ചിത്തം നിശ്ചയിച്ചിരുന്നു. നോമ്പുകാലം മുഴുവൻ അനുതാപികൾ പരിഹാരം അനുഷ്ഠിക്കണം. പരസ്യപ്രായശ്ചിത്തം കഠിന പാപങ്ങൾക്കേ ഉണ്ടായിരുന്നുള്ളു എന്ന് തോന്നുന്നു. വ്യഭിചാരം, കൊലപാതകം, വിശ്വാസത്യാഗം എന്നിവ കഠിനപാതകങ്ങളായി കണക്കാക്കപ്പെട്ടിരുന്നു. അവ കഠിന പ്രായശ്ചിത്തവും ആവശ്യപ്പെട്ടു.

www.malankaralibrary.com



## കാനൻ 12

കൃപയാൽ വിളിക്കപ്പെടുകയും പ്രാരംഭതീക്ഷ്ണത പ്രകടമാക്കുകയും ചെയ്ത് സൈനികസേവനം ദൂരെയെറിഞ്ഞ ചിലർ, നായ്ക്കൾ ഛർദിയിലേക്ക് തിരിയുന്നതുപോലെ, പിന്നീടു തിരികെ പോയി (പണവും മററു സമ്മാനങ്ങളും വഴി തങ്ങളുടെ സ്ഥാനം തിരികെ എടുത്തു). ഇപ്രകാരമുള്ളവർ 'ശ്രോതാക്കളായി' മൂന്നു വർഷം ചെലവഴിച്ചശേഷം പത്തുവർഷം 'പ്രണാമകരായി' കഴിയട്ടെ. ഈ സന്ദർഭങ്ങളിലെല്ലാം അവരുടെ ലക്ഷ്യവും, അവരുടെ അനുതാപത്തിന്റെ സ്വഭാവവും പരിശോധിക്കേണ്ടതു് അത്യാവശ്യമാണ്. നാട്യം കൊണ്ടല്ല, പ്രത്യുത ഭയത്തോടും, കണ്ണുനീരോടും സ്ഥിരപരിശ്രമത്തോടും, സൽപ്രവൃത്തികളോടുംകൂടെ മാനസാന്തരത്തിന്റെ തെളിവ് നൽകുന്നവരെ, 'ശ്രോതാക്കൾ ആയി നിശ്ചയിക്കപ്പെട്ട കാലം തികയുമ്പോൾ, 'പ്രാർത്ഥനകളിൽ സമ്പർക്കം പുലർത്താൻ' അനുവദിക്കാവുന്നതാണ്. അതിനുശേഷം അവരെ സംബന്ധിച്ച് കുറേക്കൂടി ദാക്ഷിണ്യപൂർവ്വം മെത്രാനു തീരുമാനിക്കാവുന്നതാണ്. എന്നാൽ അലക്ഷ്യമായി ഈ കാര്യങ്ങൾ എടുക്കുകയും ദേവാലയത്തിൽ വരിക എന്നതുമാത്രം മാനസാന്തരത്തിന് മതിയായതാണെന്ന് കരുതുകയും ചെയ്യുന്നവൻ മുഴുവൻ സമയവും പൂർത്തിയാക്കണം.

പ്രാ. ച.

പീഡനത്തിനു വിധേയമായെങ്കിലും അതിനെ എതിർക്കുകയും എന്നാൽ പിന്നീട് ദുഷ്ടതയ്ക്കു കീഴ്പ്പെട്ട് പട്ടാളസേവനത്തിലേക്ക് പിൻതിരിയുകയും ചെയ്തവർ പത്തു വർഷത്തേയ്ക്ക് സഭാഭ്രഷ്ടരാക്കപ്പെടട്ടെ. ഓരോ സന്ദർഭവും അവർ പ്രായശ്ചിത്തം അനുഷ്ഠിക്കുന്ന രീതി പരിശോധനാ വിധേയമാക്കേണ്ടതാണ്. തണുത്തും, അലക്ഷ്യമായും പ്രായശ്ചിത്തം ചെയ്യുന്നവനേക്കാൾ, തീക്ഷ്ണമായി അനുവർത്തിക്കുന്നവനോട് മെത്രാൻ കൂടുതൽ ദാക്ഷിണ്യപൂർവ്വം വർത്തിക്കണം.

### വിശദീകരണം:

സാധാരണ സൈന്യസേവനമല്ല ഈ കാനൻ വിലക്കുന്നത്. ഇതിനൊരു പശ്ചാത്തലം ഉണ്ട്. ലിചീനിയൂസിന്റെ ഭരണകാലത്ത് സൈന്യത്തിലുള്ളവർ ഒരുതരം വിഗ്രഹാരാധന നടത്തണമെന്ന് നിർബന്ധമായിരുന്നു. പ്രത്യുത സാഹചര്യത്തിൽ കോൺസ്ററൻൈറനെതിരായി യുദ്ധം ചെയ്യാൻവേണ്ടി ലിചീനിയൂസിന്റെ കൂടെ കൂടിയ ക്രിസ്ത്യാനികളെയാണ് ലക്ഷ്യമാക്കുക. വിഗ്രഹാരാധനയും ക്രൈസ്തവാരാധനയും തമ്മിലുള്ള ഒരു

www.malankaralibrary.com



യുദ്ധമായിരുന്നു അവസാനത്തേത്. അപ്രകാരം ലിചീനിയുസിന്റെകൂടെ യുദ്ധം ചെയ്തവരെ 'വീണവരായി' കരുതിയിരുന്നു. 'ക്രിസ്ത്യാനികൾ രാജ്യസേവനത്തിൽ തല്പരരായിരുന്നു.' എന്ന് തെർത്തൂല്യനിൽനിന്നു വ്യക്തമാണ് (അപ്പൊളൊജിയ, 42). എന്നാൽ സൈന്യസേവനം നടത്താൻ വിസമ്മതം കാണിച്ചവരും ഉണ്ടായിരുന്നു.

## കാനൻ 13

ഏറ്റം അപരിത്യാജ്യവും അവസാനത്തേതുമായ 'യാത്രാഭക്ഷണം' മരണാസന്നവ്യക്തിക്ക് നിഷേധിക്കാൻ പാടില്ല എന്ന പുരാതന കാനോനികനിയമം, മരിക്കുന്നവരെ സംബന്ധിച്ചു പാലിക്കപ്പെടണം. രോഗാവസ്ഥയിൽ കുർബാന സ്വീകരിച്ചശേഷം ആരോഗ്യവാനായി തീരുന്നവൻ പ്രാർത്ഥനകളിൽമാത്രം 'സഹകരിക്കുന്നവരുടെ' കൂട്ടത്തിൽ നിൽക്കട്ടെ. കുർബാന സ്വീകരിക്കാൻ ആഗ്രഹം പ്രകടിപ്പിച്ചാൽ, പൊതുവെയും, മരണാസന്നരായവർക്ക് പ്രത്യേകിച്ചും മെത്രാന്റെ പരിശോധനയ്ക്കുശേഷം കുർബാന കൊടുക്കണം.

## പ്രാ. ച്യ.

മരണാസന്നർക്കു കുർബാന കൊടുക്കണം. അവർ സുഖം പ്രാപിച്ചാൽ പ്രാർത്ഥനകളിൽ 'സഹകരിക്കുന്നവരുടെ' കൂടെ മാത്രം നിർത്തണം.

## വിശദീകരണം:

'യാത്രാഭക്ഷണം' ഒന്നാമതായി കുർബാനയെ കുറിക്കുന്നു. സഭയുമായുള്ള രമ്യത, പാപമോചനാശീർവാദം എന്നിവയും ഇതിൽ ഉൾപ്പെടുന്നു. ക്രിസ്തീയ പരിപൂർണ്ണതയുടെ പൂർത്തീകരണമായി കുർബാനയെ ആദിമസഭ കണക്കാക്കി. സ്നാനവും മൂറോനഭിഷേകവും കഴിഞ്ഞാൽ ഉടനെ കുർബാന സ്വീകരിക്കുക എന്നത് പ്രാചീന പാരമ്പര്യമാണ്.

## കാനൻ 14

വിശ്വാസത്യാഗികളായ സ്നാനാർത്ഥികളെ സംബന്ധിച്ച് പരിശുദ്ധവും ശ്രേഷ്ഠവുമായ ഈ സൂന്നഹദോസ് ഇപ്രകാരം നിശ്ചയിക്കുന്നു: 'ശ്രോതാക്കളാ' ആയി മൂന്നു വർഷം ചെലവഴിച്ചശേഷം അവർക്ക് സ്നാനാർത്ഥികളോടൊപ്പം പ്രാർത്ഥിക്കാം.

www.malankaralibrary.com



പ്രാ. ച്യ.

'വീണുപോയ' സ്നാനാർത്ഥി മൂന്നു വർഷം 'ശ്രോതാവായിരിക്കണം'. പിന്നീട് അവന് സ്നാനാർത്ഥികളോടുകൂടെ പ്രാർത്ഥിക്കാം.

വിശദീകരണം:

ക്രിസ്ത്യാനികളാകാൻ ആഗ്രഹിച്ച്, മാമ്മോദീസയ്ക്ക് ഒരുങ്ങി തയ്യാറെടുക്കുന്നവരാണ് സ്നാനാർത്ഥികൾ. അവർ അൻപതുനോമ്പുകാലത്ത് വിശ്വാസപ്രമാണം, സദാരഹസ്യം, കർത്തൃപ്രാർത്ഥന ആദിയായവയുടെ വ്യാഖ്യാനങ്ങൾ സശ്രദ്ധം പഠിക്കുന്നു. ഉയിർപ്പുഞായറിനു മുൻപ് അവർ സ്നാനം സ്വീകരിച്ചു ക്രിസ്ത്യാനികളാകുന്നു. അതിനുമുൻപ് കുർബാനയുടെ അനാഫറായിൽ പങ്കെടുക്കുവാൻ അവർക്ക് അവകാശമില്ലായിരുന്നു.

കാനൻ 15

വലിയ കുഴപ്പങ്ങളും പ്രശ്നങ്ങളും ഉണ്ടാകുന്നതിനാൽ ചിലയിടങ്ങളിലുള്ള കാനോനികമല്ലാത്ത രീതി പൂർണ്ണമായി നിർത്തലാക്കേണ്ടതാണ്. പട്ടണത്തിൽനിന്ന് പട്ടണത്തിലേക്ക് മെത്രാൻമാരോ, പട്ടക്കാരോ, ശെമ്മാശൻമാരോ, മാറിമാറി പോകാൻ പാടില്ല. വിശുദ്ധവും ശ്രേഷ്ഠവും ആയ ഈ സൂനഹദോസിന്റെ ഡിക്രിക്ക് ശേഷം ആരെങ്കിലും അപ്രകാരം ചെയ്യാൻ മുതിരുകയോ, അപ്രകാരം തുടരുകയോ ചെയ്താൽ അവന്റെ പ്രവൃത്തി നിയമാനുസൃതമല്ലാതായിത്തീരും. അവൻ നിയമിക്കപ്പെട്ട സഭയിലെ മെത്രാനോ പട്ടക്കാരനോ ആയി അവൻ മടക്കി അയക്കപ്പെടണം.

പ്രാ. ച്യ.

മെത്രാനും, പട്ടക്കാരനും, ശെമ്മാശനും പട്ടണത്തിൽനിന്നു പട്ടണത്തിലേക്കു മാറിപ്പോകാൻ പാടില്ല. അങ്ങനെ ചെയ്യാൻ മുതിർന്നാൽ അവർ നിയമിക്കപ്പെട്ട സഭയിലേക്ക് മടക്കി അയയ്ക്കപ്പെടണം.

വിശദീകരണം:

ഏതെങ്കിലും ഒരു സഭയ്ക്കുവേണ്ടി നിയമിതനായ ആൾ അവിടെ നിന്നുമാറി മറ്റൊന്നു സ്വീകരിക്കാൻ പാടില്ല എന്നത് പ്രാചീന പാരമ്പര്യമായിരുന്നു. എന്നാൽ നിഖ്യായുടെ കാലത്തും ഇതിന് അപവാദങ്ങളുണ്ടായിരുന്നു. നിക്കോമേദിയായിലെ എവുസേബിയസ് (+342) അവിടെ വരുന്നതിനുമുമ്പ് ബെറിത്തൂസിലെ മെത്രാ

www.malankaralibrary.com



നായിരുന്നു. പിന്നീട് കോൺസ്റ്റാൻറിനോപ്പിളിലെ ആർച്ചുബിഷപ്പായി. അന്ത്യോകൃായിലെ എവുസ്താത്യോസ് ബേറോയായിലെ മെത്രാനായിരുന്നു. അത്തരം മാററങ്ങൾ നിയമസാധുത്വം ഇല്ലാത്തവയാണെന്നു നിഖ്യാ വിധിച്ചു. മാററം മൂലമുള്ള നിരവധി പ്രശ്നങ്ങളാണ് ഇതിനു കാരണം. 341—ൽ കൂടിയ അന്ത്യോകൃാസിനഡ് ഈ നിയമം ആവർത്തിച്ചു (കാ. 21). എന്നാൽ അതിനു ശേഷവും സഭയുടെ ആവശ്യം നിമിത്തം നിയമത്തെ മറികടക്കേണ്ടി വന്നു. ഉദാഹരണം വി. ക്രിസോസ്തോം, നെസ്തോറിയോസ് ആദിയായവർ. നിഖ്യായുടെ ഈ നിയമം പാരമ്പര്യംവഴി പണ്ടേ അസാധുവായിതീർന്നു എന്ന് 382—ൽ ഗ്രിഗറി നസ്യാൻസൻ വാദിച്ചു.

## കാനൻ 16

വൈദികരോ ശെമ്മാശ്ശൻമാരോ വൈദികസ്ഥാനത്തുള്ള മററാളുകളോ നയനങ്ങളിൽ ദൈവഭയമോ, സഭാനിയമങ്ങളോട് ബഹുമാനമോ കൂടാതെ സ്വന്തം ഇടവകയിൽനിന്ന് കൂസലില്ലാതെ ഇറങ്ങിത്തിരിച്ച് മറെറാരു ഇടവകയിൽ എത്തിച്ചേർന്നാൽ യാതൊരു കാരണത്താലും സ്വീകരിക്കപ്പെടരുത്. അവരുടെ ഇടവകയിലേക്ക് തിരികെ പോകുവാൻ എല്ലാത്തരം പ്രേരണയും ചെലുത്തണം. പോകാൻ കൂട്ടാക്കുന്നില്ലെങ്കിൽ അത്തരക്കാർ മുടക്കപ്പെടണം. ഒരു രൂപതയിൽ ഉൾപ്പെട്ട ഒരാളെ മെത്രാൻെറ അനുവാദം കൂടാതെ രഹസ്യമായി കൂട്ടിക്കൊണ്ടുപോയി മറെറാരു രൂപതയിൽ പട്ടം കൊടുത്താൽ വൈദികസ്ഥാനത്തേക്ക് പേര് രജിസ്ററർ ചെയ്യപ്പെട്ട ആളാണെങ്കിലും, ഈ പട്ടം വാസ്തവമല്ല.

പ്ര്വാ. ച്വ.

സ്വന്തം ഇടവക[34] ഉപേക്ഷിച്ച് മറെറാന്നിലേക്ക് പോകുന്ന വൈദികരെയും ശെമ്മാശ്ശൻമാരെയും സ്വീകരിക്കാൻ പാടില്ല. അവരെ അവരുടെ സ്വന്തം ഇടവകയിലേക്ക് മടക്കി അയയ്ക്കണം. മെത്രാൻെറ അനുവാദം കൂടാതെ മററ് രൂപതയിൽനിന്ന് ഒരാൾക്ക് പട്ടം കൊടുത്താൽ ആ പട്ടം വാസ്തവമാകില്ല.

---

34. എപ്പാർക്കി (മറയീസാ)

www.malankaralibrary.com



വിശദീകരണം:

ഇടവക എന്നത് രൂപത എന്ന അർത്ഥത്തിലാണ് ഇവിടെ പ്രയോഗിച്ചിരിക്കുന്നത്. പട്ടം കൊടുത്ത മെത്രാന്റെ കത്തോടു കൂടിയേ വൈദികർ അപരിചിതമായ സ്ഥലങ്ങളിൽ സഞ്ചരിക്കാവൂ. ഇപ്രകാരം കത്തുകളില്ലാത്തവരെ വി. കുർബാനയിൽ സംബന്ധിപ്പിച്ചു കൂടാ എന്നും കാനൻ അർത്ഥമാക്കുന്നു.

കാനൻ 17

'അവൻ അന്യായപ്പലിശക്ക് തന്റെ പണം കടം കൊടുത്തില്ല.' എന്ന ദിവ്യലിഖിതം (സങ്കീ. 15:5) മറന്ന് ലാഭത്തിന്റെ അത്യാർത്തിയും ദുരാഗ്രഹവും നിമിത്തം നൂറുശതമാനം മാസപ്പലിശയ്ക്കു പണം കൊടുക്കുന്ന, വൈദികഗണത്തിൽ പേരെഴുതപ്പെട്ട ചിലർ ഉള്ളതിനാൽ ഈ മഹാ പരിശുദ്ധ സൂനഹദോസ് ഇപ്രകാരം നന്നായി ചിന്തിക്കുന്നു: ഈ ഡിക്രിക്കുശേഷം ആരെങ്കിലും മലിനപ്പെടുത്തുന്ന ധനത്തെപ്രതി രഹസ്യമായോ പരസ്യമായോ മുഴുവനും അതിന്റെ പകുതിയും പലിശയായി ആവശ്യപ്പെട്ടുകൊണ്ടോ മറേറതെങ്കിലും രീതിയിലോ അന്യായപ്പലിശ വാങ്ങുന്നതായി കാണപ്പെട്ടാൽ അവൻ വൈദികസ്ഥാനത്തുനിന്ന് നിഷ്ക്കാസിതനാകണം. ലിസ്ററിൽനിന്ന് അവന്റെ പേര് നീക്കം ചെയ്യപ്പെടുകയും വേണം.

പ്രാ. ച.

അന്യായപ്പലിശയോ നൂററമ്പതു ശതമാനം പലിശയോ വാങ്ങുന്നവനെ സഭയുടെ ഈ നിയമപ്രകാരം നിഷ്ക്കാസിതനാക്കി പുറം തള്ളണം.

വിശദീകരണം:

ഏതുതരത്തിലുള്ള അന്യായപ്പലിശയും വൈദികർക്ക് ചേരാത്തതിനാൽ ശക്തിയായി ഈ ഡിക്രി അതിനെ മുടക്കുന്നു. അന്യായപ്പലിശ ദൈവികനിയമത്തിനും മാനുഷികനിയമത്തിനും സ്വാഭാവിക നിയമത്തിനും നിരക്കാത്തതാണ്. സഭാപിതാക്കൻമാർ അന്യായപ്പലിശയെ ശക്തിയായി എതിർത്തിട്ടുണ്ട്.

കാനൻ 18

ചില പ്രവിശ്യകളിലും പട്ടണങ്ങളിലും ശെമ്മാശൻമാർ വൈദികർക്ക് കുർബാന കൊടുക്കുന്നു എന്ന് ഈ മഹാ പരിശുദ്ധ സൂനഹദോസിന് അറിവായിരിക്കുന്നു. ക്രിസ്തുവിന്റെ ശരീരം

www.malankaralibrary.com



അർപ്പിക്കാൻ അധികാരമില്ലാത്തവർ അപ്രകാരം അധികാരമുള്ളവർക്ക് കൊടുക്കുവാൻ കാനനും നടപടിയും ഒന്നും അനുവദിക്കുന്നില്ല. ചില ശെമ്മാശ്ശൻമാർ മെത്രാൻമാർക്കു മുൻപേ പോലും വി. കുർബാനയെ സ്പർശിക്കുന്നു എന്ന കാര്യവും അറിയപ്പെട്ടിരിക്കുന്നു. അപ്രകാരമുള്ള നടപടികളെല്ലാം നിർത്തലാക്കപ്പെടട്ടെ: മെത്രാന്റെ ശുശ്രൂഷകരും, വൈദികർക്ക് താഴെയുള്ള സ്ഥാനത്തുള്ളവരുമാണ് തങ്ങളെന്ന് ഗ്രഹിച്ച്, ശെമ്മാശ്ശൻമാർ തങ്ങളുടെ പരിമിതിക്കുള്ളിൽത്തന്നെ നില്ക്കട്ടെ. വൈദികർക്കുശേഷം അവരുടെ ക്രമം അനുസരിച്ച് ശെമ്മാശ്ശൻമാർ വിശുദ്ധ കുർബാന സ്വീകരിക്കട്ടെ. മെത്രാനോ വൈദികനോ അവർക്ക് കുർബാന നൽകട്ടെ. കൂടാതെ ശെമ്മാശ്ശൻമാർ വൈദികരുടെ ഇടയിൽ ഇരിക്കരുത്; കാരണം, കാനനും ക്രമത്തിനും എതിരാണത്. ഈ ഡിക്രിക്ക് ശേഷം ആരെങ്കിലും അനുസരിക്കാൻ കൂട്ടാക്കാതിരുന്നാൽ അവൻ ശെമ്മാശ്ശസ്ഥാനത്തുനിന്ന് പുറം തള്ളപ്പെടട്ടെ[35].

പ്രാ ച.

ശെമ്മാശൻമാർ അവർക്കുള്ള സ്ഥാനത്ത് നിൽക്കുന്നു. അവർ വൈദികർക്കു കുർബാന കൊടുക്കുകയോ, അവർക്കു മുമ്പേ കുർബാന സ്പർശിക്കുകയോ അവരുടെ ഇടയിൽ ഇരിക്കുകയോ ചെയ്യരുത്: ഇതെല്ലാം കാനനും ശരിയായ ക്രമത്തിനും എതിരാണ്.

വിശദീകരണം:

സഭയിലെ ഹയരാർക്കിക്കൽ ക്രമത്തെപ്പറ്റി വ്യക്തമായി ഈ രേഖ സാക്ഷിക്കുന്നു. സഭാഹയരാർക്കി, മെത്രാൻമാർ, വൈദികർ ശെമ്മാശൻമാർ എന്നിവർ ചേർന്നതാണ്. അതുപോലെ വി. കുർബാന ബലിയാണ് എന്ന് സ്പഷ്ടമായി പ്രഖ്യാപിക്കപ്പെട്ടിരിക്കുന്നു. ഓരോരുത്തർക്കുമുള്ള ക്രമങ്ങൾ ഓരോരുത്തരും പാലിക്കണം. ശെമ്മാശൻമാർ അവരുടെ സ്ഥാനത്തിന് അതീതമായ കാര്യങ്ങൾ ചെയ്യാനേ പാടില്ല എന്ന് ഈ കാനൻ സ്പഷ്ടമാക്കുന്നു.

---

35. മെത്രാനോട് വളരെ അടുത്തു പെരുമാറുന്ന ഡീക്കൻമാരെയാകാം വിവക്ഷ. സന്ദർശനാർത്ഥം എത്തുന്നവരും തദവസരം ബലിയർപ്പിക്കാത്തവരും എന്നാൽ ബലിയിൽ സംബന്ധിക്കുന്നവരുമായ വൈദികർക്കും മെത്രാൻമാർക്കും മുൻപേ ഇത്തരം ഡീക്കൻമാർ കുർബാന അനുഭവിച്ചിരിക്കാം. അവർ മേല്പറഞ്ഞവർക്ക് കുർബാന കൊണ്ടുകൊടുത്തു കാണാം. അതിനെതിരായിട്ടാണ് കാനൻ.

www.malankaralibrary.com



## കാനൻ 19

കത്തോലിക്കാ സഭയിലേക്ക് തിരിച്ചുവരുന്ന പൗലിസ്ത്യരെ തീർച്ചയായും വീണ്ടും സ്നാനപ്പെടുത്തണമെന്ന് നിശ്ചയിച്ചിരിക്കുന്നു; അവരുടെ കൂട്ടത്തിലെ കുററമില്ലാത്തവരും, ആരോപണാതീതരുമായ വൈദികരെ വീണ്ടും സ്നാനപ്പെടുത്തി, കത്തോലിക്കാസഭയിലെ മെത്രാൻ, പട്ടം കൊടുക്കണം. എന്നാൽ അവർ അയോഗ്യരാണെന്ന് കണ്ടുപിടിക്കപ്പെട്ടാൽ സ്ഥാനഭ്രഷ്ടരാക്കണം. അവരുടെ കൂട്ടത്തിലെ ശുശ്രൂഷികളായ സ്ത്രീകളെയും വൈദികസമൂഹത്തിൽ പേരെഴുതപ്പെട്ടവരെയും സംബന്ധിച്ച് ഇതേ രീതി അനുവർത്തിക്കപ്പെടണം. 'വസ്ത്രം' മാത്രം സ്വീകരിക്കയും, കൈവെപ്പില്ലാതിരിക്കയും ചെയ്യുന്നവരെയാണ് 'ശുശ്രൂഷികളെ'ന്നിവിടെ വിവക്ഷിക്കുക. അവർ അൽമായരുടെ കൂട്ടത്തിൽ ഗണിക്കപ്പെടണം.

പ്രാ. ച്യ.

പൗലിസ്ത്യരെ വീണ്ടും സ്നാനപ്പെടുത്തണം. അവരുടെ ഇടയിലെ കറയററ വൈദികർക്ക് വീണ്ടും പട്ടം കൊടുക്കണം. അവർ കുററമുള്ളവരായി കാണപ്പെട്ടാൽ സ്ഥാനഭ്രഷ്ടരാക്കണം. വഴിതെററിയ ശുശ്രൂഷികളെ, പട്ടത്തിൽ ഭാഗഭാഗിത്വം ഇല്ലാത്തതിനാൽ, അൽമായരുടെ ഗണത്തിൽ ചേർക്കണം.

### വിശദീകരണം:

സാമസോട്ടക്കാരൻ പൗലോസ് എന്ന അന്ത്യോക്യൻ മെത്രാന്റെ (മൂന്നാംനൂററാണ്ട്) പിൻഗാമികളാണ് പൗലിസ്ത്യർ, പൽമീറായിലെരാജ്ഞിയായ സെനോബിയായുടെ 'ധനകാര്യമന്ത്രി'യായിരുന്ന പൗലോസ് 260—ൽ അന്ത്യോക്യൻ മെത്രാനായി, 264നും 268നും ഇടയ്ക്ക് അന്ത്യോക്യയിൽ വച്ച് മൂന്നു സൂനഹദോസുകൾ കൂടി. മൂന്നാമത്തെ സിനഡിൽ (268) വച്ച് മാൽക്കിയോൻ എന്ന വൈദികന്റെ നേതൃത്വത്തിൽ പൗലോസ് സഭാഭ്രഷ്ടനാക്കപ്പെട്ടു. പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നീ മൂന്നാളുകളെ മൂന്നു പേരുകളായിമാത്രം പൗലോസ് കണക്കാക്കി. വചനത്തിന്റെ മനുഷ്യാവതാരത്തെ സംബന്ധിച്ചും അദ്ദേഹം തെററായി പഠിപ്പിച്ചു. 'യേശു ദൈവത്തിന്റെ ദത്തുപുത്രനാണ്'. 'പ്രവാചകരിലൊരാളാണ് യേശു,' എന്നിത്യാദി അബദ്ധോപദേശങ്ങളത്രേ ഇദ്ദേഹം പഠിപ്പിച്ചത്. ത്രിത്വത്തെ സംബന്ധിച്ചും പുത്രന്റെ മനുഷ്യാവതാരം സംബന്ധിച്ചും അബദ്ധങ്ങൾ പഠിപ്പിച്ച പൗലിസ്ത്യർ കത്തോലിക്കാസഭയിലേയ്ക്കു വരുമ്പോൾ വീണ്ടും മാമോദീസാ നൽകണമെന്ന് നിഖ്യാ സൂനഹദോസിന്റെ ഈ ഡിക്രി അനുശാസിക്കുന്നു.

www.malankaralibrary.com



ശുശ്രൂഷികളായ സ്ത്രീകൾ സഭയിലുണ്ടായിരുന്നു. സ്ത്രീകളെ ശുശ്രൂഷിക്കുക, സ്ത്രീകളുടെ സ്നാനത്തിന് സഹായിക്കുക ആദിയായവ ആയിരുന്നു അവരുടെ ജോലി. അവർ നിത്യകന്യകകളോ, വിധവകളോ, ആയിരുന്നു. വൈദികസ്ഥാനക്കാരുടേതുപോലെ പ്രത്യേകം പട്ടമൊന്നും ഈ ശുശ്രൂഷികൾക്കില്ലായിരുന്നു. സഭയുടെ മുൻപാകെയുള്ള അർപ്പണവും മെത്രാൻെറ ആശീർവാദവും മാത്രമേ ഉണ്ടായിരുന്നുള്ളു. തെർത്തുല്യൻെറ അഭിപ്രായത്തിൽ അവർക്ക് 60 വയസ് തികഞ്ഞിരിക്കണം. (കന്യകകൾ തലമൂടുന്നതിനെപ്പററി, 9.) കതക്കദോൻ സൂനഹദോസ് അതു നാല്പതായി കുറച്ചു. പിൽക്കാല സഭാചരിത്രത്തിൽ ശുശ്രൂഷികളുടെ സ്ഥാനം കാര്യമായി നാം കാണുന്നില്ല.

## കാനൻ 20

കർത്തൃദിവസത്തിലും പെന്തിക്കൊസ്തിയിലും ചിലയാളുകൾ മുട്ടുകുത്തുന്നതായി അറിയുന്നു. എല്ലായിടത്തും എല്ലാകാര്യങ്ങളും ഒരുപോലെ ആചരിക്കപ്പെടുന്നതിലേയ്ക്ക് നിന്നുകൊണ്ട് ദൈവത്തോട് പ്രാർത്ഥിക്കണം എന്ന് ഈ സൂനഹദോസ് കല്പിക്കുന്നു.

പ്രാ. ച.

കർത്തൃദിവസത്തിലും പെന്തിക്കൊസ്തിയിലും മുട്ടുകുത്തിയല്ല നിന്നുകൊണ്ടാണ് പ്രാർത്ഥിക്കേണ്ടത്.

### വിശദീകരണം:

ആദിമസഭയിൽ മുട്ടുകുത്തി പ്രാർത്ഥിച്ചിരുന്നു; എന്നാൽ കർത്തൃദിവസത്തിലും, ഉയിർപ്പുമുതൽ പെന്തിക്കോസ്തിവരെയുള്ള ദിവസങ്ങളിലും നിന്നുകൊണ്ടായിരുന്നു പ്രാർത്ഥന, 'കർത്തൃദിവസത്തിൽ ഉപവസിക്കുന്നതും മുട്ടുകുത്തുന്നതും നിയമവിരുദ്ധമായി ഞങ്ങൾ കരുതുന്നു. ഉയിർപ്പുമുതൽ പെന്തിക്കോസ്തിവരെയും ഞങ്ങൾക്കീ സ്വാതന്ത്ര്യമുണ്ട്'' എന്നു തെർത്തുല്യൻ രേഖപ്പെടുത്തിയിരിക്കുന്നു. [കിരീടത്തെപ്പററി 3: 4.] കർത്തൃദിവസങ്ങളിൽ ഉത്ഥാനത്തിൻെറ അനുസ്മരണയാകയാലത്രേ നിന്നുകൊണ്ടു പ്രാർത്ഥിക്കുന്നതെന്നു പല പിതാക്കൻമാരും സൂചിപ്പിക്കുന്നു.

www.malankaralibrary.com

# പങ്കെടുത്തവർ[1]

## 1. റോമൻ സഭ

1. കൊർദോബായിലെ ഹോസിയസ്
ബിത്തോൻ 2
ബിക്കെൻതിയോസ് 3

## 2. ഈജിപ്ഷ്യൻ എപ്പാർക്കിയിൽനിന്ന്

2. അലക്സാൺഡ്രിയായിലെ അലക്സാണ്ഡർ
3. പഫ്നൂസ്യോസ്
4. അൽഫൊക്രാനൊനിലെ അർപ്പൊക്രാത്തിയോൻ
5. കൂനോനിലെ അദമാൻതിയോസ്
6. ഫർബൈത്തൂവിലെ അർബദിത്തിയോൻ
7. പനെഫുസെയോസിലെ ഫിലിപ്പോസ്
8. ഹെരാക്ലെയൂസിലെ പൊത്താമോൻ
9. പെലൂസിയത്തെ ഡൊറോത്തെയോസ്
10. ത്മൂയിസിലെ ഗായുസ്
11. തനിത്തേസിലെ തിബേരിയോസ്
12. സ്കെദിയാസിലെ അത്ഥാസ്

## 3. തെബായിസ് എപ്പാർക്കിയിൽനിന്ന്

13. ആൻറിനോയിലെ ത്യുറാനോസ്
14. ല്യൂക്കോയിലെ പ്ത്യൂസിയാനോസ്

---

1. പ്രാരംഭ ലിസ്ററിൽ 194 പേരുകളേ ഉണ്ടായിരുന്നുള്ളൂ. Cfr, "Honigmann, La Liste orginale des Peres de Nicee.', in Byzantion, 14 (1939), p 44—48.

2. 'വീത്തൂസ്' എന്നും കാണുന്നു.

3. വിൻസെൻറ് എന്നും കാണുന്നു. അവരിരുവരും റോമാസഭയിലെ വൈദികരായിരുന്നു. മാർപാപ്പായുടെ പ്രതിനിധികളായിട്ടാണ് അവർ സംബന്ധിച്ചത്.

www.malankaralibrary.com



4. ലിബിയ എപ്പാർക്കിയിൽനിന്ന്

15. ബെരെനിക്കെയിലെ (ബെർനീസിലെ) ദാകിയോസ്
16. ബാർക്കെസിലെ സൊപ്പൂറോസ്

5. ലിബിയാ സുപ്പീരിയർ എപ്പാർക്കിയിൽനിന്ന്

17. അന്തിപുർഗിലെ സെറാപിയോൻ
18. പരാത്തോണിലെ തീത്തോസ്

6. പലസ്തീന എപ്പാർക്കിയിൽ നിന്ന്

19. യറുശലേമിലെ മക്കാരിയോസ്
20. നെയാപ്പോളീസിലെ ഗർമാനോസ്
21. സെംബാസ്തെനെസിലെ മരീനോസ്
22. സെബാസ്തെയിലെ ഗായാനോസ്
23. ചെസാറിയായിലെ എവുസേബിയസ്
24. ഗദാറായിലെ സബീനോസ്
25. അഷ്കലോനിലെ ലൊൻഗീനുസ്
26. നിക്കൊപ്പൊലീസിലെ പത്രോസ്
27. യാമ്നിയായിലെ മക്രീനോസ്
28. എലെവുത്തെരോപ്പൊളീസിലെ മാക്സിമോസ്
29. മാക്സിമിയാനോപ്പൊളീസിലെ പൗലോസ്
30. യറീഹോയിലെ യാനുവാരിയൂസ്
31. ലിദ്ദിയിലെ ഏസ്യൂസ്
32. അഷ്ദോദിലെ സിൽവാനോസ്
33. ഷിത്തോപ്പൊളീസിലെ പത്രോഫീലോസ്
34. ഗാസായിലെ അസ്ക്ലേപ്പാസ്
35. അയ്ലായിലെ പത്രോസ്
36. കാപ്പിത്തൊളിയാസിലെ അന്തിയോക്കോസ്

7. ഫിനീഷ്യ എപ്പാർക്കിയിൽനിന്ന്

37. ടയറിലെ സേനോ
38. പനെയാദോസിലെ ഫിലൊകാലൊസ്
39. ആക്കോയിലെ ഏനെയാസ്
40. ഡമാസ്കസിലെ മാഗ്നുസ്
41. സീദോനിലെ തിയദൊറൊസ്
42. ട്രിപ്പൊളിയിലെ ഹെല്ലാനിക്കോസ്
43. ബരിത്തൂസിലെ ഗ്രിഗോറിയോസ്

www.malankaralibrary.com



44. പൽമീറായിലെ മരിനൂസ്
45. എമേസയിലെ തദോനെഓസ്

## 8. ചേളേ സിറിയാ എപ്പാർക്കിയിൽനിന്ന്

46. അന്ത്യോക്യയിലെ എവുസ്താത്യോസ്
47. സെലൂഷ്യയിലെ സെനോബിയോസ്
48. ലവദീഷ്യയിലെ തെയൊഡോട്ടസ്
49. അപ്പമെയായിലെ അൽഫിയോസ്
50. ഹിയരാപ്പൊളീസിലെ ഫീലൊക്സേനൂസ്
51. ജെർമനിഷ്യയിലെ സെലമാനെസ്
52. സാമൊസാട്ടെയിലെ പിപ്പെരിയോസ്
53. ദോളിക്കെയിലെ അർക്കലാവോസ്
54. ബലാലെയാസിലെ എവു(ഫ്രാ(ൻ)തിയോൻ
55. പല്ലാദോസ് കോർഎപ്പിസ്ക്കോപ്പാ
56. ഗാബാലായിലെ സെയ്ലോസ്
57. സെവുഗ്മാത്തോസിലെ ബാസ്സോസ്
58. റഫാനെയിലെ ബസിയാനോസ്
59. ലാറീശ്ശയിലെ ഗെറോൻതിയോസ്
60. എപ്പിഫാനിയായിലെ എവുസ്താത്യോസ്
61. അരെത്തൂസായിലെ മനിക്കിയോസ്
62. നെയോ ചെസാറിയായിലെ പൗലോസ്
63. സൈറസിലെ സിറീകിയോസ്
64. സെലവുക്കുസ് കോർഎപ്പിസ്കോപ്പാ
65. ഗെൻദാറോയിലെ (ജിൻദാറൂസിലെ) പത്രോസ്
66. അർബോകദാമിലെ പെഗാസിയോസ്
67. ഗാബൂലായിലെ ബാസ്സോനേസ്

## 9. അറേബ്യൻ എപ്പാർക്കിയിൽനിന്ന്

68. ബോസ്ത്രായിലെ നിക്കോമാക്കോൻ
69. ഫിലാദെൽഫിയായിലെ കുരിയോൻ
70. എസ്ബൂസിലെ ജെന്നാഡിയുസ്
71. ദിയോണീസിയായിലെ സെവേരൂസ്
72. ബറാനായിലെ സോപത്രോസ്

## 10. മെസൊപ്പൊട്ടേമിയൻ എപ്പാർക്കിയിൽ നിന്ന്

73. ഉറഹായിലെ അയിത്താലിസ് (അഹത്തള്ള)
74. നിസിബിസിലെ യാക്കോബ്
75. റേശ്ഐനായിലെ അന്തിയോക്കോസ്

www.malankaralibrary.com



76. മക്കെദോനോപ്പൊളീസിലെ മാറെയാസ്
77. പേർഷ്യയിലെ യോഹന്നാൻ

## 11 സിലീഷ്യ എപ്പാർക്കിയിൽ നിന്ന്

78. തർസോസിലെ തെയോദോറസ്
79. എപ്പിഫാനിയായിലെ അംഫിയോൻ
80. നെറോണിയാദോസ്സിലെ നർക്കീസോസ്
81. കസ്താബാബോയിലെ മൂശെ
82. ഫ്ളാവിയാദോസിലെ നിക്കേത്തോസ്
83. എവുദായ്മോൻ കോർഎപ്പിസ്കോപ്പാ
84. അദാനായിലെ പൗളീനസ്
85. മൊപ്സുവെസ്ത്യായിലെ മക്കെദോണിയോസ്
86. ഏജിയായിലെ തർക്കോൻദിമാൻതോസ്
87. അലക്സാൺഡ്രിയായിലെ ഹെസിക്കിയോസ്
88. ചെസാറിയായിലെ ലെയോൻതിയോസ്
89. തിയാനായിലെ എവുപ്സൂക്കിയോസ്
90. കൊളോണിയായിലെ എരിത്രിയോസ്
91. ക്യൂബിസ്തായിലെ തിമോത്തെയോസ്
92. കൊമാനായിലെ അംബ്രോസ്
93. സ്തെഫാനോസ് കോർഎപ്പിസ്ക്കോപ്പാ
94. റോദോൻ കോർഎപ്പിസ്ക്കോപ്പാ

## 12. ചെറിയ അർമേനിയൻ എപ്പാർക്കിയിൽ നിന്ന്

95. സെബസ്തെയിലെ എവുലാലിയോസ്
96. സത്താലോണിലെ അവീത്തിയോസ്
97. എവുദ്രോമിയോസ് കോർഎപ്പിസ്ക്കോപ്പാ
98. തെയൊഫാനെസ് കോർഎപ്പിസ്ക്കോപ്പാ

## 13. വലിയ അർമേനിയൻ എപ്പാർക്കിയിൽനിന്ന്

99. അരിസ്താക്കേസ് (അരിസ്തെയോസ്)

## 14. ദിയോസ്പോന്തുസ് എപ്പാർക്കിയിൽനിന്ന്

100. കൊമാനോയിലെ എൻപീദിയോസ്
101. സേലോനിലെ ഹെരാക്ളെയോസ്

www.malankaralibrary.com



## 15. പോന്തസിലെ ഫിലമോണിക്കൂസ് എപ്പാർക്കിയിൽ നിന്ന്

102. നെയോചെസാറിയായിലെ ലൊൻഗീനുസ്
103. ട്രാപ്പെസുൻതൊസിലെ ദോമ്നുസ്
104. പിത്യൂസിലെ സ്ത്രത്തോഫിലോസ്

## 16. പഫ്ലഗോണിയ എപ്പാർക്കിയിൽ നിന്ന്

105. പോംപെയോപൊളീസിലെ ഫിലാദെൽഫോസ്
106. യോനോപ്പൊളീസിലെ പെത്രോണിയോസ്
107. അമാസ്ത്രിദോസിലെ എവുപ്സിക്കിയോസ്

## 17. ഗലാത്യ എപ്പാർക്കിയിൽ നിന്ന്

108. അൻസീറായിലെ പങ്കാരിയോസ്
109. തബിയാസിലെ ഡിക്കാസിയോസ്
110. ഗദമൗഓനിലെ എറെക്തിയോസ്
111. യൂലിയോപൊളീസിലെ ഫിലാദെൽഫോസ്

## 18. ആസിയ എപ്പാർക്കിയിൽ നിന്ന്

112. ഖുസിക്കോസിലെ തെയോനാസ്
113. എഫെസോസിലെ മേനൊഫാൻതൊസ്
114. ഈലിയോനിലെ ഓറിയോൻ
115. സ്മിർണയിലെ എവുത്തിക്കിയോസ്
116. ഹിപൈപ്പാണിലെ മിത്രോസ്
117. ഏനെയാസിലെ പൗലോസ്

## 19. ലീദിയ എപ്പാർക്കിയിൽ നിന്ന്

118. സാർദിസിലെ അർതെമിദോറോസ്
119. തെയതീറായിലെ സേറാസ്
120. ഫിലാഡെൽഫിയായിലെ എത്തൊയ്‌വാസിയോസ്
121. ബാറെയോസിലെ പൊള്ളിയോൻ
122. ട്രിപ്പോളീസിലെ അഗോഗിയോസ്
123 അൻസീറാ സിദൊറായിലെ ഫ്ളോറൻസിയുസ്
124. ഔറേലിയാനോപ്പൊളീസിലെ അന്തിയോക്കസ്
125. സ്താൻദോസിലെ മർക്കോസ്

www.malankaralibrary.com



## 20. ഫ്രീജിയ എപ്പാർക്കിയിൽനിന്ന്

126. ലവദീഷ്യയിലെ നുനെക്കിയോസ്
127. സനാവോനിലെ ഫ്ളാരക്കോസ്
128. സുന്നാദോസിലെ പ്രൊക്കോപ്പിയോസ്
129. ഐസാനോയിലെ പിസ്തിക്കോസ്
130. ദോറിലെയ്യുമിലെ അത്തെനോദൊറോസ്
131. എവുക്കാർപ്പിയായിലെ എവുഗേനിയോസ്
132. ഹെറാപ്പൊളീസിലെ ഫ്ളാക്കോസ്

## 21. പിസീദിയ എപ്പാർക്കിയിൽനിന്ന്

133. ഇക്കോണിയത്തിലെ എവുലാലിയോസ്
134. അഡ്രിയാനോപ്പൊളീസിലെ തെലേമാക്കോസ്
135. നെയാപ്പൊളീസിലെ ഹെസീക്കിയോസ്
136. സെലൂഷ്യയിലെ എവുത്തീക്കിയസ്
137. ലിമെനോയിലെ ഗ്രാനിയോസ്
138. അപ്പമെയായിലെ തർസീക്കിയസ്
139. മെത്രോപ്പോളീസിലെ പോളികാർപ്പ്
140. മുസ്തേനേസിലെ അക്കദേമിയോസ്
141. ബാറെയോസിലെ ഹെരാക്ളെയ്ദാസ്
142. ഉസാദോയിലെ തിയദോറോസ്

## 22. ലീസിയ എപ്പാർക്കിയിൽനിന്ന്

143. പത്താറോണിലെ എവുദെമോസ്

## 23. പംഫീലിയ എപ്പാർക്കിയിൽനിന്ന്

144. പെർഗയിലെ കല്ലിക്ളേസ്
145. തെർമേസുവിലെ എവുറേസിയോസ്
146. ഉവർബേസിലെ സെവുക്സിയോസ്
147. അസ്പെൻദോസിലെ ദോമ്നുസ്
148. സെലൂഷ്യയിലെ കുന്തിയാനോസ്
149. മാക്സിമിയാനോപ്പൊളീസിലെ പത്രിക്കിയോസ്
150. മഗീദായിലെ അഫ്രദോസിയോസ്

## 24. ദ്വീപുകളിൽനിന്ന്

151. റോദസിലെ എവുഫ്രോസിനോസ്
152. കോയിലെ മെലീഫ്തോംഗോസ്

www.malankaralibrary.com



## 25. കാറിയ എപ്പാർക്കിയിൽനിന്നു്

153. അന്ത്യോക്യയിലെ എവുസേബിയോസ്
154. അഫ്രോദീസിയാദോസിലെ അമ്മോണിയോസ്
155. അപ്പൊളോണിയാനോസിലെ എവുജെനിയോസ്
156. കിബിറാത്തോദിലെ ലെത്തോദൊറോസ്
157. മിലെത്തോണിലെ എവുസേബിയസ്

## 26. ഇസൗരിയ എപ്പാർക്കിയിൽനിന്നു്

158. ബറാത്തോണിലെ സ്തെഫാനോസ്
159. കറൊപ്പിസോയിലെ അത്തനായോസ്
160. ക്ലൗദിയോപ്പൊളീസിലെ ഐദേസിയോസ്
161. സെലൂഷ്യയിലെ അഗാപ്പിയോസ്
162. മെത്രോപ്പോളീസിലെ സിൽവാനോസ്
163. അന്ത്യോക്യയിലെ അന്തോണിയോസ്
164. സിയൊദ്രോണിലെ നെസ്തോർ
165. ഹെസീക്കിയസ് കോർഎപ്പിസ്ക്കോപ്പാ
166. ഉമനാദോയിലെ സിറിൽ
167. അനാദത്താളിയോസ് കോർഎപ്പിസ്ക്കോപ്പാ
168. ഗോർദിയാനോസ് കോർഎപ്പിസ്ക്കോപ്പാ
169. ലാറൻദോണിലെ പൗലോസ്
170. കൊയിൻതോസ് കോർഎപ്പിസ്ക്കോപ്പാ
171. ഇലിസ്ത്രോണിലെ തിബെരിയോസ്
172. അക്കിലാസ് കോർ എപ്പിസ്ക്കോപ്പാ

## 27. സൈപ്രസ് എപ്പാർക്കിയിൽനിന്നു്

173. പാഫോസിലെ കൂറില്ലോസ്
174. സലാമിനായിലെ ജലാസിയോസ്

## 28. ബിത്തീനിയാ എപ്പാർക്കിയിൽനിന്നു്

175 നിക്കൊമേദിയായിലെ എവുസേബിയസ്
176. നിഖ്യയിലെ തെയോഗ്നിസ്
177. കൽക്കദോനിയായിലെ മാരിസ്
178. കിയോസിലെ കുരിയോൻ
179. പ്രൂസാസിലെ ഹെസീക്കിയസ്
180. അപ്പൊളോണിയാദോസിലെ ഗൊർഗോണിയോസ്
181. പ്പൂസിയാദോസിലെ ഗെയോർഗിയോസ്

www.malankaralibrary.com



182. അദ്രിയാനോപ്പോളീസിലെ എവുഫ്രത്തിയോസ്
183. തെയോഫാനെസ് കോർഎപ്പിസ്ക്കോപ്പാ
184. ചെസാറിയായിലെ റൂഫോസ്
185. എവുലാലിയോസ് കോർഎപ്പിസ്ക്കോപ്പാ

29. യൂറോപ്പ് എപ്പാർക്കിയിൽനിന്നു്

186. ഹെരാക്ലെയായിലെ പൈഡേറോസ്

30. ഡേഷ്യ എപ്പാർക്കിയിൽനിന്നു്

187. സാർദിക്കയിലെ പ്രൊത്തോഗെനേസ്
188. തോമിയിലെ മർക്കോസ്

31. മീസിയ എപ്പാർക്കിയിൽനിന്നു്

189. മാർസിയാനോപ്പോളീസിലെ പിസ്തോസ്

32. മാസിഡോണിയ എപ്പാർക്കിയിൽനിന്നു്

190. തെസെലോനിക്കയിലെ അലക്സാണ്ഡർ
191. സ്തോറോണിലെ പൂദേസ് (ബൂദിയോസ്)

33. അക്കായിയാ എപ്പാർക്കിയിൽനിന്നു്

192. അഥേനാസിലെ പിസ്തോസ്
193. ഹെഫായ്സ്തിയായിലെ സ്ത്രത്തേറിയോസ്

34. തെസ്സാലിയാ എപ്പാർക്കിയിൽനിന്നു്

194. ഥേബേയിലെ ക്ലെയോണിക്കോസ്

* * * * *

195. മെംഫീസിലെ അന്തിയോക്കസ്
(അലക്സാണ്ഡ്രിയ എപ്പാർക്കി)
196. അമസെയായിലെ എവുത്തീക്കിയുസ്
(ദിയസ്പോൻതൂസ് എപ്പാർക്കി)
197. അംബ്ലാദോനിലെ പത്രീക്കിയോസ് (പിസീദിയാ എപ്പാർക്കി)
198. സ്കഥിയോസ്
199. കാർത്തേജിലെ ചെച്ചീലിയൻ
200. കലാബ്രിയായിലെ മർക്കോസ്
201. ദീയോനിലെ നിക്കോസീയൂസ്
202. സ്ത്രീദോയിലെ (പന്നോണിയ) ദോമ്നുസ്
203. അലക്സാണ്ഡ്രിയായിലെ അത്തനാസ്യോസ്

www.malankaralibrary.com

# 4

# സാർദിക്കാസിനഡ് (342/3)

ചക്രവർത്തിമാരായ കോൺസ്റ്റൻസും കോൺസ്റ്റാൻസ്യൂസുംകൂടി വിളിച്ചുകൂട്ടിയതാണ് സാർദിക്കാസിനഡ്. വി. അത്തനേഷ്യസിന്റെ (+373) സത്യവിശ്വാസം പരിശോധിക്കാനായിരുന്നു ഇത് പ്രധാനമായി കൂടിയത്. ഇന്നത്തെ ബൾഗേറിയായിലെ സോഫിയായുടെ പ്രാചീന നാമമാണ് സാർദിക്കാ. കിഴക്കും പടിഞ്ഞാറുമുള്ള മെത്രാൻമാർക്ക് സൗകര്യപൂർവം പങ്കെടുക്കാനാണ് പാശ്ചാത്യറോമാസാമ്രാജ്യത്തിന്റെ അതിർത്തിനഗരമായ സാർദിക്കാ തിരഞ്ഞെടുക്കപ്പെട്ടത്. കിഴക്കുനിന്നും 76 എവുസേബിയൻ മെത്രാൻമാർ (അത്തനാസ്യോസിന്റെയും മാറ്റും എതിരാളികളും ആരിയൻ പക്ഷപാതികളുമായവർ) പങ്കെടുത്തു. സ്ഥാനഭ്രഷ്ടരാക്കപ്പെട്ട അത്തനാസ്യോസ്, മർസെല്ലുസ്, ഗാസായിലെ അസ്ക്ലെപ്പാസ് എന്നിവരെ ഈ സിനഡിൽ സംബന്ധിപ്പിക്കരുതെന്ന് പൗരസ്ത്യർ നിർബന്ധം പിടിച്ചു. പാശ്ചാത്യസഭയിൽനിന്നുള്ള സംഘത്തെ നയിച്ചത് കൊർദോബായിലെ ഹോസിയുസ് ആയിരുന്നു. ഇരുകൂട്ടർക്കും സ്വീകാര്യമായ ഐക്യഫോർമുല ഉണ്ടാക്കുവാൻ ശ്രമിച്ചെങ്കിലും സാധിച്ചില്ല. എന്തോ മുടന്തൻ ന്യായം പറഞ്ഞ് കൗൺസിലിൽ മുഴുവൻ പങ്കെടുക്കാതെ പൗരസ്ത്യമെത്രാൻമാർ ഒന്നടങ്കം സ്ഥലംവിട്ടു. അതിനു മുൻപ് അവർ ഒന്നിച്ചുകൂടി ലോകം മുഴുവനുമുള്ള മെത്രാൻമാർക്കും വൈദികർക്കും ജനങ്ങൾക്കുമായി ഒരു ചാക്രികലേഖനം അയച്ചുകൊടുത്തു. അതിന്റെ ഭൂരിഭാഗവും അത്തനാസ്യോസിനും മർസെല്ലൂസിനും എതിരായിരുന്നു. അവരെ സിനഡിൽ പങ്കെടുപ്പിക്കുകയും ന്യായീകരിക്കുകയും ചെയ്ത ഹോസിയുസ്, പോപ്പ് ജൂലിയസ് എന്നിവരെ സഭാഭ്രഷ്ടരാക്കിയ ശേഷം പൗരസ്ത്യമെത്രാൻമാർ സ്ഥലംവിട്ടു.

ശേഷിച്ചവരെല്ലാംകൂടി ഹോസിയുസിന്റെ നേതൃത്വത്തിൽ ഒന്നിച്ചുകൂടി, അത്തനാസ്യോസ്, മർസെല്ലുസ്, ഗാസായിലെ അസ്ക്ലെപാസ് എന്നിവരെ പുനഃപ്രതിഷ്ഠിച്ചു. പൗരസ്ത്യരും ആര്യൻ പക്ഷക്കാരുമായ കുറെ മെത്രാൻമാരുടെ പട്ടിക ഉണ്ടാക്കി അവരെ

www.malankaralibrary.com



സ്ഥാനഭ്രഷ്ടരാക്കി. ഹോസിയുസും സാർദിക്കയിലെ പ്രോത്തോജെനെസും കൂടി ഒരു വിശ്വാസപ്രമാണം ഉണ്ടാക്കി. 'സാർദിക്കയിലെ പാശ്ചാത്യവിശ്വാസപ്രമാണം' എന്ന് ഇതറിയപ്പെടുന്നു. അവർ ഇരുപതു കാനോനാകളും പാസാക്കി. കുറ്റക്കാരായി വിധിക്കപ്പെട്ട മെത്രാൻമാർക്ക് റോമിലെ മെത്രാൻെറ പക്കൽ ചില സാഹചര്യങ്ങളിൽ അപ്പീൽ കൊടുക്കാം എന്നും കാനോനായിൽ തീർപ്പു കല്പിച്ചു. ചില സമാഹാരങ്ങളിൽ നിഖ്യായുടെകൂടെ സാർദിക്കൻ കാനോനാകളും ഉൾപ്പെടുത്തിയിരുന്നു.[1]

## കാനോനാകൾ[2]

1. കൊർദോവാപട്ടണത്തിലെ മെത്രാനായ ഹോസിയുസ് പറഞ്ഞു: പൊതുവായി കാണുന്ന തിൻമ, ഏററം മ്ലേച്ഛമായ ദുഷ്കർമ്മം എന്നുപറയാം, അതിൻെറ മൂലത്തിലേതന്നെ നീക്കിക്കളയണം. ചെറിയ പട്ടണത്തിൽനിന്ന് മറെറാന്നിലേക്കു മാറിപ്പോകാൻ ഒരു മെത്രാനെയും അനുവദിച്ചുകൂടാ. അപ്രകാരം പ്രവർത്തിക്കുന്നവർക്ക് ഈ തിന്മയ്ക്കുള്ള വ്യക്തമായ കാരണമുണ്ട്. വലിയ പട്ടണത്തിൽ നിന്ന് ചെറിയതിലേക്ക് മാററമാഗ്രഹിക്കുന്ന ഒരു മെത്രാനുമില്ലല്ലോ. അതുകൊണ്ട് അത്യാഗ്രഹത്താലാണ് ഈയാളുകൾ ഇപ്രകാരം പ്രവർത്തിക്കുന്നതെന്ന് വ്യക്തമാണ്. ഉന്നതസ്ഥാനത്തിൻെറ ബഹുമാനം കിട്ടാൻ അത്രേ അവർ ഇങ്ങനെ ചെയ്യുക. ആയതിനാൽ ഈ വഴിപിഴയ്ക്കൽ കർക്കശമായി ശിക്ഷിക്കപ്പെടണം എന്ന് എല്ലാവർക്കും താല്പര്യമുണ്ടോ? ഇത്തരക്കാർക്ക് അൽമായരുടെ സംസർഗം പോലും അനുവദിക്കരുതെന്നാണ് എൻെറ അഭിപ്രായം.

'ഇതാണ് എല്ലാവരുടെയും ഇഷ്ടം'—മെത്രാൻമാരെല്ലാവരും പ്രതിവചിച്ചു.

2. ഹോസിയുസ് മെത്രാൻ പറഞ്ഞു: അത്തരക്കാർ അൽമായരുടെ കത്തുമായിവന്ന് ധിക്കാരവും ഭ്രാന്തും കാണിക്കാൻ ഒരുമ്പെട്ട്, പഴുതുണ്ടാക്കിയാൽ, അതിൻെറ അർത്ഥം കൈക്കൂലിയും പ്രതിഫലവും കാംക്ഷിച്ച ദുഷിച്ച ചില മനുഷ്യർ പള്ളിയിൽ എഴുന്നേററു നിന്ന്, മേല്പറഞ്ഞ ആളുകളെ മെത്രാൻമാരായി മതി എന്ന് പുലമ്പിക്കൊണ്ടിരുന്നതാകാം. അന്ത്യനിമിഷത്തിൽ അൽമായരുമായിപ്പോലും സംസർഗത്തിന് അയോഗ്യരായി ഇത്തരക്കാർ പരിഗണിക്കപ്പെട

---

1. cfr. ആദിമസഭാപിതാക്കൻമാർ, പേ. 12.

2. NPNF. 14, p. 411--436.

www.malankaralibrary.com



ണമെന്നതിനാൽ, ഇത്തരം തന്ത്രങ്ങളും രീതികളും തീർച്ചയായും ശിക്ഷിക്കപ്പെടുകതന്നെ വേണം. ഇതു നിങ്ങൾ അംഗീകരിക്കുന്നുവോ?

അവർ പറഞ്ഞു: 'അങ്ങു പറഞ്ഞത് ഞങ്ങൾ അംഗീകരിക്കുന്നു.'

3. ഹോസിയുസ് മെത്രാൻ പറഞ്ഞു: ഇതുകൂടി കൂട്ടിച്ചേർക്കേണ്ടതാവശ്യമാണ്—സഹോദരമെത്രാൻമാർ ക്ഷണിച്ചാലല്ലാതെ, ഒരു മെത്രാനും സ്വന്തം പ്രോവിൻസിൽനിന്ന് മെത്രാൻമാരുള്ള മററ് പ്രോവിൻസുകളിൽ കടന്നുപ്രവർത്തിക്കരുത്. സ്നേഹകവാടം അടയ്ക്കപ്പെടാതിരിക്കാനാണിത്.

ഈ കാര്യംകൂടി തീരുമാനിക്കപ്പെടണം—ഏതെങ്കിലും ഒരു പ്രോവിൻസിലെ മെത്രാന് തൻെറ സഹമെത്രാനെതിരായി എന്തെങ്കിലും പ്രശ്നമുണ്ടെങ്കിൽ മററൊരു പ്രോവിൻസിൽനിന്ന് അവരിരുവരും മധ്യസ്ഥരെ വിളിക്കാൻ പാടില്ല.

എന്നാൽ ഏതെങ്കിലും മെത്രാനെതിരായ തീരുമാനം നീതിപൂർവമായില്ല എന്ന് തോന്നിയാൽ അതു പുനപ്പരിശോധിക്കാം. നിങ്ങൾക്കിഷ്ടമാണെങ്കിൽ വിധി പ്രസ്താവിച്ചവർ പത്രോസ്ശ്ലീഹായുടെ ഓർമ്മയെ ബഹുമാനിച്ചുകൊണ്ട് റോമിലെ മെത്രാനായ ജൂലിയസിന് എഴുതിയറിയിക്കട്ടെ. ആവശ്യമെങ്കിൽ അദ്ദേഹം മധ്യസ്ഥരെ വച്ച് അടുത്തുള്ള പ്രോവിൻസുകളിലെ മെത്രാൻമാരേക്കൊണ്ട് കേസ് പുനർവിചാരണ നടത്തട്ടെ. എന്നാൽ പുതിയൊരു വിചാരണ ആവശ്യമില്ലാത്ത കേസാണിതെന്ന് അദ്ദേഹത്തിനു ബോധ്യമായാൽ ആദ്യവിധി നിലനിൽക്കട്ടെ; അതു മാറേറണ്ട കാര്യമില്ല.

4. ഗൗഡെൻസ്യൂസ് മെത്രാൻ പറഞ്ഞു: ആത്മാർത്ഥ സ്നേഹത്തോടുകൂടി നിങ്ങൾ ചെയ്ത ഈ തീരുമാനത്തോടുകൂടെ നിങ്ങൾക്കിഷ്ടമെങ്കിൽ, ഇതുകൂടി ചേർക്കേണ്ടതാവശ്യമാണ്—സമീപ രൂപതകളിലെ മെത്രാൻമാർകൂടി ഒരു മെത്രാനെ സ്ഥാനഭ്രഷ്ടനാക്കുകയും, എന്നാൽ പ്രസ്തുത മെത്രാൻ അപ്പീൽ കൊടുക്കുകയും ചെയ്താൽ; റോമിലെ മെത്രാൻ പര്യാലോചിച്ച് തീരുമാനം അറിയിക്കുന്ന സാഹചര്യത്തിലല്ലാതെ, മററൊരു മെത്രാനെ അവിടെ വാഴിക്കാൻ പാടില്ല.

5. ഹോസിയുസ് മെത്രാൻ പറഞ്ഞു: ഏതെങ്കിലും മെത്രാൻ കുററം ചുമത്തപ്പെടുകയും, സമീപവാസികളായ മെത്രാൻമാർ ഒന്നിച്ചുകൂടി അയാളെ സ്ഥാനഭ്രഷ്ടനാക്കുകയും, അയാൾ റോമാസഭയിലെ അതിപരിശുദ്ധനായ മെത്രാന് അപ്പീൽ കൊടുത്ത് അഭയം പ്രാപിക്കയും, അയാളെ ശ്രവിച്ച് അയാളുടെ കേസ് പുനർവിചാര

www.malankaralibrary.com



ണയ്ക്കെടുക്കുന്നത് നല്ലതെന്ന് അദ്ദേഹം കരുതുകയും ചെയ്താൽ സൂക്ഷ്മമായും കൃത്യമായും വിശദാംശങ്ങൾ പഠിച്ചിട്ട് സത്യസന്ധമായി അതേ സംബന്ധിച്ച് വോട്ട് രേഖപ്പെടുത്തി അറിയിക്കാൻ, ആ മെത്രാന്റെ സമീപവാസികളായ മെത്രാൻമാർക്ക് റോമാ മെത്രാൻ എഴുതട്ടെ.

തന്റെ കേസ് പുനഃപരിശോധിക്കണമെന്ന് ഏതെങ്കിലും മെത്രാൻ ആവശ്യപ്പെട്ടാൽ തന്റെ പ്രതിനിധികളായി വൈദികരെ റോമാമെത്രാന് ഇഷ്ടമാണെങ്കിൽ അയയ്ക്കാം. നല്ലതും ഉചിതവുമെന്ന് തോന്നിയാൽ മെത്രാൻമാരോടുകൂടി ചിലരെ ന്യായാധിപൻമാരായി അധികാരപ്പെടുത്തി അയയ്ക്കുന്നത് ആ മെത്രാന്റെ അധികാരത്തിൽപെടുന്ന കാര്യമാണ്. ഇതും ഇപ്രകാരം ആയിരിക്കട്ടെ. എന്നാൽ കാര്യങ്ങൾ പരിശോധിച്ച് തീരുമാനിക്കാൻ മെത്രാൻമാർ മതി എന്ന് അവനു തോന്നിയാൽ, അവന്റെ വിവേകപൂർവകമായ തീരുമാനം അനുസരിച്ച് അവൻ പ്രവർത്തിക്കട്ടെ.

'അങ്ങ് പറഞ്ഞത് അംഗീകരിക്കപ്പെട്ടിരിക്കുന്നു' എന്ന് മെത്രാന്മാർ മറുപടി പറഞ്ഞു.

6. ഹോസിയുസ് മെത്രാൻ പറഞ്ഞു; ധാരാളം മെത്രാൻമാരുള്ള ഒരു പ്രോവിൻസിൽ, മെത്രാൻമാർ തീരുമാനിച്ചതനുസരിച്ച് കൗൺസിലിൽ പങ്കെടുക്കാതെ മെത്രാൻ ഒഴിഞ്ഞുമാറുകയും, എന്നാൽ ജനങ്ങൾ ഒന്നിച്ചുകൂടി തങ്ങളാഗ്രഹിക്കുന്ന മെത്രാനെ വാഴിച്ചുതരണമെന്നപേക്ഷിക്കയും ചെയ്താൽ, പ്രോവിൻസിലെ എക്സാർക്ക് (മെത്രോപ്പോളീസിലെ മെത്രാൻ) ജനങ്ങൾ ഒരു മെത്രാനെ ആവശ്യപ്പെടുന്നു എന്ന് കത്തുവഴി അദ്ദേഹത്തെ അനുസ്മരിപ്പിക്കണം. അയാൾ വരുന്നതുവരെ കാത്തിരിക്കുന്നതാണു നല്ലത് എന്നെനിക്കു തോന്നുന്നു. എന്നാൽ കത്തയച്ചിട്ടും വരാതിരിക്കുകയോ, മറുപടി പോലും അയയ്ക്കാതിരിക്കുകയോ ചെയ്താൽ, ജനങ്ങളുടെ ആഗ്രഹം സാധിച്ചുകൊടുക്കണം.

മെത്രോപ്പൊളീസിലെ മെത്രാനെ വാഴിക്കാൻ സമീപ പ്രോവിൻസുകളിലെ മെത്രാൻമാരെയും ക്ഷണിക്കണം.

മെത്രാന്റെ പേരും അധികാരവും നിസാരമാക്കി കരുതപ്പെടാതിരിക്കാൻ ഒരു വൈദികൻ മാത്രം ആവശ്യമായിരിക്കുന്ന ഗ്രാമത്തിലോ ചെറിയ നഗരത്തിലോവച്ച് മെത്രാനെ വാഴിക്കാൻ പാടില്ല—അവിടെ ഒരു മെത്രാനെ വാഴിക്കേണ്ട ആവശ്യം ഇല്ല. നേരത്തെ പറഞ്ഞതുപോലെ, മുൻപ് മെത്രാൻമാർ ഉണ്ടായിരുന്ന പട്ടണങ്ങളിൽവച്ചേ പ്രോവിൻസിലെ മെത്രാൻമാർ മെത്രാൻമാരെ വാഴിക്കാവൂ; എന്നാൽ ഒരു മെത്രാസനത്തിനു യോഗ്യമാംവിധം

www.malankaralibrary.com



വലിയ ജനാവലി ഉള്ള നഗരമാണെങ്കിൽ അതിനൊന്ന് നൽകണം. ഇത് എല്ലാവർക്കും സ്വീകാര്യമാണോ? അവർ പ്രതിവചിച്ചു: 'അതേ'.

വിവരണം: ലത്തീൻ പകർപ്പ് ഇതിൽനിന്നു വ്യത്യസ്തമാണ്. ഒരു പ്രോവിൻസിൽ ഒരു മെത്രാൻമാത്രം അവശേഷിക്കുന്നു. അവിടെ മുൻപ് കൂടുതൽ പേരുണ്ടായിരുന്നു. യുദ്ധം, വസന്ത ആദിയായ കാരണങ്ങളാൽ ഒരാളൊഴിച്ച് മറ്റെല്ലാവരും മരിച്ചു. കൂടുതൽ മെത്രാൻമാരെ വാഴിക്കാൻ ഒരു സിനഡ് വിളിച്ചുകൂട്ടി. എന്നാൽ അതിൽ പങ്കെടുക്കാതെ മെത്രാൻ ഒഴിഞ്ഞുമാറി. പ്രത്യുത സാഹചര്യത്തിൽ ചെയ്യേണ്ട കാര്യത്തെപ്പറ്റിയാണ് കാനൻ ചർച്ച ചെയ്യുന്നത്.

7. ഹോസിയുസ് മെത്രാൻ പറഞ്ഞു: നമ്മുടെ അലട്ടലും നമ്മുടെ വലിയ നിർബന്ധവും നീതിയില്ലാത്ത അപേക്ഷകളും നിമിത്തം നാം വേണ്ടത്ര ദാക്ഷിണ്യവും ആത്മവിശ്വാസവും കാണിക്കുന്നില്ല. പലരും, പ്രത്യേകിച്ച് ആഫ്രിക്കക്കാർ, ഇമ്പീരിയൽകോർട്ടിനെ അഭയം പ്രാപിക്കുന്നതിൽനിന്നു വിരമിക്കുന്നില്ല. നമ്മുടെ പ്രിയസഹോദരനും സഹമെത്രാനുമായ ഗ്രാതുസിൽ നിന്ന് ഗ്രഹിച്ചതുപോലെ, പലരും രക്ഷാകരമായ ഉപദേശങ്ങൾ സ്വീകരിക്കാതെ, അവയെ നിന്ദിക്കുന്നു. ചിലർ സഭയ്ക്ക് യാതൊരു പ്രയോജനവുമില്ലാത്ത നിരവധി അപേക്ഷകളുമായി കോടതികയറുന്നു; അവർ പാവങ്ങളെയും അൽമായരെയും വിധവകളെയും സഹായിക്കുന്നില്ല. അപ്രകാരമായിരുന്നു ചെയ്യേണ്ടിയിരുന്നത്, അതായിരുന്നു ന്യായമായത്. — ചിലയാളുകൾക്ക് ലൗകിക ബഹുമതികളും ഉദ്യോഗങ്ങളും കിട്ടാൻ ചരടുവലികൾ നടത്തുകയത്രെ ചെയ്യുക. ഈ തിന്മ മുറുമുറുപ്പിനും ഇടർച്ചയ്ക്കും കാരണമാകുന്നു; നമുക്കത് നാണക്കേടുമാണ്. പീഡിപ്പിക്കപ്പെട്ടവനെയും നീതിരഹിതമായി വേദനിക്കുന്ന വിധവയെയും വസ്തുവകകൾ കൊള്ളയടിക്കപ്പെട്ട അനാഥനെയും സഹായിക്കുക മെത്രാന്റെ കർത്തവ്യമായി ഞാൻ കരുതുന്നു. ഇവരുടെ അപേക്ഷ നീതിപൂർവകമാണ്.

അതുകൊണ്ട് പ്രിയസഹോദരങ്ങളേ, നമ്മുടെ ഏറ്റം ഭക്തനായ ചക്രവർത്തി കത്തുവഴി ക്ഷണിച്ചാലല്ലാതെ ഒരു മെത്രാനും ഇമ്പീരിയൽ കോർട്ടിൽ പോകാൻ പാടില്ല എന്നു തീരുമാനിക്കുന്നത് നിങ്ങൾക്കിഷ്ടമാണോ?

തെറ്റുകൾക്കായി ദ്വീപിലേക്കോ മറ്റിടങ്ങളിലേക്കോ നാടുകടത്തപ്പെടുന്നവരും, മറ്റ് വിധിലഭിച്ചവരും ദയയ്ക്കായി അപേക്ഷിക്കയും സഭയിൽ അഭയം തേടുകയും ചെയ്യുമ്പോൾ, അവർക്ക്

www.malankaralibrary.com



സഹായം നിഷേധിക്കാൻ പാടില്ല. താമസം കൂടാതെയും സംശയം കൂടാതെയും അവർക്കു ദയ ലഭിക്കാനായി അപേക്ഷ സമർപ്പിക്കണം. ഈ പറഞ്ഞത് നിങ്ങൾക്കിഷ്ടമാണെങ്കിൽ അംഗീകരിച്ച് വോട്ടുചെയ്യുക.

'ഞങ്ങൾ അംഗീകരിക്കുന്നു'—അവരെല്ലാം ഉത്തരം പറഞ്ഞു.

8. ഹോസിയുസ് മെത്രാൻ പറഞ്ഞു: 'ഇതും നിങ്ങളുടെ വിജ്ഞാനം തീരുമാനിക്കട്ടെ—കോർട്ടിൽ പോകുന്നതുവഴി മെത്രാൻ മുടക്കിലകപ്പെടാതിരിപ്പാനാണ് ഈ ഡിക്രി—മുകളിൽ പറഞ്ഞതരത്തിലുള്ള അപേക്ഷകൾ സമർപ്പിക്കാനുണ്ടെങ്കിൽ, ഒരു ഡീക്കൻ വശം അവ കൊടുത്തുവിടണം. കീഴുള്ളയാൾ അസൂയ ഉളവാക്കില്ലല്ലോ. ചക്രവർത്തി കല്പിച്ചനുവദിച്ച സംഗതി പെട്ടെന്ന് അറിയിക്കാനും സാധിക്കുമല്ലോ.'

എല്ലാവരും പ്രത്യുത്തരിച്ചു, 'അപ്രകാരമായിരിക്കട്ടെ.'

9. ഹോസിയുസ് മെത്രാൻ പറഞ്ഞു: ഏതെങ്കിലും പ്രോവിൻസിൽ സഹമെത്രാൻമാർക്ക് ഏതെങ്കിലും മെത്രാൻ അപേക്ഷകളയയ്ക്കുന്നെങ്കിൽ ഏറ്റം ഭക്തനായ ചക്രവർത്തി ആ അവസരം താമസിച്ച് പൊതുഭരണം നടത്തുന്ന സ്ഥലങ്ങളിലോ പട്ടണങ്ങളിലോ നമ്മുടെ സഹമെത്രാൻമാർ ആരെങ്കിലും ഉണ്ടെങ്കിൽ വലിയ നഗരത്തിലെ അഥവാ മെത്രാപ്പോലീസിലെ മെത്രാൻ ശുപാർശക്കത്തുകളോടുകൂടി തന്റെ ഒരു ഡീക്കനെ അപേക്ഷകളുമായി അവിടെ അയയ്ക്കണം. ഇക്കാര്യം സഹമെത്രാൻമാരെ അറിയിക്കയും വേണം.

എന്നാൽ ഏതെങ്കിലും മെത്രാന് കോർട്ടിൽ സ്നേഹിതരുണ്ടായിരിക്കയും അവരിലൂടെ അപേക്ഷ കൊടുക്കാൻ ആഗ്രഹിക്കയും ചെയ്താൽ, തന്റെ ഡീക്കൻവഴി അപേക്ഷ കൊടുത്ത്, കാര്യം സാധിക്കുന്നതിന് ആരും തടസം ചെയ്യേണ്ടതില്ല.

എന്നാൽ ഞാൻ നേരത്തെ പറഞ്ഞതുപോലെ റോമിലേക്കു വരുന്നവർ, തങ്ങൾക്കു കൊടുക്കാനുള്ള അപേക്ഷകൾ നമ്മുടെ സഹോദരനും സഹമെത്രാനുമായ ജൂലിയസിന് കൊടുക്കണം; അദ്ദേഹം അവ ആദ്യം പരിശോധിക്കട്ടെ, ചിലത് അനുചിതമായിരിക്കാം. തന്റെ സ്വന്തം ശുപാർശയും വക്കാലത്തും നൽകി അവ കോർട്ടിൽ കൊടുക്കാൻ അദ്ദേഹത്തിനു കഴിയും.

അതാണ് തങ്ങളുടെയും ഹിതമെന്നും ഈ തീരുമാനം ശരിയായിട്ടുള്ളതാണെന്നും എല്ലാ മെത്രാൻമാരും അറിയിച്ചു.

www.malankaralibrary.com



10. ഹോസിയുസ് മെത്രാൻ പറഞ്ഞു: ഇതും ആവശ്യമാണെന്ന് എനിക്കു തോന്നുന്നു. പൂർണ്ണമായും ശ്രദ്ധയോടും ഈ കാര്യം നിങ്ങൾ പരിഗണിക്കണം. ഒരു ധനവാനെയോ, പണ്ഡിതനെയോ മെത്രാനാക്കാൻ ആഗ്രഹിച്ചാൽ, വായനക്കാരൻ, ഡീക്കൻ, വൈദികൻ എന്നീ നിലകളിലുള്ള ശുശ്രൂഷകൾ നിർവഹിച്ചശേഷമേ മെത്രാനാക്കാവൂ. ഓരോ പടിയിലുംകൂടി കടന്നു പുരോഗമിക്കുന്നതുവഴി അയാൾ മെത്രാൻസ്ഥാനത്തിന്റെ ഔന്നത്യത്തിന് യോഗ്യനായി കാണപ്പെടുന്നതിനാണിത്. അയാൾ ഓരോ ഘട്ടത്തിലും നിശ്ചിത കാലാവധി നിലനില്ക്കട്ടെ. അങ്ങനെ അയാളുടെ വിശ്വാസം, ശ്രേഷ്ഠജീവിതം, സ്വഭാവദൃഢത, മാന്യമായ പെരുമാററം ആദിയായവ അറിയപ്പെടുകയും ദിവ്യമായ പൗരോഹിത്യജോലിക്ക് അഥവാ മെത്രാൻസ്ഥാനത്തിന് യോഗ്യനായി പരിഗണിക്കപ്പെടുകയും ചെയ്ത് അത്യുന്നതമായ സ്ഥാനം ഏററെടുക്കട്ടെ. ഒരാളെ പെട്ടെന്ന് മെത്രാനായോ, വൈദികനായോ, ഡീക്കനായോ വാഴിക്കുന്നത് ശരിയല്ല; ഇപ്രകാരം ധൃതിപിടിച്ചോ, നിസാരമായോ പ്രവർത്തിക്കാൻ സഭാശിക്ഷണവും പൊതുപാരമ്പര്യങ്ങളും അനുവദിക്കുന്നുമില്ല. പ്രത്യേകിച്ച് പുറജാതികളുടെ പ്രബോധകനായ ഏററം ഭാഗ്യവാനായ ശ്ലീഹാ, അർത്ഥിനവശിഷ്യനായി കണക്കാക്കപ്പെടാതിരിപ്പാൻ, ധൃതിപിടിച്ചുള്ള പട്ടങ്ങൾ അനുവദിക്കുന്നുമില്ല എന്നതിനാൽ അർത്ഥിയുടെ സ്വഭാവവും പെരുമാററവും വ്യക്തമാക്കാൻ വേണ്ടസമയം ആവശ്യമാണ്.

ഇതാണ് ഞങ്ങളുടെ ഹിതമെന്നും ഇത് ഒട്ടും മാറേറണ്ടതില്ലെന്നും എല്ലാവരും പറഞ്ഞു.

11. ഹോസിയുസ്മെത്രാൻ പറഞ്ഞു: ഇതും പ്രസിദ്ധീകരിക്കേണ്ടതാണ്: ഏതെങ്കിലും ഒരു മെത്രാൻ ഒരു പട്ടണത്തിൽനിന്ന് മറെറാന്നിലേക്കോ, ഒരു പ്രോവിൻസിൽനിന്നു മറെറാന്നിലേക്കോ വന്ന്, ദൈവഭയം വർദ്ധിപ്പിക്കുന്നതിനുതകത്തക്കവിധം സംസാരിക്കാതെ ആത്മപ്രശംസ നടത്തുകയും വ്യർത്ഥഭാഷണങ്ങളിൽ മുഴുകുകയും, അവിടെ ദീർഘമായി താമസിക്കുവാൻ ആഗ്രഹിക്കുകയും ചെയ്യുന്നു എന്നിരിക്കട്ടെ. സ്ഥലത്തെ മെത്രാൻ പണ്ഡിതനും വാഗ്മിയുമല്ലെങ്കിലും വന്നയാൾ അദ്ദേഹത്തെ, വെറുക്കുകയോ, തുടരെത്തുടരെയുള്ള പ്രസംഗംവഴി അദ്ദേഹത്തെ തരംതാഴ്ത്താനോ, അദ്ദേഹത്തിന്റെ ബഹുമാനം കുറയ്ക്കാനോ ശ്രമിക്കുകയോ അരുത്. ഇത് കുഴപ്പങ്ങൾക്കു കാരണമാവാനിടയുണ്ട്—അങ്ങനെ മറെറാരാളുടെ സിംഹാസനം തട്ടിയെടുക്കാൻ ശ്രമം നടക്കാനിടയുണ്ട്. തന്റെ ചുമതലയ്ക്കേല്പിക്കപ്പെട്ട സഭയെ ശങ്കകൂടാതെ ഉപേക്ഷിച്ച് മറെറാന്നിലേക്ക് മാററം നേടാനും ശ്രമിക്കരുത്. ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ കൃത്യമായ സമയ

www.malankaralibrary.com



ക്ലിപ്തത പാലിക്കേണ്ടതുണ്ട്. മെത്രാനെ സ്വീകരിക്കാതിരിക്കുക മര്യാദരഹിതവും പരുഷവുമായ സംഗതിയായി പരിഗണിക്കപ്പെടും. പട്ടണത്തിൽ താമസിക്കുന്ന അൽമായർ തുടർച്ചയായി മൂന്നു ഞായറാഴ്ചകളിൽ—അതായത് മൂന്ന് പൂർണ്ണ ആഴ്ചകളിൽ—പള്ളിയിൽ വരാതിരുന്നാൽ സഭാസംസർഗത്തിൽനിന്ന് നീക്കപ്പെടണം എന്ന് നമ്മുടെ പിതാക്കൻമാർ നേരത്തെ തീരുമാനിച്ചിട്ടുള്ളത് നിങ്ങൾ അനുസ്മരിക്കുമല്ലോ. അൽമായരെ സംബന്ധിച്ചിങ്ങനെയാണെങ്കിൽ, ഗൗരവമായ ആവശ്യമോ പ്രയാസമേറിയ ദൗത്യമോ ഉള്ളപ്പോഴല്ലാതെ, മെത്രാൻ ദീർഘകാലം തന്റെ ചുമതലയ്ക്കേല്പിക്കപ്പെട്ടിരിക്കുന്ന രൂപതയിൽനിന്നകന്ന് ജനങ്ങൾക്കു പ്രയാസമുണ്ടാക്കുന്നത് അനാവശ്യമാണ്; ഒരു തരത്തിലും ശരിയല്ല, ന്യായയുക്തവുമല്ല.

എല്ലാ മെത്രാൻമാരും പറഞ്ഞു: 'ഇതും വളരെ ശരിയായിട്ടുള്ള ഡിക്രിയാണെന്ന് ഞങ്ങൾ തീരുമാനിക്കുന്നു'.

12. ഹോസിയുസ് മെത്രാൻ പറഞ്ഞു: ഒരു പ്രശ്നവും പരിഹരിക്കാതെ വിട്ടുകളയാതിരിക്കാൻ ഇപ്രകാരം തീരുമാനിക്കാം. തങ്ങൾ മെത്രാൻമാരായി നിയമിതരായിരിക്കുന്ന പട്ടണങ്ങളിൽ നമ്മുടെ ചില സഹോദരങ്ങൾക്കും സഹമെത്രാൻമാർക്കും വളരെക്കുറച്ചു സ്വത്തുക്കളേയുള്ളു. എന്നാൽ മററിടങ്ങളിൽ അവർക്ക് വളരെ സ്വത്തുക്കളുണ്ട്. അതുകൊണ്ടു പാവങ്ങളെ സഹായിക്കാൻ അവർക്കു സാധിക്കുന്നു. അവർ തങ്ങളുടെ തോട്ടങ്ങൾ സന്ദർശിച്ച് ഫലസമാഹരണത്തിൽ ശ്രദ്ധിക്കാൻവേണ്ടി മൂന്നു ഞായറാഴ്ച, അതായത് മൂന്നാഴ്ച, തങ്ങളുടെ തോട്ടങ്ങളിൽ ചെലവഴിക്കാൻ അവർക്കനുവാദം നൽകണമെന്ന് എനിക്കു തോന്നുന്നു. ഈ അവസരം, ഒരു വൈദികൻ നേതൃത്വം നൽകുന്ന, അടുത്തുള്ള പള്ളിയിൽ ചെന്ന് ദിവ്യാരാധനയിൽ പങ്കുകൊള്ളുകയും കുർബാന അർപ്പിക്കയും ചെയ്യുക. മെത്രാൻ ആരാധനയിൽനിന്നകന്നിരിക്കുന്നു എന്ന തോന്നൽ ഒഴിവാക്കാനും മെത്രാനുള്ള പട്ടണത്തിൽ കൂടെക്കൂടെ വരാതിരിക്കാനും ഇതു സഹായിക്കും. ഇങ്ങനെ അവരുടെ അസാന്നിദ്ധ്യംകൊണ്ട് അവരുടെ വ്യക്തിപരമായ സംഗതികൾക്കു നഷ്ടം വരാനിടയാകില്ല. അവർ അത്യാഗ്രഹികളാണെന്നോ, ഗർവിഷ്ഠരാണെന്നോ ആരും ആരോപണം ഉന്നയിക്കുകയുമില്ല. എല്ലാ മെത്രാൻമാരും പറഞ്ഞു: 'ഇതും ഞങ്ങൾ അംഗീകരിക്കുന്നു.'

13. ഹോസിയുസ് മെത്രാൻ പറഞ്ഞു: എല്ലാവരും ഇതും അംഗീകരിക്കണം: മുടക്കപ്പെട്ട വൈദികനോ, ഡീക്കനോ, മററ് വൈദികസ്ഥാനിയോ, അവനെ അറിയാവുന്ന മറെറാരു മെത്രാന്റെ പക്കലെത്തുന്നു എന്നിരിക്കട്ടെ. സ്വന്തം മെത്രാൻ മുടക്കി എന്ന് അയാൾക്ക്

www.malankaralibrary.com



അറിയുകയും ചെയ്യാം. ആ വ്യക്തിയെ സഭാസംസർഗത്തിലേക്കു തിരികെയെടുത്ത് തന്റെ സഹോദരമെത്രാനെതിരെ തെററു ചെയ്യാൻ പാടില്ല. ഇപ്രകാരം ചെയ്യാൻ അയാറം മുതിർന്നാൽ അയാറം മെത്രാൻമാരുടെ സംഘത്തിന്റെ മുൻപാകെ സന്നിഹിതനായി ഉത്തരം നൽകേണ്ടിവരും എന്ന് അറിഞ്ഞിരിക്കട്ടെ.

എല്ലാ മെത്രാൻമാരും പറഞ്ഞു: ഈ ഡിക്രി എല്ലാക്കാലത്തും സമാധാനവും എല്ലാവരുടെയും ഇടയിലുള്ള യോജിപ്പും നിലനിർത്തും.

14. ഹോസിയുസ് മെത്രാൻ പറഞ്ഞു: തുടർച്ചയായി എന്നെ നിർബന്ധിക്കുന്ന ഒരു സംഗതികൂടി ഞാൻ പറഞ്ഞുകൊള്ളട്ടെ. കോപപ്രകൃതിക്കാരനായ ഒരു മെത്രാൻ—അപ്രകാരമുണ്ടാകുവാൻ പാടില്ലാത്തതാണ്—പെട്ടെന്ന് ഒരു വൈദികനൊ ഡീക്കനോ എതിരായി തിരിഞ്ഞ് അയാളെ സഭയ്ക്കു പുറത്താക്കാൻ ഉദ്യമിച്ചാൽ, വളരെ പെട്ടെന്ന് അയാളെ വിധിച്ച് സഭാസംസർഗത്തിൽനിന്നു പുറത്താക്കാതിരിക്കാനുള്ള നടപടിക്രമം ഉണ്ടാകണം.

എല്ലാവരും പറഞ്ഞു: പുറത്താക്കപ്പെടുന്നവൻ ഒരു പ്രോവിൻസിലെ മെത്രാപ്പൊലീസിലുള്ള മെത്രാനെ അഭയം പ്രാപിക്കട്ടെ. അവിടെ മെത്രാനില്ലെങ്കിൽ ഏററം അടുത്തുള്ള മെത്രാന്റെ പക്കലണഞ്ഞ് തന്റെ കേസ് സൂക്ഷ്മപരിശോധന ചെയ്യണം എന്ന് അപേക്ഷിക്കട്ടെ. അപ്രകാരം ആവശ്യപ്പെടുന്നവർക്ക് വിചാരണ നിഷേധിക്കാൻ പാടില്ല.

അവന്റെ കേസ് പുനപ്പരിശോധിച്ച് അവന്റെ തീരുമാനം അംഗീകരിക്കയോ തിരസ്കരിക്കയോ ചെയ്യുന്നതിൽ, അവനെ പുറത്താക്കിയ മെത്രാൻ—നീതിപൂർവകമോ അനീതി പൂർവകമോ ആകാം-പരിഭവിക്കേണ്ട കാര്യമില്ല. എന്നാൽ എല്ലാ സംഗതികളും കൃത്യമായും സൂക്ഷ്മമായും പരിശോധിച്ച് കേസിന്റെ വിധി പ്രസ്താവിക്കുന്നതുവരെ പുറത്താക്കപ്പെട്ടവൻ സഭാസംസർഗത്തിനാവശ്യപ്പെടാൻ പാടില്ല.

ആ കേസ് പുനപ്പരിശോധിച്ച വൈദികാന്തസിലുള്ളവർ മെത്രാനിൽ വ്യക്തമായ ധിക്കാരവും ഗർവും ദർശിച്ചാൽ, അനീതിപരമായ മുടക്കുകളും ക്രൂരതയും അനുവദിച്ചുകൂടാത്തതിനാൽ, അയാളെ കുറെ പരുഷമായും കഠിനമായും ശാസിച്ചുതിരുത്തണം; ശരിയായ കല്പനകറം മനുഷ്യർ അനുസരിച്ച് വിധേയരായിരിക്കേണ്ടതുണ്ട് എന്നതിനാലാണിത്.

www.malankaralibrary.com



കാരണം, മെത്രാൻ തൻെറ കീഴുള്ളവരോട് ആത്മാർത്ഥമായ സ്നേഹവും പരിഗണനയും കാണിക്കേണ്ടതാണ്; അതുപോലെ കീഴുള്ളവരും മെത്രാനോട് ആത്മാർത്ഥതയോടുകൂടി വ്യാപരിച്ച് തങ്ങളുടെ ശുശ്രൂഷയുടെ കടമകരം നിർവഹിക്കേണ്ടതാണ്.

15. ഹോസിയുസ് മെത്രാൻ പറഞ്ഞു: ഇതും നമുക്കു തീരുമാനിക്കാം. ഏതെങ്കിലും ഒരു മെത്രാൻ മററൊരു രൂപതയിലെ ഒരാളെ അവിടുത്തെ മെത്രാൻെറ അനുവാദം കൂടാതെ ഏതെങ്കിലും വൈദിക സ്ഥാനത്തേക്കുയർത്തിയാൽ, ആ പട്ടം അവാസ്തവവും അംഗീകരിപ്പടാത്തതുമായി കണക്കാക്കപ്പെടണം. എന്നാൽ ആരെങ്കിലും അപ്രകാരം ചെയ്താൽ, നമ്മുടെ സഹോദരൻമാരും സഹമെത്രാൻമാരുംകൂടി അയാളെ ഉപദേശിച്ച് തിരുത്തണം.

എല്ലാവരും പറഞ്ഞു: ഈ ഡിക്രി മാററമില്ലാതെ നിലനിൽക്കട്ടെ.

16. ഏസ്യൂസ് മെത്രാൻ പറഞ്ഞു: മെത്രോപ്പൊളീത്തൻ നഗരമായ തെസലോണിക്കാ എത്ര വലുതും എത്ര പ്രധാനപ്പെട്ടതുമാണെന്ന് നിങ്ങരം അജ്ഞരല്ലല്ലോ. മററ് പ്രോവിൻസുകളിൽനിന്ന് പ്രെസ്ബിററർമാരും ഡീക്കൻമാരും കൂടെക്കൂടെ അവിടേക്ക് വരാറുണ്ട്. അത്യാവശ്യകാര്യങ്ങരംക്ക് അവിടെ താമസിച്ചിട്ട് മടങ്ങിപ്പോകാതെ ചിലർ അവിടെ തങ്ങി അത് സ്ഥിരതാവളമാക്കുകയാണ്. തങ്ങളുടെ സ്വന്തം പള്ളികളിലേക്ക് വളരെ പ്രയാസപ്പെട്ടും വളരെ കാലതാമസത്തിനുശേഷവും മാത്രമാണ് അവർ തിരികെ പോകുന്നത്. ഇത് സംബന്ധിച്ച് നാം ഒരു തീർപ്പു കൽപിക്കണം.

ഹോസിയുസ് മെത്രാൻ പറഞ്ഞു: മെത്രാൻമാരെ സംബന്ധിച്ചുപറഞ്ഞവ ഈ ആളുകരംക്കും ബാധകമായിരിക്കട്ടെ.

17. നമ്മുടെ സഹോദരൻ ഒളിംപിയൂസിൻെറ നിർദ്ദേശാനുസരണം ഇപ്രകാരം ഞങ്ങരം തീരുമാനിക്കുന്നു: തൻെറ ശിക്ഷണക്രമത്തിൻെറയോ, കത്തോലിക്കാ സഭാവിശ്വാസം പ്രസംഗിച്ചതിൻെറയോ, സത്യത്തിനുവേണ്ടി നിലകൊണ്ടതിൻെറയോ പേരിൽ, പീഡിപ്പിക്കപ്പെടുകയും, നിരപരാധിയും ഭക്തനുമായിരിക്കെ നീതിരഹിതമായി ഭ്രഷ്ടനാക്കപ്പെടുകയും ചെയ്ത മെത്രാൻ, മററൊരു നഗരത്തിലെത്തിയാൽ അയാരം പുനപ്രതിഷ്ഠിക്കപ്പെടുന്നതുവരെയോ, അവനോടുകാട്ടിയ അനീതിയും ക്രൂരതയും പരിഹരിക്കപ്പെടുന്നതു വരെയോ, അവിടെ താമസിക്കാൻ അനുവദിക്കണം. നീതിരഹിതമായി പുറംതള്ളപ്പെട്ടവരെ നാം സംരക്ഷിച്ചില്ലെങ്കിൽ അത് കഠിനവും നിഷ്ഠൂരവുമായിരിക്കും. ഹൃദയപൂർവ്വവും ഏററവും വലിയ പരിഗണനയോടുംകൂടി അയാരം സ്വീകരിക്കപ്പെടണം. 'ഇതാണ് അയാളുടെ ഇഷ്ടം'— എല്ലാവരും പറഞ്ഞു.

www.malankaralibrary.com



18. ഗൗദെൻസ്യൂസ് മെത്രാൻ പറഞ്ഞു: സഹോദരനായ ഏസ്യൂസ്, അങ്ങ് മെത്രാനായശേഷം ഭൂപതയിൽ സമാധാനം നില നിൽക്കുന്നു എന്ന് അങ്ങേയ്ക്ക് അറിയാമല്ലോ. വൈദികസ്ഥാന ങ്കളെ സംബന്ധിച്ച് അഭിപ്രായ വ്യത്യാസം ഒന്നും നിലനിൽക്കാ തിരിക്കാൻ, മൂസായും എവുത്തീക്കിയാനൂസും പട്ടംകൊടുത്തവർ, മററ് കുററമൊന്നുമില്ലെങ്കിൽ, സ്വീകരിക്കപ്പെടണം എന്നതാണ് ഞങ്ങളുടെ ആഗ്രഹം.

19. ഹോസിയുസ് മെത്രാൻ പറഞ്ഞു: നാം വിനീതരും ക്ഷമയുള്ളവരും എല്ലാവരോടും നിരന്തര സഹതാപം ഉള്ളവരും ആയിരിക്കണം. സഭയിൽ വൈദിക പദവിയിൽ ഉയർത്തപ്പെട്ട ചിലർ, തങ്ങൾ നിയമിതരായ സഭകളിലേക്ക് തിരികെ വരാൻ ഇഷ്ടപ്പെ ടുന്നില്ലെങ്കിൽ ഭാവിയിൽ സ്വീകരിക്കപ്പെടാൻ പാടില്ല. എവുത്തി ക്കിയാനൂസ് മെത്രാനാണെന്ന് തെളിയിക്കാൻ ഇനി ബദ്ധപ്പെ ടേണ്ട; മൂസായെയും മെത്രാനായി പരിഗണിക്കേണ്ട. അൽമായരായി സഭയിൽ തുടരാൻ അവർ ആഗ്രഹിച്ചാൽ അതിനു തടസം നിൽ ക്കാൻ പാടില്ല. ഇതാണ് എന്റെ എളിയ അഭിപ്രായം. 'അതു ശരിതന്നെ'— എല്ലാവരും പറഞ്ഞു.

20. ഗൗദെൻസ്യൂസ് മെത്രാൻ പറഞ്ഞു: മെത്രാൻമാരായ ഞങ്ങ ളുടെ നോട്ടത്തിൽ ദൈവത്തിനും മനുഷ്യർക്കും പ്രീതികരമായ ഈ ഡിക്രികൾ ശരിയായും ഭംഗിയായും ക്രമീകൃതമായും ഞങ്ങൾ പുറ പ്പെടുവിച്ചു. എന്നാൽ ഇവയോടുകൂടി ശിക്ഷയും കൂട്ടിച്ചേർത്തി ല്ലെങ്കിൽ ഇവ ഫലപ്രദമായും ശരിയായും നടപ്പാക്കാൻ സാധിക്ക യില്ല. കാരണം, ചിലരുടെ ലജ്ജാരഹിതമായ പ്രവൃത്തികൾകൊണ്ട് ദൈവികവും ശ്രേഷ്ഠവുമായ മെത്രാൻ സ്ഥാനം തന്നെ പലപ്പോഴും പരിഹാസത്തിനിടയാകുന്നുണ്ട് എന്ന് നമുക്കു തന്നെയറിയാം. അതുകൊണ്ട് ദൈവത്തെ പ്രസാദിപ്പിക്കാതെ അത്യാഗ്രഹത്താലോ ധിക്കാരത്താലോ ഈ തീരുമാനങ്ങൾക്കെതിരായി, മററ് രീതിയിൽ പ്രവർത്തിക്കുന്നവർ അതിനു സമാധാനം ബോധിപ്പിക്കണം; മെത്രാൻ സ്ഥാനത്തിന്റെ ബഹുമാനം അവർക്കു നഷ്ടമാകു കയും ചെയ്യും എന്ന് അവർ മുൻകൂട്ടി അറിഞ്ഞിരിക്കട്ടെ.

എല്ലാവരും പ്രത്യുത്തരിച്ചു: ഇത് വളരെ ശരിയായിട്ടുള്ള സംഗ തിയാണ്; ഇതാണു ഞങ്ങളുടെ തീരുമാനം.

വലിയ രാജകീയ പാതകളുടെ സമീപത്തോ, കടത്തുകൾക്കടുത്തോ ആസ്ഥാനമുള്ള മെത്രാൻമാർ ഒരു മെത്രാനെ കണ്ടാൽ, യാത്രോ ദ്ദേശത്തെപ്പററി ചോദിച്ച് എവിടേക്കു പോകുന്നു എന്നു മനസി ലാക്കുക. അവൻ കോർട്ടിലേക്കാണ് പോകുന്നതെങ്കിൽ മുകളിൽ പറഞ്ഞ രീതിയിൽ അയാളുടെ അപേക്ഷകൾ ക്രമീകരിക്കുക.

www.malankaralibrary.com



ക്ഷണിക്കപ്പെട്ടിട്ട് പോകുകയാണെങ്കിൽ യാത്രയ്ക്കൊരു തടസവും ഉണ്ടാക്കാൻ പാടില്ല. എന്നാൽ നേരത്തെ പറഞ്ഞതുപോലെതന്നെ ധിക്കാരത്തോടുകൂടി കോർട്ടിൽ പോകുന്നതിനോ ചിലയാളുകളുടെ അപേക്ഷകൾ നിർബന്ധിച്ചു കൊണ്ടുപോകുന്നതിനോ ശ്രമിച്ചാൽ അയാളുടെ കത്തുകളിൽ ഒപ്പിടാൻ പാടില്ല; അയാളെ സംസർഗത്തിൽ സ്വീകരിക്കാനും പാടില്ല. ഈ രീതിയിൽ ഈ ഡിക്രി പരക്കെ അറിയപ്പെടുകയും ഫലപ്രദമായി നടപ്പാകുകയും ചെയ്യും. എല്ലാവരും പറഞ്ഞു: 'ഇതും ഞങ്ങളംഗീകരിക്കുന്നു.'

# 5

# ലവദീഷ്യാ സിനഡ്[1]

ഫ്രീജിയ പെക്കാത്തിയാനായുടെ (ഏഷ്യാമൈനർ) മെത്രാപ്പൊലീസായ ലവദീഷ്യയിൽവച്ച് ഏഷ്യയിലെ വിവിധ പ്രോവിൻസുകളിൽ നിന്നുള്ള മെത്രാൻമാരുടെ ഒരു സിനഡ് നടന്നു. ഈ ലവദീഷ്യ, സിറിയായിലെ ലവദീഷ്യയിൽനിന്ന് വ്യത്യസ്തമാണ്. 'ലവദീഷ്യാ ആദ് ലിക്കും' എന്നും സിനഡുകൂടിയ ലവദീഷ്യ അറിയപ്പെടുന്നു. എന്നാണ് സിനഡു കൂടിയതെന്ന് കൃത്യമായി പറയാൻ സാധ്യമല്ല. 343 നും 381 നും ഇടയ്ക്കാണെന്ന് പൊതുവേ കരുതപ്പെടുന്നു.

## കാനോനകൾ (60)

1. നേരത്തെ ഒരു രഹസ്യവിവാഹം നടത്താത്തവരും, സ്വതന്ത്രമായും നിയമാനുസൃതമായും രണ്ടാംവിവാഹം നടത്തിയവരും ആയ ആളുകൾക്ക് ചുരുങ്ങിയ കാലത്തെ പ്രാർത്ഥനയ്ക്കും ഉപവാസത്തിനും ശേഷം പ്രത്യേക പരിഗണന എന്ന നിലയിൽ കുർബാന കൊടുക്കുന്നത് സഭാകാനോൻ അനുസരിച്ച് ശരിയായിട്ടുള്ളതാണ്.

**വിവരണം:** സഭ ഒരിക്കലും രണ്ടാംവിവാഹത്തെ തെററായി കരുതിയിരുന്നില്ല. എങ്കിലും പല പ്രാദേശിക സിനഡുകളും രണ്ടാം

---

1. NPNF 14, p. 123—160

www.malankaralibrary.com



വിവാഹക്കാർക്ക് പ്രായശ്ചിത്തങ്ങൾ നിശ്ചയിച്ചിരുന്നു. രണ്ടാം വിവാഹമെന്നാൽ വിവാഹ പങ്കാളി മരിച്ചശേഷം ശേഷിക്കുന്നയാൾ നടത്തുന്ന വിവാഹമാണ്. 'രഹസ്യവിവാഹം' എന്നാൽ, കാനോനികമായ രണ്ടാം വിവാഹത്തിനുമുൻപ് നടത്തപ്പെടുന്ന ലൈംഗിക ബന്ധമെന്നാണർത്ഥം. നെയോചെസാറിയ, കാനൻ 3, 7; അൻസീറാ, കാനൻ 19 എന്നിവയും പരിശോധിക്കുക.

2. വിവിധ സംഗതികളിൽ പാപംചെയ്തവരെങ്കിലും അനുതാപത്തിന്റെയും പ്രായശ്ചിത്തത്തിന്റെയും അരൂപിയിൽ സ്ഥിരതയോടിരിക്കുകയും തങ്ങളുടെ തെറ്റുകളിൽനിന്ന് പരിപൂർണ്ണമായി മാനസാന്തരപ്പെടുകയും ചെയ്തവർ, തങ്ങളുടെ തെറ്റിന്റെ സ്വഭാവമനുസരിച്ച് നിശ്ചയിക്കപ്പെട്ട പ്രായശ്ചിത്തം ചെയ്തു കഴിയുമ്പോൾ ദൈവത്തിന്റെ നൻമയും ദയയും വഴി സംസർഗത്തിലേക്ക് തിരികെ സ്വീകരിക്കാവുന്നതാണ്.

3. നവസ്നാപിതരെ വൈദികാന്തസിലേക്ക് പ്രവേശിപ്പിക്കരുത്.

വിവരണം: നിയമം ഇപ്രകാരമായിരുന്നെങ്കിലും ചിലയാളുകളെ സ്നാനം സ്വീകരിച്ച ഉടനെ വൈദികാന്തസിൽ പ്രവേശിപ്പിച്ച ചരിത്രം പലപ്പോഴും ഉണ്ടായിട്ടുണ്ട്. നെക്താരിയുസ് അപ്രകാരമായിരുന്നു.

4. വൈദികാന്തസിലുള്ളവർ അമിതപലിശയോ ഹെമിയോളിയേ (hemioliae) എന്നു പറയപ്പെടുന്നതോ കൊടുക്കുകയോ വാങ്ങുകയോ ചെയ്യരുത് (നിഖ്യാകാനൻ, 7 നോക്കുക).

5. ശ്രോതാക്കളുടെ സാന്നിധ്യത്തിൽ പട്ടംകൊട നടത്താൻ പാടില്ല.

വിവരണം: മെത്രാന്റെ തിരഞ്ഞെടുപ്പിനെപ്പറ്റിയാണ് പട്ടത്തെപ്പറ്റിയല്ല കാനൻ എന്ന് ചിന്തിക്കുന്നവരുണ്ട്.

6. പാഷണ്ഡതയിൽ തുടരുന്നിടത്തോളം കാലം പാഷണ്ഡികൾ ദൈവഭവനത്തിൽ കയറിക്കൂടാ.

7. നോവേഷ്യർ, ഫൊത്തീനിയർ, ക്വാർത്തൊഡേസിമർ എന്നീ പാഷണ്ഡികളിൽനിന്ന് മാനസ്സാന്തരപ്പെടുന്ന സ്നാനാർത്ഥികളെയും, സംസർഗ്ഗം ചെയ്യുന്നവരെയും എല്ലാ പാഷണ്ഡതകളെയും, പ്രത്യേകിച്ച് തങ്ങൾ ഉൾപ്പെട്ടിരുന്നതിനെയും ശപിച്ചെങ്കിലേ സഭയിൽ സ്വീകരിക്കാവൂ. അവരുടെയിടയിൽ 'സംസർഗം ചെയ്യുന്നവർ' എന്നു വിളിക്കപ്പെടുന്നവർ വിശ്വാസപ്രമാണം ശരിയായി

www.malankaralibrary.com



പഠിക്കുകയും വിശുദ്ധ മൂറോൻകൊണ്ട് അഭിഷേകം സ്വീകരിക്കുകയും ചെയ്തിട്ടേ വിശുദ്ധ രഹസ്യങ്ങളിൽ സംസർഗം ചെയ്യിക്കാവൂ.

8. ഫ്രീജിയർ എന്നു വിളിക്കപ്പെടുന്ന പാഷണ്ഡതയിൽ നിന്നു മാനസ്സാന്തരപ്പെടുന്നവർ, വൈദികരായി അവരുടെയിടയിൽ ബഹുമാനിതരായിരുന്നാലും, ഏറ്റം പ്രധാനികളെന്ന് വിളിക്കപ്പെട്ടാലും സഭയിലെ വൈദികരിൽനിന്നും മെത്രാൻമാരിൽനിന്നും പ്രബോധനം സ്വീകരിച്ച് മാമോദീസാ മുങ്ങണം.

9. സഭാംഗങ്ങൾ പ്രാർത്ഥനാശുശ്രൂഷയ്ക്കായി പാഷണ്ഡികളുടെ രക്തസാക്ഷി മണ്ഡപങ്ങൾ എന്ന് വിളിക്കപ്പെടുന്നിടത്തോ ശവക്കോട്ടകളിലോ ഒന്നിച്ചുകൂടാൻ പാടില്ല. അപ്രകാരം ചെയ്യുന്ന 'സംസർഗം ചെയ്യുന്നവർ' കുറേക്കാലത്തേക്ക് മുടക്കപ്പെടണം; തങ്ങൾ പാപം ചെയ്തു എന്ന് അനുതപിച്ചേറ്റുപറയുന്നവരെ സ്വീകരിക്കാം.

10. സഭാംഗങ്ങൾ തങ്ങളുടെ മക്കളെ വിവേചനം കൂടാതെ പാഷണ്ഡികൾക്ക് വിവാഹം ചെയ്തു കൊടുക്കരുത്.

11. പ്രെസ്ബിററിഡെസ് (Presbytides) എന്നു വിളിക്കപ്പെടുന്ന അദ്ധ്യക്ഷകളെ സഭയിൽ നിയമിക്കാൻ പാടില്ല.

12. സത്യവിശ്വാസവും സുകൃതജീവിതവും ദീർഘനാൾ തെളിയിക്കപ്പെട്ടയാളെ മെത്രാപ്പോലീത്തായുടെയും അടുത്തുള്ള മെത്രാൻമാരുടെയും പരിഗണന അനുസരിച്ചേ സഭാഭരണത്തിന് മെത്രാനായി നിയമിക്കാവൂ.

13. വൈദികാർത്ഥിയെ തിരഞ്ഞെടുക്കേണ്ടത് ജനസമൂഹമല്ല.

14. വിശുദ്ധ വസ്തുക്കൾ ഉയിർപ്പുദിവസം ആശീർവാദം (eulogiae) ആയി മററ് രൂപതകളിലേക്ക് കൊടുത്തയയ്ക്കാൻ പാടില്ല.

**വിവരണം:** കുർബാനയ്ക്കുള്ള അപ്പത്തോടൊപ്പം അതേ രൂപത്തിലുള്ള നിരവധി അപ്പം അൾത്താരയിൽ വയ്ക്കുക പതിവുണ്ടായിരുന്നു. അവ കൂദാശ ചെയ്യാതെ ആശീർവദിക്കുക മാത്രം ചെയ്തിരുന്നു. വൈദികരുടെ സംരക്ഷണയ്ക്കും, കുർബാനയ്ക്ക് വരാത്തവർക്കുമായി അവ ഉപയോഗിച്ചിരുന്നു. ഇപ്രകാരം വാഴ്ത്തപ്പെട്ട അപ്പത്തെ ആശീർവാദം (eulogiae) എന്നു വിളിച്ചിരുന്നു.

പരസ്പര സംസർഗത്തിൻെറ അടയാളമായി പ്രാചീന കാലത്ത് ഉയിർപ്പുദിവസം മെത്രാൻമാർ വി. കുർബാന തന്നെയും പരസ്പരം

www.malankaralibrary.com



കൊടുത്തയച്ചിരുന്നു. കൂദാശ ചെയ്യപ്പെട്ട അപ്പമാണത്. ഒന്നും രണ്ടും നൂററാണ്ടുകളിലെ മാർപാപ്പാമാർ ഇപ്രകാരം ചെയ്തിരുന്നു എന്ന് ഇരനെവൂസ് സാക്ഷിക്കുന്നു. കാലം കഴിഞ്ഞപ്പോൾ വെറും വാഴ്ത്തിയ അപ്പം മാത്രം കൈമാറുന്ന രീതി ഉണ്ടായി. പൗളീനുസും അഗസ്ററിനും ഇപ്രകാരം കൈമാറിയിട്ടുണ്ട്. എന്നാൽ ഉയിർപ്പുകാലത്ത് കുർബാന തന്നെ കൈമാറുന്ന രീതി തുടർന്നും ഉണ്ടായിരുന്നു. ഈ രീതിയെയാണ് ഈ സിനഡ് വിലക്കുന്നത്.

15. കാനോനിക്കൽ ഗായകരൊഴിച്ച് മററാരും പള്ളിയിൽ പാടാൻ പാടില്ല; അവർതന്നെയും ആംബോയിൽ കടന്ന് പാട്ടു പുസ്തകത്തിൽ നിന്ന് പാടണം.

വിവരണം: പാട്ടു തുടങ്ങുന്നതിനെ സംബന്ധിച്ചായിരിക്കാം ഈ കാനൻ പ്രതിപാദിക്കുന്നത്.

16. ശനിയാഴ്ച ദിവസം മററ് വിശുദ്ധ ഗ്രന്ഥങ്ങളോടൊപ്പം സുവിശേഷവും വായിക്കണം.

17. സമൂഹത്തിൽ സങ്കീർത്തനങ്ങൾ ഒന്നിച്ച് തുടരെത്തുടരെ ചൊല്ലാതെ ഓരോ സങ്കീർത്തനവും കഴിയുമ്പോൾ ഓരോ പാഠഭാഗം ചേർക്കണം.

18. ഒൻപതാംമണിയുടെയും സന്ധ്യയുടെയും പ്രാർത്ഥനയ്ക്ക് നിശ്ചിത പ്രാർത്ഥനകൾ ഉപയോഗിക്കണം.

19. മെത്രാന്റെ പ്രസംഗത്തിനുശേഷം ആദ്യമായി സ്നാനാർത്ഥികൾക്കുവേണ്ടിയുള്ള പ്രാർത്ഥന നടത്തണം; അവർ പോയ ശേഷം പ്രായശ്ചിത്തത്തിനു വിധേയരായവർക്കുവേണ്ടി പ്രാർത്ഥിക്കണം; മെത്രാന്റെ കൈവെപ്പിനുശേഷം അവർ പിരിഞ്ഞുപോകുമ്പോൾ ജനങ്ങൾക്കുവേണ്ടിയുള്ള മൂന്ന് പ്രാർത്ഥനകൾ ചൊല്ലണം. ആദ്യത്തേത് പൂർണ്ണമായും നിശബ്ദമായി ചൊല്ലണം; രണ്ടാമത്തേതും മൂന്നാമത്തേതും ഉച്ചത്തിലും. അതിനു ശേഷം സമാധാന ചുംബനം കൊടുക്കണം. മെത്രാനും വൈദികരും സമാധാന ചുംബനം കൊടുത്തശേഷം ജനങ്ങൾ പരസ്പരം സമാധാനം കൊടുക്കുന്നു. അതിനുശേഷം വിശുദ്ധ അർപ്പണം പൂർത്തിയാക്കണം. അൾത്താരയിലേയ്ക്കുപോയി കുർബാന സ്വീകരിക്കുക എന്നത് വൈദികർക്കു മാത്രം അനുവദനീയമായിട്ടുള്ളതാണ്.

20. ഇരിക്കാൻ വൈദികൻ അനുവദിച്ചാലല്ലാതെ വൈദികന്റെ സാന്നിധ്യത്തിൽ ഡീക്കൻ ഇരിക്കുന്നത് ശരിയല്ല. അതുപോലെ ഡീക്കനെ സബ്ഡീക്കനും മററ് താഴ്ന്ന പട്ടമുള്ളവരും ബഹുമാനിക്കണം.

www.malankaralibrary.com



21. സബ്ഡീക്കൻമാർക്ക് ഡിയാക്കോണിക്കുമിൽ (Diaconicum) സ്ഥാനമുണ്ടായിരിക്കില്ല. വിശുദ്ധ പാത്രങ്ങളെ അവർ സ്പർശിക്കാനും പാടില്ല.

**വിവരണം:** വിശുദ്ധ പാത്രങ്ങൾ വച്ചിരിക്കുന്നിടം എന്നാണ് ഡീയാക്കോണിക്കുമിനർത്ഥം. അതായത് സബ്ഡീക്കൻമാർ ഡീക്കന്മാരുടെ ജോലി ചെയ്യാൻ പാടില്ല എന്നർത്ഥം.

22. സബ്ഡീക്കൻമാർ ഊറാറാ ധരിക്കരുത്; അവർ വാതിൽക്കൽ നിന്ന് പോകാനും പാടില്ല.

23. വായിക്കുമ്പോഴും പാടുമ്പോഴും വായനക്കാരനും പാട്ടുകാരനും ഊറാറാ ധരിക്കാൻ അവകാശമില്ല.

24. വൈദികർ, ഡീക്കൻമാർ തുടങ്ങി വൈദികഗണത്തിൽ പെട്ടവർ—സബ്ഡീക്കൻമാർ, വായനക്കാർ, പാട്ടുകാർ, പിശാചിനെ ഒഴിക്കുന്നവർ, വാതിൽ സൂക്ഷിക്കുന്നവർ, താപസഗണത്തിൽപെട്ടവർ തുടങ്ങിയ സഭാക്രമത്തിൽ പെട്ടവർ—ആരും സത്രത്തിൽ കയറരുത് (അപ്പ. കാനൻ 54—മായി താരതമ്യപ്പെടുത്തുക).

25. സബ്ഡീക്കൻ അപ്പം കൊടുക്കുകയോ കാസാ ആശീർവദിക്കുകയോ ചെയ്യാൻ പാടില്ല.

26. മെത്രാന്റെ നിയമനം കൂടാതെ പള്ളിയിൽവച്ചോ, രഹസ്യ ഭവനങ്ങളിൽവച്ചോ ആരും മതസംഗതികൾ പഠിപ്പിക്കാൻ പാടില്ല.

27. ഒരു പന്തിഭോജനത്തിനു (love feast) വൈദികനെം, വൈദികസ്ഥാനങ്ങളുള്ള മററാരെങ്കിലുമോ, അൽമായനോ ക്ഷണിക്കപ്പെട്ടാൽ, അവിടെനിന്ന് തങ്ങളുടെ ഭാഗം എടുത്തുകൊണ്ടുപോകരുത്; സഭയ്ക്ക് ഇത് അപമാനകരമാണ്.

28. കർതൃഭവനങ്ങളിലോ പള്ളികളിലോ സ്നേഹവിരുന്ന് നടത്തുന്നതും ദൈവഭവനത്തിൽ കിടക്ക തയ്യാറാക്കുന്നതും അനുവദനീയമല്ല.

29. ക്രിസ്ത്യാനികൾ യഹൂദരെ അനുകരിച്ച് ശനിയാഴ്ച വിശ്രമിക്കരുത്; അന്ന് അവർ ജോലി ചെയ്യണം; മറിച്ച് കർതൃദിവസത്തെ അവർ ബഹുമാനിക്കണം. അന്ന് സാധിക്കുമെങ്കിൽ ക്രിസ്ത്യാനികളെന്ന നിലയിൽ അവർ വിശ്രമിക്കണം. എന്നാൽ യൂദന്മാരെപ്പോലെ ആരെങ്കിലും പ്രവർത്തിച്ചാൽ അവൻ ക്രിസ്തുവിൽനിന്ന് അന്യനായിരിക്കട്ടെ.

www.malankaralibrary.com



30. വൈദികരോ, വൈദികഗണത്തിൽപെട്ട താഴ്ന്ന പട്ടമുള്ളവരോ, താപസരോ, ക്രിസ്തീയ പുരുഷനോ, സ്ത്രീകളോടുകൂടി കുളിക്കരുത്; പുറജാതികളുടെ ഇടയിലും ഇത് ഏറ്റം വലിയ മ്ലേച്ഛതയാണല്ലോ.

31. ഏതെങ്കിലുംവിധത്തിലുള്ള പാഷണ്ഡികളുമായി വിവാഹം നടത്തുന്നതും നമ്മുടെ മക്കളെ അവർക്കുകൊടുക്കുന്നതും അനുവദനീയമല്ല; എന്നാൽ അവർ സത്യക്രിസ്ത്യാനികളാകാം എന്നു വാഗ്ദാനം ചെയ്താൽ അവരെ ഇങ്ങോട്ട് സ്വീകരിക്കാം.

32. പാഷണ്ഡികളുടെ ആശീർവാദം (eulogiae) സ്വീകരിക്കുന്നത് അനുവദനീയമല്ല; അവരുടേത് ആശീർവാദമല്ല, ഭോഷ്ക്കാണ് (alogiai).

33. പാഷണ്ഡികളോടും ശീശ്മക്കാരോടുംകൂടി പ്രാർത്ഥനയിൽ സംബന്ധിക്കരുത്.

34. ക്രിസ്ത്യാനികളാരും ക്രിസ്തീയരക്തസാക്ഷികളെ ഉപേക്ഷിച്ച്, പാഷണ്ഡികളുടെയോ മുമ്പ് പാഷണ്ഡികളായിരുന്നവരുടെയോ രക്തസാക്ഷികളെ സ്വീകരിച്ച് കള്ള രക്തസാക്ഷികളിലേക്ക് തിരിയരുത്; കാരണം, അവർ ദൈവത്തിൽനിന്നകന്നവരാണ്; അവരുടെ പിന്നാലെ പോകുന്നവർ ശപിക്കപ്പെട്ടവരാകട്ടെ.

35. ക്രിസ്ത്യാനികളാരും ദൈവഭവനത്തെ ഉപേക്ഷിച്ചുപോയി യോഗംകൂടി മാലാഖമാരെ വിളിച്ചു പ്രാർത്ഥിക്കാതിരിക്കട്ടെ; അത് മുടക്കപ്പെട്ടിരിക്കുന്നു. ഈ ഗൂഢ വിഗ്രഹാരാധനയിൽ ഉൾപ്പെടുന്നവർ ശപിക്കപ്പെട്ടവരാകട്ടെ. കാരണം ഇക്കൂട്ടർ ദൈവപുത്രനായ നമ്മുടെ കർത്താവീശോമിശിഹായെ ഉപേക്ഷിച്ച് വിഗ്രഹാരാധനയിലേക്ക് തിരിഞ്ഞിരിക്കുന്നു.

36. വൈദികരോ, വൈദികഗണത്തിൽ പെട്ടവരോ ജാലവിദ്യക്കാരോ, മാന്ത്രികരോ, ഗണകൻമാരോ, ജോൽസ്യൻമാരോ ആകാൻ പാടില്ല. തങ്ങളുടെതന്നെ ആത്മാക്കളുടെ ബന്ധനമായ തകിടെഴുത്ത് അവർ ഉണ്ടാക്കാൻ പാടില്ല. ഇവ ധരിക്കുന്നവരെ സഭയ്ക്കു പുറത്താക്കണമെന്ന് നാം കല്പിക്കുന്നു.

37. യൂദൻമാരുടെയും പാഷണ്ഡികളുടെയും വിരുന്നിന്റെ പങ്ക് സ്വീകരിക്കുന്നതും അവരോടൊപ്പം വിരുന്നു കഴിക്കുന്നതും അനുവദനീയമല്ല.

www.malankaralibrary.com



38. യൂദൻമാരിൽനിന്ന് പുളിപ്പില്ലാത്ത അപ്പം സ്വീകരിക്കുന്നതും, അവരുടെ അഭക്തിയിൽ ഭാഗഭാക്കുകളാകുന്നതും അനുവദനീയമല്ല.

39. പുറജാതികളോടുകൂടി വിരുന്നുനടത്തുന്നതും അവരുടെ നിരീശ്വരത്വത്തിൽ ഭാഗഭാക്കുകളാകുന്നതും അനുവദനീയമല്ല.

40. സിനഡിൽ വിളിക്കപ്പെടുന്ന മെത്രാൻമാർ വെറുപ്പ് എന്ന തെററിന് അധീനരാകാതെ സഭയുടെയും മററുള്ളവരുടെയും നവീകരണാർത്ഥം പഠിപ്പിക്കാനോ, പഠിപ്പിക്കപ്പെടുവാനോ വേണ്ടി അതിൽ സംബന്ധിക്കണം. രോഗംമൂലമല്ലെങ്കിൽ വെറുപ്പ് എന്ന തെററിന് വിധേയനായവൻ, സ്വയം കുററം വിധിക്കുന്നു.

41. മെത്രാൻെറ അനുവാദം കൂടാതെ വൈദികരോ വൈദികപദവിയിലുള്ള മററുള്ളവരോ ദീർഘയാത്രയ്ക്ക് പുറപ്പെടരുത്.

42. കാനോനിക കത്തുകൾ കൂടാതെ വൈദികഗണത്തിൽപ്പെട്ടവരാരും ദീർഘയാത്ര ചെയ്യരുത്.

43. സബ്ഡീക്കൻമാർ, പ്രാർത്ഥിക്കാനായി ചുരുങ്ങിയ സമയത്തേക്കുപോലും വാതിൽക്കൽനിന്ന് മാററരുത്.

44. സ്ത്രീകൾ അൾത്താരയെ സമീപിക്കരുത്.

45. സ്നാനാർത്ഥികളെ വലിയ നോമ്പിലെ രണ്ടാം ആഴ്ചയ്ക്കുശേഷം സ്വീകരിക്കാൻ പാടില്ല.

46. സ്നാനാർത്ഥികൾ വിശ്വാസപ്രമാണം മന:പാഠം പഠിച്ച് ആഴ്ചയുടെ അഞ്ചാംദിവസം മെത്രാൻെറയോ, വൈദികൻെറയോ മുൻപാകെ ചൊല്ലിക്കേൾപ്പിക്കണം.

47. രോഗഗ്രസ്തരായപ്പോൾ സ്നാനം സ്വീകരിച്ചെങ്കിലും പിന്നീട് സൗഖ്യം പ്രാപിച്ചവർ വിശ്വാസപ്രമാണം മന:പാഠം പഠിക്കണം. ദിവ്യദാനങ്ങൾ തങ്ങളെ സംരക്ഷിച്ചു എന്ന് അവർ അറിഞ്ഞിരിക്കട്ടെ.

48. സ്നാനം പ്രാപിച്ചവർ സ്നാനാനന്തരം സ്വർഗ്ഗീയ മൂറോനാൽ അഭിഷിക്തരാകുകയും ക്രിസ്തുവിൻെറ രാജ്യത്തിൽ ഭാഗഭാക്കുകളാകുകയും വേണം.

49. നോമ്പുകാലത്ത് ശനിയാഴ്ചയും ഞായറാഴ്ചയും ഒഴിച്ച് മററ് ദിവസങ്ങളിൽ ബലി അർപ്പിക്കാൻ പാടില്ല.

www.malankaralibrary.com



50. നോമ്പിൻെറ അവസാന ആഴ്ചയുടെ അഞ്ചാംദിവസം (പെസഹാവ്യാഴം) ഉപവാസം ലംഘിച്ച് നോമ്പുമുഴുവൻ ലജ്ജാകരമാക്കിത്തീർക്കരുത്. മറിച്ച് നോമ്പുകാലം മുഴുവൻ ലഘുഭക്ഷണം മാത്രം കഴിച്ച് ഉപവസിക്കേണ്ടത് ആവശ്യമാണ്.

വിവരണം: പെസഹാ വ്യാഴാഴ്ച, അന്ത്യത്താഴത്തെ അനുസ്മരിച്ച് ചിലർ ആഘോഷങ്ങൾ നടത്തിയിരുന്നു. അതിനെ വിലക്കുകയാണ് കാനൻ. നോമ്പിൻെറ ലംഘനമായി ഒന്നും ഉണ്ടാകാൻ പാടില്ല എന്നു ചുരുക്കം.

51. രക്തസാക്ഷികളുടെ ജന്മദിനം (natalitia martyrum) നോമ്പുകാലത്ത് ആഘോഷിക്കാൻ പാടില്ല; പിന്നെയോ വിശുദ്ധ രക്തസാക്ഷികളുടെ അനുസ്മരണ ശനിയാഴ്ചകളിലും കർതൃദിവസങ്ങളിലും നടത്തണം.

52. നോമ്പുകാലത്ത് വിവാഹാഘോഷങ്ങളും ജന്മദിനാഘോഷങ്ങളും പാടില്ല.

53. വിവാഹ ചടങ്ങിൽ പങ്കെടുക്കുന്ന ക്രൈസ്തവർ പേക്കൂത്തുകളിൽ പങ്കെടുക്കാതെ ക്രിസ്ത്യാനികൾക്കുചിതമായ രീതിയിൽ മിതമായി ഭക്ഷിക്കയും, കുടിക്കുകയും ചെയ്യണം.

54. വൈദികരും വൈദികഗണത്തിൽപെട്ട മററുള്ളവരും സദ്യകൾക്കും വിവാഹങ്ങൾക്കുമുള്ള കളികൾ കാണാൻ നില്ക്കരുത്; കളിക്കാർ അരങ്ങത്തു വരുന്നതിനുമുമ്പ് അവർ എഴുന്നേററ് പുറത്തു പോകണം.

55. വൈദികരും വൈദികസ്ഥാനികളായ മററുള്ളവരും അൽമായരും മദ്യപാനത്തിനായി ഒന്നിച്ചു കൂടരുത്.

56. മെത്രാൻെറ പ്രവേശനത്തിനുമുൻപ് വൈദികർ ബേമായിൽകടന്ന് തങ്ങളുടെ സീററിലിരിക്കരുത്; രോഗിയായി വീട്ടിലിരിക്കുമ്പോഴും, വരാതിരിക്കുമ്പോഴും ഒഴികെ അവർ മെത്രാനോടൊപ്പം പ്രവേശിക്കണം.

57. മെത്രാൻമാരെ ഗ്രാമങ്ങളിലും ഗ്രാമപ്രദേശങ്ങളിലും നിയമിക്കാതെ, സന്ദർശകരെ (പെരിയദൈവുത്തെമാരെ) നിയമിക്കണം. നേരത്തെ നിയമിതരായവർ ഉണ്ടെങ്കിൽ പട്ടണത്തിലെ മെത്രാൻെറ സമ്മതംകൂടാതെ ഒന്നും ചെയ്യരുത്. അതുപോലെ മെത്രാൻെറ സമ്മതം കൂടാതെ വൈദികരും ഒന്നും പ്രവർത്തിക്കരുത്.

58. മെത്രാനും വൈദികരും രഹസ്യഭവനങ്ങളിൽവച്ച് അർപ്പണം നടത്താൻ പാടില്ല.

www.malankaralibrary.com



59. പ്രത്യേകവ്യക്തികൾ രചിച്ച സങ്കീർത്തനങ്ങളോ അകാനോനിക ഗ്രന്ഥങ്ങളോ പള്ളിയിൽ വായിക്കരുത്; പഴയതും പുതിയതുമായ കാനോനിക ഗ്രന്ഥങ്ങൾ മാത്രമേ വായിക്കാവൂ.

60. വായിക്കാവുന്ന പഴയനിയമ ഗ്രന്ഥങ്ങൾ ഇവയാണ്:

1. ലോകോല്പത്തി 2. ഈജിപ്തിൽനിന്നുള്ള പുറപ്പാട്. 3. ലേവ്യർ 4. സംഖ്യ 5. നിയമാവർത്തനം 6. നൂൻെറ പുത്രനായ ജോഷ്വാ 7. ന്യായാധിപൻമാർ, റൂത്ത് 8. എസ്തേർ 9. രാജാക്കൻമാർ ഒന്നും രണ്ടും 10. രാജാക്കൻമാർ മൂന്നും നാലും 11. ദിനവൃത്താന്തം ഒന്നും രണ്ടും 12. എസ്രാ ഒന്നും രണ്ടും 13. സങ്കീർത്തനപുസ്തകം 14. സോളമൻെറ സദൃശ്യവാക്യങ്ങൾ 15. സഭാപ്രസംഗി 16. ഉത്തമഗീതം 17. യോബ് 18 പന്ത്രണ്ട് പ്രവാചകർ 19. ഏശായാ 20. യിരെമിയാ, ബാറൂക്ക്, വിലാപങ്ങൾ, ലേഖനം 21. എസക്കിയേൽ 22. ദാനിയേൽ.

പുതിയ നിയമഗ്രന്ഥങ്ങൾ ഇവയാണ്: മത്തായി, മർക്കോസ്, ലൂക്കോസ്, യോഹന്നാൻ എന്നീ നാലു സുവിശേഷങ്ങൾ, ശ്ലീഹൻമാരുടെ നടപടി, യാക്കോബ്, പത്രോസ് (2), യോഹന്നാൻ (3), യൂദാ എന്നിവരുടെ ഏഴ് കാതോലിക ലേഖനങ്ങൾ, റോമർ, കൊറിന്ത്യർ (2), ഗലാത്യർ, എഫേസ്യർ, ഫിലിപ്യർ, കൊളോസ്യർ, തെസലോനിയർ (2), എബ്രായർ, തിമോത്തി (2), തിത്തോസ്, ഫിലെമോൻ എന്നിങ്ങനെ പൗലോസിൻെറ പതിന്നാല് ലേഖനങ്ങൾ.

**വിവരണം:** ഈ കാനൻെറ വാസ്തവികതയെപ്പററി ഗൗരവമായി സംശയമുണ്ട്.

www.malankaralibrary.com

# 6

# കോൺസ്ററാൻറിനോപ്പിൽ സൂനഹദോസ് (381)[1]

ആമുഖം

കോൺസ്ററൻറയിൻ ചക്രവർത്തി (+337) പണികഴിപ്പിച്ച പട്ടണമാണ് കോൺസ്ററാൻറിനോപ്പിൾ. ബിസാൻസ്യം എന്നും ഇതറിയപ്പെട്ടു. കോൺസ്ററാൻറിനോപ്പിൾ പട്ടണത്തിൽവച്ചുനടന്ന ആദ്യത്തെ സഭായോഗമാണ് 381—ലേത്. മഹാനായ തിയഡോഷ്യസ് ഒന്നാമൻ ചക്രവർത്തിയാണിതു (379—395) വിളിച്ചുകൂട്ടിയത്.

325—ലെ നിഖ്യാമുതൽ 381 വരെയുള്ള കാലഘട്ടത്തിൽ ആരിയനിസം പലതരത്തിൽ വളർന്നുകൊണ്ടിരുന്നു. നിഖ്യാ വിശ്വാസപ്രമാണത്തിൻെറ വെളിച്ചത്തിൽ ആര്യൻ തർക്കങ്ങൾ അവസാനിപ്പിക്കാനുള്ള പരിശ്രമമാണ് കോൺസ്ററാൻറിനോപ്പിളിൽ നടന്നത്. 150 ഓർത്തഡോക്സ് പിതാക്കൻമാരും 36 ഹെരട്ടിക്കൽ മെത്രാൻമാരും ഇതിൽ പങ്കെടുത്തു.[2] അന്ത്യോക്യയിലെ മെലീഷ്യസിൻെറ അദ്ധ്യക്ഷതയിലാണു യോഗം കൂടിയത്. 318 മെയ്—ജൂലൈ മാസങ്ങളിൽ സിനഡ് നടന്നു. സിനഡിനിടയ്ക്ക് മെലീഷ്യസ് മരിച്ചതിനാൽ കോൺ. ആർച്ചുബിഷപ്പായിരുന്ന ഗ്രിഗറി നസ്യാൻസൻ അദ്ധ്യക്ഷനായി. റോമാ സഭാധ്യക്ഷൻെറ പ്രതിനിധികളാകട്ടെ

1. NPNF, 14, P. 161—190; Adolf—Martin Ritter, Das. Konzil von Konstantinopel und sein Symbol, Goettingen, 1965; I. O. de Urbina, Nizaea und Konstantinopel, Mainz, 1964.
2. നിഖ്യാവിശ്വാസപ്രമാണം അംഗീകരിക്കാൻ കൂട്ടാക്കാതിരുന്ന ആര്യൻപക്ഷപാതികൾ കുറേക്കഴിഞ്ഞ് സിനഡ് വിട്ട് ഇറങ്ങിപ്പോയി.

www.malankaralibrary.com



പാശ്ചാത്യസഭയിലെ മെത്രാൻമാരാരും ഈ സിനഡിൽ സംബന്ധിച്ചില്ല. ഇതൊരു പ്രാദേശിക സിനഡായി പരിഗണിക്കപ്പെട്ടിരുന്നു. കാൽഡിസൺ സിനഡോടുകൂടി (451) മാത്രമാണ് ഇത് സാർവത്രിക സിനഡായി അംഗീകരിക്കപ്പെട്ടത്.

കോൺസ്ററാൻറിനോപ്പിളിൻേറതായി ഒരു വിശ്വാസപ്രമാണം അറിയപ്പെടുന്നു. കിഴക്കും പടിഞ്ഞാറുമുള്ള സഭകളം ആരാധനക്രമത്തിൽ ഇത് ഉപയോഗിക്കുന്നു. നിഖ്യാ—കോൺസ്ററാൻറിനോപ്പിൾ വിശ്വാസപ്രമാണം എന്നും ഇതറിയപ്പെടുന്നു. 449—50 ഓടുകൂടിയാണ് ആദ്യമായി ഇതിനെ 381—ലെ കോൺസ്ററാൻറിനോപ്പിളുമായി ബന്ധപ്പെടുത്തിക്കാണുന്നത്. 381—മുതൽ 450—വരെയുള്ള എഴുത്തുകാരാരും അപ്രകാരം പറഞ്ഞുകാണുന്നില്ല.

ജറുസലേമിലെ വിശുദ്ധ സിറിലോ, കോൺസ്ററാൻറിനോപ്പിളിലെ വി. നെക്താരിയൂസോ തങ്ങളുടെ സഭയിലെ വിശ്വാസപ്രമാണം സഭയിൽ അവതരിപ്പിച്ചു. അത് ഭേദഗതികളോടുകൂടെ പിതാക്കൻമാർ അംഗീകരിച്ചു എന്ന് ചിലർ കരുതുന്നു. വി. എപ്പിഫാനിയൂസിൻെറ ആൻകൊറാത്തുസിൽ (374) ഇതിനു തുല്യമായ ഒരു വിശ്വാസപ്രമാണം കാണുന്നതിനാൽ എപ്പിഫാനിയസിൽ നിന്നാണിത് എന്നു പലരും കരുതിയിരുന്നു.[3] എന്നാൽ ഇപ്പോഴത്തെ

3. എപ്പിഫാനിയസിൻെറ വിശ്വാസപ്രമാണം, cfr, H. Hahn; *op. cit.* p. 134 (ചെറിയത്), p. 135 (നീണ്ടത്). NPNF vol. 14. p. 164. സർവശക്തിയുള്ള പിതാവും, ആകാശത്തിൻെറയും ഭൂമിയുടെയും ദൃശ്യാദൃശ്യങ്ങളായ എല്ലാ വസ്തുക്കളുടെയും നിർമ്മാതാവുമായ ഏകദൈവത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു. ദൈവത്തിൻെറ ഏകജാതനും ലോകങ്ങൾക്കെല്ലാം മുൻപ് പിതാവിൽനിന്ന് അതായത്, പിതാവിൻെറ സത്തയിൽനിന്നു ജനിച്ചവനും പ്രകാശത്തിൽ നിന്നുള്ള പ്രകാശവും സത്യദൈവത്തിൽനിന്നുള്ള സത്യദൈവവും, ജനിച്ചവനും സൃഷ്ടിയല്ലാത്തവനും, പിതാവുമായി സമസത്തയായവനും ആയ ഏക കർത്താവീശോമിശിഹായിലും (ഞങ്ങൾ വിശ്വസിക്കുന്നു). ആകാശത്തിലും ഭൂമിയിലുമുള്ള വസ്തുക്കളെല്ലാം അവനാൽ നിർമ്മിക്കപ്പെട്ടു. അവൻ മനുഷ്യരായ നമുക്കും നമ്മുടെ രക്ഷക്കും വേണ്ടി സ്വർഗത്തിൽനിന്നിറങ്ങി പരിശുദ്ധാത്മാവിനാൽ കന്യകമറിയാമിൽനിന്ന് ശരീരമെടുത്തു മനുഷ്യനായി. അവൻ പൊന്തിയോസ് പീലാത്തോസിൻെ കാലത്ത് നമുക്കുവേണ്ടി ക്രൂശിക്കപ്പെടുകയും കഷ്ടതകൾ സഹിച്ചുമരിക്കുക

www.malankaralibrary.com



ഭൂരിപക്ഷാഭിപ്രായം അനുസരിച്ച്, നിഖ്യാവിശ്വാസപ്രമാണം പോലെ ഇതും ജറുസലേം സഭയിലെ വിശ്വാസപ്രമാണത്തെ അടിസ്ഥാനമാക്കി രൂപീകരിക്കപ്പെട്ടതാണ്.[4]

ഇതു കുർബാനയിൽ ആദ്യമായി ഉൾപ്പെടുത്തിയത് ഏകസ്വഭാവ ചിന്താഗതിയുള്ള പീററർ ഫുള്ളർ (467—88) എന്ന അന്ത്യോക്യൻ പാത്രിയർക്കീസാണ്. സാവധാനം മററു സഭകളും ഇതു കുർബാനയിൽ ഉൾപ്പെടുത്തി. ഫ്രാങ്കിഷ് സഭയിൽ ഒൻപതാം നൂററാണ്ടുമുതൽ കുർബാനയിൽ ഇത് ഉപയോഗിക്കാൻ തുടങ്ങി. മധ്യശതകങ്ങളിൽ 'പുത്രനിൽനിന്നും' (filioque) എന്നതുകൂടി പാശ്ചാത്യസഭ

---

യും സംസ്ക്കരിക്കപ്പെടുകയും എഴുതപ്പെട്ടിരുന്ന പ്രകാരം മൂന്നാംദിവസം ഉയിർത്തെഴുന്നേൽക്കുകയും ചെയ്തു. അവൻ സ്വർഗത്തിലേക്കു കരേറി പിതാവിൻെറ വലത്തുഭാഗത്തിരിക്കുന്നു. ജീവനുള്ളവരെയും മരിച്ചവരെയും വിധിക്കാൻ അവൻ വീണ്ടും മഹത്വത്തിൽ വരുവാനിരിക്കുന്നു.

അവൻെറ രാജ്യത്തിന് അവസാനമുണ്ടാകയില്ല. പിതാവിൽനിന്നു പുറപ്പെട്ട് പിതാവിനോടും പുത്രനോടും കൂടെ ആരാധിക്കപ്പെടുകയും മഹത്വീകരിക്കപ്പെടുകയും ചെയ്യുന്നവനും പ്രവാചകരിലൂടെ സംസാരിച്ചവനും കർത്താവും ജീവദാതാവുമായ പരിശുദ്ധാത്മാവിലും ഏകവും പരിശുദ്ധവും കാതോലികവും അപ്പസ്തോലികവുമായ ഏകസഭയിലും (ഞങ്ങൾ വിശ്വസിക്കുന്നു). പാപമോചനത്തിനുള്ള ഏക മാമോദീസാ ഞങ്ങൾ ഏററുപറയുന്നു. മരിച്ചവരുടെ ഉയിർപ്പും വരാനിരിക്കുന്ന ലോകത്തിലെ ജീവിതവും ഞങ്ങൾ നോക്കിപ്പാർക്കുന്നു.

'ദൈവപുത്രൻ ഇല്ലാതിരുന്ന ഒരു സമയം ഉണ്ടായിരുന്നു' എന്നും 'ജനിക്കുന്നതിനുമുമ്പ് അവനില്ലായിരുന്നു' എന്നും 'അവൻ ഇല്ലായ്മയിൽനിന്നുണ്ടായി' എന്നും 'അവന് മറെറാരു ഹ്യൂപ്പോസ്ററസിസാണ്', 'സത്തയാണ്', 'അവൻ ഒരു പ്രവാഹം ആണ്', 'മാററമുള്ളതാണ്' എന്നും മററും പറയുന്നവരെ കാതോലികവും അപ്പസ്തോലികവുമായ സഭ ശപിക്കുന്നു (Ancoratus, ch, 120).

4. ജറുസലേമിലെ സിറിലിൻെറ വിശ്വാസപ്രമാണം. cfr. H. Hahn; *op. cit.* p. 132—134; J. N. D. Kelly, *Early, Christian Creeds*, London, 1972, p 183; ജി. ചേടിയത്ത്, ആദിമസഭയുടെ സന്ദേശം, പേ. 171.

www.malankaralibrary.com



ഇതിനോടു കൂട്ടിച്ചേർത്തു. 5 റോമൻ റീത്തിൽ ഈ വിശ്വാസപ്രമാണം ഞായറാഴ്ചകൾക്കും പെരുന്നാളുകൾക്കും മാത്രമേ ഉപയോഗിക്കുന്നുള്ളു. പൗരസ്ത്യദേശങ്ങളിൽ മാമോദീസായോടനുബന്ധിച്ച് ഇതുപയോഗിക്കുന്നു. സഭൈക്യത്തിനുള്ള ഒരടിസ്ഥാനരേഖയായി ഇതംഗീകരിക്കപ്പെട്ടിട്ടുണ്ട്. 1888-ലെ ലാംബത് ക്വാഡ്രിലാററൽ6 ഇത് സ്വീകരിച്ചിട്ടുണ്ട്.

നിഖ്യാസൂന്നഹദോസ് പുത്രനെപ്പററി പഠിപ്പിച്ച തത്വങ്ങൾ കോൺസ്ററാൻറിനോപ്പിൾ അംഗീകരിച്ചുറപ്പിച്ചു. ക്രിസ്തുവിൻെറ പൂർണമനുഷ്യത്വം ഉറപ്പിച്ചു പറയുകയും അപ്പൊളളിനാരിസത്തെ7 പുറംതള്ളുകയും ചെയ്തു. എന്നാൽ ക്രിസ്തുവിൻെറ മനുഷ്യത്വവും ദൈവത്വവും ഉറപ്പിച്ചുപറയാൻ ഈ സിനഡിനു കഴിഞ്ഞു. അതുപോലെ, പരിശുദ്ധാത്മാവിൻെറ ദൈവത്വം സംബന്ധിച്ച് കോൺസ്ററാൻറിനോപ്പിളിൽ ഉണ്ടായ തർക്കം പരിഹരിക്കാനും ഈ സിനഡിനു സാധിച്ചു. പരിശുദ്ധാത്മാവിൻെറ ദൈവത്വം നിഷേധിച്ചവർ 373 ഓടുകൂടി കോൺസ്ററാൻറിനോപ്പിളിൽ പ്രത്യക്ഷപ്പെട്ടു. കോൺസ്ററാൻറിനോപ്പിളിലെ ഒന്നാം കാനൻ

5. പരിശുദ്ധാത്മാവ് പിതാവിൽനിന്നും 'പുത്രനിൽനിന്നും' പുറപ്പെടുന്നു. കോൺ. വിശ്വാസപ്രമാണത്തിൽ അതില്ലായിരുന്നു. 589—ൽ മൂന്നാം തൊളേദോ സിനഡിൽ (സ്പെയിൻ) ഇത് കൂട്ടിച്ചേർക്കപ്പെട്ടു. തുടർന്ന് കൂട്ടിച്ചേർത്ത രീതിയിൽ ഫ്രാങ്കിഷ് സഭയിൽ ഉപയോഗത്തിൽ വന്നു. 1000—ാമാണ്ടിനുശേഷം റോമും ഈ കൂട്ടിച്ചേർക്കൽ സ്വീകരിച്ചു.

6. സഭൈക്യത്തിനുള്ള നാല് അടിസ്ഥാനപ്രമാണങ്ങളായി 1888—ൽ ആംഗ്ലിക്കൻസഭ അംഗീകരിച്ചിരിക്കുന്ന തത്വങ്ങൾ. (1) വിശുദ്ധഗ്രന്ഥത്തിൻ രക്ഷായ്ക്കാവശ്യമായവ അടങ്ങിയിരിക്കുന്നു. (2) ശ്ളീഹൻമാരുടെ വിശ്വാസപ്രമാണം, നിഖ്യാവിശ്വാസപ്രമാണം (3) സ്നാനവും തിരുവത്താഴവും (4) ചരിത്രപരമായ മെത്രാൻ സ്ഥാനം (F. L. Cross, op cit. 795).

7. ക്രിസ്തുവിന് മനുഷ്യാത്മാവില്ല. മനുഷ്യാത്മാവിൻെറ (നൂസ്) സ്ഥാനത്ത് ദൈവവചനം പ്രവർത്തിക്കുന്നു എന്നാണ് അപ്പൊളളിനാരിസം പഠിപ്പിച്ചത്; ആദിമസഭാപിതാക്കൻമാർ, പേ. 261—3.

www.malankaralibrary.com



ഇവരെ സഭാഭ്രഷ്ടരാക്കി.. ഈ വിശ്വാസപ്രമാണം പരിശുദ്ധാത്മാവിന്റെ ദൈവത്വത്തിലുള്ള വിശ്വാസം ഏറ്റുപറഞ്ഞു.[8]

382—ൽ പൗരസ്ത്യ മെത്രാൻമാർ കോൺസ്റ്റാൻറിനോപ്പിളിൽ കൂടി 381—ലെ സിനഡ് എക്യൂമെനിക്കലാണെന്ന് അംഗീകരിച്ചു. എന്നാൽ നിഖ്യായ്ക്കുണ്ടായിരുന്ന പ്രാമാണികത്വം ഇതിനു ലഭിച്ചില്ല. 431—ലെ എഫേസൂസ് സിനഡ് നിഖ്യായേപ്പററിയും അതിന്റെ വിശ്വാസ പ്രമാണത്തെപ്പററിയും പറയുന്നെങ്കിലും കോൺസ്റ്റാൻറിനോപ്പിളിനെപ്പററിയും അതിന്റെ വിശ്വാസപ്രമാണത്തെപ്പററിയും പറയുന്നില്ല. 449—ലെ രണ്ടാം എഫേസൂസ് സിനഡും ഇതേപ്പററി പരാമർശിക്കുന്നില്ല. നാലാം സാർവ്വത്രിക സിനഡുമുതൽ (451) 381—ലെ സിനഡ് എക്യൂമെനിക്കലായി പൊതുവെ കരുതപ്പെടാൻ തുടങ്ങി. റോമാസഭ 600—ാ മാണ്ടോടു കൂടി ഈ വിശ്വാസപ്രമാണം സ്വീകരിച്ചു. എന്നാൽ ഈ സിനഡിന്റെ കാനോനാകൾ പിന്നേയും കുറേനാളുകൾ കഴിഞ്ഞാണ് പാശ്ചാത്യസഭ അംഗീകരിച്ചത്. വിശ്വാസപ്രമാണംമൂലം ഈ സിനഡിനെ സാർവത്രിക സിനഡായി മഹാനായ ഗ്രിഗറി മാർപാപ്പാ (+604 അംഗീകരിച്ചു.

കോൺസ്റ്റാൻറിനോപ്പിൾ ആർച്ചുബിഷപ്പ് ഗ്രിഗറി നസ്യാൻസൻ സിനഡിൽവച്ച് രജി സമർപ്പിക്കുകയുണ്ടായി. ഉടനെ പിതാക്കൻമാർ നെക്താരിയൂസിനെ ആർച്ചുബിഷപ്പായിതെരഞ്ഞെടുത്തു.

റോമാസിംഹാസനം കഴിഞ്ഞാൽ സഭയിലെ അടുത്ത സ്ഥാനം കോൺസ്റ്റാൻറിനോപ്പിളിന് പിതാക്കൻമാർ കൽപിച്ചുകൊടുത്തു (കാനൻ, 3).

അന്തോക്യയിലെ മെലീഷ്യസ് മരിച്ചു കഴിഞ്ഞപ്പോൾ ഈ സിനഡ് ഫ്ളാവിയനെ പിൻഗാമിയായി നിയമിച്ചു. ഒരു മുൻധാര

---

8. പലരും മാസിഡോണിയുസ് എന്ന കോൺസ്റ്റാൻറിനോപ്പിൾ മെത്രാനെ (342—362) പരിശുദ്ധാത്മാവിന്റെ ദൈവത്വം നിഷേധിച്ച വിഭാഗത്തിന്റെ സ്ഥാപകനായി പരിഗണിക്കുകയും ഈ അബദ്ധോപദേശത്തെ മാസിഡോണിസം എന്നു വിളിക്കയും ചെയ്തിരുന്നു. സെമി ആരിയൻ സിദ്ധാന്തം പുലർത്തിയ മാസിഡോണിയുസിനെ 362—ലെ ആരിയൻ സിനഡ് സ്ഥാനഭ്രഷ്ടനാക്കി. സമകാലീനരായ ക്രൈസ്തവസാഹിത്യകാരൻമാർ പരിശുദ്ധാത്മാവിനെപ്പററിയുള്ള തർക്കത്തിൽ അദ്ദേഹത്തിന്റെ പേര് സൂചിപ്പിക്കാത്തതിനാൽ പില്ക്കാല സാക്ഷ്യത്തെപ്പററി സംശയിക്കുന്നവരുണ്ട്.

www.malankaralibrary.com



ണയനുസരിച്ച് പൗളീനോസിനെ ആയിരുന്നു വാഴിക്കേണ്ടിയിരുന്നത്.

സിനഡ് നാല് കാനോനാകരം പാസാക്കി. എന്നാൽ പിൽക്കാലത്ത് അതോടു കൂടി മൂന്നെണ്ണം കൂട്ടിച്ചേർക്കപ്പെട്ടിട്ടുണ്ട്.

കാനോനാകരം

1. ബിഥിനിയായിലെ നിഖ്യായിൽ സമ്മേളിച്ച 318 പിതാക്കന്മാരുടെ വിശ്വാസം മാററിമറിക്കാൻ പാടില്ല; അത് ഉറപ്പായി നിലനില്ക്കട്ടെ. എല്ലാ പാഷണ്ഡതകളും, പ്രത്യേകിച്ച് എവുണോമിയർ (Anomoioi) എവുഡോക്സിയർ, സെമി—ആരിയർ (പ്നെവുമാത്തോമാക്കി), സബെല്ലിയർ, മർസെല്ലിയർ, ഫൊത്തീനിയർ, അപ്പൊളളിനാരിയർ എന്നിവരുടെ പാഷണ്ഡതകരം ശപിക്കപ്പെടട്ടെ.

വിവരണം:

എവുണോമിയർ, എവുണോമിയസ് എന്നയാളിൻെറ ശിഷ്യരാണ്. പുത്രൻെറ നിത്യത്വവും പുത്രൻ 'സൃഷ്ടിയല്ല' എന്ന സംഗതിയും ഇവർ നിഷേധിക്കുന്നു. ഏത്യൂസാണ് ഈ വിഭാഗത്തിൻെറ സ്ഥാപകൻ; എന്നാൽ കൗൺസിലിൻെറ കാലത്ത് എവുണോമിയസ് ആയിരുന്നു അവരുടെ നേതാവ്. മറെറാരു ആര്യൻ വിഭാഗക്കാരാണ് എവുഡോക്സിയർ. എവുഡോക്സിയുസ് എന്ന മെത്രാനിൽനിന്നാണ് ഈ പേര്. കോൺസ്ററാൻറിനോപ്പിളിലെ ആർച്ചുബിഷപ്പായിരുന്നു ഇയാരം (360—70). തത്വത്തിൽ 'അനോമയൻ' വിഭാഗത്തിൽപെട്ടിരുന്നു. എന്നാൽ പുറത്ത് അത്ര സ്പഷ്ടമായി പഠിപ്പിക്കാതെ മയപ്പെട്ട ഒരുതരം ആരിയനിസം പ്രസംഗിച്ചു.

പരിശുദ്ധാത്മാവിൻെറ ദൈവത്വം നിഷേധിച്ചവരാണ് പ്നെവുമാതോമാക്കി. പിതാവും പുത്രനും പരിശുദ്ധാത്മാവും ഏകദൈവത്തിൻെറ മൂന്ന് ഭാവങ്ങളാണ്, മൂന്ന് വ്യത്യസ്ത ആളുകളല്ല എന്ന് സബെല്ലിയസ് പഠിപ്പിച്ചു. അൻസീറയിലെ മെത്രാൻ മർസെല്ലുസിൻെറ (+374) പേരിനോട് ബന്ധപ്പെടുത്തിയാണ് മർസെല്ല്യർ എന്ന വിഭാഗം അറിയപ്പെടുക. പുത്രനും പരിശുദ്ധാതാവും വ്യക്തിത്വം പൂണ്ടത് സൃഷ്ടിക്കും രക്ഷയ്ക്കുംവേണ്ടിയാണ്. അതുവരെ അവർ ദൈവത്വത്തിൻെറ ഏകത്വത്തിൽ മറഞ്ഞിരുന്നു. രക്ഷാകരകർമ്മം പൂവണിയുമ്പോരം അവരിരുവരും ദൈവത്വത്തിൻെറ ഏകത്വത്തിൽ ലയിക്കും. സബെല്ലിയസിൻെറയും സാമസോട്ടയിലെ പൗലോസിൻെറയും മൊന്താനൂസിൻെറയും അബദ്ധാഭിപ്രായങ്ങളുടെ ഒരു കൂട്ടിക്കുഴയ്ക്കൽ മർസെല്ലുസിൽ ഉണ്ടെന്ന് സാർദിക്കാ

www.malankaralibrary.com



സിനഡ് (342/3) പ്രഖ്യാപിച്ചു. മർസെല്ലൂസിലുള്ള ആരോപണം അടിസ്ഥാനരഹിതമാണെന്ന് കരുതുന്ന പണ്ഡിതൻമാർ ഇന്നുണ്ട്. നിഖ്യായുടെ ഒരു വലിയ വക്താവായിരുന്നു അദ്ദേഹം. റോമൻസഭയും അദ്ദേഹത്തെ നീതീകരിച്ചതാണ്.

മർസെല്ലൂസിൻെറ ശിഷ്യനും സിർമിയത്തെ മെത്രാനുമായ (344—51) ഫൊത്തീനസിൻെറ പിൻഗാമികളാണ് ഫൊത്തീനിയർ. യേശു എന്ന മനുഷ്യനിൽ വചനമിറങ്ങി എന്നുതുടങ്ങി ഒരുതരം സബെല്ലിയനിസമാണ് ഫൊത്തീനുസ് പഠിപ്പിച്ചത്. നാല് സിനഡുകൾ അദ്ദേഹത്തെ സ്ഥാനഭ്രഷ്ടനാക്കി. അവസാനം 251—ൽ ചക്രവർത്തി അയാളെ നീക്കി. അപ്പൊള്ളിനാരിയസിനെപ്പററി മുമ്പ് സൂചിപ്പിച്ചതാണല്ലോ.

2. മെത്രാൻമാർ തങ്ങളുടെ രൂപതാതിർത്തികൾക്കു പുറത്തുള്ള പള്ളികളിൽപോയി സഭകളിൽ കലക്കം ഉണ്ടാക്കുവാൻ പാടില്ല. പിന്നെയോ, കാനൻ അനുസരിച്ച് അലക്സാന്ധ്രിയൻ മെത്രാൻ ഈജിപ്തിലെ സംഗതികൾ ക്രമീകരിക്കട്ടെ; നിഖ്യാസൂനഹദോസ് അന്ത്യോഖ്യാസഭയ്ക്ക് അംഗീകരിച്ചിട്ടുള്ള പ്രത്യേകാനുകൂല്യങ്ങൾ സംരക്ഷിച്ചുകൊണ്ട് പൗരസ്ത്യമെത്രാൻമാർ പൗരസ്ത്യസംഗതികൾ മാത്രം പരികർമ്മം ചെയ്യട്ടെ. ഏഷ്യൻ രൂപതയിലെ മെത്രാൻമാർ ഏഷ്യൻ സംഗതികൾ മാത്രം കൈകാര്യം ചെയ്യട്ടെ. പോന്തുസിലെ മെത്രാൻമാർ പോന്തുസിലെ പ്രശ്നങ്ങളും ത്രേസിലെ മെത്രാൻമാർ ത്രേസിലെ പ്രശ്നങ്ങളും മാത്രം കൈകാര്യം ചെയ്യട്ടെ. ക്ഷണിക്കപ്പെടാതെ മെത്രാൻമാരാരും പട്ടം കൊടുക്കാനോ, മററ് സഭാശുശ്രൂഷകൾക്കോ തങ്ങളുടെ രൂപതകൾക്കു പുറത്തുപോകരുത്: രൂപതകളെപ്പററി മുകളിൽ പറഞ്ഞ കാനൻ അംഗീകരിച്ചുകൊണ്ട് നിഖ്യായിൽ തീരുമാനിച്ചിരിക്കുന്നതുപോലെ ഓരോ പ്രോവിൻസിലെയും മെത്രാൻമാരുടെ സിനഡ്, ആ പ്രോവിൻസിലെ സംഗതികൾ ക്രമീകരിക്കണമെന്നത് വ്യക്തമാണല്ലോ. എന്നാൽ പുറജാതികളുടെ രാജ്യങ്ങളിലുള്ള ദൈവസഭയെ ഭരിക്കേണ്ടത് പിതാക്കൻമാരുടെ കാലം മുതൽ നിലനിൽക്കുന്ന പാരമ്പര്യമനുസരിച്ചായിരിക്കണം.

3. കോൺസ്ററാൻറിനോപ്പിൾ പുതിയ റോമാ ആകയാൽ റോമിലെ മെത്രാനുശേഷം അവിടുത്തെ മെത്രാന് ബഹുമാനസ്ഥാനം ഉണ്ടായിരിക്കണം.

4. സിനിക്കായ് 9 മാക്സിമൂസിനെക്കുറിച്ചും അയാളെപ്രതി കോൺസ്ററാൻറിനോപ്പിളിൽ ഉണ്ടായ ക്രമരാഹിത്യത്തെക്കുറിച്ചും

9. ഒരു ഗ്രീക്കു താത്വിക വിഭാഗം.

www.malankaralibrary.com



ഇപ്രകാരം തീരുമാനിക്കുന്നു: മാക്സിമൂസ് ഒരിക്കലും മെത്രാനായിരുന്നില്ല; ഇപ്പോഴും മെത്രാനല്ല. അദ്ദേഹം പട്ടംകൊടുത്തവരാരും വൈദികസ്ഥാനീയരല്ല. അയാളെപ്രതിയോ അയാൾ ചെയ്തതോ ആയ സംഗതികളെല്ലാം അസാധുവാണ്.

വിവ: ഗ്രിഗറി നസ്യാൻസൻ കോൺസ്റ്റാന്റിനോപ്പിളിൽ മെത്രാനായിരുന്നപ്പോൾ ഈജിപ്തുകാരൻ ഒരു മാക്സിമൂസ് കോൺ. മെത്രാനാകാൻ ആഗ്രഹിച്ചു. അലക്സാൺഡ്രിയായിലെ പീറ്റർ അയാളെ സഹായിച്ചെന്നു തോന്നുന്നു. ആദ്യമാദ്യം മാക്സിമൂസ് ഗ്രിഗറിയുടെ ആരാധകനായി കാണപ്പെട്ടിരുന്നു. എന്നാൽ ഒരു രാത്രിയിൽ രഹസ്യമായി പള്ളിയിൾവച്ച് കുറേ മെത്രാൻമാർ ഇയാളെ മെത്രാനാക്കാൻ ഒന്നിച്ചുകൂടി. ജനങ്ങൾ ഓടിക്കൂടിയതിനാൽ ഇടക്കുവച്ച് ശുശ്രൂഷ നിർത്തി ഓടിപ്പോകേണ്ടിവന്നു. രാജസമക്ഷം പരാതിപ്പെട്ടെങ്കിലും ഫലമുണ്ടായില്ല. പീറ്ററും കൈവെടിഞ്ഞപ്പോൾ അംബ്രോസിന്റെ പക്കൽ അപേക്ഷ കൊടുത്തു. എന്നാൽ ഫലമൊന്നുമുണ്ടായില്ല. പ്രസ്തുത മാക്സിമൂസിനെ സംബന്ധിച്ച് സിനഡ് ചർച്ചചെയ്ത് ഈ കാനൻ രൂപീകരിച്ചു. മാക്സിമൂസ് സിനിക് താത്ത്വികനായിരുന്നു. സിനിക്കുകളുടെ നീണ്ടവസ്ത്രം ധരിച്ച് നടന്നിരുന്നു. തലമുടി വളർത്തി തോളുവരെ നീട്ടിയിരുന്നു.

* * * *

5. പാശ്ചാത്യമെത്രാൻമാരുടെ കത്തിനെ സംബന്ധിച്ച്: പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും ദൈവത്വത്തിന്റെ ഏകത്വം പ്രഖ്യാപിക്കുന്ന അന്ത്യോക്യയിലുള്ളതും നാം സ്വീകരിക്കുന്നു.

വിവരണം: ഇത് 382-ലെ കോൺ. സിനഡിന്റെ ഒരു ഡിക്രിയാണ്. പാശ്ചാത്യരുടെ ഏതു കത്താണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമല്ല. പല കത്തുകൾ ചൂണ്ടിക്കാണിക്കപ്പെടുന്നുണ്ട്. 369-നും 380-നും ഇടയ്ക്കുള്ള ഏതെങ്കിലും കത്തായിരിക്കാം.

6. സഭാക്രമീകരണം തകിടം മറിക്കാനും സഭയിൽ കുഴപ്പം സൃഷ്ടിക്കാനും ആഗ്രഹിക്കുന്ന ചിലർ, സഭാഭരണാധികാരമുള്ള മെത്രാൻമാർക്കെതിരെ കലഹപ്രിയത്തോടും അപകീർത്തിപരമായും ദുരാരോപണങ്ങൾ നടത്തുന്നു; വൈദികരുടെ സൽപേരിനു കളങ്കം വരുത്തുകയും സമാധാനപ്രിയരായ ജനങ്ങളുടെ ഇടയിൽ കലക്കം ഇളക്കിവിടുകയും മാത്രമാണ് ഇക്കൂട്ടരുടെ ലക്ഷ്യം; അതുകൊണ്ട്, ആരോപണം ഉന്നയിക്കുന്നവരെ പരിശോധനകൂടാതെ സ്വീകരിക്കരു

www.malankaralibrary.com



തെന്നും സഭാധികാരികൾക്കെതിരെ ആരോപണം കൊണ്ടുവരുന്ന എല്ലാവരെയും സ്വീകരിക്കരുതെന്നും, ആരെയുംസ്വീകരിക്കാതിരിക്കരുതെന്നും കോൺസ്റ്റാന്റിനോപ്പിളിൽ കൂടിയ മെത്രാൻമാരുടെ വിശുദ്ധ സിനഡിന് ശരിയായി തോന്നുന്നു. എന്നാൽ ഒരു മെത്രാനെതിരായി വ്യക്തിപരമായ ഒരു ആരോപണം ഉന്നയിച്ചാൽ, അതായത് തന്റെ സ്വന്തകാര്യം സംബന്ധിച്ച്, ഉദാ. അവനെ ചതിച്ചു. അല്ലെങ്കിൽ അവനോട് അനീതിയായി പെരുമാറി—ഈ സന്ദർഭങ്ങളിൽ ആളെ സംബന്ധിച്ചോ, അയാളുടെ മതം സംബന്ധിച്ചോ പരിശോധന ഒന്നും ആവശ്യമില്ല. മെത്രാന്റെ മനസ്സാക്ഷി നിർമ്മലമായിരിക്കുക അത്യാവശ്യമാണ്. ഏതു മതക്കാരനായാലും അനീതിക്കു വിധേയനായവന് നീതി നടത്തിക്കൊടുക്കുക തന്നെ വേണം. എന്നാൽ സഭാസംബന്ധമായ ഏതെങ്കിലും സംഗതിയെ സംബന്ധിച്ചാണ് ആരോപണമെങ്കിൽ, ആരോപണം നടത്തിയവരെ ആദ്യമെ പരിശോധിക്കണം. കാരണം സത്യവിശ്വാസികളായ മെത്രാൻമാർക്കെതിരായി സഭാസംബന്ധമായ കാര്യങ്ങളെപ്പററി പാഷണ്ഡികൾ ആരോപണം ഉന്നയിക്കാൻ അനുവദിച്ചുകൂടാ. പാഷണ്ഡികൾ എന്നു പറയുമ്പോൾ മുമ്പ് സഭാഭ്രഷ്ടരാക്കപ്പെട്ടവരും, നാം സഭാഭ്രഷ്ടരാക്കിയവരും, സത്യവിശ്വാസം ഉണ്ടെങ്കിലും നമ്മുടെ കാനോനിക മെത്രാൻമാരിൽനിന്നകന്ന് അവർക്കു ബദലായി നിയമാനുസൃതമല്ലാത്ത രഹസ്യയോഗം കൂടുന്നവരും ഉൾപ്പെടുന്നു.

ഏതെങ്കിലും തെററിന് സഭാഭ്രഷ്ടരാക്കപ്പെട്ട് മഹറോനിൽ ഉൾപ്പെട്ട വൈദികരും അൽമായരും തങ്ങളുടെ നിരപരാധിത്വം തെളിയിക്കപ്പെട്ട ശേഷമേ മെത്രാനെതിരായി ആരോപണമുന്നയിക്കാൻ പാടുള്ളു. അതുപോലെ നേരത്തെ ആരോപണ വിധേയരായവർ നിരപരാധിത്വം തെളിയിക്കപ്പെടാതെ മെത്രാനും വൈദികർക്കുമെതിരെ ആരോപണമുന്നയിക്കാൻ പാടില്ല. അങ്ങനെ പാഷണ്ഡിയും സഭാഭ്രഷ്ടനും അല്ലാത്തവനും മഹറോനിൽ ഉൾപ്പെടാത്തവനും, നേരത്തെ ആരോപണവിധേയനല്ലാത്തവനും, മെത്രാനെതിരെ സഭാസംബന്ധമായ എന്തെങ്കിലും ആരോപണമുന്നയിക്കാനുണ്ടെങ്കിൽ ആദ്യം പ്രോവിൻസിലെ മെത്രാൻമാരുടെ മുൻപാകെ ഉന്നയിച്ച് തെളിയിക്കട്ടെ എന്ന് ഈ വിശുദ്ധ സിനഡ് കൽപിക്കുന്നു. എന്നാൽ പ്രോവിൻസിലെ മെത്രാൻമാർക്ക് തീരുമാനമെടുക്കാൻ കഴിയാതെ വന്നാൽ രൂപതയിലെ മെത്രാൻമാരുടെ വലിയ സിനഡ് ഇതിനായി വിളിച്ചുകൂട്ടി കാര്യം അവിടെ തീരുമാനിക്കപ്പെടട്ടെ. മെത്രാനെ താറടിച്ചു എന്ന് തെളിക്കപ്പെട്ടാൽ തുല്യമായ ശിക്ഷയ്ക്ക് ഞങ്ങൾ തയ്യാറാണെന്ന് ആരോപണം ഉന്നയിച്ചവർ എഴുതിത്തന്നാലല്ലാതെ അവരുടെ കേസ് പരിഗണിക്കേണ്ടതില്ല. ഈ സംഗതികളെ സംബന്ധിച്ച് ഞങ്ങൾ തീർപ്പുകല്പിച്ചതു പരിഗണിക്കാതെ രാജസമക്ഷം പ്രശ്നം അവതരിപ്പിക്കുകയോ കോടതി കയറുകയോ പ്രോവിൻസിലെ മെത്രാൻമാ

www.malankaralibrary.com



രെയെല്ലാം നിന്ദിക്കാനായി ഒരു സാർവത്രിക സിനഡിനെ ശല്യപ്പെടുത്തുകയോ ചെയ്താൽ അങ്ങനെയുള്ളവന്റെ ആരോപണം സ്വീകരിക്കേണ്ടതില്ല. അവൻ സഭാകാനനെ ധിക്കരിക്കയും സഭാക്രമീകരണത്തെ നിന്ദിക്കയും ചെയ്തവനാണ്.

7. പാഷണ്ഡതയിൽനിന്നു സത്യവിശ്വാസത്തിലേക്കു തിരിഞ്ഞ് രക്ഷിക്കപ്പെട്ടവരെ താഴെപ്പറയുന്ന രീതിയിൽ ഞങ്ങൾ സ്വീകരിക്കുന്നു: ആര്യർ, മാസിഡോണിയർ, സബാതിയർ, കത്താറി അഥവാ അരിസ്തെരി എന്നു വിളിക്കപ്പെടുന്ന നൊവേഷ്യർ, ക്വാർതോദേചിമൻസ് അഥവാ തെത്രാദ്യർ, അപ്പൊളിനാരിയർ എന്നിവർ തങ്ങളുടെ തെറ്റുകൾ ഉപേക്ഷിക്കുന്നു എന്ന് എഴുതിത്തരണം; വിശുദ്ധവും കാതോലികവും ശ്ലൈഹികവുമായ ദൈവസഭയ്ക്കു ചേരാത്ത എല്ലാ പാഷണ്ഡതകളെയും അവർ ശപിക്കണം. എങ്കിലേ ഞങ്ങൾ അവരെ സ്വീകരിക്കൂ. ഉടനെ അവരുടെ നെററിയിലും കണ്ണിലും, മൂക്കിലും വായിലും ചെവികളിലും വിശുദ്ധതൈലം പൂശി 'പരിശുദ്ധാത്മദാനത്തിന്റെ മുദ്ര' എന്നു പറഞ്ഞ് അവരെ മുദ്രകുത്തുന്നു.

എന്നാൽ ഒരിക്കൽമാത്രം ജലത്തിൽ മുക്കുന്ന എവുനോമിയർ, ഫ്രീജിയർ എന്നു വിളിക്കപ്പെടുന്ന മൊണ്ടനിസ്റ്റുകൾ, പിതാവും പുത്രനും ഒരാളാണെന്നും മററും പറഞ്ഞ് പലദുഷ്ടസംഗതികൾ പഠിപ്പിക്കുന്ന സബെല്ലിയർ, മററ് പാഷണ്ഡികളുടെ പിൻഗാമികൾ—ഇത്തരക്കാർ നിരവധിയാണ്, പ്രത്യേകിച്ച് ഗലേഷ്യക്കാരുടെ ഇടയിൽ—സത്യവിശ്വാസത്തിലേക്കു വരാൻ ആഗ്രഹിക്കുന്ന ഇവരെയെല്ലാം പുറജാതികളെയെന്നവണ്ണം ഞങ്ങൾ സ്വീകരിക്കുന്നു. ആദ്യദിവസം ഞങ്ങൾ അവരെ ക്രിസ്ത്യാനികളാക്കുന്നു; രണ്ടാം ദിവസം സ്നാനാർത്ഥികളാക്കുന്നു; അവരെ പഠിപ്പിക്കുകയും കുറേ സമയം പള്ളിയിൽ ചെലവഴിച്ച് വിശുദ്ധഗ്രന്ഥം ശ്രവിക്കാൻ ആവശ്യപ്പെടുകയും ചെയ്യുന്നു. പിന്നീട് അവരെ മാമോദീസാമുക്കുന്നു.

www.malankaralibrary.com

## പങ്കെടുത്തവർ[1]

1 നെക്ടാരിയൂസ് എപ്പിസ്കോപ്പാ
(കോൻസ്റ്റാൻറിനോപ്പിൾ)

### (1) ഈജിപ്ത് (2)

2 അലക്സാണ്ഡ്രിയായിലെ തിമോതിയോസ്
3 ഓക്സിറിങ്കസിലെ ദൊറോത്തെയോസ്

### (2) പലസ്തീന (8)

4 യറുശലേമിലെ കൂറിലോസ്
5 ചെസറിയായിലെ ജലാസിയൂസ്
6 യറീഹോയിലെ മക്കാരിയൂസ്
7 ദിയാസ്പൊലീസിലെ ദിവന്നാസ്യോസ്
8 സെബസ്തയിലെ സത്തുർണീലുസ്
9 ബാശാനിലെ റൂപ്പോസ്
10 അശ്കലോനിലെ ഔക്സന്തിയോസ്
11 യാമ്നിയായിലെ ഏലിയാനോസ്

### (3) ഫിനീഷ്യ (9)

12 ടയറിലെ സേനോ
13 സീദോനിലെ പൗലോസ്
14 ആക്കോയിലെ നെസ്താബുസ്
15 ഡമാസ്കസിലെ ഫിലിപ്പ്
16 പാനെയാസിലെ ബാറാക്കുസ്
17 ബറീത്തുസിലെ തിമോത്തി
18 ബിബ്ളോസിലെ ബസിലിദെസ്
19 അരാദുസിലെ മാക്സിമോസ്
20 അർക്കായിലെ അലക്സാണ്ഡർ

### (4) സിറിയ (14)

21 അന്ത്യോക്യയിലെ മെലേഷ്യസ്
22 ലവദീഷ്യയിലെ പെൽഗിയുസ്
23 ഹാലെപ്പിലെ അകാചിയുസ്

1. F. Schulthess, Die syrischen Kanones, p. 113-120

www.malankaralibrary.com



24 അപ്പമെയായിലെ യോഹന്നാൻ
25 സെലൂഷ്യയിലെ ബീസൂസ്
26 ഹോംസിലെ എവുസേബിയസ്
27 സെലൈവുക്കൊബെലൊസിലെ മാർസ്യിയൻ
28 ശൈസറിലെ പത്രോഫിലൊസ്
29 പാൽതൂസിലെ സൈറസ്
30 അന്ത്യോക്യാവൈദികരായ പാലൂനായും
31 എത്പീദസ്യും
32 കെന്നശ്റീനിലെ എവുസേബിയസ്
33 ഗാബാലായിലെ ഡൊമ്നീനുസ്
34 റഫാനെയായിലെ ബസേലിയാനുസ്

## (5) അറേബ്യ (5)

35 ബൊസ്രായിലെ അഗാപ്പിയൂസ്
36 ഡയോനാസീദോസിലെ എൽപീദിയസ്
37 അദ്രദോസിലെ ഔറേനിയോസ്
38 കുസ്തന്തീനോസിലെ കെയ്ലോൻ
39 നെസ്പൂലോസിലെ സൈറസ്

## (6) ഒഷ്റേൻ (3)

40 ഉറഹായിലെ വൊളൊഗേസ്
41 ഹാറാനിലെ (കാറേ) ബീത്തൂസ്
42 ബതഌനാനിലെ അബ്രഹാം

## (7) മെസൊപ്പൊട്ടേമിയ (3)

43 അമീദിലെ മാറാ
44 തെല്ലായിലെ ബാതായ്
45 ഹെമെറിയോസിലെ യൂബീനോ

## (8) എവുഫ്രാത്തെസിയാ അഗസ്റ്റ (5)

46 ഹിയെരാപ്പൊളീസിലെ തിയൊഡോട്ടസ്
47 സാമൊസാട്ടയിലെ അന്തിയാക്കോസ്
48 സൈറസിലെ ഇസിദോർ
49 പേറെയിലെ യൂബിനോസ്
50 ദോലിക്കിലെ മാറീസ്

www.malankaralibrary.com



## (9) സിലിഷ്യ (8)

51 തർസോസിലെ ദിയദോർ
52 അദാനായിലെ കുറിയാക്കോസ്
53 എപ്പിഫാനിയായിലെ ഹെസീക്കിയസ്
54 കോരിക്കൂസിലെ ജർമ്മാനുസ്
55 സെഫീറിയമിലെ ആരിയസ്
56 പോംപെയോപോളീസിലെ ഫിലോമോസുസ്
57 മൊപ്സുവെസ്ത്യായിലെ ഒളിമ്പിയസ്
58 അലക്സാൻഡ്രിയായിലെ തൗപ്പീലുസ്
ഒളിമ്പിയസ് വൈദികൻ വഴി

## (10) കപ്പദോചിയ (6)

59 ചെസറിയായിലെ എൽദിയൂസ്
60 നിസ്സായിലെ ഗ്രീഗോറിയോസ്
61 തിയാനായിലെ തറിയൂസ്
62 കോളോണിയായിലെ ബുസ്പൂരിയൂസ്
63 പർനാസൂസിലെ ഒളിമ്പിയുസ്
64 നസ്യാൻസസിലെ ഗ്രീഗോറിയോസ്

## (11) ചെറിയ അർമേനിയ (2)

65 മെലിത്തീനിലെ ഒത്രേയിയോസ്
66 അറാബീസൂസിലെ ഒത്രേയിയോസ്

## (12) ഇസൗറിയ (11)

67 സെലൂഷ്യയിലെ സിംഫോസിയൂസ്
68 ക്ലൗദിയോപ്പൊളീസിലെ മൊന്താനുസ്-പൗലോസ് കശീശാവഴി
69 ഇരേനെപ്പോളീസിലെ ഫിലേത്തുസ്
70 ഫിലാഡെൽഫിയായിലെ ഹുപ്സിസ്തിയോസ്
71 ക്കെലെൻദെരിസിലെ മൗസൂനിയോസ്
72 ആലിസൻദോസിലെ മറീനുസ്
73 അന്ത്യോക്യയിലെ തിയഡോഷ്യസ്
74 തിത്തിയോപ്പൊളീസിലെ അർതേമിയുസ്
75 സെലീനുസിലെ നേവൂൻ
76 ദിയോചെസറിയായിലെ മൊന്താനുസ്
77 ഒൽബായിലെ ഔസ്ബിയുസ്

www.malankaralibrary.com



## (13) സൈപ്രസ് (3)

78 പാഫോസിലെ യൂലിയസ്
79 ത്രെമിത്തൂസിലെ തൗപർപ്പൂസ്
80 തമാസൂസിലെ താക്കൂൻ
81 കിത്രിയിലെ മനൈമോസ്

## (14) പംഫീലിയ (10)

82 അഗേനോനിലെ തർവായൂസ്
83 ലർബായിലെ ഗായൂസ്
84 കുളുംബർസൂസിലെ ലൊൻഗീനസ്
85 കൊറക്കേസിയൂവിലെ തെയൊദുളുസ്
86 കൊത്തയ്നേസിലെ ഹെസിക്കിയസ്
87 കാസോനിലെ തെയോസീനുസ്
88 പാനോമൂസിലെ മീദൂസ്
89 തീക്കൂനിലെ ഹെറാക്ലിദസ്
90 സീലൂനിലെ (സിലൈയുവിലെ) തെയോദുളുസ്
91 അർയാസൂസിലെ പാംനിയുസ്

## (15) ലിക്കവോനിയ (13)

92 ഇക്കോണിയത്തിലെ ആംഫിലോക്കസ്
93 ഹൊമാനാദെസിലെ കൂറില്ലോസ്
94 സൗപത്രോനിലെ അരിസ്തോഫനസ്
95 ലുസ്ത്രായിലെ പൗലോസ്
96 കോർണായില ഇൻസോസ്
97 മിശ്തിയായിലെ ആരിയസ്
98 പെർതായിലെ ലവുന്തിയോസ്
99 ഹൂദേസിലെ തിയഡോഷ്യസ്
100 കാനായിലെ ഔസ്തർത്യൂസ്
101 ദെർബേയിലെ ദഫ്നൂസ്
102 ഫ്രൂസാലോനിലെ ഔഗ്നീസ്
103 ഇസൗറായിലെ എലൂരിയൂസ്
104 അംബ്ളാദായിലെ സൈറസ്

## (16) പിസീദിയ (24)

105 അന്ത്യോക്യയിലെ എവുഫാത്തിമൂസ്
106 അഡ്രിയാനോപ്പൊളീസിലെ താമിസ്തിയുസ്

www.malankaralibrary.com



107 പ്രൂസിയുസിലെ അത്താലിയൂസ്
108 അദാദായിലെ അനനിയാസ്
109 ലിമെനൊയിലെ ഫിസ്തോസ്
110 സഗലാസുസിലെ യുനീനുസ്
111 തിമൻദസിലെ കല്ലിനിക്കസ്
112 മെത്രോപ്പൊളീസിലെ എവുസ്താത്യോസ്
113 പേറാസോനിലെ പത്രീക്കിയസ്
114 നാസ്പൂലൂസിലെ ലൂക്കിയൂസ്
115 സൊസോപ്പൊളീസിലെ ലൂലിയാനോസ്
സിംപ്ലീച്ചിസ് കശീശാവഴി
116 അമോരിയോനിലെ തുറാനസ് കശീശ
117 അപ്പമെയായിലെ ഔക്സനൂൻ കശീശ
118 കോനാനായിലെ ഹെല്ലാദിയസ് കശീശ
119 ഫിലോമേലിയത്തിലെ തൗസ്ബിയുസ്: ബാസാ കശീശ വഴി
120 മൂറോനിലെ തിത്യാനുസ്
121 സിബോതുസിലെ പിയോണിയൂസ്
122 പെത്രോനിലെ ഔദാമുസ്
123 ഔനൊൻദായിലെ പത്രീക്കിയസ്
124 ലിമൂറൂനിലെ ലുപ്പീക്കിനുസ്
125 കസാൻദ്രൂനിലെ മാസിദോൻ
126 പസേലിദോസിലെ റൊമാനൊസ്
127 ബർബൂലോനിലെ ഹെർമിയാസ്
128 അസാക്ക്സേസിലെ തൗന്നൻതീനുസ്

## (17) ഫ്രീജിയ സല്ലത്താരിസ് (2)

129 പ്രിംനെസുസിലെ ബീത്തോസ്
130 എവിക്കർപ്പിയായിലെ ഔക്കസ്നീനുസ്

## (18) ഫ്രീജിയ പക്കാത്തിയാനാ (2)

131 അപ്പിയായിലെ നെക്താരിയുസ്
132 എവുമേനെയായിലെ തെയദോറുസ്
പ്രുപ്പൂത്തുറൂസ് കശീശാവഴി

## (19) കാറിയ (2)

133 അഫ്റൊദീസിയാസിലെ ഔദുക്കിയസ്
134 സിബീറാസിലെ ലാൻത്യൂസ്

www.malankaralibrary.com



## (20) ബിത്തീനിയ (5)

135 നിക്കൊമേദിയായിലെ ഔപർസിയൂസ്
136 നിക്യായിലെ ദൊറോത്തെയൂസ്
137 നെയൊചെസറിയായിലെ ഒളിംപിയസ്
138 കൽക്കദോനിയായിലെ തെയൊദുളുസ്
139 പ്രൂസായിലെ എവുസ്താത്യോസ്

## (21) ഹെലേനോപോന്തൂസ് (1)

140 ഈബോറായിലെ പൻസൂപിയുസ്

## (22) മേസിയ (1)

141 മാർസിയാനോപൊളീസിലെ മർതീരിയസ്

## (23) ഷിത്തിയ (3)

142 തോമിയിലെ തറാന്തിയുസ്
143 കർസൂനീസൂസിലെ അസറിയാസ്
144 അൻകിയാലൂനിലെ സെബസ്ത്യാനോസ്

## (24) സ്പെയിൻ (1)

145 ഹൈചിമൊൻതുവിലെ അഗാരിയുസ്

## (25) പോന്തൂസ് പൊലെമോണിയാക്കസ് (1)

146 എത്രാബിയുസ്
അക്കുലിനുസ്കാരോയ വഴി

*   *   *

147 സെബാസ്തെയിലെ പീററർ

www.malankaralibrary.com

# 7

# പ്രാചീന സന്യാസനിയമങ്ങൾ

## 1. മാർ അപ്രേം

### ആമുഖം

തികഞ്ഞ ഒരു താപസനായിരുന്നു മാർ അപ്രേം. നിസിബിസിലോ, അതിന്റെ സമീപപ്രദേശത്തോ 306—ൽ അദ്ദേഹം ജനിച്ചു. യൗവനത്തിൽ, നിസിബിസിലെ മെത്രാനായിരുന്ന മാർ യാക്കോബിന്റെ (308—338) സ്വാധീനത്തിലെത്തിയ അപ്രേം സന്യാസജീവിതത്തോട് വളരെയധികം അഭിരുചി കാണിച്ചു. യാക്കോബിനെപ്പററിയും അദ്ദേഹത്തിന്റെ പിൻഗാമിയായ വൊളൊഗേസിനെപ്പററിയും (346—361) അപ്രേമിന് വളരെ മതിപ്പായിരുന്നു. അവരിരുവരും അദ്ദേഹത്തിൽ ഗണ്യമായ സ്വാധീനം ചെലുത്തിയിട്ടുണ്ട്. 363—ൽ നിസിബിസ് പട്ടണം പേർഷ്യക്കാരുടെ അധീനതയിൽ ആയപ്പോഠം അഭയാർത്ഥികളോടൊപ്പം അപ്രേമും റോമൻ പ്രദേശത്തുള്ള എദേസയിലേക്ക് ഓടിപ്പോയി. 373—ൽ മരിക്കുന്നതുവരെ അദ്ദേഹം അവിടെ താമസിച്ചു, ജനങ്ങളെ പഠിപ്പിക്കുന്നതിലും ജനങ്ങഠംക്കുവേണ്ടി ധാരാളം ഗ്രന്ഥങ്ങഠം എഴുതുന്നതിലും വേദപുസ്തകം പഠിക്കുന്നതിലും ബദ്ധശ്രദ്ധനായിരുന്നു അപ്രേം. ലോകത്തിന്റെ ബഹളങ്ങളിൽ നിന്നും ആഡംബരങ്ങളിൽനിന്നും ഓടിയകന്ന് ഗുഹയ്ക്കുള്ളിൽ ദൈവവുമായി സമ്പർക്കം ചെയ്തിട്ട്, അതിന്റെ ഫലമായി ലഭിച്ച ദിവ്യപ്രകാശം ജനങ്ങഠംക്ക് പങ്കിട്ടുകൊടുക്കാൻ അദ്ദേഹം തത്രപ്പെട്ടു. അദ്ദേഹത്തിന്റെ മിക്ക കൃതികളും പദ്യരൂപത്തിലത്രേ. സാധാരണക്കാർക്ക് വളരെ വേഗം ഹൃദിസ്ഥമാകത്തക്ക രാഗങ്ങളിൽ കാവ്യം ചമയ്ക്കാൻ അപ്രേമിന് പ്രത്യേക കഴിവുണ്ടായിരുന്നു. ആശ്രമപ്രസ്ഥാനത്തിന്റെ വളർച്ചയ്ക്കുവേണ്ടി അദ്ദേഹം ചെയ്ത സേവനങ്ങഠം സ്തുത്യർഹങ്ങളാണ്. സന്യാസം തപസ്സിന്റെ ജീവിതമാണ്. മരുഭൂമികളിലും മലയിലുമാണ് താപസ്സൻ താമസിക്കേണ്ടത്. ജനങ്ങഠംക്ക് നന്മ ചെയ്യാൻ ആഗ്രഹിക്കുന്നവരെല്ലാം ജനങ്ങളിൽ നിന്നകന്നുമാറി, നിരന്തരമായ ഈശ്വരസാന്നിധ്യ

www.malankaralibrary.com



ത്തിൽ വർത്തിക്കണം. തത്ഫലമായി നൂതനമായൊരു പ്രകാശധോരണിയാൽ നിറയപ്പെട്ടവനായി ലോകത്തിന് ദൈവത്തെ കാണിച്ചുകൊടുക്കാൻ സാധിക്കും. ഏകാന്തതയിൽ ദൈവം വെളിപ്പെടുത്തിക്കൊടുക്കുന്ന യാഥാർത്ഥ്യങ്ങൾ അവാച്യങ്ങളായിരിക്കും. എല്ലാം ത്യജിച്ച സന്യാസിക്കേ എല്ലാററിന്റെയും പൂർണ്ണതയെ കണ്ടെത്താനും ലോകത്തിലെ ജനങ്ങൾക്ക് എന്തെങ്കിലും നൽകാനും സാധിക്കൂ. എല്ലാം സ്വന്തമാക്കാൻ വെമ്പുന്ന സന്യാസി ഒന്നും നേടാതെ നിരാശനാകേണ്ടിവരും. ഭക്ഷണം, പാനീയം, വസ്ത്രം, നിദ്ര, എന്നിവയിലെല്ലാം യഥാർത്ഥ സന്യാസി മിതത്വം പാലിക്കണമെന്ന് അപ്രേമിന് നിർബന്ധം ഉണ്ടായിരുന്നു. ആത്മീയ ജീവിതത്തിലേക്കുള്ള തീവ്രമായ ആഗ്രഹത്താൽ നിറഞ്ഞ സന്യാസി എന്തും ത്യജിക്കാനും, എന്തും കൊടുക്കാനും, എന്തും സഹിക്കാനും, സന്നദ്ധനാകണം. ശരീരം ക്ഷയിക്കുന്നതോടൊപ്പം ആത്മാവ് പുഷ്ടിപ്രാപിച്ചു ശോഭപരത്തുന്നു; സദ്ഫലങ്ങൾ സമൃദ്ധിയായി പുറപ്പെടുത്തുന്നു. പറയുകയും എഴുതുകയും ഉപദേശിക്കുകയും ചെയ്യുന്നതിന് മുൻപായി സ്വന്തം ജീവിതത്തിൽ പ്രയോഗിച്ചു നോക്കിയ താപസ്സശ്രേഷ്ഠനാണ് അപ്രേം. ആഴമേറിയ ആധ്യാത്മിക ജീവിതം ഉള്ള ഉഗ്രതാപസ്സൻമാർക്കു മാത്രമേ, അൽമായരുടെ ആധ്യാത്മിക നവോത്ഥാനത്തിന് എന്തെങ്കിലും ചെയ്യാനാവൂ എന്നുകണ്ട് ആശ്രമപ്രസ്ഥാനക്കാരെ നിർലോഭം പ്രോൽസാഹിപ്പിക്കാൻ അദ്ദേഹം പ്രത്യേകം ഔൽസുക്യം കാട്ടി.

അപ്രേമിന്റെ പേരിൽ അറിയപ്പെടുന്ന സന്യാസനിയമങ്ങൾ ഒരുപക്ഷേ അദ്ദേഹത്തിന്റെ കൃതികളെ ആധാരമാക്കി പിൽക്കാലത്ത് എഴുതപ്പെട്ടതാകാം. ഒരു കയ്യെഴുത്തു പ്രതിയിലൂടെ അവ നമുക്ക് കൈവന്നിട്ടുണ്ട്.[1] മൊത്തമുള്ള ഇരുപത്തിരണ്ട് കാനോനാകളിൽ 16, 17, 18 എന്നിവ തീർച്ചയായും അപ്രേമിന്റെ കൃതികളെ ആധാരമാക്കി എഴുതപ്പെട്ടവയാണ്. സുറിയാനി അക്ഷരമാല ക്രമത്തിലാണ് ഈ നിയമങ്ങൾ എഴുതപ്പെട്ടിരിക്കുന്നത്. അപ്രേം ഏകാന്തജീവിതത്തിന് പ്രാധാന്യം കൊടുത്തിരുന്ന ആളാണ്. എന്നാൽ കൂട്ടജീവിതത്തെ സംബന്ധിക്കുന്ന നിയമങ്ങളാണിതിലുള്ളത്. അതുകൊണ്ട് അപ്രേമിന്റെ ജീവിതകാലത്തിനുശേഷം ക്രോഡീകരിക്കപ്പെട്ടതായിരിക്കാം ഇവ. എന്നാൽ ഇവ അദ്ദേഹം ക്രോഡീകരിച്ചതേയല്ല

1. Ms. Mossul Syr. 99; A. Scher, Notice sur les manuscrits syriacques conserves dans la bibliothèques du patriarchat chaldéen de Mossoul. Revue des bibliothèques, 17 (1907), p. 253.

www.malankaralibrary.com



എന്ന് കരുതുന്ന പണ്ഡിതൻമാരും ഉണ്ട്.[2] ഇതിലെ ശൈലിതന്നെ അപ്രേമിൻേറതല്ല എന്ന് വാദിക്കുന്നവരും ഉണ്ട്.[3]

## സന്യാസനിയമങ്ങൾ[4]

1. 'അബ്രഹാം പ്രവൃത്തികളാൽ നീതീകരിക്കപ്പെട്ടു.' എൻെറ സഹോദരാ, നിൻെറ ഗുരുക്കൻമാരിൽനിന്ന് സ്വീകരിച്ച യഥാർത്ഥ ജ്ഞാനത്തെപ്പററി ബോധവാനായിരിക്കുക. നീ എപ്പോഴും അനുസരണം ഉള്ളവനായിരിക്കണം 2. വഴിയിൽ കൂടെ നടക്കുമ്പോഠം നിൻെറ നടപ്പും നോട്ടവും നിയന്ത്രിക്കണം. നിൻെറ മുഖത്തെ നിയന്ത്രിക്കുക; ആശ്രമജീവിതം നിന്ദിക്കപ്പെടാതിരിപ്പാൻ വഴിയിൽവച്ച് ഒന്നും ഭക്ഷിക്കരുത്. 3. പഠനത്തിൽ സർവ്വശ്രദ്ധയും കേന്ദ്രീകരിക്കുക; നിൻെറ പിതാക്കൻമാരെയും ഗുരുക്കൻമാരെയും നിന്നെ കാണുന്നവരെയും പൂജ്യരായി കരുതുക; അതു നിൻെറ സഹോദരങ്ങഠംക്ക് സഹായകമാകും; നിൻെറ സുഹൃത്തുക്കഠം നിൻെറ ജീവിതരീതിയുടെ അചഞ്ചലത അനുകരിക്കും. 4. നല്ല സ്വർണ്ണത്തെക്കാളും, വിലയേറിയ രത്നങ്ങളെക്കാളും നല്ല മുത്തുകളെക്കാളും സ്വർഗീയ വിജ്ഞാനം സ്വീകരിക്കുക. നിൻെറ എല്ലാ സമ്പാദ്യങ്ങളെയുംകാഠം സത്യം സമ്പാദിക്കാൻ പ്രത്യേകമായി താല്പര്യമുള്ളവനായിരിക്കുക; 5. സഹോദരൻമാർക്കും സുഹൃത്തുകഠംക്കും, നീ നല്ലൊരു മാതൃകയായിരിക്കുക; സദാ അനുസരിക്കയും, പഠനത്തിൽ ശുഷ്കാന്തി കാട്ടുകയും ചെയ്യുക. 6. ഏതെങ്കിലും വ്യാപാരസംബന്ധമായി നീ അയയ്ക്കപ്പെടുകയും ചില കാര്യങ്ങഠം പറയണമെന്ന് നിന്നെ ഭരമേൽപ്പിക്കയും ചെയ്താൽ അതിനു പകരം മറെറാന്നു പറഞ്ഞ് നിന്നെ അയച്ചവർക്ക് ബുദ്ധിമുട്ടുണ്ടാക്കരുത്: നീ തന്നെ വിഷമത്തിലാകും. നിന്നോട് പറയപ്പെട്ടതിനോട് കൂട്ടുകയോ കുറയ്ക്കുകയോ ചെയ്യാൻ പാടില്ല. 7 ബാല്യകാല ചാപല്യങ്ങളിൽനിന്നു മനസ്സിനെ ശുദ്ധീകരിക്കുക; പഠനത്തെ നന്നായി സമീപിക്കുക; നിൻെറ അദ്ധ്യാപകരുടെ പ്രബോധനത്തിന് നീ യോഗ്യനായിത്തീരും; അവർ പഠിപ്പിച്ചതുപോലെ നീയും പഠിപ്പിക്കണം.

---

2. Cf. A. Voobus, Syriac and Arabic Documents regarding legislation relative to Syrian Asceticism, Stockholm 1960, p 17.
3. Ibidem. p. 18.
4. 'മാർ അപ്രേമിൻെറ പേരിൽ അറിയപ്പെടുന്ന നിയമങ്ങഠം; അകാരാദിക്രമത്തിൽ എഴുതപ്പെട്ടിരിക്കുന്നു' എന്ന തലക്കെട്ട് കയ്യെഴുത്തുപ്രതിയിൽ കാണാം.

www.malankaralibrary.com



8. യുവചാപല്യങ്ങളിൽനിന്നകന്ന് ബുദ്ധിമാനായി വർത്തിക്കൂ; ബാല്യകാല ചാപല്യങ്ങളകററുക; നീ നന്മകരം കണ്ടെത്തും. 9. നീ തികഞ്ഞ ഗുരുഭക്തി ഉള്ളവനായിരിക്കണം. വിനയവും വിശുദ്ധിയും ശിക്ഷണവുമുള്ളവനാകുക; ഒരിക്കലും ശിക്ഷണരഹിതനായിത്തീരരുത്. 10. സ്രഷ്ടാവ് അനുഗ്രഹിക്കുകയും ജനങ്ങരം പ്രശംസിക്കയുംചെയ്യുന്ന യൗവനം ശ്രേഷ്ഠമത്രേ. 11. യുവത്വത്തിൻെറ ദുഷ് തഴക്കങ്ങരം ആവർത്തിക്കപ്പെടാതിരിപ്പാനും നിന്നെ കീഴ്പ്പെടുത്താതിരിപ്പാനുമായി അവയെ നിയന്ത്രിക്കുക; അവ വർദ്ധിക്കാതിരിക്കുവാൻ പ്രത്യേക ശ്രദ്ധാലുവായിരിക്കുക. 12. തിന്മയെ എതിർക്കുന്നതിൽ മനംമടുത്തുപോകരുത്. വികാരങ്ങരംക്കനുസരിച്ചു വ്യാപരിക്കുകയും അരൂപിക്കെതിരായി പ്രവർത്തിക്കയും ചെയ്താൽ ജയിക്കാൻ വലിയ പ്രയാസമായിരിക്കും. 13. വ്യർത്ഥാഭിമാന ചിന്തകരം വർദ്ധിച്ചാൽ ശിശുവിനെപ്പോലെ സ്രഷ്ടാവിൻെറ സിംഹാസനസവിധേ അണഞ്ഞ് അവ അവിടെ നിക്ഷേപിക്കുക. 14. ദുഷ്പ്രവൃത്തികരം സംഹാരാഗ്നിയാണ്; അവയുടെ അടിമകളായവരുടെ ദുഷ്ടതയ്ക്ക് ഒരതിരുമില്ല. 15. ആരുടെ വാതില്ക്കൽ നീ അഭയം തേടുന്നുവോ അവൻ നിന്നെ രക്ഷിക്കുമെന്ന് പ്രത്യാശിക്കുക. ഈശായിയുടെ പുത്രനെപ്പോലെ പറയുക: 'കർത്താവേ, നിൻെറ കല്പനകളുടെ മാർഗം എന്നെ പാഠിപ്പിക്കണമെ; ഞാനവ പാലിക്കാം' വീണ്ടും 'നിൻെറ നിയമത്തെ ഞാനെപ്രകാരം സ്നേഹിക്കുന്നു! ദിനംതോറും അതെൻെറ ധ്യാനമാകുന്നു' എന്ന പറയുക (സങ്കീ. 119 (118). 33:92.). 16. വി. സങ്കീർത്തനങ്ങളിൽ നിന്നെത്തന്നെ പരിശീലിപ്പിക്കുക; വേട്ടക്കാരൻെറ വലയിൽ നിന്നെന്നവണ്ണം നീ രക്ഷ പ്രാപിക്കും. 17. ദിനരാത്രങ്ങരം കർത്താവിൻെറ നിയമങ്ങളെ ധ്യാനിച്ച് വഞ്ചനയുടെ കെണികളിൽനിന്ന് നിൻെറ പാദം തെന്നിമാററുക. 18. വേട്ടക്കാരൻ സൂത്രശാലിയും നിദ്രാരഹിതനുമാണ്; എന്നാൽ സ്രഷ്ടാവായ ദൈവം അവിടെയുണ്ട്; അവൻ നിന്നെ ശത്രുവിൻെറ വഞ്ചനയിൽനിന്ന് വിടുവിക്കും. 19. നിൻെറ സഹായത്തിന് കർത്താവിനെ വിളിക്കുക; അവൻ നിന്നെ സ്ഥിരതയുള്ളവനാക്കും. 20. വ്യർത്ഥഭാഷണം, അട്ടഹാസം തുടങ്ങിയ പെരുമാററരീതികളാൽ നീ കുററപ്പെടുത്തപ്പെടുകയും നിന്ദിക്കപ്പെടുകയും ചെയ്യാതിരിപ്പാൻ നിൻെറ ശുശ്രൂഷവഴി ദൈവത്തെ രമ്യപ്പെടുത്തുക. 21. സന്യാസജീവിതത്തിന് നിന്നെ യോഗ്യനാക്കിയ ദൈവത്തെ സ്തുതിക്കുക; നിന്നെപ്രതി അദ്ധ്വാനിച്ച ഗുരുക്കൻമാർക്കുവേണ്ടിയും നിന്നെ സന്യാസജീവിതത്തിലെത്തിച്ച പിതാക്കൻമാർക്കുവേണ്ടിയും പ്രാർത്ഥിക്കുക. 22. മറെറന്തിനെക്കാളും ദൈവത്തോടുള്ള പ്രതിജ്ഞകരം മാനിക്കപ്പെടണം. നിൻെറ വാക്കുകളിൽ നീ ശ്രദ്ധാലുവായിരിക്കണം, 'അതേ' എന്നും 'അല്ല' എന്നുമല്ലാതെ നിൻെറ സഹോദരങ്ങളുടെയും സുഹൃത്തുക്കളുടെയും സമൂഹ

www.malankaralibrary.com



ത്തിൽ, നിൻെറ വാക്കുകളിൽ പഴുതൊന്നുമുണ്ടാകരുത്. അപ്പോൾ ദൈവത്തിൻെറയും മനുഷ്യരുടെയും മുമ്പാകെ നീ ബഹുമാനിക്കപ്പെടും.

## 2. മാർ റാബുള

**ആമുഖം**

സഭാചരിത്രം, ക്രിസ്തുശാസ്ത്രതർക്കങ്ങൾ പുതിയനിയമ പരിഭാഷ, സന്യാസ ജീവചരിത്രം എന്നിവയിലെല്ലാം റാബുള (350 — 438) പ്രാധാന്യമർഹിക്കുന്ന ആളാണ്.[1]

കെന്നശ്റീൻ (കാൽചിസ്) മണലാരണ്യത്തിനടുത്തുള്ള ഒരു ആശ്രമത്തിൽ താമസിച്ചിരുന്ന അബ്രഹാം എന്ന ഏകാന്തവാസക്കാരൻ സന്യാസി റാബുളയെ 400—ാമാണ്ടിൽ മാനസാന്തരപ്പെടുത്തി ക്രിസ്ത്യാനിയാക്കി. തൻെറ ഭാര്യയെയും മക്കളെയും സന്യാസ ജീവിതത്തിൽ പ്രവേശിപ്പിച്ച ശേഷം, റാബുള, മാർ അബ്രഹാമിൻെറ ആശ്രമത്തിൽച്ചേർന്നു. 411—ൽ ദിയൊജെനെസ് മരിച്ചപ്പോൾ റാബുള എഡേസയിലെ മെത്രാനായിത്തീർന്നു. സന്യാസജീവിത ചിട്ടകൾ റാബുള മെത്രാസനാരമനയിലെത്തിച്ചു; സന്യാസ ജീവിതം പരിപുഷ്ടമാക്കുവാൻ തുടർന്നു പരിശ്രമിച്ചു. തൻെറ രൂപതയ്ക്ക് പുറത്തുള്ള സന്യാസികളുമായും അദ്ദേഹം ബന്ധം പുലർത്തി.

റാബുളയുടെ പേരിൽ അറിയപ്പെടുന്ന മൂന്ന് നിയമ സമാഹാരങ്ങളുണ്ട്. നിരവധി കൈയ്യെഴുത്തു പ്രതികളിൽ വ്യത്യസ്ത പാഠഭേദങ്ങളോടുകൂടി ഈ നിയമങ്ങൾ നമുക്ക് കൈവന്നിട്ടുണ്ട്. കാലഗതിയനുസരിച്ച് നടപ്പാക്കിയിട്ടുള്ള പരിഷ്ക്കാരങ്ങളായിരിക്കാം ഇത്രയധികം പാഠഭേദങ്ങൾക്ക് നിദാനം.[2]

### എ) സന്യാസികൾക്കുവേണ്ടി എഡേസയിലെ മെത്രാനായ മാർ റാബുളയുടെ നിയമങ്ങൾ

1. ആശ്രമത്തിൽ സ്ത്രീകൾ കയറാതിരിക്കാൻ സന്യാസികൾ ശ്രദ്ധിക്കണം. 2. ആശ്രമത്തിലെ കാര്യവിചാരകൻ[3] ഒഴികെ

---

1. A. Baumstark, Geschichte, P, 71ff.
2. A. Voobus, *op. cit.* P. 34ff.
3. Saura is the one in charge of the monastery. Director of Curator of a monastery,

www.malankaralibrary.com



സഹോദരൻമാരാരും അടുത്തുള്ള ഗ്രാമങ്ങളിൽ പ്രവേശിക്കരുത്; അവൻ തന്നെയും ശുദ്ധതയുടെ ക്രമം പാലിക്കണം. ഗ്രാമത്തിലോ നഗരത്തിലോ പ്രവേശിക്കുന്ന കാര്യവിചാരകൻ ഹോട്ടലുകളിലും മററും കയറി ഇറങ്ങരുത്. അവൻ അൽമായരോടൊന്നിച്ച് ഉറങ്ങാതെ അടുത്തൊരു പള്ളിയോ ആശ്രമമോ ഉണ്ടെങ്കിൽ അവിടെ വിശ്രമിക്കണം; ദൈവനാമം നിന്ദിക്കപ്പെടാതിരിപ്പാൻ സന്യാസികൾ വീഞ്ഞു കുടിക്കരുത്. വീഞ്ഞും മററു മദ്യങ്ങളും വാങ്ങാതിരിക്കാനും കുടിക്കാതിരിക്കാനും സന്യാസികൾ പ്രത്യേകം ശ്രദ്ധിക്കണം. 5. സന്യാസികൾ മുടി വളർത്തുകയോ, ഇരുമ്പു ചട്ടയോ മറെറന്തെങ്കിലുമോ ധരിക്കുകയോ ചെയ്യരുത്. തങ്ങൾക്ക് ചേർന്നതു മാത്രം ചെയ്യുകയും തങ്ങളുടെ താമസസ്ഥലത്തുനിന്ന് പുറത്തു പോകാതിരിക്കുകയും വേണം. 6. ഏതെങ്കിലും ഇടപാടിനു വേണ്ടി ആശ്രമത്തിന് പുറത്തുപോകുന്ന കാര്യവിചാരകനും മററ് സന്യാസികളും സന്യാസവസ്ത്രം അപമതിക്കപ്പെടാതിരിക്കാൻ രോമക്കുപ്പായം ധരിക്കാൻ പാടില്ല. 7 സന്യാസികളിലാരും ആർക്കും, പ്രത്യേകിച്ച് സ്ത്രീകൾക്ക്, എണ്ണ വിതരണം ചെയ്യരുത്. വരമുള്ളവനുണ്ടെങ്കിൽ അവൻ പുരുഷൻമാർക്ക് കൊടുക്കട്ടെ; ആവശ്യക്കാരായസ്ത്രീകളുണ്ടെങ്കിൽ അവരുടെ ഭർത്താക്കൻമാർ വഴി സ്വീകരിക്കട്ടെ. 8. ആശ്രമത്തിൽ വിശുദ്ധരുടെ പെരുന്നാളാഘോഷങ്ങൾ ആളുകൾ കൂടുന്നിടത്തുവച്ചല്ല, ആശ്രമസഹോദരൻമാരോടൊന്നിച്ചു മാത്രം നടത്തപ്പെടട്ടെ. 9. വയൽപ്പണിക്കോ മററ് അവശ്യങ്ങൾക്കോവേണ്ടി ഒരു കഴുതയോ ഒരു ജോടി കാളയോ അല്ലാതെ, സന്യാസികൾ ആടുമാടുകളെയോ, കുതിരയെയോ കഴുതയെയോ വേറെ ഏതെങ്കിലും മൃഗത്തെയോ സ്വന്തമാക്കരുത്. 10. വിശ്വാസ വിപരീതമായ ഗ്രന്ഥങ്ങൾ ആശ്രമത്തിൽ സൂക്ഷിക്കരുത്. ആവശ്യത്തിനു മാത്രം ഉള്ള കൊടുക്കൽ വാങ്ങലുകൾ അല്ലാതൊരു കച്ചവടവും ആശ്രമത്തിനുള്ളിൽ പാടില്ല. 12. ആശ്രമാദ്ധ്യക്ഷൻെറ അധികാരത്തിൽ പൊതുവകയായിട്ടുള്ളതല്ലാതെ, സഹോദരങ്ങളാരും ഒന്നും സ്വന്തമായി സമ്പാദിച്ചു വയ്ക്കരുത്. 13. സന്യാസികളുടെ ശുഷ്കാന്തി കുറഞ്ഞുപോകാതിരിക്കാൻ വേണ്ടി ബന്ധുക്കളെ കാണാനോ പുറത്തുപോയി അവരുമായി സംസർഗം പുലർത്താനോ ആശ്രമാധിപൻ അവരെ അനുവദിക്കരുത്. 14. സഹോദരൻമാർ രോഗത്തിൻെറ മറവിൽ ആശ്രമത്തിൽ നിന്നിറങ്ങി പട്ടണത്തിലും ഗ്രാമത്തിലും ചുററിക്കറങ്ങരുത്; ദൈവസ്നേഹത്തെപ്രതി ആശ്രമത്തിനുള്ളിൽവച്ച് അവർ സഹിക്കയാണു വേണ്ടത്. 15. സന്യാസികൾ തങ്ങളുടെ വാസസ്ഥലം വിട്ട് മററുള്ളവർക്കുവേണ്ടി കേസുകൾ ഏറെറടുക്കുകയും പട്ടണത്തിലേക്കോ ന്യായാധിപൻമാരുടെ പക്കലേക്കോ പോകുകയും ചെയ്യാൻ പാടില്ല. 16. രാവും പകലുമുള്ള ആരാധനാശുശ്രൂഷകളിൽ സംബന്ധിക്കാതെ, ജോലി

www.malankaralibrary.com



യെന്നും ചുമതലയെന്നും പറഞ്ഞ് സന്യാസികൾ ഒഴിഞ്ഞുമാറരുത്. 17. അവർ അപരിചിതരെ ദയാപൂർവ്വം സ്വീകരിക്കണം. ഒരു സഹോദരനുമെതിരായി വാതിൽ അടച്ചു കളയരുത്. 18. ദീർഘകാലം തൻെറ പ്രവൃത്തിയെ സംബന്ധിച്ച് തെളിവു തന്നവനല്ലാതെ സഹോദരൻമാരിലാരും ഏകാന്തമായി താമസിക്കരുത്. 19. വി. ഗ്രന്ഥത്തിൽനിന്ന് സന്യാസികളാരും ആർക്കും ഉത്തരം കൊടുക്കരുത്. 20. വൈദികനോ, ഡീക്കനോ അല്ലാത്ത സന്യാസികളാരും കുർബാന കൊടുക്കാൻ മുതിരരുത്. 21. ആശ്രമത്തിലെ സന്യാസികളുടെ കൂട്ടത്തിലെ നല്ല സൗമ്യമുള്ളവരും സഹോദരൻമാരെ നയിക്കാൻ കഴിവുള്ളവരും ഗ്രാമത്തിലെ പള്ളികളുടെ ചുമതല ഏല്പിക്കപ്പെട്ടവരുമായ ഡീക്കൻമാരേയും വൈദികരേയും ആശ്രമാദ്ധ്യക്ഷൻ ഈ കാര്യത്തിനായി നിയമിക്കണം; അവർ അവരുടെ പള്ളികളിൽ തന്നെ താമസിക്കണം. 22. രക്തസാക്ഷികളുടെ അസ്ഥികൾ ആശ്രമങ്ങളിൽ കാണപ്പെടുവാൻ പാടില്ല. അവ കൈവശമുള്ളവർ നമ്മെ ഏല്പിക്കണം; അവ ശരിയായിട്ടുള്ളവയെങ്കിൽ രക്തസാക്ഷിമണ്ഡപത്തിൽ ബഹുമാനിക്കപ്പെടണം: അതല്ലെങ്കിൽ ശവക്കോട്ടയിൽ അടക്കണം. 23. മരിച്ചവരുടെ 'ഗുർനെ'[4] ഉണ്ടാക്കണമെന്നാഗ്രഹിക്കുന്നവർ, അവ കാണപ്പെടാതിരിക്കാൻ ഭൂമിയിൽ കുഴിച്ചിടണം. 24. ഒരു സഹോദരനോ ആശ്രമാദ്ധ്യക്ഷനോ മരിച്ചാൽ ആശ്രമവാസികൾ മാത്രം ശാന്തമായി ഒന്നിച്ചുകൂടി അയാളെ സംസ്കരിക്കുക; അവർ എണ്ണത്തിൽ കുറഞ്ഞവരെങ്കിൽ ഏററം അടുത്തുള്ള ആശ്രമത്തിൽനിന്ന് സഹോദരൻമാരെ വിളിക്കുക; അല്ലാതെ ഗ്രാമങ്ങളിൽനിന്ന് അൽമായരെ ഇക്കാര്യത്തിന് വിളിക്കരുത്. 25. ആശ്രമത്തിനുവേണ്ടി ധാന്യം വില്ക്കുന്നയാൾ, കൊയ്ത്തുകാലത്തുള്ള വിലയല്ലാതെ കൂടുതൽ വാങ്ങരുത്; ആശ്രമത്തിൻെറ പേരിൽ അവൻ അത്യാഗ്രഹം കാട്ടാതിരിക്കാൻ, അപ്രകാരമേ അതു വില്ക്കാവൂ. 26. താൻ താമസിച്ച ആശ്രമത്തിലെ അദ്ധ്യക്ഷൻെറ അനുവാദം കൂടാതെ ആശ്രമം തോറും കയറിയിറങ്ങുന്നവനെ ആരും സ്വീകരിക്കരുത്.

## ബി) റാബുള 'ഉടമ്പടിയുടെ മക്കൾക്കു' നൽകുന്ന നിയമങ്ങൾ[5]

റാബുളയുടെ പേരിൽ അറിയപ്പെടുന്ന മറെറാരു നിയമസമാഹാരമാണിത്. വൈദികർ, 'ഉടമ്പടിയുടെ പുത്രൻമാർ, ഉടമ്പടിയുടെ

4. 'Gurne de mise' is the funeral urns.
5. ബ്നൈ ക്യാമാ=ഉടമ്പടിയുടെ പുത്രൻമാർ; ബ്നാത് ക്യാമാ=ഉമ്പടിയുടെ പുത്രിമാർ,

www.malankaralibrary.com



പുത്രിമാർ' എന്നിവർക്കുള്ള നിയമങ്ങളാണിതിൽ. ഈ സമാഹാരത്തിൽ 59 നിയമങ്ങളാണുള്ളത്. സുവിശേഷാനുസൃതമായ ദാരിദ്ര്യം സ്വീകരിക്കയും താപസജീവിതത്തിനായി സ്വയം സമർപ്പിക്കുകയും മാമോദീസായുടെ അവസരം അതിനായി പ്രതിജ്ഞ എടുക്കുകയും ചെയ്തവരാണ് ഉടമ്പടിയുടെ മക്കൾ.[6]

എഡേസ്സായിലെ മെത്രാനായ റാബുള വൈദികർക്കും 'ഉടമ്പടിയുടെ മക്കൾക്കും' നൽകുന്ന കൽപനകളും നിർദ്ദേശങ്ങളും: 1. അബദ്ധാഭിപ്രായക്കാർ വഴിതെററിക്കാതിരിക്കാൻ, സഭാസന്താനങ്ങൾ വിശുദ്ധസഭയുടെ സത്യവിശ്വാസം അറിഞ്ഞിരിക്കണം. 2. സന്ദർശകവൈദികർ,[7] വൈദികർ, ശെമ്മാശൻമാർ, ഉടമ്പടിയുടെ പുത്രൻമാർ ആദിയായവർ, സ്വന്തം അമ്മ, സഹോദരി, മക്കൾ എന്നിവരൊഴിച്ച്, സ്ത്രീകളുടെ കൂടെ താമസിച്ചുകൂടാ. തങ്ങളുടെ വാസസ്ഥലത്തിനടുത്ത് അവർക്ക് പാർപ്പിടം ഉണ്ടാക്കരുത്; അവരോടുകൂടെ നിരന്തരസംസർഗവും പാടില്ല. 3. വൈദികർ, ശെമ്മാശ്ശൻമാർ, 'ഉടമ്പടിയുടെ പുത്രൻമാർ' എന്നിവർ 'ഉടമ്പടിയുടെ പുത്രിമാരെ' നിർബന്ധിച്ച് തങ്ങൾക്ക് വസ്ത്രം തയ്പ്പിക്കാൻ പാടില്ല. 4. സ്ത്രീകൾ, പ്രത്യേകിച്ച് 'ഉടമ്പടിയുടെ പുത്രിമാർ' വൈദികർക്കും ശെമ്മാശ്ശൻമാർക്കും ഭക്ഷണം വിളമ്പിക്കൊടുക്കാൻ പാടില്ല. 5. ആരിൽനിന്നും, പ്രത്യേകിച്ച് കോടതിയിൽ കേസുള്ളവരിൽനിന്ന്, വൈദികർ, ശെമ്മാശ്ശൻമാർ, 'സന്ദർശകവൈദികർ' എന്നിവർ കൈക്കൂലി വാങ്ങാൻ പാടില്ല. 6. പട്ടണത്തിലുള്ളവർ കൽപിച്ചാലും ഉടമ്പടിയുടെ പുത്രിമാരോടും ജനങ്ങളോടും, വൈദികരും ശെമ്മാശ്ശൻമാരും നിർബന്ധിച്ച് ദാനധർമ്മം വാങ്ങരുത്. സ്വയമായി ഓരോരുത്തനും തരുന്ന കാഴ്ചകൊണ്ട് സഭയുടെ ആവശ്യങ്ങൾ നിറവേററപ്പെടണം. 7. മെത്രാൻ ഗ്രാമം സന്ദർശിക്കുമ്പോൾ ജനങ്ങളെ നിർബന്ധിച്ച് മെത്രാന്റെ പേരിൽ ദാനധർമ്മം വാങ്ങരുത്. പള്ളിക്ക് ഫണ്ടുണ്ടെങ്കിൽ അതിൽനിന്ന് മെത്രാന് കൊടുക്കുക. ഫണ്ടില്ലെങ്കിൽ ഒന്നും കൊടുക്കേണ്ട. 8. പെരുന്നാൾ ദിവസങ്ങളിലും മരിച്ചവരുടെ ഓർമ്മദിവസങ്ങളിലും പാവപ്പെട്ടവരുടെ നാമത്തിൽ വൈദികർ ആരെയും നിർബന്ധിച്ച് ഫീസ് ഈടാക്കരുത്. കൊടുക്കുന്നവരുടെ സന്മനസിന് വിട്ടുകൊടുക്കണം. 9. വൈദികർ, ശെമ്മാശ്ശൻമാർ, ഉടമ്പടിയുടെ പുത്രൻമാർ ആദിയായവർ സാധാരണ പലിശയോ അന്യായ പലിശയോ ഈടാക്കരുത്, ലൗകികനേട്ടത്തിനുതകുന്ന സൂത്രങ്ങൾ പ്രയോഗിക്കയുമരുത്. 10. ഉടമ്പടിയുടെ പുത്രൻമാരും പുത്രിമാരും ബന്ധുക്കളുടെ കൂടെയോ

6. A. Voobus, *History of Asceticism*, I, p. 10ff.
7. 'പെരിയ ദെവൂത്ത' എന്ന് സുറിയാനി.

www.malankaralibrary.com



കൂട്ടമായോ അല്ലാതെ ജനങ്ങളുടെ കൂടെ താമസിക്കുവാൻ വൈദികർ അനുവദിക്കരുത്. 11. സഭാസന്താനങ്ങളെല്ലാവരും ഉപവാസത്തിലും പ്രാർത്ഥനയിലും ഉറച്ചിരിക്കണം; അവർ പാവങ്ങളെ സഹായിക്കണം; മുഖം നോട്ടംകൂടാതെ പീഡിതർക്ക് നീതി നേടിക്കൊടുക്കണം. 12. തങ്ങളുടെ പക്കലേക്ക് വരുന്ന പാവപ്പെട്ടവരെ, പ്രത്യേകിച്ച് ഉടമ്പടിയുടെ പുത്രൻമാരെ ഗ്രാമത്തിലെ വൈദികർ സഹായിക്കുകയും ആശ്വസിപ്പിക്കുകയും വേണം. 13. സന്ദർശകവൈദികർ ദുഷ്പേരുള്ളവനെയും അടിമയെയും വൈദികസ്ഥാനത്തിനു നിർദ്ദേശിക്കരുത്; മറിച്ച് ശ്ളീഹാ കല്പിച്ചതുപോലെ ചെയ്യണം. 14. കേസുകളിൽ തീർപ്പുകല്പിക്കാൻ 'സന്ദർശക വൈദികർ' എല്ലാവരേയും നിയോഗിക്കരുത്. പരിശോധനയിൽ കളങ്കരഹിതരായവരെ മാത്രമേ ഈ ദൗത്യം ഏൽപിക്കാവൂ. 15. തങ്ങളുടെ സേവനപരിധിയിലുള്ള സന്യാസികളുടെ ചുമതല വൈദികരും ശെമ്മാശ്ശൻമാരും ഏറ്റെടുക്കണം; തങ്ങളുടെ അംഗങ്ങളെപ്പോലെ അവർ സന്യാസികളെ പരിഗണിക്കണം; അവരെ സഹായിക്കാൻ ജനങ്ങളെ ഉത്തേജിപ്പിക്കയും വേണം. അവരുടെ ആശ്രമങ്ങളിൽ സ്ത്രീകൾ പ്രവേശിക്കാൻ പാടില്ല. 16. പള്ളിയോടുചേർത്ത്, വഴിപോക്കരായ പാവങ്ങൾക്കായി ഒരു വീടുണ്ടെങ്കിൽ അവിടെ വരുന്ന പാവങ്ങൾ അവിടെ വിശ്രമിക്കട്ടെ. 17. എന്നാൽ ക്ഷുദ്രക്കാരെയും മന്ത്രവാദികളെയും ലക്ഷണം പറയുന്നവരെയും 'രക്ഷ' എഴുതിക്കെട്ടുന്നവരെയും, സ്ത്രീപുരുഷൻമാരുടെ ദേഹത്ത് പച്ചകുത്തുന്നവരെയും, ലാടവൈദ്യൻമാരെയും അവിടെനിന്ന് പുറത്താക്കണം: നമ്മുടെ സ്ഥലത്ത് കയറുകില്ലെന്ന് ഉറപ്പും വാങ്ങണം. 18. രാത്രികാലങ്ങളിൽ 'ഉടമ്പടിയുടെ പുത്രിമാർ' പള്ളിയിൽ ഒററയ്ക്കൊററയ്ക്ക് വരികയും പോകയും ചെയ്യരുത്. സാധിക്കുമെങ്കിൽ അവർ ഒന്നിച്ച് പാർക്കണം; ഉടമ്പടിയുടെ പുത്രൻമാരും ഇപ്രകാരം ചെയ്യണം. 19. ഉടമ്പടിയുടെ പുത്രൻമാരെയും പുത്രിമാരെയും അവരുടെ ആവശ്യങ്ങളിൽ ഗ്രാമത്തിലെ വൈദികനോ ശെമ്മാശ്ശനോ സഹായിക്കണം. അവർക്കതിനു കഴിവല്ലെങ്കിൽ വിവരം നമ്മെ അറിയിക്കണം. നാം അവരുടെ കാര്യം നോക്കിക്കൊള്ളാം. ദാരിദ്ര്യം നിമിത്തം അവർക്കു ചേരാത്ത കാര്യങ്ങൾ ചെയ്യാൻ അവരെ അനുവദിക്കരുതല്ലോ. 20. ഉടമ്പടിയുടെ പുത്രൻമാർ സങ്കീർത്തനം പഠിക്കണം, പുത്രിമാർ മദ്രാസകളും.[8] 21. വൈദികർ, ശെമ്മാശ്ശൻമാർ, ഉടമ്പടിയുടെ പുത്രൻമാർ, പുത്രിമാർ എന്നിവർ കർത്തൃനാമം വൃഥാ പ്രയോഗിക്കയും സത്യമായാലും അസത്യമായാലും ആണയിടുകയും ചെയ്യരുത്; പിന്നെയോ കല്പനാനുസൃതം പ്രവർത്തിക്കുക. 22. സന്ദർശകവൈദികർ, വൈദികർ, ശെമ്മാശ്ശൻമാർ എന്നിവർ പട്ടണത്തിൽ എത്തു

8. a doctrinal hymn, an exposition

www.malankaralibrary.com



മ്പോഴം പൊതുലോഡ്ജുകളിലോ സത്രങ്ങളിലോ പാർക്കരുത്. പിന്നെയോ, പള്ളിയോടു ചേർന്ന വിശ്രമസ്ഥലത്തോ പുറത്തുള്ള ആശ്രമത്തിലോ പാർക്കണം. 23. വൈദികർ, ശെമ്മാശ്ശൻമാർ, ഉടമ്പടിയുടെ പുത്രൻമാർ പുത്രിമാർ എന്നിവർ വീഞ്ഞും മാംസവും ഉപയോഗിക്കരുത്; എന്നാൽ രോഗികളായവർക്ക്, എഴുതപ്പെട്ടിരിക്കുന്നതുപോലെ അല്പം ഉപയോഗിക്കാം. ഇവരിലാരെങ്കിലും മദ്യപാനികളാകുകയോ, മദ്യഷാപ്പുകളിൽ കയറുകയോ ചെയ്താൽ സഭയിൽനിന്നു പുറത്താക്കണം. മിശിഹായുടെ ഒരു ശിഷ്യനും ആവശ്യത്തിലധികം സമ്പാദിക്കുവാൻ ശ്രമിക്കരുത്; മറിച്ച് അവർ പാവങ്ങൾക്കു ദാനം ചെയ്യട്ടെ.

25. വൈദികർ, ശെമ്മാശ്ശൻമാർ, ഉടമ്പടിയുടെ പുത്രൻമാർ എന്നിവർ അൽമായർക്കുവേണ്ടി ധാന്യപ്പുരകളുടെയും മുന്തിരിത്തോട്ടങ്ങളുടെയും, ഭൃത്യൻമാരുടെയും കാവൽക്കാർ ആകരുത്. 26. വൈദികർ, ശെമ്മാശൻമാർ, ഉടമ്പടിയുടെ പുത്രൻമാർ എന്നിവർ അൽമായർക്കുവേണ്ടി കാര്യവിചാരകരോ 10 വക്കീലൻമാരോ 11 ആകരുത്; അവരുടെ ബന്ധുക്കളുടെയോ ജഡ്ജിമാർക്ക് കൈക്കൂലി കൊടുക്കുന്നവരുടെയോ കേസുനടത്തിപ്പുകാരാകരുത്: അവർ ജഡ്ജിമാരുടെ പടിക്കൽ കാത്തുകെട്ടി കിടക്കരുത്. 27. വൈദികർ, ശെമ്മാശ്ശൻമാർ, ഉടമ്പടിയുടെ പുത്രൻമാർ, പുത്രിമാർ എന്നിവർ നിരന്തരം സഭയുടെ ആരാധനാ ശുശ്രൂഷ നടത്തണം. ദിനരാത്രങ്ങളിലുള്ള പ്രാർത്ഥനകളും സങ്കീർത്തനങ്ങളും അവർ മുടക്കരുത്. 28. 'ഉടമ്പടിയുടെ മകളെ' ഭാര്യയാക്കാൻ മുതിരുന്നവരെ പിടിച്ചുകെട്ടി ശപിച്ച് പട്ടണത്തിലെ ന്യായാധിപൻെറ പക്കലേക്കയയ്ക്കണം; തൻെറ സമ്മതത്താൽ അവളും ദുഷിച്ചെങ്കിൽ, അവളെക്കൂടി അയയ്ക്കണം. 29. ഉടമ്പടിയുടെ പുത്രൻമാരും പുത്രിമാരും വഴി തെററിപ്പോയാൽ പ്രായശ്ചിത്തം ചെയ്യുവാൻ ആശ്രമങ്ങളിലേക്കയയ്ക്കണം. അവർ ആശ്രമത്തിൽ താമസിക്കുമെങ്കിലും പള്ളിയിൽ പ്രവേശിച്ചുകൂടാ; യുക്തമെന്ന് തോന്നുന്നിടത്തോളം കാലം അവർ അവരുടെ മാതാപിതാക്കളോടൊപ്പം വിലക്കിലായിരിക്കട്ടെ.

30. ഭർത്താവിനെ കൂടാതെ ഒരു പുരുഷൻകൂടി ഉള്ള സ്ത്രീയെയും, ഭാര്യയെ കൂടാതെ ഒരു സ്ത്രീകൂടി ഉള്ള പുരുഷനെയും പ്രബോധനത്തിന് സ്വീകരിക്കരുത്; ദൈവനാമം ദുഷിക്കപ്പെടാതി

---

9. സെനോഡോക്കെയ്യോൻ.
10. എപ്പിത്രോപ്പേ.
11. ശല്പിത്താനേ.

www.malankaralibrary.com



രിപ്പാനാണിത്. 31. വ്യഭിചാരം ചെയ്തവർക്കുവേണ്ടി, നമ്മുടെ കൽപനകൂടാതെ കുർബാന അർപ്പിക്കാൻ വൈദികർ മുതിരരുത്. (?) 32. വൈദികരോ, ശെമ്മാശ്ശൻമാരോ, സഭാസന്താനങ്ങളിലാരും തന്നെയോ വിശുദ്ധ പാത്രങ്ങളോടൊപ്പം സാധാരണ പാത്രങ്ങൾ പെട്ടിയിലോ, പൂജ്യസ്ഥലത്തോ വയ്ക്കരുത്. 33. വൈദികനോ ശെമ്മാശ്ശനോ അല്ലാതെ ആരും കുർബാന കൊടുക്കാൻ പാടില്ല. 34. ഗ്രാമങ്ങളിലെ എല്ലാ പ്രധാനികൾക്കും അർഹിക്കുന്ന ബഹുമാനം നൽകുക: അപ്പോൾ നീ മുഖപക്ഷം ഇല്ലാത്തവനും പാവപ്പെട്ടവരെ പീഡിപ്പിക്കാത്തവനും ആയിരിക്കും. 35. ആരെയും പ്രഹരിക്കരുത്. തക്കകാരണത്തിന് പ്രഹരിച്ചാൽ തന്നെയും ഭയപ്പെടുത്താൻ വേണ്ടിയായിരിക്കണം; അല്ലെങ്കിൽ കുററക്കാരെ ലൗകിക ന്യായാധിപൻമാരുടെ പക്കൽ അയച്ചേക്കണം. 36. തർക്കങ്ങൾ നിങ്ങൾതന്നെ തീർക്കണം: തർക്കം തീർക്കാൻ പട്ടണത്തിലെ ന്യായാധിപൻമാരുടെ പക്കൽ സദാ പോകരുത്. നിങ്ങളെ വകവയ്ക്കാത്തവരെ നമ്മുടെ പക്കലേയ്ക്കു പറഞ്ഞുവിടുക. 37. വൈദികരെക്കൂടാതെ പൊതുയോഗങ്ങളിലേയ്ക്കും അതുപോലെയുള്ള മററിടങ്ങളിലേയ്ക്കും പോകുവാൻ 'ഉടമ്പടിയുടെ പുത്രിമാരെ' അനുവദിച്ചുകൂടാ; ശുശ്രൂഷചെയ്യുന്ന സ്ത്രീകളോടൊത്ത ഉടമ്പടിയുടെ പുത്രിമാർ പോകാവൂ. 38. വൈദികർ, ശെമ്മാശ്ശൻമാർ, 'ഉടമ്പടിയുടെ പുത്രൻമാർ' എന്നിവർ നമ്മുടെ അനുവാദം കൂടാതെ പള്ളിയുടെ കാര്യത്തിനായാലും ഗ്രാമത്തിന്റെ കാര്യത്തിനായാലും സ്വന്തം ഇടവക ഉപേക്ഷിച്ച് രാജകീയ കോടതിയിലേക്കോ, മററു വിദൂരസ്ഥലത്തേക്കോ പോകാൻ പാടില്ല. 39. വൈദികരെല്ലാവരും ദൈവഭവനത്തിലെ ശുശ്രൂഷയ്ക്കും ശരിയായ ക്രമീകരണത്തിനും വേണ്ടതെല്ലാം ചെയ്യണം: മൃഗങ്ങളെ പള്ളിപ്പറമ്പിൽ പ്രവേശിപ്പിച്ച് ദൈവഭവനം നിന്ദിക്കപ്പെടാൻ ഇടയാകരുത്. 40. 'സന്ദർശക വൈദികർ', വൈദികർ, ശെമ്മാശ്ശൻമാർ എന്നിവർ മരിക്കുമ്പോൾ തങ്ങൾക്കുള്ളതെല്ലാം സഭയ്ക്കുവേണ്ടി നീക്കിവയ്ക്കണം. 41. വൈദികർ, ശെമ്മാശ്ശൻമാർ, 'ഉടമ്പടിയുടെ പുത്രൻമാർ' എന്നിവർ വാക്കാലെയോ രേഖാമൂലമോ ആർക്കും വേണ്ടി ജാമ്യം നിൽക്കരുത്. 42. വൈദികരും ശെമ്മാശ്ശൻമാരും, സൗകര്യപ്പെടുമെങ്കിൽ 'ഉടമ്പടിയുടെ പുത്രൻമാരും' ദേവാലയത്തിൽ താമസിക്കണം. 43. 'നാല് സുവിശേഷങ്ങളുടെ' [12] കോപ്പി എല്ലാ പള്ളികളിലും ഉണ്ടായിരിക്കാനും വായിക്കപ്പെടാനും വൈദികരും ശെമ്മാശ്ശൻമാരും

12. ഏവൻഗേലിയോൻ ദ്മെഫറേശെ': റോബുളായുടെ കാലം വരെ സുറിയാനി സഭയിൽ താസ്യന്റെ സംയുക്ത സുവിശേഷമായിരുന്നു പ്രചരിച്ചിരുന്നത്. 'ദിയാതെസാരോൺ' എന്ന പേരിൽ അത് അറിയപ്പെട്ടു. നാല് സുവി

www.malankaralibrary.com



വേണ്ട നടപടികൾ സ്വീകരിക്കണം. 44. വൈദികൻ സന്നിഹിതനായിരിക്കുമ്പോൾ ശെമ്മാശ്ശനല്ല വൈദികനാണ് സുവിശേഷം വായിക്കേണ്ടത്; ജനങ്ങളെ റുശ്മാചെയ്യേണ്ടതും വൈദികനാണ്. 45. ഉടമ്പടിയുടെ പുത്രൻമാർ' ഇല്ലാത്തപ്പോൾ മാത്രമേ അൽമായർ പള്ളിയിൽ നേതൃത്വം ഏറ്റെടുക്കാവൂ. 46. ശവസംസ്കാരാനന്തരം' ഉടമ്പടിയുടെപുത്രൻമാരും പുത്രിമാരും' (മററുള്ളവരെപ്പോലെ) വീഞ്ഞു കുടിക്കാൻ പാടില്ല. 47. ഒരു വ്യക്തിക്കും എതിരായി കള്ളപ്രമാണം സ്വീകരിക്കയും തൻമൂലം അനീതിപ്രവർത്തിക്കയും ചെയ്യരുത്. 48. വാക്കുകൊണ്ടോ, പ്രവൃത്തികൊണ്ടോ സഭാസന്താനങ്ങൾക്ക് പാഷണ്ഡരുമായി സംസർഗം പാടില്ല. 49. പാഷണ്ഡരെ ആശ്രമങ്ങളിൽ താമസിപ്പിക്കരുത്; ദേവാലയത്തിലെത്തുകയും ഇരുമാനസനായി വർത്തിക്കുകയും ചെയ്യുന്ന പാഷണ്ഡർ കുർബാന സ്വീകരിക്കരുത്. 50. പാഷണ്ഡരുടെ ഗ്രന്ഥങ്ങളും ഗ്രന്ഥച്ചെപ്പുകളും അന്വേഷിച്ച് കണ്ടുപിടിച്ച് നമ്മെ ഏൽപിക്കുകയോ, കത്തിച്ചുകളയുകയോ വേണം. 51. പരിശോധന കൂടാതെ പാഷണ്ഡരെ സ്നാനത്തിനായി സ്വീകരിക്കരുത്; അവർ തെളിവു ഹാജരാക്കിയാലേ അവരെ സ്വീകരിക്കാവൂ. 52. പിശാചിനാൽ പരീക്ഷിക്കപ്പെടുന്നവർക്ക് വൈദികർ കുർബാന കൊടുക്കരുത്; പിശാചുക്കളുമായുള്ള അവരുടെ സംസർഗംവഴി കുർബാന അവഹേളിക്കപ്പെടാതിരിക്കാനാണിത്. 53. പിശാചിന് സമർപ്പിതമായ വൃക്ഷങ്ങൾ വെട്ടിമുറിച്ചു സ്ഥലത്തുള്ള പള്ളിയ്ക്ക് കൊടുക്കുക; ഒരു സ്ഥലത്ത് വിഗ്രഹാരാധനയുടെ അവശിഷ്ടമുണ്ടെങ്കിൽ, ഒച്ചപ്പാടുണ്ടാക്കാതെ അതു നശിപ്പിച്ചുകളയുക. 54. പള്ളിയില്ലാത്തിടത്ത് പള്ളി വയ്ക്കുക; പഴയ പള്ളികളെ നവീകരിക്കുകയും വിപുലീകരിക്കുയും ബലപ്പെടുത്തുകയും ചെയ്യുക. 55. മിശിഹായുടെ നാമം ഉച്ചരിക്കപ്പെട്ട സഭാസന്താനങ്ങൾ സ്വയം ഷണ്ഡരാക്കരുത്.[13] 56. വ്യഭിചാരം നിമിത്തമല്ലാതെ ആരും തൻെറ ഭാര്യയെ ഉപേക്ഷിക്കരുത്; ഓരോ കാരണം പറഞ്ഞ് ഒരു ഭാര്യയും തൻെറ ഭർത്താവിനെയും ഉപേക്ഷിക്കരുത്. 57. ഒരുവനും തൻെറ സഹോദരിയുടെ മകളെയോ തൻെറ സഹോദരൻെറ മകളെയോ തൻെറ മാതൃസഹോദരിയെയോ പിതൃസഹോദരിയെയോ ഭാര്യയായി എടുക്കരുത്. 58. ഉടമ്പടിയുടെ പുത്രൻമാർ മദ്ബഹായുടെ കെസ്ത്രോമയിൽ കയറു

ശേഷങ്ങളിൽനിന്നും വാക്യങ്ങളെടുത്ത് തുടർച്ചയായി ഒരു ബൈബിൾ ഉണ്ടാക്കി. മാർ അപ്രേം ഈ ബൈബിളിന് ഒരു ഭാഷ്യം എഴുതിയിട്ടുണ്ട്. റാബ്വൂള നാല് സുവിശേഷങ്ങളും വിവർത്തനം ചെയ്യിച്ച് പ്രചരിപ്പിക്കാൻ നേതൃത്വം നൽകി.

13. cf. നിഖ്യാ, കാനൻ 1.

www.malankaralibrary.com



കയോ കൻകയിൽ (apse) ഭക്ഷണപദാർത്ഥങ്ങൾ കൊണ്ടുവരികയോ അരുത്, പുരോഹിതർ അവിടെവച്ചു ഭക്ഷിക്കരുത്; ഹൈക്കലായിൽവച്ച് ഒരു മനുഷ്യനും ഭക്ഷിക്കരുത്, വിശുദ്ധമായവ അല്ലാതൊന്നും അവിടെ വയ്ക്കാൻ പാടില്ല. 59. വൈദികരും ശെമ്മാശൻമാരും കുർബാന കൊടുക്കുമ്പോൾ, കുർബാന സ്വീകരിക്കുന്നവരിൽ നിന്ന് ഒരു സമ്മാനവും സ്വീകരിക്കരുത്.

വൈദികർക്കും ഉടമ്പടിയുടെ മക്കൾക്കുമുള്ള കൽപനകളും പ്രബോധനങ്ങളും അവസാനിച്ചു.

## സി) സന്യാസികൾക്കുവേണ്ടിയുള്ള നിയമങ്ങൾ

റാബുളയുടെ പേരിൽ മൂന്നാമതൊരു നിയമസംഹിതകൂടി അറിയപ്പെടുന്നുണ്ട്. ഇതിൽ 36 നിയമങ്ങളാണുള്ളത്. ഈ മൂന്നു സംഹിതകളിലും ഉൾപ്പെട്ട നിയമങ്ങൾ മററൊരു ക്രമത്തിൽ ബാർ എബ്രായ ഹൂദായ കാനോനിൽ 'റാബുള' എന്ന തലക്കെട്ടിൽ കൊടുത്തിരിക്കുന്നു[14]. ഒന്നു മുതൽ ആറുവരെയുള്ള കാനോനാകൾ റാബുളയുടെ ഒന്നാം സമാഹാരത്തിൽ തന്നെയുള്ളവയാണ്.[15]

സന്യാസികൾക്കുവേണ്ടി എഡേസയിലെ മെത്രാനായ റാബുളയുടെ കാനോനകൾ. 1. ആശ്രമത്തിലെ കാര്യവിചാരകൻ ഒഴികെ സന്യാസസഹോദരൻമാരാരും അടുത്തുള്ള ഗ്രാമങ്ങളിൽ പ്രവേശിക്കരുത്. അവർ ശുദ്ധതയുടെ ക്രമം പാലിക്കണം. 2. ഗ്രാമത്തിലോ നഗരത്തിലോ പ്രവേശിക്കുന്ന കാര്യവിചാരകൻ ഹോട്ടലുകളിലും മററും കയറിയിറങ്ങരുത്. അവർ അൽമായരോടുകൂടി രാത്രി കഴിക്കരുത്. അടുത്തുള്ള ആശ്രമത്തിലോ പള്ളിയിലോ താമസിക്കണം. 3. ദൈവനാമം നിന്ദിക്കപ്പെടാതിരിപ്പാൻ സന്യാസികൾ വീഞ്ഞു കുടിക്കരുത്. വീഞ്ഞും മററ് മദ്യങ്ങളും വാങ്ങാതിരിക്കാനും, കുടിക്കാതിരിക്കാനും സന്യാസികൾ എപ്പോഴും ശ്രദ്ധിക്കണം. 4. ആടുമാടുകൾ, കുതിരകൾ മററ് മൃഗങ്ങൾ എന്നിവ സന്യാസികൾ സമ്പാദിക്കരുത്; തങ്ങൾക്കും മററുള്ളവർക്കുംവേണ്ടി കൃഷി ചെയ്യുന്നവൻ മാത്രം ഒരു കഴുതയെയോ, ഒരുജോടി കാളയെയോ കരുതണം. 5. വിശ്വാസ വിപരീതമായ ഗ്രന്ഥങ്ങൾ ആശ്രമ

14. നോമോകാനൻ, ed. Bedjan, Paris 1898, P. 110; കോനാട്ട് അബ്രഹാം മല്പാൻ, ഹൂദായ കാനോൻ, പമ്പാക്കുട, 1974, p. 132—134.
15. റാബുള 3:1—6=1:2—4, 9—10, 17.

www.malankaralibrary.com



ത്തിൽ സൂക്ഷിക്കരുത്. 6. അവർ അപരിചിതരെ ദയാപൂർവ്വം സ്വീകരിക്കണം; ഒരു സഹോദരനുമെതിരായി വാതിൽ അടച്ചു കളയരുത്. 7. ആശ്രമാദ്ധ്യക്ഷൻെറയും അദ്ദേഹത്തിൻെറ തൊട്ടടുത്ത മൂന്നു സഹോദരൻമാരുടെയും അനുവാദം കൂടാതെ സന്യാസികളിലാരും ഒന്നും വാങ്ങുകയോ വില്ക്കുകയോ ചെയ്യാൻ പാടില്ല. 8. ആശ്രമാദ്ധ്യക്ഷൻെറ അനുവാദംകൂടാതെ മൂന്നു അപ്പമല്ലാതെ മററൊന്നും ആർക്കും കൊടുക്കാൻ പാടില്ല. 9. ആശ്രമസ്ഥരാരും മോഷ്ടിക്കരുത്; മോഷ്ടിക്കുന്നതായി കണ്ടുപിടിക്കപ്പെട്ടാൽ അവൻ പതിനഞ്ചാം സ്ഥാനത്തേയ്ക്കു താഴ്ത്തപ്പെടട്ടെ. അവനൊരു വൈദികനാണെങ്കിൽ, വൈദികരിൽ അവസാനത്തവനാകട്ടെ. നേരത്തെതന്നെ അവസാനത്തവനാണെങ്കിൽ, മൂന്നുവർഷത്തേക്ക് കാനൻ അനുശാസിക്കുന്ന ശിക്ഷ അനുഭവിക്കട്ടെ. മോഷ്ടിക്കുന്ന സ്വഭാവമുള്ളവനാണെങ്കിൽ സമൂഹം മുഴുവൻ ദുഷിക്കപ്പെടാതിരിപ്പാൻ അവൻ ആശ്രമംവിട്ടു പോകട്ടെ. 10. സഹസന്യാസിക്കെതിരായി ആരും കരം ഉയർത്തരുത്. അതിനു മുതിർന്ന് സഹസന്യാസിയെ അടിക്കുന്നവൻ സഹോദരൻമാരിൽ പന്ത്രണ്ടാം സ്ഥാനത്തേയ്ക്കു താഴ്ത്തപ്പെടട്ടെ. മററുള്ളവരെ അധിക്ഷേപിക്കയും, കള്ളക്കഥ കെട്ടിച്ചമയ്ക്കുകയും, കലഹകാരണമാകുകയും ചെയ്യുന്നസന്യാസി തൻെറ സ്ഥാനത്തുനിന്ന് അറുപതാം സ്ഥാനത്തേയ്ക്കു താഴ്ത്തപ്പെടട്ടെ. 11. രോഗികളല്ലാത്തവരാരും ആശ്രമത്തിനു പുറത്തു ഭക്ഷണം കഴിക്കരുതു്. 12. ആശ്രമാദ്ധ്യക്ഷൻ ആശീർവ്വദിക്കാതെ ആരും ഭക്ഷണം കഴിക്കരുത്. 13. ആശ്രമത്തിലെ കാര്യവിചാരകൻ അല്ലാതെ ആരും ആശ്രമത്തിനു പുറത്തു രാത്രി കഴിക്കരുത് വ്യഭിചാരത്തിൽ പിടിക്കപ്പെട്ട സന്യാസി ആശ്രമത്തിൽ തുടരരുത്. എന്നാൽ തൻെറ തെററിനെപ്പററി അനുതപിക്കയും തെററിനുള്ള കാനോനിക ശിക്ഷ സ്വീകരിക്കയും തെററ് ആവർത്തിക്കാതിരിക്കയും ചെയ്യുന്നെങ്കിൽ അവൻ തുടരട്ടെ. ഇക്കാര്യത്തിൽ ഒരാളുടെ സാക്ഷ്യം മാത്രം സ്വീകരിക്കുന്നത് ശരിയായിരിക്കയില്ല.

15. ആശ്രമസ്ഥൻ തൻെറ തന്നെ വകയിൽനിന്നുപോലും ഒന്നും പലിശയ്ക്കു കൊടുത്തുകൂടാ. 16. ആശ്രമശ്രേഷ്ഠർ മുഖം നോക്കുന്നവരാകരുത്. 17. പൂന്തോട്ടത്തിൻെറ ചുമതലയുള്ളവരോട് ചോദിക്കാതെ ആരും അവിടെ കയറരുത്. 18. നിശ്ചിത സമയത്തിനു പുറത്ത് സന്ദർശനാർത്ഥം വരുന്ന ബന്ധുക്കളുടെ കൂടെ ആശ്രമാദ്ധ്യക്ഷൻെറ അനുവാദം കൂടാതെ ഭക്ഷിക്കരുത്. 19. ആശ്രമാദ്ധ്യക്ഷൻെറ അനുവാദം കൂടാതെ സന്യാസികളാരും സുഹൃത്തുക്കളെ വഴിയാത്രയാക്കാൻപോകയും ആശ്രമകവാടം കടക്കുകയും ചെയ്യരുത്. 20. ആശ്രമാദ്ധ്യക്ഷൻെറ അനുവാദം കൂടാതെ ആരും സ്വന്തം കാര്യത്തിനോ, തൻെറ ഭവനത്തിലേയ്ക്കോ പോക

www.malankaralibrary.com



രുത്. 21. മൂന്നു വർഷത്തിനകം സന്യാസിയാകുന്ന സഹോദര നോവിസ് ആശ്രമാദ്ധ്യക്ഷൻെറ അനുവാദം കൂടാതെ ആശ്രമത്തിനു പുറത്തു പോകരുത്. 22. രോഗത്തിലല്ലാതെ, ആശ്രമാദ്ധ്യക്ഷൻ കല്പിക്കുന്ന കാനോനിക ശിക്ഷകൾ ആരും നടപ്പാക്കാതിരിക്ക രുത്. 23. എല്ലാവർഷവും സെപ്റ്റംബർ മാസം പൗർണ്ണമി ദിവ സം കുർബാന അർപ്പിക്കപ്പെടണം, അന്നു ജാഗരണവും പ്രാർത്ഥ നകളും ഉണ്ടായിരിക്കണം. അന്നു പെരുന്നാളായി കൊണ്ടാടണം. അന്നേ ദിവസം ആശ്രമാദ്ധ്യക്ഷൻ ആശ്രമ നിയമങ്ങൾ അംഗങ്ങൾ ക്കു വിവരിക്കണം. അവരുടെയിടയിൽ കലഹവും മത്സരവും ഉണ്ടാകാതിരിപ്പാൻ ആഴ്ചതോറുമുള്ള ജോലികൾ അവർക്കു പങ്കിട്ടു കൊടുക്കണം. 24. ആശ്രമാദ്ധ്യക്ഷൻ ആരാധനാശുശ്രൂഷയും കുമ്പിടീലും ഉപേക്ഷിക്കരുത്. 25. പ്രാർത്ഥനാവസരവും ആരാ ധനാവസരവും ഭക്ഷണമേശയിലും അവശ്യാവശ്യമല്ലെങ്കിൽ ആരും-- ആശ്രമാദ്ധ്യക്ഷൻ പോലും—സംസാരിക്കരുത്. 26. ആരും. പ്രാർത്ഥനയിൽ അലസരാകരുത്. 27. സന്യാസികൾ സ്ത്രീ കളോടു കൂടി ഭക്ഷിക്കരുത്. തൻെറ അമ്മയോടും സഹോദരി യോടും കൂടെ പോലും പാടില്ല. 28 സന്യാസികൾ സല്ക്കാര ത്തിനും സദ്യയ്ക്കും പോകാൻ പാടില്ല. അവർ അല്മായരുടെ കാര്യസ്ഥരോ, സ്നാനത്തിൽ തലതൊടുന്നവരോ ആകരുത്. 29. ഗ്രാമത്തിലോ നഗരത്തിലോ പ്രവേശിക്കുന്ന സന്യാസി താൻ പാർക്കുന്ന ഭവനത്തിൽ നിന്നു മാത്രമേ ഭക്ഷിക്കാവൂ; ഭക്ഷണ ത്തെപ്രതി തെരുവുകളിൽ അലഞ്ഞു നടക്കുകയോ, വീടുതോറും കയറിയിറങ്ങുകയോ ചെയ്യരുത്. തൻെറ വിശുദ്ധ വസ്ത്രത്തെ അവർ അവഹേളിക്കരുത്. 30. ഒരു വലിയ ആശ്രമത്തിൽ ഏകാ ന്തവാസികൾ താമസിക്കരുത്. ഒരിടത്തു രണ്ടുതരം സന്യാസരീതി കൾ പാടില്ല. 31. തൻെറ ഭവനത്തിൽനിന്ന് ആശ്രമത്തിലേയ്ക്ക് എന്തെങ്കിലും കൊണ്ടുവന്ന സന്യാസി അത് സ്വന്തമെന്ന് അവകാശ പ്പെടാനും താൻ കൊടുത്തതുകൊണ്ട് മററുള്ളവരെ പഴിക്കാനും മററുള്ളവരെക്കാൾ കൂടുതൽ അധികാരമുണ്ടെന്നവകാശപ്പെടാനും പാടില്ല. 32. എന്തെങ്കിലും തൊഴിലറിയാവുന്നവൻ അറിയാൻ പാടില്ലാത്ത മററുള്ളവരെക്കാൾ ബഹുമാന്യനാണെന്ന് അവകാശപ്പെ ടരുത്. വിജ്ഞാനിയും പണ്ഡിതനുമായവൻ അറിവു കുറഞ്ഞ വരുടെമേൽ ആധിപത്യത്തിന് മുതിരരുത്. മറിച്ച് എല്ലാം ദൈവ ത്തിനായി ചെയ്യുകയും സദാ അവനിൽ ആശ്രയം വയ്ക്കുകയും വേണം. 33. നീതിനിഷ്ഠ, സത്യം, ശുദ്ധത, പെരുമാററത്തിൽ ശ്രേഷ്ഠത എന്നിവയുള്ളവരും ശോധനചെയ്യപ്പെട്ടവരും, ഒന്നിനെ ക്കുറിച്ചുംഅത്യാർത്തിയില്ലാത്തവരും മാത്രമേ ആശ്രമത്തിലെ കാര്യ വിചാരകർ ആകാവൂ. 34. ആശ്രമാദ്ധ്യക്ഷൻ സമൂഹത്തിൻെറ യോഗ്യമായ ശുശ്രൂഷയും സാഹോദര്യത്തിൻെറ നല്ല ക്രമവുംപരി

www.malankaralibrary.com



പാലിക്കാൻ ശ്രദ്ധിക്കണം. 35. ആശ്രമാദ്ധ്യക്ഷനും ആലോചനക്കാരായ മൂന്നുപേരും കൂടി ആശ്രമത്തിന്റെ വരവു ചിലവുകളും സർവ്വകാര്യങ്ങളും കൈകാര്യം ചെയ്യണം. അവരുടെ പ്രവർത്തനങ്ങൾ നീതിപൂർവ്വമോ നീതിരഹിതമോ എന്നു പില്ക്കാലത്ത് അറിയപ്പെടും. 36. ആശ്രമസ്ഥരാരും ആശ്രമത്തിലെ വകകളിൽ നിന്ന് ബന്ധുക്കൾക്കു കൊടുക്കരുത്. ആശ്രമത്തിന്റെ ഐശ്വര്യം ദൈവത്തിന്റെ ദാനമത്രേ. അവൻ പങ്കിട്ടു കൊടുക്കുന്നത് തനിക്കും തന്റെ ബന്ധുക്കൾക്കും ദോഷത്തിനു കാരണമാകും.

നിങ്ങളുടെ ഉന്നമനത്തിനു വേണ്ടി ഈ നിയമങ്ങൾ നാം രചിച്ചു. ആശ്രമത്തിലെ സന്യാസജീവിതത്തിനു വേണ്ടിയാണ് ഈ കാനോനകളും ചട്ടങ്ങളും. സന്യാസികൾക്കുള്ള റാബുളായുടെ 36 നിയമങ്ങൾ അവസാനിച്ചു.

## 3. കശ്കാറിലെ മാർ അബ്രഹാം

ആമുഖം

സന്യാസികളുടെ തലവൻ എന്നും മഹാൻ എന്നും അറിയപ്പെടുന്ന മാർ അബ്രഹാം പ്രാരംഭവിദ്യാഭ്യാസാനന്തരം ഹീറായിൽ പോയി പുറജാതികളോട് സുവിശേഷം പ്രസംഗിച്ചു. ഈജിപ്റ്റിൽ ഷെതു (Scete) ആശ്രമം, സീനായ്മലയിലെ ആശ്രമം എന്നിവ സന്ദർശിച്ച് തിരികെ പേർഷ്യയിലെത്തിയ അബ്രഹാം, അന്നത്തെ കലാലയാധിപൻമാരായ അബ്രഹാം ദ്ബേത്റബാൻ, യോഹന്നാൻ ദ്ബേത്റബാൻ എന്നിവരുടെ സ്നേഹിതനായി തീർന്നു.[1] 571—ൽ അദിയബേനെക്കാരൻ ഹെനാനാ (+610) നിസിബിസ് വിദ്യാപാഠശാലയുടെ പ്രധാനാധ്യാപകനായപ്പോൾ[2] മാർ അബ്രഹാം ഇസ്ലമലയിൽ (Izla)

---

1. cf. G. CHEDIATH, *The Christology of Mar Babai the Great (551—628): A Historico-Doctrinal Study*, Rome 1978: (Doctoral dissertation in Augustinianum)
2. പേർഷ്യൻ സഭയിലെ ഒരു പ്രശസ്തനായ ദൈവശാസ്ത്രജ്ഞനായിരുന്നു ഹെനാന. പേർഷ്യയിൽ പൊതുവെ നിലനിന്ന തിയഡോറിയൻ ദൈവശാസ്ത്രസരണിയിലൂടെ ചരിക്കാതെ മററു പാതകൾ തേടിയ ആളാണദ്ദേഹം. അക്കാരണത്താൽ പാഷണ്ഡിയായിട്ടാണ് പേർഷ്യക്കാർ അദ്ദേഹത്തെ കണക്കാക്കുന്നത്. പാലസ്റ്റൈനിലെ 'ഒരിജനിസ്ററ്' സന്യാസികളുമായി അദ്ദേഹത്തിന് ബന്ധമുണ്ടായിരുന്നു. ഒന്നിലേറെ സിന്നഡുകൾ ഹെനാനയ്ക്ക് എതിരായി പ്രമേയങ്ങളും നിയമങ്ങളും പാസ്സാക്കി. എന്നാൽ 610—ൽ മരിക്കുന്നതുവരെ അദ്ദേഹം

www.malankaralibrary.com



ഏകാന്തജീവിതം തുടങ്ങി. കാലക്രമത്തിൽ പ്രസ്തുതസ്ഥലത്ത് ഒരാശ്രമം ഉയർന്നുവന്നു. ഇസ്ലയിലെ 'വലിയ ആശ്രമം' എന്ന് അത് അറിയപ്പെട്ടിരുന്നു. 588—ൽ മരിക്കുന്നതുവരെ അബ്രഹാം അതിന്റെ തലവനായിരുന്നു. പാശ്ചാത്യസന്യാസത്തിന്റെ മാതൃകയിൽ പേർഷ്യയിലും നവീകരണം വരുത്തുവാൻ അദ്ദേഹം യത്നിച്ചു. പിൽക്കാലത്ത് പേർഷ്യ മുഴുവനും നവീകരണം വരുത്താനും സ്വാധീനം ചെലുത്താനും ഇസ്ലസന്യാസികൾക്ക് കഴിഞ്ഞു. 571 ജൂൺ മാസത്തിൽ തയ്യാറാക്കിയതാണ് ഈ നിയമങ്ങൾ.

## സന്യാസനിയമങ്ങൾ

മർദെ ആശ്രമത്തിലെ,[3] അതായത് ഇസ്ളമലയിലെ വലിയ ആശ്രമത്തിലെ സന്യാസികളും പരദേശികളുമായ സഹോദരൻമാരുടെ അദ്ധ്യക്ഷനും, സന്യാസിയും, വൈദികനും വിശുദ്ധനുമായ റമ്പാൻ മാർ അബ്രഹാമിന്റെ കാലത്ത് എഴുതപ്പെട്ട കാനോനകൾ.[4]

ഖുസ്രാരാജാവിന്റെ ഭരണത്തിന്റെ നാല്പതാം ആണ്ടിൽ ജൂൺ മാസം[5] നിസിബിസിലെ മെത്രാപ്പോലീത്തായും ദൈവസ്നേഹിതനുമായ ശെമവോൻ എപ്പിസ്കോപ്പായുടെ നിർദ്ദേശാനുസരണം, മർദെ ആശ്രമത്തിൽ താമസിക്കുന്ന സഹോദരങ്ങളായ ഞങ്ങൾ ഒന്നിച്ചു കൂടി. ഇപ്രകാരം കൂടുവാൻ ഞങ്ങൾ ഏകകണ്ഠമായി തീരുമാനിച്ചതാണ്. നാം ആരാധിക്കുന്ന ദൈവത്തിന്റെ കൃപയാലാണ് ഒന്നിച്ചു കൂടുന്നത്. എല്ലാ മനുഷ്യരും ജീവിക്കണമെന്നും സത്യത്തിന്റെ അറിവിലേയ്ക്ക് വരണമെന്നും ദൈവം ആഗ്രഹിക്കുന്നു. തന്റെ കരുണയുടെ സമൃദ്ധി നമ്മുടെമേൽ അവൻ ചൊരിഞ്ഞിരിക്കുന്നു. യോഗ്യരായ നമ്മെ ഈ നാമത്തിന് യോഗ്യരാക്കി. നാം ആകട്ടെ സകല മനുഷ്യരിലും നികൃഷ്ടരും ബലഹീനരുമാകുന്നു. എന്നാൽ അവൻ

---

കലാശാലയിൽ തുടർന്നു. അദ്ദേഹത്തിന്റെ മരണത്തിനുശേഷം നിസിബിസ് വിദ്യാപാഠശാലയെക്കുറിച്ച് വളരെയൊന്നും കേൾക്കാനില്ല. പേർഷ്യയിൽ പില്ക്കാലത്ത് ഹെനാനയ്ക്ക് വലിയ സ്വാധീനം ഉണ്ടായില്ല. തിയഡോറിയൻ പാരമ്പര്യത്തിൽ പേർഷ്യാക്കാർ ഉറച്ചുനിന്നു. (cf. ibid. 94—100.)

3. ഒരു കയ്യെഴുത്തു പ്രതിയിൽ 'മദ്റാ' എന്നാണ് കാണുന്നത്. നിസിബിസിലെ യാക്കോബ് താമസിച്ചിരുന്ന സ്ഥലമായിരുന്നിത് (cf. ibid. p. 2. n. 76).

4. ഈ കാനോനാകൾ കുറേക്കൂടി വിപുലപ്പെടുത്തി അബ്ദീശോയിൽ (+1318) കാണുന്നു.

5. ക്രി. വ. 571—ൽ; ഖുസ്രാ ഒന്നാമൻ (531—579)

www.malankaralibrary.com



തന്റെ കരുണയാൽ താൻ സൃഷ്ടിച്ച രീതിയിൽ നാം ശരിയായി ആയിരിക്കേണ്ടതിന് നമ്മുടെ മേൽ കൃപ ചൊരിഞ്ഞു. എന്നാൽ നാം നമ്മുടെ പ്രവർത്തനങ്ങളിലുള്ള അലസതയും ഉപേക്ഷയും നിമിത്തം നമ്മുടെമേൽ വിളിക്കപ്പെട്ട ഈ നാമത്തെ നിന്ദിച്ചു. വി. ഗ്രന്ഥത്തിൽ പറയപ്പെട്ടത് അങ്ങനെ നിറവേറി:[6] 'എല്ലാവരും അവരവരുടെ ഹൃദയത്തിന്റെ ഇച്ഛ അനുസരിച്ചും സ്വന്തവിചാരത്തിന്റെ വഴിയിലും നടക്കുന്നു.' ഞങ്ങൾ സകല മനുഷ്യരെക്കാളും പാപപ്പെട്ടവരും പാപികളും ആണെന്ന് ഞങ്ങൾ ഏററുപറയുകയും ചെയ്യുന്നു. ഞങ്ങളുടെ മാനസിക ബലഹീനതയെ താങ്ങുന്നതിനും, ദൈവഹിതം ഞങ്ങളിൽ പൂർണമായി നിറവേറുന്നതിനും ദൈവത്തിന്റെ കൃപയ്ക്കായി അപേക്ഷിക്കുന്നു. നന്മ ഇച്ഛിക്കാനും അത് പ്രവർത്തിക്കാനും പ്രേരിപ്പിക്കുന്നത് അവിടുന്നാണ്.[7] വീണ്ടും നമ്മുടെ കർത്താവ് പറയുന്നു:[8] 'എന്നെ കൂടാതെ നിങ്ങൾക്ക് ഒന്നും ചെയ്‌വാൻ സാധിക്കുകയില്ല.' 'ഇത് വിശ്വാസയോഗ്യവും സത്യവുമാകയാൽ ഞങ്ങൾക്ക് ശക്തി തരുവാൻ അവിടുത്തെ കൃപയോട് ഞങ്ങൾ അപേക്ഷിക്കുന്നു. വിചാരത്തിലും വചനത്തിലും പ്രവൃത്തിയിലും തിരുഹിതത്തോട് ഞങ്ങൾ യോജിച്ചു പോകുന്നതിനും അവിടുന്ന് ഞങ്ങൾക്ക് അനുതാപത്തിന് അവസരം തരുന്നതിനുമാണത്.

ഈ സ്ഥലത്തു പാർക്കാൻ തുടങ്ങിയപ്പോൾ മുതൽ ഗുഹകൾ കണ്ടുപിടിക്കുന്നതിനും മുറികൾ നിർമ്മിക്കുന്നതിനും സഹോദരൻമാർ ശാരീരികമായി വളരെ അദ്ധ്വാനിച്ചു. ആശ്രമജീവിതത്തിൽ ഞങ്ങൾ നവാഗതരാകയാൽ, ഈ ജീവിതാവസ്ഥയ്ക്ക് ചേർന്ന രീതിയിൽ ക്രമീകരണങ്ങൾ വരുത്താൻ ഞങ്ങൾ ശ്രദ്ധിച്ചില്ല. എന്നാൽ ഇപ്പോൾ ശാരീരികാദ്ധ്വാനങ്ങളിൽനിന്ന് അല്പം വിരമിച്ചശേഷം ഒരുമിച്ചിരുന്ന് ആലോചിക്കുന്നതിനും വിശുദ്ധ ഗ്രന്ഥങ്ങളിൽനിന്നും പിതാക്കൻമാരുടെ കൃതികളിൽനിന്നും ആത്മീയാഭിവൃദ്ധിക്കുവേണ്ട കുറേകാര്യങ്ങൾ തെരഞ്ഞെടുക്കുന്നതിനും ഞങ്ങൾ തീരുമാനിച്ചു.

ഇപ്പോൾ മുതൽ നമ്മുടെ കർത്താവിന്റെ ശക്തിയിൽ ഞങ്ങൾ തുടങ്ങുന്നു. ഞങ്ങൾ സ്വന്തമായി എന്തെങ്കിലും വരച്ചുകാട്ടിയെന്ന് ഞങ്ങളുടെ കഴിവുകേടിനെപ്പററി ഇത് വായിക്കാനിടവരുന്നവരാരും ചിന്തിക്കരുതെന്നു ഞങ്ങൾ അപേക്ഷിക്കയും യാചിക്കയും ചെയ്യുന്നു. ഞങ്ങൾ ഞങ്ങൾക്കുതന്നെയോ മററുള്ളവർക്കോ നിയമദാതാക്ക

---

6. ജറമി 16:12.
7. ഫിലി. 2: 13.
8. യോഹ. 15:15.

www.malankaralibrary.com



ളല്ല; മറിച്ച് നമ്മുടെ നല്ല ദൈവത്തിന്റെ ആരാധ്യമായ കല്പനകളുടെ ശുശ്രൂഷകരും ദാസൻമാരുമാണ് ഞങ്ങാം. അതുകൊണ്ട് വി. ഗ്രന്ഥത്തിൽനിന്നും പിതാക്കൻമാരുടെ പ്രബോധനങ്ങളിൽനിന്നും ഞങ്ങളെടുക്കുന്ന ഓരോ കാനനും അവയിൽനിന്നുളള ചെറിയ ചെറിയ പ്രരാമർശനങ്ങളും ചേർക്കുന്നു.

1. **ശാന്തത:** പിതാക്കൻമാരുടെ കല്പന അനുസരിച്ചും ശ്ലീഹാ തെസലോനിക്കക്കാരോട് പറഞ്ഞതനുസരിച്ചും: 'എല്ലാററിനും ഉപരി ശാന്തത ഉണ്ടായിരിക്കണം.' അദ്ദേഹം പറഞ്ഞു:[9] 'സഹോദരൻമാരേ, ഞങ്ങാം നിങ്ങളെ ഉപദേശിക്കുന്നു; സ്നേഹത്തിൽ ഉത്തരോത്തരം അഭിവൃദ്ധിപ്പെടുവിൻ. ശാന്തരായി ജീവിക്കാൻ ഉത്സാഹിക്കുവിൻ. സ്വന്തം കാര്യങ്ങളിൽ ശ്രദ്ധാലുക്കളാകുവിൻ.' വീണ്ടും അവൻ പറയുന്നു:[10] 'അവർ ശാന്തരായി ജോലി ചെയ്ത് അപ്പം ഭക്ഷിക്കട്ടെ എന്ന് നമ്മുടെ കർത്താവായ മിശിഹായിൽ ഞങ്ങാം കല്പിക്കയും ഉദ്ബോധിപ്പിക്കയും ചെയ്യുന്നു.' വീണ്ടും ഏശായാ പറയുന്നു:[11] 'നീതിയുടെ പ്രവൃത്തി സമാധാനവും നീതിയുടെ സേവനം ശാന്തതയുമാകുന്നു.' ആബാഅന്തോണിയോസ് പറയുന്നു: ജലത്തിൽനിന്ന് പുറത്തെടുക്കപ്പെടുന്ന മത്സ്യം ചാകുന്നു; തന്റെ മുറിക്ക് പുറത്തു താമസിക്കുന്ന സന്യാസി അപ്രകാരമാണ്.' സന്യാസിയായ മർക്കോസിൽനിന്ന്: 'ശരീരത്തിന് ശാന്തതയില്ലെങ്കിൽ, ആത്മാവിന് ശാന്തത ഉണ്ടായിരിക്കയില്ല.' ശാന്തത സംരക്ഷിക്കാൻ രണ്ടു മാർഗമുണ്ട്: നിരന്തര വായനയും പ്രാർത്ഥനയും ഒന്ന്; കായികാധ്വാനവും ധ്യാനവും മററൊന്ന്. ആബാ ഏശായായും വിജ്ഞാനിയും പറയുന്നതുപോലെ, 'അലസത തിൻമയുടെ കൂമ്പാരത്തെ ജനിപ്പിക്കുന്നു.'[12] വീണ്ടും, 'ജോലി ചെയ്യാത്തവൻ ദുരാശകളാൽ സദാ അലട്ടപ്പെടും.'[13] അതുകൊണ്ട് നമുക്ക് നമ്മുടെ മുറികളിൽ വസിച്ച് ശാന്തതയോടുകൂടി വ്യാപരിക്കാം. തെററിലേക്ക് നയിക്കുന്ന അലസതയിൽനിന്ന് ഓടിയകലാം.

2. **ഉപവാസം:** നമ്മുടെ കർത്താവിന്റെ വാക്കുകളിൽനിന്ന്:[14] 'മനുഷ്യപുത്രൻ ഉയർത്തപ്പെട്ടുകഴിയുമ്പോാം ആ നാളുകളിൽ അവർ

9. 1. തെസ. 4: 10—11.
10. 2. തെസ. 3: 12.
11. ഏശാ. 32: 17.
12. സിറാഹ് 33: 29.
13. സദൃശ്യ. 21: 25.
14. മത്താ. 9: 15.

www.malankaralibrary.com



ഉപവസിക്കും' വീണ്ടും ശ്ലീഹാ പറഞ്ഞു:[15] 'വലിയ ഉപവാസത്തിലും' വീണ്ടും, അവർ ഉപവസിക്കയും ദൈവത്തോട് പ്രാർത്ഥിക്കുകയും ചെയ്തുകൊണ്ടിരുന്നു.'[16] വീണ്ടും, പിതാക്കൻമാരിൽനിന്ന്: 'ദൈവമുൻപാകെ നിന്നെ ശക്തീകരിക്കുന്നതായിരിക്കട്ടെ ഉപവാസം.' വീണ്ടും, 'ഉപവാസത്തിൻെറ അനുസരണയിൽ നാം പരാജിതരാകരുത്.' ഉപവാസത്തിൻെറ ഫലങ്ങളെയും അതിൽനിന്നുളവാകുന്ന ഗുണങ്ങളെയും സംബന്ധിച്ച്, നമുക്ക് മോശ, ഏലിയാവ് അവൻെറ ശിഷ്യൻമാർ, നമ്മുടെ രക്ഷകൻ, ശ്ളീഹൻമാർ, വിശുദ്ധ പിതാക്കൻമാർ എന്നിവരിൽനിന്ന് പഠിക്കാവുന്നതാണ്.

## 3. പ്രാർത്ഥന, വായന, യാമശുശ്രൂഷകൾ എന്നിയെക്കുറിച്ച്:

നമ്മുടെ രക്ഷകൻെറ വാക്കുകളിൽനിന്ന്; എപ്പോഴും പ്രാർത്ഥിക്കുന്നതിനും അലസരാകാതിരിക്കുന്നതിനും അവൻ ഒരു ഉപമയും അവരോട് പറഞ്ഞു.[17] വീണ്ടും: 'സദാ പ്രാർത്ഥിച്ചുകൊണ്ടു ജാഗരൂകരായിരിക്കുവിൻ', ഇത്യാദി.[18] വീണ്ടും, 'നിങ്ങൾ പരീക്ഷയിൽ ഉൾപ്പെടാതിരിക്കാൻ ഉണർന്നിരുന്ന് പ്രാർത്ഥിക്കുവിൻ.[19] ശ്ലീഹാ പറയുന്നു: 'കൃതജ്ഞതാഭരിതരായി ഉണർന്നിരുന്ന് നിരന്തരം പ്രാർത്ഥിക്കുവിൻ'.[20] മർക്കോസും പറയുന്നു:[21] 'പ്രാർത്ഥന സുകൃതങ്ങളുടെ അമ്മയാകുന്നു.' വായനയെപ്പററി തൻെറ സുഹൃത്തായ തിമോത്തിക്കു എഴുതിയപ്പോൾ ശ്ലീഹാ പറയുന്നു:[22] 'ഞാൻ വരുന്നതുവരെ വായനയിലും പ്രാർത്ഥനയിലും, അധ്യാപനത്തിലും ശ്രദ്ധാലുവായിരിക്കണം. ഇവയെപ്പററി ധ്യാനിക്കുകയും ചിന്തിക്കയും ചെയ്യുക.' നമ്മുടെ ദൈവമായ കർത്താവ് നൂൻെറ മകനായ യേശുവായോടു പറഞ്ഞു: 'ഈ നിയമഗ്രന്ഥം നിൻെറ വായിൽനിന്നു മാറിപ്പോകരുത്; രാവും പകലും ഇതേപ്പററി ധ്യാനി

15. 2. കൊറി. 11:27.
16. നട. 14:23.
17. ലൂക്കാ. 18:1
18. ലൂക്കാ. 21:36.
19. മർക്കോ. 14:38.
20. കൊളോ. 4:2.
21. ആബാ മർക്കോസ് (fl. c. 430): ആധ്യാത്മിക ഗ്രന്ഥകാരൻ; 'അനുതാപം' 'ആധ്യാത്മികനിയമം' 'നീതീകരണം പ്രവൃത്തിയിലൂടെ' എന്നിവയാണ് ആബാ മർക്കോസിൻെറ പ്രധാനകൃതികൾ. മർക്കോസ് അൻസീറയ്ക്കടുത്തുളള ഒരാശ്രമത്തിൻെറ അധ്യക്ഷനായിരുന്നു കുറെക്കാലം. പിന്നീട് പാലസ്റ്റൈനിലോ, ഈജിപ്തിലോ ഏകാന്തവാസം നയിച്ചു.

www.malankaralibrary.com



ക്കുക, ഇത്യാദി.[23] മോശ ജനങ്ങളോട് പറയുന്നു: [24] 'കർത്താവിന്റെ നിയമം നിങ്ങളുടെ അധരങ്ങളിൽ ഉണ്ടായിരിക്കേണ്ടതിന് അത് നിങ്ങളുടെ ഭുജത്തിൽ ഒരടയാളമായും നെററിയിൽ ഒരു ജ്ഞാപകമായും ഇരിക്കട്ടെ.' പിതാക്കൻമാരിൽനിന്ന്: നിരന്തര വായനയും ദൈവത്തോടുള്ള പ്രാർത്ഥനയും കൂടാതെ നല്ലൊരു ശിക്ഷണം ആത്മാവിൽ നിലനില്ക്കില്ല.' വിശുദ്ധ മർക്കോസ് പറയുന്നു:[25] 'പ്രാർത്ഥനയും വായനയുംവഴി ലഭിക്കുന്ന മേന്മ എന്താണെന്ന് ഗ്രഹിക്കുവാൻ മനസിന്റെ കണ്ണുകളെ തുറക്കണമേ എന്ന് ദൈവത്തോടു പ്രാർത്ഥിക്കുക; അവിടുന്ന് തുറന്നുതരും'. യാമശുശ്രൂഷകളെ സംബന്ധിച്ച് സങ്കീർത്തകൻ പറയുന്നു:[26] 'അങ്ങയുടെ നീതിയുള്ള വിധികളെപ്രതി ഏഴു പ്രാവശ്യം ഞാൻ അങ്ങയെ സ്തുതിക്കും'. ദാനിയേൽ ദിവസം ഏഴു പ്രാവശ്യം മുട്ടിൻമേൽ നിന്ന് ദൈവത്തെ സ്തുതിക്കയും ദൈവത്തോട് പ്രാർത്ഥിക്കുകയും ചെയ്തിരുന്നു.[27] 'ശെമവോനും യോഹന്നാനും ഒൻപതാംമണിയുടെ പ്രാർത്ഥനാവസരം പ്രാർത്ഥിക്കാനായി ദേവാലയത്തിലേക്ക് പോയപ്പോൾ'.[28] വീണ്ടും,[29] 'അവർ ഭക്ഷണം തയാറാക്കിക്കൊണ്ടിരുന്നപ്പോൾ, ഒൻപതാംമണിക്കുള്ള പ്രാർത്ഥനയ്ക്കായി ശെമവോൻ മേൽത്തട്ടിൽ കയറി! വീണ്ടും[30] 'പ്രഭാതത്തിൽ എന്റെ ശബ്ദം കേശക്കണമെ; പ്രഭാതത്തിൽ ഞാൻ ഒരുങ്ങി നിനക്ക് കാണപ്പെടും'. വീണ്ടും,[31] 'എന്റെ പ്രാർത്ഥന അങ്ങേ തിരുമുമ്പാകെ ധൂപംപോലെയും എന്റെ കൈകളുടെ കാഴ്ച സന്ധ്യായാഗംപോലെയും ആകുന്നു'. ഈ കാര്യങ്ങൾ ഗ്രഹിച്ച് ഇവയിൽ ശ്രദ്ധാലുക്കളായിരിക്കാം. 'നിന്റെ കല്പനകൾ ഒരിക്കലും ഞാൻ മറക്കില്ല; എന്തെന്നാൽ അവയിലാകുന്നു എന്റെ ജീവൻ,' എന്ന് സങ്കീർത്തകനോടുകൂടെ നമുക്കും പറയാം.[32]

---

22. 1. തിമോ. 4:13
23. ജോഷ്വാ. 1:8.
24. പുറ. 13;9.
25. ആബാമർക്കോസ്
26. സങ്കീ. 119(118):164.
27. ദാനി. 6:10.
28. നട. 3:1.
29. നട. 10:9.
30. സങ്കീ. 5:4.
31. സങ്കീ. 141(140):2.
32. സങ്കീ. 119(118): 93.

www.malankaralibrary.com



4. നിശ്ശബ്ദത, പ്രശാന്തത, ഏകാന്തത എന്നിവയെ സംബന്ധിച്ച്: മററുള്ളവർ സംസാരിക്കുന്നതിനിടയിൽ കടന്ന് സംസാരിക്കരുത്, താഴ്ന്ന സ്വരത്തിലല്ലാതെ, ഉച്ചത്തിലോ കോപത്തോടുകൂടിയോ സംസാരിക്കരുത്. നിശബ്ദതയെ സംബന്ധിച്ച് ജറമിയാ പ്രവാചകൻ പറയുന്നു: 'യൗവനത്തിൽ അങ്ങയുടെ നുകം വഹിക്കയും, ഏകനും നിശബ്ദനുമായിരിക്കയും ചെയ്യുന്നവൻ ഭാഗ്യവാൻ' ഇത്യാദി. 33 ദർശനത്തിൽ അർസേനിയോസിനോടു ഇപ്രകാരം പറയപ്പെട്ടു: 'രക്ഷപെടുക, ശാന്തനായിരിക്കുക, നിശബ്ദനായിരിക്കുക'. വീണ്ടും, 'ശാന്തനായിരിക്കൂ; നിന്നെപ്പററി ഉന്നതമായി ചിന്തിക്കാതിരിക്കൂ.' ഏകാന്തതയെപ്പററി ഏലിയാ ദൈവത്തോടു പറയുന്നു: 'നിൻെറ മുൻപാകെ ഞാൻ ഭയചകിതനായി; ഞാൻ ഏകനായി കുത്തിയിരിക്കുന്നു.'. പ്രശാന്തതയെ സംബന്ധിച്ച് കർത്താവ് ഏശായായോടു പറഞ്ഞു: 'പ്രശാന്തനും വിനീതനും എൻെറ വചനത്തെ ഭയപ്പെടുന്നവനും ആയവനിലല്ലാതെ ആരിൽ ഞാൻ നോക്കുകയും വസിക്കയും ചെയ്യും!' വീണ്ടും, 'ഞാൻ ശാന്തനും വിനീതഹൃദയനുമാകയാൽ നിങ്ങൾ എന്നിൽനിന്ന് പഠിക്കുവിൻ; നിങ്ങൾ ആശ്വാസം കണ്ടെത്തും'. 34 മററുള്ളവർ സംസാരിക്കുന്നതിനിടയ്ക്ക് കയറി പറയരുത് എന്നതിനെ കുറിച്ചു വിജ്ഞാനി പറയുന്നു: 35 'സംസാരത്തിനിടയിൽ നീ സംസാരിക്കരുത്!' 'വിജ്ഞാനത്തിൻെറ ഫലമാണ് നിശബ്ദത'. 'കൂടുതൽ സംസാരിക്കുന്നവൻ തൻെറ മനസ്സിൻെറ പൊള്ളത്തരം വെളിപ്പെടുത്തുന്നു.' കോപത്തോടും ഉച്ചത്തിലുമല്ല; പ്രശാന്തമായിട്ടാണ് സംസാരിക്കേണ്ടത് എന്നതിനെ സംബന്ധിച്ച് ശ്ലീഹാ പറയുന്നു; 36 'എല്ലാ കയ്പും, ക്രോധവും, അലർച്ചയും, ദൈവദൂഷണവും, ഇത്യാദി. വീണ്ടും 'കോപത്തിൻമേൽ സൂര്യൻ അസ്തമിക്കരുത്,' ഇത്യാദി. നമുക്ക് ഈ കാര്യങ്ങളിൽ ശ്രദ്ധാലുക്കളായിരിക്കാം; ഇവ കൂടാതെ ദൈവത്തെ പ്രസാദിപ്പിക്കാൻ സാധിക്കയില്ല. 5. അൻപതു നോമ്പിൻെറ അവസരം സ്വന്തം മുറികളിൽനിന്ന് അത്യാവശ്യം പ്രമാണിച്ചല്ലാതെ ആരും പുറത്തുപോകരുത്; അതും അനുവാദത്തോടുകൂടി മാത്രം. 6. സഹോദരൻമാരാരും ആശ്രമങ്ങളിലും ഗ്രാമങ്ങളിലും കയറിയിറങ്ങരുത്; രോഗാവസ്ഥയിലോ, അനുവാദം ഉണ്ടെങ്കിലോ മാത്രമേ നഗരത്തിൽ പ്രവേശിക്കാവൂ. അവർ ഭവനങ്ങളിൽ കയറി ഇറങ്ങുകയോ, വിശ്വാസികളുടെ ഭവനങ്ങളിൽനിന്ന് ഭക്ഷിക്കുക

33. വിലാ. 3:27—28; ജറമി. 15:17.
34. മത്താ. 11:29.
35. സിറാഹ്. 11:8;20:5.8
36. എഫേ. 4:31.

www.malankaralibrary.com



യോ സമൂഹത്തിനുവേണ്ടി എന്തെങ്കിലും സ്വീകരിക്കുകയോ നമ്മോടുകൂടി ആയിരിക്കുന്നിടത്തോളം കാലം എന്തെങ്കിലും സമ്മാനം വാങ്ങുകയോ ചെയ്യരുത്. ഒരുത്തനും തന്റെ സഹോദരങ്ങൾക്കെതിരായി മുറുമുറുക്കരുത്. സങ്കീർത്തനത്തിൽനിന്ന്: 'രഹസ്യത്തിൽ തന്റെ സഹോദരന് അപകീർത്തി പരത്തുന്നവനെ ഞാൻ നശിപ്പിക്കാൻ പോകയാണ്.' 37 'നീ കുത്തിയിരുന്ന് നിന്റെ സഹോദരനെതിരായി ചിന്തിച്ചു' ഇത്യാദി 'ചിലർ പിറുപിറുത്തതുപോലെ നിങ്ങൾ പിറുപിറുക്കരുത്,' 38. നാം ദുഷ്ടതയുടെ ഭാഗഭാക്കുകളാകാതിരിക്കാൻ, മാരകവിഷത്തിൽനിന്നെന്നവണ്ണം അപവാദം പറച്ചിലിൽനിന്ന് ഒഴിഞ്ഞിരിക്കണം. 8. ഞായറാഴ്ച എല്ലാ സഹോദരൻമാരും ഒന്നിച്ചുകൂടുന്ന ദിവസം, പള്ളിയിൽ ആദ്യം എത്തുന്നയാൾ ഒരു വിശുദ്ധ പുസ്തകമെടുത്ത്, തന്റെ സീററിലിരുന്ന് എല്ലാവരും വരുന്നതുവരെ ധ്യാനിക്കട്ടെ; പള്ളിയിൽ വരുന്നവരുടെ ചിന്തകളെല്ലാം വായന ശ്രവിച്ച് ഏകാഗ്രമാകുന്നതിനും ശ്രവണപ്പെടുത്തുന്ന സംസാരത്തിൽ അവർ ഏർപ്പെടാതിരിക്കുന്നതിനും അത് സഹായകമാകും. 9. ഉപവാസം, ശാരീരികരോഗം, അപരിചിതരുടെ ആഗമനം, ദീർഘയാത്ര, ദിവസം മുഴുവനുമുള്ള കഠിനാദ്ധ്വാനം എന്നീ കാരണങ്ങളാൽ മാത്രമേ ഉപവാസം അവസാനിപ്പിക്കാവൂ. ഇപ്രകാരം ചെയ്യാതെ, അയഞ്ഞ മനസ്ഥിതിയുള്ളവൻ സമൂഹത്തിന് അന്യനാണ് എന്ന് അറിഞ്ഞിരിക്കട്ടെ. സ്വന്തമായി മുറികളുള്ളവരെല്ലാം മുകളിൽ പറഞ്ഞ നിയമങ്ങൾ കൃത്യമായി പാലിക്കണം. പുതുതായി വരുന്നവരെ കുറേകാലത്തേക്കു പരിശോധനാവിധേയരാക്കണം. സ്വന്തമായി മുറിയുണ്ടാക്കാൻ അവർക്ക് അനുവാദം ലഭിക്കുമ്പോൾ, നേരത്തെ ഉള്ള സഹോദരൻമാരെ അവർ ഒരു കാര്യത്തിലും ഭാരപ്പെടുത്തരുത്. പതിവുപോലെ കഴിവനുസരിച്ച് സമൂഹം അവരെ സഹായിക്കണം. 11. രോഗാവസ്ഥയിൽ പട്ടണത്തിലെത്തുന്ന സഹോദരൻമാർ വിശ്വാസികളുടെ ഭവനങ്ങളിൽ പ്രവേശിക്കാതെ, സെനോദോക്കിയോനിൽ താമസിക്കണം, നാം വിശ്വാസികൾക്ക് ബുദ്ധിമുട്ടിന് ഹേതുവാകരുതല്ലോ. 13. ഏതെങ്കിലും സഹോദരൻ മുകളിൽ പറഞ്ഞ നിയമങ്ങളിലൊന്ന് ലംഘിക്കുന്നതായി ആരെങ്കിലും കണ്ടാൽ, ഉടനെതന്നെ മററുള്ളവരോട് പറഞ്ഞ് അവരുടെ മനസ്സ് ഭാരപ്പെടുത്തരുത്; ഇത്തരം സംഗതി മനസ്സിനെ ഭാരപ്പെടുത്തും. പിന്നെയോ, അവരെ വിളിച്ച് ഇതേപ്പററി സംസാരിക്കണം. 'നീയും അവനും തനിച്ചായിരിക്കുമ്പോൾ അവനെ ശാസിക്കുക' എന്നാണല്ലോ നമ്മുടെ രക്ഷകൻ പറഞ്ഞിരിക്കുന്നത്. 39 അവൻ അനുസരിക്കുന്നില്ലെങ്കിൽ രണ്ടു

37. സങ്കീ. 52 (51):5.
38. 1. കൊറി. 10:10.
39. മത്താ. 18;15.

www.malankaralibrary.com



പേരുടെ മുൻപാകെ ശാസിക്കുക: അതുകൊണ്ടു ഫലമില്ലെങ്കിൽ സമൂഹം മുഴുവന്റെയും മുൻപാകെ അവനെ കുററപ്പെടുത്തണം. തുടർന്നും എതിർക്കയും തിരുത്താൻ കൂട്ടാക്കാതിരിക്കയും ചെയ്താൽ അവൻ സമൂഹത്തിന് അന്യനായിരിക്കും എന്ന് അറിഞ്ഞുകൊള്ളട്ടെ.

## 4. മാർ ദാദീശോ.

ആമുഖം

മാർ അബ്രഹാം സ്ഥാപിച്ച ഇസ്ള ആശ്രമത്തിലെ രണ്ടാമത്തെ അധ്യക്ഷനായിരുന്നു ബേത്അരമായേയിൽനിന്നുള്ള ദാദീശോ. നിസിബിനിലെ വിദ്യാപാഠശാലയിൽ പഠിച്ചശേഷം ഹദിയാബിലെ അർബേലിൽ പഠനം തുടർന്നു. കുറെനാൾ അവിടെ ഏകാന്തജീവിതം നയിച്ചെന്ന് ചില സ്രോതസുകൾ സാക്ഷിക്കുന്നു. ഇസ്ളയുടെ ഖ്യാതിയാൽ ആകൃഷ്ടനായി അതിലൊരംഗമായിത്തീർന്ന ദാദീശോ, വളരെ വേഗം അബ്രഹാമിന്റെ സഹായിയും പിൻഗാമിയും ആയിത്തീർന്നു.[1] അബ്രഹാം തുടങ്ങിവച്ച നവീകരണപ്രക്രിയ തന്റെ ഭരണകാലത്ത് (588—604) ദാദീശോ തുടർന്നു. ദാദീശോയുടെ ഭരണാരംഭത്തിൽ തന്നെയാണ് ഈ നിയമങ്ങൾ രൂപീകൃതമായത്. അബ്രഹാമിന്റെ നിയമങ്ങൾ പ്രായോഗിക കാര്യങ്ങളിലേക്ക് വെളിച്ചം വീശാൻ പര്യാപ്തമായിരുന്നില്ല. ആ കുറവ് ദാദീശോ പരിഹരിച്ചു. തിയഡോറിയൻ—നെസ്തോറിയൻ ദൈവശാസ്ത്രത്തോട് കൂടുതൽ ആഭിമുഖ്യം വളർത്തുവാൻ പര്യാപ്തമായിരുന്നു ആദ്യത്തെ കാനൻ. ദാദീശോയ്ക്ക് മുൻപുതന്നെ 562/3 ൽ നിസിബിസ് സ്കൂളിലെ പ്രധാനാധ്യാപകനായ അബ്രഹാം ദ്ബേത്റബാൻ തിയഡോറിന്റെയും മററും പേരുകൾ കുർബാനയിൽ ചേർത്തു.[2]

1. cf. A Voobus, *op. cit.* p. 163—164.
2. Chediath, *op. cit.* P. 20; 107—111.

www.malankaralibrary.com



## സന്യാസനിയമങ്ങൾ

2. ഇസ്ളമലയിൽ ഉള്ള ആശ്രമത്തിലെ സഹോദരരും പരദേശികളുമായ 3 സന്യാസികളുടെ അദ്ധ്യക്ഷനും വൈദികനും ശ്രേഷ്ഠനുമായ റമ്പാൻ മാർ ദാദീശോയുടെ കാലത്ത് എഴുതപ്പെട്ട കാനോനാകൾ. റമ്പാൻ മാർ അബ്രഹാം മരിച്ചശേഷം ദാദീശോയാണ് ഇസ്ളയുടെ ഭരണം കയ്യേററത്.

സ്നേഹനിധിയായ ഹൊർമിസ്ഡ് രാജാവിന്റെ വാഴ്ചയുടെ പത്താം വർഷം ജനുവരി മാസത്തിൽ4, രക്തസാക്ഷിയും വിശുദ്ധനും, നിബനിലെ മെത്രാനുമായ മാർ ശെമവോന്റെ ഭരണകാലത്ത്, ആശ്രമസ്ഥരായ സഹോദരങ്ങൾ എല്ലാവരും ഒന്നിച്ചുകൂടി. ഞങ്ങളുടെ ജീവിതാവസ്ഥയുടെ ക്രമീകരണത്തിനുവേണ്ടി കാലത്തിനു ചേരുന്ന രീതിയിൽ വേണ്ട കാര്യങ്ങൾ ചെയ്യണമെന്ന് ഞങ്ങൾ ഏകകണ്ഠമായി തീരുമാനിച്ചു. ഞങ്ങളെഴുതിയ ഈ കാനോനകൾ ഗ്രഹിക്കാൻ ഇടവരുന്നവരോട് ഞങ്ങൾക്കുള്ള അഭ്യർത്ഥന ഇതാണ്: ആധ്യാത്മിക പിതാക്കൻമാരിൽനിന്ന് ലഭിച്ചവയെ ഞങ്ങൾ നിന്ദിച്ചതുകൊണ്ടോ പിതാക്കൻമാരിൽനിന്ന് പുണ്യപൂർണ്ണതയ്ക്കായി എഴുതപ്പെട്ടവ മതിയാകാതെ വന്നതുകൊണ്ടോ അല്ല ഞങ്ങൾ ഇവ ക്രോഡീകരിച്ചത്. ഞങ്ങളുടെ കഴിവുകേടും ബലഹീനതയും ഞങ്ങൾ മനസ്സിലാക്കുന്നു. ശ്രേഷ്ഠരായ പിതാക്കൻമാരുടെ പുണ്യപൂർണ്ണതാപാതയിലൂടെ നടക്കുന്നതിന് ഞങ്ങൾ കഴിവില്ലാത്തവരും, ഏററം അവസാനത്തവരും എല്ലാ മനുഷ്യരിലും നികൃഷ്ടരുമാകുന്നു. ഞങ്ങളുടെ ജീവിതത്തിന്റെ സംരക്ഷണത്തിനും, ശിക്ഷണത്തിനും ഉതകുന്ന ഈ ചുരുങ്ങിയ വാക്കുകൾ വഴി, ഞങ്ങളുടെ നിസാരതയ്ക്ക് ചേർന്നവിധം കരുതലുള്ളവരായിരിക്കാൻ ഞങ്ങൾ തീരുമാനിച്ചു. പിതാക്കൻമാർ കല്പിച്ചതും ഞങ്ങൾ തീരുമാനിച്ചതുമായ കാനോനകൾ ഏകകണ്ഠമായി പാസാക്കപ്പെട്ടവയാണ്; അവ ഗ്രഹിക്കാൻ ഇടവരുന്നവരോടുള്ള അഭ്യർത്ഥന ഇതാണ്. വിചാരത്തിന്റെ ഗർവുകൊണ്ടോ, ക്രൂരതകൊണ്ടോ അല്ല ഇവയോട് ഞങ്ങൾ ശിക്ഷകളും സമൂഹത്തിൽനിന്നുള്ള പുറന്തള്ളലും പ്രായശ്ചിത്തവും കുററപ്പെടുത്തലും ഓരോന്നിനും ചേർന്ന മററ് കാര്യങ്ങളും ചേർത്തിട്ടുള്ളത്. ഞങ്ങൾതന്നെയും പാപികളും തെററിന്

3. 'അക്സനായെ'—സന്യാസികൾ സ്വയം 'പരദേശികൾ' എന്നു വിളിച്ചിരുന്നു: എബ്രാ. 11: 13.

4. പേർഷ്യൻ രാജാവ് ഹൊർമിസ്ദ് നാലാമന്റെ (579—590) വാഴ്ചയുടെ പത്താം വർഷം ദാദീശോ അധികാരമേററു.

www.malankaralibrary.com



വിധേയരുമാണെന്ന് ഏററുപറയുന്നു. ഞങ്ങളുടെ ജീവിതം ദൈവത്തിന് പ്രീതികരമായിരിക്കണം എന്നു ഞങ്ങൾ ആഗ്രഹിക്കുന്നു; ഈ ആധ്യാത്മിക തീർത്ഥാടനത്തിൽ ചേരുന്ന ഞങ്ങളുടെ സഹോദരൻമാരോടും ഇവയൊക്കെയും അനുവർത്തിക്കാൻ ഞങ്ങൾ ആവശ്യപ്പെടുന്നു.

ഏകാന്തവാസികളുടേതിൽനിന്ന് വ്യത്യസ്തമാണ് ദയറായക്കാരുടെ നിയമങ്ങൾ. സമൂഹത്തിൽ ജീവിക്കുന്നവൻ തെററിൽ വീഴുമ്പോൾ അത് എല്ലാവരെയും ബാധിക്കുന്നു; സമൂഹം മുഴുവനും കലക്കം ഉണ്ടാക്കുന്നു. നമ്മുടെ കർത്താവിന്റെ മുമ്പാകെ നാം വാഗ്ദാനം ചെയ്ത അനുതാപത്തിനു പകരം നാം തന്നെ അനേകർക്ക് ഇടർച്ചയ്ക്ക് കാരണവും നാശത്തിന് ഹേതുവുമായിതീരാൻ ഇടയുണ്ട്. ഇങ്ങനെ സംഭവിക്കാതിരിക്കാൻ എല്ലാവരുംകൂടി ഇപ്രകാരം തീരുമാനിക്കുന്നു: ഈ ജീവിതാവസ്ഥയ്ക്ക് പരിപൂർണ്ണമായി സമർപ്പിക്കാതെ അനേകർക്ക് ശല്യകാരണമാകുന്നവർ ഇത്തരം ലംഘനംവഴി സ്വയം നാശം സമ്പാദിക്കുന്നു. ശരിയായി പെരുമാറുന്നവർ തിരുത്തുമ്പോൾ, തിരുത്തലിനു വിധേയരാകാൻ ഇത്തരക്കാർ കൂട്ടാക്കുന്നില്ല. ഭാഗ്യവാനായ പൗലോസിന്റെ വാക്കനുസരിച്ച് ഞങ്ങൾ തീരുമാനിക്കുന്നു. 'പാപം ചെയ്യുന്നവരെ സകലരുടെയും മുമ്പാകെ തിരുത്തുക.[5]' 'നിങ്ങളുടെ ശരീരം മുഴുവൻ നരകത്തിൽ വീഴുന്നതിനേക്കാൾ അവയവങ്ങളിൽ ഒന്ന് നശിക്കുന്നത് നല്ലതാകുന്നു'[6] എന്ന നമ്മുടെ കർത്താവിന്റെ രാജകീയ കല്പന അനുസരിച്ചും ഞങ്ങൾ പ്രവർത്തിക്കുന്നു. അപ്രകാരമുള്ളവർ തിരുത്താൻ കൂട്ടാക്കാതിരുന്നാൽ സമൂഹത്തിൽനിന്ന് പൂർണ്ണമായി തള്ളപ്പെടണം എന്ന് ഈ വാക്കുകൾ അംഗീകരിച്ചുകൊണ്ട് ഞങ്ങൾ ഏകകണ്ഠമായി നിശ്ചയിക്കുന്നു. ഈ കാനോനാകൾ ക്രമീകരിക്കാൻ ദൈവസഹായത്തിൽ ഞങ്ങൾ ആരംഭിക്കുന്നു.

1. ബോധം ദുഷിച്ചവരും കത്തോലിക്കാസഭയുടെ വിശ്വാസത്തോട് യോജിക്കാത്തവരും, സത്യവിശ്വാസമുള്ള പിതാക്കൻമാരെ, പ്രത്യേകിച്ച് മാർ ദിയദോർ, മാർ തിയഡോർ, മാർ നെസ്തോറിയസ് എന്നിവരെ അംഗീകരിക്കാത്തവരും—പൗരസ്ത്യസഭ മുഴുവനും അവരുടെ പ്രബോധനങ്ങളിൽ നിന്നാണ് ശിഷ്യത്വവും മാമോദീസായും വളർച്ചയും പ്രാപിച്ചത്—അവരുടെ പ്രബോധനസമാഹാരം പരിത്യജിക്കയോ, അവരെ കുററപ്പെടുത്തുകയോ ചെയ്യുന്നവരും,[7]

5. 1തിമൊ. 5:20.
6. മത്താ. 5:29.
7. G. Chediath, *op. cit*, 97ff.

www.malankaralibrary.com



നമ്മുടെ ആദ്യപിതാക്കൻമാർ നന്നായി പരിശോധിക്കയും സ്വീകരിക്കുകയും ചെയ്ത സന്യാസപിതാക്കൻമാരെ നിന്ദിക്കയും അവരുടെ പ്രബോധനം പരിത്യജിക്കയും ചെയ്യുന്നവരും,—തങ്ങളുടെ ദുഷ്ടതമൂലം സമൂഹത്തിന് അന്യരായിരിക്കും. 2. പാഷണ്ഡർ, കൈനോട്ടക്കാർ ലക്ഷണം പറയുന്നവർ എന്നിവരുമായി ഇടപഴകുന്നവർ, തിരുത്തലിനും ലജ്ജയ്ക്കും വിധേയരാക്കപ്പെടുമ്പോഴും പിൻമാറാതിരുന്നാൽ സമൂഹത്തിന് അന്യരായിരിക്കും എന്ന് അറിഞ്ഞിരിക്കട്ടെ. 3. ആശ്രമത്തിന്നു ലഭിക്കുന്നവ സ്വന്തമാക്കാൻ ആശ്രമാധ്യക്ഷന് അധികാരമില്ല. അവന് വ്യക്തിപരമായി ലഭിച്ചവ മാത്രം സ്വന്തമാക്കാം. ആശ്രമത്തിന് ലഭിക്കുന്നതെല്ലാം കാര്യവിചാരകനെ ഏല്പിക്കണം; അയാൾ സമൂഹത്തിനുവേണ്ടി അത് കൈകാര്യം ചെയ്തുകൊള്ളും. 4. ഈഹീദായക്കാരുടെ പതിവും നിയമവുംപോലെ ഞായറാഴ്ചയും പെരുന്നാൾ ദിവസങ്ങളിലും ഭക്ഷണമുറിയിലെ വായന ഒരു 'മൗത്‌വാ' കഴിഞ്ഞ് മറ്റൊന്ന് തുടങ്ങുന്നതിന് മുൻപ് നിർത്തരുത്. രോഗംമൂലമോ, യാത്രാക്ലേശംമൂലമോ, മറ്റെന്തെങ്കിലും ശരിയായ കാരണത്താലോ അല്ലാതെ ജാഗരണശുശ്രൂഷയിൽ സംബന്ധിക്കാതിരിക്കയോ, വായിക്കാതിരിക്കയോ, അവ അവഗണിക്കുകയോ ചെയ്തിട്ട് പോയിക്കിടന്നുറങ്ങിയാൽ, ആശ്രമാധ്യക്ഷൻ അത്തരക്കാരെ ശാസിക്കണം. തിരുത്താൻ കൂട്ടാക്കാത്തവൻ സമൂഹത്തിന് അന്യനായിരിക്കും. 5. ആശ്രമത്തിൽ നിന്നിറങ്ങി ഗ്രാമങ്ങളിൽ ചുറ്റിക്കറങ്ങി നടക്കുന്നവരെ തിരികെ വരുമ്പോൾ രണ്ടു പ്രാവശ്യം മടികൂടാതെ സ്വീകരിക്കണം; മൂന്നാം പ്രാവശ്യംപോയി തിരികെ വന്നാൽ അവന്റെ സ്വീകരണം ശരിയായിരുന്നോ തെറ്റായിരുന്നോ എന്നതിനെക്കുറിച്ച് സമഗ്രമായി അന്വേഷിക്കണം. 6. ആശ്രമാദ്ധ്യക്ഷന്റെ അനുവാദം കൂടാതെആരും പട്ടണത്തിലേക്കോ മറ്റ് എവിടേക്കോ പോകാൻ പാടില്ല. അത് ലംഘിക്കുന്നവൻ മൂന്നു ഞായറാഴ്ചകൾ ചാക്കിലും ചാരത്തിലും നില്ക്കണം. 7. ആശ്രമത്തിൽ വരുന്ന സഹോദരൻമാരിൽ ഗ്രന്ഥങ്ങൾ വായിക്കാൻ അറിയാവുന്നവരെ മാത്രമേ സ്വീകരിക്കാവൂ.[8] 8. ആരും മററുള്ളവരുടെ മുറിയിൽ അധികസമയം ചെലവാക്കരുത്. 9. സഹോദരൻമാർ എല്ലാം സഹിക്കുന്നവരായിരിക്കണം. 10. ആശ്രമത്തിലെ എല്ലാ സഹോദരൻമാരും കായികാദ്ധ്വാനത്തിൽ തുല്യമായി ഏർപ്പെടണം; ഒരുത്തനും അലസനായിരിക്കരുത്. 11. ആശ്രമത്തിൽ പാർക്കാനെത്തുന്ന 'ശോഭയുള്ള'[9] സഹോദരനെ ഈ

8. പഠനത്തിനും ബൗദ്ധിക ജീവിതത്തിനും അവർ പ്രാധാന്യം കൊടുത്തിരുന്നു എന്ന് ഇതു വ്യക്തമാക്കുന്നു.
9. 'ആഹാ സംഗീ നുഹറാ': അർത്ഥം അവ്യക്തം.

www.malankaralibrary.com



സമൂഹത്തിൽ സ്വീകരിക്കരുത്. ഈ സ്ഥലം വളരെ പരുപരുത്തതാണല്ലോ!. 12. പിശാചിനാൽ പരീക്ഷിക്കപ്പെടുന്ന സഹോദരനെ പ്രാർത്ഥനയ്ക്കായി കുറെ ദിവസത്തേക്കല്ലാതെ ഇവിടെ സ്വീകരിക്കരുത്. 13. ആശ്രമത്തിലെത്തുന്ന സഹോദരരെ മൂന്നു വർഷം പരിശോധിക്കണം; അവർ നന്നായി പെരുമാറിയെങ്കിൽ, സ്വന്തമായി മുറികൾ നിർമ്മിക്കാൻ അവരെ അനുവദിക്കാം. മറിച്ചാണ് പെരുമാററമെങ്കിൽ, അവർക്ക് സമാധാനപൂർവ്വം പോകാവുന്നതാണ്. നന്നായി പെരുമാറിയവരാണെങ്കിൽ സമൂഹം മുഴുവൻ മൂന്നുദിവസം അവരെ സഹായിക്കണം; ഒഴിഞ്ഞ മുറികളുണ്ടെങ്കിൽ, അവർക്ക് കൊടുക്കാവുന്നതാണ്. ആശ്രമാദ്ധ്യക്ഷനല്ലാതെ മററാരും ആശീർവാദവും സമാധാനചുംബനവും കൊടുക്കാൻ പാടില്ല.10 15. രോഗം, ചെയ്തുതീർക്കാനുള്ള ചില ജോലികൾ, മുറി നിർമ്മാണം, മററ് ചില പര്യാകുലതകൾ എന്നീ കാരണങ്ങളാലല്ലാതെ, ഏകാന്തവാസികൾ ആശ്രമത്തിൽ അപ്പം ഉണ്ടാക്കാൻ പാടില്ല. 16. ആശ്രമത്തിലെ സഹോദരൻമാർ യാമപ്രാർത്ഥനകൾ മുടക്കരുത്. മുടക്കിയാൽ ആശ്രമത്തിലെ വിചാരിപ്പുകാരൻ അവരെ ശാസിക്കണം. 17. സമൂഹത്തിൽ കുട്ടികളെ പ്രവേശിപ്പിക്കരുത്. 18. ആരിൽനിന്നും പൊതുവായോ പ്രത്യേകമായോ നിക്ഷേപംവാങ്ങി സൂക്ഷിക്കരുത്, കാരണം ഇത് മൂലം പ്രലോഭനങ്ങളും ക്ലേശങ്ങളും ഉണ്ടാകുവാൻ ഇടയുണ്ട്. ഇത് ലംഘിക്കുന്നവർ സമൂഹത്തിന് അന്യനാണ് എന്ന് അറിഞ്ഞിരിക്കട്ടെ. 19. സമൂഹത്തിൽ ആരെയെങ്കിലും എന്തെങ്കിലും കാര്യം ചെയ്യാനോ, യാത്രയ്ക്കോ ഒരാളെ വിളിക്കയും, അവൻ വരാതിരിക്കയും ചെയ്താൽ, അവൻ സമൂഹത്തിന് അന്യനാണ് എന്ന് അറിഞ്ഞിരിക്കട്ടെ. 20. ആശ്രമത്തിലെ അഞ്ച് സഹോദരൻമാർ ആശ്രമം വിട്ട് പോകരുത്.11 ബിസിനസുള്ള മററുള്ളവർ സമൂഹം മുഴുവനോടും യോജിച്ച് പ്രവർത്തിക്കണം: ഉചിതമായി അവരോട് കല്പിക്കാൻ ആശ്രമത്തിലെ ചുമതലക്കാരന്, അധികാരമുണ്ട്. 21. ആശ്രമാദ്ധ്യക്ഷനെ കൂടാതെ വിചാരിപ്പുകാരൻ ഒന്നും പ്രവർത്തിക്കരുത്; സമൂഹത്തിൻെറ വസ്തുവകകൾ ഒന്നും തന്നെ അവൻ ആർക്കും കൊടുക്കാൻ പാടില്ല. 22. ആശ്രമാദ്ധ്യക്ഷൻ മാസത്തിലൊരിക്കലോ സമയമുള്ളപ്പോഴോ സഹോദരൻമാരെ അവരുടെ മുറികളിൽ പോയി സന്ദർശിക്കണം; സഹോദരൻമാർക്ക് ഒന്നിനും കുറവുണ്ടാകാതിരിക്കാനാണിത്; അദ്ദേഹം സന്നിഹിതനല്ലെങ്കിൽ, അടുത്ത

10. ആശ്രമാദ്ധ്യക്ഷനിൽ നിന്ന് സമാധാനചുംബനം ആരംഭിക്കണം.

11. അർത്ഥം അവ്യക്തം.

www.malankaralibrary.com



ച്ചുമതലക്കാരൻ സന്ദർശിക്കണം. 23. സഹോദരൻമാർക്കെല്ലാം തുല്യമായി ഭക്ഷണസാധനങ്ങൾ വിളമ്പണം. ആർക്കെങ്കിലും കുറെക്കൂടി ആവശ്യമുണ്ടെങ്കിൽ ആശ്രമാദ്ധ്യക്ഷൻ, അവനെ ആവശ്യക്കാരനായി ഉപേക്ഷിക്കാതെ, സഹോദരനെന്ന് പരിഗണിച്ച് അവന്റെ ആവശ്യം നിറവേററണം. 24. സമൂഹത്തിലൊരാൾ ഞങ്ങളെഴുതിയ ഈ നിയമങ്ങളിലൊന്ന് ലംഘിക്കുന്നതായി ആശ്രമാദ്ധ്യക്ഷൻ കാണുകയും, അവനെക്കുററപ്പെടുത്തുകയും, താക്കീത് ചെയ്യുകയും, തന്റെ അറിവിനനുസരിച്ചു സർവാത്മനാ തിരുത്തുകയും ചെയ്യാതിരുന്നാൽ, മിശിഹായുടെ ന്യായപീഠത്തിന്റെ മുമ്പിൽ അവൻ നമുക്കോരോരുത്തർക്കുംവേണ്ടി കണക്കു പറയേണ്ടിവരും എന്ന് അറിഞ്ഞിരിക്കട്ടെ. 25. സന്യാസികളുടെ സന്ധാരണത്തിനായി ദൈവകൃപകൊണ്ടുവരുന്നവകൊണ്ട് ചെയ്യേണ്ടവിധം: സമൂഹത്തിലെ സഹോദരൻമാരോട് ആലോചിക്കാതെ ആശ്രമാദ്ധ്യക്ഷൻ തന്നെ തീരുമാനം എടുക്കരുത്; നീണ്ട കാലഘട്ടത്തിനുവേണ്ടി ഒന്നും തന്നെ കൂട്ടിവയ്ക്കരുത്; മറിച്ച് 'നാളെയെക്കുറിച്ച് ആകുലരാകേണ്ട' എന്ന് നമ്മുടെ കർത്താവ് പറഞ്ഞതുപോലെ (മത്താ. 6:34) ഓരോ ദിവസവും ആവശ്യക്കാർക്കവ വിതരണം ചെയ്യണം. 26. സമൂഹത്തിലെ ഒരു സഹോദരൻ സമൂഹത്തിന് ശല്യമാകുകയോ, ഏതെങ്കിലും സഹോദരനെ കുററപ്പെടുത്തുകയോ, ആശ്രമത്തിലെ കാര്യങ്ങൾ അൽമായരോട് പറയുകയോ, കലഹിക്കുകയോ, ഉച്ചത്തിൽ സംസാരിക്കുകയോ, പിറുപിറുക്കുകയോ, തർക്കിക്കയോ, കള്ളസാക്ഷ്യം പറകയോ, അഹങ്കരിക്കയോ, മററൊരാളേക്കാൾ ഉന്നതനെന്ന് ഭാവിക്കയോ, ദുഷിച്ച മനസ്സുള്ളവരോടുകൂടി വ്യാപരിക്കയോ, എന്തെങ്കിലും കുററം ചെയ്തതായി വെളിപ്പെടുത്തപ്പെടുകയോ, നമ്മുടെ ജീവിതാവസ്ഥയ്ക്കു ചേരാത്ത എന്തിലെങ്കിലും ഉൾപ്പെടുകയോ ചെയ്താൽ—അവനെ ആശ്രമാദ്ധ്യക്ഷൻ മാത്രം കുററപ്പെടുത്തണം. പിന്നെ സമൂഹം മുഴുവൻേറയും മുമ്പാകെ അവനെ കുററപ്പെടുത്തണം. സഭയുടെ കാനോനാകൾക്കനുസൃതം സ്വയം തിരുത്താത്തവനോട് ആശ്രമാദ്ധ്യക്ഷൻ വിനയവും കരുണയും നിമിത്തം വീണ്ടും ക്ഷമിക്കുന്നത് ശരിയല്ല. സമൂഹം മുഴുവൻ ദുഷിക്കയും അപഹാസ്യവിധേയമാകുകയും ചെയ്യുന്നതിനെക്കാൾ ഒരവയവം നശിക്കുന്നതാണ് നല്ലത്. അത് ഇടർച്ചയ്ക്ക് ഹേതുവാകയും നാംമൂലം ദൈവനാമം ദുഷിക്കപ്പെടുകയും ചെയ്യും—അവനെ ഉടനെ ആശ്രമത്തിൽനിന്ന് പുറത്താക്കണം. 27. സഹോദരൻമാരിലാരെങ്കിലും രോഗിയാകുകയും ചികിൽസയ്ക്കായി പട്ടണത്തിൽ പോകാൻ വിസമ്മതിക്കുകയും ചെയ്താൽ, അയാളെ നിർബന്ധിക്കരുത്. ഓരോ ആഴ്ചയും ഓരോ സഹോദരനെ ശുശ്രൂഷകനായി നിയമിക്കണം. അവൻ അയാളെ ആവശ്യാനുസരണം ശുശ്രൂഷിക്കട്ടെ. രോഗനിവാരണാർത്ഥം ആവശ്യമുള്ള സംഗതികളെല്ലാം കുറവുകൂടാതെ

www.malankaralibrary.com



അയാറക്ക് ലഭിക്കട്ടെ. നമ്മുടെ സഹോദരങ്ങളെ സ്നേഹിക്കുന്നതു വഴി, പ്രത്യേകിച്ച് രോഗികളായവരെ കഴിവനുസരിച്ച് ശുശ്രൂഷിക്കുന്നതുവഴി നാം മിശിഹായുടെ യഥാർത്ഥ ശിഷ്യരാണെന്ന് അറിയപ്പെടും. 28. നമ്മുടെ കർത്താവിന്റെ കൃപയാൽ ഈ കാനോനാകറം എഴുതി പൂർത്തിയാക്കുന്നതിനും നമ്മുടെ ആദ്ധ്യാത്മിക പിതാക്കൻമാരുടെ രീതിയിൽ ജീവിതം ആരംഭിക്കുന്നതിനും നാം യോഗ്യരായി തീർന്നു. ആരംഭിക്കാൻ അവൻ നമ്മെ പ്രാപ്തരാക്കിയതുപോലെ, തന്റെ ഇഷ്ടാനുസരണം, തനിക്ക് പ്രസാദകരമായ രീതിയിൽ പ്രവർത്തിക്കുന്നതിന് കൃപ നൽകണമെ എന്ന് യാചിക്കയും അപേക്ഷിക്കുകയും ചെയ്യുന്നു. വലിയ ആശ്രമത്തിന്റെ കാനോനാകറം അവസാനിച്ചു.

## 5. മാർ ബാബായ്

### ആമുഖം

ബാബായ് റബാ (551—628) പേർഷ്യയിലെ ബേത്ഐനാതയിൽ ജനിച്ചു. നിസിബിസിൽ വിദ്യാഭ്യാസം പൂർത്തിയാക്കിയശേഷം ഈസ്ളായിൽ മാർഅബ്രഹാമിന്റെ ആശ്രമത്തിൽ ചേർന്നു. സ്വന്തം നാട്ടിൽ പോയി ഒരാശ്രമം സ്ഥാപിക്കുകയും, അതിനോടു് ബന്ധപ്പെടുത്തി ഒരു സ്ക്കൂറ കുറേനാറ നടത്തുകയും ചെയ്തു. 604—ൽ ഈസ്ളായിലെ ദാദീശോ മരിച്ചപ്പോറ ബാബായ് അതിന്റെ അധ്യക്ഷനായി. 608/9 മുതൽ 628 വരെ പേർഷ്യൻ സഭയിൽ കാതോലിക്കോസ് ഇല്ലാതിരുന്ന അവസരം ആശ്രമങ്ങറ സന്ദർശിക്കാനും ക്രമീകരണങ്ങറ വരുത്താനും കുറേ മെത്രാന്മാർ ചേർന്ന് ബാബായിയെ ചുമതലപ്പെടുത്തി; എൺപതിൽപരം കൃതികളുടെ കർത്താവാണ് ബാബായ്. ക്രിസ്തുശാസ്ത്ര സംബന്ധമായ കൃതിയാണ് ഏറ്റം വിശിഷ്ടം. നിരവധി ജീവചരിത്രങ്ങളും, സന്യാസ കൃതികളും, ഗീതങ്ങളും, അദ്ദേഹം രചിച്ചിട്ടുണ്ട്. സന്യാസ പിതാവായ എവാഗ്രിയസിന്റെ (346—399) 'കെഫാലയാ സ്നോസ്റ്റിക്കാ.' എന്ന കൃതിക്ക് ബാബായ് ഒരു ഭാഷ്യമെഴുതി. ആബാ മർക്കോസിന്റെ 'ആധ്യാത്മികനിയമങ്ങറ' എന്ന കൃതിക്കും ബാബായ് ഭാഷ്യമെഴുതി. യോഹന്നാൻ ഹസായാ (5-ാം നൂറ്റാണ്ട്) യുടെ 'ആധ്യാത്മിക ലേഖനങ്ങറക്ക്' വിവരണം തയാറാക്കി. നോവിസസിനുവേണ്ടി ഒരു കൃതി, സന്യാസജീവിതത്തെ സംബന്ധിച്ചുള്ള ഉപദേശം, സന്യാസികറക്കുവേണ്ടിയുള്ള നിയമം എന്നിവയാണ് അദ്ദേഹത്തിന്റെ അറിയപ്പെടുന്ന ആധ്യാത്മിക കൃതികറ.[1] സന്യാസികറക്കുവേണ്ടിയുള്ള നിയമങ്ങളാണ് ഇവിടെ വിവർ

1. cf. G. CHEDIATH, *op. cit.* p. 1ff.

www.malankaralibrary.com



ത്തനം ചെയ്തിരിക്കുന്നത്. അറബിവിവർത്തനത്തിലൂടെ മാത്രമേ ഇത് കൈവന്നിട്ടുള്ളു. കാനൻ 1-3 വരെയുള്ളതും നാലിന്റെ ആദ്യഭാഗവും നഷ്ടപ്പെട്ടിരിക്കയാണ്. കാനൻ 5-25 ലഭിച്ചിട്ടുണ്ട്.[2] ബാബായിയുടെ കാലത്ത് സന്യാസത്തിന്റെ മുഴുവൻ നേതൃത്വം ഇസ്ളാ ആശ്രമത്തിനുണ്ടായിരുന്നു, ദാദീശോ ഖത്രായാ (+690) ബാബായിയുടെ കാലത്തെ സന്യാസപരിശീലനത്തെപ്പറ്റി ഒരു വിവരണം നൽകുന്നു. ആന്തരികജീവിതത്തിനും ഏകാന്തതയ്ക്കും ബാബായ് വളരെയധികം പ്രാധാന്യം കൊടുത്തിരുന്നു എന്ന് ഖത്രായാ വെളിപ്പെടുത്തുന്നു.[3]

## സന്യാസനിയമങ്ങൾ

4. അതിന്റെ അർത്ഥം തിയഡോറിന്റെ പാരമ്പര്യത്തിലാണ് അല്ലാതെ ആലങ്കാരികാർത്ഥം നൽകുന്നവരുടെ പാരമ്പര്യത്തിലല്ല (കാണേണ്ടത്).[4] ഈ നാല് തത്വങ്ങളം അംഗീകരിക്കാത്തവൻ സ്വയം വിഡ്ഢിയാക്കുകയും വെള്ളത്തിൽ വരയ്ക്കുകയും ചെയ്യുന്നു.[5] ലൗകികോദ്ദേശത്തോടെ ഇതിനെ പിൻചെല്ലുന്നവൻ സ്വയം ക്ഷീണിതനാക്കുന്നു; സ്വർണ്ണക്കട്ടിലിൽ കിടക്കുന്ന രോഗിയെപ്പോലെയാണവൻ; അവന്റെ രോഗത്തിൽ അത് അവനെ സഹായിക്കയില്ലല്ലോ. ഇതനുവർത്തിക്കാത്തവൻ കാനനു് വിധേയനാണ്. 5 ശനിയാഴ്ചയിലെ നിശാജാഗരണം:[6] ആറുദിവസവും സാധാരണ ശുശ്രൂഷകളായിരിക്കും. ഞായറാഴ്ച പുലരുമ്പോഴേ, അതിന്റെ ബഹുമാനാർത്ഥം സഹോദരൻമാർ ഒന്നിച്ചുകൂടണം: കാരണം അത് നമ്മുടെ കർത്താവിന്റെ കഷ്ടപ്പാടിന്റെയും മരണത്തിന്റെയും ഉയിർപ്പിന്റെയും അനുസ്മരണാദിവസമാണ്. അതിന്റെതലേരാത്രി സന്ധ്യമുതൽ പുലർച്ചവരെ ഗീതങ്ങളാലും സങ്കീർത്തനങ്ങളാലും

2. *Ibid.* p. 55-56.
3. *Ibid.* p. 23-24.
4. മൊപ്സുവെസ്തിയായിലെ തിയഡോറിന്റെ (+428) ഭാഷ്യരീതികൾ അംഗീകരിച്ചുകൊണ്ടുള്ള ഒരു നിയമമാണിത്. ശനിയാഴ്ച രാത്രിയിലെ ജാഗരണാവസരം ഈസ്ളായിൽ തിയഡോറിന്റെ കൃതികൾ വായിച്ചിരുന്നു എന്ന് ദാദീശോ ഖത്രായാ രേഖപ്പെടുത്തിയിരിക്കുന്നു (*Ibid*). 'ആലങ്കാരികാർത്ഥം' നൽകിയത് ഒരിജന്റെ പിൻതുടർച്ചക്കാരാണ്.
5. 'ആട്ടുകല്ലിൽ വെള്ളം ആട്ടുകയും' എന്ന് പദാർത്ഥം.
6. ഈസ്ളായിൽ ബാബായിയുടെ കാലത്ത് ഉണ്ടായിരുന്ന 'ശനിയാഴ്ചയിലെ നിശാജാഗരണവും ഏകാന്തതയും' പാലസ്റ്റൈനിൽ മാർ സാബാസിന്റെ (439-532) നേതൃത്വത്തിൽ ഉണ്ടായിരുന്ന 'ലൗറ'യിലേതുമായി സാമ്യമുണ്ട്.

www.malankaralibrary.com



ജാഗരണം നടത്തണം. വ്യർത്ഥവാക്കുകളിൽനിന്നും ദുശ്ചിന്തകളിൽനിന്നും അകന്നിരിക്കണം; സഹോദരനെതിരായി ഒരുത്തനും മനസിൽ വൈരാഗ്യം വച്ചുകൊണ്ടിരിക്കയുമരുത്. വിശുദ്ധ കുർബാന സമുചിതം സ്വീകരിക്കാൻ എല്ലാവിധ അശുദ്ധിയിൽനിന്നും ആത്മാവിനെ നിർമ്മലമാക്കട്ടെ. 6. ഭക്ഷണമുറിയിലെ തുടർച്ചയായ വായന: ഭക്ഷണമുറിയിൽ നിരന്തരമായ വായന ഉണ്ടായിരിക്കട്ടെ. അവിടെ സംഭാഷണം പാടില്ല. കൈകൾ ശാരീരികാവശ്യം നിറവേററുമ്പോൾ, ശ്രവണേന്ദ്രിയംവഴി ആത്മാവ് ദൈവവചനം ശ്രവിക്കയും ദൈവത്തിന് നന്ദി പറയുകയും ചെയ്യട്ടെ. 7. സന്യാസി മൂന്നു വർഷം ആശ്രമത്തിൽ ശുശ്രൂഷിക്കണം. പിന്നീട് തനിക്കായി ഒരു മുറിയുണ്ടാക്കുവാൻ,7 ആശ്രമത്തിലെ പൊതു

7. സെൽ: പാലസ്റൈറൻ 'ലൗറ'യിലെ രീതിയായിരുന്നു ഇസ്ളയിലും.' ലൗറ'യ്ക്ക് 'തെരുവ്' എന്ന് പദാർത്ഥം. ഒരു പൊതു അദ്ധ്യക്ഷന്റെ കീഴിൽ വ്യത്യാസ്ത 'കൂര'കളിൽ താമസിക്കുന്ന ഏകാന്തവാസികളുടെ ഒരു കോളനി. ഏകാന്തവാസികൾക്കും കൂട്ടജീവിതക്കാർക്കും ഇടയ്ക്കുള്ള ഒന്നാണ് ലൗറ. പരസ്യാരാധനയ്ക്ക് ഏകാന്തവാസികൾ ഒന്നിച്ചുവരും; എന്നാൽ മററ് മിക്ക അവസരങ്ങളിലും ഒററയ്ക്കൊററയ്ക്ക് ജീവിക്കും. നാലാം നൂററാണ്ടിൽ പാലസ്റൈറനിലാണ് ഇതു തുടങ്ങിയത്. വി. എവുത്തീമിയുസ് (+473), ശിഷ്യനായ വി. സാബാസ് (+532) എന്നിവരുടെ കാലത്ത് ഈ രീതി വളരെ പുഷ്ടി പ്രാപിച്ചിരുന്നു.

ഇസ്ളയിൽ ഒരു പ്രധാനാശ്രമവും, അതിന്റെ ചുററിനും സന്യാസികൾക്കുള്ള ചെറിയ 'കൂര'കളും ഉണ്ടായിരുന്നു. അവർ 'ഏറെക്കുറെ' കൂട്ടജീവിതം നയിച്ചിരുന്നു. അതിനും പുറത്തുള്ള സർക്കിളിൽ തികച്ചും 'ഏകാന്തവാസികളായ' സന്യാസികൾ പ്രത്യേകം പ്രത്യേകം 'കൂര'കളിൽ വസിച്ചിരുന്നു.

www.malankaralibrary.com



ജാഗരണം നടത്തണം. വ്യർത്ഥവാക്കുകളിൽനിന്നും ദുശ്ചിന്തകളിൽനിന്നും അകന്നിരിക്കണം; സഹോദരനെതിരായി ഒരുത്തനും മനസിൽ വൈരാഗ്യം വച്ചുകൊണ്ടിരിക്കയുമരുത്. വിശുദ്ധ കുർബാന സമുചിതം സ്വീകരിക്കാൻ എല്ലാവിധ അശുദ്ധിയിൽനിന്നും ആത്മാവിനെ നിർമ്മലമാക്കട്ടെ. 6. ഭക്ഷണമുറിയിലെ തുടർച്ചയായ വായന: ഭക്ഷണമുറിയിൽ നിരന്തരമായ വായന ഉണ്ടായിരിക്കട്ടെ. അവിടെ സംഭാഷണം പാടില്ല. കൈകൾ ശാരീരികാവശ്യം നിറവേററുമ്പോൾ, ശ്രവണേന്ദ്രിയംവഴി ആത്മാവ് ദൈവവചനം ശ്രവിക്കയും ദൈവത്തിന് നന്ദി പറയുകയും ചെയ്യട്ടെ. 7. സന്യാസി മൂന്നു വർഷം ആശ്രമത്തിൽ ശുശ്രൂഷിക്കണം. പിന്നീട് തനിക്കായി ഒരു മുറിയുണ്ടാക്കുവാൻ,7 ആശ്രമത്തിലെ പൊതു

7. സെൽ: പാലസ്റൈറൻ 'ലൗറ'യിലെ രീതിയായിരുന്നു ഇസ്ളയിലും.' ലൗറ'യ്ക്ക് 'തെരുവ്' എന്ന് പദാർത്ഥം. ഒരു പൊതു അദ്ധ്യക്ഷന്റെ കീഴിൽ വ്യത്യാസ്ത 'കൂര'കളിൽ താമസിക്കുന്ന ഏകാന്തവാസികളുടെ ഒരു കോളനി. ഏകാന്തവാസികൾക്കും കൂട്ടജീവിതക്കാർക്കും ഇടയ്ക്കുള്ള ഒന്നാണ് ലൗറ. പരസ്യാരാധനയ്ക്ക് ഏകാന്തവാസികൾ ഒന്നിച്ചുവരും; എന്നാൽ മററ് മിക്ക അവസരങ്ങളിലും ഒററയ്ക്കൊററയ്ക്ക് ജീവിക്കും. നാലാം നൂററാണ്ടിൽ പാലസ്റൈറനിലാണ് ഇതു തുടങ്ങിയത്. വി. എവുത്തീമിയൂസ് (+473), ശിഷ്യനായ വി. സാബാസ് (+532) എന്നിവരുടെ കാലത്ത് ഈ രീതി വളരെ പുഷ്ടി പ്രാപിച്ചിരുന്നു.

ഇസ്ളയിൽ ഒരു പ്രധാനാശ്രമവും, അതിന്റെ ചുററിനും സന്യാസികൾക്കുള്ള ചെറിയ 'കൂര'കളും ഉണ്ടായിരുന്നു. അവർ 'ഏറെക്കുറെ' കൂട്ടജീവിതം നയിച്ചിരുന്നു. അതിനും പുറത്തുള്ള സർക്കിളിൽ തികച്ചും 'ഏകാന്തവാസികളായ' സന്യാസികൾ പ്രത്യേകം പ്രത്യേകം 'കൂര'കളിൽ വസിച്ചിരുന്നു.

www.malankaralibrary.com



ഫണ്ടിൽനിന്ന് അഞ്ച് വെള്ളിനാണയങ്ങൾ8 സ്വീകരിക്കാം. ജോലിയുടെ മൂന്നാം ഘട്ടത്തിൽ സഹോദരൻമാരെല്ലാം അവനെ സഹായിക്കണം; ആശ്രമത്തിൽ ഒരൊഴിഞ്ഞ മുറിയുണ്ടെങ്കിൽ, കുറെ വർഷങ്ങൾകൂടി ശുശ്രൂഷിച്ചിട്ട് അവനെ എടുക്കാം. അവൻ ആരോഗ്യമുള്ളവനാണെങ്കിൽ, കൂടുതൽ വർഷം ശുശ്രൂഷിക്കണം. 8. തന്റെ ഇഷ്ടാനുസരണം വ്യാപരിക്കാൻ സന്യാസിക്ക് അനുവാദമില്ല. മറിച്ച് ആശ്രമാധ്യക്ഷൻ ആഗ്രഹിക്കുന്നതുപോലെയേ...9 ഒരു വിശ്വാസിയുടെ ഭവനത്തിലേക്ക് അവൻ അയയ്ക്കപ്പെട്ടാൽ, അകത്തു പ്രവേശിക്കാതെ, വാതിൽക്കൽതന്നെ നിൽക്കണം. 9. സന്യാസി അൽമായരുടെ ഇടയിൽ പാർക്കരുത്. 10. സന്യാസി എല്ലാ കാര്യങ്ങളിലും ശിക്ഷണമുള്ളവനായിരിക്കണം. ബിസിനസ് കാര്യങ്ങൾക്കായി പോകുന്ന സന്യാസി മൂന്നു ദിവസത്തിൽ കൂടുതൽ പുറത്ത് താമസിക്കരുത്; തദവസരം വീഞ്ഞ് കുടിക്കാനും പാടില്ല. 11. അത്യാവശ്യ കാര്യത്തിനായാലും സന്യാസി തന്റെ വീട്ടിൽപോകാൻ പാടില്ല; ഏതു സാഹചര്യമായാലും തന്റെ വീട്ടിലുള്ളവരോട് — സഹോദരൻ, സഹോദരി, അമ്മാവി എന്നിവർ മൂലമായാലും — സംസാരിക്കാൻ പാടില്ല; സമ്മാനം കിട്ടിയ വസ്ത്രം ധരിച്ചുകൊണ്ട് നടക്കരുത്; ഒരുത്തനും സ്ത്രീകളുടെ വസ്ത്രം ധരിക്കാൻ പാടില്ല. കാരണം, പിശാച് വീട്ടുകാരിലൂടെ ഒളിച്ച് സൂത്രത്തിൽ സന്യാസിയിൽ പ്രവേശിക്കുകയും വസ്ത്രങ്ങളും കാഴ്ചകളും വഴി അവനെ മരണത്തിലേക്ക് നയിക്കുകയും ചെയ്യുന്നു.

12. അത്യാവശ്യം പ്രമാണിച്ച് ആശ്രമത്തിന് പുറത്ത് പോകേണ്ടിവരുമ്പോൾ ദൈവഭയത്തിലും ഭക്തിയിലും പോകണം; അവശ്യാവശ്യത്തിനേ പുറത്തുപോകാവൂ. അവൻ പട്ടണത്തിലും ഗ്രാമത്തിലും കാണപ്പെടരുത്. അവിടെ പോകേണ്ടി വന്നാൽ തനിക്കും മററുള്ളവർക്കും നാശത്തിന് ഹേതുവാകാതിരിപ്പാൻ തലയും കണ്ണും താഴ്ത്തി നടക്കണം.

13. കാരണം കൂടാതെ ആണ്ടിൽ ഒന്നോ രണ്ടോ പ്രാവശ്യം തന്റെ മുറിയിൽ നിന്ന് ദൂരെ പോകുന്ന സന്യാസിയെ ശിക്ഷ കൂടാതെ, സ്വീകരിക്കരുത്. ആശ്രമത്തിൽ മൂന്നുവർഷം പൂർത്തിയാകുന്നതിനു മുൻപാണ് അവൻ പോയതെങ്കിൽ, ശിക്ഷകൊടുത്തിട്ടേ അവനെ സ്വീകരിക്കാവൂ. 14. ആശ്രമത്തിൽനിന്ന് വായ്പ വാങ്ങുന്ന സാധനങ്ങൾ വില്ക്കാനോ ആർക്കെങ്കിലും കൊടുക്കാനോ

8. 'five asters in silver': ഒരു നിശ്ചിത തുക.
9. ഇവിടെ എന്തോ വിട്ടുപോയിട്ടുണ്ട്.

www.malankaralibrary.com



പാടില്ല; അവന് അത് ശരിയായി ഉപയോഗിക്കാം. ആതുപോലെ വസ്ത്രങ്ങളും ഉപയോഗിക്കയും പൊതുവിലേക്ക് തിരികെ കൊടുക്കുകയും ചെയ്യണം. ഒരു കാരണവശാലും ഇത് അപരിചിതർക്ക് കൊടുക്കരുത്. 15. അത്യാവശ്യമുണ്ടെങ്കിലേ മററുള്ളവരുടെ മുറികളിൽ കയറാവൂ. അത്യാവശ്യമുണ്ടെങ്കിലേ സ്വന്തം മുറിയിൽനിന്ന് പുറത്തു കടക്കാവൂ. പുററിക്കറങ്ങിനടന്ന് സഹോദരൻമാരുടെ സേവനത്തിന് തടസം വരുത്തുകയോ, കൂടെക്കൂടെ ആശ്രമത്തിൽ കയറുകയും ഇറങ്ങുകയും ചെയ്യുകയോ അരുത്.

16. സന്യാസികൾ അൽമായരോട് ചേർന്നു മററുള്ളവരുടെ കുററം പറയുകയോ, തങ്ങൾക്കാവശ്യമില്ലാത്ത സംഗതികൾ ശ്രദ്ധിക്കയോ വ്യർത്ഥലോകത്തിൻെറ വിവരങ്ങൾ തിരക്കുകയോ ചെയ്യരുത്. 17. ആശ്രമാധ്യക്ഷൻെറ മുൻപാകെയോ മററുള്ളവരുടെ മുൻപാകെയോ ഒരാളും മററൊരാളെ കുററപ്പെടുത്തരുത്. മററുള്ളവരുടെ ജീവിതരീതിയെപ്പററി ആരും അന്വേഷിക്കുകയും വേണ്ട. മരിക്കുന്നതുവരെ സ്വന്തം പ്രവൃത്തികളെക്കുറിച്ച് ഓരോരുത്തരും പരിശോധിക്കുന്നതാണ് ഉത്തമം. ദൈവമാണ് വിധിദിവസം ദൈവിക വ്യാപാരങ്ങൾ വെളിപ്പെടുത്തുകയും പ്രതിഫലം നൽകുകയും ചെയ്യുന്നവൻ. ഇത് മറക്കുന്നവൻ സമൂഹത്തിന് പുറത്തായിരിക്കും.[10]

---

10. ഈ കാനന് ഒരു പശ്ചാത്തലമുണ്ട്: നിസിബിസ് മെത്രാൻ ബർസൗമയുടെ കാലം മുതൽ (415/20—492/5) പേർഷ്യയിലെ സന്യാസികളും കന്യാസ്ത്രീകളും വിവാഹം കഴിക്കാൻ അനുവദിക്കപ്പെട്ടിരുന്നു. 485 ലെ സെലൂഷ്യാസിനഡിൽ നിയമവുംപാസാക്കി (*BO III*. 2. p. 178. 872); 499 ലെ സിനഡനുസരിച്ച് മെത്രാൻമാർക്കും കാതോലിക്കോസിനും വിവാഹം കഴിക്കാമായിരുന്നു (*BO. III*. 1. p.430). കശ്കാറിലെ അബ്രഹാമും മററ് ആധ്യാത്മിക നേതാക്കൻമാരും ഈ രീതി മാററാൻ നന്നേ പരിശ്രമിക്കയും, കുറെയൊക്കെ വിജയിക്കയും ചെയ്തു. ചില തീക്ഷ്ണരുടെ പ്രേരണയാൽ ബാബായ്, ' സ്ത്രീകളെ കൂടെ താമസിപ്പിക്കുന്നു എന്ന് സംശയിക്കപ്പെട്ട ചില ഏകാന്തവാസികളുടെ വീടുകൾ തീ വയ്ക്കുകയും അവരെ അവിടെ നിന്ന് അടിച്ചിറക്കിവിടുകയും ചെയ്തു. വൈവാഹിക സന്യാസവുമായി ബന്ധമില്ലാതിരുന്ന ചിലരും പുറത്താക്കപ്പെട്ടു. അതിൽ പ്രതിഷേധിച്ച് നിരവധി സന്യാസികൾ ഇസ്ള വിട്ട് പോകുകയും പുതിയ ആശ്രമങ്ങൾ തുടങ്ങുകയും ചെയ്തു. ഇപ്രകാരം സ്ഥാപിതമായ ഒരാശ്രമമാണ് മാർ യാക്കോബ് സ്ഥാപിച്ച ബേത്—ആബേ. ഏലീയ എന്ന ഒരു അറേബ്യൻ സന്യാസിയാണ്

www.malankaralibrary.com



18. ഒരു സന്യാസിയും മറെറാരു സന്യാസിയുടെ മുറിയിലോ, ആശ്രമത്തിലെത്തുന്ന അപരിചിതനായ സന്യാസിയുടെ മുറിയിലോ താമസിക്കാൻ പാടില്ല. അതുപോലെ ദരിദ്രൻെറയോ സ്വന്തം സഹോദരൻെറയോ, ബന്ധുവിൻെറയോ, മുറിയിലും പാർക്കരുത്; സന്യാസി ആശ്രമത്തിലത്രേ പാർക്കേണ്ടത്. 19. പുതിയൊരാളെ ആശ്രമത്തിലേക്ക് സ്വീകരിക്കുമ്പോൾ കുർബാനയ്ക്ക് മുൻപോ, അതിനുശേഷമോ അയാൾക്ക് 'ടോൺഷർ' കൊടുക്കണം. തദനന്തരം സന്യാസികൾക്കെല്ലാം അവൻ സമ്മാനദാനം ചെയ്യേണ്ട ആവശ്യമില്ല. അവൻ അതിന് സന്നദ്ധനാണെങ്കിലും ആരും അത് അവനിൽ നിന്ന് സ്വീകരിക്കേണ്ട.

20. വലിയ ജാഗരണത്തിന് എല്ലാവരും ഒന്നിച്ചുകൂടണം. ഇടദിവസങ്ങളിലെ ജാഗരണം മരിച്ചവരെ പ്രതിയും, മുറികളുടെ കൂദാശയ്ക്കും മാത്രമേ നടത്താവൂ. മററ് ജാഗരണങ്ങളിൽ ആശ്രമം മുഴുവൻ പങ്കെടുക്കണം. സഹോദരൻമാരെല്ലാം കുർബാനയിൽ സംബന്ധിക്കണം എന്ന് അവരെ അറിയിക്കണം. 21. ഞായറാഴ്ചയും മററ് ദിവസങ്ങളിലും കുർബാനയ്ക്കുശേഷം പൊതുഭക്ഷണം ആവശ്യമില്ല. അതിനായി പ്രത്യേകം സജ്ജീകരണം ചെയ്യേണ്ടതില്ല. ആശ്രമ വിചാരിപ്പുകാരൻ അതിൽ ശ്രദ്ധിക്കേണ്ടതില്ല. എന്നാൽ പെരുന്നാൾ ദിവസങ്ങളിൽ അതാവശ്യമാണ്; മററ് അവസരങ്ങളിൽ ഓരോരുത്തരുടേയും ആവശ്യാനുസരണം വിചാരിപ്പുകാരൻ വിതരണം ചെയ്താൽ മതി.

22. അത്യാവശ്യം പ്രമാണിച്ചല്ലാതെ ആരും സഹസന്യാസികളെ ജോലിയിൽനിന്ന് പിന്തിരിപ്പിക്കരുത്. ആരും ഉപവാസം ലംഘിക്കുകയോ ആധ്യാത്മിക കാര്യങ്ങൾക്ക്പകരം ലൗകികകാര്യങ്ങളിൽ വ്യാപരിക്കുകയോ ചെയ്യരുത്—മുറിക്കകത്തെ കാര്യങ്ങളാണിവ. മുറിക്കകത്തുവച്ച് കർത്തവ്യങ്ങൾ നിറവേററപ്പെടട്ടെ.

23. രോഗമോ, യാത്രയോ, മറെറന്തെങ്കിലും മതിയായ കാരണമോ ഉണ്ടെങ്കിലേ പൊതുഭക്ഷണത്തിൽനിന്ന് അകന്നിരിക്കാവൂ.

24. എല്ലാവർക്കും ലഭിക്കുന്നതിൽ കൂടുതൽ ഒരുവനും ആവശ്യപ്പെടരുത്. അത് കാര്യവിചാരിപ്പുകാരനും മററ് സഹോദരങ്ങൾക്കും വിഷമമായിരിക്കും. 25. ആശ്രമത്തിലെ 'ചെറിയ' ജോലികൾ11 ചെയ്യുന്നവർ പൊതുവായ ജോലി ചെയ്യേണ്ട അവസരം

---

ബാബായിയുടെ പക്കൽ മററുള്ളവരെപ്പററി ഇപ്രകാരം ആരോപണം ഉന്നയിച്ചത്. (cf. Chediath, *op. cit.* p. 20-22). ഭാവിയിൽ ഇപ്രകാരമൊന്നും സംഭവിക്കാതിരിപ്പാനാണ് 17—ാം കാനൻ.

11. അർത്ഥം വ്യക്തമല്ല.

www.malankaralibrary.com



തൻെറയോ മററാരാളുടെയോ വ്യക്തിപരമായ ജോലി ചെയ്യരുത്; കാരണം, ആ സമയം സമൂഹത്തിൻെറ സേവനത്തിനുവേണ്ടി ഉള്ളതാണ്; പൊതുവിനുവേണ്ടിയല്ലാതെ തനിക്കോ, മററുള്ളവർക്കോ വേണ്ടി വ്യക്തിപരമായി ആരും കത്തെഴുതാൻ പാടില്ല. എന്തെങ്കിലും ചെയ്യണമെങ്കിൽ ആശ്രമത്തിലെ കാര്യവിചാരകൻെറ അനുവാദത്തോടുകൂടിയേ ചെയ്യാവൂ. ഇതിനെതിരെ പ്രവർത്തിക്കുന്നവർ കാനന് വിധേയരാകുന്നു. അവരെ ശാസിച്ചപ്പോരം നല്ലഫലം ഉണ്ടായെങ്കിൽ, രണ്ടുദിവസം ചാക്കിലും ചാരത്തിലും നില്ക്കട്ടെ; ശാസനകേട്ട് സദ്ഫലം പുറപ്പെടുവിച്ചില്ലെങ്കിൽ അവരെ പുറന്തള്ളണം. ഇതാണ് മാർ ബാബായിയുടെ അവസാനത്തെ കാനോന.

## 6. പാശ്ചാത്യ സുറിയാനി സഭയിലെ ചില സന്യാസനിയമങ്ങൾ

മാർ ഫീലൊക്സീനോസ് (+ 523), മാർ യോഹന്നാൻ (+538) മാർ യാക്കോബ് (+ 724), മാർ ജോർജ് (+724) മാർ കുറിയാക്കോസ് (+ 817) എന്നിവർ സന്യാസികരംക്കായി തയാറാക്കിയ ചില നിയമങ്ങളാണ് ഈ അധ്യായത്തിലുള്ളത്.

### എ) മാർ ഫീലൊക്സീനോസിൻെറ നിയമങ്ങൾ

ആമുഖം

യാക്കോബായ സുറിയാനി സഭയുടെ ഒരു വലിയ നേതാവായിരുന്നു മാബുഗിലെ മാർ ഫീലൊക്സീനോസ്. പേർഷ്യയിൽ ബേത്ഗർമായ് പ്രവിശ്യയിലെ തഹാലിൽ ജനിച്ച ഫീലൊക്സീനോസ് പ്രാഥമിക വിദ്യാഭ്യാസാനന്തരം 'തുർ—അബ്ദീൻ' എന്നസ്ഥലത്തുള്ള ആശ്രമത്തിൽ ചേർന്നു. വലിയൊരു സുറിയാനി പണ്ഡിതനായിരുന്ന അദ്ദേഹം എഡേസ്സയിലെ വിദ്യാപാഠശാലയിൽ പഠിച്ചു. പഠിക്കുമ്പോഴേ യാക്കോബായ ചായ്വ് കാട്ടിത്തുടങ്ങി. കർത്താമീൻ, തെൽ-ആദാ എന്നീ ആശ്രമങ്ങളിലെ സ്കൂകളിൽ ഇദ്ദേഹം പഠിപ്പിച്ചിട്ടുണ്ട്. 495—ൽ മാബുഗിൻെറ ചുമതല ഏറെറടുത്ത ഫീലൊക്സീനോസ് യാക്കോബായാവിശ്വാസം പ്രചരിപ്പിക്കാൻ പരിശ്രമിച്ചു. അതിനുവേണ്ടി നിരവധി ക്ളേശങ്ങരം സഹിക്കുകയും ചെയ്തു. 519—ൽ അദ്ദേഹം നാടുകടത്തപ്പെട്ടു; 523-ൽ പഫ്ലഗോണിയായിലെ ഗാംഗ്റയിൽ വച്ച് വളരെ നിഷ്ഠൂരമായി അദ്ദേഹം കൊല്ലപ്പെട്ടു. ഫീലൊക്സീനോസ് അമീദിലുള്ള സന്യാസികരംക്കയച്ച കത്തിൽനിന്ന് ക്രോഡീകരിക്കപ്പെട്ടവയാണ് ഈ നിയമങ്ങരം.

www.malankaralibrary.com



## നിയമങ്ങൾ

തീക്ഷ്ണത സംബന്ധിച്ച്: ഫീലൊക്സീനോസ് സന്യാസി കാംക്ഷയച്ച കത്തിൽനിന്ന്: അവൻ ഇപ്രകാരം പറയുന്നു. 1. സമ്മാനത്തെ പ്രതി തീക്ഷ്ണത കുറയ്ക്കുന്ന സന്യാസി ഒററുകാരനായ യൂദായുടെ പങ്കാളിയാണ്; അവൻ പണത്തിന് മിശിഹായെ വിററു; ഇവൻ ഒരുപിടി ബാർളിക്കും രണ്ടപ്പത്തിനും അവനെ വില്ക്കുന്നു; അവൻ ഒരിക്കൽ മിശിഹായെ വിററു: ഇവൻ നിത്യവും അവനെ വില്ക്കുന്നു. 2. മനുഷ്യരുടെ പ്രീതി തേടുന്ന സന്യാസി ദൈവത്തെ അറിയുന്നില്ല. 3. അധികാരികളെ ഭയന്ന് തീക്ഷ്ണത കുറഞ്ഞുപോകുന്ന സന്യാസി മിശിഹായെപ്പററി ബോധവാനല്ല. 4. ഒരു 'മുഖാവരണം' വഴി എല്ലാവർക്കും എല്ലാമാകാൻ ശ്രമിക്കുന്ന സന്യാസി പിശാചിൻെറ സാദൃശ്യം ധരിക്കുന്നു. 5. ചാക്കുവസ്ത്രം ധരിക്കയും എന്നാൽ വിശ്വാസം വെളിപ്പെടുത്താതിരിക്കയും ചെയ്യുന്ന സന്യാസിക്ക് തൻെറ വസ്ത്രത്തിൽ ഗെഹസിയുടെ കുഷ്ഠം ഉണ്ട്.[1] 6. കൃപയുടെ സന്ദർശനം ഉണ്ടായപ്പോൾ വിശ്വാസം സംബന്ധിച്ച് മൗനിയായിരുന്ന സന്യാസിയുടെ അധരം അന്ത്യനാളിൽ 'ലഗിയോൻേറതുപോലെ' അടയ്ക്കപ്പെട്ടിരിക്കും. 7. 'നവയൂദൻമാരുടെ'[2] സുഹൃത്തായ സന്യാസി യൂദൻമാരോടൊപ്പം ദൈവത്തെ ക്രൂശിക്കുന്നു. 8. യുദ്ധസന്നദ്ധനാകേണ്ട അവസരം ശുശ്രൂഷയുടെ സമാധാനത്തിൻെറ പേരിൽ മൗനമായിരിക്കുന്ന സന്യാസി സാത്താൻെറ ദാസനാകുന്നു

## ബി) മാർ യോഹന്നാൻെറ സന്യാസനിയമങ്ങൾ[3]

ആമുഖം

കല്ലിനിക്കസിലാണ് യോഹന്നാൻ ജനിച്ചത്. ആശ്രമജീവിതത്താൽ ആകൃഷ്ടനായ അദ്ദേഹം സൈന്യസേവനം ഉപേക്ഷിച്ച്, സന്യാസിയായി. 519—ൽ തെല്ലാദ്മൗസെലാത്തിൻെറ മെത്രാനായി. എഡേസ്സയ്ക്കും മർദീനും ഇടയ്ക്കാണിസ്ഥലം. 521—ൽ മററു യാക്കോബായാ മെത്രാൻമാരോടുകൂടെ യോഹന്നാനും രൂപതയിൽ

1. 2 രാജാ. 5: 27
2. യാക്കോബായക്കാരുടെ എതിരാളികളെ കുറിക്കാൻ ഫീലൊക്സീനോസ് ഉപയോഗിക്കുന്ന പദം.
3. മാർ യോഹന്നാൻ ബർ ഖുർസോസ് എന്ന് പൂർണ്ണനാമം; തെല്ലായിലെ മാർ യോഹന്നാനെന്നും പേരുണ്ട്.

www.malankaralibrary.com



നിന്ന് പുറന്തള്ളപ്പെട്ടു. പേർഷ്യയിലെ ശിംഗാർ മലകളിൽ അഭയം തേടിയ യോഹന്നാനെ അറസ്റ്റുചെയ്ത് നിസിബിസിലേക്ക് കൊണ്ടുവരികയും അന്ത്യോക്യയിലേക്ക് അയയ്ക്കുകയും ചെയ്തു. 538—ൽ അവിടെ വച്ച് തന്റെ ജീവൻ ഹോമിച്ചു. ആശ്രമജീവിത വളർച്ചയ്ക്ക് പര്യാപ്തമായി അദ്ദേഹം നൽകിയ നിയമങ്ങളാണ് താഴെ കൊടുത്തിരിക്കുന്നത് (a). മാർ സക്കായിയുടെ ആശ്രമത്തിനുവേണ്ടി കൊടുക്കപ്പെട്ട നിയമങ്ങളിൽ ഒന്നു മാത്രമേ (48) നമുക്ക് കൈവന്നിട്ടുള്ളൂ (b). മെത്രാനാകുന്നതിന് മുമ്പും മെത്രാൻ സ്ഥാനത്തുനിന്ന് നിഷ്കാസിതനായ ശേഷവും അദ്ദേഹം പ്രസ്തുത ആശ്രമത്തിൽ താമസിച്ചിട്ടുണ്ട്.

## i) സന്യാസനിയമങ്ങൾ

1. സന്യാസിയാകുവാൻ തീരുമാനിച്ചവർ മിശിഹായെപ്രതി മാലാഖമാരുടെ ജീവിതം നയിക്കാനാണ് വാഗ്ദാനം ചെയ്തത്. ഗ്രാമങ്ങളിൽനിന്നും പട്ടണങ്ങളിൽനിന്നും ഏകാന്തമായ ആശ്രമങ്ങളിലേയ്ക്ക് അവർ എത്തിച്ചേർന്നത് മറെറാരു ലോകത്തോടുള്ള താല്പര്യംകൊണ്ടാണ്. 3. വാഗ്ദാനമനുസരിച്ചു സത്യത്തിലും വൈവാഹിക ജീവിതത്തേക്കാൾ ഉപരിസ്ഥമായ തരത്തിലും ജീവിക്കുന്നത് സന്യാസികൾക്ക് ഉചിതമാണ്. ജഡപ്രകാരമുള്ള ഇസ്രായേൽ ദൈവത്തെ സ്വീകരിക്കാൻ സീനായ്മലയിലേയ്ക്കടുത്തപ്പോൾ, വിശുദ്ധീകരിക്കപ്പെടണമെന്നും വസ്ത്രങ്ങൾ വെൺമയാക്കണമെന്നും, സംയോഗം ചെയ്യരുതെന്നും, മോശ വഴി കല്പന സ്വീകരിച്ചെങ്കിൽ, സഭാവിശുദ്ധിയിൽ ഈ സന്യാസവസ്ത്രം സൂക്ഷിക്കപ്പെടണം എന്നത് എത്രയോ യുക്തമാകുന്നു. 4. മിശിഹാ തങ്ങളിൽ വസിക്കുവാൻവേണ്ടി സന്യാസികൾ ദൈവത്തെ സമീപിക്കയും ലോകത്തിനും അതിന്റെ മോഹങ്ങൾക്കും മരിച്ചവരായി വർത്തിക്കുകയും ചെയ്യുന്നു. 5. സന്യാസി ആയിരിക്കുകയും അതേസമയം ലൗകിക കാര്യങ്ങളിൽ വ്യാപൃതനാകുകയും ചെയ്യുന്നവൻ പൗരോഹിത്യം സ്വീകരിക്കാൻ തുനിയരുത്. 6. സന്യാസികളായ നിങ്ങൾ എല്ലാവിധ സംശയങ്ങൾക്കും അതീതരായിരിക്കാൻവേണ്ടി സ്ത്രീകൾ നിങ്ങളുടെ ആശ്രമത്തിനകത്ത് പ്രവേശിക്കരുത്.[4] 7. ദൃശ്യവും അദൃശ്യവുമായ സുകൃതവ്യാപാരങ്ങളാൽ നിങ്ങൾ അലംകൃതരായിരിക്കണം. നിങ്ങളിലൂടെ കർത്താവിന്റെ വ്യാകുലതകളുടെ വേദന കാണപ്പെടുവാനായി നിങ്ങൾ രോമവസ്ത്രം ധരിക്കണം. തങ്ങൾക്കും തങ്ങളുടെ ജനങ്ങൾക്കും കൃപ ലഭിക്കാനായി ഈ

---

4 ബാർ എബ്രായ ഹൂദായ കാനോൻ 7:10—ൽ ഇതുദ്ധരിക്കുന്നു.

www.malankaralibrary.com



വിനീത വസ്ത്രം ധരിച്ച് ദൈവത്തെ സമീപിക്കുന്ന അനേക വിശുദ്ധരെ നമുക്കു കാണാൻ കഴിയും. 8. വിവേകപൂർവ്വം അപരിചിതരെ സ്വീകരിക്കണം; എബ്രായർക്കുള്ള ലേഖനത്തിൽ വി. ശ്ലീഹാ ഇപ്രകാരം പറഞ്ഞു: സഹോദരസ്നേഹം നിങ്ങളിൽ നിലനില്ക്കട്ടെ. അപരിചിതരോട് സ്നേഹം കാണിക്കാൻ മറക്കരുത്; ഇപ്രകാരം ചിലർ അറിയാതെ മാലാഖമാരെ സ്വീകരിക്കാൻ യോഗ്യരായിത്തീർന്നിട്ടുണ്ട്. 9. ഐഹിക കല്പനാനുസാരം കർത്താവിന്റെ പ്രബോധനങ്ങളിലും ഉപദേശങ്ങളിലും മക്കളെ വളർത്താൻ അൽമായരെ ഉപദേശിക്കണം. 10. ഉടമ്പടിക്ക് സമർപ്പിതരായ മക്കളുള്ളവർ അവർക്ക് ചെറുപ്പം മുതൽ മാന്യമായ വസ്ത്രം കൊടുക്കണം; അവർ വസ്ത്രത്തിന്റെ മോടിയിൽ അമിതമായി ശ്രദ്ധിക്കാതിരിപ്പാനാണിത്. 11. ഗ്രന്ഥങ്ങൾ പഠിക്കാനും ദൈവഭയം അഭ്യസിക്കാനുമായി ഇത്തരം കുട്ടികളെ ആശ്രമങ്ങളിലയയ്ക്കണം. ലൗകിക വിജ്ഞാനത്തിനുവേണ്ടി ആളുകൾ തങ്ങളുടെ മക്കളെ ദൂരസ്ഥലങ്ങളിൽ അയയ്ക്കുന്നുവെങ്കിൽ, ദൈവത്തിന് അർപ്പിച്ച് വേർതിരിച്ച മക്കളെ ആത്മീയജ്ഞാനം ലഭിക്കാൻ ആശ്രമങ്ങളിൽ അയയ്ക്കുക എന്നത് എത്ര ന്യായമാണ്.

## ii) മാർ സക്കായുടെ ആശ്രമത്തിനുവേണ്ടി എഴുതിയ നിയമങ്ങൾ

48. അപ്പവും വീഞ്ഞും ഒരാഹാരവും കഴിക്കാതെ കഠിനമായ ഉപവാസം അനുഷ്ഠിക്കുന്ന ശ്രേഷ്ഠതാപസർ ആശ്രമത്തിലുണ്ട്. അജ്ഞതമൂലം അവർ പുലർത്തുന്ന ഒരു തെററായ പാരമ്പര്യം ഇവിടെ ഉണ്ടെന്ന് നാം കേട്ടു. തിരുശരീരവും തിരുരക്തവും കൊടുക്കുമ്പോൾ ഈ താപസർക്ക് കൂടുതൽ ഭാഗം തിരുശരീരത്തിൽനിന്നും പാപവിമോചനത്തിന്റെ കാസായിൽനിന്നും കൊടുക്കുന്നു. ഈ രീതി ദൈവഭയത്തിൽനിന്നുള്ള അകൽചയാകയാൽ ഇത് പാടില്ല എന്ന് നാം കരുതുന്നു. ഒന്നോ മൂന്നോ 'മർഗാനിയാതാ'[5] വൈദികൻ കൊടുക്കുന്നത് മതിയാകും; രക്ഷയുടെ കാസായിൽനിന്നും ഇപ്രകാരം മതി. തങ്ങളുടെ കടങ്ങൾക്ക് പരിഹാരം ശ്രേഷ്ഠമായ രീതിയിൽ അവർ പ്രാപിക്കും. 'കർത്താവിനെ ഭക്ഷിക്കുന്ന ആർത്തിയുള്ള നായ്ക്കളാണവർ' എന്ന് ഇത്തരക്കാരെപ്പററി എഡേസായിലെ മെത്രാനായ റാബുള പറഞ്ഞത് ഇവരിൽ അന്വർത്ഥമാകാതിരിക്കട്ടെ.

---

5. 'രത്നങ്ങൾ' എന്ന് പദാർത്ഥം, കുർബാനയിലെ അപ്പത്തിന്റെ ചെറിയ ഭാഗങ്ങളെ സൂചിപ്പിക്കുന്നു.

www.malankaralibrary.com



## സി) മാർ യാക്കോബിൻെറ നിയമങ്ങൾ

### ആമുഖം

സുറിയാനി സഭയിലെ ഒരു വലിയ പണ്ഡിതനായിരുന്നു എഡേസയിലെ മാർ യാക്കോബ്. ക്രി. വ. 640-ൽ അന്ത്യോക്യായ്ക്ക് സമീപത്തുള്ള അയിൻദീപാ എന്ന സ്ഥലത്ത് യാക്കോബ് ജനിച്ചു. അഫ്തോണിയ ആശ്രമത്തിൽവച്ച് ഗ്രീക്കും സുറിയാനിയും പഠിച്ചു.[6] പിന്നീട്, അദ്ദേഹത്തിൻെറ പഠനകേന്ദ്രം അലക്സാണ്ഡ്രിയാ ആയിരുന്നു. ക്രി. വ. 684—ൽ യാക്കോബ് എഡേസയിലെ മെത്രാനായി നിയമിതനായി.[7] തൻെറ സഹപാഠിയായ അത്തനാസ്യോസ് രണ്ടാമൻ പാത്രിയർക്കീസാണ് (683—686) യാക്കോബിനെ തൽസ്ഥാനത്ത് നിയമിച്ചത്.[8] നാലുവർഷം മാത്രമേ പ്രസ്തുത സഭയെ ഭരിക്കാൻ അദ്ദേഹത്തിന് സാധിച്ചുള്ളു. അഭിപ്രായവ്യത്യാസങ്ങൾ മൂലം രാജിവെച്ച് കൈശൂം എന്ന ആശ്രമത്തിൽ ജീവിതം തുടർന്നു. തുടർന്ന് എവുസെബോനാ, തെൽആദാ എന്നീ ആശ്രമങ്ങളിൽ താമസിച്ച് തൻെറ സാഹിത്യസൃഷ്ടി തുടർന്നുകൊണ്ടിരുന്നു. 20 വർഷങ്ങൾക്കു ശേഷം എഡേസയിലെ സഭ ഒരിക്കൽക്കൂടി അദ്ദേഹത്തിൻെറ സേവനം ആവശ്യപ്പെട്ടു. എന്നാൽ നാലുമാസം മാത്രമെ ഭരിക്കാൻ സാധിച്ചുള്ളു. 708—ൽ ജൂൺ അഞ്ചിന് അദ്ദേഹം മരിച്ചു.[9] ദൈവശാസ്ത്രത്തിലെ വിവിധമേഖലകളിൽ സ്തുത്യർഹമാംവിധം യാക്കോബ് വ്യാപരിച്ചിരുന്നു. സുറിയാനിസഭയുടെ ഒരു വലിയ നിധിയാണ് യാക്കോബിൻെറ പ്രബോധനങ്ങൾ. യാക്കോബിൻെറതായി കുറെ സന്യാസനിയമങ്ങൾ നമുക്ക് കൈവന്നിട്ടുണ്ട്.[10]

---

6. Bar Hebraia, *Chronicon ecclesiasticum*, ed Abbeloos & Lamy, I , col. 289
7. Pseudo-Dionysius 976/7 എന്നുപറയുന്നു: cf *Chronique syriaque de Denys de Tell-Mahre, ed.* Chabot. p.9.
8. Michael Rabo, *Chronique*, ed, Chabot, p. 445.
9. Elia bar Sinaia, *Opus Chronologicum*, ed E. W Brooks & J. B. Chabot, Paris 1909. p. 158; Bar Hebraia, *op. cit.* col. 293.
10. cf. A. Voobus, *op. cit.* p. 95-96.

www.malankaralibrary.com



## നിയമങ്ങൾ

1. സുവിശേഷത്തിൽനിന്നോ, ദാവീദിന്റെ സങ്കീർത്തനങ്ങളിൽ നിന്നോ, 'ശ്ലീഹൻമാരുടേത്' എന്നറിയപ്പെടുന്ന ഭാഗത്തിൽനിന്നോ 'വാക്യം എടുക്കുവാൻ സന്യാസികൾക്ക് അധികാരമില്ല.[11] 2. തൂണിൻമേൻ തപസുചെയ്യുന്ന സന്യാസി[12] അവിടെവച്ച് കുർബാന അർപ്പിക്കരുത്. 3. അത്യാവശ്യം പ്രമാണിച്ചല്ലാതെ ഏകാന്തവാസികൾ കുർബാന അർപ്പിക്കരുത്. 4. സ്തംഭതാപസന് കുർബാന കൊടുക്കാൻ ആളുള്ളപ്പോൾ വിശുദ്ധശരീരം അയാളുടെ പക്കൽ സ്തംഭത്തേൽ വച്ചുകൊടുക്കുന്നത് ശരിയല്ല. 5. ആശ്രമവസ്ത്രം ഉരിഞ്ഞുകളഞ്ഞ് വിവാഹം കഴിച്ച സന്യാസികൾ പിന്നീട് ആ വസ്ത്രം ധരിക്കരുത്.

6. സന്യാസികൾ ജന്തുക്കളെ കൊല്ലരുത്. 7. സൈന്യസേവനം നടത്താൻ നിർബന്ധമായി പിടിച്ചുകൊണ്ടു പോകപ്പെടുന്ന സന്യാസികൾക്ക് കാനോനികമായി കുററമൊന്നുമില്ല. 8. ജാഗരണത്തിനോ, പ്രാർത്ഥിക്കാനെന്ന ഭാവേനയോ രക്തസാക്ഷികളുടെ പെരുന്നാളുകൾക്കും വിരുന്നുകൾക്കും സന്യാസികൾ പോകരുത്. 9. മേലധ്യക്ഷനെതിരായി ജനങ്ങൾക്ക് ശാപവചനങ്ങൾ എഴുതി അയയ്ക്കുന്ന സ്തംഭതാപസനെ മുടക്കണം. അയാളുടെ ശാപങ്ങൾ സ്വീകരിക്കുന്നവരെയും മുടക്കണം. 10 ഇങ്ങനെതന്നെ മേലധ്യക്ഷനെ അനുസരിക്കാതെ അദ്ദേഹത്തിനെതിരായി യോഗം ചേരുന്ന ആശ്രമാധ്യക്ഷനും സന്യാസികളും മുടക്കപ്പെടട്ടെ. അനുചിതമായ അഭിപ്രായത്തിൽനിന്ന് പിൻതിരിഞ്ഞ് പ്രായശ്ചിത്തം ചെയ്യുമ്പോൾ അവരെ സ്വീകരിക്കാവുന്നതാണ്. അവർ കാനൻ അംഗീകരിക്കുമെങ്കിൽ സഭാസംസർഗത്തിലേക്ക് അവരെ സ്വീകരിക്കാം. 11. സന്യാസികളേ, സ്ത്രീകൾ നിങ്ങളുടെ ആശ്രമത്തിൽ പ്രവേശിക്കാതിരിക്കട്ടെ.

---

11. 'രോഗശമനാർത്ഥം' എഴുതിക്കെട്ടുന്നതിനെ കുറിക്കുന്നു. 'ശ്ലീഹൻമാരുടേതു'— 'പ്രേസേ' എന്നാണ് സുറിയാനി വാക്ക്. 'നടപടി' പുസ്തകത്തെയോ ലേഖനങ്ങളേയോ ആണ് വിവരിക്കുന്നത്.

12. 'എസതുനാറാ' എന്ന് സുറിയാനി. സ്തംഭതാപസൻ എന്ന് ഭാഷാന്തരം ചെയ്യാം. തൂണുകെട്ടി അതിൻമേൽ തപസുചെയ്യുക സുറിയാനിസഭയിലെ ഒരു രീതിയായിരുന്നു, ഒരു കാലത്ത്. ആധ്യാത്മികോപദേശം സ്വീകരിക്കാൻ ജനങ്ങൾ ഇവരുടെ പക്കൽ ഓടിക്കൂടിയിരുന്നു. 'ദെസ്തുനി' എന്ന് മലയാളത്തിൽ പറയാറുണ്ട്.

www.malankaralibrary.com



## ഡി) മാർ ഗീവർഗീസിന്റെ സന്യാസനിയമങ്ങൾ

അഞ്ച് നിയമങ്ങൾ ഉൾക്കൊള്ളുന്ന ഒരു ചെറിയ സമാഹാരം അറബികളുടെ മെത്രാനായ ജോർജിന്റെ പേരിൽ അറിയപ്പെടുന്നുണ്ട്. ബാർ എബ്രായാ ഹൂദായകാനോൻ, 7, 10—ൽ ഇവ ഉൾക്കൊള്ളിച്ചിരിക്കുന്നു.[13]

1. ഭാണ്ഡങ്ങളോ, സഹദേൻമാരുടെ അസ്ഥികളോ വഹിച്ചുകൊണ്ട് ചുററിനടക്കുന്ന സന്യാസിമാരെ സ്വീകരിക്കരുതെന്ന് ദൈവാജ്ഞയാൽ നാം കല്പിക്കുന്നു. 2. ആശ്രമാധ്യക്ഷൻമാരും തൂണിൻമേൽ താപസരും, മുടക്കോ, വിധിയോ, ഉപദേശങ്ങളോ, ഉൾക്കൊള്ളുന്ന കത്തുകൾ പട്ടണങ്ങളിലേക്കും ഗ്രാമങ്ങളിലേക്കും അയയ്ക്കാൻ പാടില്ല. 3. അധ്യക്ഷസ്ഥാനത്തിനുവേണ്ടി കൈക്കൂലി കൊടുക്കുന്ന സന്യാസികളെ മുടക്കണം. 4. മെത്രാന്റെ കല്പന കൂടാതെ ആശ്രമാധ്യക്ഷനെ നിയമിക്കരുത്. 5. മെത്രാനെ ധിക്കരിച്ച്, അദ്ദേഹത്തിന്റെ നാമം ആരാധനയിൽ അനുസ്മരിക്കാതിരിക്കുന്ന ആശ്രമാധ്യക്ഷനെ മുടക്കണം.

## ഇ) മാർ കുറിയാക്കോസിന്റെ നിയമങ്ങൾ

കുറിയാക്കോസ് കല്ലിനിക്കസിലെ ബിസോണാ ആശ്രമാംഗമായിരുന്നു. 793—ൽ അന്ത്യോക്യാ പാത്രിയർക്കീസായി തെരഞ്ഞെടുക്കപ്പെട്ടു. കുറിയാക്കോസിന്റെ ദൈവശാസ്ത്ര സംഭാവനകൾ മിക്കവയും നമുക്ക് നഷ്ടമായിരിക്കയാണ്. 857—ൽ കുറിയാക്കോസ് മരിച്ചു. അദ്ദേഹത്തിന്റേതായി രണ്ട് കാനോനിക സമാഹാരങ്ങൾ അറിയപ്പെടുന്നു[14].

### i) കാനോനാകൾ

1. ആശ്രമാധ്യക്ഷന്റെയും സഹോദരൻമാരുടേയും സമ്മതപത്രം കൂടാതെ മെത്രാൻ സന്യാസികൾക്ക് പട്ടം കൊടുക്കരുത്. 2. സന്യാസിനി പൊതുകുളിസ്ഥലത്ത് പോയി കുളിക്കരുത്; രോമവസ്ത്രമല്ലാതെ പഞ്ഞിയോ മറെറന്തെങ്കിലുമോ കൊണ്ടുള്ള വസ്ത്രം ധരിക്കാൻ ദൈവത്തിൽനിന്ന് അധികാരമില്ല. അവൾ മുടി വളർത്തരുത്; മുറിച്ചുകളയണം. തെരുവിലൂടെ അലഞ്ഞു

13. cf. A. Voobus, *op. cit* p. 99.
14 *Ibid.* p. 190—103.

www.malankaralibrary.com



നടക്കുകയോ, വീടുകളിൽ കയറിയിറങ്ങുകയോ മഠത്തിന് പുറത്തു വച്ച് ഭക്ഷിക്കയോ ചെയ്യരുത്. 3. കുർബാന കൊടുക്കുന്ന പട്ടക്കാരനോ ശെമ്മാശനോ അല്ലാതെ സന്യാസിനികളുടെ മഠങ്ങളിൽ പുരുഷൻമാർ പ്രവേശിക്കരുത്. 4. സന്യാസിനികളെല്ലാവരും ഒരുമിച്ച് ഒരു മഠത്തിൽ താമസിക്കണം; അത്യാവശ്യകാര്യങ്ങളിൽ അവരെ സഹായിക്കാൻ ഒരു വൃദ്ധസ്ത്രീയെ തെരഞ്ഞെടുക്കണം.

## ii) നവീകരണസിനഡിന്റെ കാനോനാകളും (17–21)

795-ൽ ഹാറാന് സമീപത്തുള്ള ബേത്-ബോത്തീനിൽ വച്ച് കുറിയാക്കോസ് വിളിച്ചുകൂട്ടിയ നവീകരണ സിനഡിൽ നാല്പത് നിയമങ്ങൾ പാസാക്കി[15] അവയിൽ സന്യാസികളെ ബാധിക്കുന്ന അഞ്ചെണ്ണം മാത്രമേ ഉള്ളു. (17—21) അവയാണ് താഴെ കൊടുക്കുന്നത്.

17. മെത്രാനോട് മത്സരിച്ച്, അദ്ദേഹത്തിനെതിരായി ഗ്രൂപ്പുണ്ടാക്കുകയും പ്രാർത്ഥനകളിൽനിന്ന് അദ്ദേഹത്തിന്റെ പേര് നീക്കുകയും ചെയ്യുന്ന ആശ്രമാധ്യക്ഷൻ പൗരോഹിത്യശുശ്രൂഷ തുടർന്നുനടത്താൻ പാടില്ല. 18. ആശ്രമങ്ങളുടെ പൊതു അധ്യക്ഷനും അദ്ദേഹത്തോടുകൂടെ ഉള്ളവരും സ്തംഭതാപസരും ഏകാന്തവാസികളും, പാത്രിയർക്കീസുമാരുടെയും മെത്രാൻമാരുടെയും നാമത്തിൽ ഗ്രാമങ്ങളിലേക്കോ പട്ടണങ്ങളിലേക്കോ ശാപങ്ങൾ നിറഞ്ഞ കത്തുകൾ അയയ്ക്കുന്നതും, മൂറോൻ കൂദാശചെയ്യുന്നതും ദൈവം അനുവദിക്കുന്നില്ലെന്നു നമ്മുടെ സംയുക്ത ഡിക്രിവഴി അറിയിക്കുന്നു; നമ്മുടെ കാനനെതിരായി പ്രവർത്തിക്കാൻ ആരെങ്കിലും മുതിർന്നാൽ സ്ഥലത്തെ മെത്രാൻ തീരുമാനിച്ചേ അവർ തുടർന്ന് ശുശ്രൂഷ നടത്താവൂ എന്നതാണ് ദൈവഹിതം. 19. ആശ്രമനിയമങ്ങൾ ധിക്കരിക്കയും നേതൃസ്ഥാനത്തിനുവേണ്ടി കൈക്കൂലി കൊടുക്കുകയും ചെയ്യുന്ന സന്യാസികൾ തുടർന്ന് സേവനം നടത്താൻ പാടില്ലെന്ന് കർത്തൃകല്പനയാൽ ഞങ്ങൾ തീരുമാനിക്കുന്നു. 20. വിശുദ്ധരുടെ തിരുശേഷിപ്പുകളോ, തിരുശേഷിപ്പുകളെന്ന വ്യാജേന മറ്റെന്തെങ്കിലുമോ വഹിച്ചുകൊണ്ട് ഗ്രാമങ്ങളിൽ ചുറ്റി നടക്കുന്ന സന്യാസികളെയും വൈദികരെയും ശെമ്മാശൻമാരെയും ആരും സ്വീകരിക്കരുതെന്ന് നാം സംയുക്തമായി കല്പിക്കുന്നു. സ്വന്തം മെത്രാന്റെ കത്തുകൂടാതെ വ്യാജക്കത്തുകളുമായി വരുന്നവരെയും സ്വീകരിക്കരുത്. 21. ആശ്രമത്തിൽ നിന്ന് പുറത്തുപോയി വിവാഹം കഴിക്കയും ഗ്രാമങ്ങളിലും നഗരങ്ങളിലും പാർക്കുകയും ചെയ്യുന്നവർ തുടർന്നും സന്യാസവസ്ത്രം ധരിക്കുന്നത് ദൈവഹിതമല്ലെന്ന് നാം സംയുക്തമായി കല്പിക്കുന്നു.

---

15. Bar Hebraia, *op. cit.* col. 333.

www.malankaralibrary.com



# 7. അജ്ഞാത കർത്തൃനിയമങ്ങൾ

## എ) സന്യാസികൾക്കാവശ്യമായ കാനോനാകൾ[1]

ആമുഖം

ഈ നിയമങ്ങൾ ക്രോഡീകരിക്കാൻ ഇടയായ സാഹചര്യം നമുക്കജ്ഞാതമാണ്. ഇവ രൂപീകരിക്കപ്പെട്ട കാലവും നമുക്കറിവില്ല. ഒരുകാര്യം വ്യക്തമാണ്: മുൻപ് ഉണ്ടായിരുന്ന നിയമങ്ങളെ ആധാരമാക്കി രചിച്ചിട്ടുള്ളവയാണിവ. (1) മാർ മാരൂഥായുടെ പേരിൽ അറിയപ്പെടുന്ന കാനോനാകൾ ഇവിടെ സ്വീകരിച്ചിട്ടുണ്ട്: (കാനൻ 19=മാരൂഥാ, 48, 1: കാനൻ 21=മാരൂഥാ, 50, 1; കാനൻ 22=മാരൂഥാ, 5; കാനൻ 24=മാരൂഥാ, 7; കാനൻ 25=മാരൂഥാ, 8; കാനൻ 26=മാരൂഥാ, 9) (2) അതുപോലെ റാബുലായുടെ നിയമത്തിൽനിന്നും എടുത്തിട്ടുണ്ട്: കാനൻ 10=റാബുള, || 25; കാനൻ 3=റാബുള, 1. 9. (3) ഫീലൊക്സീനോസിൻെറ സ്വാധീനവും വ്യക്തമാണ്: കാനൻ 14=ഫീലൊക്. കാനൻ,1 . ചില കാനോനാകളുടെ സ്രോതസുകളേ നമുക്ക് കണ്ടുപിടിക്കാൻ സാധിച്ചുള്ളൂ. ബാക്കിയുള്ളവ അജ്ഞാതമാണ്.

1. സങ്കീർത്തനങ്ങൾ അറിയാവുന്ന സന്യാസി അവ ആലപിക്കട്ടെ. അറിവുള്ളവൻ പ്രാർത്ഥനാവസരം സഭയിൽ സംസാരിക്കട്ടെ; പഠിച്ചിട്ടുള്ളവൻ എഴുതട്ടെ; തൻെറ താലന്ത് നിലത്ത് ഒളിച്ചുവച്ചവനോടൊപ്പം അവൻ ശിക്ഷിക്കപ്പെടാൻ ഇടയാകുകയില്ല.

2. കൃഷിസ്ഥലത്തു വിത്തു വിതയ്ക്കുമ്പോൾ ആശ്രമസ്ഥരുടെ ഭവനത്തിൽ കൂടുതൽ വിളവുണ്ടാകുവാനായി സന്യാസി കൃഷിയിറക്കാൻ പാടില്ല. മിശിഹായുടെ ശിഷ്യൻമാർ തങ്ങൾക്കായി ലൗകിക വ്യഗ്രതകൾ വർദ്ധിപ്പിക്കില്ല. ധനമോഹത്തിന് അടിപ്പെടുന്നവൻ വിഗ്രഹങ്ങളെ ആരാധിക്കുന്നു.

3. സന്യാസിക്ക് കാളകൾ, കഴുതകൾ, ആടുകൾ, കോഴികൾ എന്നിവ ഉണ്ടായിരിക്കാൻ പാടില്ല; അത് ദൈവഹിതമല്ല. കല്പന ലംഘിച്ച് ഇവയെ സ്വന്തമാക്കുന്നവൻെറ ഓഹരി വിശുദ്ധ സന്യാസികളോടുകൂടിയല്ല; അവയോടൊപ്പമായിരിക്കും.

4. സന്യാസി രോഗത്തിലാകുമ്പോഴല്ലാതെ സ്ത്രീകൾ ആശ്രമത്തിൽ കയറരുത്. അതുതന്നെയും അമ്മയും സഹോദരിയും മാത്രമെ

1. A. Voobus, *op. cit* p. 69-77

www.malankaralibrary.com



ആകാവൂ. ഇത് ലംഘിക്കുന്നവൻ ദൈവത്താൽ ശപിക്കപ്പെട്ടവനായിരിക്കും.

5. യൗവനാരംഭത്തിനു മുൻപ് ആൺകുട്ടികൾ ആശ്രമത്തിൽ പാർക്കുവാൻ പാടില്ല. അവർക്ക് സന്യാസവസ്ത്രം നല്കുവാനും പാടില്ല; യാത്രയിലാണെങ്കിൽ മൂന്നുദിവസം അവർക്ക് ആശ്രമത്തിൽ പാർക്കുകയും അതിനുശേഷം പോകുകയും ചെയ്യാം. ഇത് ലംഘിക്കുന്നവൻ മുടക്കപ്പെട്ടവനായിരിക്കും.

6. അല്മായർക്കുവേണ്ടി സന്യാസി തലതൊട്ടപ്പനോ, വളർത്തുപിതാവോ ആകാൻ പാടില്ല. മരിച്ചവർക്ക് ജീവിക്കുന്നവരുമായി എന്താണ് സഖിത്വം. സന്യാസികൾ ലോകത്തിന് മരിച്ചവരാണ്. എന്നാൽ ഇത് അനുസരിക്കാത്തവനോട് ക്ഷമിക്കാൻ പാടില്ല.

7. ശാരീരിക സഹോദരങ്ങൾക്കുപകരം സ്ലീബായിൽനിന്ന് സഹോദരൻമാരെയും സഹോദരികളെയും സന്യാസികൾ ഉണ്ടാക്കുവാൻ പാടില്ല(?) ആരെങ്കിലും അപ്രകാരം ചെയ്താൽ അവൻ മിശിഹായുടെ സഖിത്വത്തിൽനിന്ന് അന്യനും പരദേശിയുമായിരിക്കും.

8 സന്യാസി വിരുന്നു സല്ക്കാരത്തിനു പോകുകയും സദ്യയ്ക്കിരിക്കുന്നവരോടുകൂടി ഇരിക്കയും ചെയ്യാൻ പാടില്ല. ഉന്നതത്തിൽ വിശുദ്ധർക്ക് സജ്ജമാക്കിയിരിക്കുന്ന വിരുന്നിന് പുറത്ത് അവർ പോകേണ്ടതില്ല.

9 സമൂഹത്തിൽ കുർബാനയും പ്രാർത്ഥനകളും നടക്കുമ്പോൾ സന്യാസി പുറത്തിറങ്ങി വർത്തമാനം പറയാൻ പാടില്ല. അതിൽ പങ്കെടുക്കുന്നവനാണെങ്കിൽ അകത്തു കയറി തന്റെ പാപത്തെ കുറിച്ച് കരയണം; കുററമില്ലാത്തവനെപ്പോലെ അവൻ പോകാൻ പാടില്ല.

10 സന്യാസി ലൗകിക കാര്യങ്ങളുടെ ചുമതല ഏറെറടുക്കരുത്. ഗ്രാമത്തിൽ ചുമതലകൾ ഏറെറടുത്ത് ധാന്യപുരകളുടെയും മുന്തിരിച്ചക്കുകളുടെയും മേൽനോട്ടക്കാരനാകാൻ പാടില്ല. അതിനു തുനിഞ്ഞാൽ അവൻ മിശിഹായെ ഉപേക്ഷിച്ചു എന്നു കരുതാം. തന്റെ അടുത്തുവന്നവർക്ക് സഹോദരന്മാരുടെ വസ്തു പങ്കിടാൻ മിശിഹാ കൂട്ടാക്കിയില്ല.

11 സന്യാസ വൈദികർ ലൗകിക നേട്ടങ്ങൾക്കായി ഗ്രാമത്തിലോ പട്ടണത്തിലോ ജോലിചെയ്യാൻ പാടില്ല. അവൻ അതുവഴി ആത്മീയത നശിപ്പിക്കും; ഇത് ലംഘിക്കുന്നവൻ വിധിക്ക് ഏല്പിക്കപ്പെട്ടിരിക്കും.

www.malankaralibrary.com



12 സന്യാസികൾ ബുധനാഴ്ചയും വെള്ളിയാഴ്ചയും ഭക്ഷണവും വീഞ്ഞും വർജ്ജിക്കുന്നത് ഉചിതമാണ്. അവരുടെ ഉപവാസം പൂർണ്ണവും പ്രതിഫലം തികഞ്ഞതും ആയിരിക്കും.

13 ദരിദ്രരോടും ആവശ്യക്കാരോടും തങ്ങളുടെ ഇടയിലെ അപരിചിതരോടും കരുണയോടും ദയയോടും കൂടെ വർത്തിച്ചുകൊണ്ടുവേണം സന്യാസികൾ വസ്ത്രധാരണം ചെയ്യേണ്ടത്. ''ഞാൻ പരദേശിയായിരുന്നു; നിങ്ങളെന്നെ ആശ്വസിപ്പിച്ചു'': എന്നും പരദേശികളോടുള്ള സ്നേഹം വിസ്മരിക്കരു''തെന്നും ഓർത്തു വർത്തിക്കണം. മിശിഹാ അവരെ ''അനുഗ്രഹിക്കപ്പെട്ടവർ'' എന്നു പ്രകീർത്തിക്കും.

14. വിശുദ്ധ പിതാക്കന്മാർ കല്പിച്ചതനുസരിച്ച് സന്യാസികൾ മാതാവായ സഭയുടെ തത്വങ്ങളെ സംബന്ധിച്ച് തീക്ഷ്ണതയുള്ളവരായിരിക്കണം. നിരന്തരമായ പാരായണത്തിലൂടെ വിശ്വാസരഹസ്യങ്ങൾ പഠിപ്പിക്കുകയും വേണം. അപ്പോൾ ശ്ലീഹാ പറയുന്നതുപോലെ അവർ ''ഫലം പുറപ്പെടുവിക്കാത്ത'' നിലം പോലെ ശാപഗ്രസ്ഥരും അഗ്നിക്കവകാശികളും ആയിത്തീരില്ല.

15 സന്യാസികൾ ദൈവഭയമുള്ളവരായിരിക്കുകയും നിയമങ്ങളൊന്നും ലംഘിക്കാതിരിക്കുകയും സ്വന്തം നാശത്തിനായി അമിതഭാഷണം നടത്താതിരിക്കുകയും ചെയ്യുക ഉചിതമാണ്. ഇതിനെതിരെ വർത്തിക്കുന്നവനെ നീതിയായിട്ടായിരിക്കും വിധിക്കുക.

16. ആശ്രമാധ്യക്ഷനും, ആശ്രമത്തിലെ മൂപ്പന്മാരും ഈ നിയമങ്ങളെയും പൈതൃകശാസനകളെയും പുച്ഛിച്ചുതള്ളാതെ ദൈവഭയത്തിൽ അവ അനുസരിക്കുവാൻ പ്രേരണ നല്കുന്നവരായിരിക്കണം. ഇവ അനുസരിക്കുകയും സഹോദരങ്ങളെ ഉറപ്പിക്കുകയും ചെയ്യുന്നവൻ ദയയും കരുണയും പ്രാപിക്കും. ഇവയെ നിന്ദിക്കുന്നവൻ ശപിക്കപ്പെട്ടവനായിരിക്കും.

17. അന്യായ പലിശക്ക് കടം കൊടുക്കുകയും, വീഞ്ഞ്, ഗോതമ്പ് ആദിയായവ മുൻകൂർ ഏല്പിക്കണമെന്ന് വിധിക്കുകയും ചെയ്യുന്ന സന്യാസി ശാപഗ്രസ്ഥനാണ്.

18. അവശ്യ സന്ദർഭങ്ങളിലല്ലാതെ ശിരോവസ്ത്രം ഇടാതെ സന്യാസി പള്ളിയിൽ പ്രാർത്ഥിക്കരുത്. ഇത് ലംഘിക്കുന്നവനെ മുടക്കണം.

19. ആശ്രമത്തിൽ വിശുദ്ധമായി വിദ്യാഭ്യാസം ലഭിച്ചവനും സന്യാസനിയമങ്ങൾ പഠനംവഴിയും പരിചയംവഴിയും അറിയാവുന്നവനും ആശ്രമാധ്യക്ഷനാകുന്നത് ഉചിതമാണ്. അവൻ വിനീതനും, ശാന്തനും സ്വയംനിഗ്രഹം ചെയ്യുന്നവനും മനുഷ്യരോട് സ്നേഹമുള്ളവനും ആയിരിക്കണം.

www.malankaralibrary.com



20. ആശ്രമത്തിലെ ''ഭരണകർത്താക്കാം'' നീതിനിഷ്ഠയുള്ളവരും സത്യസന്ധരുമായിരിക്കണം. ദൈവഭയത്തിൽ സഹോദരങ്ങളെ സേവിക്കയും കാര്യനിർവ്വഹണത്തിൽ തല്പരരും അറിവുള്ളവരും, ആയിരിക്കുകയും ചെയ്യണം. അല്ലാതെ ലൗകിക ലക്ഷ്യങ്ങളുള്ളവരോ, വ്യർത്ഥസ്തുതി തേടുന്നവരോ ആകരുത്.

21 ആശ്രമത്തിലെ വിചാരിപ്പുകാരൻ നീതിനിഷ്ഠനും, ദയാലുവും പരദേശികളോട് സ്നേഹമുള്ളവനും നയനങ്ങളിൽ നന്മയുള്ളവനും, എല്ലാവരോടുമുള്ള വാക്കുകളിൽ മാധുര്യമുള്ളവനും ആയിരിക്കണം. അവൻ ഭക്ഷണപാനീയങ്ങളിൽ അത്യാർത്തിയുണ്ടായി ദുഷ്ടന്റെ വിധിക്ക് വിധേയനാകുവാൻ ഇടയാകരുത്.

22 വേണ്ടത്ര കാരണം കൂടാതെ ആശ്രമാദ്ധ്യക്ഷനെതിരായി നില്ക്കുകയോ, മററുള്ളവരുമായി കൂട്ടുചേർന്ന് സമരത്തിന് മുതിരുകയോ, ചെയ്യുന്ന സന്യാസി ഒന്നുകിൽ ആശ്രമം വിട്ടു പോകണം, അല്ലെങ്കിൽ അനുരഞ്ജനത്തിന്റെ അരൂപിയിൽ പ്രവർത്തിക്കണം.

23 തന്റെ സഹസന്യാസിയെ മർദ്ദിക്കുന്നവൻ മൂന്നു മാസം ഉപവസിക്കയും സന്യാസവ്രതം അനുഷ്ഠിക്കുകയും വേണം. അടികൊള്ളുന്നവൻ തിരിച്ചടിച്ചാൽ ഒരു മാസം ഉപവസിക്കുകയും അടി കൊണ്ടതിനാൽ സന്യാസവ്രതം അനുഷ്ഠിക്കയും വേണം.

24 സന്യാസികാംക്ക് അപകീർത്തി പരത്തുകയും കലഹം വിതയ്ക്കുകയും ചെയ്യുന്ന സന്യാസി അതവസാനിപ്പിക്കണം. അല്ലെങ്കിൽ ആശ്രമത്തിന് പുറത്തു പോകണം. അവൻ, പറുദീസായിൽ വച്ച് ദൈവത്തിന്നെതിരായി സംസാരിച്ച ശത്രുവിന്റെ സ്നേഹിതനായി തീർന്നല്ലോ.

25 മദ്യപാനിയായ സന്യാസി ഒന്നുകിൽ പുറപ്പെട്ടു പോകണം. അല്ലെങ്കിൽ കുടിക്കുന്ന ഓരോ പ്രാവശ്യവും 30 ദിവസം സന്ധ്യവരെ ഉപവസിക്കണം. എന്നാൽ എതിർക്കുന്നവൻ പൗലോസ് പറയുന്ന ''രാജ്യത്തിനു പുറത്തുള്ളവരോടുകൂടെ'' ആയിരിക്കും.

26 ശാരീരികാരോഗ്യമുള്ള സന്യാസി, എഴുതപ്പെട്ടിരിക്കുന്നതുപോലെ മനുഷ്യരുടെ പ്രകാശവും ആത്മാവിന്റെ ജീവനുമായ വിജ്ഞാനം സമ്പാദിക്കാതിരുന്നാൽ നിരന്തരം ഉപവസിക്കുകയും സന്യാസവ്രതം അനുഷ്ഠിക്കുകയും വേണം.

## ബി) കന്യകകൾക്കുവേണ്ടിയുള്ള നിയമങ്ങൾ[2]

പതിനാല് നിയമങ്ങളുടെ സമാഹാരമാണിത്. ബാർ എബ്രയയ്ക്ക് ഇത് അജ്ഞാതമായിരുന്നു എന്ന് തോന്നുന്നു. ഈ നിയമ

2. Ibid·p·62—68·

www.malankaralibrary.com



ങ്ങൾ ഒരൊററ കയ്യെഴുത്തു പ്രതിയിലൂടെ മാത്രമേ നമുക്ക് കൈവന്നിട്ടുള്ളു. അത് പൊട്ടിപ്പൊടിഞ്ഞ് പോയതിനാൽ പലപ്പോഴും കൃത്യമായി വായിച്ചെടുക്കാൻ പ്രയാസമാണ്. എഴുതിയ കാലത്തെക്കുറിച്ചോ, എഴുതിയ ആളിനെ സംബന്ധിച്ചോ, നമുക്ക് അറിവില്ല. മഠത്തിനുള്ളിലെ ജീവിതം, കന്യകകൾ മഠത്തിന് പുറത്തു പോകുമ്പോൾ പെരുമാറേണ്ട വിധം, മഠത്തിലെ ഭരണം, പരസ്പര പെരുമാററരീതി, കന്യാത്വത്തെ സംബന്ധിച്ചുള്ള ശക്തമായ പ്രബോധനങ്ങൾ ആദിയായ കാര്യങ്ങൾ ഇതിൽ ഉൾപ്പെടുന്നു.

## നിയമങ്ങൾ

1 സന്യാസവസ്ത്രം സ്വീകരിച്ചവർ, സഹകന്യകകളിൽ ആരെയെങ്കിലും കൂടാതെ തനിയെയോ, എവിടെ പോകാനാഗ്രഹിക്കുന്നു എന്ന് ആശ്രമശ്രേഷ്ഠയെ വ്യക്തമായി അറിയിക്കാതെയോ, പോകാൻ പറഞ്ഞതുകൂടാതെ മറെറവിടെയെങ്കിലുമോ മഠത്തിൽ നിന്ന് പുറത്തുപോകാൻ പാടില്ല.

2 കന്യകകൾ മഠം വിട്ട് ഭക്ഷണപാനീയങ്ങൾക്കായി ഹോട്ടലുകളിൽ പോകാൻ പാടില്ല... രക്തസാക്ഷികളുടെ ബഹുമാനാർത്ഥം പട്ടണങ്ങളിലോ, പട്ടണത്തിന് പുറത്തോ ഉള്ള ജാഗരണത്തിനും അവർ പോകരുത്. അതുപോലെ മററ് ജാഗരണം, ശവസംസ്ക്കാരം, സദ്യ ആദിയായവയ്ക്കൊന്നും (പോകാൻ പാടില്ല) വിശുദ്ധരുടെ പള്ളിയിൽ ഇടദിവസങ്ങളിൽ പോയി പ്രാർത്ഥിക്കണമെന്നുള്ളവർ ... ഒന്നാം കാനനസരിച്ച് ഒരു സഹകന്യകയോടുകൂടി പോകാം.

3 മഠത്തിന് പുറത്തുനിന്ന് (എന്തെങ്കിലും കൊണ്ടുവരുന്നതിനും) അതുമൂലം ചുററിനടക്കുന്നതിനും കന്യകകൾക്ക് അനുവാദമില്ല. അപരിചിതരാരും അവളുടെ പക്കൽ പുസ്തകമൊഴികെ ഒന്നും ഏൽപ്പിക്കരുത് ... ആശ്രമശേഷ്ഠയുടെ അനുവാദത്തോടുകൂടെ സ്വന്തംപിതാവ്, സഹോദരൻ, മാതാവ്, സഹോദരി എന്നിവർക്ക് ഇക്കാര്യത്തിൽ നിന്ന് ഒഴിവുണ്ട്.

4 പട്ടണത്തിലെങ്ങും വച്ച് എന്തെങ്കിലും ഭക്ഷിക്കാനോ വെള്ളം ഒഴിച്ച് മറെറന്തെങ്കിലും കുടിക്കാനോ കന്യകകൾക്ക് അനുവാദമില്ല.

5 സ്വന്തം പിതാവ്, സഹോദരൻ, പിതൃസഹോദരൻ, മാതൃസഹോദരൻ എന്നിവരോടുകൂടിയല്ലാതെ കന്യകകൾ ആശ്രമത്തിനകത്തും പുറത്തും വച്ച് പുരുഷൻമാരോടുകൂടെ ഭക്ഷിക്കരുത്. ഇതുതന്നെയും ആശ്രമശ്രേഷ്ഠയുടെ അനുവാദത്തോടുകൂടി മാത്രം. ഭക്ഷണമുറിയിൽ വച്ചും ഗേററിനടുത്തുള്ള മുറിയിൽ വച്ചും

www.malankaralibrary.com



അല്ലാതെ, യാത്രയിലല്ലെങ്കിൽ കന്യകകൾ ഭക്ഷിക്കരുത്.... മഠത്തിൻെറ ഊട്ടുമുറിയിൽ വച്ച് ഭക്ഷിക്കുകയാണെങ്കിൽ, പുരുഷൻമാർ ആശ്രമത്തിൽ വരുന്നതിനും ആശ്രമത്തിൻെറ അകത്ത് പ്രവേശിക്കുന്നതിനും ഒരിക്കലും അനുവദിക്കരുത്....

6 ആശ്രമത്തിനകത്തോ പുറത്തോ പുരുഷനോടുകൂടി തനിയെ ഒരു ഭവനത്തിൽ കന്യകകൾ പ്രവേശിക്കരുത്; തൻെറ കൂടെയുള്ള സഹകന്യകയെക്കൂടാതെ വഴിയിൽ വച്ച് പുരുഷൻമാരോട് അവർ സംസാരിക്കരുത്. ... സ്വസ്തി ... ;സ്വന്തം പിതാവോ സഹോദരനൊ ആണെങ്കിൽ; വഴിയിൽ വച്ച് സന്യാസികളോട് സംസാരത്തിൽ ഏർപ്പെടാനും പാടില്ല ...... അവർ ഒററിക്കൊടുക്കാതിരിക്കാൻ ......

7 കന്യകകളാരും സന്യാസിമാരുടെ ആശ്രമത്തിൻെറ പ്രവേശനമുറിയിലോ നടുമുററത്തോ പ്രവേശിക്കരുത്. ബലിയർപ്പിക്കാൻ ഞായറാഴ്ച എത്തുന്ന ....... പ്രായമുള്ള വൈദികനൊഴിച്ച് ആരെയും കന്യകകൾ തങ്ങളുടെ മഠത്തിൻെറ ഗേററിനുള്ളിൽ പ്രവേശിപ്പിക്കരുത്. പൗരസ്ത്യരുടെ ആശ്രമങ്ങളിലും അവർ പ്രവേശിക്കരുത്... ശവസംസ്ക്കാരത്തിനു മാത്രം മൃതശരീരത്തോടൊപ്പം അകത്തു കടക്കാം. എന്നാൽ ശവസംസ്ക്കാരത്തിൽ പങ്കെടുക്കുന്ന സമൂഹത്തോടുകൂടെ ആശ്രമത്തിനു പുറത്തിറങ്ങണം. ദാനധർമ്മത്തിനെന്നോ, കുർബാന കൊടുക്കാനെന്നോ പറഞ്ഞ് കന്യകകളാരും മലയിലുള്ള ഏകാന്തവാസികളെയോ, തൂണിൻമേൽ തപസുചെയ്യുന്നവരെയോ, താപസരെയോ സന്ദർശിക്കാൻ പാടില്ല. എന്നാൽ ഓരോ മഠത്തിലും ദാനധർമ്മങ്ങൾക്കായി നിയോഗിക്കപ്പെട്ടിരിക്കുന്ന പ്രായമുള്ള ''സന്ദർശക'' അപ്രകാരം ചെയ്യട്ടെ.

8. സഹോദരിമാരാരും മാമ്മോദീസാ സംബന്ധിച്ച് ആരുടെയും ചുമതല ഏറെറടുക്കരുത്. എന്നാൽ അത്യാവശ്യ സന്ദർഭങ്ങളിൽ ക്രൈസ്തവ പെൺകുട്ടികളുടെ കാര്യത്തിൽമാത്രം അനുവാദനീയമാണ്... അതും ശ്രേഷ്ഠയുടെ അനുവാദത്തോടുകൂടി മാത്രം.

9. സഹോദരിമാരാരും കടം വാങ്ങാനോ കടം കൊടുക്കാനോ പാടില്ല. സ്വന്തം പിതാവ്, മാതാവ്, സഹോദരൻ, മാതൃസഹോദരൻ, പിതൃസഹോദരൻ എന്നാവരൊഴിച്ച് മററാർക്കും മഠാധിപയുടെ അനുവാദം കൂടാതെ കത്തെഴുതുവാനോ ആരിൽ നിന്നും സ്വീകരിക്കുവാനോ പാടില്ല.

10. രോഗത്തിലോ..., ഒഴിച്ചുകൂടാൻ പാടില്ലാത്ത ആവശ്യങ്ങൾ ഉണ്ടെങ്കിലോ... അല്ലാതെ ഞായറാഴ്ച കുർബാനയിൽ സംബന്ധിക്കാതിരിക്കുകയോ യാമപ്രാർത്ഥനകളിൽ പങ്കെടുക്കാതിരിക്കുകയോ, ഞായറാഴ്ച മഠത്തിൽനിന്ന് പുറത്തുപോകുകയോ ചെയ്യാൻ

www.malankaralibrary.com



പാടില്ല...., എന്തെങ്കിലും കാര്യത്തിന് അയയ്ക്കപ്പെട്ടവരും മഠത്തിന്റെ പ്രാന്തപ്രദേശങ്ങളിലായിരിക്കുന്നവരും... സമൂഹത്തിന്റെ ഏതെങ്കിലും അത്യാവശ്യകാര്യങ്ങൾ ചെയ്യുന്നവരും; എന്നാൽ ഇതിൽ ഏതെങ്കിലും ഒന്ന് ഉപേക്ഷിക്കുന്നയാൾ,... രോഗിയല്ലെങ്കിൽ ഒന്ന് രണ്ടു ദിവസം ഭക്ഷണം വീണ്ടും വർജിക്കണം....

11. വികാരിയുടെ അനുവാദം കൂടാതെ സഹോദരിമാരാരും ഒരു മൈലിൽ കൂടുതൽ യാത്രചെയ്യരുത്.

12 സഹസന്യാസിനികൾക്കെതിരായി കൈഉയർത്താനോ, അവരെ അവഹേളിക്കാനോ ആരും തുനിയരുത് ...... അങ്ങനെ മുതിരുകയും സഹകന്യകയെ അടിക്കുകയുംചെയ്യുന്ന ആൾ ഒരു മാസത്തേക്ക് പൊതുഭക്ഷണം വീണ്ടും വർജ്ജിക്കണം.; ഒരുമാസത്തേക്ക് കുർബാന സ്വീകരിക്കാനും പാടില്ല ....... ദേഹോപദ്രവം ഏല്പിക്കയും സഹോദരികളെ ചീത്തവിളിക്കയും ...... അവൾ ഭക്ഷണം വർജ്ജിക്കണം.

13 സഹോദരിമാർ ലൗകികകാര്യങ്ങളാൽ വ്യഗ്രതപ്പെടുവാൻ പാടില്ല;...... അത്യാവശ്യകാര്യത്തിനോ, വ്യക്തമായ കാരണത്താലോ അല്ലാതെ മഠത്തിൽ നിന്ന് അവർ പുറത്തു പോകരുത്.

24 എന്തെങ്കിലും കാരണം പറഞ്ഞ് സഹോദരിമാർ സന്യാസികളുടെ ആശ്രമങ്ങളിൽ പോകരുത്. ......

## സി) പേർഷ്യയിലെ സന്യാസികൾക്കു വേണ്ടിയുള്ള നിയമങ്ങൾ[3]

ആമുഖം

ബാർ എബ്രായ (+1286)യുടെ ഹൂദായ കാനോനിൽ ഈ നിയമങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. (അധ്യാ. 7. ഖ. 10). 'പേർഷ്യാക്കാരുടെ നിയമം' എന്ന് പറഞ്ഞാണ് അദ്ദേഹം ഈ സംഹിത തുടങ്ങിയിരിക്കുന്നത്. അവയുടെ ഉത്ഭവം, പശ്ചാത്തലം എന്നിവ സംബന്ധിച്ച് നാം അജ്ഞരാണ്. സന്യാസികളെ ബാധിക്കുന്ന നിയമങ്ങൾക്ക് പുമെ മററ് നിരവധി സഭാകാര്യങ്ങൾ ക്രമീകരിക്കുന്നുണ്ടിവിടെ. കുർബാന എന്ന കൂദാശ, വൈദികശുശ്രൂഷ, സഭാനടപടിക്രമങ്ങൾ എന്നിവ ഇവിടെ ചർച്ച ചെയ്യുന്നു. സന്യാസകളില്ല, സ്ഭാധികാരികളായിരിക്കാം ഈ നിയമങ്ങളുടെ നിർമ്മാണത്തിന്റെ പിന്നിലുള്ളത്. സന്യാസാശ്രമങ്ങളിൽ പിൽക്കാലത്ത് ഇവ നടപ്പിലാക്കിയതാകാം. പേർഷ്യയിലെ ഏക സ്വഭാവവാദികളായ സന്യാസികളുടെ ഇടയിലാണിവ പ്രചരിച്ചിരുന്നത്.

3. cfr, Ibid. 89—92; കോനാട്ടുമല്പാൻ, പേ. 137—139.

www.malankaralibrary.com



1 പാത്രിയർക്കീസോ, കാതോലിക്കാസോ സംസ്കരിക്കപ്പെട്ടിരിക്കുന്ന ആശ്രമത്തിൽ മെത്രാൻമാർക്ക് അധികാരം ഉണ്ടായിരിക്കരുത്. പടിഞ്ഞാറ് പാത്രിയർക്കീസും കിഴക്ക് കാതോലിക്കോസും അവയുടെമേൽ അധികാരിയായിരിക്കണം.4 2 ആശ്രമാധ്യക്ഷൻ5 സഹോദരന്മാരെ പരിശോധിച്ച്, ഓരോരുത്തർക്കും യോജിച്ച ജോലിക്ക് നിയമിക്കണം. 3. ആശ്രമവിചാരിപ്പുകാരൻ6 ഭക്ഷണപാനീയങ്ങളിൽ അത്യാർത്തി കാണിക്കരുത്.; കൂടുതൽ അധ്വാനിക്കുന്ന സഹോദരന്മാരെ കൂടുതൽ ബഹുമാനിക്കണം. 4. വാതിൽ സൂക്ഷിപ്പുകാരൻ ശാന്തനും വിനയാന്വിതനുമായിരിക്കണം.; അവൻ ആരോടും കോപിക്കരുത്; ആരുടെയും (പണം) സൂക്ഷിക്കാനായി ഏല്ക്കരുത്. 5. ആശ്രമാധ്യക്ഷൻ കൊടുക്കുന്നതിൽ കൂടുതലായൊന്നും ആശ്രമത്തിലെ കാര്യവിചാരകൻ7 സമ്പാദിക്കരുത്; അത്മായരുടെ ഇടയിൽ തന്റെ ആഗ്രഹങ്ങളെ നിയന്ത്രിക്കയും വേണം. 6. പാപം ചെയ്യുന്ന സന്യാസിയെ ശാസിക്കണം; രണ്ടുപ്രാവശ്യം ക്ഷമിക്കുകയും മൂന്നാം പ്രാവശ്യം അവനെ ബഹിഷ്കരിക്കുകയും വേണം. 7. രാത്രിപ്രാർത്ഥനയിൽ സംബന്ധിക്കാത്ത സന്യാസി സഹോദരൻമാരുടെ കൂടെ ഭക്ഷണത്തിനും ഇരുന്നുകൂടാ. 8. സഹോദരൻമാർ തഴപ്പായിലും കയററുപായിലും, ആശ്രമാധ്യക്ഷനും രോഗികളും കട്ടിലിലും കിടന്നുറങ്ങണം. അവർ അരക്കെട്ടഴിക്കുകയും വസ്ത്രം ഉരിയുകയും ചെയ്യരുത്.

9. പട്ടണങ്ങളിലോ ഗ്രാമങ്ങളിലോ ഉള്ളപള്ളികളിൽ ജോലി ചെയ്യുന്ന സന്യാസി, സന്യാസം ലോകത്തിൽ നിന്ദിക്കപ്പെടാതിരിപ്പാൻ, തന്റെ വസ്ത്രങ്ങൾക്ക്8 മുകളിൽ വെള്ളവസ്ത്രം ധരിച്ചുകൊള്ളണം. 10. ഒരു വൈദികനോ ശെമ്മാശ്ശനോ സന്യാസവസ്ത്രം

4. പേർഷ്യയിലെ ഏകസ്വഭാവവാദികൾക്കുവേണ്ടിയാണീ നിയമമെന്ന് കാനൻ വ്യക്തമാക്കുന്നു. അവരുടെ സാധ്യക്ഷൻ 'പടിഞ്ഞാറ്' ആണെന്ന് അവർ കരുതി: അതായത് അന്ത്യോക്യാ പാത്രിയർക്കീസ്. 'കിഴക്കിന്റെ കാതോലിക്കോസ്' എന്നതുകൊണ്ട് ടൈഗ്രീസിലെ മെത്രാപ്പോലീത്താ (മഫ്രിയാൻ) യെ ആണ് ഉദ്ദേശിക്കുന്നത്.
5. 'റീശ്ദയറാ' എന്ന് സുറിയാനി വാക്ക്.
6. 'റാബ്ബൈത്താ' എന്ന് സുറിയാനി.
7. 'സാവുറാ' എന്ന് സുറിയാനി.
8. 'എസ്കീമാ' എന്ന് സുറിയാനി.

www.malankaralibrary.com



ധരിക്കാൻ ആഗ്രഹിച്ചാൽ, ആദ്യമായി ഒരു വർഷം അയാൾ ദേവാലയ ശുശ്രൂഷ ചെയ്യുകയും അനന്തരം സന്യാസവസ്ത്രം സ്വീകരിക്കയും വേണം. ഒരു സഹോദരനാണെങ്കിൽ, സന്യാസവസ്ത്രം സ്വീകരിക്കുന്നതിനു മുൻപ് ആശ്രമാധ്യക്ഷൻ അയാളെ ഒരു വർഷത്തേക്ക് മറെറന്തെങ്കിലും ജോലിക്ക് നിയമിക്കണം. 11. ദയറായക്കാർ കായികാധ്വാനം നിറുത്തുമ്പോൾ ദിവ്യഗ്രന്ഥങ്ങൾ ധ്യാനിച്ചുകൊള്ളണം. 12. ഞായറാഴ്ചരാത്രി, കഴിയുമെങ്കിൽ സന്ധ്യമുതൽതന്നെ സഹോദരൻമാർ ശുശ്രൂഷ നടത്തിക്കൊണ്ടിരിക്കണം. 13. ഭക്ഷണസമയത്ത് പ്രസംഗങ്ങൾ വായിച്ചുകൊണ്ടിരിക്കണം; ശരീരത്തോടൊപ്പം ആത്മാവും പുഷ്ടിപ്രാപിക്കണം. 14. സഹോദരൻമാർ ആശ്രമാധ്യക്ഷൻെറ അനുവാദംകൂടാതെ ആശ്രമത്തിനുപുറത്ത് പോകരുത്; സന്യാസവസ്ത്രം ധരിച്ച് മൂന്ന് വർഷമാകുന്നതിനുമുൻപ്, ആശ്രമാധ്യക്ഷൻ കല്പിച്ചാലും പുറത്തുപോകാൻ പാടില്ല. 15. സന്യാസി സ്വയം നന്നാകുവാൻ ശ്രമിക്കയല്ലാതെ, സഹോദരൻമാരെ നന്നാക്കാൻ ഉദ്യമിക്കേണ്ട.

16. ആശ്രമാധ്യക്ഷനും 'നായകനും'[9] സ്വന്തം കാര്യവും സഹോദരങ്ങളുടെ കാര്യവും നോക്കികൊള്ളണം.

17. സമൂഹത്തിൻെറ ശുശ്രൂഷയിൽ ജീവിക്കുന്നിടത്തോളം കാലം സ്വന്ത കാര്യത്തിനുവേണ്ടി ഒന്നും ചെയ്യാൻ പാടില്ല. 18. ഒരു സന്യാസിയും സഹസന്യാസിയുടെ മുറിയിൽ രാത്രി കഴിക്കരുത്; സന്നിഹിതരായ അൽമായർ ഒരുക്കിയിരിക്കുന്ന സ്ഥലത്ത് ഉറങ്ങിക്കൊള്ളണം.

19. അൽമായനായ ചാർച്ചക്കാരൻ എന്തെങ്കിലും നിശ്ചയിച്ചിട്ടില്ലാത്തപക്ഷം, ദയറായക്കാരന് അയാളുടെ സ്വത്തിനവകാശിയാകുവാൻ പാടില്ല. 20. ഒരു വർഷത്തെ പരിശോധനയ്ക്കു ശേഷമല്ലാതെ, ആശ്രമാധ്യക്ഷൻ അൽമായക്കാരനെ പെട്ടെന്ന് സന്യാസിയാക്കരുത്.

21. നന്നായി ഭരിക്കുന്ന ആശ്രമാധ്യക്ഷനെ മാററരുത്.

22. ഒരു സങ്കീർത്തനം മാത്രം അറിയാവുന്ന സന്യാസി എല്ലാ പ്രാർത്ഥനകളിലും അതുതന്നെ ചൊല്ലണം. 23. മാംസം ഭക്ഷിക്കുന്ന

---

9. 'മ്ശബ്ലാനാ'

www.malankaralibrary.com



സന്യാസി വ്യഭിചാരം ചെയ്യുന്നവനെപ്പോലെ ശിക്ഷിക്കപ്പെടണം. 24. സ്വന്തം മുറിയിലിരുന്ന് പ്രാർത്ഥിക്കുവാനാഗ്രഹിക്കുന്ന സന്യാസിക്ക് സാധാരണ ദിവസങ്ങളിൽ മാത്രം അതിന് അനുവാദം നൽകാം; പെരുന്നാൾ ദിവസങ്ങളിലും ഞായറാഴ്ചകളിലും പാടില്ല. 25. പഠനത്തിനുവേണ്ടി പട്ടണത്തിൽ പോകുന്ന സന്യാസി പള്ളിയിൽ താമസിക്കണം. ഉപവാസവും പ്രാർത്ഥനയും ഉപേക്ഷിക്കരുത്. അവൻ ദരിദ്രനെങ്കിൽ മാന്യമായ തൊഴിൽ ചെയ്യാം. 26. സന്യാസികൾ സന്യാസിനികളുടെ മഠങ്ങളിൽ ഒരിക്കലും പ്രവേശിക്കരുത്.

## ഡി) സന്യാസികൾ സ്വന്തം മുറികളിൽ അനുഷ്ഠിക്കേണ്ട നിയമങ്ങൾ [10]

ഈ നിയമങ്ങളുടെ ദാതാവ് ആരെന്ന് അറിയില്ല. ആശ്രമത്തിനുള്ളിൽ സന്യാസികൾ അനുഷ്ഠിക്കേണ്ട കാര്യങ്ങളെക്കുറിച്ചാണ് അവ.

വിശുദ്ധ സന്യാസവസ്ത്രം സ്വീകരിക്കുന്നവർ വളരെ കരുതലോടും താല്പര്യത്തോടും ശ്രദ്ധയോടും ഉണർവോടും കൂടെ അനുഷ്ഠിക്കുന്ന കാര്യങ്ങൾ;

1. നമ്മുടെ പിതാവ് അന്തോണിയോസിന്റെ വിശുദ്ധവും അലൗകികവുമായ ഈ വസ്ത്രം ധരിക്കുന്നവർ അദ്ദേഹത്തെപ്പോലെ വിനയവും തപോനിഷ്ഠയും ഉള്ളവരായിരിക്കണം. 2. ഭക്ഷണം, പാനീയം, നിദ്ര എന്നിവ വഴി സന്യാസികൾ സ്വയം പോഷിപ്പിക്കരുത്. 3. ചരിഞ്ഞുകിടന്നോ മലർന്നുകിടന്നോ അല്ല, കിഴക്കോട്ട് ദർശനമായിരുന്നാണ് അവർ ഉറങ്ങേണ്ടത്. 4. ഉറങ്ങുമ്പോൾ ഭിത്തിയിൽ ചാരാം; കല്ലുകൊണ്ടോ തടികൊണ്ടോ ഓരോരുത്തനും ഇരിപ്പിടം ഉണ്ടാക്കി അതിന്മേലിരിക്കാം. 5. ഇരിക്കുന്നതിനും നില്ക്കുന്നതിനും ജോലിചെയ്യുന്നതിനും മുൻപ് മൂന്നു പ്രാവശ്യം കുമ്പിടണം. 6. സമൂഹത്തിന്റെ പൊതു പ്രാർത്ഥനാവസരം ഉള്ള ഏഴു പ്രാവശ്യത്തെ ആരാധനയ്ക്ക് പുറമെ ഓരോരുത്തനും ദിവസം 300 പ്രാവശ്യം കുമ്പിടണം. 7. ഒൻപതാം മണി വരെയാണ് ഉപവാസം;

10. cf A. Voobus, *op cit. P.* 106—108

www.malankaralibrary.com



കഴിയുമെങ്കിൽ എന്നും വൈകിട്ടും ഉപവസിക്കണം. 8. എന്നാൽ ന്യായവ്രതവും താപസ്സകർമ്മങ്ങളും ഓരോരുത്തരുടെയും കഴിവനുസരിച്ച് മതി. 9. കഴിയുന്നിടത്തോളം തനിച്ചിരുന്ന് ഭക്ഷിക്കണം. 10. അത്യാവശ്യസന്ദർഭങ്ങളിലല്ലാതെ, സഹസന്യാസികളെ മുറിയിൽ കയറ്റാൻ പാടില്ല. ഒന്നോ രണ്ടോ പേർ തുടർച്ചയായി ഒരാളുടെ മുറിയിൽ കയറി ഇരിക്കരുത്. 11. സ്ത്രീകളുടെ കൂടെ— അമ്മയുടേയും സഹോദരിയുടെയും കൂടെ ആയാലും — ഭക്ഷിക്കാൻ പാടില്ല. 12. വൈദികരായ സന്യാസികൾ, സ്ത്രീകൾക്കും, ആശ്രമ ജീവിതത്തെപ്പറ്റി അറിവില്ലാത്തവർക്കും, കുർബാന കൊടുക്കാൻ പാടില്ല. പ്രിയ സഹോദരാ, ദൈവം നിന്നെ വിധിക്കാതിരിപ്പാൻ, ഈ അലൗകിക വസ്ത്രം ആവശ്യപ്പെടുന്ന മററ് സുകൃതങ്ങളോടൊപ്പം ഇവയും പാലിക്കുക.

## ഇ) അജ്ഞാതകർത്തൃ സന്യാസനിയമങ്ങൾ[11]

അബ്ബാസിഡ് കാലഘട്ടത്തിൽ രൂപീകരിക്കപ്പെട്ട കുറേ സന്യാസ നിയമങ്ങൾ നമുക്ക് കൈവന്നിട്ടുണ്ട്. ഈ നിയമങ്ങൾ തയാറാക്കിയ ആളെപ്പററി നമുക്ക് അറിവില്ല. മൊത്തമുള്ള 20 നിയമങ്ങളിൽ 15 മുതലുള്ളവ 'പേർഷ്യക്കാർക്കുള്ള' നിയമംതന്നെയാണ് (21—26).

1. സന്യാസിയാകുവാൻ ഇച്ഛിക്കുന്നവൻെറ ഉദ്ദേശശുദ്ധി, അവൻ വരുന്ന സ്ഥലം, എന്നി കാര്യങ്ങൾ മെത്രാൻ പരിശോധിക്കണം.

2. അവൻ ക്രിസ്തീയ മാതാപിതാക്കളിൽ നിന്നുള്ള സ്വതന്ത്രനും പിതാവിൻെറ സംരക്ഷണയിൽ കഴിയുന്നവനുമാണെങ്കിൽ മാതാപിതാക്കളുടെ സമ്മതംകൂടാതെ അവനെ സ്വീകരിക്കരുത്. 3. സ്വന്തം മെത്രാൻെറ അനുവാദം കൂടാതെ ഒരൽമായനെയും സ്വീകരിക്കരുത്. ഒരു പക്ഷേ അവൻ വിവാഹിതനായിരിക്കാം; അവന് കുട്ടികളുണ്ടായിരിക്കാം; മററ് തടസങ്ങൾ കണ്ടേക്കാം. ഭാര്യയേയും കുട്ടികളെയും സംരക്ഷിക്കാനായി അവരുടെയിടയിൽ കഴിയുന്നത് സന്യാസജീവിതത്തേക്കാൾ ശ്രേഷ്ഠവും ദൈവത്തിന് പ്രീതികരവുമാണ്; ഇത് ലംഘിക്കുന്നവനെ മുടക്കണം.

11. *Ibid.* p. 110—112.

www.malankaralibrary.com



4. രോഗാവസ്ഥയിൽ, കുളിമുറിയിൽ കയറണമെന്ന് തോന്നിയാൽ രണ്ടോ മൂന്നോ പ്രാവശ്യം കയറുക. 5. രോഗാവസ്ഥയിൽ മാംസം ഭക്ഷിച്ചാൽ അത് പാപമായി കരുതേണ്ട. നിന്റെ സുകൃതം കുറഞ്ഞതിനാൽ നീ പരാജിതനായതിൽ ദു:ഖിച്ചാൽ മതി. രോഗത്തിലും ആരോഗ്യത്തിലും സന്യാസി മാംസം ഭക്ഷിക്കില്ല. 6. സന്യാസി മുടിവളർത്തില്ല; അവൻ ശിരസ്സ് മുണ്ഡനം ചെയ്യുന്നു; കിരീടം പോലെ കുറേ മുടി നിർത്തുകയുമില്ല. 7. സന്യാസി സ്വർണ്ണം കൊണ്ടോ വെള്ളികൊണ്ടോ മറേറതെങ്കിലും ലോഹം കൊണ്ടോ ഉള്ള മോതിരം ഇടാൻ പാടില്ല. 8. തെരഞ്ഞെടുപ്പിനവസരമുണ്ടെങ്കിൽ സന്യാസി ദിവസം രണ്ടുപ്രാവശ്യമേ ഭക്ഷിക്കാവൂ: ആറാം മണിക്കും സായം സന്ധ്യയ്ക്കും. 9. അതിന് സൗകര്യമില്ലെങ്കിൽ ഒൻപതാം മണിക്ക് മാത്രം ഭക്ഷിക്കുക. 10. സന്യാസികൾ ഒരിക്കലും മാംസം ഭക്ഷിക്കരുത്. 11. സന്യാസികൾ വിവാഹം കഴിക്കരുത്. 12. സന്യാസികൾ സ്ത്രീകളുടെ കൂടെ പാർക്കുകയോ അവരുമായി ബന്ധം പുലർത്തുകയോ, അരുത്. 13. സന്യാസികൾ സ്ത്രീകളെ തുറിച്ച് നോക്കരുത്. സ്ത്രീ വൃദ്ധയോ, യുവതിയോ, കന്യകയോ, അനാഥയോ, ആയിക്കൊള്ളട്ടെ 14. സന്യാസികൾ ബന്ധുക്കളിൽ നിന്നും മററുള്ളവരിൽ നിന്നും നിക്ഷേപം വാങ്ങി സൂക്ഷിക്കരുത്. അത് ഇടർച്ചയ്ക്ക് ഇടയാക്കും ആശ്രമത്തിന് അപകീർത്തി പരത്തുകയും ചെയ്യും.

15. നന്നായി ഭരിക്കുന്ന ആശ്രമാധ്യക്ഷനെ മാററരുത്. 16. ഒരു സങ്കീർത്തനം മാത്രം അറിയാവുന്ന സന്യാസി എല്ലാപ്രാർത്ഥനകളിലും അതുതന്നെ ചൊല്ലണം. 17. മാംസം ഭക്ഷിക്കുന്ന സന്യാസി വ്യഭിചാരം ചെയ്യുന്നവനെപ്പോലെ ശിക്ഷിക്കപ്പെടണം. 18. സ്വന്തം മുറിയിലിരുന്നു പ്രാർത്ഥിക്കാൻ ആഗ്രഹിക്കുന്ന സന്യാസിക്ക് സാധാരണദിവസങ്ങളിൽ മാത്രം അതിനനുവാദം നൽകാം; പെരുന്നാൾ ദിവസങ്ങളിലും ഞായറാഴ്ചകളിലും പാടില്ല. 19. പഠനത്തിനുവേണ്ടി പട്ടണത്തിൽ പോകുന്ന സന്യാസി പള്ളിയിൽ താമസിക്കണം. ഉപവാസവും പ്രാത്ഥനയും ഉപേക്ഷിക്കരുത്. അവൻ ദരിദ്രനെങ്കിൽ മാന്യമായ തൊഴിൽ ചെയ്യാം. 20 സന്യാസികൾ സന്യാസിനികളുടെ മഠങ്ങളിൽ ഒരിക്കലും പ്രവേശിക്കരുത്.

## എഫ്) മാർ ഗബ്രിയേൽ ആശ്രമത്തിലെ നിയമങ്ങൾ[12]

പൗരസ്ത്യസുറിയായിസഭയിലെ ഒരു വലിയ ആശ്രമമായിരുന്നു ഇത്. മാർ അബ്രഹാമിന്റെ ആശ്രമം, മാർ ഗബ്രിയേലിന്റെ

12. *Ibid* p. 187—8.

www.malankaralibrary.com



ആശ്രമം, ഉയർന്ന ആശ്രമം (upper) എന്നീ പേരുകളിൽ ഇതറിയപ്പെട്ടിരുന്നു. തഗ്രീതിലെ ഏറ്റം ഉയർന്ന സ്ഥലത്തായിരുന്നു ഇത് എന്ന് യാക്കൂത് രേഖപ്പെടുത്തിയിരിക്കുന്നു. കശ്കാറിലെ ഗബ്രിയേൽ (+ 639) ഇതു സ്ഥാപിച്ചു. അദ്ദേഹം പല ആശ്രമങ്ങളും അവയോടനുബന്ധിച്ച് സ്ക്കൂളുകളും സ്ഥാപിച്ചു. ആശ്രമസ്ക്കൂളിനുവേണ്ടിയുള്ള ചില നിയമങ്ങളാണിവ. ഈ നിയമങ്ങൾ നിർമ്മിച്ചതാരാണെന്നറിവില്ല.

## നിയമങ്ങൾ

1. പണ്ഡിതനായ ഒരു വൈദികന്റെയോ ഡീക്കന്റെയോ നേതൃത്വത്തിൽ എഴുതുന്നതിനുള്ള പരിശീലനം വെള്ളിയാഴ്ച തോറും നൽകണം.

2. നയിക്കുന്നവർക്ക് വിവേകപൂർവമായ സൂക്ഷ്മത ഉണ്ടായിരിക്കണം. അക്ഷരം തിരിച്ചു പറയുമ്പോൾ ശ്രദ്ധിക്കണം. ഓരോ അധ്യായവും ശ്രദ്ധാപൂർവം കേൾക്കുകയും വേണം.

3. അൾത്താര ശുശ്രൂഷയിൽ, ഓരോ മാസവും, ഡീക്കൻമാരെ കൂടാതെ, വൈദികരിലൊരാൾ അൾത്താരശുശ്രൂഷ ചെയ്യണം.

4 സെലൂഷ്യയിലെ സ്കൂളിൽ പ്രബോധനക്രമത്തെ മൂന്നായി തിരിച്ചിരിക്കുന്നു.

5. പാഠനം തുടങ്ങാനാഗ്രഹിക്കുന്ന കുട്ടികൾക്കും പുതിയനിയമം വായിച്ചിട്ടില്ലാത്തവർക്കുംവേണ്ടി ചെറിയ പ്രബോധനക്രമമുണ്ട്.

6. പുതിയനിയമപാഠനം കഴിഞ്ഞ്, പഞ്ചഗ്രന്ഥപാഠനം തുടങ്ങുമ്പോൾ പ്രബോധനത്തിലെ രണ്ടാം ഘട്ടത്തിൽ പ്രവേശിക്കുന്നു.

7. സങ്കീർത്തനവും പ്രവാചകരും പഠിക്കുമ്പോൾ മൂന്നാംഘട്ടം തുടങ്ങുന്നു.

8. അധ്യാപകർ കുട്ടികളെ സ്നേഹിക്കയും അവർക്ക് നല്ല വിദ്യാഭ്യാസം കൊടുക്കുകയും വേണം; അവരെ പ്രേരിപ്പിച്ച് ഉൽസാഹിപ്പിക്കണം.

9. മക്കൾ പിതാക്കളെ അനുസരിക്കുന്നതുപോലെ വിദ്യാർത്ഥികൾ ഗുരുക്കൻമാരെ അനുസരിക്കണം. സ്വാഭാവിക പിതൃപുത്രബന്ധത്തേക്കാൾ മഹനീയമാണ് ഗുരുശിഷ്യബന്ധം.

www.malankaralibrary.com

# 8

# അപ്പസ്തോലിക കാനോനാകൾ

എൺപത്തഞ്ച് കാനോനാകളുടെ സമാഹാരമാണിത്. 'അപ്പസ്തോലിക കാനോനാകൾ' എന്ന് അറിയപ്പെടുന്നെങ്കിലും ഇവ രചിച്ചത് ശ്ളീഹന്മാരല്ല. ഇവയുടെ കർത്താവാരാണെന്ന് വ്യക്തമല്ല. എഴുതിയ കാലം, സ്ഥലം എന്നിവയെ സംബന്ധിച്ചും ഖണ്ഡിതമായി പറയാൻ പ്രയാസമാണ്. 'അപ്പസ്തോലിക് കോൺസ്റ്റിറ്റ്യൂഷൻസ്' എന്ന പുരാതനരേഖയുടെ അവസാന ഭാഗത്താണ് ഈ നിയമങ്ങൾ കാണപ്പെടുന്നത്. (എട്ടാം പുസ്തകം, 47—ാം അധ്യായം). നാലാം നൂറ്റാണ്ടിന്റെ രണ്ടാംഭാഗത്ത് സിറിയായിലായിരിക്കാം ഈ പുരാതനരേഖ വിരചിതമായത്. അതിന്റെ കർത്താവുതന്നെ ഈ കാനോനാകളും സമാഹരിച്ചു എന്നു കരുതപ്പെടുന്നു. വളരെ നേരത്തെ സഭയിൽ നിലനിന്ന നടപടിക്രമങ്ങളാണ് ഈ സമാഹാരത്തിലുള്ളത്. ഒരുപക്ഷേ ഈ കാനോനാകൾ 'അപ്പസ്തോലിക് കോൺസ്റ്റിറ്റ്യൂഷൻസി'നോട് പിന്നീട് കൂട്ടിച്ചേർത്തതാകാം. വി. ഇഗ്നേഷ്യസിന്റെ എഴുലേഖനങ്ങളിൽ നാലാംനൂറ്റാണ്ടിൽ കുത്തിത്തിരുകലുകൾ വരുത്തിയ ആൾ തന്നെയാകാം 'അപ്പസ്തോലിക് കോൺസ്റ്റിറ്റ്യൂഷൻസും' തയാറാക്കിയത്. അക്കാലത്തെ ജീവിതം എപ്രകാരമായിരുന്നു എന്നു ഗ്രഹിക്കാൻ ഈ പുരാതനരേഖകൾ സഹായിക്കും.

പട്ടം, വൈദികരുടെ ധാർമികനിലവാരം, തുടങ്ങിയവ പ്രധാന പ്രതിപാദ്യവിഷയങ്ങളാണ്. ചില കാനോനാകൾ അൽമായരെപ്പറ്റിയും പ്രതിപാദിക്കുന്നു. ഇരുപതു കാനോനാകൾ 341—ലെ അന്ത്യോക്യാസിനഡിനെ ആധാരമാക്കിയുള്ളവയാണ്. ആദ്യത്തെ 50 കാനോനാകൾ ദിവന്നാസ്യോസ് എക്സീഗ്യൂസ് ആറാം നൂറ്റാണ്ടിൽ ലത്തീനിലേക്ക് വിവർത്തനം ചെയ്തു. അവ പാശ്ചാത്യസഭയുടെ കാനോനികസമാഹാരത്തിന്റെ ഭാഗമായി. 692—ലെ ട്രുള്ളൻ സിനഡ് ഈ 85 കാനോനാകൾ അംഗീകരിച്ചിട്ടുണ്ട്. എന്നാൽ സിനഡ് 'അപ്പസ്തോലിക് കോൺസ്റ്റിറ്റ്യൂഷൻസ്' തള്ളിക്കളഞ്ഞു.

www.malankaralibrary.com



# അപ്പസ്തോലിക കാനോനാകള്‍[1]

1. രണ്ടോ മൂന്നോ മെത്രാന്‍മാര്‍കൂടി ഒരു മെത്രാനെ വാഴിക്കട്ടെ.

2. വൈദികര്‍, ഡീക്കന്‍മാര്‍, വൈദികഗണത്തിലുള്ള മറ്റുള്ളവര്‍ എന്നിവരെ വാഴിക്കാന്‍ ഒരു മെത്രാന്‍ മതി. [2]

3. ബലിക്കായി കര്‍ത്താവു നിശ്ചയിച്ചിരിക്കുന്നവയ്ക്കു പുറമെ വീഞ്ഞിന്റെ സ്ഥാനത്ത് തേന്‍, പാല്‍, ലഹരിപദാര്‍ത്ഥങ്ങള്‍ എന്നിവയും നിശ്ചയിച്ചിരിക്കുന്നവയ്ക്കു പുറമെ പറവകള്‍, മറ്റ് എന്തെങ്കിലും ജീവികള്‍, സസ്യങ്ങള്‍ എന്നിവയും അള്‍ത്താരയില്‍ അര്‍പ്പിക്കുന്ന മെത്രാനെയും വൈദികരെയും സ്ഥാനഭ്രഷ്ടരാക്കണം. വിളവെടുപ്പിന്റെ കാലത്ത് പുതിയ ഗോതമ്പുമണികളും മുന്തിരിങ്ങാകളുമേ ഇതിനപവാദമുള്ളു. വിളക്കിനുള്ള എണ്ണയും ധൂപവും ഒഴിച്ച് മറ്റൊന്നും കുര്‍ബാനാവസരം മദ്ബഹായില്‍ കൊണ്ടുവരാന്‍ പാടില്ല. [3]

4. മറ്റു ഫലങ്ങളൊന്നും അള്‍ത്താരയില്‍ അര്‍പ്പിക്കരുത്. അവ മെത്രാന്‍മാര്‍ക്കും വൈദികര്‍ക്കും ആദ്യഫലങ്ങള്‍ എന്ന നിലയില്‍ വീട്ടില്‍ കൊടുത്തയയ്ക്കണം. മെത്രാന്‍മാരും വൈദികരും അതിലൊരംശം ഡീക്കന്‍മാര്‍ക്കും വൈദികഗണത്തിലുള്ള മറ്റുള്ളവര്‍ക്കും നല്‍കണം.

5. മതത്തിന്റെ പേരില്‍ മെത്രാനോ, വൈദികനോ, ഡീക്കനോ തന്റെ ഭാര്യയെ ഉപേക്ഷിക്കരുത്. അവളെ ഉപേക്ഷിച്ചാല്‍ അവനെ മുടക്കണം; അവന്‍ ഉറച്ചുനിന്നാല്‍ സ്ഥാനത്തുനിന്നു നീക്കണം.

---

1. *The Ante Nicene Fathers*, Vol. VII, p. 500—505, *NPNF*, 14, p· 594—600.
2. അപ്പസ്തോലിക കോണ്‍സ്റ്റിറ്റ്യൂഷന്‍സ് (=അ. കോ.), 3.20; 8.4.27 മായി താരതമ്യപ്പെടുത്തുക.
3. ഏതാ പാഷണ്ഡവിഭാഗക്കാരുടെ രീതികളെയാണ് ഈ കാനനും തുടര്‍ന്നുള്ള രണ്ട് കാനോനാകളും തള്ളിക്കളയുന്നത്. ലത്തീന്‍ വിവര്‍ത്തനത്തില്‍ ഈ കാനന്‍ രണ്ടായി പിരിച്ചാണ് കൊടുത്തിരിക്കുന്നത് (3—4). തുടര്‍ന്നുള്ള കാനോനാകളില്‍ ഈ വ്യത്യാസം കാണാം.

www.malankaralibrary.com



6. മെത്രാനും വൈദികനും ഡീക്കനും ലൗകിക വ്യാപാരങ്ങളിൽ ഏർപ്പെടരുത്; അങ്ങനെ ചെയ്താൽ അവരെ സ്ഥാനത്തുനിന്നു നീക്കണം.[4]

7. മഹാവിഷുവത്തിനുമുൻപ് (vernal equinox)[5] യൂദൻമാരോടുകൂടി ഉയിർപ്പ് ദിവസമാചരിക്കുന്ന മെത്രാനെയും വൈദികനേയും ഡീക്കനെയും സ്ഥാനത്തുനിന്നു നീക്കണം.

8. ഏതെങ്കിലും മെത്രാനോ, വൈദികനോ, ഡീക്കനോ, വൈദികഗണത്തിൽ പേരെഴുതപ്പെട്ട മററ് വ്യക്തികളോ കുർബാനയിൽ പങ്കെടുത്തിട്ട് അതിൽനിന്നു സ്വീകരിക്കാതിരുന്നാൽ കാരണം വ്യക്തമാക്കണം. ന്യായമായ കാരണമാണെങ്കിൽ ക്ഷമിക്കാം; എന്നാൽ അവൻ കാരണം വ്യക്തമാക്കാതിരുന്നാൽ ജനങ്ങൾക്ക് ഇടർച്ച ഉണ്ടാക്കിയതിനാലും, അർപ്പകൻ ശരിയായി നടത്തിയില്ല എന്ന ധാരണ ഉണ്ടാകത്തക്കവിധം അദ്ദേഹത്തെപ്പററി സംശയം ജനിപ്പിക്കാൻ ഹേതുവായതിനാലും അയാളെ മുടക്കണം.[6]

9. പള്ളിയിൽവന്ന് വിശുദ്ധ ഗ്രന്ഥം ശ്രവിച്ചിട്ട്, പ്രാർത്ഥനയ്ക്കും വിശുദ്ധ കുർബാന സ്വീകരണത്തിനും നില്ക്കാതിരിക്കുന്നവരെ, സഭയിൽ ക്രമക്കേടുണ്ടാക്കുന്നവർ എന്ന നിലയിൽ മുടക്കണം.

10. മുടക്കപ്പെട്ട ആളുമായി രഹസ്യഭവനത്തിൽപോലും പ്രാർത്ഥിക്കുന്നയാളിനെ മുടക്കണം.

11. സ്ഥാനഭ്രഷ്ടനാക്കപ്പെട്ട വൈദികസ്ഥാനിയുമായി, വൈദികസ്ഥാനി എന്ന നിലയിൽ അയാളെ പരിഗണിച്ച് ഏതെങ്കിലും വൈദികസ്ഥാനി പ്രാർത്ഥിച്ചാൽ അയാളെയും സ്ഥാനഭ്രഷ്ടനാക്കണം.

12—13 മുടക്കപ്പെടുകയോ, സഭാസംസർഗത്തിന് അയോഗ്യനാക്കപ്പെടുകയോ ചെയ്ത വൈദികസ്ഥാനിയോ, അൽമായനോ,

---

4. അ. കോ. 2. 6 മായി താരതമ്യപ്പെടുത്തുക.
5. മാർച്ച് 21 നാണ് മഹാവിഷുവം. ഉയിർപ്പുതിരുനാൾ സംബന്ധിച്ച് അക്കാലത്തുണ്ടായിരുന്ന പ്രശ്നങ്ങളിലേക്ക് ഇതു വിരൽ ചൂണ്ടുന്നു.

6. കാനൻ 8—15 വരെയുള്ളവ 341 ലെ അന്ത്യോക്യൻ സിനഡിന്റെ കാനോനകളുമായി ഒത്തുപോകുന്നു. ജി. ചേടിയത്ത്, അന്ത്യോക്യൻ സഭ, പേ. 238—251.

www.malankaralibrary.com



താമസിച്ചിരുന്നിടത്തുനിന്നു മാറിപ്പോയി, ശുപാർശക്കത്തുകൾ കൂടാതെ മറെറാരിടത്തു ചെല്ലുകയും അവിടെ സ്വീകരിക്കപ്പെടുകയും ചെയ്യാനിടയായാൽ സ്വീകരിച്ചവനും സ്വീകരിക്കപ്പെട്ടവനും മുടക്കപ്പെടട്ടെ. നേരത്തെ മുടക്കപ്പെട്ടവനാണെങ്കിൽ, മുടക്കിൻെറ കാലാവധി നീട്ടിയാൽ മതിയാകും.[7]

14. ആളുകൾ നിർബന്ധിച്ചാലും ഒരു മെത്രാനും തൻെറ രൂപത ഉപേക്ഷിച്ച് മറെറാന്നിലേക്കു മാറിപ്പോകരുത്. ദൈവഭക്തിയിൽ ആ സ്ഥലത്തുള്ളവരെ നയിച്ച് ഉപരി നൻമ ഉണ്ടാക്കിക്കൊടുക്കാം എന്നു തുടങ്ങിയ കാരണങ്ങൾ ഉണ്ടെങ്കിൽ മാത്രമേ അപ്രകാരം പോകാവൂ. ഇതും അയാൾ സ്വന്ത ഇഷ്ടത്താൽ ചെയ്യാൻ പാടില്ല; മററ് മെത്രാൻമാരാണ് അത് തീരുമാനിക്കേണ്ടത്. അവർ അയാളോട് നിർബന്ധപൂർവ്വം ആവശ്യപ്പെടുകയും വേണം.

15. സ്വന്തം മെത്രാൻെറ അനുവാദം കൂടാതെ തൻെറ ഇടവക പൂർണമായി ഉപേക്ഷിക്കയും മറെറാരിടത്തുപോയി താമസമാക്കി അവിടുത്തെ ഇടവക ഏറെറടുക്കുകയും ചെയ്യുന്ന വൈദികനും ഡീക്കനും മററ് വൈദികസ്ഥാനികളും ദിവ്യരഹസ്യങ്ങൾ പരികർമ്മം ചെയ്യാൻ പാടില്ല എന്ന് ഞങ്ങൾ തീർപ്പുകല്പിക്കുന്നു; തിരികെ വരാൻ സ്വന്തമെത്രാൻ ആവശ്യപ്പെട്ടിട്ടും തിരികെ വരാതെ തൻെറ ക്രമരഹിതമായ രീതി തുടരുന്നവരെ സംബന്ധിച്ച് ഇതേറെ സംഗതമാണ്. അവിടെ അവർ അൽമായരെപ്പോലെ കൂദാശകളിൽ സംബന്ധിക്കട്ടെ.

16. അപ്രകാരമുള്ളവരെ കൂടെ താമസിപ്പിക്കയും അത്തരക്കാർ ദിവ്യരഹസ്യങ്ങൾ പരികർമ്മംചെയ്യാൻ പാടില്ല എന്ന കല്പനയെ അവഗണിച്ച് അവരെ സ്വീകരിക്കുകയും ചെയ്യുന്ന മെത്രാൻ, ക്രമരാഹിത്യം പഠിപ്പിക്കുന്ന പ്രബോധകൻ എന്ന നിലയിൽ മുടക്കപ്പെടണം.

17. മാമോദീസായ്ക്കുശേഷം രണ്ടു പ്രാവശ്യം വിവാഹം കഴിക്കുകയോ, ഒരു വെപ്പാട്ടിയെ കൂടെതാമസിപ്പിക്കുകയോ ചെയ്തയാൾ മെത്രാനോ, വൈദികനോ, ഡീക്കനോ, മറേറതെങ്കിലും വൈദികസ്ഥാനിയോ ആകാൻ പാടില്ല.[8]

---

7. കാനൻ 14 മുതൽ ഗ്രീക്കിലും ലത്തീനിലും ഒരേ നമ്പർ തന്നെ. കാനൻ 12—0, 13—0, ചേർത്ത് ഒന്നായിട്ടാണ് ഗ്രീക്കിൽ.

8. അ. കോ. 6. 17 മായി കാനൻ 17. 18. താരതമ്യപ്പെടുത്തുക.

www.malankaralibrary.com



19. രണ്ടു സഹോദരിമാരെയോ, സ്വന്തം അനന്തിരവളെയോ വിവാഹം ചെയ്തവൻ വൈദികസ്ഥാനിയാകാൻ പാടില്ല.

20. വൈദികസ്ഥാനി മററാരാൾക്കുവേണ്ടി ജാമ്യം നിന്നാൽ അവനെ സ്ഥാനഭ്രഷ്ടനാക്കണം.

18. വിധവ, ഉപേക്ഷിക്കപ്പെട്ടവർ, വേശ്യ, വീട്ടുവേലക്കാരി, നടി എന്നിവരെ വിവാഹം ചെയ്തവർ മെത്രാൻമാരോ, വൈദികരോ, ഡീക്കൻമാരോ, മററ് വൈദികസ്ഥാനികളോ ആകാൻ പാടില്ല.

21. മതപീഡനകാലത്ത് മററുള്ളവരാൽ ഷണ്ഡരാക്കപ്പെട്ടവരെയും, ഷണ്ഡൻമാരായി ജനിച്ചവരെയും, മററു സംഗതികളിൽ യോഗ്യരാണെങ്കിൽ, മെത്രാൻമാരാക്കാം.[9]

22. സ്വയം അംഗവിച്ഛേദം വരുത്തിയവനെ വൈദികസ്ഥാനിയാക്കരുത്; കാരണം അവൻ സ്വയംഹത്യകനും ദൈവികപ്രവർത്തനങ്ങളുടെ ശത്രുവുമാണ്.

23. ഏതെങ്കിലും വൈദികസ്ഥാനി അംഗവിച്ഛേദം വരുത്തിയാൽ സ്ഥാനഭ്രഷ്ടനാക്കണം; കാരണം അയാൾ സ്വയം ഹത്യകനാകുന്നു.

24. അംഗവിച്ഛേദം വരുത്തിയ അൽമായനെ, തന്റെ ജീവനെതിരായി പ്രവർത്തിച്ചതിനാൽ മൂന്നുവർഷത്തേക്ക് സഭാഭ്രഷ്ടനാക്കണം.

25. വേശ്യാവൃത്തി, കള്ളസത്യം, മോഷണം എന്നീ കുററങ്ങൾ മെത്രാനിലോ വൈദികനിലോ, ഡീക്കനിലോ ഉണ്ടെന്നു കണ്ടാൽ അവരെ സ്ഥാനഭ്രഷ്ടരാക്കണം, മുടക്കേണ്ട. കാരണം, ''ഒരേ തെററിന് രണ്ടുപ്രാവശ്യം ശിക്ഷിക്കേണ്ട'' എന്നു വിശുദ്ധ ഗ്രന്ഥം പറയുന്നു.[10] മററു വൈദികസ്ഥാനീയർക്കും ഇതു ബാധകമാണ്.[11]

---

9. കാനൻ 21—24, നിഖ്യായുടെ കാനനുമായി (1—2) താരതമ്യപ്പെടുത്തുക.

10. നാഹും 1:9; കാനൻ 25—26 നെ ബേസിൽ, പരാമർശിക്കുന്നു (ആംഫിലോക്കിയസിന്, 3).

11. ഗ്രീക്കിൽ കാനൻ 25—0, 26—0, ഒന്നിച്ച് 25 ആയിട്ടാണ്. ലത്തീനിൽ രണ്ടായിട്ടാണ്. തുടർന്നുള്ള നമ്പരുകളിലും ഈ വ്യത്യാസം കാണാം.

www.malankaralibrary.com



26. വൈദികസ്ഥാനത്തേക്കു സ്വീകരിക്കപ്പെട്ട അവിവാഹിതരിൽ തങ്ങടാംക്കിഷ്ടമുണ്ടെങ്കിൽ ''വായനക്കാരൻ'' (കാറോയാ), ''പാട്ടുകാരൻ'' (മ്സമറോനാ) എന്നിവർ മാത്രം വിവാഹിതരാകാം എന്നു ഞങ്ങരം കല്പിക്കുന്നു.[12]

27. പാപം ചെയ്ത വിശ്വാസിയേയോ, എന്തെങ്കിലും തെററു ചെയ്ത അവിശ്വാസിയേയോ, ഭീഷണിപ്പെടുത്താനായി അടിക്കുന്ന മെത്രാനെയും വൈദികനെയും ഡീക്കനെയും മുടക്കണം എന്നു ഞങ്ങരം കല്പിക്കുന്നു. കാരണം, നമ്മുടെ കർത്താവ് ഒരിക്കലും ഇങ്ങനെ ചെയ്യാൻ പഠിപ്പിച്ചിട്ടില്ല. മറിച്ച്, ''തന്നെ അടിച്ചവരെപ്പോലും അവിടുന്നു തിരിച്ചടിച്ചില്ല.; തന്നെ ദുഷിച്ചവരെ അവിടുന്നു ദുഷിച്ചില്ല: തന്നെ പീഡിപ്പിച്ചവരെ അവിടുന്നു ഭീഷണിപ്പെടുത്തിയില്ല''.[13]

28. വ്യക്തമായ ആരോപണങ്ങളുടെ പേരിൽ സ്ഥാനഭ്രഷ്ടരാക്കപ്പെട്ട മെത്രാന്മാരും വൈദികരും ഡീക്കന്മാരും മുമ്പ് തങ്ങരംക്കേല്പിക്കപ്പെട്ട ദൈവിക ശുശ്രൂഷകരംനടത്താൻ തുനിഞ്ഞാൽ, പൂർണ്ണമായി സഭയിൽ നിന്ന് വെട്ടിമാററപ്പെടണം.

29. പണംകൊണ്ട് മെത്രാൻസ്ഥാനമോ. വൈദികസ്ഥാനമോ, ഡീക്കൻസ്ഥാനമോ ആരെങ്കിലും നേടിയെടുത്താൽ, അവനെയും പട്ടം കൊടുത്തവനെയും സ്ഥാനഭ്രഷ്ടരാക്കണം. പത്രോസായ ഞാൻ ക്ഷുദ്രക്കാരൻ ശെമവോനോടു ചെയ്തതുപോലെ, എല്ലാ സംസർഗത്തിൽ നിന്നും അത്തരക്കാരെ നീക്കണം.

30. ലൗകികാധികാരികളുടെ സഹായത്താൽ ഏതെങ്കിലും പള്ളി കരസ്ഥമാക്കുന്ന മെത്രാനെ സ്ഥാനഭ്രഷ്ടനാക്കി മുടക്കണം; അതുപോലെ, അവനുമായി സംസർഗ്ഗം ചെയ്യുന്നവരെയും മുടക്കണം.

31. മതസംബന്ധമായോ നീതിസംബന്ധിച്ചോ മെത്രാനെ കുററപ്പെടുത്താൻ ഒരു ന്യായവും ഇല്ലാതിരിക്കെ തന്റെ മെത്രാനെ നിന്ദിക്കയും കുറേപ്പേരെ സംഘടിപ്പിച്ച് മറെറാരരംത്താര ഉയർത്തുകയും ചെയ്യുന്നവനെ അധികാരക്കൊതിയൻ എന്ന നിലയിൽ സ്ഥാനഭ്രഷ്ടനാക്കണം. കാരണംഅയാരം ഒരു സ്വേച്ഛാധിപതിയാണ്; അയാളോടുകൂടി ചേരുന്നവരെയും ഇങ്ങനെ ചെയ്യുന്ന വൈദികസ്ഥാനികളെയും ഇതുപോലെകൈകാര്യം ചെയ്യണം; അൽമായർ

12. അ. കോ. 6.17 കാണുക.
13. 1 പത്രോ. 2:23.

www.malankaralibrary.com



മുടക്കപ്പെടണം. മെത്രാൻ മുന്നുപ്രാവശ്യം ഉപദേശിച്ചിട്ടേ ഇപ്രകാരം പ്രവർത്തിക്കാവൂ.[14]

32. ഏതെങ്കിലും മെത്രാൻ മുടക്കിയ ആളെ, മുടക്കിയ മെത്രാൻ മരിച്ചാലല്ലാതെ, മററാരും സഭാസംസർഗത്തിലേക്കു സ്വീകരിക്കരുത്.

33. ശുപാർശക്കത്തുകൾ കൂടാതെ അപരിചിതരായ മെത്രാന്മാരെയോ വൈദികരെയോ, ഡീക്കൻമാരെയോ സ്വീകരിക്കരുത്. കത്തുകൾ ഉള്ളവരെ പരിശോധനാവിധേയരാക്കണം; അവർ ദൈവികത്വത്തിൻെറ പ്രബോധകരാണെങ്കിൽ അവരെ സ്വീകരിക്കണം. അല്ലെങ്കിൽ അവർക്കാവശ്യമുള്ളവ നൽകി പറഞ്ഞയക്കണം. അവരെ സംസർഗത്തിലേക്കു സ്വീകരിക്കരുത്; കാരണം, കാപട്യപൂർവം പല സംഗതികളും നടന്നുവരുന്നുണ്ട്.

34. തങ്ങളുടെ ഇടയിൽ ഒന്നാമനായ മെത്രാനെ ഓരോ രാജ്യത്തുമുള്ള മെത്രാൻമാർ അംഗീകരിച്ച് തങ്ങളുടെ തലവനായി സ്വീകരിക്കണം; അദ്ദേഹത്തിൻെറ അംഗീകാരം കൂടാതെ ഒന്നും പ്രവർത്തിക്കരുത്. എന്നാൽ ഓരോരുത്തനും തൻെറ സ്വന്തം ഇടവകയും അതിനോട് ചേർന്ന സ്ഥലത്തുള്ള കാര്യവും സ്വന്തമായി ചെയ്യട്ടെ. തലവനായ ആൾ പോലും എല്ലാവരുടെയും സമ്മതം കൂടാതെ ഒന്നും ചെയ്യാൻ പാടില്ല. അപ്പോൾ അവിടെ ഐകമത്യം ഉണ്ടായിരിക്കും; ക്രിസ്തുവിലൂടെ പരിശുദ്ധാത്മാവിൽ ദൈവം മഹത്വപ്പെടുകയും ചെയ്യും.

35. തൻെറ കീഴിലല്ലാത്ത സ്ഥലങ്ങളിലും നഗരങ്ങളിലും പോയി ഒരുമെത്രാനും പട്ടം കൊടുക്കാൻ തുനിയരുത്. അവിടെ അധികാരമുള്ളവരുടെ സമ്മതം കൂടാതെ അപ്രകാരം ചെയ്യുന്നവരെയും പട്ടം സ്വീകരിച്ചവരെയും സ്ഥാനഭ്രഷ്ടരാക്കണം.

36. മെത്രാനായി വാഴിക്കപ്പെട്ടയാൾ തൻെറ ശുശ്രൂഷാസ്ഥാനം ഏറെറടുത്ത് തൻെറ ചുമതലയിലേല്പിക്കപ്പെട്ടവരുടെ കാര്യം അന്വേഷിക്കാതിരുന്നാൽ, ചുമതല ഏറെറടുക്കുന്നതുവരെ അയാളെ മുടക്കണം; അതുപോലെ തന്നെ വൈദികരുടെയും ഡീക്കൻമാരുടെയും കാര്യം. എന്നാൽ അദ്ദേഹം അവിടെ സ്വന്തം ഇഷ്ടത്താൽ പോകുകയും ആളുകളുടെ ദുഷ്ടത നിമിത്തം സ്വീകരിക്കപ്പെടാതിരിക്കയും ചെയ്താൽ മെത്രാനായി തുടരട്ടെ; അനുസരണമില്ലാത്ത ജനത്തെ നഗരത്തിലെ വൈദികർ തിരുത്താഞ്ഞതിനാൽ വൈദികർ മുടക്കപ്പെടട്ടെ.

---

14. കാനൻ 31 — 40 അന്ത്യോക്യൻ സിനഡിൻെറ (341) കാനോനാകളുമായി ഒത്തുപോകുന്നു.

www.malankaralibrary.com



37. മെത്രാൻമാർ ആണ്ടിൽ രണ്ടു പ്രാവശ്യം ഒന്നിച്ചുകൂടി, സഭാ സംബന്ധമായ സംഗതികളും, തർക്കങ്ങളുടലെടുത്തിട്ടുണ്ടെങ്കിൽ അവയും ചർച്ചചെയ്തു തീരുമാനിക്കട്ടെ ഒരു യോഗം പെന്തിക്കോസ്തിയുടെ നാലാം ആഴ്ചയും (ഉയിർപ്പുപെരുന്നാൾ കഴിഞ്ഞ് നാലാം ആഴ്ചയും) മററത് ഒക്ടോബർ പന്ത്രണ്ടിനുമായിരിക്കട്ടെ.

38. സഭാസംബന്ധമായ എല്ലാററിൻമേലും മെത്രാനു ശ്രദ്ധ ഉണ്ടായിരിക്കണം; ദൈവിക മേൽനോട്ടത്തിൻകീഴിലെന്നപോലെ അവൻ അവയെല്ലാം പരിപാലിക്കണം. അവൻ ഒന്നും ഇല്ലായ്മയാക്കി കളയരുത്; ദൈവത്തിൻെറ വക തൻെറ ബന്ധുക്കൾക്ക് പങ്കിട്ടു കൊടുക്കയുമരുത്. അവർ സാധുക്കളാണെങ്കിൽ അവരെ ഉദ്ധരിക്കണം. എന്നാൽ അതിൻെറ മറവിൽ സഭാവസ്തുക്കളൊന്നും വില്ക്കാൻ പാടില്ല.

39. മെത്രാൻെറ അംഗീകാരം കൂടാതെ വൈദികരും ഡീക്കന്മാരും ഒന്നും പ്രവർത്തിച്ചു കൂടാ; കർത്താവിൻെറ ജനത്തെ അയാളെയാണ് ഭരമേല്പിച്ചിരിക്കുന്നത്. അവരുടെ ആത്മാക്കളെക്കുറിച്ച് അയാളോടാണ് കണക്കു ചോദിക്കപ്പെടുക.[15]

40. മെത്രാന് സ്വകാര്യസ്വത്തുക്കളുണ്ടെങ്കിൽ അവയും കർത്താവിനുള്ളവയും കൃത്യമായി വേർതിരിക്കപ്പെട്ടിരിക്കണം. മെത്രാൻ മരിക്കുമ്പോൾ തൻെറ സ്വന്തമായിട്ടുള്ളവ തനിക്കിഷ്ടമുള്ളവർക്ക് ഇഷ്ടമുള്ള രീതിയിൽ നൽകാൻ അദ്ദേഹത്തിനു സാധിക്കുന്നതിനു വേണ്ടിയാണിത്. സഭാവസ്തുക്കളുടെ പേരിൽ മെത്രാൻെറ സ്വന്തമായിട്ടുള്ളവ നഷ്ടപ്പെടാൻ ഇടയാകരുത്. അദദേഹത്തിന് ഭാര്യയോ മക്കളോ, ബന്ധുക്കളോ, വേലക്കാരോ കാണാം. മെത്രാൻെറ വസ്തുവകകൾ ഏവയെന്ന് അറിവില്ലാതെ വന്ന് സഭയ്ക്ക് നഷ്ടമൊന്നും വരാൻ പാടില്ല; അതുപോലെ സഭയുടെ തന്നെ പേരിൽ ബന്ധുക്കൾക്കും നഷ്ടം വരാൻ പാടില്ല. ഇതു ദൈവത്തിൻെറയും മനുഷ്യരുടെയും മുൻപാകെ നീതിയുക്തമാണ്. മെത്രാൻെറ ബന്ധുക്കൾ കോടതിവ്യവഹാരങ്ങൾക്കിറങ്ങി പുറപ്പെട്ട് മരണശേഷം അദ്ദേഹത്തിൻെറ നാമത്തിനു കളങ്കം ചാർത്താനും പാടില്ല.

41. സഭാസ്വത്തുക്കളിന്മേൽ മെത്രാന് അധികാരം ഉണ്ടായിരിക്കണം എന്നു ഞങ്ങൾ തീരുമാനിക്കുന്നു. അമൂല്യമായ മനുഷ്യാ

---

15. ലത്തീനിൽ കാനൻ 39-ാം, 40-ാം, ഒന്നിച്ചാണ്; ഗ്രീക്കിൽ രണ്ടായിട്ടാണ്. തുടർന്നുള്ള നമ്പരുകൾ ഒരുപോലെ തന്നെ.

www.malankaralibrary.com



ത്മാക്കൾ അവർക്കു ഭരമേല്പിക്കപ്പെടുന്നെങ്കിൽ, എത്രയധികമായി ലൗകിക സമ്പാദ്യങ്ങൾ ഭരമേല്പിക്കപ്പെടണം. തന്റെ സ്വന്ത അധികാരത്താൽ അദ്ദേഹം അവയെ പരിപാലിക്കയും ദൈവഭയത്തിലും ഭക്തിയിലും, വൈദികരും ഡീക്കൻമാരും വഴി ആവശ്യക്കാർക്ക് അവ പങ്കിട്ടുകൊടുക്കുകയും ചെയ്യട്ടെ. അയാൾ അരിഷ്ടനാകാതിരിക്കാൻ തനിക്കും, താൻ ആതിഥ്യമര്യാദ കാട്ടേണ്ടവർക്കും ആവശ്യമുള്ളവ വേണമെങ്കിൽ, എടുത്തുകൊള്ളുക. കാരണം അൾത്താരയിൽശുശ്രൂഷ ചെയ്യുന്നവർ അൾത്താര കൊണ്ട് ജീവിക്കണമെന്ന് ദൈവികകല്പന നിശ്ചയിച്ചിരിക്കുന്നു. സ്വന്തചെലവിൽ സൈന്യസേവനം ചെയ്യുന്ന പട്ടാളക്കാരില്ലല്ലോ.

42. ചൂതുകളിക്കോ മദ്യപാനത്തിനോ അടിപ്പെട്ട മെത്രാനോ, വൈദികനോ, ഡീക്കനോ ഉണ്ടെങ്കിൽ, അതുപേക്ഷിക്കുക; ഇല്ലെങ്കിൽ അവരെ സ്ഥാനഭ്രഷ്ടരാക്കുക.

43. സബ്ഡീക്കൻ, വായനക്കാരൻ, പാട്ടുകാരൻ എന്നിവർ ഇപ്രകാരമാണെങ്കിൽ, അതുപേക്ഷിക്കുക; അല്ലെങ്കിൽ അവരെ സഭാഭ്രഷ്ടരാക്കുക. അതുപോലെതന്നെ അൽമായരെയും.

44. വായ്പ വാങ്ങുന്നവരിൽനിന്ന് അന്യായപ്പലിശ വാങ്ങുന്ന മെത്രാനും വൈദികനും ഡീക്കനും അതിൽനിന്നു പിൻമാറണം; അല്ലെങ്കിൽ അവരെ സ്ഥാനഭ്രഷ്ടരാക്കണം.

45. പാഷണ്ഡികളോടുകൂടി പ്രാർത്ഥിക്കുകമാത്രം ചെയ്ത മെത്രാനെയും വൈദികനെയും ഡീക്കനെയും മുടക്കുക; സഭാസംബന്ധമായ കർമ്മം നടത്താൻ അവരെ അനുവദിച്ചാൽ അവരെ സ്ഥാനഭ്രഷ്ടരാക്കുക.

46. പാഷണ്ഡരുടെ മാമോദീസായോ കുർബാനയോ അംഗീകരിക്കുന്ന മെത്രാനെ സ്ഥാനഭ്രഷ്ടരാക്കണമെന്ന് ഞങ്ങൾ തീരുമാനിക്കുന്നു. ക്രിസ്തുവിനും ബലിയാലിനും തമ്മിലെന്തു ബന്ധം? വിശ്വാസിക്കും അവിശ്വാസിക്കും തമ്മിലെന്തു ബന്ധം?

47. ശരിയായി സ്നാനം സ്വീകരിച്ചവരെ വീണ്ടും സ്നാനപ്പെടുത്തുകയോ, അഭക്തരുമായി ചേർന്ന് അശുദ്ധരായവരെ വീണ്ടും സ്നാനപ്പെടുത്താതിരിക്കുകയോ ചെയ്യുന്ന മെത്രാനെയും വൈദികനെയും, കർത്താവിന്റെ കുരിശിനെയും മരണത്തെയും നിന്ദിക്കുന്നവരെന്ന നിലയിലും, തെററായ വൈദികരെയും ശരിയായവരെയും തിരിച്ചറിയാൻ കഴിവില്ലാത്തവരെന്ന നിലയിലും സ്ഥാനഭ്രഷ്ടരാക്കണം.

www.malankaralibrary.com



48. തൻെറ ഭാര്യയെ ഉപേക്ഷിച്ച് മററൊരുത്തിയെയോ, വേറൊരാൾ ഉപേക്ഷിച്ചവളെയോ, വിവാഹം കഴിക്കുന്ന അൽമായൻ മുടക്കപ്പെടട്ടെ.

49. കർത്തൃപ്രബോധനമനുസരിച്ച് പിതാവിൻെറയും പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും നാമത്തിൽ സ്നാനപ്പെടുത്താതെ, ഉത്ഭവമില്ലാത്ത മൂന്നു യാഥാർത്ഥ്യങ്ങളുടെയോ, മൂന്നു പുത്രൻമാരുടെയോ, മൂന്ന് ആശ്വാസപ്രദൻമാരുടെയോ നാമത്തിൽ സ്നാനപ്പെടുത്തുന്ന മെത്രാനെയും സ്ഥാനഭ്രഷ്ടരാക്കണം.[16]

50. ആനീതരാക്കുന്ന ഏകശുശ്രൂഷ മൂന്നുപ്രാവശ്യത്തെ മുങ്ങൽ വഴി നടത്താതെ, ''കർത്താവിൻെറ മരണത്തിലേക്ക്'' ഒരിക്കൽ മാത്രം മുക്കി സ്നാനപ്പെടുത്തുന്ന വൈദികനെയും മെത്രാനെയും സ്ഥാനഭ്രഷ്ടരാക്കണം. 'എൻെറ മരണത്തിൽ സ്നാനപ്പെടുത്തുക' എന്നല്ല, 'നിങ്ങൾപോയി എല്ലാ ജാതികളെയും ശിഷ്യപ്പെടുത്തി പിതാവിൻെറയും പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും നാമത്തിൽ സ്നാനപ്പെടുത്തുക' എന്നത്രേ കർത്താവ് കല്പിച്ചത്.

51. മെത്രാൻ, വൈദികൻ, ഡീക്കൻ, വൈദികസ്ഥാനത്തുള്ള മററുള്ളവർ എന്നിവർ മതപരമായ കാരണങ്ങളാലല്ലാതെ, വിവാഹം, മാംസം, വീഞ്ഞ് എന്നിവയിൽ നിന്നൊഴിഞ്ഞിരിക്കുകയും, അവയെ വെറുക്കുകയും, 'ദൈവം സൃഷ്ടിച്ചവയെല്ലാം നല്ലതാണെന്നും, (ഉല്പ. 1:31) അവൻ അവരെ ആണും പെണ്ണുമായി സൃഷ്ടിച്ചു' എന്നും (ഉല്പ. 1:26) ഉള്ള സംഗതിമറന്ന് സൃഷ്ടികർമ്മത്തെ ദുഷിക്കുകയും ചെയ്താൽ തിരുത്തപ്പെടണം; തിരുത്തിയില്ലെങ്കിൽ അവരെ സ്ഥാനഭ്രഷ്ടരാക്കണം; സഭയ്ക്കു പുറത്താക്കുകയും വേണം. അപ്രകാരം തന്നെ അൽമായരെയും.[17]

52. പാപത്തിൽനിന്നു പിൻതിരിഞ്ഞുവരുന്നവനെ സ്വീകരിക്കാതെ തിരസ്ക്കരിക്കുന്ന മെത്രാനെയും വൈദികനെയും സഭാഭ്രഷ്ടരാക്കണം. 'കാരണം, അനുതപിക്കുന്ന പാപിയുടെ മാനസാന്തരത്തിൽ സ്വർഗത്തിൽ വലിയ സന്തോഷമുണ്ടാകും' എന്നു പറഞ്ഞ ക്രിസ്തുവിനെ (ലൂക്കോ. 15:7) അവൻ ദുഃഖിപ്പിക്കുന്നു[18]

53. മതപരമായ കാരണങ്ങളാലല്ല, വെറുപ്പുകൊണ്ട് പെരുന്നാൾ ദിവസങ്ങളിൽ മാംസവും വീഞ്ഞും ഉപയോഗിക്കാത്ത മെത്രാനെയും

---

16. അ. കോ. 6. 11. 26-മായി താരതമ്യപ്പെടുത്തുക.
17. അ. കോ. 6:8. 10:26—മായി താരതമ്യപ്പെടുത്തുക.
18. അ. കോ. 2:12.13—മായി താരതമ്യപ്പെടുത്തുക.

www.malankaralibrary.com



വൈദികനെയും ഡീക്കനെയും, തെറായ മനസാക്ഷി ഉള്ളവർ എന്ന നിലയിലും (1 തിമോ 4:2) അനേകർക്ക് ഇടർച്ചയ്ക്ക് കാരണക്കാർ എന്ന നിലയിലും പരിഗണിച്ച് സ്ഥാനഭ്രഷ്ടരാക്കണം.[19]

54. അത്യാവശ്യംകൊണ്ട്, യാത്രാമധ്യേ സത്രത്തിൽ താമസിക്കേണ്ടി വരുമ്പോഴല്ലാതെ; വഴിയമ്പലങ്ങളിൽ കയറി ഭക്ഷിക്കുന്ന വൈദികസ്ഥാനീയരെ മുടക്കണം.

55. മെത്രാനെ ദുഷിക്കുന്ന വൈദികസ്ഥാനിയെ സ്ഥാനഭ്രഷ്ടനാക്കണം. കാരണം, 'നിന്റെ ജനത്തിന്റെ തലവനെ ദുഷിക്കരുത്' എന്നുണ്ടല്ലോ(പുറ. 22:28).

56. വൈദികരെയോ ഡീക്കൻമാരെയോ ദുഷിക്കുന്ന അൽമായനെ മുടക്കണം.

57. മുടന്തനേയും ചെകിടനേയും കുരുടനേയും കാലുകൾക്ക് വികലതയുള്ളവനേയും കളിയാക്കുന്ന വൈദികസ്ഥാനിയെ മുടക്കണം; അപ്രകാരംതന്നെ അൽമായരെയും.

58. തന്റെ വൈദികസ്ഥാനീയരെയും ജനങ്ങളെയും പരിഗണിക്കാതെയും ദൈവഭയത്തിൽ അവരെ അഭ്യസിപ്പിക്കാതെയും ഇരിക്കുന്ന മെത്രാനെയും വൈദികരെയും മുടക്കണം; തന്റെ അലസതയിലും അശ്രദ്ധയിലും അയാൾ ഉറച്ചുനിന്നാൽ അയാളെ സ്ഥാനഭ്രഷ്ടനാക്കണം.

59. തന്റെ കീഴിലുള്ള വൈദികസ്ഥാനി ആവശ്യത്തിലായിരിക്കെ അയാളെ സഹായിക്കാത്ത മെത്രാനും വൈദികനും ഡീക്കനും മുടക്കപ്പെടട്ടെ. അവൻ അതിൽതന്നെ നിലനിന്നാൽ, തന്റെ സഹോദരനെ കൊന്നവൻ എന്ന നിലയിൽ സ്ഥാനഭ്രഷ്ടനാക്കപ്പെടട്ടെ.[20]

60. വൈദികസ്ഥാനീയരുടെയും ജനങ്ങളുടെയും നാശത്തിനു വേണ്ടി, അഭക്തരുടെ അപ്പോക്രീഫൽ ഗ്രന്ഥങ്ങൾ വിശുദ്ധഗ്രന്ഥങ്ങളെന്നപോലെ പള്ളിയിൽ പരസ്യമായി വായിക്കുന്നവൻ സ്ഥാനഭ്രഷ്ടനാക്കപ്പെടട്ടെ.[21]

61. ഏതെങ്കിലും വിശ്വാസിക്കെതിരെ വ്യഭിചാരം, അശുദ്ധി, മറേറതെങ്കിലും അരുതാത്ത പ്രവൃത്തി എന്നിവയിലേതെങ്കിലും ആരോപണങ്ങൾ ഉന്നയിക്കപ്പെടുകയും അതു തെളിയിക്കപ്പെടുകയും ചെയ്താൽ അയാളെ വൈദികസ്ഥാനിയാക്കാൻ പാടില്ല.

---

19. അ. കോ. 6:20—മായി താരതമ്യപ്പെടുത്തുക.
20. അന്ത്യോക്യാസിനഡ് (341) കാനൻ 25—മായി താരതമ്യപ്പെടുത്തുക.
21. അ. കോ. 6. 16 — മായി താരതമ്യപ്പെടുത്തുക.

www.malankaralibrary.com



62. യൂദർ, ജാതികൾ, പാഷണ്ഡികൾ ആദിയായവരെക്കുറിച്ചുള്ള ഭയംനിമിത്തം ഏതെങ്കിലും വൈദികസ്ഥാനി ക്രിസ്തുവിൻെറ നാമം നിഷേധിച്ചുപറഞ്ഞാൽ അവനെ പുറന്തള്ളണം. അവൻ ഒരു വൈദികസ്ഥാനിയെ തള്ളിപ്പറഞ്ഞാൽ അവനെ സ്ഥാനഭ്രഷ്ടനാക്കണം. അവൻ അനുതപിച്ചാൽ അൽമായനായി തിരികെ എടുക്കാം.

63. മെത്രാൻ, വൈദികൻ, ഡീക്കൻ, വൈദികസ്ഥാനത്തുള്ള മററാളുകൾ ആദിയായവർ രക്തത്തോടുകൂടിയതോ, മൃഗങ്ങൾ കൊന്നവയുടെയോ, ചത്തമൃഗങ്ങളുടെയോ മാംസം ഭക്ഷിച്ചാൽ, അവനെ സ്ഥാനഭ്രഷ്ടനാക്കണം. കാരണം നിയമം ഇത് നിഷിദ്ധമായി കണക്കാക്കുന്നു (ഉല്പ. 9: ലേവ്യ. 17). അവനൊരൽമായനാണെങ്കിൽ അവനെ മുടക്കണം.

64. ഏതെങ്കിലും വൈദികസ്ഥാനിയോ അൽമായനോ പ്രാർത്ഥിക്കാനായി യൂദരുടെയോ പാഷണ്ഡരുടെയേ സിനഗോഗിൽ പ്രവേശിച്ചാൽ, വൈദികസ്ഥാനിയെ സ്ഥാനഭ്രഷ്ടരാക്കണം, അൽമായരെ മുടക്കണം.[22]

65. കലഹത്തിൽ ഏതെങ്കിലും വൈദികസ്ഥാനി ഒരുവനെ അടിക്കയും ഒററയടിക്കവൻ മരിക്കയും ചെയ്താൽ അവൻെറ അക്രമത്തിന് അവനെ സ്ഥാനഭ്രഷ്ടനാക്കണം. അവനൊരൽമായനാണെങ്കിൽ അവനെ മുടക്കണം.[23]

66. കർത്തൃദിവസത്തിലോ, ഒന്നൊഴിച്ച്, മററ് ശാബതുകളിലോ ഉപവസിക്കുന്ന വൈദികസ്ഥാനിയെ സ്ഥാനഭ്രഷ്ടനാക്കണം. അൽമായനാണെങ്കിൽ മുടക്കണം.

67. വിവാഹനിശ്ചയം ചെയ്യാത്ത ഒരു കന്യകയെ നിർബന്ധിച്ച് തടഞ്ഞുവയ്ക്കുന്നവനെ മുടക്കണം. അവൾ ദരിദ്രയാണെങ്കിലും അവൻ മറെറാരുത്തിയെ സ്വീകരിക്കാതെ അവളെത്തന്നെ വിവാഹം കഴിക്കണം.

68. മെത്രാനോ, വൈദികനോ, ഡീക്കനോ ആരിൽനിന്നെങ്കിലും രണ്ടാമത് അഭിഷേകം (?) പട്ടം വാങ്ങിയാൽ അവനും പട്ടംനൽകിയവനും സ്ഥാനഭ്രഷ്ടരാക്കപ്പെടട്ടെ; തൻെറ പട്ടം പാഷണ്ഡികളിൽനിന്നാണെന്ന് അല്ലെങ്കിൽ അവൻ തെളിയിക്കണം. അത്തരക്കാരിൽ നിന്ന് സ്നാനമേററവരോ പട്ടമേററവരോ വിശ്വാസികളുമല്ല, വൈദികസ്ഥാനികളുമല്ല.

22. അ. കോ. 5 : 20 — മായി താരതമ്യപ്പെടുത്തുക.
23. അ. കോ. 2 : 61 — മായി താരതമ്യപ്പെടുത്തുക.

www.malankaralibrary.com



69. ശാരീരികബലഹീനതയില്ലാതെ വിശുദ്ധ ഉയിർപ്പിന്റെ നാല്പതാം ഉപവാസമോ, നാലാം ദിവസത്തേയോ, ഒരുക്കദിവസത്തേയോ ഉപവാസമോ ഉപേക്ഷിക്കുന്ന മെത്രാനെയും വൈദികനെയും ഡീക്കനെയും സ്ഥാനഭ്രഷ്ടരാക്കണം. അൽമായനാണെങ്കിൽ മുടക്കണം.

70. യഹൂദരോടു കൂടി ഉപവസിക്കയും പെരുന്നാൾ ആഘോഷിക്കുകയും, പുളിപ്പില്ലാത്ത അപ്പം, അതുപോലുള്ള മററ്സംഗതികൾ തുടങ്ങി അവരുടെ പെരുന്നാളുകളുടെ സാധനങ്ങൾ സ്വീകരിക്കുകയും ചെയ്യുന്ന മെത്രാനെയും വൈദികനെയും ഡീക്കനെയും മററ് വൈദികസ്ഥാനികളെയും സ്ഥാനഭ്രഷ്ടരാക്കണം. അൽമായരാണെങ്കിൽ മുടക്കണം.

71, പുറജാതികളുടെ അമ്പലത്തിലോ യഹൂദരുടെ സിനഗോഗിലോ അവരുടെ പെരുന്നാളിന് എണ്ണകൊണ്ടുപോയി കത്തിക്കുന്ന ക്രിസ്ത്യാനി മുടക്കപ്പെടട്ടെ.

72. വൈദികസ്ഥാനിയോ അൽമായനോ വിശുദ്ധസഭയിൽ നിന്ന് മെഴുകോ എണ്ണയോ എടുത്തുകൊണ്ടുപോയാൽ അവൻ മുടക്കപ്പെടട്ടെ. (അവൻ എടുത്തതിനെക്കാൾ അഞ്ചിരട്ടി കൂടുതൽ തിരികെ നൽകട്ടെ.)[24]

73. പള്ളിയിലെ സ്വർണ്ണപ്പാത്രമോ, വെള്ളിപ്പാത്രമോ ശുദ്ധീകരിക്കപ്പെട്ട തുണികളോ ആരും സ്വകാര്യോപയോഗത്തിന് എടുക്കരുത്; അത് നിയമം വിലക്കിയിരിക്കുന്നു. അപ്രകാരം ചെയ്യുന്നതായി കണ്ടെത്തപ്പെടുന്നവനെ മുടക്കണം.

74. ഏതെങ്കിലും മെത്രാനെപ്പററി വിശ്വാസികളായ ആളുകൾ ആരോപണമുന്നയിച്ചാൽ മെത്രാന്മാർ അയാളെ വിളിക്കണം. പ്രസ്തുത മെത്രാൻഹാജരായി തെററ് ഏററുപറയുകയോ, കുററം തെളിയിക്കപ്പെടുകയോ ചെയ്താൽ ഉചിതമായ ശിക്ഷ നൽകണം. എന്നാൽ മെത്രാൻമാർ വിളിച്ചിട്ട് വരാതിരുന്നാൽ രണ്ടാമത് രണ്ടുമെത്രാൻന്മാർ പോയി വിളിക്കണം: (അപ്പോഴും വരുന്നില്ലെങ്കിൽ മൂന്നാമതും രണ്ടുമെത്രാന്മാർ പോയി വിളിക്കണം.) എന്നാലതു തിരസ്ക്കരിച്ച് വരാതിരുന്നാൽ, വിധിതീർപ്പിനെ ഒഴിഞ്ഞുമാറി അയാൾ രക്ഷപെടാതിരിക്കാൻ സിനഡ് ഉചിതമായ വിധി നൽകട്ടെ.

75 മെത്രാനെതിരായി ഒരു പാഷണ്ഡിയുടെയോ ഒരൽമായന്റെ മാത്രമോ സാക്ഷ്യം സ്വീകരിച്ചുകൂടാ; കാരണം, "രണ്ടോ മൂന്നോ സാക്ഷികളുടെ വായാൽ എല്ലാ വാക്കുകളും സ്ഥിരീകരിക്കപ്പെടണം" (ആവ. 19: 15).

---

24. ലേവ്യ. 5 : 16,

www.malankaralibrary.com



76. ഒരു മെത്രാനും സഹോദരനോടോ, പുത്രനോടോ, മററ് ഏതെങ്കിലും ബന്ധുവിനോടോ ഉള്ള പരിഗണന നിമിത്തം തനിക്കിഷ്ടമുള്ളയാളെ മെത്രാൻസ്ഥാനത്തേയ്ക്കുയർത്തരുത്; ദൈവിക സംഗതികൾ മാനുഷിക താല്പര്യമനുസരിച്ച് ചെയ്തുകൊണ്ട് മെത്രാൻസ്ഥാനത്തേയ്ക്ക് അനന്തരാവകാശികളെ വാഴിക്കുന്നത് ശരിയല്ല. ദൈവത്തിന്റെ സഭയെ അനന്തരാവകാശികൾക്ക് അടിയറവയ്ക്കുന്നതും നല്ലതല്ല. മറിച്ചാരെങ്കിലും ചെയ്താൽ ആ പട്ടം ഫലരഹിതമായിരിക്കും (void). പട്ടം കൊടുക്കുന്നയാൾ മുടക്കപ്പെട്ട് ശിക്ഷിക്കപ്പെടണം.25

77. ഒററക്കണ്ണനോ, മുടന്തനോ ആണെങ്കിലും മററ് സംഗതികളിൽ യോഗ്യനായ ആൾക്ക് മെത്രാൻപട്ടം കൊടുക്കാം. ശാരീരിക വൈകല്യമല്ല, ആത്മാവിന്റെ മാലിന്യമാണ് മനുഷ്യനെ മലിനനാക്കുന്നത്.

78. കുരുടനും ബധിരനുമായ ആളെ മെത്രാനാക്കരുത്. അവൻ മലിനനാണ് എന്നു കരുതിയല്ലിത്. പിന്നെയോ സഭാസംഗതികൾക്ക് ഒരു തടസവും ഉണ്ടാകാതിരിക്കാനാണിത്.

79. പിശാചുബാധിതനെ വൈദികഗണത്തിൽ ഉൾപ്പെടുത്തരുത്. അയാൾ വിശ്വാസികളുടെ കൂടെ പ്രാർത്ഥിക്കാനും പാടില്ല. അവൻ വിമുക്തനായാൽ അവനെ സംസർഗത്തിലേക്ക് സ്വീകരിക്കാം: അവൻ യോഗ്യനാണെങ്കിൽ അവനു പട്ടം കൊടുക്കാം.26

80. പുറജാതികളുടെ ഇടയിൽനിന്ന് സ്നാനപ്പെട്ട് ക്രിസ്ത്യാനിയായി തീർന്ന പുതിയ ക്രിസ്ത്യാനിയെയോ ദുഷ്ടവഴിയിൽ നിന്നു പിൻതിരിഞ്ഞ് വന്നവനെയോ പെട്ടെന്ന് മെത്രാനാക്കരുത്. കാരണം പരിശോധനാവിധേയനാകാത്തവൻ മററുള്ളവരുടെ പ്രബോധകനാകാൻ പാടില്ല. എന്നാൽ അവനേപ്രതി ദൈവകൃപയുടെ പ്രത്യേക പ്രത്യക്ഷത ഉണ്ടാകുകയാണെങ്കിൽ ഇപ്രകാരം ചെയ്യാവുന്നതാണ്.27

81. മെത്രാനും വൈദികനും ലൗകിക സംഗതികളുടെ പരിപാലനത്തിൽ ശ്രദ്ധിക്കാതെ സഭാസംബന്ധമായ കാര്യങ്ങളിൽ ദത്തശ്രദ്ധരായിരിക്കണമെന്ന് ഞങ്ങൾ പറഞ്ഞല്ലോ. അവർ അപ്രകാരം ചെയ്യാൻ പ്രേരിതരാകട്ടെ; അല്ലെങ്കിൽ സ്ഥാനഭ്രഷ്ടരാക്കപ്പെടട്ടെ. കാരണം, കർത്തൃവിധിവാചകമനുസരിച്ച് "ഒരുവനും രണ്ടു യജമാനൻമാരെ സേവിക്കാൻ സാധിക്കയില്ല". (മത്താ. 6. 24).

25. അന്ത്യോക്യൻ സിനഡ് (341) കാനൻ 23-മായി താരതമ്യപ്പെടുത്തുക.
26. അ. കോ. 8. 32-മായി താരതമ്യപ്പെടുത്തുക.
27. 1 തിമോ. 3. 6, നിഖ്യാ, കാനൻ 2.

www.malankaralibrary.com



82. യജമാനന്മാരുടെ സമ്മതം കൂടാതെ ദാസന്മാരെ വൈദീക ഗണത്തിൽ ചേർക്കാൻ ഞങ്ങൾ അനുവദിക്കുന്നില്ല. എന്നാൽ നമ്മുടെ ഒനേസിമോസിനെപ്പോലെ തയ്യാറാകുകയും യജമാനന്മാർ സമ്മതിച്ച് സ്വതന്ത്രരാക്കുകയും വീട്ടിൽ നിന്ന് വിട്ടയയ്ക്കുകയും ചെയ്താൽ യോഗ്യരായ ദാസൻമാർക്കു പട്ടം കൊടുക്കാം.

83. സൈന്യസേവനം ചെയ്യുകയും റോമൻ സർക്കാർഉദ്യോഗവും പൗരോഹിത്യപദവിയും ഒരേ സമയം വച്ചുകൊണ്ടിരിക്കാനാഗ്രഹിക്കയും ചെയ്യുന്ന മെത്രാനെയും വൈദികനെയും ഡീക്കനെയും സ്ഥാനഭ്രഷ്ടനാക്കണം. കാരണം സീസറിനുള്ളത് സീസറിനും ദൈവത്തിനുള്ളത് ദൈവത്തിനുമാകുന്നു (മത്താ. 22 : 21).

84. ശരിയായ സംഗതിക്കെതിരെ രാജാവിനെയോ, ഭരണാധികാരിയേയോ, നിന്ദിക്കുന്നവൻ ശിക്ഷിക്കപ്പെടണം; അവൻ വൈദികസ്ഥാനിയാണെങ്കിൽ സ്ഥാനഭ്രഷ്ടനാക്കപ്പെടട്ടെ; അൽമായനാണെങ്കിൽ മുടക്കപ്പെടട്ടെ.

85. വൈദികസ്ഥാനികളും അൽമായരും ആയ നിങ്ങളെല്ലാവരും താഴെപ്പറയുന്ന ഗ്രന്ഥങ്ങൾ പരിപാവനമായി കരുതണം: പഴയനിയമത്തിൽ മോശയുടെ അഞ്ചുപുസ്തകങ്ങൾ—ഉല്പത്തി, പുറപ്പാട്, ലേവ്യർ, സംഖ്യ, ആവർത്തനം: നൂൻെറ മകനായ ജോഷ്വായുടെ ഒന്ന്; ന്യായാധിപൻമാർ ഒന്ന്; റൂത്ത് ഒന്ന്; രാജാക്കൻമാരുടേത് നാല്; ദിനവൃത്താന്തം രണ്ട്, എസ്രാ രണ്ട്; എസ്തേർ ഒന്ന്; (യൂദിത് ഒന്ന്); മക്കബായർ മൂന്ന്; ജോബ് ഒന്ന്; സങ്കീർത്തനം ഒന്ന്; സോളമൻ മൂന്ന് - സദൃശ്യവാക്യങ്ങൾ, സഭാപ്രസംഗകൻ, ഉത്തമഗീതം; പ്രവാചകർ പന്ത്രണ്ട്—ഏശായാ ഒന്ന്; ജറമിയാ ഒന്ന്, എസക്കിയേൽ ഒന്ന്; ദാനിയേൽ ഒന്ന്. ഇവ കൂടാതെ പണ്ഡിതനായ സിറാഹിൻെറ വിജ്ഞാനം കൂടി നിങ്ങളുടെ യുവജനങ്ങളെ പഠിപ്പിക്കാൻ ശുപാർശചെയ്യുന്നു. നമ്മുടെ പുസ്തകങ്ങൾ - അതായത്, പുതിയനിയമത്തിലുള്ളവ-മത്തായി, മർക്കോസ്, ലൂക്കോസ് യോഹന്നാൻ എന്നിവരുടെ നാല് സുവിശേഷങ്ങൾ; പൗലോസിൻെറ പതിനാല് ലേഖനങ്ങൾ; പത്രോസിൻെറ രണ്ട് ലേഖനങ്ങൾ; യോഹന്നാൻെറ മൂന്ന്; യാക്കോബിൻെറ ഒന്ന്, യൂദായുടെ ഒന്ന്; ക്ലെമെൻറിൻെറ രണ്ടു ലേഖനങ്ങൾ, എട്ടുപുസ്തകങ്ങളിലായി മെത്രാന്മാരായ നിങ്ങൾക്കു ക്ലെമെൻറായ ഞാനെഴുതിയ കോൺസ്റ്റിറ്റ്യൂഷൻസ്- അവയിലുള്ള നിഗൂഢസംഗതികൾ കാരണം അവ എല്ലാവർക്കും വിതരണം ചെയ്യാൻ പാടില്ല—ശ്ലീഹൻമാരായ ഞങ്ങളുടെ നടപടി.

www.malankaralibrary.com

9

# സോളമന്റെ ഗീതകങ്ങൾ

നാല്പത്തിരണ്ട് ചെറിയ ഗീതകങ്ങളുടെ ഒരു സമാഹാരമാണിത്. ആറാം നൂററാണ്ടുമുതലുള്ള ക്രൈസ്തവ സാഹിത്യകാരൻമാർ ഇതിനെ പരാമർശിക്കുന്നു. 1903—ൽ ജെ. ആർ. ഹാരീസ് ഒരു സുറിയാനി കയ്യെഴുത്തു പ്രതിയിൽ ഇതു കണ്ടുപിടിക്കുന്നതുവരെ ഇതിന്റെ ചില ഭാഗങ്ങൾ മാത്രമേ അറിയപ്പെട്ടിരുന്നുള്ളു. അറിയപ്പെട്ട ഭാഗങ്ങൾ: (1) പിസ്തിസ് സോഫിയാ എന്നറിയപ്പെടുന്ന ഗ്നോസ്ററിക് കൃതിയിൽ ഉൾക്കൊണ്ടിരുന്ന അഞ്ചുഗീതകങ്ങൾ (2) ലക്താൻസ്യൂസിൽ കാണുന്ന ഒരു ഉദ്ധരണി.

ചില ഗീതകങ്ങളിൽ ഗ്നോസ്ററിക് ആശയങ്ങൾ കാണാം (19.35). എന്നാൽ ഏതെങ്കിലും ഗ്നോസ്ററിക് സഭാസമൂഹത്തിന്റെ ഗ്രന്ഥമായി ഇതിനെ മുദ്രയടിക്കാൻ സാധ്യമല്ല.* 'അതുപോലെ' ഈ കൃതി ഒരു യൂദകൃതിയല്ല. യൂദകൃതിയിൽ ക്രിസ്തീയ കൂത്തിത്തിരുകലുകൾ വരുത്തിയതാണിതെന്ന് ചിലരൊക്കെ കരുതിയിരുന്നു. എന്നാലിന്ന് പ്രസ്തുത അഭിപ്രായം പൊതുവെ സ്വീകാര്യമല്ലാത്ത മട്ടാണ്. സിറിയായിലോ പലസ്തീനായിലോ ഒന്നാം നൂററാണ്ടിലോ, രണ്ടാം നൂററാണ്ടിലോ എഴുതപ്പെട്ടതാണ് ഈ ഗീതകങ്ങൾ. മൂലകൃതി ഗ്രീക്കാണോ സുറിയാനിയാണോ എന്നതിനെപ്പററി വിവിധ അഭിപ്രായങ്ങളുണ്ട്. എങ്കിലും ഗ്രീക്കാണ് മൂലഭാഷ എന്നാണ് പൊതുവായ അഭിപ്രായം. ഈ ഗീതകങ്ങൾ എല്ലാം തന്നെ ഒരെഴുത്തുകാരൻതന്നെ എഴുതിയതാണ്. ഏതോ പൗരസ്ത്യ ക്രൈസ്തവസമൂഹത്തിന്റെ വിശ്വാസങ്ങളും പ്രതീക്ഷകളും ഈ ഗീതകങ്ങൾ പ്രതിഫലിപ്പിക്കുന്നു.

---

* J. H. Charlesworth, "The Odes of Solomon - Not Gnostic", in *The Catholic Biblical Quarterly,* 31/3(1969) 357 - 69).

www.malankaralibrary.com



വിജ്ഞാനസാഹിത്യത്തിലെ 'വിജ്ഞാനം' എന്ന പദപ്രയോഗം ക്രിസ്തുവിനെ കുറിക്കാനായി ഈ ഗീതകങ്ങളിൽ പ്രയോഗിച്ചുകാണുന്നു. ഇവിടെ വിവർത്തനത്തിനുപയോഗിച്ചിരിക്കുന്നത് J. H. Charlesworth, *The Odes of Solomon* (Missoula, 1977) എന്ന കൃതിയാണ്.

## സോളമൻെറ ഗീതകങ്ങൾ

1\. 1. കിരീടസമാനം,[1] കർത്താവെൻെറ ശിരസിലുണ്ട്.
ഞാൻ അവനെ കൂടാതെ ഒരിക്കലും ആയിരിക്കയില്ല.

2\. സത്യകിരീടം എനിക്കായി സജ്ജമായിരിക്കുന്നു.
നിൻെറ ചില്ലിക്കൊമ്പുകൾ
എന്നിൽ പൂവണിയാൻ അതിടയാക്കി.

3\. ഉണങ്ങിക്കരിഞ്ഞതും പുഷ്പിക്കാത്തതുമായ
പൂമാലപോലെയല്ല അത്.

4\. എന്നാൽ നീയെൻെറ തലയിൽ വസിക്കുന്നു
നീ എന്നിൽ പുഷ്പിച്ചു.

5\. നിൻെറ ഫലങ്ങൾ സമൃദ്ധവും പൂർണ്ണവുമാണ്.
അവ നിൻെറ രക്ഷകൊണ്ടു നിറഞ്ഞവയാണ്.

2\. (കയ്യെഴുത്തു പ്രതിയിലില്ല).[2]

3\. 1. ...............

(കർത്തൃസ്നേഹം) ഞാൻ ധരിക്കുന്നു,

2\. അവൻെറ അവയവങ്ങൾ അവനോടുകൂടിയാണ്
ഞാൻ അവയിൽ ആശ്രയിക്കുന്നു;
അവനെന്നെ സ്നേഹിക്കുകയും ചെയ്യുന്നു.

3\. കർത്താവെന്നെ സദാ സ്നേഹിച്ചില്ലായിരുന്നെങ്കിൽ
അവനെ സ്നേഹിക്കേണ്ടതെങ്ങനെയെന്ന്
ഞാൻ അറിയുകയില്ലായിരുന്നു.

---

1\. മൂലപദത്തിന് കിരീടം എന്നും റീത്തെന്നും അർത്ഥമുണ്ട്.

2\. ഗീതകം 2-ഉം, 3-ൻെറ ആദ്യഭാഗവും നഷ്ടപ്പെട്ടുപോയി.

www.malankaralibrary.com



4. സ്നേഹിക്കപ്പെട്ടവനല്ലാതെ
സ്നേഹം തിരിച്ചറിയാൻ കഴിവുള്ളവൻ ആരാണ്?

5. ഞാൻ എന്റെ പ്രിയനെ കാമിക്കുന്നു;
ഞാൻ അവനെ സ്നേഹിക്കുന്നു.
അവന്റെ വിശ്രമസ്ഥലം എവിടെയാണോ
അവിടെയാണ് എന്റേതും

6. ഞാൻ അപരിചിതനാകില്ല,
കാരണം, അത്യുന്നതനും ദയാലുവുമായ
കർത്താവിന്റെ പക്കൽ അസൂയയില്ല.

7. ഞാൻ അവനുമായി ബന്ധിക്കപ്പെട്ടിരിക്കുന്നു;
സ്നേഹിതൻ സ്നേഹിതനെ കണ്ടെത്തിയിരിക്കുന്നു.
ഞാൻ ആ പുത്രനെ സ്നേഹിക്കുന്നതിനാൽ
ഞാൻ പുത്രനായിത്തീരും.

8. അമർത്യനോട് ചേർക്കപ്പെടുന്നവൻ
സത്യമായും അമർത്യനായിത്തീരും.

9. ജീവനിൽ ആമോദിക്കുന്നവൻ
സജീവനായിത്തീരും.

10. കർത്താവിന്റെ കളങ്കരഹിതമായ ആത്മാവ് ഇതാകുന്നു.
തന്റെ പാതകൾ അറിയുവാൻ
മനുഷ്യനെ പഠിപ്പിക്കുന്നത് അവിടുന്നാകുന്നു.

11. ബുദ്ധിമാൻമാരും, വിജ്ഞാനികളും,
ഉണർവുള്ളവരും ആയിരിക്കുവിൻ. ഹാലേലൂയ്യാ.

4. 1. എന്റെ ദൈവമേ, നിന്റെ വിശുദ്ധസ്ഥലം
ഒരു മനുഷ്യനും മാററുന്നില്ല
അത് നീക്കുന്നതിനോ, മററൊരിടത്തു വയ്ക്കുന്നതിനോ
ആർക്കും സാധിക്കയില്ല.

2. കാരണം, ആർക്കും അതിൻമേൽ അധികാരമില്ല;
പ്രത്യേകസ്ഥലങ്ങൾ ഉണ്ടാക്കുന്നതിനു മുൻപ് നിന്റെ
വിശുദ്ധസ്ഥലത്തിന് നീ രൂപം നൽകി.

3. കശീശാ തന്നെ താഴെയുള്ളവരാൽ മാററപ്പെടുന്നില്ല.
കർത്താവേ, നീ നിന്റെ ഹൃദയം
നിന്റെ വിശ്വാസികൾക്ക് നൽകിയിരിക്കുന്നു.

www.malankaralibrary.com



4. നീ അലസനാകുന്നില്ല;
നീ ഹർഷരഹിതനാകുന്നില്ല.

5. നിന്റെ വിശ്വാസത്തിൽ ഉള്ള ഒരു ദിവസം
എല്ലാ ദിവസങ്ങളെക്കാളും വർഷങ്ങളെക്കാളും
ശ്രേഷ്ഠമാകുന്നു. [3]

6. നിന്റെ കൃപ ധരിച്ചിട്ട്
ആരെങ്കിലും തിരസ്കൃതനാകുമോ?

7. നിന്റെ മുദ്ര പ്രസിദ്ധമത്രേ,
നിന്റെ സൃഷ്ടികൾക്ക് അത് സുജ്ഞാതവും.

8. നിന്റെ സൈന്യങ്ങൾ അതു സ്വന്തമാക്കിയിരിക്കുന്നു,
ശ്രേഷ്ഠരായ പ്രധാന മാലാഖമാർ
അതു ധരിച്ചിരിക്കുന്നു.

9. നീ ഞങ്ങൾക്ക് നിന്റെ സംസർഗം തന്നു
ഞങ്ങളെക്കൊണ്ട് നിനക്ക് ആവശ്യം ഉണ്ടായിട്ടല്ല,
പിന്നെയോ, ഞങ്ങൾക്ക് നിന്നെ എപ്പോഴും
ആവശ്യമായിരുന്നതിനാലാണ്.

10. നിന്റെ പനിമഞ്ഞ് ഞങ്ങളുടെമേൽ തളിക്കണമെ,
ധാരാളമായി പാലും തേനും ഒഴുക്കിത്തരുന്ന
നിന്റെ സമൃദ്ധമായ ഉറവകൾ ഞങ്ങൾക്ക് തുറക്കണമേ

11. നിന്റെ പക്കൽ ദുഃഖമില്ല;
നീ വാഗ്ദാനം ചെയ്ത ഒന്നിനെപ്പറ്റിയും
നീ ദുഃഖിക്കുന്നില്ല.

12. അനന്തര ഫലം നിനക്ക് വെളിവായിരുന്നു.

13. നീ നല്കുന്നവയെല്ലാം സൗജന്യമാണല്ലോ
അവ തിരിച്ചെടുക്കുവാൻ നീ തെല്ലും ആഗ്രഹിക്കുന്നില്ല.

14. ദൈവമെന്ന നിലയിൽ എല്ലാം നിനക്ക് വെളിവായിരുന്നു.
ആരംഭം മുതലേ നിന്റെ മുൻപാകെ
എല്ലാം ക്രമീകൃതമായിരുന്നു.

15. കർത്താവേ, നീ എല്ലാററിനെയും നിർമ്മിച്ചു.
ഹാലേലുയ്യാ

3 സങ്കീ. 84:10

www.malankaralibrary.com



5. 1. കർത്താവേ, നിന്നെ ഞാൻ ഏററുപറയുന്നു.
എന്തെന്നാൽ ഞാൻ നിന്നെ സ്നേഹിക്കുന്നു.

2. അത്യുന്നതനേ, എന്നെ തള്ളിക്കളയരുതേ.
എന്തെന്നാൽ നിന്നിലാണെന്റെ പ്രത്യാശ.

3. നിന്റെ കൃപ സൗജന്യമായി ഞാൻ സ്വീകരിച്ചു
അതിനാൽ ഞാൻ ജീവിക്കട്ടെ.

4. എന്റെ പീഡകർ വന്നുകൊള്ളട്ടെ;
എന്നാൽ അവരെന്നെ കണ്ടെത്തുകയില്ല.

5. ഇരുണ്ട മേഘം അവരുടെ കണ്ണുകളെ മറയ്ക്കട്ടെ.
കട്ടപിടിച്ച കൂരിരുട്ട് അവരെ തടയട്ടെ!

6. അവർ ഒട്ടും പ്രകാശം കാണാതിരിക്കട്ടെ.
അങ്ങനെ അവരെന്നെ പിടിക്കാതിരിക്കട്ടെ.

7. അവരുടെ ആലോചനകൾ വ്യർത്ഥമാകട്ടെ.
അങ്ങനെ അവരുടെ ഉപായം
അവരുടെമേൽ തന്നെ പതിക്കട്ടെ.

8. അവർ കെണിയൊരുക്കി
എന്നാലതു നിഷ്ഫലമായിപ്പോയി.

9. ദുഷ്ടതയ്ക്കായി അവർ സ്വയം സജ്ജരാക്കി
എന്നാൽ അവർ അശക്തരായിത്തീർന്നു.

10. എന്റെ പ്രത്യാശ കർത്താവിലാകുന്നു
ഞാൻ ഭയപ്പെടുകയില്ല.

11. കർത്താവ് എന്റെ രക്ഷയാകയാൽ
ഞാൻ ഭയപ്പെടുകയില്ല.

12. കിരീടസമാനം കർത്താവെന്റെ ശിരസിലുണ്ട്.
ഞാൻ ഭ്രമിക്കയില്ല

13. എല്ലാ വസ്തുക്കളും കുലുങ്ങിയാലും
ഞാൻ ഉറച്ചുനില്ക്കും.

14. ദൃശ്യവസ്തുക്കളെല്ലാം നശിച്ചാലും
ഞാൻ മരിക്കയില്ല.

15. കാരണം, കർത്താവ് എന്നോടുകൂടെയുണ്ട്;
ഞാൻ അവനോടുകൂടെയും.
ഹാലേലുയ്യാ

www.malankaralibrary.com



6. 1. ഗിത്താറിൽ കൂടി കാററ് കടന്നുപോകുമ്പോൾ
ചരടുകൾ സ്വരം പുറപ്പെടുവിക്കുന്നതുപോലെ

2. കർത്താവിന്റെ ആരൂപി
എന്റെ അവയവങ്ങളിൽ കൂടി സംസാരിക്കുന്നു;
അവന്റെ സ്നേഹത്തിൽ ഞാൻ സംസാരിക്കുന്നു.

3. ചേരാത്തതെല്ലാം അവൻ നശിപ്പിക്കുന്നു.
എല്ലാം കർത്താവിന്റേതാകുന്നു.

4. കാരണം, ആരംഭം മുതൽ ഇപ്രകാരമായിരുന്നു
അവസാനം വരെ അങ്ങനെ ആയിരിക്കുകയും ചെയ്യും.

5. അവനെതിരായി ഒന്നും ഉണ്ടായിരിക്കയില്ല.
അവനെതിരായി ഒന്നും ഉയരുകയുമില്ല.

6. കർത്താവ് തന്റെ വിജ്ഞാനം വർദ്ധിപ്പിച്ചു.
തന്റെ കൃപവഴി നമുക്ക് നല്കപ്പെട്ട സംഗതികൾ
അറിയപ്പെടണമെന്ന് അവന് അതിയായ താല്പര്യമുണ്ട്.

7. തന്റെ നാമത്തെ പ്രതി
തന്റെ സ്തുതികൾ അവൻ നമുക്ക് നല്കി.
നമ്മുടെ ആത്മാക്കൾ
അവന്റെ പരിശുദ്ധത്മാവിനെ സ്തുതിക്കുന്നു.

8. കാരണം, ഒരരുവി ഒഴുകി
വീതിയുള്ള ഒരു വലിയ നദിയായിത്തീർന്നു.
അത് എല്ലാംകുത്തിയൊഴുക്കി തരിപ്പണമാക്കി
ആലയത്തിലേക്ക് കൊണ്ടുവന്നു.

9. അതിനെ തടഞ്ഞുനിർത്താൻ
മനുഷ്യശക്തിക്കു കഴിഞ്ഞില്ല.
അണകെട്ടുന്നവർക്കുപോലും അത് സാധിച്ചില്ല.

10. കാരണം, അത് ഭൗമോപരിതലം മുഴുവൻ പരന്നൊഴുകി.
അത് എല്ലാററിനെയും മൂടിക്കളഞ്ഞു.

11. ഭൂമിയിലെ ദാഹാർത്തരെല്ലാം അതിൽനിന്നു കുടിച്ചു.
അവരുടെ ദാഹം ശമിച്ച് അവർ തൃപ്തരായി.

12. കാരണം, ആ ദാഹജലം അത്യുന്നതൻ നൽകിയതാണ്

www.malankaralibrary.com



13. അവന്റെ വെള്ളത്തിന്റെ ചുമതല ഏൽപിക്കപ്പെട്ടു,
ആ ദാഹജലത്തിന്റെ ശുശ്രൂഷകർ ഭാഗ്യവാൻമാരാകുന്നു.

14. വരണ്ട ചുണ്ടുകളെ അവർ നനച്ചു.
തളർന്ന മനസ്സിനെ അവർ ഉത്തേജിപ്പിച്ചു.

15. അവസാനിക്കാറായ ജീവിതങ്ങൾപോലും
അവർ മരണത്തിൽനിന്ന് തിരിച്ചുപിട്ടു.

16. തകർന്ന അവയവങ്ങളെ
അവർ വച്ചുകെട്ടി ബലപ്പെടുത്തി.

17. അവരുടെ വരവിനെ അവർ ശക്തിപ്പെടുത്തി.
അവരുടെ കണ്ണുകൾക്ക് പ്രകാശം നൽകി.

18. അവരെ കർത്താവിന്റെ ശുശ്രൂഷകരായി
എല്ലാവരും തിരിച്ചറിഞ്ഞു.
നിത്യതയുടെ സജീവജലംകൊണ്ട് അവർ ജീവിച്ചു.
ഹാലേലുയ്യാ.

7\. 1. ദുഷ്ടതയുടെമേൽ കോപം എന്നപോലെയാണ്
പ്രിയന്റെമേൽ സന്തോഷം.
തടസ്സം കൂടാതെ അത് ഫലങ്ങൾ പുറപ്പെടുവിക്കുന്നു.

2. എന്റെ സന്തോഷം കർത്താവാണ്
എന്റെ യാത്ര അവന്റെ പക്കലേക്കാണ്.
എന്റെ ഈ വഴി മനോഹരമാണ്.

3. കർത്താവെന്ന ഒരു സഹായി എനിക്കുണ്ട്.
തന്റെ നിഷ്കളങ്കതയിൽ അവൻ എനിക്ക്
ഔദാര്യപൂർവം സ്വയം കാട്ടിത്തന്നു.
അവന്റെ ദയ അവന്റെ അനന്തതയെ കുറച്ചുകളഞ്ഞു.

4. ഞാനവനെ സ്വീകരിക്കാൻവേണ്ടി അവനെന്നെപോലെയായി
ഞാനവനെ ധരിക്കുവാൻവേണ്ടി
രൂപത്തിൽ അവനെന്നെപോലെ കരുതപ്പെട്ടു.

5. അവനെ കണ്ടപ്പോൾ ഞാൻ വിറച്ചില്ല.
കാരണം, അവനെന്നോട് കാരുണ്യം കാണിച്ചു.

6. അവനെ ഞാൻ മനസിലാക്കുവാൻവേണ്ടി
അവനെന്റെ സ്വഭാവംപോലെ ആയി.
ഞാൻ അവനിൽനിന്ന് മാറിപ്പോകാതിരിക്കുവാൻ
അവനെന്റെ രൂപംപോലെയായി.

www.malankaralibrary.com



7. അറിവിന്റെ പിതാവാണ് അറിവിന്റെ വചനം.

8. വിജ്ഞാനത്തെ സൃഷ്ടിച്ചവൻ
തന്റെ കർമ്മങ്ങളെക്കാൾ വിജ്ഞാനിയാണ്.

9. ഞാനില്ലാതിരുന്നപ്പോൾ എന്നെ സൃഷ്ടിച്ചവൻ
ഞാനസ്തിത്വത്തിലേക്ക് വന്നപ്പോൾ
ഞാനെന്തുചെയ്യുമെന്ന് അറിഞ്ഞു.

10. തന്റെ മഹാകരുണയാൽ അവനെന്നോടുകൃപ കാണിച്ചു.
അവനോട് യാചിക്കുന്നതിനും തന്റെ ബലിയിൽനിന്ന്
അനുഗ്രഹം പ്രാപിക്കുന്നതിനും അവനെന്നെ അനുവദിച്ചു.

11. കാരണം, അഴിവില്ലാത്തവനും ലോകങ്ങളുടെ പൂർണ്ണതയും
അവയുടെ പിതാവും അവനാകുന്നു

12. തന്റെ സ്വന്തജനത്തിനു കാണപ്പെടുവാൻ
അവൻ അവനെ അനുവദിച്ചു.
തങ്ങളെ നിർമ്മിച്ചവനെ അവർ തിരിച്ചറിയുന്നതിനും
തങ്ങൾ സ്വയമുളവായി വന്നു എന്ന്
അവർ കരുതാതിരിക്കുന്നതിനും വേണ്ടിയാണിത്.

13. അവൻ തന്റെവഴി വിജ്ഞാനത്തിലേക്ക് തിരിച്ചിരിക്കുന്നു.
അവൻ അതിന്റെ വിസ്തൃതിയും നീളവും കൂട്ടുകയും
പൂർണ്ണ പരിസമാപ്തിയിൽ എത്തിക്കുകയും ചെയ്തു.

14. തന്റെ അവകാശത്തിന്റെ അടയാളങ്ങൾ
അവൻ അതിൻമേൽ വച്ചു.
അത് ആദിമുതൽ അന്ത്യംവരെ നീണ്ടുനിവർന്ന് കിടക്കുന്നു.

15. എന്തെന്നാൽ അവനാൽ അത്യുന്നതൻ ശുശ്രൂഷിക്കപ്പെട്ടു.
പുത്രനിൽ അവിടുന്നു സംപ്രീതനായി.

16. അവന്റെ രക്ഷയാൽ അവൻ എല്ലാം ഉൾക്കൊള്ളും.
അത്യുന്നതൻ തന്റെ വിശുദ്ധരാൽ അറിയപ്പെടും.

17. കർത്താവിന്റെ വരവിന്റെ കീർത്തനങ്ങൾ ഉള്ളവരെ
അറിയിക്കുവാൻ,
അവർ പുറപ്പെട്ട് അവനെ എതിരേല്ക്കുവാനും
സന്തോഷത്തോടും അനേക സ്വരമുള്ള ഗിത്താറോടും കൂടെ
അവന് പാടുന്നതിനും തന്നെ.

www.malankaralibrary.com



18. ദർശകന്മാർ അവന് മുമ്പേ പോകും.
അവർ അവന് മുമ്പേ കാണപ്പെടും.

19. അവർ കർത്താവിനെ അവന്റെ സ്നേഹത്തിൽ
സ്തുതിക്കും.
കാരണം അവൻ സമീപസ്ഥനും സകലവും കാണുന്നവനും
ആകുന്നു.

20. ഭൂമിയിൽ നിന്ന് വിദ്വേഷം നീക്കപ്പെടും
തീക്ഷ്ണതാപൂർവ്വം അത് ഇല്ലായ്മ ചെയ്യപ്പെടും.

21. അതിൻമേൽ അജ്ഞത നശിപ്പിക്കപ്പെട്ടു.
കാരണം, കർത്താവിനെക്കുറിച്ചുള്ള അറിവ് അതിൻമേൽ
വന്നു.

22. പാട്ടുകാർ അത്യുന്നതനായ കർത്താവിന്റെ കൃപകൾ പാടട്ടെ.
അവർ അവരുടെ പാട്ടുകൾ കൊണ്ടുവരട്ടെ.

23. അവരുടെ ഹൃദയം ദിവസം പോലെയാകട്ടെ
അവരുടെ സൗമ്യശബ്ദം കർത്താവിന്റെ രാജകീയ സൗന്ദ
ര്യംപോലെയാകട്ടെ.

24. അറിവോ ശബ്ദമോ ഇല്ലാത്ത ആരും ഇല്ലാതിരിക്കട്ടെ.

25. തന്നെ സ്തുതിക്കുന്നതിനും
തന്റെ നേരെ മഹത്വശബ്ദം ഉയർത്തുന്നതിനും
അവൻ തന്റെ സൃഷ്ടിക്ക് നാവു നല്കി.

26. അവന്റെ ശക്തി പ്രഘോഷിക്കുവിൻ;
അവന്റെ കൃപയെ പ്രസ്താവിക്കുവിൻ. ഹാലേലുയ്യാ.

8. 1. കർത്താവിനെ പുകഴ്ത്തുവാൻ
നിങ്ങളുടെ ഹൃദയങ്ങൾ തുറക്കുവിൻ, തുറക്കുവിൻ.
നിങ്ങളുടെ സ്നേഹം ഹൃദയത്തിൽനിന്ന്
അധരങ്ങളിലേക്ക് കവിഞ്ഞൊഴുകട്ടെ.

2. വിശുദ്ധ ജീവിതമാകുന്ന ഫലങ്ങൾ
കർത്താവിന് സമർപ്പിക്കുന്നതിനും
അവന്റെ പ്രകാശത്തിൽ ശ്രദ്ധാപൂർവ്വം
സംസാരിക്കുന്നതിനും.

3. ഒരിക്കൽ താഴ്ത്തപ്പെട്ടവനായ നീ എഴുന്നേററ് നിവർന്നു
നില്ക്കുക.

4. നിശബ്ദനായിരുന്ന നീ സംസാരിക്കുക.
കാരണം, നിന്റെ വായ് തുറക്കപ്പെട്ടിരിക്കുന്നു.

www.malankaralibrary.com



5. നിന്ദിക്കപ്പെട്ട നീ ഇപ്പോൾ മുതൽ ഉയർത്തപ്പെട്ടിരിക്കുന്നു.
കാരണം, നിന്റെ നീതി ഉയർത്തപ്പെട്ടിരിക്കുന്നു.

6. കർത്താവിന്റെ വലതുകൈ നിന്നോടു കൂടെയുണ്ട്.
അവൻ നിന്റെ സഹായി ആയിരിക്കും.

7. സമാധാനം നിനക്കായി സജ്ജമാക്കിയിരിക്കുന്നു.
എന്നാൽ നേരത്തെ യുദ്ധമായിരുന്നു-
(ക്രിസ്തു പറയുന്നു.)

8. സത്യത്തിന്റെ വചനം ശ്രദ്ധിക്കു.
അത്യുന്നതന്റെ വിജ്ഞാനം സ്വീകരിക്കൂ.

9. ഞാൻ നിങ്ങളോട് പറയാൻ പോകുന്നത്
നിങ്ങളുടെ ശരീരം മനസ്സിലാക്കുകയില്ല.
ഞാൻ നിങ്ങളെ കാണിക്കുവാൻ പോകുന്നത്
നിങ്ങളുടെ വസ്ത്രം ഗ്രഹിക്കുകയില്ല.

10 എന്റെ രഹസ്യം സംരക്ഷിക്കുക.
ഇതിനാൽ നിങ്ങൾ സംരക്ഷിക്കപ്പെട്ടു.
എന്റെ വിശ്വാസം കാത്ത് സൂക്ഷിക്കുക.
ഇതിനാൽ നിങ്ങൾ സംരക്ഷിക്കപ്പെട്ടു.

11. സത്യത്തിൽ എന്നെ അറിയുന്ന നിങ്ങൾ
എന്റെ വിജ്ഞാനം ഗ്രഹിക്കുക.
സ്നേഹിക്കുന്ന നിങ്ങൾ
വികാരവായ്പോടെ എന്നെ സ്നേഹിക്കുക

12. എന്റെ സ്വന്തത്തിൽ നിന്ന്
ഞാൻ എന്റെ മുഖം തിരിക്കുന്നില്ല.
കാരണം, എനിക്കവരെ അറിയാം.

13. അവരുണ്ടാകുന്നതിന് മുൻപ്
ഞാൻ അവരെ തിരിച്ചറിഞ്ഞു.
അവരുടെ നെററിയിൽ ഞാൻ ഒരു മുദ്ര പതിച്ചു.

14. ഞാൻ അവരുടെ അവയവങ്ങളെ രൂപീകരിച്ചു.
എന്റെ വിശുദ്ധ പാൽ കുടിച്ച് അവർ ജീവിക്കുന്നതിന്
എന്റെ തന്നെ മാറിടം ഞാൻ അവർക്കായി സജ്ജമാക്കി;

15. ഞാൻ അവരിൽ സംപ്രീതനായി.
അവരെക്കുറിച്ച് ഞാൻ ലജ്ജിച്ചില്ല.

16. അവർ എന്റെ ചിന്തകളുടെ ശക്തിയും
എന്റെ കരവേലയുമാകുന്നു.

www.malankaralibrary.com



17. എന്റെ പ്രവൃത്തികൾക്കെതിരെ
ആർക്ക് നില്ക്കുവാൻ കഴിയും?
അഥവാ അവയ്ക്കു കീഴടങ്ങാത്തതായി എന്തുണ്ട്?

18. ഞാൻ ഇച്ഛിക്കുകയും, മനസിനേയും ഹൃദയത്തേയും
മെനഞ്ഞുണ്ടാക്കുകയും ചെയ്തു.
അവ എന്റെ സ്വന്തമാകുന്നു.
എന്റെ തിരഞ്ഞെടുക്കപ്പെട്ടവർ
എന്റെ വലത്തു കയ്യിലാകുന്നു.

19. എന്റെ നീതി അവർക്ക് മുൻപേ പോകുന്നു.
എന്റെ നീതി അവർക്ക് ഇല്ലാതെ പോയില്ല.
കാരണം, അത് അവരോടു കൂടിയാകുന്നു.

(ഗീതകകർത്താവ്)

20. പ്രാർത്ഥിക്കുകയും പെരുകുകയു ചെയ്യുക.
കർത്തൃസ്നേഹത്തിൽ നിലനിൽക്കുക.

21. പ്രിയനിൽ നിങ്ങൾ സ്നേഹിക്കപ്പെട്ടു.
ജീവിക്കുന്ന അവനിൽ നിങ്ങൾ സംരക്ഷിക്കപ്പെട്ടു;
രക്ഷിക്കപ്പെട്ട അവനിൽ നിങ്ങൾ രക്ഷിതരായി.

22. നിങ്ങളുടെ പിതാവിന്റെ നാമം നിമിത്തം
എല്ലാ തലമുറകളിലും നിങ്ങൾ അനശ്വരരായി കാണപ്പെടും.
ഹല്ലേലുയ്യാ.

9. 1. നിങ്ങളുടെ ചെവിതുറക്കുവിൻ
ഞാൻ നിങ്ങളോട് സംസാരിക്കാം.

2 ഞാൻ എന്നെത്തന്നെ നിങ്ങൾക്ക് നൽകുന്നതിനുവേണ്ടി
നിങ്ങളെ തന്നെ എനിക്ക് നൽകുക.

3. കർത്തൃവചനവും അവന്റെ ആഗ്രഹങ്ങളും,
തന്റെ മിശിഹായെ സംബന്ധിച്ച് അവിടുന്നു ചിന്തിച്ച
വിശുദ്ധ സദ്വിചാരങ്ങൾ.

4. കർത്താവിന്റെ ഇച്ഛയിലത്രേ നിങ്ങളുടെ ജീവൻ.
അവന്റെ ലക്ഷ്യം നിത്യജീവനാകുന്നു.
അതുപോലെ നിങ്ങളുടെ പൂർണ്ണത അനശ്വരത ആകുന്നു.

5. പിതാവായ ദൈവത്തിൽ സമ്പന്നരാകുവിൻ.
അത്യുന്നതന്റെ ഉദ്ദേശ്യങ്ങൾ സ്വീകരിക്കുവിൻ.
അവന്റെ കൃപയാൽ ശക്തിരായി രക്ഷ പ്രാപിക്കുവിൻ.

www.malankaralibrary.com



6. ശ്രോതാക്കളാരും യുദ്ധത്തിൽ വീഴാതിരിക്കുവാൻ
അവന്റെ വിശുദ്ധരായ നിങ്ങളെ
ഞാൻ സമാധാനം അറിയിക്കുന്നു

7. അവനെ അറിഞ്ഞവരാരും നശിക്കാതിരിക്കുന്നതിനും
അവനെ സ്വീകരിച്ചവരാരും ലജ്ജിക്കാതിരിക്കുന്നതിനും.

8. നിത്യകിരീടമാണ് സത്യം.
അത് ശിരസ്സിൽ ചൂടുന്നവൻ ഭാഗ്യവാൻ.

9. അത് അമൂല്യ രത്നമാണ്.
കിരീടങ്ങൾക്കുവേണ്ടിയാണ് യുദ്ധങ്ങൾ ഉണ്ടായിട്ടുള്ളത്.

10. എന്നാൽ നീതി അതെടുത്ത്
നിങ്ങൾക്ക് തന്നിരിക്കുന്നു.

11. കർത്താവിന്റെ സത്യ ഉടമ്പടിയിൽ
കിരീടം ധരിക്കുവിൻ.
വിജയശ്രീലാളിതരുടെ പേരുകൾ
അവന്റെ ഗ്രന്ഥത്തിൽ എഴുതപ്പെടും

12. കാരണം, അവരുടെ ഗ്രന്ഥം നീതീകരണമാണ്.
അത് നിങ്ങൾക്കു വേണ്ടിയാണ്.
അവർ നിങ്ങളെ അവർക്കു മുമ്പേ കാണുന്നു.
നിങ്ങൾ രക്ഷിക്കപ്പെടുവാൻ അവർ ആശിക്കുന്നു.
ഹല്ലേലുയ്യാ.

10 1. കർത്താവ് തന്റെ വചനത്താൽ എന്റെ വായ് നിയന്ത്രിച്ചു.
തന്റെ പ്രകാശത്താൽ എന്റെ ഹൃദയം തുറന്നു.

2. തന്റെ അമർത്ത്യജീവൻ എന്നിൽ വസിക്കുവാൻ
അവൻ ഇടയാക്കി.
തന്റെ സമാധാനത്തിന്റെ ഫലം വിളംബരം ചെയ്യാൻ
എന്നെ അനുവദിച്ചു.

3. തന്റെ പക്കലേക്ക് വരുവാൻ ആഗ്രഹിക്കുന്നവരുടെ
ജീവിതത്തെ മാനസാന്തരപ്പെടുത്തുന്നതിനും
സ്വാതന്ത്ര്യത്തിനുവേണ്ടി നല്ലൊരു തടവറ
പിടിച്ചടക്കുന്നതിനും.
(ക്രിസ്തു സംസാരിക്കുന്നു.)

4. ഞാൻ ധൈര്യം അവലംബിച്ച് ശക്തനായി ലോകം
പിടിച്ചടക്കി.

www.malankaralibrary.com



അത്യുന്നതനും എന്റെ പിതാവുമായ ദൈവത്തിന്റെ
മഹത്വത്തിനുവേണ്ടി അതെന്റേതായിത്തീർന്നു.

5. ചിതറിക്കപ്പെട്ട ജാതികൾ കൂട്ടിച്ചേർക്കപ്പെട്ടു.
എന്നാൽ അവരോട് എനിക്കുള്ള സ്നേഹത്താൽ
ഞാൻ മലിനനായില്ല.
കാരണം, ഉന്നതസ്ഥലങ്ങളിൽ അവർ എന്നെ പ്രകീർത്തിച്ചു.

6. പ്രകാശകിരണങ്ങൾ അവരുടെ ഹൃദയത്തിൽ സ്ഥാപിച്ചു.
അവർ എന്റെ ജീവിതം അനുസരിച്ചു വ്യാപരിക്കുകയും
രക്ഷിക്കപ്പെടുകയും ചെയ്തു.
അവർ എന്നന്നേയ്ക്കും എന്റെ ജനമായി തീർന്നു.
ഹാലേലൂയ്യാ.

11. 1. എന്റെ ഹൃദയം ശുദ്ധീകരിക്കപ്പെട്ടു; അത് പുഷ്പിച്ചു
അതിലേക്കു കൃപ ഒഴുകി വന്നു
അത് കർത്താവിനുവേണ്ടി ഫലം പുറപ്പെടുവിച്ചു.

2. അത്യുന്നതൻ തന്റെ പരിശുദ്ധാത്മാവിനാൽ
എന്നെ പരിച്ഛേദനം ചെയ്തു
എന്നിട്ട് എന്റെ ആന്തരികാവയവങ്ങളെ
തന്റെ പക്കലേക്ക് അവൻ തുറന്നു.
തന്റെ സ്നേഹം കൊണ്ട് അവൻ എന്നെ നിറച്ചു.

3. അവന്റെ ഛേദനാചരണം എന്റെ രക്ഷയായി തീർന്നു
അവന്റെ വഴിയിലും, സമാധാനത്തിലും, സത്യപാതയിലും
ഞാൻ ഓടി.

4. ആരംഭം മുതൽ അവസാനം വരെ
ഞാൻ അത്യുന്നതന്റെ വിജ്ഞാനം നേടി.

5. അവനെന്നെ സ്ഥാപിച്ച സത്യപാറയിൽ ഞാനുറപ്പിക്കപ്പെട്ടു.

6. കർത്താവിന്റെ ഉറവയിൽ നിന്ന് പൊട്ടിച്ചിരിച്ചുകൊണ്ടു
സമൃദ്ധമായി ഒഴുകിവരുന്ന ജലം
എന്റെ അധരങ്ങളെ സ്പർശിച്ചു.

7. അമർത്യവും സജീവവുമായ ജലത്തിൽ നിന്ന്
ഞാൻ കുടിച്ചുൻമത്തനായി.

8. എന്റെ ഉൻമത്തത അജ്ഞതയോടു കൂടി ആയിരുന്നില്ല.
ഞാൻ വ്യർത്ഥതയെ ഉപേക്ഷിച്ചു.

www.malankaralibrary.com



9. എന്റെ ദൈവമായ അത്യുന്നതന്റെ പക്കലേക്ക്
ഞാൻ തിരിഞ്ഞു, അവന്റെ ദാനങ്ങൾ എന്നെ നിറച്ചു.

10 ഭൂമിയിൽ ചിന്തിപ്പെട്ടിരുന്ന തെററിനെഞാൻ ഉപേക്ഷിച്ചു;
അത് ഞാനുരിഞ്ഞ് എന്നിൽനിന്നെറിഞ്ഞു കളഞ്ഞു.

11. കർത്താവ് തന്റെ വസ്ത്രത്താൽ എന്നെ നവീകരിച്ചു
തന്റെ പ്രകാശത്താൽ എന്നെ സ്വന്തമാക്കി.

12. അവിടുന്നെനിക്ക് ഉന്നതത്തിൽ നിന്ന് അമർത്യരുടെ
വിശ്രമം തന്നു.
പുഷ്പിച്ച്, ഫലസമൃദ്ധമായ നിലം പോലെ
ഞാനായിത്തീർന്നു.

13. ഭൂമുഖത്ത് സൂര്യനെ പോലെയാണ് കർത്താവ്.

14. എന്റെ കണ്ണുകൾ പ്രകാശിതമായി.
എന്റെമേൽ പനിമഞ്ഞ് ചൊരിയപ്പെട്ടു.

15 കർത്താവിന്റെ സുഗന്ധം എന്റെ ശ്വാസത്തിൽ നിറഞ്ഞു

16 a. കർതൃസംപ്രീതിയാൽ സമ്പന്നമായ പറുദീസായിലേക്ക്
അവനെന്നെ കൂട്ടിക്കൊണ്ടുപോയി.
പുഷ്പിച്ച് ഫലസമൃദ്ധമായ വൃക്ഷങ്ങൾ
അവിടെ ഞാൻ കണ്ടു. *

b. അവയുടെ തലപ്പുകൾ വളർന്നു വലുതായിരുന്നു.

c. അവയുടെ ശാഖകൾ വളർന്നുകൊണ്ടിരുന്നു.
അവ ഫലങ്ങൾ പുറപ്പെടുവിച്ചുകൊണ്ടിരുന്നു.

d. അവയുടെ വേരുകൾ അമർത്യഭൂമിയിൽ ആയിരുന്നു.

e. അവയെ സന്തോഷത്തിന്റെ നദി നനച്ചുകൊണ്ടിരുന്നു.

f. അവയ്ക്ക്ചുററും നിത്യജീവന്റെ നാട്ടിൽ

17. തന്റെ ഔന്നത്യത്തെ പ്രതി
കർത്താവിനെ ഞാൻ ആരാധിക്കും.

18. നിന്റെ ഭൂമിയിൽ നടപ്പെട്ടവരും
നിന്റെ പറുദീസായിൽ സ്ഥാനവുമുള്ളവരും
കർത്താവേ, ഭാഗ്യവാൻമാരാകുന്നു എന്നു ഞാൻ പറഞ്ഞു.

19. നിന്റെ വൃക്ഷങ്ങളുടെ വളർച്ചയിൽ അവർ വളരുന്നു.
അവർ തമസിൽനിന്ന് ജ്യോതിസ്സിലേക്ക് കടന്നു.

---

* 16 a—b ഗ്രീക്കിൽ മാത്രമേയുള്ളു.

www.malankaralibrary.com



20. ഇതാ നിന്റെ, ജോലിക്കാരെല്ലാം ശ്രേഷ്ഠരാകുന്നു.
അവർ തിൻമയിൽനിന്നു പിന്തിരിഞ്ഞ്
നിന്റെ സന്തുഷ്ടിയിലേക്കു വരുന്നു;
അവർ സൽപ്രവൃത്തികൾ ചെയ്യുന്നു.

21. നീ അവരെ നിന്റെ ഭൂമിയിൽ നട്ടപ്പോൾ,
അവർ വൃക്ഷങ്ങളുടെ കയ്പ്പിൽ നിന്ന് അകന്നു മാറി.

22. എല്ലാവരും നിന്റെ അവകാശം പോലെയാകുന്നു.
(നിന്റെ ജലത്തിന്റെ ശുശ്രൂഷകർ ഭാഗ്യവാൻമാരാകുന്നു)
നിന്റെ ദാസൻമാർക്ക് നിത്യമായ അനുസ്മരണ ഉണ്ട്.

23. നിന്റെ പറുദീസായിൽ അനേക മുറികൾ ഉണ്ട്- സത്യം.
അതിൽ വന്ധ്യരായി ആരുംഇല്ല.
എല്ലാം ഫലസമൃദ്ധമാണ്.

24. പറുദീസായുടെ സന്തുഷ്ടിയായ ദൈവമേ, നിനക്ക് സ്തുതി.
ഹാലേലുയ്യാ.

12. 1. ഞാനവനെ പ്രഘോഷിക്കാൻ വേണ്ടി
അവനെന്നെ സത്യത്തിന്റെ വചനങ്ങൾകൊണ്ട് നിറച്ചു.

2. വെള്ളം ഒഴുകുന്നതുപോലെ
സത്യം എന്റെ വായിൽ നിന്ന് ഒഴുകുന്നു.
എന്റെ അധരങ്ങൾ അവന്റെ നൻമകൾ പ്രഖ്യാപിക്കുന്നു.

3. അവൻ തന്റെ വിജ്ഞാനം എന്നിൽ വർദ്ധിപ്പിച്ചു.
എന്തെന്നാൽ കർത്താവിന്റെ വായ്
സത്യവചനവും പ്രകാശകവാടവുമാകുന്നു.

4. അത്യുന്നതൻ തലമുറകൾക്ക് അവനെ നല്കി.
അവർ അവന്റെ സൗന്ദര്യത്തിന്റെ വ്യാഖ്യാതാക്കളും
തന്റെ മഹത്വം വിവരിക്കുന്നവരും
തന്റെ ഉദ്ദേശ്യം ഏററുപറയുന്നവരും
തന്റെ ഇച്ഛയുടെ പ്രഘോഷകരും
തന്റെ കർമ്മങ്ങളുടെ പ്രബോധകരും ആകുന്നു.

5. വചനത്തിന്റെ സൂക്ഷ്മത അവാച്യമാണ്.
അവന്റെ വേഗതയും അവന്റെ മൂർച്ചയും
അവന്റെ പ്രകാശനം പോലെയാണ്.
എന്തെന്നാൽ സീമാതീതമാണ് അവന്റെ പ്രകാശനം.

6. അവനൊരിക്കലും വീഴുന്നില്ല;
പിന്നെയോ, എപ്പോഴും നിൽക്കുന്നു.

www.malankaralibrary.com



അവന്റെ ഇറക്കമോ അവന്റെ വഴിയോ ഗ്രഹിക്കുവാൻ
ആർക്കും സാധിക്കുകയില്ല.

7. അവന്റെ പ്രവൃത്തിപോലെ അവന്റെ പ്രതീക്ഷയും.
അവൻ ചിന്തയുടെ പ്രകാശവും ഉദയവുമാകുന്നു.

8. അവൻ വഴി തലമുറകൾ പരസ്പരം സംസാരിച്ചു.
ഊമർ സംസാരിക്കാൻ തുടങ്ങി.

9. അവനിൽനിന്ന് സ്നേഹവും സമത്വവും വന്നു.
തങ്ങളുടേതായ രീതിയിൽ അവ പരസ്പരം സംസാരിച്ചു.

10. അവ വചനത്താൽ ഉത്തേജിതരായി.
തങ്ങളെ നിർമ്മിച്ചവനെ അവരറിഞ്ഞു.
കാരണം, അവ യോജിപ്പിലായിരുന്നു.

11. അത്യുന്നതന്റെ വായ് അവയോട് സംസാരിച്ചു.
അവന്റെ വ്യാഖ്യാനം അവനിലൂടെ പുഷ്ടിപ്പെട്ടു.

12. വചനത്തിന്റെ വാസസ്ഥലമാണ് മനുഷ്യൻ.
അവന്റെ സത്യം സ്നേഹമാകുന്നു.

13 അവനിലൂടെ എല്ലാം ദർശിക്കുകയും
അവന്റെ സത്യത്തിൽ കർത്താവിനെ അറിയുകയും
ചെയ്തവർ ഭാഗ്യവാന്മാർ.
ഹാലേലുയ്യാ.

13. 1. ഇതാ, കർത്താവ് നമ്മുടെ കണ്ണാടി.
കണ്ണുകൾ തുറന്ന് അവനിൽ നിങ്ങളെ കാണുക.

2. നിങ്ങളുടെ മുഖമെങ്ങനെയെന്നു ഗ്രഹിക്കുക.
എന്നിട്ട് അവന്റെ ആത്മാവിന് സ്തുതികളർപ്പിക്കുക.

3. നിങ്ങളുടെ മുഖത്തുനിന്ന് ചായം തുടച്ചുകളയുക.
അവന്റെ വിശുദ്ധിയെ സ്നേഹിച്ച് അതു ധരിക്കുക.

4. അപ്പോൾ നിങ്ങൾ എപ്പോഴും
അവനോടുകൂടി കുറ്റമറ്റവരായിരിക്കും.
ഹാലേലുയ്യാ.

14. 1. പുത്രന്റെ കണ്ണുകൾ പിതാവിൻ പക്കലേക്ക് എന്നപോലെ
കർത്താവേ, എന്റെ കണ്ണുകൾ സദാ നിന്നിലേക്ക് ആകുന്നു.

2. എന്റെ ആശ്വാസവും എന്റെ സന്തോഷവും
നിന്റെ പക്കലാകുന്നു.

www.malankaralibrary.com



3. കർത്താവേ, നിന്റെ ദയ എന്നിൽനിന്നു തിരിക്കരുതേ.
നിന്റെ കാരുണ്യം എന്നിൽനിന്ന് എടുത്തുകളയരുതേ.

4. എന്റെ കർത്താവേ, നിന്റെ വലത്തുകൈ
സദാ എന്റെ പക്കലേക്ക് നീട്ടണമെ.
തിരുഹിതപ്രകാരം നീ എനിക്ക് അന്ത്യംവരെ
വഴികാട്ടി ആയിരിക്കണമെ.

5. നിന്റെ മഹത്വത്തെപ്രതി നിന്റെ മുൻപാകെ
ഞാൻ പ്രീതി ഉള്ളവനാകട്ടെ.
നിന്റെനാമത്തെപ്രതി ഞാൻ ദുഷ്ടനിൽനിന്നു
രക്ഷിക്കപ്പെടുമാറാകട്ടെ.

6. കർത്താവേ, നിന്റെ ശാന്തതയും നിന്റെ സ്നേഹത്തിന്റെ
ഫലങ്ങളും എന്നോടു കൂടെ വസിക്കട്ടെ.

7. നിന്റെ സത്യത്തിന്റെ ഗീതകങ്ങൾ എന്നെ പഠിപ്പിക്കണമെ.
ഞാൻ നിന്നിൽ ഫലങ്ങൾ പുറപ്പെടുവിക്കാം.

8. നിന്റെ പരിശുദ്ധാത്മാവിന്റെ വീണ
എനിക്ക് തുറന്ന് തരണമെ.
അതിന്റെ ഓരോ കട്ട കൊണ്ടും
കർത്താവേ, ഞാൻ നിന്നെ പ്രകീർത്തിക്കും.

9. നിന്റെ ദാനങ്ങളുടെ ബഹുത്വം അനുസരിച്ച്
എനിക്ക് ഇത് അനുവദിക്കണമെ.
ഞങ്ങളുടെ യാചനകൾ വേഗത്തിൽ സാധിച്ചുതരണമെ.

10. ഞങ്ങളുടെ എല്ലാ ആവശ്യങ്ങൾക്കും നീ മതിയായവനാകുന്നു
ഹല്ലേലുയ്യാ.

15\. 1. പ്രഭാതം കാംക്ഷിക്കുന്നവർക്ക് സൂര്യൻ ആനന്ദമായി
രിക്കുന്നതുപോലെയാണ് കർത്താവ് എന്റെ ആനന്ദം.

2. കാരണം, അവനെന്റെ സൂര്യനാണ്.
അവന്റെ രശ്മികളെന്നെ എഴുന്നേല്പിച്ചു.
അവന്റെ പ്രകാശം എന്റെ മുഖത്തു നിന്ന്
ഇരുട്ടു നീക്കിക്കളഞ്ഞു.

3. അവനിൽ ഞാൻ കാഴ്ച വീണ്ടെടുത്തു.
അവന്റെ വിശുദ്ധ ദിവസം ഞാൻ ദർശിച്ചു.

www.malankaralibrary.com



4. അവനിൽ എനിക്ക് കേൾവി ലഭിച്ചു.
ഞാൻ അവന്റെ സത്യം ശ്രവിച്ചു.

5. അറിവിന്റെ ചിന്ത ഞാൻ സമ്പാദിച്ചു.
അവനിലൂടെ പൂർണ്ണമായി ഞാൻ ജീവിച്ചു.

6. തെറ്റിന്റെ പാത ഞാൻ തിരസ്കരിച്ചു.
ഞാൻ അവന്റെ പക്കലേക്ക് പോയി
ഞാൻ അവനിൽനിന്ന് സമൃദ്ധമായി രക്ഷനേടി.

7. അവനെനിക്കു തന്ന അവന്റെ മഹാമനസ്കത അനുസരിച്ചും
അവനെന്നെ നിർമ്മിച്ച
അവന്റെ അതിവ സൗന്ദര്യമനുസരിച്ചും.

8. അവന്റെ നാമത്തിലൂടെ ഞാൻ അഴിവില്ലായ്മ ധരിച്ചു.
അവന്റെ കൃപയാൽ ഞാൻ അഴിവു നീക്കികളഞ്ഞു.

9. എന്റെ മുൻപിൽനിന്ന് മരണം നീക്കപ്പെട്ടു.
എന്റെ വാക്കുകേട്ട് പാതാളം നീങ്ങിപ്പോയി.

10. കർത്താവിന്റെ നാട്ടിൽ നിത്യജീവൻ ഉദയം ചെയ്തു.
തന്റെ വിശ്വസ്തർക്ക് അത് അറിയപ്പെട്ടു.
അവനിൽ വിശ്വസിക്കുന്നവർക്ക്
കലവറ കൂടാതെ അത് നൽകപ്പെട്ടു.
ഹാലേലുയ്യാ.

16. 1. നിലം ഉഴുന്നവന്റെ ജോലി കലപ്പ പിടിക്കുന്നതാണ്.
കപ്പിത്താന്റെ ജോലി ചക്രം തിരിക്കുന്നതാണ്.
അതുപോലെ എന്റെ ജോലി കീർത്തനങ്ങളാൽ
കർത്താവിന്റെ സങ്കീർത്തനമാലപിക്കുകയാണ്.

2. എന്റെ ജോലിയും എന്റെ അഭ്യാസവും
അവന്റെ കീർത്തനങ്ങളിലാണ്.
അവന്റെ സ്നേഹം എന്റെ ഹൃദയത്തെ പോഷിപ്പിച്ചു.
അവന്റെ ഫലങ്ങൾ എന്റെ അധരങ്ങളിൽ പകർന്നു.

3. എന്റെ സ്നേഹം കർത്താവാകുന്നു.
അവന് ഞാൻ കീർത്തനങ്ങൾ ആലപിക്കുന്നു.

4. അവന്റെ സ്തുതികളാൽ ഞാൻ ബലം പ്രാപിച്ചു.
അവനിൽ എനിക്ക് വിശ്വാസം ഉണ്ട്.

www.malankaralibrary.com



5. ഞാൻ എന്റെ വായ് തുറന്നു.
അവന്റെ ആത്മാവ് എന്നിൽകൂടി
തന്റെ മഹത്വവും സൗന്ദര്യവും പ്രഖ്യാപിച്ചു.

6. അവന്റെ കൈകളുടെ വേലയും
അവന്റെ വിരലുകളുടെ അദ്ധ്വാനവും.

7. കാരണം, അവന്റെ ദാനങ്ങളുടെ ബാഹുല്യവും
വചനത്തിന്റെ ശക്തിയും

8. കർത്താവിന്റെ വചനം അദൃശ്യമായവ അപഗ്രഥിക്കുന്നു.
അവിടുത്തെ ചിന്തകൾ ഗ്രഹിക്കുന്നു.

9. നയനം അവിടുത്തെ കർമ്മങ്ങൾ കാണുന്നു.
ചെവി അവിടുത്തെ ചിന്ത കേൾക്കുന്നു.

10. വിശാലമായ ഭൂമിയെ ഉണ്ടാക്കുകയും
കടലിൽ വെള്ളം നിറയ്ക്കുകയും ചെയ്തത്
അവിടുന്നാകുന്നു.

11. അവിടുന്ന് ആകാശത്തെ വിരിക്കുകയും
നക്ഷത്രങ്ങളെ ഉറപ്പിക്കുകയും ചെയ്യുന്നു.

12. അവൻ സൃഷ്ടിയെ ഉറപ്പിക്കുകയും
അതിനെ സ്ഥാപിക്കുകയും
അതിനുശേഷം തന്റെ പ്രവൃത്തികളിൽനിന്ന്
വിശ്രമിക്കുകയും ചെയ്തു.

13. സൃഷ്ടവസ്തുക്കൾ തങ്ങളുടെ വഴികളിലൂടെ ചരിക്കുന്നു.
അവയുടെ ദൗത്യം നിർവഹിക്കുന്നു.
അവയ്ക്കില്ലാതാകുവാനോ ദൗത്യം നിർവഹിക്കാതിരിക്കാ
നോ സാദ്ധ്യമല്ല.

14. സൈന്യങ്ങൾ അവിടുത്തെ വചനത്തിന് വിധേയരാകുന്നു.

15. സൂര്യൻ പ്രകാശസംഭരണിയും
രാത്രി ഇരുട്ടിന്റെ സംഭരണിയും ആകുന്നു.

16. പ്രകാശിക്കുവാൻവേണ്ടി ദിവസത്തിന്
അവിടുന്നു സൂര്യനെ നിർമ്മിച്ചു.
രാത്രി ഭൂമിയിൽ അന്ധകാരം വരുത്തുന്നു.

www.malankaralibrary.com



17. അവയുടെ പരസ്പരസ്വീകരണത്താൽ
അവ ദൈവത്തിന്റെ സൗന്ദര്യം പൂർണ്ണമാക്കുന്നു.

18. കർത്താവിന് അന്യമായിട്ടൊന്നുമില്ല.
കാരണം, എന്തെങ്കിലും ഉണ്ടാകുന്നതിനുമുൻപേ
അവിടുന്നുണ്ടായിരുന്നു.

19. തന്റെ വചനത്താലും തന്റെ
ഹൃദയത്തിന്റെ വിചാരത്താലും
ലോകങ്ങൾ ഉണ്ടായി.

20. തന്റെ നാമത്തിന് സ്തുതിയും
ബഹുമാനവും. ഹാലേലുയ്യാ.

17 1. എന്റെ ദൈവം എന്നെ കിരീടം ധരിപ്പിച്ചു
എന്റെ കിരീടം ജീവനുള്ളതാകുന്നു.

2. എന്റെ ദൈവം എന്നെ നീതീകരിച്ചു
എന്റെ രക്ഷ അനശ്വരമാകുന്നു

3. മിത്ഥ്യയിൽനിന്നു ഞാൻ വിമോചിതനായി
ഞാൻ വിധിക്കപ്പെട്ടില്ല.

4. അവന്റെ കൈകൾ എന്റെ വിലങ്ങുകൾ വെട്ടിമുറിച്ചു
ഞാൻ പുതിയ മനുഷ്യന്റെ സാദൃശ്യവും
മുഖവും സ്വീകരിച്ചു
ഞാൻ അവനിൽ നടന്ന് രക്ഷ പ്രാപിച്ചു.

5. സത്യത്തെപ്പററിയുള്ള ചിന്ത എന്നെ വഴിനടത്തി
ഞാൻ അതിന്റെ പിന്നാലെ നടന്നു,
ഞാൻ അലഞ്ഞു നടന്നില്ല

(ക്രിസ്തു സംസാരിക്കുന്നു)

6. എന്നെ കണ്ടവരെല്ലാം അൽഭുതപ്പെട്ടു
അവർക്കു ഞാൻ അപരിചിതനായി കാണപ്പെട്ടു.

7. എന്നെ അറിയുകയും ഉയർത്തുകയും ചെയ്തവൻ,
തന്റെ എല്ലാ പരിപൂർണതയിലും അത്യുന്നതനാകുന്നു.

www.malankaralibrary.com



8. അവൻ തന്റെ ദയയാൽ എന്നെ മഹത്വപ്പെടുത്തി,
സത്യത്തിന്റെ ഉയരത്തിലേക്ക്
അവൻ എന്റെ അറിവിനെ ഉയർത്തി.

9. അവിടെ നിന്ന് അവനെനിക്ക്
തന്റെ ചവിട്ടുപടികളുടെ പാത തന്നു.
അടയ്ക്കപ്പെട്ട വാതിലുകൾ അവൻ തുറന്നുതന്നു.

10. ഇരുമ്പോടാമ്പലുകൾ അവൻ തകർത്തു.
എന്റെ ബന്ധനങ്ങൾ ചുട്ടുപഴുത്ത്
അവന്റെ മുമ്പാകെ ഉരുകിപ്പോയി.

11. ഒന്നും എനിക്ക് അടയ്ക്കപ്പെട്ടതായി കാണപ്പെട്ടില്ല.
കാരണം, ഞാൻ എല്ലാററിന്റെയും വാതിലാകുന്നു.

12. കെട്ടപ്പെട്ടവനും ബന്ധിതനും ആയി
ആരും അവശേഷിക്കാതിരിക്കാൻ
ഞാൻ എന്റെ ബന്ധനസ്ഥരുടെ പക്കൽ ചെന്ന്
അവരെ വിടുവിച്ചു.

14. ഞാൻ എന്റെ വിജ്ഞാനം ഔദാര്യപൂർവ്വം നൽകി.
എന്റെ ഉത്ഥാനം എന്റെ സ്നേഹത്തിലൂടെയും.

14. ഞാനെന്റെ നൻമകൾ ഹൃദയങ്ങളിൽ വിതച്ചു.
എന്നിലൂടെ ഞാനവയെ രൂപാന്തരപ്പെടുത്തി.

15. പിന്നീടവ എന്റെ അനുഗ്രഹം പ്രാപിക്കുകയും
ജീവിക്കുകയും ചെയ്തു.
അവയെല്ലാം എന്നിലേക്ക് ശേഖരിക്കപ്പെടുകയും
രക്ഷിക്കപ്പെടുകയും ചെയ്തു.

16. കാരണം അവർ എന്റെ അവയവങ്ങളും ഞാനവരുടെ
ശിരസ്സും ആയിത്തീർന്നു.

(സ്തുതിപ്പ്)

17 ഞങ്ങളുടെ ശിരസ്സായ മിശിഹാകർത്താവേ,
നിനക്ക് മഹത്വം.
ഹാലേലുയ്യാ.

www.malankaralibrary.com



18\. 1. എന്റെ ഹൃദയം ഉയർത്തപ്പെടുകയും
അത്യുന്നതന്റെ സ്നേഹത്തിൽ
ഐശ്വര്യസമൃദ്ധമാകുകയും ചെയ്തു.
എന്റെ നാമംകൊണ്ട് ഞാനവനെ സ്തുതിക്കുവാൻ തന്നെ.

2\. അവന്റെ ശക്തിയിൽനിന്ന് വീണുപോകാതിരിക്കുവാൻ
എന്റെ അവയവങ്ങൾ ശക്തമാക്കപ്പെട്ടു.

3\. എന്റെ ശരീരത്തിൽ നിന്ന് ബലഹീനതകൾ ഓടിയകന്നു.
അവന്റെ രാജ്യം സുസ്ഥിരമാകയാൽ തിരുഹിത പ്രകാരം
കർത്താവിനുവേണ്ടി അത് ഉറച്ചുനിന്നു.

4\. കർത്താവേ, ആവശ്യക്കാരെ പ്രതി,
തിരുവചനം എന്നിൽനിന്ന് എടുത്തുകളയരുതേ.

5\. അവരുടെ പ്രവൃത്തികളെപ്രതി
നിന്റെ പൂർണ്ണത എന്നിൽനിന്ന് പിൻവലിക്കരുതേ.

6\. പ്രകാശത്തെ അന്ധകാരം കീഴടക്കരുതേ.
സത്യം അസത്യത്തിന്റെ മുമ്പിൽനിന്ന്
ഓടിപ്പോകാതിരിക്കട്ടെ.

7\. നിന്റെ വലത്തു കൈ ഞങ്ങളുടെ രക്ഷ
വിജയത്തിലെത്തിക്കട്ടെ.
എല്ലായിടത്തുനിന്നും അത് സ്വീകരിക്കട്ടെ.
ദൗർഭാഗ്യത്താൽ വലയപ്പെട്ടവരെ സംരക്ഷിക്കട്ടെ.

8\. നീ എന്റെ ദൈവമാകുന്നു.
കള്ളവും മരണവും നിന്റെ വായിലില്ല.
പൂർണ്ണത മാത്രമാകുന്നു തിരുഹിതം.

9\. മിഥ്യയെ നീ അറിയുന്നില്ല.
കാരണം, അത് നിന്നെയും അറിയുന്നില്ല.

10\. നീ തെറ്റിനെ അറിയുന്നില്ല.
കാരണം, അത് നിന്നെയും അറിയുന്നില്ല.

11\. അജ്ഞത പൊടിപോലെയും
കടലിലെ പതപോലെയും കാണപ്പെട്ടു.

www.malankaralibrary.com



21. വ്യർത്ഥാഭിമാനികൾ ഇത് വലിയ സംഗതി എന്ന് കരുതി.
അവർ തങ്ങളുടെ മാതൃകപോലെ ദരിദ്രരായിത്തീർന്നു.

13. എന്നാൽ വിജ്ഞാനികൾ മനസ്സിലാക്കി ധ്യാനിച്ചു.
തങ്ങളുടെ വിചാരങ്ങളാൽ അവർ മലിനരായില്ല.

14. കാരണം, അവർ അത്യുന്നതന്റെ മനസ്സിലായിരുന്നു.
തെററിൽ സഞ്ചരിച്ചവരെ അവർ പരിഹസിച്ചു.

15. അത്യുന്നതൻ തങ്ങളിലേയ്ക്ക് ഊതിയ ശ്വാസത്താൽ
അപ്പോൾ അവർ സത്യം സംസാരിച്ചു.

16. അവന്റെ നാമത്തിന് സ്തുതിയും
വലിയ ബഹുമാനവും. ഹാലേലുയ്യാ.

19. 1. ഒരു പാത്രം പാൽ എനിക്കു നല്കപ്പെട്ടു.[1]
കർത്താവിന്റെ കരുണയുടെ മാധുര്യത്തിൽ
ഞാനതു കുടിച്ചു.

2. പുത്രനാണ് ആ പാത്രം.
പിതാവിൽ നിന്നാണ് അതു കറന്നെടുത്തത്.
പരിശുദ്ധാത്മാവാണ് അത് കറന്നത്.

3. കാരണം, അവിടുത്തെ മാറിടം നിറഞ്ഞുനിന്നു.
അവിടുത്തെ പാൽ പ്രയോജനരഹിതമായി ഒഴുകുന്നത്
അനഭികാമ്യമാണ്.

4. പരിശുദ്ധാത്മാവ് തന്റെ മടി തുറന്നു.
പിതാവിന്റെ ഇരു മാറിടങ്ങളിലേയും പാൽ
ഒന്നിച്ചു ചേർത്തു.

5. തലമുറകൾ അറിയാതെ അവൾ അത്
അവർക്ക് കുടിക്കുവാൻ കൊടുത്തു
അത് സ്വീകരിച്ചവർ വലത്തുകൈയുടെ
പൂർണ്ണതയിലാണ്.

6. കന്യകയുടെ ഉദരം അത് സ്വീകരിച്ചു.
അവൾ ഗർഭിണിയായി, പ്രസവിച്ചു.

---

1. ഈ ഗീതകത്തിൽ ഗ്നോസ്ററിക് ആശയങ്ങളുണ്ട്.

www.malankaralibrary.com



7. അങ്ങനെ വലിയ കാരുണ്യത്തോടുകൂടി
കന്യക അമ്മ ആയിത്തീർന്നു.

8. അവൾക്ക് പ്രസവസമയമടുത്തപ്പോൾ
വേദന കൂടാതെ അവൾ പുത്രനെ പ്രസവിച്ചു.
കാരണം, ഇത് വെറുതെ സംഭവിച്ചതല്ല.

9. അവൾക്ക് സൂതികർമ്മിണിയെ ആവശ്യമായി വന്നില്ല.
കാരണം, അവൻ അവളെ സഹായിച്ചു.

10. ആഗ്രഹമുള്ള ശക്തനായ ആളെപ്പോലെ അവൾ പ്രസവിച്ചു.
വെളിപ്പെടുത്തപ്പെട്ടതുപോലെ അവൾ പ്രസവിച്ചു.
വലിയ ശക്തിയോടുകൂടി അവൾ സമ്പാദിച്ചു.

11. രക്ഷയോടുകൂടി അവൾ സ്നേഹിച്ചു.
ദയയോടുകൂടി അവൾ കാത്തു സൂക്ഷിച്ചു.
മഹിമയോടുകൂടി വിളംബരം ചെയ്തു. ഹാലേലുയ്യാ.

20. 1. ഞാൻ കർത്താവിന്റെ പുരോഹിതനാണ്.
അവനെ ഞാൻ ശുശ്രൂഷിക്കുന്നു.

2. അവന്റെ ചിന്തയുടെ അർപ്പണം
അവനു ഞാൻ അർപ്പിക്കുന്നു.

3. ലോകത്തിന്റേതുപോലെയോ,
ജഡികമായോ, ജഡികമായി ആരാധിക്കുന്നവരുടേതു
പോലെയോ ഉള്ളതല്ല അവന്റെ ചിന്ത.

4. കർത്താവിന്റെ അർപ്പണം നീതിയും
അധരങ്ങളുടേയും ഹൃദയത്തിന്റേയും
വിശുദ്ധിയുമാകുന്നു.

5. നിന്റെ ആന്തരികേന്ദ്രിയങ്ങൾ
കളങ്കരഹിതമായി സമർപ്പിക്കുക.
നിന്റെ സഹതാപം സഹതാപത്തെ പീഡിപ്പിക്കരുത്.
നീ തന്നെയും ആരെയും പീഡിപ്പിക്കരുത്.

6. ഒരപരിചിതനെയും വിലയ്ക്ക് വാങ്ങരുത്.
കാരണം, അവൻ നിന്നെപ്പോലെയാണ്.
നിന്റെ അയല്ക്കാരനെ ചതിക്കുവാൻ ശ്രമിക്കരുത്.
അവനെ വസ്ത്രാക്ഷേപം ചെയ്യരുത്.

www.malankaralibrary.com



7. കർത്താവിന്റെ കൃപ ഔദാര്യപൂർവ്വം വരിക്കുക.
അവന്റെ പറുദീസായിലേക്കുവന്ന്
നിനക്കുവേണ്ടി അവന്റെ വൃക്ഷത്തിൽനിന്ന്
ഒരു കിരീടം നിർമ്മിക്കുക.

8. അത് ശിരസിൽ ധരിച്ച് സന്തുഷ്ടനായി
അവന്റെ വിശ്രമത്തിൽ പ്രവേശിക്കുക.

9. അവന്റെ മഹത്വം നിന്റെ മുൻപേ പോകും.
അവന്റെ കൃപയിൽനിന്നും
ദയയിൽനിന്നും നീ സ്വീകരിക്കും.
അവന്റെ വിശുദ്ധിയുടെ സ്തുതിയോടുകൂടി
സത്യത്തിൽ നീ അഭിഷിക്തനാകും.

10. അവന്റെ നാമത്തിന് സ്തുതിയും ബഹുമാനവും.
ഹാലേലൂയ്യാ.

21 1. കർത്താവിന്റെ കാരുണ്യത്തെ പ്രതി
ഞാൻ ഉന്നതത്തിലേക്ക് എന്റെ കൈകൾ ഉയർത്തി.

2. കാരണം, അവൻ എന്റെ ബന്ധനം ദൂരെ എറിഞ്ഞു.
എന്റെ സഹായി തന്റെ കരുണയ്ക്കും രക്ഷയ്ക്കും
അനുസൃതമായി എന്നെ ഉയർത്തി.

3. ഞാൻ ഇരുട്ടു വലിച്ചെറിഞ്ഞ് പ്രകാശം ധരിച്ചു.

4. ഞാൻ തന്നെയും അംഗങ്ങളെ നേടി.
അവരിൽ രോഗമോ, വേദനയോ,
പീഡനമോ ഉണ്ടായിരുന്നില്ല.

5. കർത്താവിനെപ്പറ്റിയുള്ള ചിന്തയും
അവനുമായുള്ള നിത്യസഹവാസവും
എനിക്ക് വലിയ സഹായമായിരുന്നു.

6. ഞാൻ പ്രകാശത്തിൽ ഉയർത്തപ്പെട്ടു.
ഞാനവന്റെ മുമ്പിൽകൂടി കടന്നുപോയി.

7. എപ്പോഴും അവനെ സ്തുതിച്ചുകൊണ്ടും
ഏററുപറഞ്ഞുകൊണ്ടും
ഞാൻ അവന്റെ സമീപത്തായിരുന്നു.

8. എന്റെ ഹൃദയം നിറഞ്ഞുകവിയുവാൻ അവൻ ഇടയാക്കി.
അതെന്റെ വായിൽ കാണപ്പെട്ടു.
അതെന്റെ അധരങ്ങളിലേക്ക് ഒഴുകി.

www.malankaralibrary.com



9. കർത്താവിൻെറ സ്തുതിയും പുകഴ്ചയും
എൻെറ മുഖത്ത് വർദ്ധിച്ചു. ഹാലേലൂയ്യാ.

(ക്രിസ്തു പറയുന്നു)

22 1. എന്നെ ഉന്നതത്തിൽനിന്ന് താഴേക്ക് ഇറക്കുകയും
അഗാധങ്ങളിൽനിന്ന് ഉയർത്തുകയും ചെയ്തവൻ

2. മധ്യഭാഗത്തുള്ളതിനെ ശേഖരിക്കുകയും
അവയെ എൻെറ പക്കലേക്ക് എറിയുകയും ചെയ്യുന്നവൻ

3. എൻെറ ശത്രുക്കളേയും എതിരാളികളേയും ചിതറിച്ചവൻ

4. ഞാൻ വിമോചനം നല്കുവാൻവേണ്ടി
ബന്ധനസ്ഥരുടെമേൽ എനിക്കധികാരം നൽകിയവൻ.

5. എൻെറ കരങ്ങൾ വഴി ഏഴു തലയുള്ള
സർപ്പത്തെ കീഴടക്കിയവൻ
സർപ്പ സന്തതിയെ ഞാൻ നശിപ്പിക്കാൻവേണ്ടി
എന്നെ അടിസ്ഥാനത്തിൽ സ്ഥാപിച്ചവൻ.

6. നീ അവിടെ ആയിരുന്നു. നീ എന്നെ സഹായിച്ചു.
എല്ലായിടത്തും നിൻെറ നാമം എന്നെ വലയം ചെയ്തു.

7. നിൻെറ വലത്തുകൈ ഉഗ്രവിഷം നശിപ്പിച്ചു.
നിന്നിൽ വിശ്വസിക്കുന്നവർക്കുവേണ്ടി
നിൻെറകൈ പാതയൊരുക്കി.

8. അതവരെ കല്ലറകളിൽനിന്ന് തിരഞ്ഞെടുത്തു.
മരിച്ചവരിൽനിന്ന് അവരെ വേർതിരിച്ചു.

9. അത് മരിച്ച അസ്ഥികളെ എടുത്തു
മാംസംകൊണ്ടുപൊതിഞ്ഞു.

10. അവ ചലനരഹിതമായിരുന്നു.
അതവർക്ക് ജീവചൈതന്യം നല്കി.

11. നിൻെറ വഴിയും തിരുമുഖവും അഴിവിനതീതമാണ്.
എല്ലാവരും നവീകരിക്കപ്പെടുന്നതിനും
രൂപാന്തരപ്പെടുന്നതിനും
നിൻെറ ലോകത്തെ നീ അഴിവിനതീതമാക്കി.

www.malankaralibrary.com



12. എല്ലാററിന്റെയും അടിസ്ഥാനം നിന്റെ പാറയാണ്.
അതിന്മേൽ നീ നിന്റെ രാജ്യം പണിതു.
അത് നീ വിശുദ്ധരുടെ വാസഗൃഹമാക്കിത്തീർത്തു.
ഹാലേലൂയ്യാ.

23 1. സന്തോഷം വിശുദ്ധർക്കുള്ളതാണ്.
അവരല്ലാതെ ആരാണ് അത് ധരിക്കുന്നത്?

2. കൃപാവരം തിരഞ്ഞെടുക്കപ്പെട്ടവർക്കുള്ളതാണ്.
ആരംഭം മുതൽ അതിൽ വിശ്വസിച്ചവരല്ലാതെ
ആരാണത് സ്വീകരിക്കുക?

3. സ്നേഹം തിരഞ്ഞെടുക്കപ്പെട്ടവർക്കുള്ളതാണ്.
ആരംഭംമുതൽ അത് സ്വന്തമാക്കിയവരല്ലാതെ
ആരാണത് ധരിക്കുക?

4. കർത്താവിന്റെ വിജ്ഞാനത്തിൽ സഞ്ചരിക്കുക.
കർത്താവിന്റെ ഔദാര്യം നിറഞ്ഞ കൃപ നിങ്ങൾ ഗ്രഹിക്കും.
തന്റെ പുകഴ്ചയ്ക്കും തന്റെ അറിവിന്റെ പൂർണ്ണതയ്ക്കുംവേണ്ടി.

5. അവന്റെ ചിന്ത ഒരു കത്തുപോലെയായിരുന്നു.
അവന്റെ ഇച്ഛ ഉന്നതത്തിൽനിന്ന് ഇറങ്ങിവരും.

6. വില്ലിൽനിന്ന് ശക്തിയായി എയ്ത അമ്പുപോലെ
അത് അയയ്ക്കപ്പെട്ടു.

7. ആ കത്ത് പിടിച്ചെടുത്ത് വായിക്കുവാൻ
അനേകം കൈകൾ അതിന്റെ പക്കലേക്ക് ഓടിക്കൂടി.

8. എന്നാലത് അവരുടെ കൈകളിൽനിന്ന് വഴുതിപ്പോയി.
അവർ അതും അതിന്മേലുള്ള മുദ്രയും കണ്ട്
ഭയചകിതരായി.

9. ആ മുദ്ര പൊട്ടിക്കുവാൻ അവർക്ക് അനുവാദമില്ലായിരുന്നു.
മുദ്രയിന്മേലുള്ള ശക്തി അവരെക്കാൾ
ബലമുള്ളതായിരുന്നു.

www.malankaralibrary.com



10. അത് എവിടെ വീഴുമെന്നും ആര് വായിക്കുമെന്നും ആര്
കേൾക്കുമെന്നും അറിയാൻ വേണ്ടി
കത്ത് കണ്ടവർ അതിന്റെ പിന്നാലെ പോയി.

11. എന്നാലൊരു ചക്രം അത് സ്വീകരിച്ചു.
അത് അതിൻമേൽ വന്നു.

12. അതോടുകൂടി രാജ്യത്തിന്റെയും പരിപാലനയുടെയും
അടയാളമുണ്ടായിരുന്നു.

13. ആ ചക്രത്തെ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നവയെല്ലാം
അത് അറത്തുമുറിച്ചു കളഞ്ഞു.

14. അത് എതിരാളികളുടെ കൂട്ടത്തെ തടഞ്ഞുനിർത്തി.
നദികളെ തമ്മിൽ യോജിപ്പിച്ചു.

15. അത് കടന്ന് അനേകം പർവ്വതങ്ങളെ പിഴുതെറിഞ്ഞ്
വലിയൊരു പാത ഉണ്ടാക്കി.

16. തല പാദത്തിലേക്ക് പോയി.
കാരണം, പാദത്തിലേക്ക് ചക്രം ഓടിയടുത്തു.
അതുപോലെ അതിൻമേൽ ഉണ്ടായിരുന്നവയും.

17. കത്ത് കല്പനാരൂപത്തിലുള്ളതായിരുന്നു.
അതുകൊണ്ട് എല്ലാ പ്രദേശങ്ങളും ഒന്നിച്ച് കൂട്ടപ്പെട്ടു.

18. അതിന്റെ ശിരസ്സിൽ,
വെളിപ്പെടുത്തപ്പെട്ട അതിന്റെ ശിരസ്സിൽ,
അത്യുന്നത പിതാവിൽനിന്നുള്ള സത്യപുത്രൻ കാണപ്പെട്ടു.

19. അവൻ എല്ലാററിനും അവകാശി ആയി എല്ലാം സമ്പാദിച്ചു.
അപ്പോൾ അനേകരുടെ ഉപായങ്ങൾ അവസാനിച്ചു.

20. അപ്പോൾ എല്ലാ പരീക്ഷകരും ഓടി മറഞ്ഞു.
പീഡകർ ഇല്ലാതായി; അവർ അമർച്ച ചെയ്യപ്പെട്ടു.

21. ആ കത്ത് പൂർണ്ണമായും ദൈവത്തിന്റെ
വിരലുകൾകൊണ്ടെഴുതിയ ഒരു വലിയവാല്യമായിതീർന്നു.

22. എന്നുമെന്നേക്കും ഭരിക്കാൻ
പിതാവിന്റേയും പുത്രന്റേയും
പരിശുദ്ധാത്മാവിന്റെയും നാമം
അതിന്മേലുണ്ടായിരുന്നു. ഹാലേലുയ്യാ.

www.malankaralibrary.com



24. 1. നമ്മുടെ കർത്താവായ മിശിഹായുടെ തലയ്ക്കു മുകളിൽ
പ്രാവ് പറന്നാവസിച്ചു.
കാരണം, അവനായിരുന്നു അവളുടെ ശിരസ്സ്.

2. അവൾ അവനുമീതേ പാടി
അവളുടെ ശബ്ദം കേൾക്കപ്പെടുകയും ചെയ്തു.

3. അപ്പോൾ നാട്ടുകാർ ഭയചകിതരായി
വിദേശികൾ പേടിച്ചു

4. പക്ഷി പറക്കാൻ തുടങ്ങി.
ഇഴജന്തുക്കളെല്ലാം തങ്ങളുടെ മാളങ്ങളിൽ ചത്തടിഞ്ഞു.

5. ആഴങ്ങൾ തുറക്കപ്പെടുകയും അടയ്ക്കപ്പെടുകയും
ചെയ്തു.
പ്രസവവേദന അനുഭവിക്കുന്നവളെപ്പോലെ
അവ കർത്താവിനെ തേടി.

6. അവയ്ക്ക് പോഷണമായി അവൻ നല്കപ്പെട്ടില്ല
കാരണം, അവൻ അവരുടേതായിരുന്നില്ല

7. എന്നാൽ കർത്താവിന്റെ മുങ്ങലിൽ ആഴങ്ങൾ മുക്കപ്പെട്ടു.
ആരംഭം മുതൽ തങ്ങളോടുകൂടി നിലനിന്ന കുതന്ത്രങ്ങളിൽ
അവ നശിച്ചു.

8. അവ ആരംഭം മുതൽ പ്രസവവേദന അനുഭവിച്ചു
അവയുടെ വേദനയുടെ അവസാനമായിരുന്നു ജീവൻ.

9. കുറവുള്ളവരെല്ലാം നശിച്ചുപോയി
നിലനില്പിനാവശ്യമായ വാക്കുച്ചരിക്കാൻ
അവർക്കു കഴിഞ്ഞില്ല.

10. തങ്ങളോടുകൂടി സത്യമില്ലാത്ത എല്ലാവരുടെയും
പദ്ധതികളെയും കർത്താവ് തകർത്തുകളഞ്ഞു.

11. അവർക്ക് വിജ്ഞാനം കുറവായിരുന്നു
അവർ മനസ്സിൽ സ്വയം ഉയർത്തി

12. അവരോടുകൂടി സത്യമില്ലാത്തതിനാൽ
അവർ തള്ളപ്പെട്ടു.

www.malankaralibrary.com



13. കർത്താവ് തന്റെ പാത വെളിപ്പെടുത്തി
തന്റെ കൃപ ധാരാളമായി ചിന്തി.

14. അതു ഗ്രഹിച്ചവർ തന്റെ വിശുദ്ധിയെ മനസ്സിലാക്കി.
ഹാലേലുയ്യാ.

25. 1. എന്റെ ബന്ധനങ്ങളിൽ നിന്നു ഞാൻ വിമുക്തനായി.
എന്റെ ദൈവമേ, നിന്റെ പക്കലേക്കു ഞാൻ പറന്നടുത്തു.

2. കാരണം, എന്റെ രക്ഷയുടെ വലതുകരവും
എന്റെ സഹായിയും നീയാകുന്നു.

3. എനിക്കെതിരെ ഉയർന്നവരെ നീ നിയന്ത്രിച്ചു.
അവർ പിന്നെ കാണപ്പെട്ടതുമില്ല.

4. നീ എന്നോടുകൂടിയായിരുന്നു
നിന്റെ കൃപയിൽ നീ എന്നെ രക്ഷിച്ചു.

5. എന്നാൽ അനേകരുടെ ദൃഷ്ടിയിൽ ഞാൻ നിന്ദിതനും
നിഷ്കാസിതനുമായിരുന്നു.
അവരുടെ ദൃഷ്ടിയിൽ ഞാൻ ഈയംപോലെയായിരുന്നു.

6. ഞാൻ നിന്നിൽനിന്ന് ശക്തിയും സഹായവും സമ്പാദിച്ചു.

7. എന്നിൽ പ്രകാശമല്ലാതെ മറ്റൊന്നും ഉണ്ടാകാതിരിപ്പാൻ
എന്റെ വലത്തും എന്റെ ഇടത്തും നീയെനിക്ക്
വിളക്ക് കൊളുത്തി.

8. നിന്റെ ആത്മാവ് എന്നെ പൊതിഞ്ഞു
ഞാൻ എന്റെ തൊക്കാകുന്ന സ്വാഭാവിക വസ്ത്രം
എന്നിൽനിന്നു മാററി.

9. നിന്റെ വലത്തുകൈ എന്നെ ഉയർത്തി
എന്റെ രോഗം നീയകററി.

10. ഞാൻ നിന്റെ സത്യത്തിൽ ശക്തനും
നിന്റെ നീതിയിൽ വിശുദ്ധനുമായി തീർന്നു.

11. എന്റെ എതിരാളികൾ എന്നെ കണ്ട് ഭയപ്പെട്ടു
കർതൃനാമത്താൽ ഞാൻ കർത്താവിന്റേതായി തീർന്നു.

12. അവന്റെ ദയ എന്നെ നീതീകരിച്ചു.
അവന്റെ വിശ്രമം എന്നുമെന്നേക്കും
ഹാലേലുയ്യാ.

www.malankaralibrary.com



26. 1. ഞാൻ കർത്താവിന് സ്തുതികൾ പാടി
എന്തെന്നാൽ ഞാൻ അവന്റെ സ്വന്തമാകുന്നു.

2. അവന്റെ വിശുദ്ധ ഗീതം ഞാൻ ആലപിക്കും
എന്തെന്നാൽ എന്റെ ഹൃദയം അവനോടുകൂടിയാകുന്നു.

3. അവന്റെ കിന്നരം എന്റെ കൈയിലാകുന്നു
അവന്റെ വിശ്രമത്തിന്റെ ഗീതകം
നിശ്ശബ്ദമായിരിക്കയില്ല

4. എന്റെ പൂർണ്ണഹൃദയത്തോടെ ഞാൻ അവനെ വിളിക്കും
എന്റെ സർവാംഗങ്ങൾകൊണ്ടും ഞാനവനെ
സ്തുതിക്കുകയും പുകഴ്ത്തുകയും ചെയ്യും

5. എന്തെന്നാൽ അവന്റെ സ്തുതി
കിഴക്കുമുതൽ പടിഞ്ഞാറ് വരെയാകുന്നു.

6. അവന്റെ നേർക്കുള്ള കൃതജ്ഞതാസ്തോത്രം
തെക്കു മുതൽ വടക്കുവരെയാകുന്നു,

7. അവന്റെ പൂർണ്ണത
ഗിരിശൃംഗം മുതൽ താഴ്വരവരെയാകുന്നു.

8. കർത്താവിന്റെ കീർത്തനങ്ങൾ രചിക്കുവാനും
അവ ആലപിക്കുവാനും ആർക്കു സാധിക്കും?

9. സ്വയം രക്ഷപെടാൻവേണ്ടി
ജീവനിലേക്ക് സ്വയം പരിശീലനം നേടാൻ
ആർക്കു സാധിക്കും?

10. അത്യുന്നതൻ തന്റെ അധരങ്ങൾകൊണ്ട്
സംസാരിക്കാൻ അവിടുത്തെ നിർബന്ധിക്കുവാൻ
ആർക്കാവും?

11. കർത്താവിന്റെ അത്ഭുതങ്ങൾ വ്യാഖ്യാനിക്കുവാൻ
ആർക്ക് കഴിയും?
വ്യാഖ്യാനിക്കുന്നവൻ നശിച്ചാലും വ്യാഖ്യാനിക്കപ്പെട്ടത്
നിലനിൽക്കും.

12. സൂക്ഷിച്ച് വീക്ഷിക്കുകയും തൃപ്തിപ്പെടുകയും
ചെയ്യുന്നത് മതി.
സങ്കീർത്തകൻ മഹത്വത്തിൽ നിൽക്കുന്നു.

www.malankaralibrary.com



13. അനർഗളം പ്രവഹിക്കുകയും അതിനെ തേടുന്നവരുടെ
ശമനത്തിനുവേണ്ടി ഒഴുകുകയും ചെയ്യുന്ന
ഉറവയുള്ള നദിപോലെ.
ഹാലേലുയ്യാ.

27. 1. ഞാനെന്റെ കൈകൾ നീട്ടി
എന്റെ കർത്താവിനെ മഹത്വപ്പെടുത്തി.

2. എന്റെ കൈകൾ നീട്ടുന്നത് അവന്റെ അടയാളമാണ്.

3. ഞാൻ കൈകൾ നീട്ടുന്നത് യഥാർത്ഥ കുരിശാണ്.
ഹാലേലുയ്യാ.

28. 1. പ്രാവിന്റെ ചിറകുകൾ പ്രാവിൻ കുഞ്ഞുങ്ങളുടെ മേൽ
എന്നപോലെയും,
പ്രാവിൻ കുഞ്ഞുങ്ങളുടെ വായ്കൾ പ്രാവുകളുടെ
വായ്കളിലേക്ക് എന്നപോലെയും,
ആത്മാവിന്റെ ചിറകുകൾ എന്റെ
ഹൃദയത്തിൻമേലാവസിക്കുന്നു.

2. അമ്മയുടെ ഉദരത്തിൽ ശിശു സന്തോഷംകൊണ്ട്
തുള്ളിച്ചാടുന്നതുപോലെ
എന്റെ ഹൃദയം തുടർച്ചയായി ക്രമീകരിക്കപ്പെടുകയും
ആനന്ദത്താൽ കുതിച്ചു ചാടുകയും ചെയ്യുന്നു.

3. ഞാൻ പ്രത്യാശവച്ചു; തൽഫലമായി ഞാൻ വിശ്രമിച്ചു.
കാരണം, ഞാൻ ആരിൽ പ്രത്യാശ വച്ചുവോ
അവൻ വിശ്വസ്തനാകുന്നു

4. അവനെന്നെ ധാരാളമായി അനുഗ്രഹിച്ചു.
എന്റെ ശിരസ് അവനോട് കൂടെയാണ്.

5. കഠാരയോ വാളോ അവനിൽനിന്ന് എന്നെ
വേർതിരിക്കുകയില്ല.

6. നാശം വന്നണയുന്നതിന് മുൻപ് ഞാൻ തയ്യാറായി,
അവന്റെ അഴിവില്ലാത്ത കരങ്ങളിൽ എന്നെ സമർപ്പിച്ചു.

7. അമർത്യ ജീവൻ എന്നെ ആലിംഗനം ചെയ്ത് ഉമ്മ വച്ചു.

8. ആ ജീവനിൽ നിന്നാണ് എന്നിൽ വസിക്കുന്ന ആത്മാവ്.
അത് ജീവനാകയാൽ മരിക്കാൻ സാധിക്കുകയില്ല.

www.malankaralibrary.com



(ക്രിസ്തു സംസാരിക്കുന്നു)

9. എന്നെ കണ്ടവർ അത്ഭുതസ്തബ്ധരായി.
കാരണം, ഞാൻ പീഡിപ്പിക്കപ്പെട്ടവനായിരുന്നു.

10. ഞാൻ വിഴുങ്ങപ്പെട്ടുവെന്ന് അവർ കരുതി.
നശിച്ചുപോയവരിൽ ഒരുവനായി അവരെന്നെ കരുതി.

11. എന്നാൽ എന്റെ നിന്ദ എന്റെ രക്ഷയായിത്തീർന്നു.

12. ഞാൻ അവരുടെ മ്ലേച്ഛതയായിത്തീർന്നു:
എന്നാൽ എന്നിൽ അസൂയ ഇല്ലായിരുന്നു.

13. ഞാൻ എല്ലാവർക്കും നിരന്തരം
നൻമചെയ്തതിനാൽ ഞാൻ വെറുക്കപ്പെട്ടു.

14. പേ പിടിച്ച പട്ടികൾ ഉടമസ്ഥരെ ആക്രമിക്കുന്നതുപോലെ
അവർ എന്നെ വളഞ്ഞു.

15. കാരണം, അവരുടെ ചിന്ത ദുഷിച്ചതാണ്.
മനസ് വഴിപിഴച്ചതുമാണ്.

16. ഞാൻ എന്റെ വലത്തുകയ്യിൽ
വെള്ളം ചുമക്കുകയായിരുന്നു.
എന്റെ മാധുര്യത്താൽ അവരുടെ കയ്പ് ഞാൻ സഹിച്ചു.

17. ഞാൻ തകർന്നുപോയില്ല.
കാരണം, ഞാൻ അവരുടെ സഹോദരനായില്ല.
എന്റെ ജനനം അവരുടേതുപോലെ ആയിരുന്നില്ല.

18. അവർ എന്റെ മരണത്തിനായി പതിയിരുന്നു.
എന്നാൽ അവർ വിജയിച്ചില്ല.
കാരണം, അവരുടെ ഓർമ്മയേക്കാൾ
ഞാൻ പ്രായം ചെന്നവനായിരുന്നു.
അവർ വൃഥാ എനിക്കെതിരെ ചീട്ടിട്ടു.

19. എന്റെ പിന്നാലെ വന്നവർ
തങ്ങൾക്ക് മുമ്പേ പോയവന്റെ
ഓർമ്മയില്ലാതാക്കാൻ വൃഥാ പരിശ്രമിച്ചു.

20. അത്യുന്നതന്റെ ചിന്തകളെ മറികടക്കാൻ സാധിക്കുകയില്ല.
അവിടുത്തെ ഹൃദയം എല്ലാ ജ്ഞാനത്തേക്കാളും
ഉപരിസ്ഥമാണ്. ഹാലേലൂയ്യാ.

www.malankaralibrary.com



29 1. കർത്താവെന്റെ പ്രതീക്ഷ ആകുന്നു.
അവനിൽ ഞാൻ ലജ്ജിതനാകില്ല.

2. തന്റെ സ്തുതിക്കനുസൃതമായി അവനെന്നെ നിർമ്മിച്ചു.
തന്റെ കൃപയ്ക്കനുസൃതമായി അവൻ എനിക്കു നൽകി.

3. തന്റെ ദയയ്ക്കനുസൃതമായി അവൻ
എന്നെ മഹത്വപ്പെടുത്തി.
തന്റെ വലിയ മഹത്വത്തിനനുസൃതമായി
അവൻ എന്നെ ഉയർത്തി.

4. പാതാളത്തിന്റെ ആഴത്തിൽനിന്ന്
ഞാൻ ഉയരുവാൻ കാരണമാക്കി.
മരണത്തിന്റെ വായിൽനിന്ന് അവൻ എന്നെ വിടുവിച്ചു.

5. ഞാൻ എന്റെ ശത്രുക്കളെ വിനീതരാക്കി.
തന്റെ കൃപയാൽ അവൻ എന്നെ നീതീകരിച്ചു.

6. കർത്താവിന്റെ മിശിഹായിൽ ഞാൻ വിശ്വസിച്ചു.
അവൻ കർത്താവാണെന്ന് ഞാൻ അംഗീകരിച്ചു.

7. അവൻ തന്റെ അടയാളം എനിക്കു വെളിപ്പെടുത്തി.
തന്റെ പ്രകാശത്താൽ അവൻ എന്നെ നയിച്ചു.

8. ജാതികളുടെ പദ്ധതികൾ പരാജയപ്പെടുത്തുന്നതിനും
ശക്തൻമാരെ വിനീതരാക്കുന്നതിനും
തന്റെ ശക്തിയുടെ ചെങ്കോൽ അവൻ എനിക്കു നല്കി.

9. തന്റെ വചനത്താൽ യുദ്ധമുണ്ടാക്കുന്നതിനും
തന്റെ ശക്തിയാൽ വിജയം കൈവരിക്കുന്നതിനും.

10. തന്റെ വചനത്താൽ എന്റെ ശത്രുവിനെ
കർത്താവ് പരാജയപ്പെടുത്തി.
ഇളംകാററ് പറത്തുന്ന പൊടിപോലെ അവൻ ആയിത്തീർന്നു.

11 അത്യുന്നതനെ ഞാൻ സ്തുതിച്ചു.
കാരണം, അവിടുന്ന് തന്റെ ദാസനെയും
ദാസിയുടെ പുത്രനെയും മഹത്വപ്പെടുത്തി. ഹാലേലുയ്യാ.

www.malankaralibrary.com



30. 1. കർത്താവിന്റെ സജീവ ഉറവയിൽനിന്ന്
നിങ്ങൾക്കായി ജലം സംഭരിക്കുവിൻ.
അത് നിങ്ങൾക്കായി തുറക്കപ്പെട്ടിരിക്കുന്നു.

2. ദാഹാർത്തരായ നിങ്ങളെല്ലാം അടുത്തുവന്ന് കുടിക്കുവിൻ.
എന്നിട്ട് കർത്താവിന്റെ ഉറവയ്ക്കു സമീപം
വിശ്രമിക്കുവിൻ.

3. കാരണം അത് ആമോദകരവും
പൊട്ടിച്ചിരിച്ചൊഴുകുന്നതുമാണ്.
അതു മനുഷ്യനെ സദാ സജീവനാക്കുന്നു.

4. അതിലെ ജലം തേനിനെക്കാൾ മാധുര്യമുള്ളതാകുന്നു.
തേനടപോലും അതിനോട് താരതമ്യപ്പെടുത്തുവാൻ
അസാദ്ധ്യമാണ്.

5. അത് കർത്താവിന്റെ അധരത്തിൽ നിന്ന് ഒഴുകി.
കർത്താവിന്റെ ഹൃദയത്തിൽ നിന്ന്
അതിനു നാമം ലഭിച്ചു.

6. അത് അദൃശ്യവും അതിർത്തിയില്ലാത്തതും ആണ്
അതിനെ മധ്യത്തിൽ സ്ഥാപിക്കുന്നതുവരെ
അത് അറിയപ്പെട്ടില്ല.

7. അതിൽനിന്നു കുടിച്ചവർ ഭാഗ്യവാന്മാർ.
അവർ അതിനാൽ നവീകൃതരായി. ഹാലേലുയ്യാ.

31. 1. കർത്താവിന്റെ മുമ്പിൽ ആഴങ്ങൾ അപ്രത്യക്ഷമായി.
തന്റെ സാന്നിദ്ധ്യത്തിൽ ഇരുട്ട് നീങ്ങിപ്പോയി.

2. അവൻ മൂലം തെററ് നീങ്ങിപ്പോയി.
വെറുപ്പ് പാത കണ്ടെത്തിയില്ല.
കാരണം, കർത്താവിന്റെ സത്യത്തിൽ
അത് മുങ്ങിപ്പോയി.

3. അവൻ തന്റെ വായ് തുറന്ന്
കൃപയും സന്തോഷവും സംസാരിച്ചു.
തന്റെ നാമത്തിന് ഒരു പുതിയ ഗാനം ആലപിച്ചു.

4. പിന്നീട് അത്യുന്നതന്റെ പക്കലേയ്ക്ക്
അവൻ തന്റെ ശബ്ദം ഉയർത്തി.
അവനിലൂടെ മക്കളായി തീർന്നവരെ അവനു സമർപ്പിച്ചു.

www.malankaralibrary.com



5. അവൻ നീതികരിക്കപ്പെട്ടു. കാരണം, ഇപ്രകാരം
അവന്റെ വിശുദ്ധപിതാവ് അവനതു നല്കി.

(ക്രിസ്തു പറയുന്നു)

6. പീഡിപ്പിക്കപ്പെട്ടവരേ, നിങ്ങൾ
അടുത്തുവന്ന് സന്തോഷിക്കുവിൻ.

7. കൃപയിലൂടെ നിങ്ങൾ നിങ്ങളെ തന്നെസ്വന്തമാക്കുവിൻ
അമർത്യജീവൻ സമ്പാദിക്കുവിൻ

8. ഞാൻ എഴുന്നേററപ്പോൾ,
വിധിക്കപ്പെടാത്ത എന്നെ അവർ വിധിച്ചു.

9. ഞാൻ അവർക്ക് ഒന്നും കടപ്പെട്ടില്ല.
എങ്കിലും അവരെന്റെ കൊള്ളമുതൽ പങ്കിട്ടെടുത്തു.

10. എന്നാൽ ഞാൻ സഹിക്കുകയും
ശാന്തനായി നിശബ്ദനായിരിക്കുകയും ചെയ്തു.
അങ്ങനെ അവർക്ക് എന്നെ ശല്യപ്പെടുത്താൻ കഴിഞ്ഞില്ല.

11. തുടർച്ചയായി വലിയ തിരമാലകൾ അടിച്ചാലും ഇളകാത്ത
ഉറച്ച പാറപോലെ ഞാൻ കുലുക്കമില്ലാതെ നിലകൊണ്ടു.

12. എളിമയോടെ ഞാൻ അവരുടെ കാഠിന്യം സഹിച്ചു,
എന്റെരാജ്യത്തെ വീണ്ടെടുത്ത്
പ്രബോധിപ്പിക്കുവാൻതന്നെ.

13. പിതാക്കന്മാരോടുള്ള ഉടമ്പടി
നീക്കിക്കളയാതിരിക്കുവാൻ വേണ്ടിത്തന്നെ.
അവരുടെ സന്തതികളുടെ രക്ഷയ്ക്കുവേണ്ടി
എന്നെപ്പററി പിതാക്കന്മരോട് ഉടമ്പടിചെയ്യപ്പെട്ടു.
ഹാലേലുയ്യാ.

32. 1. ഭാഗ്യവാന്മാർക്ക് സന്തോഷം അവരുടെ
ഹൃദയത്തിൽ നിന്നും,
പ്രകാശം അവരിൽ വസിക്കുന്നവനിൽ നിന്നുമാണ്.

2. സ്വയംഭൂവായ സത്യത്തിൽ നിന്നാണു വചനം

3. കാരണം, അത്യുന്നതന്റെ വിശുദ്ധശക്തിയാൽ ആണ്
അവൻ ശക്തീകരിക്കപ്പെട്ടിരിക്കുന്നത്.
അവൻ ഒരിക്കലും ഇളകുന്നില്ല ഹാലേലുയ്യാ.

www.malankaralibrary.com



33\. 1. കൃപവേഗതയുള്ളതായിരുന്നു. അത് നാശകനെ ഓടിച്ചു.
അവനെ ഉപേക്ഷിക്കുവാൻ അത് അവൻെറ മേലിറങ്ങി.
അവനു മുമ്പിൽ അവൻ ഉന്മൂലനാശം വരുത്തി.
അവൻെറ എല്ലാ പണികളെയും നശിപ്പിച്ചു.

3\. അവൻ ഒരു മലയുടെ മുകളിൽ കയറി നിന്നു.
ഭൂമിയുടെ ഒരററം മുതൽ മറേറ അററം വരെ
അവൻ ഉച്ചത്തിൽ വിളിച്ചുപറഞ്ഞു.

4\. തന്നെ അനുസരിച്ചവരെയെല്ലാം
അവൻ തന്നിലേയ്ക്ക് ആകർഷിച്ചു.
അവൻ ദുഷ്ടനായി കാണപ്പെട്ടില്ല.

5\. പ്രസംഗിക്കുകയും വിളിച്ചുപറയുകയും ചെയ്ത
പൂർണ്ണകന്യക നിന്നുകൊണ്ട് പറയുന്നു:

6\. മനുഷ്യപുത്രന്മാരേ, തിരിയുവിൻ;
മനുഷ്യപുത്രിമാരേ, വരുവിൻ.

7\. നാശകൻെറ വഴികളെ വിട്ടകന്ന്
എന്നെ സമീപിക്കുവിൻ.

8\. ഞാൻ നിങ്ങളിൽ പ്രവേശിച്ച് നാശത്തിൽ നിന്ന്
നിങ്ങളെ വീണ്ടെടുക്കുകയും സത്യത്തിൻെറ വഴികളിൽ
നിങ്ങളെ വിജ്ഞാനികളാക്കുകയും ചെയ്യും.

9\. നിങ്ങരം ദുഷിച്ചു നശിക്കരുത്.

10\. എന്നെ അനുസരിച്ച് രക്ഷിക്കപ്പെടുവിൻ.
ഞാൻ നിങ്ങളോട് ദൈവത്തിൻെറ കൃപ പ്രസംഗിക്കുന്നു.

11\. ഞാൻവഴി നിങ്ങരം രക്ഷിക്കപ്പെടുകയും
ഭാഗ്യവാന്മാരായി തീരുകയും ചെയ്യും.
ഞാൻ നിങ്ങളുടെ ന്യായാധിപയായിരിക്കും

12\. എന്നെ ധരിച്ചവരെ ആരും തെററായി കുററപ്പെടുത്തുകയില്ല.
അവർ പുതിയലോകത്തിൽ നാശമില്ലായ്മ അവകാശമാക്കും.

13\. എൻെറ തെരഞ്ഞെടുക്കപ്പെട്ടവർ എന്നോടു കൂടി നടന്നു.
എന്നെ അന്വേഷിക്കുന്നവർക്ക് ഞാൻ എൻെറ വഴികരം
വെളിപ്പെടുത്തുകയും എൻെറ നാമം അവർക്ക്
വാഗ്ദാനം ചെയ്യുകയും ചെയ്യും ഹാലേലൂയ്യാ.

www.malankaralibrary.com



34\. 1. ഋജുമാനസമുള്ളിടത്ത് കഠിനവഴികളില്ല.
നേരായ ചിന്തകൾക്ക് ഒരു തടസവും ഇല്ല.

2\. പ്രകാശിതമായ ചിന്തയുടെ ആഴത്തിൽ
ചുഴലിക്കാററും ഇല്ല.

3\. എല്ലായിടവും ഇഷ്ടമുള്ള രാജ്യത്താൽ
ചുററപ്പെട്ടിരിക്കുന്നവനിൽ
വേർതിരിക്കുന്നതായി ഒന്നും തന്നെ ഇല്ല.

4\. താഴെയുള്ളതിന്റെ സാദൃശ്യമാണ് മുകളിലുള്ളത്.

5\. കാരണം, എല്ലാം മുകളിൽ നിന്നാണ്.
താഴെ നിന്ന് ഒന്നും ഇല്ല.
എന്നാൽ തിരിച്ചറിവില്ലാത്തവരാണ്
ഇപ്രകാരം വിശ്വസിക്കുന്നത്.

6\. നിന്റെ രക്ഷയ്ക്കായി കൃപ
വെളിപ്പെടുത്തപ്പെട്ടിരിക്കുന്നു.
വിശ്വസിച്ചു ജീവിക്കുകയും
രക്ഷിക്കപ്പെടുകയും ചെയ്യുക. ഹാലേലുയ്യാ.

35\. 1. കർത്താവിന്റെ തളിപ്പ് പ്രശാന്തമായി
എന്റെ മേൽ ആവസിച്ചു.
എന്റെ തലയ്ക്കുമീതെ സമാധാനത്തിന്റെ
ഒരു മേഘം ഉയരുവാൻ അതിടയാക്കി.

2\. അതെന്നെ എല്ലാ സമയവും
സംരക്ഷിക്കുന്നതിനുതന്നെ.
അതെനിക്കു രക്ഷ ആയിത്തീർന്നു.

3\. എല്ലാവരും പ്രക്ഷുബ്ധരായി ഭയപ്പെട്ടു;
അവരിൽ നിന്ന് പുകയും വിധിയും ഉണ്ടായി.

4\. എന്നാൽ ഞാൻ കർത്താവിന്റെ സൈന്യത്താൽ
ഭയരഹിതനായിരുന്നു.
അവൻ എനിക്ക് നിഴലിനെക്കാളും അടിത്തറയേക്കാളും
കൂടുതലായിരുന്നു.

5\. മാതാവിന്റെ കൈയ്യിലെ ശിശുപോലെ
ഞാൻ സംവഹിക്കപ്പെട്ടു.
കർത്താവിന്റെ പനിമഞ്ഞായപാൽ അവനെനിക്കു തന്നു.

www.malankaralibrary.com



6. അവന്റെ പരിലാളനയിൽ ഞാൻ വളർന്നു ശക്തനായി.
അവന്റെ പൂർണ്ണതയിൽ ഞാൻ വിശ്രമിച്ചു.

7. എന്റെ ആത്മാവിന്റെ ആരോഹണത്തോടെ
ഞാൻ എന്റെ കൈകൾ വിരിച്ചു.
അത്യുന്നതന്റെ സവിധത്തിലേയ്ക്ക് ഞാൻ തിരിഞ്ഞു.
അവനിലേയ്ക്ക് ഞാൻ രക്ഷിക്കപ്പെട്ടു. ഹാലേലുയ്യാ.

36. 1. കർത്താവിന്റെ ആത്മാവിൽ ഞാൻ വിശ്രമിച്ചു.
അവൾ എന്നെ സ്വർഗത്തിലേയ്ക്ക് ഉയർത്തി.

2. കർത്താവിന്റെ ഉന്നത സ്ഥലത്ത് അവിടുത്തെ
പൂർണ്ണതയുടെയും മഹത്വത്തിന്റെയും മുൻപാകെ
എന്റെ കാലുകളിൽ നിൽക്കുവാൻ അവളെന്നെ ഇടയാക്കി
അവിടെ ഗീതങ്ങൾ രചിച്ച് ഞാൻ അവിടുത്തെ
മഹത്വപ്പെടുത്തിക്കൊണ്ടിരുന്നു.

(ക്രിസ്തു സംസാരിക്കുന്നു)

3. കർത്താവിന്റെ മുമ്പാകെ ആത്മാവ് എന്നെ
ജനിപ്പിച്ചു. ഞാൻ മനുഷ്യപുത്രനായിരുന്നതിനാൽ
ദൈവപുത്രനായ പ്രകാശമെന്ന് പേർ പറയപ്പെട്ടു.

4. ഞാൻ മഹനീയരിൽ ഏററം മഹനീയനും മഹാൻമാരിൽ
ഏററം മഹാനും ആയതിനാൽ തന്നെ.

5. അത്യുന്നതന്റെ ശ്രേഷ്ഠതയ്ക്ക് അനുസൃതമായി
അവൾ എന്നെ നിർമ്മിച്ചു. അവിടുത്തെ
നവ്യതയ്ക്കനുസരിച്ച് അവൻ എന്നെ നവീകരിച്ചു.

6. തന്റെ പൂർണ്ണതകൊണ്ട് അവനെന്നെ അഭിഷേകം ചെയ്തു.
ഞാൻ അവന്റെ സമീപത്തുള്ള ഒരാളായിത്തീർന്നു.

7. പനിമഞ്ഞിന്റെ മേഘംപോലെ എന്റെ വായ് തുറക്കപ്പെട്ടു.
നീതിയുടെ പ്രവാഹംപോലെ എന്റെ ഹൃദയം കുതിച്ചു
[പാഞ്ഞു.

8 എന്റെ സമീപനം സമാധാനത്തിലായിരുന്നു.
ആത്മാവിന്റെ പരിപാലനയിൽ ഞാൻ ഉറപ്പിക്കപ്പെട്ടു.
ഹാലേലുയ്യാ.

www.malankaralibrary.com



37. 1. കർത്താവിങ്കലേയ്ക്ക് ഞാൻ എന്റെ കൈകൾ നീട്ടി
അത്യുന്നതന്റെ പക്കലേയ്ക്ക് ഞാൻ എന്റെ ശബ്ദം
[ഉയർത്തി.

2. എന്റെ ഹൃദയത്തിന്റെ അധരങ്ങൾ കൊണ്ട്
ഞാൻ സംസാരിച്ചു.
എന്റെ ശബ്ദം അവന്റെ പക്കൽ എത്തിയപ്പോൾ
അവൻ എന്നെ ശ്രവിച്ചു.

3. അവന്റെ വചനം എന്റെ പക്കലേയ്ക്കു വന്നു.
അതെനിക്ക് എന്റെ അദ്ധ്വാനഫലം നല്കി.

4. കർത്താവിന്റെ കൃപയാൽ
അതെനിക്ക് വിശ്രമം നല്കി. ഹാലേലുയ്യാ.

38. 1. ഒരു രഥത്തിലേക്കെന്നവണ്ണം സത്യത്തിന്റെ
പ്രകാശത്തിലേയ്ക്കു ഞാൻ കയറിപ്പോയി.
സത്യം എന്നെ നയിക്കുകയും
എന്നെ ആനയിക്കുകയും ചെയ്തു.

2. ആഴങ്ങളും ഉൾക്കടലുകളും കടക്കുവാൻ
അതെനിക്കിടയാക്കി.
അതെന്നെ താഴ്വരകളിൽ നിന്നും
വിള്ളലുകളിൽ നിന്നും രക്ഷിച്ചു.

3. അതെനിക്ക് രക്ഷയുടെ തുറമുഖമായി തീർന്നു.
അതെന്നെ അമർത്യജീവന്റെ സ്ഥലത്ത് പ്രതിഷ്ഠിച്ചു.

4. അവൻ എന്നോടു കൂടി വരുകയും പോവുകയും
എനിക്ക് വിശ്രമം നല്കുകയും ചെയ്തു.
ഞാൻ തെററിപ്പോകുവാൻ അവൻ അനുവദിച്ചതുമില്ല.
കാരണം, അവനാകുന്നു. സത്യം.

5. ഞാൻ നിരന്തരം അവനോടൊപ്പം നടന്നതിനാൽ
എനിക്ക് ഒരപകടവും സംഭവിച്ചില്ല.
ഞാൻ അവനെ അനുസരിച്ചതിനാൽ
ഞാൻ ഒന്നിലും തെററിപ്പോയില്ല.

6. തെററ് അവനിൽ നിന്ന് ഓടിപ്പോയി.
അത് ഒരിക്കലും അവനെ കണ്ടുമുട്ടിയില്ല.

7. എന്നാൽ സത്യം നേരായ വഴിയിലൂടെ
മുന്നേറുകയായിരുന്നു.
എനിക്ക് മനസിലാകാത്തവയെല്ലാം
അവൻ എനിക്കു കാണിച്ചു തന്നു.

www.malankaralibrary.com



8. തെററിന്റെ എല്ലാ ലഹരിയും,
മാധുര്യമെന്നു കരുതപ്പെടുന്ന വേദനകളും.

9. ദുഷിപ്പിച്ച വധുവും
ദുഷിപ്പിക്കുന്നതും ദുഷിച്ചതുമായ വരനും
അലങ്കരിക്കപ്പെട്ടപ്പോൾ
ദുഷിപ്പിക്കുന്നവന്റെ എല്ലാ ദുഷിപ്പും ഞാൻ ദർശിച്ചു.

10. ഇവരാരെന്ന് ഞാൻ സത്യത്തോടു ചോദിച്ചു.
അവൻ എന്നോടു പറഞ്ഞു,
'ചതിയനും തെററുമാണിത്.'

11. അവർ പ്രിയനെയും അവന്റെ വധുവിനേയും
അനുകരിക്കുന്നു.
അവർ ലോകത്തെ തെററിക്കുകയും
ദുഷിപ്പിക്കുകയും ചെയ്യുന്നു.

12. അവർ അനേകരെ വിവാഹ വിരുന്നിനു ക്ഷണിക്കുന്നു.
തങ്ങളുടെ ലഹരിയുടെ വീഞ്ഞു കുടിക്കുവാൻ
അവരെ അനുവദിക്കുന്നു.

13. തങ്ങളുടെ ജ്ഞാനവും അറിവും ഉപേക്ഷിക്കുവാൻ
അവരെ പ്രേരിപ്പിച്ച് അവരെ വിചാരശൂന്യരാക്കുന്നു.

14. അപ്പോൾ അവർ അവരെ ഉപേക്ഷിക്കുന്നു.
അതുകൊണ്ട് അവർ ഭ്രാന്തൻമാരെയും ദുഷിച്ചവരെയും
പോലെ കാലിടറി വീഴുന്നു.

15. അവരിൽ ബോധജ്ഞാനം ഇല്ലാത്തതിനാൽ
അവർ അതിനെ അന്വേഷിക്കുന്നുമില്ല.

16. ഞാൻ ചതിയരുടെ കൈകളിൽ നിപതിക്കാതിരിക്കുവാൻ
വിജ്ഞാനിയാക്കപ്പെട്ടു.
സത്യം എന്നോടുകൂടി സഞ്ചരിച്ചതിനാൽ
ഞാൻ സന്തോഷിച്ചു.

17. കാരണം, ഞാൻ ഉറപ്പിക്കപ്പെട്ടു;
ഞാൻ ജീവിക്കുകയും രക്ഷിക്കപ്പെടുകയും ചെയ്തു.
കർത്താവെന്നെ നട്ടതിനാൽ കർത്താവിന്റെ
കരങ്ങളെപ്രതി എന്റെ വേരുകൾ ഉറപ്പിക്കപ്പെട്ടു.

18. കാരണം, അവൻ വേരുറപ്പിച്ചുവച്ചു.
അവൻ അതിനെ നനച്ച് അലങ്കരിച്ച് അനുഗ്രഹിച്ചു.
അതിന്റെ ഫലങ്ങൾ എന്നേയ്ക്കുമുള്ളത്.

www.malankaralibrary.com



19. അത് ആഴത്തിൽ വേരുറച്ച്, മുളച്ച് പടർന്നു പന്തലിച്ചു.
അത് പൂർണ്ണമായി ശാഖവിരിച്ചു.

20. തന്റെ നടീലിലും തന്റെ കൃഷിയിലും
കർത്താവുമാത്രം മഹത്വപ്പെട്ടു.

21. തന്റെ പരിപാലനയിലും തന്റെ അധരങ്ങളുടെ
അശീർവാദത്തിലും തന്റെ വലത്തുകൈയുടെ
മനോഹരമായ നടീലിലും

22. തന്റെ നടീലിന്റെ ഫല പ്രാപ്തിയിലും
തന്റെ മനസിന്റെ വിവേചനത്തിലും
ഹാലേലൂയ്യാ.

39. 1. ഇരമ്പുന്ന നദികൾ കർത്താവിന്റെ ശക്തിയാണ്.
അവനെ നിന്ദിക്കുന്നവരെ അത് കീഴ്മേൽ മറിക്കുന്നു.

2. അത് അവരുടെ വഴികളിൽ കെണികൾ വയ്ക്കുന്നു.
അവരുടെ കടത്തുവള്ളങ്ങളെ മറിക്കുന്നു.

3. അവ അവരുടെ ശരീരത്തെ പിടിക്കുന്നു.
അവരുടെ സ്വഭാവത്തെ ദുഷിപ്പിക്കുന്നു.

4. അവ മിന്നലിനെക്കാൾ പെട്ടെന്നുള്ളതും
വേഗതയുള്ളതും ആകുന്നു.

5. എന്നാൽ വിശ്വാസത്തിൽ അവ കടക്കുന്നവർക്ക്
കുലുക്കമുണ്ടാകുകയില്ല.

6. കുററം കൂടാതെ അവയുടെ മേൽ സഞ്ചരിക്കുന്നവർക്ക്
ചലനമുണ്ടാകുകയില്ല.

7. കാരണം അവരുടെ മേൽ ഉള്ള അടയാളം
കർത്താവിന്റേതാണ്.
കർത്തൃനാമത്തിൽ കടക്കുന്നവർക്ക് അടയാളം, വഴിയാണ്.

8. അതുകൊണ്ട്, അത്യുന്നതന്റെ നാമം ധരിക്കുകയും
അവനെ അറിയുകയും ചെയ്യുക.
അപകടം കൂടാതെ നിനക്കവ കടക്കാം.
നദികൾ നിന്നോട് അനുസരണമുള്ളവയായിരിക്കും.

9. തന്റെ വചനം കൊണ്ട് അവയെ തമ്മിൽ കർത്താവ്
ബന്ധിച്ചു. അവൻ അവ നടന്നു കടന്നു

www.malankaralibrary.com



10. അവന്റെ പാദങ്ങൾ വെള്ളത്തിൽ മീതേ ഉറച്ചു നില്ക്കുന്നു.
താണു പോയില്ല. എന്നാൽ അവ സത്യത്തിന്മേൽ
സ്ഥാപിക്കപ്പെട്ട തടിക്കഷണം പോലെയാണ്.

11. ഇരുവശങ്ങളിലും തിരമാലകൾ ഉയർന്നുനിന്നു.
എന്നാൽ നമ്മുടെ കർത്താവായ മിശിഹായുടെ
കാലടികൾ ഉറച്ചുനിന്നു.

12. അവ തുടച്ചുമാററപ്പെട്ടില്ല. നശിപ്പിക്കപ്പെട്ടുമില്ല.

13 തനിക്കുശേഷം കടക്കുന്നവർക്കു വേണ്ടിയും
തന്റെ വിശ്വാസത്തിന്റെ പാതയോട്
പററിച്ചേരുന്നവർക്കുവേണ്ടിയും
തന്റെ നാമത്തെ ആരാധിക്കുന്നവർക്കുവേണ്ടിയും
വഴി സജ്ജമാക്കപ്പെട്ടിരിക്കുന്നു. ഹാലേലുയ്യാ.

40\. 1. തേനീച്ചകളുടെ അടയിൽ നിന്ന്
തേൻ ഇററിററു വീഴുന്നതുപോലെയും
കുഞ്ഞുങ്ങളെ സ്നേഹിക്കുന്ന സ്ത്രീയിൽ നിന്ന്
പാൽ ഒഴുകുന്നതുപോലെയും ആണ്
എന്റെ ദൈവമേ, നിന്നിലുള്ള എന്റെ പ്രത്യാശ.

2. ഉറവയിൽ നിന്ന് വെള്ളം കുതിച്ചു പായുന്നതുപോലെ
എന്റെ ഹൃദയത്തിൽ നിന്ന്
കർത്തൃ സ്തുതികൾ പ്രവഹിക്കുന്നു.
എന്റെ അധരങ്ങൾ അവന്റെ സ്തുതികൾ പാടുന്നു.

3. അവന്റെ കീർത്തനങ്ങൾകൊണ്ട്
എന്റെ നാവ് മാധുര്യമുള്ളതായി.
അവന്റെ ഗീതകങ്ങളാൽ
എന്റെ അവയവങ്ങൾ പൂശപ്പെട്ടിരിക്കുന്നു.

4. അവന്റെ പുകഴ്ചയാൽ എന്റെ മുഖം ആനന്ദിക്കുന്നു.
അവന്റെ സ്നേഹത്താൽ
എന്റെ ആത്മാവ് സന്തോഷിക്കുന്നു.
അവനിൽ എന്റെ പ്രകൃതി പ്രകാശിക്കുന്നു.

5. ഭയപ്പെടുന്നവർ അവനിൽ ആശ്രയം വയ്ക്കട്ടെ.
അവർക്ക് രക്ഷ സുനിശ്ചിതമാണ്.

6. അവരുടെ സമ്പാദ്യം അമർത്ത്യജീവനാണ്
അതു ലഭിച്ചവർ അനശ്വരരാണ്. ഹാലേലുയ്യാ.

www.malankaralibrary.com



41. 1. കർത്താവിന്റെ ശിശുക്കളെല്ലാവരും
അവനെ സ്തുതിക്കട്ടെ.
അവന്റെ വിശ്വാസത്തിന്റെ സത്യം
അവർ സ്വീകരിക്കട്ടെ.

2. അവന്റെ ശിശുക്കളെ അവൻ അംഗീകരിക്കും.
അതുകൊണ്ട് അവന്റെ സ്നേഹത്താൽ പാട്ടുപാടാം.

3. കർത്താവിന്റെ കൃപയാൽ നാം ജീവിക്കുന്നു.
തന്റെ മിശിഹായാൽ നാം ജീവൻ പ്രാപിക്കുന്നു.

4. ഒരു വലിയ ദിവസം നമ്മുടെ മേൽ ഉദിച്ചു.
തന്റെ മഹത്വത്തിൽനിന്ന് നമുക്കു
നൽകിയവൻ അത്ഭുതനാകുന്നു.

5. അതുകൊണ്ട് നമുക്കെല്ലാവർക്കും
കർത്തൃനാമത്തിൽ യോജിക്കാം.
തന്റെ നന്മയിൽ അവനെ ബഹുമാനിക്കാം.

6. തന്റെ പ്രകാശത്താൽ നമ്മുടെ മുഖം പ്രകാശിക്കട്ടെ.
തന്റെ സ്നേഹത്തെപ്പററി
നമ്മുടെ മനസ് രാപ്പകൽ ധ്യാനിക്കട്ടെ.

7. കർത്തൃസ്തുതികളാൽ നമുക്കുല്ലസിക്കാം.

(ക്രിസ്തു സംസാരിക്കുന്നു)

8. ഞാൻ മററൊരു വംശത്തിൽ നിന്നാകയാൽ
എന്നെ കാണുന്നവരെല്ലാം അത്ഭുതപ്പെടുന്നു.

9. സത്യത്തിന്റെ പിതാവ് എന്നെ അനുസ്മരിച്ചു.
അവൻ ആദിമുതൽ എന്നെ സ്വന്തമാക്കിയിരുന്നു.

10. അവന്റെ മനസിന്റെ ചിന്തകളായ
നിക്ഷേപങ്ങൾ എന്നെ ജനിപ്പിച്ചു.

(കീർത്തകൻ പറയുന്നു)

11. അവന്റെ വചനം നമ്മുടെ വഴികളിലെല്ലാം
നമ്മോടു കൂടിയുണ്ട്
രക്ഷകൻ ജീവൻ നല്കുന്നവനാകുന്നു;
നമ്മേ തള്ളിക്കളയുന്നവനല്ല.

12. അവൻ സ്വയം താഴ്ത്തിയ മനുഷ്യനാകുന്നു.
എന്നാൽ തന്റെ നീതിയാൽ അവൻ ഉയർത്തപ്പെട്ടു.

www.malankaralibrary.com



13. തന്റെ പിതാവിന്റെ പൂർണ്ണതയിൽ
അത്യുന്നതന്റെ പുത്രൻ കാണപ്പെട്ടു.
14. വചനത്തിൽ നിന്ന് പ്രകാശം ഉദയം ചെയ്തു.
അത് കാലത്തിനു മുൻപേ അവനിൽ ഉണ്ടായിരുന്നു.

15. യഥാർത്ഥമായി മിശിഹാ ഏകനാകുന്നു
ലോകസ്ഥാപനത്തിനു മുൻപേ അവൻ അറിയപ്പെട്ടു.
തന്റെ നാമത്തിന്റെ സത്യത്താൽ എന്നേയ്ക്കും
ജനങ്ങൾക്ക് ജീവൻ നല്കുന്നതിനുവേണ്ടിതന്നെ.

(സ്തുതിപ്പ്)

16. തന്നെ സ്നേഹിക്കുന്നവരിൽ നിന്ന് കർത്താവിന്
ഒരു പുതിയ കീർത്തനം. ഹാലേലൂയ്യാ.

42. 1. ഞാൻ എന്റെ കൈകൾ വിരിച്ച്
എന്റെ കർത്താവിനെ സമീപിച്ചു.
എന്റെ കൈകൾ വിരിക്കലാണവന്റെ അടയാളം,

2. നീതിമാന്റെ വഴിയിൽ ഉയർത്തപ്പെട്ട
സാധാരണ കുരിശാണ് എന്റെ നീട്ടൽ

(ക്രിസ്തു സംസാരിക്കുന്നു)

3. എന്നെ അറിയാഞ്ഞവർക്ക് ഞാൻ
ഉപയോഗശൂന്യനായിത്തീർന്നു.
എന്നെ സ്വന്തമാക്കാത്തവരിൽ നിന്ന്
ഞാൻ സ്വയം മറച്ചു വച്ചു.

4 എന്നെ സ്നേഹിക്കുന്നവരോടു കൂടെ
ഞാൻ ഉണ്ടായിരിക്കും.

5. എന്റെ പീഡകരെല്ലാം മരിച്ചുപോയി.
എന്നിൽ ആശ്രയംവച്ചവരെല്ലാം എന്നെ അന്വേഷിച്ചു.
കാരണം ഞാൻ ജീവിക്കുന്നു.

6. അപ്പോൾ ഞാൻ എഴുന്നേററു; ഞാൻ അവരോടുകൂടിയാണ്.
അവരുടെ അധരങ്ങളിൽകൂടി ഞാൻ സംസാരിക്കും.

7. തങ്ങളെ പീഡിപ്പിച്ചവരെ അവർ തള്ളിക്കളഞ്ഞു.
എന്റെ സ്നേഹത്തിന്റെ നുകം ഞാൻ അവരുടെമേൽ വച്ചു.

8. വരന്റെ കൈ വധുവിൻമേൽ എന്നപോലെ
എന്റെ നുകം എന്നെ അറിയുന്നവരുടെമേൽ ആകുന്നു.

www.malankaralibrary.com



9. വിവാഹവിരുന്ന് മണവറയാൽ
വർദ്ധമാനമാകുന്നതുപോലെയാണ്
എന്നിൽ വിശ്വസിക്കുന്നവരിൽ എന്റെ സ്നേഹം.

10. ഞാൻ തിരസ്കരിക്കപ്പെട്ടവനെന്നു കരുതപ്പെട്ടെങ്കിലും
തിരസ്കരിക്കപ്പെട്ടില്ല.
ഞാൻ നശിച്ചുവെന്നവർ കരുതിയെങ്കിലും
ഞാൻ നശിച്ചില്ല.

11. പാതാളം എന്നെ കണ്ട് ഛിന്നഭിന്നമായി.
മരണം എന്നെ പുറംതള്ളി; എന്നോടൊപ്പം അനേകരെയും

12. ഞാൻ അതിന് വിനാഗിരിയും കൈപ്പുമായിത്തീർന്നു.
ഞാൻ അതിന്റെ ആഴത്തിലേയ്ക്ക് കടന്നുചെന്നു.

13. അപ്പോൾ അത് ശിരസ്സിനേയും പാദത്തേയും വിട്ടുവിച്ചു.
കാരണം, എന്നെ വഹിക്കുവാൻ അതിനു കഴിഞ്ഞില്ല.

14. മൃതരുടെ ഇടയിൽ ജീവനുള്ളവരുടെ ഒരു സമൂഹത്തെ
ഞാൻ ഉണ്ടാക്കി. ജീവനുള്ള അധരങ്ങൾ വഴി
ഞാൻ അവരോടു സംസാരിച്ചു. എന്റെ വാക്ക്
പ്രയോജനരഹിതമായിത്തീരാതിരിക്കുവാൻ വേണ്ടിത്തന്നെ.

15. മരിച്ചവർ എന്റെ പക്കലേക്ക് ഓടിവന്നു.
'ദൈവപുത്രാ, ഞങ്ങളിൽ കനിയേണമേ' എന്ന്
അവർ വിളിച്ചു പറഞ്ഞു.

16. നിന്റെ ദയയ്ക്ക് ഒത്തവണ്ണം ഞങ്ങളോട് പെരുമാറണമെ.
ഇരുട്ടിന്റെ ബന്ധനങ്ങളിൽനിന്ന്
ഞങ്ങളെ പുറപ്പെടുവിക്കണമെ.

17. ഞങ്ങൾ നിന്റെ പക്കലേയ്ക്കു വരുവാനുള്ള
വാതിൽ തുറന്നു തരണമെ.
കാരണം, ഞങ്ങളുടെ മരണം നിന്നെ
സ്പർശിക്കുന്നില്ലയെന്നു ഞങ്ങൾ കാണുന്നു.

18. നീ ഞങ്ങളുടെ രക്ഷകൻ ആകയാൽ
നിന്നോടൊപ്പം ഞങ്ങളും രക്ഷിക്കപ്പെടട്ടെ.

19. അപ്പോൾ ഞാൻ അവരുടെ ശബ്ദം കേട്ടു.
അവരുടെ വിശ്വാസം എന്റെ ഹൃദയത്തിൽവച്ചു.

20. അവർ സ്വതന്ത്രരും എന്റെ സ്വന്തവും ആകയാൽ
എന്റെ നാമം ഞാൻ അവരുടെ ശിരസ്സിൽ വച്ചു.
ഹാലേലുയ്യാ.

www.malankaralibrary.com

# 10

# വി. ഹിപ്പോളിററസ്

## അപ്പസ്തോലിക പാരമ്പര്യം

### ആമുഖം

റോമാസഭയിലെ ഒരു വലിയ പണ്ഡിതനായിരുന്നു വിശുദ്ധ ഹിപ്പോളിററസ് (170-235). നിരവധി ഗ്രന്ഥങ്ങളുടെ കർത്താവാണ് അദ്ദേഹം. കഠിനപാപികളെ സഭയിലേക്ക് തിരികെ എടുക്കുന്നതു സംബന്ധിച്ച് അദ്ദേഹം കർക്കശമനസ്ഥിതി പുലർത്തി. ഈ പ്രശ്നം സംബന്ധിച്ച് റോമാസഭയിൽ വ്യത്യസ്താഭിപ്രായങ്ങൾ ഉടലെടുത്തു. ഔദ്യോഗികസഭ എപ്പോഴും മിതത്വം ആവശ്യപ്പെട്ടു. അന്നത്തെ മാർപാപ്പായായിരുന്ന കലിക്സ്ററസുമായി (217—222) ഹിപ്പോളിററസ് പിണങ്ങി. ആദിമസഭയുടെ സത്യവിശ്വാസത്തിൽ നിന്ന് കലിക്സ്ററസ് അകന്നുപോകുന്നു എന്ന് അദ്ദേഹം ആരോപണം ഉന്നയിച്ചു. എന്നുമാത്രമല്ല, റോമിലെ ഒരു മെത്രാനായും എതിർ പാപ്പായായും (217—235) കലിക്സ്ററസിൻെറ എതിരാളിയായും ഹിപ്പോളിററസ് രംഗത്തു വന്നു. റോമാസഭയിൽ വലിയ കലഹവും പിളർപ്പും ഉണ്ടായി. കലിക്സ്ററസിൻെറ പിൻഗാമികളായി ഉർബൻ (223—230) പോൻഷ്യൻ (230—235) എന്നിവർ അധികാരത്തിൽ വന്നെങ്കിലും ഹിപ്പോളിററസ് കീഴ്വഴങ്ങിയില്ല. 235—ൽ മാക്സിമിൻ എന്ന റോമൻചക്രവർത്തി പോൻഷ്യനെയും ഹിപ്പോളിററസിനേയും അറസ്ററുചെയ്ത് സർദീനിയായിലേക്കു നാടുകടത്തി. അവിടെവച്ച് അവരിരുവരും യോജിപ്പിലെത്തി. ഹിപ്പോളിററസ് പോൻഷ്യനു കീഴ്വഴങ്ങി. ആ വർഷം തന്നെ രക്തസാക്ഷിയായി മരിച്ചു.

ഹിപ്പോളിററസിൻെറ ഒരു പ്രധാന കൃതിയാണ് അപ്പസ്തോലിക പാരമ്പര്യം' (അപ്പസ്തോലിക്കേ പരദോസിസ്). ഡിഡാക്കെയേപ്പോലെ സഭാനടപടിക്രമങ്ങൾ പരാമർശിക്കുന്ന ഒരു വിലപ്പെട്ട ഗ്രന്ഥമാണിത്. ഹിപ്പോളിററസ് 215—ൽ ഗ്രീക്കിലാണെഴുതിയതെങ്കിലും

www.malankaralibrary.com



വിവർത്തനങ്ങളിലൂടെ മാത്രമേ ഈ കൃതി പൂർണമായി നമുക്കു കൈ വന്നിട്ടുള്ളു. ഈ കൃതി നഷ്ടപ്പെട്ടതായി കരുതപ്പെട്ടിരുന്നു. എന്നാൽ ആർ. എച്ച്. കൊണ്ണോലി എന്ന പണ്ഡിതൻ, 'ഈജിപ്ഷ്യൻ സഭാനടപടിക്രമം' (Egyptian Church Order) എന്ന പേരിൽ അറിയപ്പെട്ടിരുന്ന കൃതി ഇതുതന്നെയാണെന്നു തെളിയിച്ചു. അപ്പസ്തോലികപാരമ്പര്യം കോപ്റ്റിക്, എത്യോപ്യൻ, അറബി, ലത്തീൻ വിവർത്തനങ്ങളിൽ നമുക്കു ലഭിച്ചിട്ടുണ്ട്. ആദിമ റോമാസഭയിലെ ആരാധനക്രമങ്ങളിലേക്ക് ഈ കൃതി വളരെയധികം വെളിച്ചം വീശുന്നു.

പാശ്ചാത്യസഭയിൽ ഈ കൃതി വലിയ സ്വാധീനം ചെലുത്തിയില്ല; എന്നാൽ പൗരസ്ത്യ സഭകളിൽ ആരാധനക്രമ വികസനത്തിൽ ഇതു ഗണ്യമായി സ്വാധീനിച്ചു. ഈജിപ്ഷ്യൻ സഭയിൽ ഈ കൃതി നിർണായക സ്വാധീനം ചെലുത്തി.

ക്രി. വ. 500—ാമാണ്ടിൽ ഈ കൃതി ഗ്രീക്കിൽനിന്നു നേരിട്ട് സഹിദിക് എന്ന ഈജിപ്ഷ്യൻ ഭാഷയിലേക്കു വിവർത്തനം ചെയ്യപ്പെട്ടു. ''ഈജിപ്ഷ്യൻ ഹെപ്ററട്ടെവുക്'' (Egyptian Heptateuch) എന്ന കാനോനിക സമാഹാരത്തിൽ ഇതു കാണാം. സഹിദിക്കിൽനിന്നാണ് അറബി വിവർത്തനം ഉണ്ടായത്. എത്യോപ്യൻ വിവർത്തനം ഒരു പക്ഷേ പുരാതനമായ അറബിവിവർത്തനത്തെ ആധാരമാക്കി ഉണ്ടാക്കിയതാകാം. ലത്തീൻ വിവർത്തനം നാലാം നൂററാണ്ടിലേതാണ്.

മററ് പല ഗ്രന്ഥങ്ങൾക്കും നിയമസംഹിതകൾക്കും ഇതൊരു മൂലഗ്രന്ഥമായി. ക്രി. വ. 380—ൽ സിറിയായിൽവച്ചെഴുതപ്പെട്ട ''അപ്പസ്തോലിക കോൺസ്ററിററ്യൂഷൻെറ'' (Apostolic Constitution) എട്ടാം പുസ്തകം അപ്പസ്തോലിക പാരമ്പര്യത്തെ ആധാരമാക്കി വിരചിതമാണ് (ANF. 7: 391—505). എപ്പിറോം (Epitome) എന്നപേരിൽ അറിയപ്പെടുന്ന കൃതിയും അപ്പസ്തോലിക പാരമ്പര്യത്തെ ആധാരമാക്കി എഴുതപ്പെട്ടതാണ്. കർത്താവിൻെറ വിൽപ്പത്രം (Testament of our Lord) എന്ന പേരിലറിയപ്പെടുന്ന സഭാനടപടിക്രമവും (=T) ഹിപ്പോളിററസിൻെറ കൃതി ഉപയോഗിച്ചിട്ടുണ്ട്. ഹിപ്പോളിററസിൻെറ കാനോനാകൾ (The Canons of Hippolytus) എന്ന ഗ്രന്ഥവും (=K) അപ്പസ്തോലിക പാരമ്പര്യത്തെ ആധാരമാക്കി 500—ാമാണ്ടിൽ സിറിയായിൽ വച്ച് എഴുതപ്പെട്ടതാണ്.

''അപ്പസ്തോലിക പാരമ്പര്യത്തിന്'' മൂന്നു ഭാഗങ്ങളുണ്ട്: ഒരു പ്രാരംഭം, മെത്രാൻമാരുടെ തെരഞ്ഞെടുപ്പും വാഴിക്കലും, മെത്രാഭിഷേകപ്രാർത്ഥന, അതിനുശേഷമുള്ള കുർബാന, തൈലം

www.malankaralibrary.com



കൂദാശ ചെയ്യുന്ന ക്രമം, വൈദികരേയും ഡീക്കൻമാരെയും വാഴി ക്കുന്നതിനുള്ള ക്രമം ആദിയായവ ഒന്നാം ഭാഗത്തിൽ ഉൾപ്പെടുന്നു. ഹയരാർക്കിയെ സംബന്ധിച്ചാണ് ഈഭാഗം. രണ്ടാംഭാഗം അൽ മായരെ സംബന്ധിച്ചാണ്. പുതുതായി വിശ്വാസം സ്വീകരിച്ച വർക്കുവേണ്ടിയുള്ള നിയമങ്ങൾ, ക്രിസ്ത്യാനികൾക്കു വിലക്കപ്പെട്ട തൊഴിലുകൾ, സ്നാനാർത്ഥികൾ, സ്നാനം, മൂറോനഭിഷേകം, കുർബാന, ആദ്യകുർബാന എന്നിവ രണ്ടാംഭാഗത്തു ചർച്ചചെയ്യുന്നു. മൂന്നാംഭാഗം വിവിധ സഭാചാരങ്ങളെ സംബന്ധിച്ചാണ്. ഞായറാ ഴ്ചത്തെ കുർബാന, ഉപവാസം, അഗാപ്പെ, ദീപാശീർവാദശുശ്രൂഷ, പ്രാർത്ഥനാസമയം, തുടങ്ങി പ്രായോഗിക ജീവിതത്തിനത്യന്താ പേക്ഷിതമായ നിരവധി കാര്യങ്ങൾ ഇതിൽ ചർച്ച ചെയ്യുന്നു. ഇവിടെ വിവർത്തനത്തിനുപയോഗിച്ചിരിക്കുന്നത് താഴെപ്പറയുന്ന ഗ്രന്ഥങ്ങളാണ്: (1) Gregory Dix, (ed.) *The Treatise on the Apostolic Tradition of Hippolytus of Rome,* Bishop and Martyr, London, 1968 (Reissued by H. Chadwick). (2) Dom Bernard Botte, *La Tradition Apostolique de Saint Hippolyte*- Essai de Reconstitution, Muenster/Westfallen, 1962.

ഹിപ്പോളിററസിൻെറ കൃതിയുടെ ഒരു വിമർശന പതിപ്പ് (Critical edition) ഇനിയും ഉണ്ടാകേണ്ടിയിരിക്കുന്നു.

## അപ്പസ്തോലിക പാരമ്പര്യം

### 1. ആമുഖം

1. വഴിതെററിപ്പോയ തൻെറ തന്നെ ച്ഛായയെ തനിക്കുതന്നെ കാഴ്ച വച്ചുകൊണ്ട് ദൈവം തൻെറ ഹിതമനുസരിച്ച് അനാദി മുതൽക്കേ മനുഷ്യരുടെമേൽ ചൊരിഞ്ഞുകൊണ്ടിരിക്കുന്ന ആദ്ധ്യാത്മിക ദാനങ്ങളെക്കുറിച്ചാണു നാം പ്രതിപാദിക്കുന്നത്.[1]

2. ''ദൈവത്തിന് എല്ലാ വിശുദ്ധരുടെയും നേർക്കുള്ള സ്നേഹത്തി ലൂടെ'' (എഫേ. 1:15) ഏററം പ്രധാനപ്പെട്ട പ്രതിപാദ്യ വിഷയ ത്തിൽ എത്തിച്ചേർന്നിരിക്കുന്ന നമുക്ക് സഭകൾക്ക് അനുയോജ്യമായ പാരമ്പര്യമെന്ന വിഷയത്തിലേയ്ക്കു തിരിയാം. 3. ശരിയായ വിധം പ്രബോധനം ലഭിച്ചവർ ഇന്നുവരെ അഭംഗുരം തുടർന്നുപോന്ന പാരമ്പര്യത്തെ മുറുകെ പിടിക്കേണ്ടതിനും, നമ്മുടെ വിശദീകരിക്ക ലിൽ നിന്ന് അതു പൂർണ്ണമായി മനസിലാക്കിക്കൊണ്ട് അതിൽ

1. വേണ്ടത്ര അർത്ഥവ്യക്തത ഇല്ലാത്തതാണിത്. പല വി വർത്തനങ്ങളും ഇതൊഴിവാക്കിയിട്ടുണ്ട്.

www.malankaralibrary.com



കൂടുതൽ ഉറപ്പുനിൽക്കേണ്ടതിനുമായി ഈ വിഷയത്തിലേയ്ക്കു കടക്കുന്നു. 4. അജ്ഞതമൂലവും അറിവില്ലാത്ത കുറെആളുകൾ മൂലവും ഈയടുത്ത കാലത്ത് സംഭവിച്ചിരിക്കുന്ന വിശ്വാസനിഷേധം അഥവാ തെററ് നിമിത്തം ഇന്നിത് കൂടുതൽ ആവശ്യമായിത്തീർന്നിരിക്കുന്നു. 5. സഭയിൽ ഉന്നതസ്ഥാനങ്ങളിൽ ഇരിക്കുന്നവർ പാരമ്പര്യം എങ്ങനെ അഭ്യസിപ്പിക്കണമെന്നും എല്ലാക്കാര്യങ്ങളിലും എങ്ങനെ അതു പിന്തുടരണമെന്നും ഉത്തമവിശ്വാസികൾ ഗ്രഹിക്കേണ്ടതിന് പരിശുദ്ധാരൂപി തൻെറ കൃപയുടെ പൂർണ്ണത അവരിൽ വർഷിച്ചുകൊണ്ടിരിക്കുന്നു.

## ഭാഗം 1: വൈദികസ്ഥാനികൾ

## 2. മെത്രാൻമാർ

1. ജനങ്ങളെല്ലാവരും കൂടി തെരഞ്ഞെടുക്കുന്ന, സർവ്വകാര്യങ്ങളിലും കളങ്കമററവനെ മെത്രാനായി വാഴിക്കുന്നു. 2. അദ്ദേഹം എല്ലാവരാലും സ്വീകാര്യനായി അംഗീകരിക്കപ്പെട്ടുകഴിഞ്ഞാൽ കർത്താവിൻെറ ദിവസം വൈദികരോടും സൗകര്യമുള്ള മെത്രാൻമാരോടും കൂടി, ജനങ്ങളെല്ലാവരും സന്നിഹിതരായിരിക്കണം. 3. എല്ലാവരുടെയും സമ്മതത്തോടുകൂടി, സന്നിഹിതരായ മെത്രാൻമാർ അദ്ദേഹത്തിൻെറ മേൽ കൈകൾ വയ്ക്കണം. പുരോഹിതഗണം നിശബ്ദമായി നില്ക്കണം 4. പരിശുദ്ധാത്മാവിൻെറ ആവാസം ഉണ്ടാകുവാൻ എല്ലാവരും മൗനമായി ഹൃദയത്തിൽ പ്രാർത്ഥിക്കണം 5. അനന്തരം പ്രധാന കാർമ്മികൻ, മററെല്ലാവരുടെയും അഭ്യർത്ഥന പ്രകാരം നിയുക്തമെത്രാൻെറ തലയിൽ കൈവച്ചുകൊണ്ട് ഇപ്രകാരം പ്രാർത്ഥിക്കുന്നു:

## 3. മെത്രാഭിഷേക പ്രാർത്ഥന

1. ഉന്നതങ്ങളിൽ വസിക്കുകയും എളിയ കാര്യങ്ങൾ കൂടി സൂക്ഷിച്ചു നോക്കുകയും, സംഭവിക്കുന്നതിനു മുൻപ് എല്ലാം അറിയുകയും ചെയ്യുന്ന ദൈവമേ, ഞങ്ങളുടെ കർത്താവേശുമിശിഹായുടെ പിതാവേ, എല്ലാ ദയയുടെയും പിതാവേ, എല്ലാ ആശ്വാസത്തിൻെറയും ദൈവമേ, 2. നിൻെറ കൃപയുടെ വചനത്താൽ നിൻെറ സഭയ്ക്കു നീ കല്പനകൾ നൽകി. അബ്രഹാമിൽ നിന്നുള്ള നീതിമാന്മാരുടെ വർഗത്തെ ആരംഭം മുതൽ നീ വേർതിരിച്ചു. നീ രാജാക്കന്മാരെയും പുരോഹിതന്മാരെയും നിയമിച്ചു. നിൻെറ പരിപാവന സ്ഥലം ശുശ്രൂഷകരില്ലാതെ കിടക്കുന്നില്ല. നീ തിരഞ്ഞെടുത്തവരിൽ കൂടി ലോകാരംഭം മുതൽ നീ മഹത്വപ്പെടുന്നു.

www.malankaralibrary.com



3. ഇപ്പോൾ കർത്താവേ, നിന്നിൽ നിന്നുള്ള ശക്തി ചൊരിയണമെ. നിന്റെ പ്രിയപുത്രനായ യേശുമിശിഹായ്ക്കു നീ കൊടുക്കുകയും അവൻ നിന്റെ വിശുദ്ധ ശ്ലീഹന്മാരിൽ വർഷിക്കുകയും ചെയ്ത രാജകീയാരൂപിയെ ചൊരിയണമെ; ശ്ലീഹന്മാർ സഭയെ പണിയുകയും നാനാഭാഗങ്ങളിലും നിന്റെ നാമത്തിന് അനന്തമായ മഹത്വവും സ്തുതിയും കരേററി നിന്നെ ശ്രേഷ്ഠമാക്കുകയും ചെയ്യുന്നു. 4. ഹൃദയങ്ങളെ അറിയുന്നവനായ പിതാവേ, നിന്റെ പരിപാവനമായ അജഗണത്തെ മേയ്ക്കുന്നതിനും നിന്റെ ശ്രേഷ്ഠപുരോഹിതനായി ശുശ്രൂഷിക്കുന്നതിനും മെത്രാൻസ്ഥാനത്തേയ്ക്കു നീ തെരഞ്ഞെടുത്ത നിന്റെ ഈ ദാസന് അനുഗ്രഹം നൽകണമെ. ഇവൻ കളങ്കരഹിതമായി രാപ്പകൽ നിന്നെ ശുശ്രൂഷിക്കട്ടെ നിരന്തരം നിന്നെ പ്രസാദിപ്പിക്കുവാൻ ഇവനു വരം നൽകണമെ. നിന്റെ പരിശുദ്ധ സഭയുടെ അർപ്പണം ഇവൻ നിരന്തരം നിനക്ക് അർപ്പിക്കാൻ ഇടയാകണമെ.

5. ശ്രേഷ്ഠമായ പൗരോഹിത്യാരൂപിയാൽ, നിന്റെ കല്പനാനുസരണം പാപങ്ങൾ പൊറുക്കുന്നതിനും നിന്റെ ഹിതമനുസരിച്ച് എല്ലാം ക്രമീകരിക്കുന്നതിനും, നീ ശ്ലീഹന്മാർക്കു നൽകിയ അധികാരപ്രകാരം ബന്ധനങ്ങൾ അഴിക്കുന്നതിനും, ശാന്തതയാലും ഹൃദയ നിഷ്കളങ്കതയാലും നിന്നെ പ്രസാദിപ്പിക്കുന്നതിനും ഇവന് അനുഗ്രഹം നൽകണമെ. 6. ഞങ്ങളുടെ കർത്താവും നിന്റെ പുത്രനുമായ യേശുമിശിഹാ വഴി ഇവൻ നിനക്കു സുഗന്ധ പരിമളം അർപ്പിക്കട്ടെ. അവൻ വഴി നിനക്ക് ശക്തിയും മഹത്വവും പുകഴ്ചയും ഉണ്ടായിരിക്കട്ടെ. പിതാവിനും പുത്രനും പരിശുദ്ധാത്മാവിനോടുകൂടി ഇപ്പോഴും എന്നേക്കും ആമ്മേൻ.

## 4. കുർബാന

1. അവൻ എപ്പിസ്കോപ്പോസ് ആയി അഭിഷേകം ചെയ്തു കഴിയുമ്പോൾ, സമാധാനചുംബനത്തിനർഹനാകയാൽ എല്ലാവരും അവനു സമാധാനചുംബനം നൽകുന്നു.

2. ഡീക്കൻമാർ അദ്ദേഹത്തിന്റെ പക്കൽ ബലിവസ്തുക്കൾ കൊണ്ടുവരുന്നു. അദ്ദേഹം എല്ലാ പ്രെസ്ബിററർമാരോടും ചേർന്ന് അതിൻമേൽ കൈവച്ചുകൊണ്ട് ഇപ്രകാരം നന്ദി പറയുന്നു:

3. കർത്താവു നിങ്ങളോടുകൂടെ''
ജനം പ്രത്യുത്തരിക്കുന്നു: അങ്ങയുടെ ആത്മാവോടും കൂടെ''
മെത്രാൻ പറയുന്നു: നിങ്ങളുടെ ഹൃദയങ്ങളുയർത്തുവിൻ''
ജനം: അവ കർത്താവിങ്കലാകുന്നു.

www.malankaralibrary.com



മെത്രാൻ: കർത്താവിനു നമുക്ക് നന്ദി പറയാം.
ജനം: അതു ന്യായവും യുക്തവുമാകുന്നു.
അദ്ദേഹം ഇങ്ങനെ തുടരുന്നു:

4. ദൈവമേ, നിന്റെ പ്രിയ പുത്രനായ യേശുമിശിഹാവഴി നിനക്കു ഞങ്ങൾ നന്ദി പറയുന്നു. നിന്റെ ഇച്ഛയുടെ ദൂതനും ഞങ്ങളുടെ രക്ഷകനും വീണ്ടെടുപ്പുകാരനുമായി കാലാന്ത്യത്തിൽ അവനെ നീ അയച്ചു. 5. നിന്നിൽ നിന്നു പുറപ്പെട്ട അഭേദ്യമായ ആ വചനം വഴി നീ എല്ലാം സൃഷ്ടിച്ചു. അവനിൽ നീ പ്രസാദിച്ചിരിക്കുന്നു. 6. അവനെ സ്വർഗത്തിൽ നിന്നു കന്യകയുടെ ഉദരത്തിലേയ്ക്കു നീ കല്പിച്ചയച്ചു. അവൻ അവളിൽനിന്നു ജന്മമെടുത്തു. പരിശുദ്ധാത്മാവിനാൽ കന്യകയിൽ നിന്നു ജനിച്ച അവൻ നിന്റെ പുത്രനായി വെളിപ്പെടുത്തപ്പെട്ടു,

7. തിരുഹിതം നിറവേററുവാനും നിനക്കൊരു വിശുദ്ധ ജനത്തെ ഒരുക്കുവാനുമായി, നിന്നിൽ വിശ്വാസമർപ്പിച്ചവരെ അവരുടെ കഷ്ടതകളിൽനിന്നു വിടുവിക്കുവാൻ പീഡനങ്ങൾക്കായി അവൻ തന്റെ കൈകൾ വിരിച്ചു.

8. മരണത്തെ നശിപ്പിക്കാനും, ദുഷ്ടന്റെ ബന്ധനങ്ങളെ തകർക്കാനും, നരകത്തെ കാൽകീഴമർത്താനും, നീതിമാന്മാരെ പ്രകാശിപ്പിക്കാനും, ഉടമ്പടി ഉറപ്പിക്കാനും ഉയിർപ്പിനെ വെളിപ്പെടുത്തുവാനുമായി കഷ്ടതകൾക്കു സ്വയം ഏല്പിച്ചു കൊടുത്തപ്പോൾ; 9. അവൻ അപ്പമെടുത്ത് സ്തോത്രം ചെയ്ത് അരുൾചെയ്തു: 'എടുത്തു ഭക്ഷിക്കുവിൻ. ഇതു നിങ്ങൾക്കായി വിഭജിക്കപ്പെടുന്ന എന്റെ ശരീരമാകുന്നു.' അപ്രകാരംതന്നെ കാസയുമെടുത്ത് അരുൾ ചെയ്തു: 'ഇതു നിങ്ങൾക്കായി ചിന്തപ്പെടുന്ന എന്റെ രക്തം ആകുന്നു.'

10. നിങ്ങൾ ഇതു ചെയ്യുമ്പോഴെല്ലാം എന്റെ ഓർമ്മ അനുസ്മരിക്കുവിൻ.

11. അവന്റെ മരണത്തെയും ഉത്ഥാനത്തെയും ഈ രീതിയിൽ ഞങ്ങൾ അനുസ്മരിക്കുമ്പോൾ അപ്പവും കാസയും നിനക്കർപ്പിക്കുന്നു. നിനക്കു ഞങ്ങൾ നന്ദിപറയുന്നു. എന്തെന്നാൽ തിരുമുമ്പാകെ നിൽക്കുവാനും പുരോഹിതരായി നിന്നെ ശുശ്രൂഷിക്കുവാനും ഞങ്ങളെ നീ യോഗ്യരാക്കി.

12. നിന്റെ വിശുദ്ധ സഭയുടെ ബലിയിൽ നിന്റെ പരിശുദ്ധ റൂഹായെ അയയ്ക്കണമെന്നു നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു.

www.malankaralibrary.com



അവയെ ഒന്നിക്കണമെ. ഈ ബലിയിൽ സംബന്ധിക്കുന്ന വിശുദ്ധരെല്ലാവരും പരിശുദ്ധാത്മപൂർണ്ണത പ്രാപിച്ച് സത്യവിശ്വാസത്തിൽ ഉറപ്പുള്ളവരായിത്തീരുവാനും; 13. നിൻെറ പ്രിയ പുത്രനായ യേശുമിശിഹാവഴി സ്തുതിയും മഹത്വവും നിനക്കർപ്പിക്കുവാനും വരം തരണമെ. അവൻ വഴി പരിശുദ്ധാത്മാവിനോടൊപ്പം നിനക്കു നിൻെറ വിശുദ്ധ സഭയിൽ ഇപ്പോഴുംഎപ്പോഴും എന്നേയ്ക്കും മഹത്വവും ബഹുമാനവും ഉണ്ടായിരിക്കട്ടെ. ആമ്മേൻ.

## 5. എണ്ണയുടെ ആശീർവാദം

ആരെങ്കിലും തൈലം സമർപ്പിക്കുകയാണെങ്കിൽ അപ്പത്തിൻെറയും വീഞ്ഞിൻെറയും കാര്യത്തിലെന്നതുപോലെ മെത്രാൻ സ്തോത്രം അർപ്പിക്കണം. എന്നാൽ അതേ പ്രാർത്ഥനതന്നെ ചൊല്ലേണ്ടതില്ല. മറിച്ച് ഇപ്രകാരം പ്രാർത്ഥിക്കുന്നു:

2. ഈ തൈലത്തെ വിശുദ്ധീകരിക്കുന്ന ദൈവമേ, രാജാക്കൻമാരെയും പുരോഹിതൻമാരെയും പ്രവാചകൻമാരെയും നീ തൈലം പൂശുന്നു. തൈലാഭിഷേകം സ്വീകരിക്കുന്നവർക്കെല്ലാം നീ വിശുദ്ധീകരണം പ്രദാനം ചെയ്യുന്നുവല്ലോ. ഇതു രുചിക്കുന്നവർക്കു ശക്തിയും ഇതുപയോഗിക്കുന്നവർക്ക് ആരോഗ്യവും നൽകണമെന്ന് നിന്നോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

## 6. പാൽക്കട്ടിയുടെയും ഒലിവെണ്ണയുടെയും ആശീർവാദം

1. അതുപോലെ ആരെങ്കിലും പാൽക്കട്ടിയോ ഒലിയെണ്ണയോ കൊണ്ടുവരികയാണെങ്കിൽ അദ്ദേഹം ഇങ്ങനെ പ്രാർത്ഥിക്കട്ടെ:

2. 'ഞങ്ങളെ അങ്ങയുടെ സ്നേഹത്തിലേയ്ക്കു സാന്ദ്രീകരിച്ചുകൊണ്ട് ഈ പാൽക്കട്ടിയെ അങ്ങു വിശുദ്ധീകരിക്കണമേ.'

3. 'അങ്ങിൽ ശരണപ്പെടുന്നവരുടെ ജീവനുവേണ്ടി മരത്തിൽനിന്നു പ്രവഹിക്കുവാൻ അങ്ങ് അനുവദിച്ച ആ കൊഴുപ്പിൻെറ പ്രതിരൂപമായ ഈ ഫലത്തിന് അങ്ങയുടെ മാധുര്യത്തിൽ നിന്നകന്നുപോകാതിരിക്കാനുള്ള അനുഗ്രഹം നൽകണമേ'.

4. എന്നാൽ എല്ലാ ആശീർവാദങ്ങളും ഇങ്ങനെ സമാപിക്കണം: നിനക്കു മഹത്വമുണ്ടായിരിക്കട്ടെ. പിതാവിനും പുത്രനും പരിശുദ്ധാത്മാവിനോടുകൂടി സഭയിൽ ഇപ്പോഴും എന്നേക്കും. ആമ്മേൻ.

www.malankaralibrary.com



## 7. കുർബാന സ്വീകരണ പ്രാർത്ഥനകൾ[2]

1. മെത്രാൻ ഇങ്ങനെ പ്രാർത്ഥിക്കുന്നു. സർവ്വശക്തനായ ദൈവമേ, ഞങ്ങളുടെ കർത്താവേശുമിശിഹായുടെ പിതാവേ, ഈ വിശുദ്ധ രഹസ്യങ്ങൾ അനുഗ്രഹപൂർവ്വം സ്വീകരിക്കുവാൻ ഞങ്ങളെ യോഗ്യരാക്കണമെന്ന് വീണ്ടും ഞങ്ങൾ പ്രാർത്ഥിക്കുന്നു. ഞങ്ങളെ ആരെയും ശിക്ഷാവിധിയിൽ ഉൾപ്പെടുത്തരുതേ. മറിച്ച് സർവ്വശക്തനായ കർത്താവും ഞങ്ങളുടെ ദൈവവുമായ മിശിഹായുടെ ശരീരവും രക്തവുമായ ഈ വിശുദ്ധരഹസ്യങ്ങളിൽ പങ്കുചേരുന്ന ഞങ്ങളിലെല്ലാം യോഗ്യത ഉളവാക്കണമേ.

ഡീക്കൻ പറയുന്നു: നിങ്ങൾ പ്രാർത്ഥിക്കുവിൻ.

(ഇവിടെ കർതൃപ്രാർത്ഥന ചൊല്ലുന്നു.)

മെത്രാൻ തുടർന്നു പ്രാർത്ഥിക്കുന്നു: സർവ്വശക്തനായ ദൈവമേ, നിന്റെ ഈവിശുദ്ധരഹസ്യങ്ങളുടെസ്വീകരണം ഞങ്ങൾക്കു പോഷണമായി ഭവിക്കട്ടെ. ഞങ്ങളിൽ ആരെയും ശിക്ഷിക്കരുതേ. പ്രത്യുത ക്രിസ്തുവഴി എല്ലാവരെയും അനുഗ്രഹിക്കണമേ. അവൻ വഴി അവനോടും പരിശുദ്ധാത്മാവിനോടുംകൂടെ നിനക്ക് ശക്തിയും മഹത്വവും ഇപ്പോഴും എപ്പോഴും എന്നേക്കും ഉണ്ടായിരിക്കട്ടെ. ആമ്മേൻ.

ഡീക്കൻ: നിങ്ങൾ എഴുന്നേററ് തലകുനിച്ചു നിൽക്കുവിൻ.

മെത്രാൻ: നിത്യനായ ദൈവമേ, നിഗൂഢമായതും വെളിവാക്കപ്പെട്ടതുമായ എല്ലാം അറിയുന്നവനായ നിന്റെ മുമ്പിൽ നിന്റെ ജനം ഇതാ, തലകുനിച്ചു നിൽക്കുന്നു. അവരുടെ ജഡത്തിന്റെയും ഹൃദയത്തിന്റെയും കാഠിന്യം അവർ നിന്റെ മുമ്പിൽ കുനിക്കുന്നു. അങ്ങയുടെ ശ്രേഷ്ഠമായ വാസസ്ഥലത്തുനിന്ന് അവരെ കടാക്ഷിക്കണമേ. സ്ത്രീകളും പുരുഷൻമാരുമായ അവരെയെല്ലാം അനുഗ്രഹിക്കണമേ. അവരിലേയ്ക്ക് നിന്റെ ചെവിചായ്ച്ച് അവരുടെ പ്രാർത്ഥന ശ്രവിക്കണമേ. നിന്റെ വലത്തുകൈയുടെ പ്രാഭവത്താൽ അവരെ ശക്തിപ്പെടുത്തണമേ. മാരകരോഗങ്ങളിൽനിന്ന് അവരെ രക്ഷിക്കണമേ. അങ്ങുതന്നെ അവരുടെ ശരീരത്തിന്റെയും ആത്മാവിന്റെയും സംരക്ഷകനായിരിക്കണമേ. അങ്ങിലുള്ള വിശ്വാസവും ഭയയും അവരിലും ഞങ്ങളിലും വർധിപ്പിക്കണമേ. ഇവയെല്ലാം അങ്ങയുടെ ഏകപുത്രൻവഴി ഞങ്ങൾ പ്രാർത്ഥിക്കുന്നു. അവൻവഴി ഇത്യാദി...ആമ്മേൻ.

---

2. എത്യോപ്യൻ വിവർത്തനത്തിൽ മാത്രമേ ഇതു കാണുന്നുള്ളു.

www.malankaralibrary.com


ഡീക്കൻ: നമുക്കു ശ്രദ്ധാപൂർവ്വം നിൽക്കാം.
മെത്രാൻ: വിശുദ്ധി വിശുദ്ധർക്ക്.
ജനം: ഏകവിശുദ്ധ പിതാവും ഏകവിശുദ്ധ പുത്രനും ഏകപരിശുദ്ധാത്മാവും.
മെത്രാൻ: കർത്താവു നിങ്ങളെല്ലാവരോടും കൂടെ.
ജനം: അങ്ങയുടെ ആത്മാവോടും കൂടെ

അനന്തരം എല്ലാവരും ദൈവത്തെ മഹത്വപ്പെടുത്തുവാൻ കരങ്ങൾ ഉയർത്തുന്നു. പാപങ്ങളുടെ മോചനത്തിനും ആത്മാക്കളുടെ രക്ഷയ്ക്കുമായി ജനം മുമ്പോട്ടുവരുന്നു.

കുർബാന സ്വീകരണാനന്തരമുള്ള പ്രാർത്ഥന

സർവ്വശക്തനായ ദൈവമേ, ഞങ്ങളുടെ കർത്താവേശുമിശിഹായുടെ പിതാവേ, ഞങ്ങൾ അങ്ങേയ്ക്കു കൃതജ്ഞത അർപ്പിക്കുന്നു. എന്തുകൊണ്ടെന്നാൽ അങ്ങയുടെ ദിവ്യരഹസ്യങ്ങളുടെ സ്വീകരണത്തിന് അങ്ങു ഞങ്ങളെ യോഗ്യരാക്കി. ഇതു കുററത്തിനോ ശിക്ഷാവിധിക്കോ കാരണമാകാതിരിക്കട്ടെ. പ്രത്യുത അങ്ങയുടെ ഏകജാതൻ വഴി ഞങ്ങളുടെ ആത്മാവിൻെറയും ശരീരത്തിൻെറയും നവീകരണത്തിനു കാരണമായി ഭവിക്കട്ടെ. അവൻ വഴി ഇത്യാദി...

ജനം: ആമ്മീൻ
പുരോഹിതൻ: കർത്താവു നിങ്ങളെല്ലാവരോടും കൂടെ

സ്വീകരണശേഷമുള്ള കൈവയ്പു പ്രാർത്ഥന

നിത്യനായ ദൈവമേ, ഞങ്ങളുടെ കർത്താവും രക്ഷകനുമായ യേശുമിശിഹായുടെ പിതാവേ, അങ്ങയുടെ ദാസന്മാരും ദാസികളുമായ ഞങ്ങളെ അനുഗ്രഹിക്കണമെ. ഞങ്ങളെ അങ്ങയുടെ പ്രധാന മാലാഖയുടെ ശക്തിയാൽ സംരക്ഷിക്കുകയും സഹായിക്കുകയും അഭിവൃദ്ധിപ്പെടുത്തുകയും ഉറപ്പിക്കുകയും ചെയ്യണമെ. അങ്ങയുടെ മഹത്വത്താൽ അങ്ങയെക്കുറിച്ചുള്ള ഭയത്തിൽ ഞങ്ങളെ നിലനിർത്തുകയും ഉറപ്പിക്കുകയും ചെയ്യണമേ. അങ്ങയുടേതുമാത്രം ചിന്തിക്കുന്നതിനും, വിശ്വസിക്കുന്നതിനും ആഗ്രഹിക്കുന്നതിനും ഇടയാക്കണമേ. കോപവും പാപവും കൂടാതെ അങ്ങയുടെ സമാധാനം അങ്ങയുടെ ഏകജാതൻവഴി ഞങ്ങൾക്കു നൽകുകയും ചെയ്യണമേ. അവൻ വഴി ഇത്യാദി...ജനം: ആമ്മേൻ.

മെത്രാൻ: കർത്താവു നിങ്ങളെല്ലാവരോടും കൂടെ
ജനം: അങ്ങയുടെ ആത്മാവോടും കൂടെ
ഡീക്കൻ: സമാധാനത്തിൽ പോകുവിൻ.
ഇതോടു കൂടി ബലിയർപ്പണം പൂർത്തിയാകുന്നു.

www.malankaralibrary.com



## 8. വൈദികർ[3]

1. വൈദികാഭിഷേകത്തിന് മെത്രാൻ വൈദികാർത്ഥിയുടെ തലയിൽ കൈ വയ്ക്കുന്നു. മററു വൈദികർ അദ്ദേഹത്തെ തൊട്ടു നില്ക്കുന്നു. മെത്രാഭിഷേകത്തിനു മുൻപ് നിർദ്ദേശിച്ചിരുന്ന പ്രാർത്ഥന മെത്രാൻ അർത്ഥിയുടെ മേൽ പ്രാർത്ഥിക്കുന്നു.

2. ''ഉന്നതങ്ങളിൽ വസിക്കുകയും...'' മുതൽ ''നിന്നെ ശ്രേഷ്ഠമാക്കുകയും ചെയ്യുന്നു'' എന്നതുവരെ (3:1—3). പിന്നീട്: നിന്റെ ഈ ദാസനെ തൃക്കൺപാർക്കണമെ. ഉപദേശത്തിന്റെയും കൃപയുടെയും അരൂപിയെ ഇവനു നൽകണമേ. അങ്ങനെ ഇവൻ പൗരോഹിത്യത്തിൽ പങ്കു ചേരുകയും നിർമ്മല ഹൃദയത്തോടു കൂടെ നിന്റെ ജനത്തെ ഭരിക്കുകയും ചെയ്യട്ടെ.

3. നീ തെരഞ്ഞെടുത്ത ജനത്തെ നീ കടാക്ഷിച്ചു. പ്രെസ്ബിററർമാരെ തെരഞ്ഞെടുക്കാൻ മോശയോടു നീ കല്പിച്ചു. നിന്റെ ദാസനു നീ നൽകിയ ആത്മാവിനെക്കൊണ്ട് അവനെ നീ നിറച്ചു.

4. അതുപോലെ ഇപ്പോഴും, കർത്താവേ, അങ്ങയുടെ കൃപയുടെ അരൂപി ഇടതടവില്ലാതെ ഞങ്ങളുടെ ഇടയിൽ സംരക്ഷിക്കപ്പെടുന്നതിന് ഇടയാക്കണമേ. വിശ്വാസപൂർവ്വം ഞങ്ങൾ നിനക്കു ശുശ്രൂഷ ചെയ്യുന്നതിനും, ഏകാഗ്ര ഹൃദയത്തോടെ നിന്നെ പുകഴ്ത്തുന്നതിനും ഞങ്ങളെ യോഗ്യരാക്കണമേ.

5. നിന്റെ പുത്രനായ യേശുമിശിഹാവഴി നിനക്കു ശക്തിയും മഹത്വവും പുകഴ്ചയും ഉണ്ടായിരിക്കട്ടെ. പിതാവിനും പുത്രനും പരിശുദ്ധാത്മാവോടുകൂടി വിശുദ്ധ സഭയിൽ ഇപ്പോഴും എന്നേക്കും. ആമ്മേൻ.

## 9. ഡീക്കൻമാർ

1. ഡീക്കനെ വാഴിക്കുമ്പോൾ മുൻപ് പറഞ്ഞ ക്രമമനുസരിച്ച് തിരഞ്ഞെടുക്കപ്പെടണം. മെത്രാൻ തന്റെ കരങ്ങൾ അർത്ഥിയുടെ മേൽ വയ്ക്കുന്നു. ഡീക്കനെ അഭിഷേചിക്കുമ്പോൾ മെത്രാൻ മാത്രമേ കൈ വയ്ക്കാവൂ എന്നു പറയുവാൻ കാരണമുണ്ട്.

3. B. Bott-ൽ no. 7. തുടർന്നുള്ള നമ്പരുകളിലും വ്യത്യാസം ഉണ്ട്.

www.malankaralibrary.com



2. ഡീക്കൻ പൗരോഹിത്യത്തിലേക്കല്ല, പിന്നെയോ, മെത്രാൻ കല്പിക്കുന്ന കാര്യങ്ങൾ മാത്രം ചെയ്യുവാൻ മെത്രാൻെറ സേവനത്തിനായി ശുശ്രൂഷയിലേക്കാണ് പട്ടമേൽക്കുന്നത്.

3. അവൻ പുരോഹിത ഗണത്തിൻെറ സഹഉപദേഷ്ടാവായിട്ടല്ല, പ്രത്യുത വസ്തുവകകളുടെ ചുമതല ഏറെറടുക്കുന്നതിനും, അത്യാവശ്യകാര്യങ്ങൾ മെത്രാനെ അറിയിക്കുന്നതിനുമാണ് നിയമിക്കപ്പെടുന്നത്.

4. പുരോഹിതർ പങ്കുപററുന്ന, പൗരോഹിത്യത്തിനു പൊതുവായുള്ള അരൂപി അവൻ സ്വീകരിക്കുന്നില്ല. പിന്നെയോ മെത്രാൻെറ അധികാരത്തിൻ കീഴിൽ അവന് ഏല്പിച്ചു നൽകപ്പെടുന്നവ മാത്രം സ്വീകരിക്കുന്നു.

പുരോഹിതർ പങ്കുചേരുന്ന മൂപ്പത്വത്തിൻെറ അരൂപി സ്വീകരിക്കുന്നതിനായിട്ടല്ല അവൻ നിയോഗിക്കപ്പെട്ടിരിക്കുന്നത്. പ്രത്യുത ശ്രദ്ധയോടിരിക്കാനും മെത്രാൻെറ വിശ്വാസ്യതയ്ക്ക് യോഗ്യനായിരിക്കാനും യോഗ്യമായ കാര്യങ്ങളിൽ ശ്രദ്ധാലുവായിരിക്കാനും വേണ്ടിയാണ്.[4]

5. ആകയാൽ മെത്രാൻ തനിയെ ഡീക്കൻെറ മേൽ കൈവയ്ക്കുന്നു.

6. എന്നാൽ പുരോഹിതഗണത്തിനു പൊതുവായ അരൂപിയിൽ പുരോഹിതൻമാരെല്ലാവരും ഒരുപോലെ പങ്കുചേരുന്നതിനാൽ പുരോഹിതാർത്ഥിയുടെ മേൽ കൈ വയ്ക്കുന്നു.

7. പുരോഹിതന് സ്വീകരിക്കുന്നതിനു മാത്രമേ അധികാരമുള്ളു; കൊടുക്കുന്നതിന് അധികാരമില്ല.

8. ആകയാൽ ഒരു പുരോഹിതനും ആരെയും പൗരോഹിത്യത്തിലേയ്ക്ക് അഭിഷേചിക്കുന്നില്ല. പുരോഹിതൻെറ അഭിഷേകസമയത്ത് അവർ കൈകൾ വയ്ക്കുന്നതുവഴി മെത്രാൻ അഭിഷേചിക്കുമ്പോൾ ആശീർവദിക്കുക മാത്രമാണു ചെയ്യുന്നത്.

---

4. ഇതിന് ചില പാഠഭേദങ്ങളുണ്ട്: 1) മെത്രാൻ അയാളെ വിശ്വസ്ഥനായി കരുതുവാനും യോഗ്യമായ സംഗതികൾ മെത്രാനെ അറിയിക്കാനും, ശരിയായ സംഗതികളിൽ അയാൾ വ്യാപൃതനായിരിക്കണം (എത്യോപ്യൻ (2) യോഗ്യമായ സംഗതികളിൽ മെത്രാൻ അയാളെ വിശ്വസ്തനായി കരുതുന്നതിന് അയാൾ നിയമിതനായിരിക്കുന്നു (സഹിദിക്).

www.malankaralibrary.com



9. ഡീക്കന്റെമേൽ മെത്രാൻ ഇങ്ങനെ പ്രാർത്ഥിക്കുന്നു.

10. സർവ്വവും സൃഷ്ടിക്കുകയും വചനത്താൽ അവയെല്ലാം ക്രമീകരിക്കുകയും ചെയ്ത ദൈവമെ, ഞങ്ങളുടെ കർത്താവേശു മിശിഹായുടെ പിതാവേ, അങ്ങയുടെ അഭീഷ്ടത്തിനു ശുശ്രൂഷ ചെയ്യുവാനും, അങ്ങയുടെ തിരുച്ചിത്തം വെളിപ്പെടുത്തുവാനുമായി അവനെ നീ അയച്ചു.

11. അങ്ങയുടെ സഭയിൽ ശുശ്രൂഷ ചെയ്യുന്നതിനും അങ്ങയുടെ തിരുനാമത്തിന്റെ മഹത്വത്തിന്, അങ്ങയുടെ ശ്രേഷ്ഠപുരോഹിതരാൽ അർപ്പിക്കപ്പെടുന്ന വിശുദ്ധിയിലേയ്ക്ക്, വിശുദ്ധിയിൽ വളർത്തിക്കൊണ്ടുവരുന്നതിനുമായി അങ്ങു തിരഞ്ഞെടുത്ത, അങ്ങയുടെ ഈ ദാസന്റെ മേൽ കൃപയുടെയും ആത്മാർത്ഥതയുടെയും ശുഷ്ക്കാന്തിയുടെയും അരൂപിയെ അയയ്ക്കണമേ.

12. നിന്റെ പുത്രനായ ഞങ്ങളുടെ കർത്താവേശുമിശിഹാവഴി നിനക്ക് അവനോടും പരിശുദ്ധാത്മാവിനോടും കൂടി വിശുദ്ധ സഭയിൽ ശക്തിയും മഹത്വവും പുകഴ്ചയും ഇപ്പോഴും എപ്പോഴും എന്നേക്കും ഉണ്ടായിരിക്കട്ടെ. ആമ്മേൻ

## 10. വിശ്വാസ സാക്ഷികൾ

1. എന്നാൽ ഒരു വിശ്വാസസാക്ഷി നാമത്തെപ്രതി ജയിലിൽ ചങ്ങലകളിലാണെങ്കിൽ ഡീക്കന്റെയോ പുരോഹിതന്റെയോ സ്ഥാനത്തിനായി അവന്റെ മേൽ കൈകരം വയ്ക്കുന്നില്ല കാരണം തന്റെ സാക്ഷ്യം വഴി അവനു പൗരോഹിത്യപദവി ലഭിച്ചിരിക്കുന്നു. എന്നാൽ അയാളെ മെത്രാനായി നിയമിച്ചാൽ അവന്റെ മേൽ കൈകരം വയ്ക്കാം.

2. എന്നാൽ ഒരാാം നാമത്തെ പ്രതി പൊതു അധികാരിയുടെ മുമ്പാകെ ഹാജരാക്കപ്പെടാതെയും ചങ്ങലകളിൽ ശിക്ഷിക്കപ്പെടാതെയും, ഒരു ശിക്ഷയ്ക്കും വിധിക്കപ്പെടാതെയും ഇരിക്കുന്നു എന്നു വയ്ക്കുക. എന്നാൽ, നാമത്തെ പ്രതി യാദൃച്ഛികമായി പരിഹസിക്കപ്പെടുവാൻ മാത്രം ഇടയായാൽ അയാാം വിശ്വാസം ഏററു പറഞ്ഞെങ്കിലും യോഗ്യമായ ഏത് വൈദിക പദവിയിലേയ്ക്കും വേണ്ടി അവന്റെ മേൽ കൈവയ്ക്കാം.

3. മുകളിൽ പറഞ്ഞ രീതിയിൽ മെത്രാൻ സ്തോത്രാർപ്പണം നടത്തുന്നു.

www.malankaralibrary.com



4. മുകളിൽ പറഞ്ഞ വാചകം അതുപോലെ തന്നെ മെത്രാൻ ചൊല്ലണമെന്നില്ല. ദൈവത്തിനു നന്ദി പറയാൻ അവൻ അവ കാണാതെ പഠിക്കുകയും വേണ്ട. മറിച്ച്, ഓരോരുത്തനും അവനവന്റെ കഴിവനുസരിച്ച് പ്രാർത്ഥിക്കട്ടെ.

5. എന്നാൽ ശ്രേഷ്ഠവും ഉൽകൃഷ്ടവുമായ രീതിയിൽ ഉചിതമായി പ്രാർത്ഥിക്കാമെങ്കിൽ അതൊരു നല്ല കാര്യം തന്നെ. മറിച്ച് ഒരു നിശ്ചിത പ്രാർത്ഥന ചൊല്ലാനാണു സ്വയം തല്പര്യപ്പെടുന്നതെങ്കിൽ അവനെ ആരും തടയാൻ പാടില്ല. അവന്റെ പ്രാർത്ഥന നന്നായിരുന്നാൽ മതി.

## 11. വിധവകൾ

1. വിധവയെ നിയമിക്കുമ്പോൾ അവൾക്കു പട്ടം കൊടുക്കുന്നില്ല; പ്രത്യുത പേരുവിളിച്ച് തിരഞ്ഞെടുക്കുകയത്രേ ചെയ്യുക.

2. ദീർഘകാലമായി ഭർത്താവിനെ നഷ്ടപ്പെട്ടവളെ വിധവയായി നിയമിക്കാം.

3. എന്നാൽ അടുത്തകാലത്താണ് അവൾക്കു ഭർത്താവു നഷ്ടമായതെങ്കിൽ, അവളെ വിശ്വസിക്കരുത്. പ്രായം ചെന്നവളാണെങ്കിൽകൂടി കുറേക്കാലത്തേയ്ക്ക് അവളെ പരീക്ഷിക്കണം. കാരണം, തന്നിൽതന്നെ വികാരങ്ങൾക്ക് ഇടം നൽകുന്നവരിൽ പ്രായം ചെല്ലുന്നവരോടൊപ്പം വികാരങ്ങളും വളരുന്നു.

4. വിധവയെ അംഗീകരിച്ചു നിയമിച്ചാൽ അവളെ വിധവകളുടെ ഗണത്തിൽ പരിഗണിക്കണം. എന്നാൽ അവൾക്കു പട്ടം കൊടുക്കാൻ പാടില്ല; കാരണം, അവൾ അർപ്പണം നടത്തുന്നില്ല; ആരാധനക്രമസംബന്ധമായ ശുശ്രൂഷകളും അവൾ നടത്തുന്നില്ല.

5. എന്നാൽ ആരാധനക്രമസംബന്ധമായ ശുശ്രൂഷനിമിത്തം വൈദികസ്ഥാനികൾക്കാണു പട്ടം നൽകപ്പെടുന്നത്. പ്രാർത്ഥിക്കാനായിട്ടത്രേ വിധവകൾ നിയമിക്കപ്പെടുന്നത്; എല്ലാ ക്രിസ്ത്യാനികളുടെയും ദൗത്യമാണിത്.

## 12. വായനക്കാർ

മെത്രാൻ വിശുദ്ധ ഗ്രന്ഥം നൽകിക്കൊണ്ട് വായനക്കാരനെ നിയമിക്കുന്നു. അവന്റെമേൽ കൈവയ്ക്കുന്നില്ല.

## 13. കന്യകകൾ

കന്യകയെ ആരും നിയമിക്കുന്നില്ല, പ്രത്യുത സ്വയം വേർതിരിഞ്ഞ് ഈ പേരിൽ അറിയപ്പെടുന്നതാണ്. കന്യകയുടെ മേലും കൈകൾ വയ്ക്കുന്നില്ല, കാരണം വ്യക്തിപരമായ തിരഞ്ഞെടുപ്പു വഴി മാത്രമാണ് ഒരാൾ കന്യകയായിത്തീരുന്നത്.

www.malankaralibrary.com



## 14. സബ് ഡീക്കൻമാർ

സബ് ഡീക്കന്റെമേലും കൈവയ്ക്കപ്പെടുന്നില്ല; കാരണം, അവൻ ഡീക്കനെ സഹായിക്കാനായി നിയമിക്കപ്പെടുന്നു.

## 15. രോഗശാന്തിവരം

വിശ്വാസികളിൽ ആരെങ്കിലും രോഗശാന്തിക്കുള്ള വരം ദാനമായി സ്വീകരിച്ചതായി കാണപ്പെടുകയാണെങ്കിൽ, അവന്റെമേൽ കൈവയ്ക്കേണ്ടതില്ല. കാരണം വ്യക്തമാണല്ലോ.

# ഭാഗം II അൽമായർ

## 16. പുതുതായി വിശ്വാസം സ്വീകരിച്ചവർ

1. ആദ്യമായി വചനം ശ്രവിക്കുന്നതിനായി വരുന്നവരെ, ജനങ്ങൾ അകത്തു പ്രവേശിക്കുന്നതിനുമുമ്പുതന്നെ ഭവനത്തിൽ, ഉപദേഷ്ടാവിന്റെ പക്കൽ കൊണ്ടുവരുന്നു.

2. എന്തുകാരണത്താലാണ് അവർ വിശ്വാസത്തിലേയ്ക്കു വന്നത് എന്ന് പരിശോധിക്കണം. അവർ വചനം ശ്രവിക്കുവാൻ കഴിവുള്ളവരാണോ എന്ന് അവരെ കൊണ്ടുവരുന്നവർ സാക്ഷ്യം നൽകണം.

3. അവരുടെ ജീവിതവും, ജീവിതരീതിയും- അവർക്ക് ഭാര്യമാർ ഉണ്ടോ എന്നും അടിമയാണോ സ്വതന്ത്രനാണോ എന്നും- അന്വേഷിക്കണം.

4. അവൻ ഒരു വിശ്വാസിയുടെ അടിമ ആയിരിക്കുകയും അദ്ദേഹം അനുവദിക്കുകയും ചെയ്യുന്നെങ്കിൽ വചനം ശ്രവിക്കാം. അവന്റെ യജമാനൻ അനുവദിക്കുന്നില്ലെങ്കിൽ അവനെതിരസ്കരിക്കുക.

5. അവന്റെ യജമാനൻ ഒരു അവിശ്വാസി ആണെങ്കിൽ ഇടർച്ച ഉണ്ടാകാതിരിക്കാൻ അവന്റെ യജമാനനെ എങ്ങനെ പ്രസാദിപ്പിക്കാമെന്ന് അവനെ പഠിപ്പിക്കണം.

6. ഭാര്യയുള്ളവൻ അവന്റെ ഭാര്യയെക്കൊണ്ടും ഭർത്താവുള്ളവൾ അവളുടെ ഭർത്താവിനെക്കൊണ്ടും തൃപ്തരായിരിക്കുവാൻ അവരെ പരിശീലിപ്പിക്കണം.

www.malankaralibrary.com



7. അവിവാഹിതൻ വ്യഭിചാരം ചെയ്യാതിരിക്കുവാൻ പഠിപ്പിക്കണം; നിയമാനുസൃതം വിവാഹം കഴിക്കുന്നതിനോ, ദൃഢചിത്തനായി ഉറച്ചുനിൽക്കുന്നതിനോ അഭ്യസിപ്പിക്കണം.

8. പിശാചുബാധയുള്ള ഒരുവൻ അതിൽനിന്നു വിമുക്തനാകുന്നതുവരെ ആദ്ധ്യാത്മികോപദേഷ്ടാവിൽനിന്നു വചനം ശ്രവിക്കാതിരിക്കട്ടെ.

## ക്രിസ്ത്യാനികൾക്കു വിലക്കപ്പെട്ട തൊഴിലുകൾ

9. ഉപദേശം സ്വീകരിക്കുന്നതിന് ആനീതരാകുന്നവരുടെ തൊഴിലുകളെയും ജീവിതരീതികളെയും കുറിച്ച് അന്വേഷിക്കണം.

10. വേശ്യകളെ സംരക്ഷിക്കുന്ന ദുർവൃത്തനായ മനുഷ്യൻ സ്വയം പിൻമാറണം. അല്ലെങ്കിൽ തിരസ്ക്കരിക്കപ്പെടണം.

11. ഒരുവൻ ചിത്രകാരനോ ശില്പിയോ ആണെങ്കിൽ, വിഗ്രഹങ്ങൾ നിർമ്മിക്കാതിരിക്കുവാൻ അവനു നിർദ്ദേശം നൽകണം. അവൻ അതുപേക്ഷിക്കുന്നില്ലെങ്കിൽ തിരസ്കരിക്കപ്പെടട്ടെ.

12. ഒരുവൻ നാടകക്കളിക്കാരനോ പ്രദർശനശാലകളിൽ പ്രകടനം നടത്തുന്ന വ്യക്തിയോ ആണെങ്കിൽ, അവൻ സ്വയം വേണ്ടെന്നു വയ്ക്കട്ടെ. അല്ലെങ്കിൽ തിരസ്കരിക്കപ്പെടണം.

13. ലൗകിക വിജ്ഞാനം കുട്ടികൾക്കു പകർന്നു കൊടുക്കുന്നയാൾ സ്വയം പിൻമാറുന്നെങ്കിൽ ഉത്തമം. എന്നാൽ ജീവിക്കുവാൻ അവനു വേറെ തൊഴിൽ ഇല്ലെങ്കിൽ അവനോടു ക്ഷമിക്കുക.

14 ഇതുപോലെതന്നെ, തേരാളികളും മല്ലയുദ്ധങ്ങളിൽ പങ്കെടുക്കുന്നവരും, അവിടെ പോകുന്നവരും സ്വയം പിൻമാറട്ടെ. അല്ലെങ്കിൽ തിരസ്കരിക്കപ്പെടണം.

15. പയററുകാരനോ, പയററുകാർക്കു പരിശീലനം നൽകുന്നവനോ, പോർക്കളത്തിലെ നായാട്ടുകാരനോ, വന്യമൃഗപ്രദർശനവുമായി ബന്ധപ്പെട്ടവനോ, പയററുകാരുടെ പ്രദർശനങ്ങളുമായി ബന്ധപ്പെട്ട പൊതു ഉദ്യോഗസ്ഥനോ ആയ വ്യക്തിയും സ്വയം പിൻമാറട്ടെ. അല്ലെങ്കിൽ അയാളെ തിരസ്കരിക്കുക.

16. വിഗ്രഹങ്ങളുടെ പുരോഹിതനോ, അവയുടെ സൂക്ഷിപ്പുകാരനോ ആയ മനുഷ്യൻ സ്വയം പിൻതിരിയുകയോ നിരസിക്കപ്പെടുകയോ ചെയ്യട്ടെ.

www.malankaralibrary.com



17. അധികാരത്തിലിരിക്കുന്ന പടയാളികളോട് മനുഷ്യരെ വധിക്കരുതെന്ന് ഉപദേശിക്കണം; അവന് അതിനു കല്പന ലഭിക്കുകയാണെങ്കിൽ പോലും അവൻ അതു നിർവ്വഹിക്കരുത്. സൈനികപ്രതിജ്ഞ എടുക്കരുതെന്ന് അവനെ ഉപദേശിക്കണം. സമ്മതിക്കുന്നില്ലെങ്കിൽ അവനെ തിരസ്കരിക്കണം.

18. സൈനിക ഗവർണറും, രാജകീയ വേഷഭൂഷാദികൾ അണിയുന്ന നഗരത്തിന്റെ മജിസ്ട്രേററും സ്വയം പിൻമാറുകയോ തിരസ്കരിക്കപ്പെടുകയോ ചെയ്യട്ടെ.

19. ജ്ഞാനസ്നാനം സ്വീകരിച്ച ക്രിസ്ത്യാനിയോ ജ്ഞാനസ്നാനാർത്ഥിയോ സൈന്യത്തിൽ ചേരുവാൻ ആഗ്രഹിക്കുന്നെങ്കിൽ അവനെ തള്ളിക്കളയുക. കാരണം, അവർ ദൈവത്തെ നിന്ദിച്ചിരിക്കുന്നു.

20. വേശ്യയും മൃഗങ്ങളുടെ കൂടെ ശയിക്കുന്നവനും സ്വയം ഷണ്ഡനായവനും പറയുവാൻ പോലും കൊള്ളരുതാത്തവ പ്രവർത്തിക്കുന്നവനും തിരസ്ക്കരിക്കപ്പെടട്ടെ; കാരണം അവർ മലിനരാക്കപ്പെട്ടവരാണ്.

21. മന്ത്രവാദിയെ പരിഗണനയ്ക്കായി കൊണ്ടുവരിക പോലും ചെയ്യരുത്.

22. മാന്ത്രികൻ, ജ്യോത്സ്യൻ, സ്വപ്നവ്യാഖ്യാതാവ്, മുറിവൈദ്യൻ, വസ്ത്രങ്ങളുടെ തൊങ്ങലുകൾ മുറിക്കുന്നവൻ, മാന്ത്രികത്തകിടുകൾ നിർമ്മിക്കുന്നവൻ ആദിയായിട്ടുള്ളവർ പിൻമാറട്ടെ; അല്ലെങ്കിൽ തിരസ്ക്കരിക്കപ്പെടട്ടെ.

23. ഒരുവന്റെ വെപ്പാട്ടി അടിമയാണെങ്കിൽ, അവൾ അവളുടെ കുട്ടികളെവളർത്തുകയും, അവനോടു കൂടിമാത്രം സഹവസിക്കുകയും ചെയ്യുന്നു എന്ന വ്യവസ്ഥയിൻമേൽ വചനം ശ്രവിക്കുവാൻ അനുവദിക്കാം. അങ്ങനെയല്ലെങ്കിൽ അവളെ തിരസ്കരിക്കുക.

24.a വെപ്പാട്ടിയുള്ള മനുഷ്യൻ അതിൽ നിന്നു പിന്തിരിഞ്ഞ് നിയമാനുസൃതം വിവാഹം കഴിക്കട്ടെ. അവനതിനു സമ്മതമല്ലെങ്കിൽ അവൻ തിരസ്കരിക്കപ്പെടട്ടെ.

24.b ജ്ഞാനസ്നാനം സ്വീകരിച്ച ഒരു സ്ത്രീ ഒരടിമയോടൊത്തു സഹവസിച്ചാൽ, അവൾ പിൻമാറുകയോ തിരസ്കരിക്കപ്പെടുകയോ ചെയ്യട്ടെ.

25. ഞങ്ങൾ എന്തെങ്കിലും വിട്ടു പോയെങ്കിൽ അനുയോജ്യമാം വിധം നിങ്ങൾതന്നെ തീരുമാനിക്കുക. കാരണം നമ്മിലെല്ലാം ദൈവത്തിന്റെ അരൂപി പ്രവർത്തിക്കുന്നുണ്ടല്ലോ.

www.malankaralibrary.com



## 17. വചനം ശ്രവിക്കുവാനുള്ള സമയം

1. ജ്ഞാനസ്നാനാർത്ഥിയെ മൂന്നു വർഷത്തേയ്ക്ക് പഠിപ്പിക്കണം. 2. എന്നാൽ ആരെങ്കിലും വളരെ തീക്ഷ്ണമതിയും വിശ്വാസ സത്യങ്ങളിൽ ഉറപ്പുള്ളവനുമായി കാണപ്പെടുന്നെങ്കിൽ അവനെ സ്വീകരിക്കുക. കാരണം, സമയമല്ല, സ്വഭാവമാണ് പരിഗണിക്കേണ്ടത്.

## 18. ജ്ഞാനസ്നാനാർത്ഥിയുടെ പ്രാർത്ഥന

1. ആദ്ധ്യാത്മികോപദേഷ്ടാവ് ഓരോ പ്രാവശ്യവും ഉപദേശം അവസാനിപ്പിക്കുമ്പോൾ, ജ്ഞാനസ്നാനാർത്ഥികൾ വിശ്വാസികളിൽ നിന്നു പിൻമാറി തനിയെ പ്രാർത്ഥിക്കണം.

2. സ്ത്രീകൾ — ജ്ഞാനസ്നാനം സ്വീകരിച്ചവരും സ്വീകരിക്കാനുള്ളവരും — പുരുഷൻമാരിൽനിന്നകന്നുമാറി സമൂഹത്തിൽ ഒന്നിച്ചു നിൽക്കണം.

3. പ്രാർത്ഥന അവസാനിക്കുമ്പോൾ ജ്ഞാനസ്നാനാർത്ഥികൾ സമാധാനചുംബനം നൽകരുത്. കാരണം, അവരുടെ ചുംബനം ഇപ്പോഴും നിർമ്മലമായിട്ടില്ല.

4. എന്നാൽ ജ്ഞാനസ്നാനം സ്വീകരിച്ചവർക്കു പരസ്പരം ആശ്ലേഷിക്കാം; പുരുഷൻമാർ പുരുഷൻമാരെയും സ്ത്രീകൾ സ്ത്രീകളെയും മാത്രം. പുരുഷൻമാർ സ്ത്രീകളെ ആശ്ലേഷിക്കരുത്.

5. കൂടാതെ, സ്ത്രീകൾ തങ്ങളുടെ ശിരസ് മൂടുപടം കൊണ്ടു മറച്ചിരിക്കണം. ഈ മൂടുപടം സുതാര്യമായിരിക്കരുത്. കാരണം, അത് ആവശ്യത്തിനുള്ള ആവരണം ആകുകയില്ല.

## 19. ജ്ഞാനസ്നാനാർത്ഥികളുടെ മേലുള്ള കൈവയ്പ്

1. (ജ്ഞാനസ്നാനാർത്ഥികളുടെ) പ്രാർത്ഥനയ്ക്കു ശേഷം, ഉപദേഷ്ടാവ് അവരുടെമേൽ കൈകൾവച്ചു പ്രാർത്ഥിച്ച് അവരെ പിരിച്ചുവിടുന്നു. ഈ ഉപദേഷ്ടാവ് വൈദികസ്ഥാനിയോ, അൽമായനോ ആയിരുന്നാലും ഇങ്ങനെ തന്നെ ചെയ്യണം.

www.malankaralibrary.com



2. ഒരുവൻ ജ്ഞാനസ്നാനാർത്ഥി ആയിരിക്കെ നാമത്തെ പ്രതി തടവിലാക്കപ്പെടുകയാണെങ്കിൽ രക്തസാക്ഷിത്വത്തെപ്പറ്റി അവൻ ഉൽക്കണ്ഠാകുലനാകാതിരിക്കട്ടെ; കാരണം ജ്ഞാനസ്നാനത്തിനു മുമ്പ് അക്രമം സഹിക്കേണ്ടിവരികയും മരണവിധേയനാവുകയും ചെയ്താൽ അവൻ സ്വന്തരക്തത്തിൽ ജ്ഞാനസ്നാനപ്പെട്ടതായി പരിഗണിക്കപ്പെടുകയും നീതീകരിക്കപ്പെടുകയും ചെയ്യും.

## 20. മാമോദീസാ സ്വീകരിക്കാനുള്ളവർ

1. മാമോദീസാ സ്വീകരിക്കുവാനായി വേർതിരിക്കപ്പെട്ടവർ തിരഞ്ഞെടുക്കപ്പെട്ടു കഴിയുമ്പോൾ അവരുടെ ജീവിതം പരിശോധിക്കണം. ജ്ഞാനസ്നാനാർത്ഥി ആയിരിക്കെ, അവർ ഭക്തജീവിതം നയിക്കുകയും, വിധവകളെ ബഹുമാനിക്കയും രോഗികളെ സന്ദർശിക്കുകയും സൽപ്രവൃത്തികളിൽ തത്പരരായിരിക്കുകയും ചെയ്തിരുന്നുവോ എന്നും പരിശോധിക്കണം. 2. ഇവർ ഇപ്രകാരം ചെയ്തിരുന്നു എന്ന് ഇവരെ കൊണ്ടുവന്നവർ സാക്ഷ്യപ്പെടുത്തിയാൽഅപ്പോൾ മുതൽ സുവിശേഷം ശ്രവിക്കുന്നതിന് ഇവരെ അനുവദിക്കാം. 3. കൂടാതെ, തിരഞ്ഞെടുക്കപ്പെടുന്ന ദിവസം മുതൽ എല്ലാ ദിവസവും അവരുടെമേൽ കൈവച്ച് പിശാചിനെ ഇറക്കണം. അവർ മാമോദീസാ സ്വീകരിക്കേണ്ട ദിവസം അടുത്തുവരുമ്പോൾ അവർ ശുദ്ധരാക്കപ്പെട്ടു എന്ന് ഉറപ്പുവരുത്താനായി പിശാചിനെ ഇറക്കുന്ന പ്രാർത്ഥന മെത്രാൻ തന്നെ ഓരോരുത്തരുടെയും മേൽ ചൊല്ലണം. 4. എന്നാൽ ശുദ്ധീകരിക്കപ്പെടാതെ ആരെങ്കിലും അവശേഷിച്ചാൽ അവരെ മാററിനിർത്തണം; കാരണം അവർ വിശ്വാസപൂർവ്വം ഉപദേശവചനം ശ്രവിച്ചില്ല. ദുഷ്ടാരൂപി വിട്ടുമാറാതെ അവരിൽ നിലനിൽക്കുന്നു.

പെസഹാവ്യാഴം

5. മാമോദീസാ മുങ്ങുവാനുള്ളവർ ആഴ്ചയുടെ അഞ്ചാം ദിവസം കുളിച്ചു വെടിപ്പുള്ളവരാകുവാൻ നിർദ്ദേശം നൽകണം.

6. ഏതെങ്കിലും സ്ത്രീ ഋതുമതിയാണെങ്കിൽ അവളെ മാററി നിർത്തി വേറൊരു ദിവസം മാമോദീസാ നൽകണം.

ഹാശാ ആഴ്ചയിലെ വെള്ളിയും ശനിയും

7. മാമോദീസാ സ്വീകരിക്കുവാനുള്ളവർ വെള്ളിയാഴ്ചയും ശനിയാഴ്ചയും ഉപവസിക്കണം. ശനിയാഴ്ച അവരെ എല്ലാവരെയും മെത്രാൻ ഒരു സ്ഥലത്ത് ഒരുമിച്ചു കൂട്ടുകയും, മുട്ടുകുത്തി പ്രാർത്ഥിക്കുവാൻ ആവശ്യപ്പെടുകയും ചെയ്യുന്നു.

www.malankaralibrary.com



8. ദുഷ്ടാത്മാക്കാം മേലിൽ ഒരിക്കലും തിരിച്ചുവരാതെ ഓടിപ്പോകുവാനായി മെത്രാൻ അവരുടെമേൽ കൈവച്ചുകൊണ്ട് പിശാചിനെ ഇറക്കുന്നു. അതിനുശേഷം മെത്രാൻ അവരുടെ മുഖത്തേയ്ക്ക് നിശ്വസിച്ച്, അവരുടെ നെററിത്തടം, ചെവി, മൂക്ക് എന്നിവിടങ്ങളിൽ റൂശ്മാ ചെയ്യുന്നു. പിന്നീട് അവരെ എഴുന്നേൽപ്പിച്ച് നിർത്തുന്നു.

9. വിശുദ്ധ ഗ്രന്ഥങ്ങാം വായിച്ചുകൊണ്ടും ഉപദേശങ്ങാം സ്വീകരിച്ചുകൊണ്ടും രാത്രിമുഴുവൻ അവർ ജാഗരണം നടത്തുന്നു.

10. അതു കൂടാതെ, മാമോദീസാ സ്വീകരിക്കാനുള്ളവർ വിശുദ്ധ കുർബാനയ്ക്കുള്ള അപ്പമല്ലാതെ മറെറാന്നും കൊണ്ടുവരരുത്, കാരണം അപ്പോരം ഓരോരുത്തനും താന്താങ്ങളുടെ ബലിവസ്തുക്കാം കൊണ്ടുവരിക യുക്തമാകുന്നു.

## 21. മാമോദീസാ നൽകൽ

1. കോഴി കൂവുമ്പോരം അവർ ആദ്യം ജലത്തിന്മേൽ പ്രാർത്ഥിക്കുന്നു.

2. അവർ ജലത്തിനരികിലേയ്ക്കു വരുമ്പോരം അതു നിർമ്മലവും ഒഴുകുന്നതുമായിരിക്കട്ടെ.

3. അവർ അവരുടെ വസ്ത്രങ്ങാം അഴിച്ചുമാററുന്നു.

4. ആദ്യം കൊച്ചു കുട്ടികളെ സ്നാനപ്പെടുത്തുന്നു. അവർക്കു തനിയെ ഉത്തരം നൽകുവാൻ കഴിയുമെങ്കിൽ അവർ തന്നെ നൽകട്ടെ. അവർക്കു സാദ്ധ്യമല്ലെങ്കിൽ അവരുടെ മാതാപിതാക്കളോ കുടുംബത്തിൽ നിന്നുള്ളവരോ ഉത്തരം നൽകട്ടെ.

5. പിന്നീട് പുരുഷന്മാരെ സ്നാനപ്പെടുത്തുന്നു. അവസാനം സ്ത്രീകളെയും. അവർ സ്വർണ്ണാഭരണങ്ങളൊക്കെ ഊരിവച്ച്, മുടി അഴിച്ചിട്ട് സ്നാനം സ്വീകരിക്കുന്നു. യാതൊരു അന്യവസ്തുവുമായി ആരും ജലത്തിലേയ്ക്കു പോകരുത്.

6. ജ്ഞാനസ്നാനം നൽകുന്നതിനു നിശ്ചയിക്കപ്പെട്ടിരിക്കുന്ന സമയമാകുമ്പോരം മെത്രാൻ തൈലത്തിൻമേൽ സ്തോത്രാർപ്പണം നടത്തുകയും അതൊരു പാത്രത്തിലേയ്ക്കു പകരുകയും ചെയ്യുന്നു. ഇതു 'കൃതജ്ഞതയുടെ തൈലം' എന്നറിയപ്പെടുന്നു.

7. വേറെ കുറെ തൈലമെടുത്ത് അതിൻമേൽ മെത്രാൻ പിശാചിനെ ഇറക്കുന്ന പ്രാർത്ഥന നടത്തുന്നു. ഇതു 'പിശാചിനെ ഇറക്കുന്ന തൈലം'' എന്നറിയപ്പെടുന്നു.

www.malankaralibrary.com



8. ഒരു ഡീക്കൻ പിശാചിനെ ഇറക്കുന്ന തൈലം എടുത്ത് കാർമ്മികന്റെ ഇടത്തുവശത്തും മറ്റൊരു ഡീക്കൻ കൃതജ്ഞതയുടെ തൈലമെടുത്ത് വലത്തുവശത്തും നിൽക്കുന്നു.

9. അനന്തരം കാർമ്മികൻ മാമോദീസാ സ്വീകരിക്കാനുള്ള ഓരോരുത്തരോടും ഇങ്ങനെ ഏറ്റുപറഞ്ഞുപേക്ഷിക്കാൻ ആവശ്യപ്പെടുന്നു: 'ഞാൻ, സാത്താനേ, നിന്നെയും നിന്റെ എല്ലാ സേവനങ്ങളെയും നിന്റെ എല്ലാ പ്രവർത്തനങ്ങളെയും ഉപേക്ഷിക്കുന്നു.'

10 അവൻ ഇതു പറഞ്ഞുകഴിയുമ്പോൾ പിശാചിനെ ഇറക്കുന്ന തൈലമുപയോഗിച്ച് ലേപനം ചെയ്തുകൊണ്ടു കാർമ്മികൻ ഇങ്ങനെ പറയുന്നു: 'എല്ലാ ദുഷ്ടാത്മാക്കളും നിന്നിൽനിന്നോടിയകലട്ടെ.'

[10 a. കിഴക്കോട്ടു തിരിഞ്ഞുനിന്നുകൊണ്ട് അർത്ഥി തുടരുന്നു: പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ദൈവമേ, സൃഷ്ടിമുഴുവനും അങ്ങേതിരുമുമ്പിൽ വിറച്ചു നീങ്ങിപ്പോകുന്നു. ഞാൻ അങ്ങയെ ഏറ്റു പറയുന്നു. കുററം കൂടാതെ അങ്ങയുടെ തിരുഹിതം നിറവേററുവാനുള്ള അനുഗ്രഹം എനിക്കു നൽകണമേ.[6] ]

11. സ്നാനം: ഇവയ്ക്കുശേഷം, സ്നാനപ്പെടുത്താൻ ജലത്തിൽ നില്ക്കുന്ന പ്രെസ്ബിററിന് അവൻ അയാളെ ഏല്പിക്കുന്നു.

[11 a ഒരു പ്രെസ്ബിററർ അവന്റെ വലതുകരത്തിൽ പിടിച്ച് മുഖം കിഴക്കോട്ടു തിരിക്കുന്നു. ജലത്തിലിറങ്ങുന്നതിനുമുമ്പ് കിഴക്കോട്ടു തിരിച്ചുപിടിച്ച മുഖവുമായി പിശാചിനെ ഇറക്കുന്ന തൈലം സ്വീകരിച്ചശേഷം അവൻ ഇങ്ങനെ പറയുന്നു: 'പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ദൈവമേ, ഞാൻ അങ്ങിൽ വിശ്വസിക്കുന്നു; അങ്ങേയ്ക്കും അങ്ങയുടെ എല്ലാ സേവനത്തിനുമായി ഞാൻ സ്വയം സമർപ്പിക്കുന്നു.' അനന്തരം അവൻ ജലത്തിലേയ്ക്കിറങ്ങുന്നു.[7] ] അവർ ജലത്തിൽ നഗ്നരായി നിൽക്കുന്നു. ഒരു ഡീക്കനും അവരോടുകൂടെ ജലത്തിലേയ്ക്ക് ഇറങ്ങുന്നു.

[11b. അവൻ അവനോട് ഇപ്രകാരം പറഞ്ഞ് പ്രബോധിപ്പിക്കുന്നു: 'സർവ്വശക്തിയുള്ള പിതാവായ ദൈവത്തിലും, അവിടു

---

6. ചില കൈയെഴുത്തുപ്രതികളിൽ മാത്രം. ഇതു പിന്നീടുള്ള കൂട്ടിച്ചേർക്കലാണ്.

7. പിന്നീടുള്ള കൂട്ടിച്ചേർക്കൽ

www.malankaralibrary.com



ത്തെ ഏകജാതനും നമ്മുടെ കർത്താവും രക്ഷകനുമായ യേശുക്രിസ്തുവിലും, സർവ്വജീവജാലങ്ങൾക്കും ജീവൻ പ്രദാനം ചെയ്യുന്ന പരിശുദ്ധ റൂഹായിലും, ത്രിത്വത്തിൻെറ ഏകസത്തയിലും, ഏക ദൈവത്വത്തിലും, ഏക കർതൃത്വത്തിലും, ഏക രാജ്യത്തിലും, ഏക വിശ്വാസത്തിലും, പരിശുദ്ധവും അപ്പസ്തോലികവും, കാതോലികവുമായ സഭയിൽ നിത്യജീവനായുള്ള ഏക മാമോദീസായിലും നീ വിശ്വസിക്കുന്നുവോ? ജ്ഞാനസ്നാനം സ്വീകരിക്കുന്ന വ്യക്തി പറയുന്നു: ''സത്യമായും ഞാൻ വിശ്വസിക്കുന്നു.'' ടം]

വിശ്വാസപ്രഖ്യാപനവും മാമോദീസായും

12. സ്നാനാർത്ഥി ജലത്തിലേയ്ക്കിറങ്ങുമ്പോൾ മാമോദീസാ നൽകുന്നയാൾ അവൻെറമേൽ കൈവച്ച് ഇപ്രകാരം ചോദിക്കുന്നു: ''സർവ്വശക്തനായ പിതാവായ ദൈവത്തിൽ നീ വിശ്വസിക്കുന്നുവോ?''

13. സ്നാർത്ഥി പറയുന്നു; 'ഞാൻ വിശ്വസിക്കുന്നു.'

14. തലയിൽ കൈവച്ചുകൊണ്ട് ഒരു പ്രാവശ്യം അവനെ മുക്കുക.

15. അതിനുശേഷം അവൻ ചോദിക്കുന്നു: പരിശുദ്ധാത്മാവിനാൽ കന്യകമറിയത്തിൽനിന്നു ജനിക്കുകയും പൊന്തിയോസ് പീലാത്തോസിൻെറ നാളുകളിൽ ക്രൂശിക്കപ്പെട്ടു മരിക്കുകയും സംസ്ക്കരിക്കപ്പെടുകയും മൂന്നാംനാൾ മരിച്ചവരിൽനിന്നു ജീവനുള്ളവനായി ഉത്ഥാനംചെയ്യുകയും, സ്വർഗത്തിലേയ്ക്കു കയറുകയും പിതാവിൻെറ വലത്തുഭാഗത്തിരിക്കുകയും ജീവനുള്ളവരെയും മരിച്ചവരെയും വിധിക്കുവാൻ വരുവാനിരിക്കുകയും ചെയ്യുന്ന, ദൈവപുത്രനായ യേശുമിശിഹായിൽ നീ വിശ്വസിക്കുന്നുവോ?

16. ''ഞാൻ വിശ്വസിക്കുന്നു'' എന്ന് അവൻ പറയുമ്പോൾ രണ്ടാമതും ജലത്തിൽ മുക്കുക.

17. അനന്തരം വീണ്ടും ചോദിക്കുന്നു: പരിശുദ്ധാത്മാവിലും വിശുദ്ധ സഭയിലും ശരീരത്തിൻെറ ഉയിർപ്പിലും നീ വിശ്വസിക്കുന്നുവോ?

18. 'ഞാൻ വിശ്വസിക്കുന്നു' എന്നു സ്നാനാർത്ഥി പറയുന്നു. അവനെ മൂന്നാം പ്രാവശ്യം ജലത്തിൽ മുക്കുക.

8. പിന്നീടുള്ള കൂട്ടിച്ചേർക്കൽ

www.malankaralibrary.com



19. അവൻ ജലത്തിൽ നിന്നു കയറുമ്പോഠം വൈദികൻ അവനെ 'സ്തോത്രതൈലം' പൂശിക്കൊണ്ടു പറയുന്നു: 'യേശുമിശിഹാ യുടെ നാമത്തിൽ പരിശുദ്ധ തൈലത്താൽ ഞാൻ നിന്നെ അഭിഷേകം ചെയ്യുന്നു''.

20. തോർത്തുകൊണ്ട് ദേഹം തുടച്ചിട്ട് ഓരോരുത്തരും സ്വന്ത വസ്ത്രങ്ങഠം ധരിക്കുന്നു. അനന്തരം അവരെല്ലാവരും സഭയിൽ ഒന്നിച്ചു കൂടുന്നു.

## 22. മൂറോനഭിഷേകം[9]

1. മെത്രാൻ അവരുടെ മേൽ കൈവച്ചുകൊണ്ട് ഇപ്രകാരം പ്രാർത്ഥിക്കുന്നു: ദൈവമായ കർത്താവേ, പുനർജൻമസ്നാനത്താൽ പാപമോചനത്തിനു നീ അർഹരാക്കിയ നിൻെറ ഈ ദാസരെ പരിശുദ്ധാത്മ നിറവിനു യോഗ്യരാക്കണമേ; തിരുഹിതപ്രകാരം നിന്നെ ശുശ്രുഷിക്കുവാൻ നിൻെറ കൃപ അവരുടെമേൽ വർഷിക്കണമേ. പരിശുദ്ധ സഭയിലും അവസാനിക്കാത്ത ലോകത്തിലും ഇപ്പോഴും എന്നേയ്ക്കും പിതാവും പുത്രനും പരിശുദ്ധാത്മാവുമായ നിനക്കു മഹത്വം യോഗ്യമാകുന്നു. ആമ്മേൻ.

2. അതിനുശേഷം, വാഴ്ത്തിയ തൈലം (മൂറോൻ) അവൻെറ കൈകളിൽ ഒഴിച്ച് സ്നാനാർത്ഥിയുടെ തലയിൽ കൈവച്ചുകൊണ്ട് പറയുന്നു: ''സർവ്വശക്തനായ പിതാവായ ദൈവത്തിലും യേശുമിശിഹായിലും പരിശുദ്ധാത്മാവിലും വിശുദ്ധതൈലത്താൽ ഞാൻ നിന്നെ അഭിഷേകം ചെയ്യുന്നു.''

3. അവൻെറ നെററിയിൽ മുദ്രകുത്തുന്നു. സമാധാന ചുംബനം നൽകിക്കൊണ്ടു പറയുന്നു; 'കർത്താവ് നിന്നോടുകൂടെ'.

മുദ്രകുത്തപ്പെട്ടവൻ പറയുന്നു. 'അവിടുത്തെ ആത്മാവോടും കൂടെ.'

4. ഓരോരുത്തരേയും പ്രത്യേകം പ്രത്യേകം ഇങ്ങനെ ചെയ്യുന്നു.

വിശ്വാസികളുടെ പ്രാർത്ഥന

5. അതിനുശേഷം അവർക്ക് എല്ലാവരോടുമൊത്ത് പ്രാർത്ഥിക്കാം. ഈ കാര്യങ്ങളെല്ലാം അനുഷ്ഠിക്കുന്നതിനുമുമ്പ് അവർ വിശ്വാസികളോടൊപ്പം പ്രാർത്ഥിക്കരുത്.

6. പ്രാർത്ഥനകഠംക്കുശേഷം അവർ സമാധാന ചുംബനം നൽകണം.

---

9. B. Botte—ൽ ഈ തലക്കെട്ടില്ല.

www.malankaralibrary.com



## 23 പെസഹാബലി[10]

1. ഉടനെ ഡീക്കൻമാർ മെത്രാൻെറപക്കൽ ബലിവസ്തുക്കാം കൊണ്ടുവരട്ടെ. അദ്ദേഹം ആദ്യം അപ്പമെടുത്ത് കൃതജ്ഞതാ സ്തോത്രം ചെയ്ത് ക്രിസ്തുവിൻെറ ശരീരമാക്കി മാററുന്നു. വീഞ്ഞുപകർന്ന കാസാ, അവനിൽ വിശ്വസിക്കുന്നവർക്കെല്ലാം വേണ്ടി ചിന്തപ്പെട്ട രക്തമായും മാററുന്നു.

2. 'പാലും തേനും ഒഴുകുന്ന ഒരുദേശം ഞാൻ നിങ്ങാംക്കു നൽകും' എന്നു പറഞ്ഞുകൊണ്ട് പിതാക്കൻമാരോടുചെയ്ത വാഗ്ദാനത്തിൻെറ പൂർത്തീകരണത്തിനായി പാലും തേനും കൂട്ടിക്കലർത്തിയതും അദ്ദേഹം സ്തോത്രം ചെയ്യുന്നു. വിശ്വസിക്കുന്നവരെയെല്ലാം കൊച്ചുകുഞ്ഞുങ്ങളെയെന്നവണ്ണം പരിപോഷിപ്പിക്കുന്നതിനായി ക്രിസ്തുനാഥൻ സ്വന്തം ശരീരം നൽകി; അവിടുത്തെ വചനത്തിൻെറ മാധുര്യത്താൽ മനുഷ്യഹൃദയത്തിൻെറ കയ്പ് അവിടുന്നു മധുരതരമാക്കി.

3. ശരീരത്തിനെന്നവണ്ണം ആത്മീയനായ ആന്തരികമനുഷ്യനും അതേ സംഗതികാം ലഭിക്കാൻ, ക്ഷാളനത്തിൻെറ അടയാളമായി വെള്ളത്തിൻമേലും പിന്നീട് സ്തോത്രാർപ്പണം നടത്തുന്നു.

4. ഇവ സ്വീകരിക്കുന്നവർക്ക് ഇവയെല്ലാം സംബന്ധിച്ച് മെത്രാൻ ഒരു വിശദീകരണം നൽകുന്നു.

വി. കുർബാനസ്വീകരണം

5. അപ്പം മുറിച്ച് ഓരോരുത്തർക്കും വിതരണം ചെയ്യുമ്പോാം മെത്രാൻ പറയുന്നു: 'യേശുക്രിസ്തുവിൽ സ്വർഗ്ഗീയ അപ്പം'.
6. സ്വീകരിക്കുന്ന ആാം 'ആമ്മേൻ' എന്നു പറയുന്നു.

7. ആദ്യം ജലം എടുത്തിരിക്കുന്ന ആളും, രണ്ടാമത് പാൽ എടുത്തിരിക്കുന്ന ആളും, മൂന്നാമത് വീഞ്ഞ് എടുത്തിരിക്കുന്ന ആളും എന്ന ക്രമത്തിൽ ആദരവോടുകൂടി പ്രെസ്ബിററർമാർ—അവർ ആവശ്യത്തിനില്ലെങ്കിൽ ഡീക്കൻമാരും—കാസാകാം എടുത്തുകൊണ്ട് ആദരപൂർവ്വം നില്ക്കുന്നു.

8. നവവിശ്വാസി മൂന്നു കാസാകളിൽനിന്നും സ്വീകരിക്കുന്നു. ഓരോ കാസായിൽനിന്നും നൽകുമ്പോഴും നൽകുന്നയാാം പറയുന്നു; 'സർവ്വശക്തനായ പിതാവായ ദൈവത്തിൽ.' സ്വീകരിക്കുന്നയാാം പറയുന്നു: ആമ്മേൻ'.

9. ''കർത്താവായ യേശുക്രിസ്തുവിൽ''.
അവൻ പറയുന്നു: ആമ്മേൻ'

---

10. B. Botte-ൽ ഈ തലക്കെട്ടില്ല

www.malankaralibrary.com



10. 'പരിശുദ്ധാത്മാവിലും വിശുദ്ധസഭയിലും'. അവൻ 'ആമ്മേൻ' എന്നു പറയുന്നു.

11. ഇപ്രകാരം ഓരോരുത്തനും സ്വീകരിക്കുന്നു.

12. ഇക്കാര്യങ്ങളെല്ലാം പൂർത്തിയാക്കിയശേഷം ഓരോരുത്തനും സദ്പ്രവൃത്തികൾചെയ്തു ദൈവത്തെ പ്രസാദിപ്പിക്കുന്നതിനും നീതിപൂർവ്വകമായി ജീവിക്കുന്നതിനും, സഭയ്ക്ക് പൂർണ്ണമായി അർപ്പിച്ചുകൊണ്ട്, പഠിച്ച കാര്യങ്ങളെല്ലാം പ്രായോഗിക ജീവിതത്തിൽ പകർത്തി ദൈവശുശ്രൂഷയിൽ പുരോഗമിക്കുന്നതിനും അത്യുത്സുകനായിരിക്കട്ടെ.

13. മാമോദീസായേയും കുർബാനയേയും പററി ചുരുക്കമായി ഇക്കാര്യങ്ങൾ നിങ്ങളോടു പറഞ്ഞത്, നിങ്ങൾ നേരത്തെ തന്നെ ശരീരത്തിൻെറ ഉയിർപ്പിനെപ്പററിയും വിശ്രമത്തെപ്പററിയും വിശുദ്ധ ഗ്രന്ഥങ്ങളുടെ വെളിച്ചത്തിൽമനസിലാക്കിയിരുന്നതുകൊണ്ടാണ്.

14. ഇനിയും പറയേണ്ടതായി എന്തെങ്കിലും അവശേഷിക്കുന്നുവെങ്കിൽ കുർബാനയിൽ സംസർഗമുള്ളവർക്ക് മെത്രാൻ അതു രഹസ്യമായി നൽകട്ടെ. ഇക്കാര്യങ്ങൾ വിശ്വാസികളോട്, അതും അവർ കുർബാനയിൽ സംസർഗം ഉണ്ടായശേഷമേ മെത്രാൻ പറയാവൂ. പുതിയ നാമം രേഖപ്പെടുത്തിയിരിക്കുന്നതായി യോഹന്നാൻ പറഞ്ഞ വെള്ളക്കല്ലിതാകുന്നു. ആ കല്ലു സ്വീകരിക്കുന്നവനല്ലാതെ ആർക്കും അതറിയില്ല (വെളി. 2 : 17).

## ഭാഗം III സഭയിലെ അനുഷ്ഠാനങ്ങൾ

## 24. കുർബാന സ്വീകരണം

1. ശാബതിലും ആഴ്ചയുടെ ആദ്യദിവസത്തിലും സാധിക്കുമെങ്കിൽ ഡീക്കൻമാർ മുറിച്ചു നൽകുന്ന അപ്പം മെത്രാൻ തന്നെ സ്വന്തം കൈകൊണ്ട് എല്ലാവർക്കും വിതരണം ചെയ്യണം. (ഒരു കയ്യെഴുത്തു പ്രതിയിൽ (T): ഡീക്കൻമാർ ജനങ്ങൾക്ക് അവരുടെ കൈകളിൽ അപ്പം നൽകട്ടെ എന്നും മറെറാന്നിൽ (K): ഞായറാഴ്ച ദിവസം കുർബാനസമയത്ത് സാധിക്കുമെങ്കിൽ മെത്രാൻെറ കൈയിൽ നിന്ന് ജനങ്ങളെല്ലാം കുർബാന സ്വീകരിക്കട്ടെ എന്നും കാണുന്നു.)

2. പുരോഹിതരും അപ്പം മുറിക്കുന്നു. ഡീക്കൻമാർ പാത്രവുമായി പുരോഹിതനെ സമീപിക്കുമ്പോൾ പുരോഹിതൻ സ്വന്തകരങ്ങൾ കൊണ്ടെടുത്ത് ജനങ്ങൾക്കു നൽകുന്നു.

[ഒരു കയ്യെഴുത്തു പ്രതിയിൽ (T): ഡീക്കൻമാർ പ്രെസ്ബിററർമാർക്കു കുർബാന നൽകുന്നില്ല. ഡീക്കൻ പീലാസാ പ്രെസ്ബി

www.malankaralibrary.com



ററർമാരുടെ അടുത്തു കൊണ്ടുചെല്ലുമ്പോഠം, അവർ തന്നെ എടുത്തു ഭക്ഷിക്കുന്നു. മറെറാന്നിൽ (K) : ഒരു പ്രെസ്ബിററർ രോഗിയാണെങ്കിൽ ഡീക്കൻ ദിവ്യരഹസ്യങ്ങഠം അദ്ദേഹത്തിൻെറ പക്കലെത്തിക്കുന്നു; പ്രെസ്ബിററർ തന്നെ പരസഹായം കൂടാതെ അവ എടുത്തു ഭക്ഷിക്കുന്നു.]

3. മററു ദിവസങ്ങളിൽ മെത്രാൻ നിർദ്ദേശിക്കുന്നതുപോലെ അവർ നൽകുന്നു.

## 25. ഉപവാസം

1. വിധവകളും കന്യകകളും സഭയുടെ പേരിൽ കൂടെക്കൂടെ ഉപവസിക്കുകയും പ്രാർത്ഥിക്കുകയും വേണം. വൈദികരും അൽമായരും തങ്ങഠംക്കിഷ്ടമുള്ളപ്പോഠം ഉപവസിക്കുന്നു.

2. ജനങ്ങഠം എല്ലാവരും ഉപവസിക്കുമ്പോഴല്ലാതെ മെത്രാന് ഉപവസിക്കുവാൻ സാധിക്കുകയില്ല.

## 26. അഗാപേ

1. ആരെങ്കിലും കൂടെക്കൂടെ കാഴ്ചവസ്തുക്കഠം കൊണ്ടുവരികയും, അതു നിരസിക്കുവാൻ സാധിക്കാതെ വരികയുമാണെങ്കിൽ മെത്രാൻ അപ്പം മുറിച്ചശേഷം, സന്നിഹിതരായിരിക്കുന്ന വിശ്വാസികളോടൊപ്പം അതിൽ പങ്കുകൊള്ളുന്നു.

2. ഓരോരുത്തനും അവനവൻെറ അപ്പം എടുക്കുന്നതിനു മുൻപ്, മെത്രാൻെറ കയ്യിൽ നിന്ന് ഒരു കഷണം സ്വീകരിക്കുന്നു. കാരണം ഇതു 'വാഴ്ത്തപ്പെട്ട അപ്പ'മാണ്. എന്നാൽ ഇതു കുർബാനയിൽ കർത്താവിൻെറ തിരുശരീരം പോലെയല്ല.

3. പാനം ചെയ്യുന്നതിനു മുൻപ് സന്നിഹിതരായിരിക്കുന്ന ഓരോരുത്തരും പാനപാത്രമെടുത്ത് ദൈവത്തിനു കൃതജ്ഞത അർപ്പിക്കണം. ഈ വിധത്തിൽ ശുദ്ധീകൃതമായശേഷം ഭക്ഷണം കഴിക്കുന്നു.

4. ജ്ഞാനസ്നാനാർത്ഥികഠംക്ക് ആശീർവദിച്ച അപ്പമാണു നൽകുക. അവരോരോരുത്തരും കാസായും അർപ്പിക്കുന്നു.

5. കർത്താവിൻെറ അത്താഴമേശയ്ക്കരികിൽ ജ്ഞാനസ്നാനാർത്ഥി ഇരിക്കരുത്.

www.malankaralibrary.com



6. ഓരോ കാഴ്ച സമർപ്പണത്തിലും അർപ്പകൻ അദ്ദേഹത്തെ ക്ഷണിച്ചവനെ അനുസ്മരിക്കണം. കാരണം, ഈ ലക്ഷ്യത്തിലേയ്ക്കാണ് തന്റെ മേൽക്കൂരയ്ക്കു കീഴിൽ അവരെല്ലാം ഒരുമിച്ച് കൂടണമെന്ന് ആ ആതിഥേയൻ അഭ്യർത്ഥിച്ചത്.

7. ഭക്ഷിക്കുകയോ പാനം ചെയ്യുകയോ ചെയ്യുമ്പോൾ അതു നല്ല രീതിയിൽ ചെയ്യുക. മദോൻമത്തതയിൽ മുഴുകരുത്. മററുള്ളവർ നിങ്ങളെ പരിഹസിക്കാതിരിക്കുന്നതിനോ, അല്ലെങ്കിൽ നിങ്ങളുടെ നടപടികണ്ടു നിങ്ങളെ ക്ഷണിച്ച ആൾ ദു:ഖിക്കുവാൻ ഇടയാകാതിരിക്കാൻ വേണ്ടിയോ അല്ല; പിന്നെയോ വിശുദ്ധർ അദ്ദേഹത്തിന്റെ പക്കൽ വരുവാൻ തക്കവിധം അദ്ദേഹം യോഗ്യനാക്കപ്പെടുവാൻ വേണ്ടി പ്രാർത്ഥിക്കുവാനായിത്തന്നെ. കാരണം 'നിങ്ങൾ ഭൂമിയുടെ ഉപ്പാകുന്നു' എന്നവിടുന്നു പറഞ്ഞിരിക്കുന്നു.

8. നിങ്ങൾ ഒന്നിച്ചുകൂടിയിരിക്കുമ്പോൾ 'അപ്പൊഫൊറെത്തും' എന്ന് ഗ്രീക്കിൽ പറയപ്പെടുന്നത് (എടുത്തുകൊണ്ടു പോകാവുന്നതെന്നർത്ഥം) നിങ്ങൾക്കു നൽകപ്പെട്ടാൽ ദാതാവിൽ നിന്ന് അത് സ്വീകരിച്ച് എടുത്തുകൊണ്ടുപോകുക; നിങ്ങളുടെ ഭാഗം മാത്രം ഭക്ഷിക്കുക.

9. പന്തിഭോജനത്തിനു നിങ്ങൾ ക്ഷണിക്കപ്പെടുകയാണെങ്കിൽ ആവശ്യത്തിനു ഭക്ഷിക്കുക. എന്നാൽ കുറെ എന്തെങ്കിലും മിച്ചം വരത്തക്കവിധം വേണം ഭക്ഷിക്കുവാൻ. വിശുദ്ധരുടെ ഓഹരി എന്നവണ്ണം നിന്റെ ആതിഥേയൻ, അവൻ ആഗ്രഹിക്കുന്നവർക്ക് അതു കൊടുത്തുവിടട്ടെ. അതു സ്വീകരിക്കുന്നവർ, ശേഷിക്കുന്ന ഈ ഭാഗത്തിൽ സന്തോഷിക്കുവാനും ഇടവരട്ടെ.

10. അതിഥികൾ ഭക്ഷിക്കുമ്പോൾ വാദകോലാഹലങ്ങളൊന്നും കൂടാതെ നിശബ്ദതയിൽ ഭക്ഷിക്കട്ടെ. എന്നാൽ മെത്രാൻ നൽകുന്ന ഉപദേശം ശ്രവിക്കുവാൻ അവർ ശ്രദ്ധാലുക്കളായിരിക്കണം. ആരെങ്കിലും എന്തെങ്കിലും ചോദ്യം ചോദിച്ചാൽ അവനുത്തരം നൽകണം. മെത്രാന്റെ വിശദീകരണത്തിനു ശേഷം എല്ലാവരും ശാന്തമായി അദ്ദേഹത്തെ പ്രകീർത്തിച്ചുകൊണ്ട് വീണ്ടും ചോദ്യം ചോദിക്കപ്പെടുന്നതുവരെ നിശബ്ദരായി കഴിയണം.

11. മെത്രാനെ കൂടാതെ, പുരോഹിതന്റെയോ, ഡീക്കന്റെയോ സാന്നിദ്ധ്യത്തിൽ വിശ്വാസികൾ ഒരത്താഴത്തിൽ സംബന്ധിക്കേണ്ടതായി വന്നാൽ അവിടെയും ഇതുപോലെ തന്നെ ക്രമമായി പെരുമാറണം. പുരോഹിതന്റെയോ ഡീക്കന്റെയോ കൈകളിൽ നിന്ന്, വാഴ്ത്തപ്പെട്ട അപ്പം സ്വീകരിക്കുന്നതിൽ എല്ലാവരും ഉൽസുകരായിരിക്കണം. അതുപോലെ ജ്ഞാനസ്നാനാർത്ഥിയും അതേ അപ്പം- എന്നാൽ ബാധയൊഴിപ്പിച്ചത്, - സ്വീകരിക്കുന്നു.

www.malankaralibrary.com



12. പുരോഹിതർ ആരെയും കൂടാതെ വിശ്വാസികാം മാത്രം ഒന്നിച്ചുകൂടിയിരിക്കുകയാണെങ്കിലും ചിട്ടയോടുകൂടി പെരുമാറട്ടെ. ആശീർവാദം നൽകുന്നതിനോ അപ്പം വാഴ്ത്തുന്നതിനോ വിശ്വാസിക്ക് അവകാശമില്ല.

13. കൃതജ്ഞതയർപ്പിച്ചശേഷം കർത്താവിന്റെ നാമത്തിൽ ഓരോരുത്തരും ഭക്ഷിക്കട്ടെ. കാരണം അവിശ്വാസികാംക്കിടയിൽപ്പോലും നാം എല്ലാവരും മിതത്വമുള്ളവരായി തീക്ഷ്ണതയിൽ മുൻപന്തിയിൽ ആയിരിക്കുന്നത് ദൈവത്തിന് ഇഷ്ടകരമായ കാര്യമാണ്.

രോഗികാംക്കുള്ള സമ്മാനം

14. ആവശ്യനേരത്ത് രോഗികാംക്ക് ശുശ്രൂഷ നൽകുന്നതിൽ ഡീക്കൻ ശുഷ്ക്കാന്തിയുള്ളവനായിരിക്കണം. [(T) 11 പ്രെസ്ബിററർ സന്നിഹിതനല്ലാത്തപ്പോഠം അത്യാവശ്യസന്ദർഭത്തിൽ ഡീക്കൻ മാമോദീസാ നൽകട്ടെ.]

15. വിതരണം ചെയ്യേണ്ടതു നൽകുവാൻ പുരോഹിതരാരുമില്ലെങ്കിൽ (ഡീക്കൻ) കൃതജ്ഞതയർപ്പിക്കുകയും, (രോഗികാംക്കുവിതരണം ചെയ്യാനുള്ള ഭക്ഷണം) ശ്രദ്ധയോടു കൂടി സംവഹിക്കപ്പെടുന്നുണ്ടോ എന്നും, 'വാഴ്ത്തപ്പെട്ട അപ്പം' വിതരണം ചെയ്യപ്പെടുന്നുണ്ടോ എന്നും നിരീക്ഷിക്കുകയും വേണം.

16. ആരെങ്കിലുമിതു കൊണ്ടുപോകുന്നെങ്കിൽ അതു വിധവകാംക്കും രോഗികാംക്കും നൽകട്ടെ. സഭാകാര്യങ്ങളിൽ വ്യാപൃതനായിരിക്കുന്നവൻ ഇതുകൊണ്ടു പോകട്ടെ. [(T) ഒരു വിധവയ്ക്കോ, പാവപ്പെട്ടസ്ത്രീക്കോ, നിരന്തരം സഭാകാര്യങ്ങളിൽ വ്യാപൃതനായിരിക്കുന്ന വ്യക്തിക്കോ കൊടുക്കാനുള്ള ശുശ്രൂഷ ലഭിക്കുന്നയാാം അന്നുതന്നെ അതു നിർവഹിക്കട്ടെ.]

17. അവൻ അതു കൊണ്ടുപോയില്ലെങ്കിൽ പിറെറ ദിവസം, അവന്റെ കൈവശം ഉണ്ടായിരുന്നതിനോടു ചേർത്ത് അതും കൂടെ കൊണ്ടുപോകണം. കാരണം അതു പാവപ്പെട്ടവർക്കുള്ള അപ്പമായി അവനോടൊപ്പം ഉണ്ടായിരുന്നു. [(T) കൊടുത്തില്ലെങ്കിൽ, പിറെറ ദിവസം തന്റെ പക്കൽനിന്ന് എന്തെങ്കിലും കൂടി ഇട്ട് അവൻ കൊടുക്കട്ടെ. പാവപ്പെട്ടവരുടെ അപ്പം തന്റെ പക്കൽ അവൻ സൂക്ഷിച്ചു വച്ചു.]

---

11 Testamentum Domini-യിൽ കാണുന്ന പാഠഭേദം.

www.malankaralibrary.com



ദീപാശീർവാദശുശ്രൂഷ

18. സന്ധ്യയാകുമ്പോൾ, മെത്രാന്റെ സാന്നിദ്ധ്യത്തിൽ ഡീക്കൻ ദീപം കൊണ്ടുവരുന്നു.[12]

19. വിശ്വാസികളുടെ മദ്ധ്യേ നിന്നുകൊണ്ട് മെത്രാൻ കൃതജ്ഞതയർപ്പിക്കുന്നതിനുമുമ്പ് പറയുന്നു: 'കർത്താവ് നിങ്ങളോടുകൂടെ.'

20. ജനം പ്രത്യുത്തരിക്കുന്നു, 'അങ്ങയുടെ ആത്മാവോടും കൂടെ.

21. മെത്രാൻ തുടരുന്നു: കർത്താവിനു നമുക്കു നന്ദി പറയാം.

22. ജനം: അതു ന്യായവും യുക്തവുമാകുന്നു.

23. 'നിങ്ങളുടെ ഹൃദയങ്ങളുയർത്തുവിൻ' എന്നദ്ദേഹം പറയുന്നില്ല: കാരണം അതു കുർബാന സമയത്തു മാത്രമെ പറയാറുള്ളു.

24. ഇങ്ങനെ പറഞ്ഞുകൊണ്ടദ്ദേഹം പ്രാർത്ഥിക്കുന്നു: 'ദൈവമേ, ഞങ്ങളുടെ കർത്താവും നിന്റെ പുത്രനുമായ യേശുക്രിസ്തുവഴി, ഞങ്ങൾ നിനക്കു കൃതജ്ഞതയർപ്പിക്കുന്നു. എന്തുകൊണ്ടെന്നാൽ അനശ്വരമായ പ്രകാശം വെളിപ്പെടുത്തിക്കൊണ്ട് നീ ഞങ്ങളെ പ്രകാശിപ്പിച്ചു.

25. പകലിന്റെ യാമങ്ങൾ കഴിഞ്ഞ് രാത്രിയിലേക്കു പ്രവേശിച്ചിരിക്കുന്ന ഞങ്ങൾ നിന്നെ പവിത്രീകരിക്കുകയും മഹത്വപ്പെടുത്തുകയും ചെയ്യുന്നു. ഞങ്ങളുടെ ക്ഷേമത്തിനായി നീ സൃഷ്ടിച്ച പ്രകാശത്താൽ ഞങ്ങൾ സംതൃപ്തരാണ്. ഈ സന്ധ്യയിലും നിന്റെ കരുണയാൽ നീ ഞങ്ങൾക്കു പ്രകാശം നൽകിയിരിക്കുന്നു.

26. നിന്റെ ഏകപുത്രനും, ഞങ്ങളുടെ കർത്താവുമായ യേശുമിശിഹാവഴി, പരിശുദ്ധാത്മാവിനോടുകൂടി നിനക്കു ശക്തിയും മഹത്വവും പുകഴ്ചയും ഇപ്പോഴും എപ്പോഴും എന്നേക്കും ഉണ്ടായിരിക്കട്ടെ.

27. അവർ 'ആമ്മേൻ' എന്നു പ്രത്യുത്തരിക്കുന്നു.

28. അത്താഴം കഴിഞ്ഞ് പ്രാർത്ഥിച്ചുകൊണ്ട് എഴുന്നേൽക്കുന്നു. കന്യകകൾ സങ്കീർത്തനങ്ങൾ ആലപിക്കുന്നു.

29. അതിനുശേഷം കാഴ്ചയർപ്പണത്തിന്റെ, കലർത്തിയ കാസാ പിടിച്ചുകൊണ്ട് ''ഹാലേലുയ്യ''സങ്കീർത്തനങ്ങൾ ചൊല്ലുന്നു.

---

12. ഇവിടെയും തുടർന്നും പാഠഭേദങ്ങളുണ്ട്.

www.malankaralibrary.com



30. ''ആ സങ്കീർത്തനങ്ങളിൽനിന്നും'' എന്ന് പ്രെസ്ബിററർ കല്പിക്കുന്നു. അതിനുശേഷം മെത്രാൻ ഉചിതമാംവിധം പാനപാത്രം അർപ്പിച്ചശേഷം ''ഹാലേലുയ്യ'' സങ്കീർത്തനം പാടുന്നു. അതിന്റെയർത്ഥം അത്യുന്നതനായ ദൈവത്തെ ഞങ്ങൾ പുകഴ്ത്തുന്നു; ഒററ വാക്കാൽ ലോകം മുഴുവനും അടിസ്ഥാനമിട്ടവൻ മഹത്വപ്പെടുന്നവനും പുകഴ്ത്തപ്പെടുന്നവനുമാകുന്നു.

31. സങ്കീർത്തനം പൂർത്തിയാക്കിയശേഷം പാനപാത്രമെടുത്ത് കൃതജ്ഞതാസ്തോത്രം ചെയ്ത് ചെറുകഷണങ്ങൾ വിശ്വാസികൾക്കു നൽകുന്നു.

## 27. വിധവകളുടെ അത്താഴം[13]

1. ആരെങ്കിലും ഏതെങ്കിലും അവസരം പ്രായംചെന്ന വിധവകളെ ഭക്ഷണത്തിനു ക്ഷണിക്കുവാൻ ആഗ്രഹിക്കുന്നെങ്കിൽ, അവർക്കു ഭക്ഷണം നൽകിയശേഷം, സൂര്യാസ്തമയത്തിനു മുമ്പു തന്നെ അവരെ പറഞ്ഞയയ്ക്കണം.

2. അദ്ദേഹത്തിനു തന്റെ പുരോഹിതവൃത്തിമൂലം അവരെ തന്റെ വീട്ടിൽ സൽക്കരിക്കുവാൻ സാധിക്കുകയില്ലെങ്കിൽ ഭക്ഷണവും വീഞ്ഞും നൽകി അവരെ പറഞ്ഞയയ്ക്കുക. അവർക്കിഷ്ടമുള്ളതുപോലെ വീട്ടിൽപോയി അതു ഭക്ഷിക്കട്ടെ.

## 28. മെത്രാന് അർപ്പിക്കേണ്ട ഫലങ്ങൾ[14]

1. വിളവിന്റെ ആദ്യഫലങ്ങൾ മെത്രാനു നൽകുന്നതിന് എല്ലാവരും ശ്രദ്ധയുള്ളവരായിരിക്കണം.

2. അദ്ദേഹം അതു സമർപ്പിച്ച് ദൈവത്തെ വാഴ്ത്തുന്നു. അതു കൊണ്ടുവന്നവനെ പേരുചൊല്ലി സ്മരിച്ചുകൊണ്ട് ഇങ്ങനെ പറയുന്നു:

3. ദൈവമായ കർത്താവേ, ഞങ്ങൾ നിനക്കു നന്ദി പറയുന്നു. നീ ഞങ്ങൾക്കു ഭക്ഷണത്തിനായി നൽകിയ ഫലങ്ങളുടെ ആദ്യഫലം ഞങ്ങൾ നിനക്കർപ്പിക്കുന്നു. മനുഷ്യന്റെയും മൃഗങ്ങളുടെയും സന്തുഷ്ടിക്കും പോഷണത്തിനുമായി എല്ലാത്തരത്തിലുമുള്ള ഫലങ്ങളെയും പുറപ്പെടുവിക്കുവാൻ ഭൂമിയോടു കല്പിച്ചുകൊണ്ട് നിന്റെ വചനത്താൽ അവയെ നീ പൂർണ്ണമാക്കി.

---

13. Botte—ൽ n. 30
14. Botte—ൽ n. 31

www.malankaralibrary.com



4. ദൈവമേ, ഇവയ്ക്കും, സൃഷ്ടിയെ മുഴുവനും വിവിധ ഫലങ്ങളാൽ അലങ്കരിച്ച്, നീ ഞങ്ങളുടെ ഉപകാരിയായിരിക്കുന്നതിനും ഞങ്ങൾ നിന്നെ പുകഴ്ത്തുന്നു.

5. നിന്റെ പുത്രനും ഞങ്ങളുടെ കർത്താവുമായ യേശു മിശിഹാവഴി അങ്ങേയ്ക്ക് എന്നുമെന്നേക്കും മഹത്വമുണ്ടായിരിക്കട്ടെ, ആമ്മേൻ.

ഫലങ്ങളുടെ ആശീർവ്വാദം[15]

6. മുന്തിരി, അത്തിപ്പഴം, മാതളനാരങ്ങ, ഒലിവുഫലം, ആപ്പിൾ, മൾബറി, പീച്ച്പഴം, ചെറി, ബദാംകായ്, പ്ലാംപഴം തുടങ്ങിയവയാണ് ആശീർവദിക്കാവുന്ന ഫലങ്ങൾ. മത്തങ്ങ, ഉള്ളി, വെളുത്തുള്ളി, പച്ചക്കറികൾ, ആദിയായവ ആശീർവദിക്കേണ്ട.

7. ചിലപ്പോൾ പൂക്കളും അർപ്പിക്കപ്പെടാറുണ്ട്. റോസും ലില്ലിയും അല്ലാതെ മറ്റൊന്നും അർപ്പിക്കരുത്.

8. എന്തു ഭക്ഷിച്ചാലും അതു ദൈവമഹത്വത്തിനായി ചെയ്തുകൊണ്ട് പരിശുദ്ധനായ ദൈവത്തിനു നന്ദി പറയണം.

## 29. ഉപവാസം

1. പെസഹാ ബലിയർപ്പണം പൂർത്തിയാകുന്നതുവരെ ആരും ഒന്നും ഭക്ഷിക്കരുത്. ആരെങ്കിലും ഭക്ഷിച്ചാൽ അവൻ ഉപവസിച്ചതായി ഗണിക്കപ്പെടുകയില്ല.[16]

2. ഗർഭിണികളോ, രോഗികളോ ആയിരിക്കുന്നവർക്ക് രണ്ടു ദിവസത്തേയ്ക്ക് ഉപവസിക്കുന്നതിനു സാധിക്കുകയില്ലെങ്കിൽ അവർ ശനിയാഴ്ച, ആവശ്യമെങ്കിൽ അപ്പവും ജലവും മാത്രം സ്വീകരിച്ചുകൊണ്ട് ഉപവസിക്കട്ടെ.

3. കടലിലായിരിക്കുക കൊണ്ടോ, മറ്റെന്തെങ്കിലും ആവശ്യത്താലോ ഒരുവൻ ശരിയായ ദിവസം അറിയാതിരിക്കുകയാണെങ്കിൽ, പിന്നീട് അറിയുമ്പോൾ പരിഹാരമായി പെന്തിക്കോസ്തിക്കുശേഷം ഉപവസിക്കണം.

4. പെസഹാ അല്ല അവൻ ആചരിക്കുന്നത്; അതു കടന്നുപോയതുകൊണ്ട് അതിന്റെ ഒരു അനുസ്മരണം മാത്രമാണ്. ആകയാൽ അവൻ രണ്ടാംമാസം ഉപവസിക്കേണ്ടതില്ല. എന്നാൽ സത്യമറിഞ്ഞുകഴിയുമ്പോൾ എല്ലാവരും ഉപവസിക്കണം.

---

15. Botte-ൻ no. 32
16. ഇവിടെയും പാഠഭേദമുണ്ട്.

www.malankaralibrary.com



## 30. ഡീക്കൻമാരും സബ്ഡീക്കൻമാരും

ഡീക്കൻമാർ സബ്ഡീക്കൻമാരോടുകൂടെ മെത്രാനെ ശുശ്രൂഷിക്കണം. രോഗികളായിരിക്കുന്നവരുടെ കാര്യം അവർ മെത്രാനെ അറിയിക്കണം; കാരണം ഉചിതമെന്നു തോന്നിയാൽ അദ്ദേഹത്തിനവരെ സന്ദർശിക്കാമല്ലോ. മഹാപുരോഹിതൻ തന്നെ ഓർത്തു എന്ന ചിന്ത രോഗിക്കു വലിയ സമാശ്വാസം പ്രദാനം ചെയ്യും.

## 31. പ്രാർത്ഥനയ്ക്കുള്ള സമയം[17]

1. വിശ്വാസികൾ ഉണരുമ്പോൾ തന്നെ, ജോലികൾക്കു പുറപ്പെടുന്നതിനു മുമ്പ് കൈകൾ കഴുകിയ ശേഷം ദൈവത്തോടു പ്രാർത്ഥിക്കണം. അതിനുശേഷം തിടുക്കത്തിൽ ജോലികളിൽ പ്രവേശിക്കട്ടെ.

2. അടുത്തു വചനപ്രഘോഷണമുണ്ടെങ്കിൽ വചനശ്രവണംവഴി തന്റെ ആത്മാവിനെ ശക്തിപ്പെടുത്തുവാൻ അവൻ പോകണം. ആത്മാവുവഴിഞ്ഞൊഴുകുന്ന സമൂഹത്തിൽ എത്തുവാൻ എല്ലാവരും തീക്ഷ്ണത കാട്ടണം.

## 32. വിശുദ്ധകുർബാനയ്ക്കു മുമ്പുള്ള ഉപവാസം

1. വേറെ യാതൊന്നും ഭക്ഷിക്കുന്നതിനുമുമ്പ് വി. കുർബാന കൈക്കൊള്ളുവാൻ ഓരോ വിശ്വാസിയും ശ്രദ്ധിക്കണം. കാരണം, വിശ്വാസപൂർവം സ്വീകരിക്കുന്നവന് പിന്നീട് മാരകമായ എന്തെങ്കിലും നൽകപ്പെട്ടാൽ യാതൊരുപദ്രവും വരുത്തുകയില്ല.

കുർബാനസൂക്ഷിക്കൽ

2. മാമ്മോദീസാ സ്വീകരിക്കാത്തവർക്ക് കുർബാന കൊടുക്കാതിരിക്കാൻ എല്ലാവരും ശ്രദ്ധിക്കണം. എലിയോ മററു ജീവികളോ കടന്നു തിന്നാതിരിക്കാനും ശ്രദ്ധിക്കണം. അല്പം പോലും നിലത്തുവീണ് നഷ്ടപ്പെടുന്നതിനും ഇടയാകരുത്. കാരണം, വിശ്വാസികൾ ഭക്ഷിക്കുവാനുള്ള, ക്രിസ്തുവിന്റെ ശരീരമാണിത്; ലാഘവ ബുദ്ധിയോടെ കരുതേണ്ട ഒന്നല്ല.

പാനപാത്രം തുളുമ്പുവാൻ അനുവദിക്കരുത്.

3. ദൈവനാമത്തിൽ ആശീർവദിച്ച ശേഷം കാസാ ക്രിസ്തുവിന്റെ രക്തത്തിന്റെ പ്രതിരൂപമായാണ് നിങ്ങൾ സ്വീകരിക്കുന്നത്.

---

17. no. 31: 1—2—0, no. 35: 1—2—0 ഒന്നുതന്നെ. ഇവിടെ ഒരാവർത്തനം കാണാം.

www.malankaralibrary.com



4. ആകയാൽ കാസാ തുളുമ്പിപ്പോകുവാൻ ഇടയാകരുത്. അർഹതയില്ലാത്ത യാതൊന്നും അത് നക്കിക്കുടിക്കാനിടയാകരുത്. അതിനിടയായാൽ നിങ്ങളെ വിലയ്ക്കുവാങ്ങിയ കർത്താവിൻെറ രക്തത്തെ നിങ്ങൾ നിന്ദിക്കുകയായിരിക്കും ചെയ്യുക. നിങ്ങൾ കുററക്കാരായി ഗണിക്കപ്പെടുകയും ചെയ്യും.

## 33. പുരോഹിതരുടെ ദിനചര്യ

1. മെത്രാൻ നിർദ്ദേശിക്കുന്ന സ്ഥലത്ത് ഡീക്കൻമാരും പുരോഹിതൻമാരും ദിവസവും സമ്മേളിക്കണം. എന്തെങ്കിലും രോഗം തടയുന്നെങ്കിലല്ലാതെ ആരും, പ്രത്യേകിച്ച് ഡീക്കൻമാർ സമ്മേളനത്തിൽ നിന്ന് ഒഴിഞ്ഞുമാററരുത്.

2. എല്ലാവരും ഒന്നിച്ചു കൂടുമ്പോൾ, സഭയിൽ സന്നിഹിതരായവരെ അവർ ഉപദേശിക്കുന്നു. പ്രാർത്ഥനയ്ക്കുശേഷം ഓരോരുത്തനും അവനവൻെറ ജോലികളിലേയ്ക്കു തിരിയുന്നു.

## 34. ശവസംസ്ക്കാരം

1. സിമിത്തേരിയിൽ സംസ്കരിക്കുന്നതിന് ഭീമമായ തുക ഈടാക്കരുത്. കാരണം ഇത് എല്ലാ പാവപ്പെട്ടവർക്കും ഉള്ളതാണ്. കുഴിവെട്ടുകാരനുള്ള കൂലിയും ഇഷ്ടികകൾക്കുള്ള വിലയുംമാത്രം നൽകിയാൽ മതി.

2. സിമിത്തേരിയുടെ കാവൽക്കാരനുവേണ്ടവ മെത്രാൻതന്നെ നൽകുന്നു. അവിടെ വരുന്നവരിൽനിന്ന് ഒന്നും ഈടാക്കാതിരിക്കുവാൻവേണ്ടി സമൂഹം ഒന്നിച്ചുകൂടുമ്പോൾ നൽകുന്ന സംഭാവനയിൽ നിന്ന് അതിനുള്ള ചിലവു വഹിക്കുന്നു.

## 35. പ്രാർത്ഥനയ്ക്കുള്ള സമയം

1. പ്രഭാതത്തിൽ ഉറക്കത്തിൽനിന്നുണർന്നാൽ വിശ്വാസിയായ ഓരോ പുരുഷനും സ്ത്രീയും ആദ്യം മററുജോലികൾ ആരംഭിക്കുന്നതിനുമുമ്പ് കൈകൾ കഴുകുകയും ദൈവത്തോടു പ്രാർത്ഥിക്കുകയും ചെയ്യണം. അതിനുശേഷം ജോലികളിലേയ്ക്കു പ്രവേശിക്കുന്നു.

2. വചനപ്രഘോഷണമുണ്ടെങ്കിൽ, പ്രഭാഷണം നടത്തുന്നയാളുടെ അധരങ്ങളിലൂടെ ദൈവംതന്നെയാണു സംസാരിക്കുന്നതെന്നു വിശ്വസിച്ചുകൊണ്ട് അവിടെ ഓടിക്കൂടുവാൻ താൽപര്യം കാണിക്കണം. കാരണം സഭയിലുള്ള പ്രാർത്ഥനവഴി ആ ദിനത്തിൽ എല്ലാവിധ തിൻമകളെയും അകററി നിർത്തുന്നതിന് അവർ പ്രാപ്ത

www.malankaralibrary.com



രായിത്തീരും. ദൈവഭയമുള്ള മനുഷ്യൻ, പ്രത്യേകിച്ചും വായിക്കാനറിയാവുന്ന ആരം, ഉപദേശസ്ഥലത്തെത്തുവാൻ സാധിച്ചില്ലെങ്കിൽ, അതൊരു വലിയ നഷ്ടമായി പരിഗണിക്കണം.

3. ഒരുപദേഷ്ടാവ് അവിടെയുണ്ടെങ്കിൽ ഉപദേശം നൽകുന്ന സഭയിൽ എത്തിച്ചേരുവാൻ വൈകരുത്. ഏവർക്കും ഉപകാരപ്രദമായ കാര്യങ്ങരം പറയുന്നതിന് ഉപദേഷ്ടാവിനു വേണ്ട കഴിവു നൽകപ്പെടും. നിങ്ങരം ചിന്തിക്കുകപോലും ചെയ്യാത്ത പലതും നിങ്ങരം കേരംക്കും. ഉപദേശം നൽകുന്ന ആളിലൂടെ പരിശുദ്ധാത്മാവു നൽകുന്ന ദാനങ്ങരം നിങ്ങരംക്കുപകരിക്കും. നിങ്ങരം കേരംക്കുന്നവ വഴി നിങ്ങളുടെ വിശ്വാസം ദൃഢതരമാകുകയും ചെയ്യും. കൂടാതെ നിങ്ങളുടെ ഭവനത്തിൽ എന്തുചെയ്യണമെന്ന് അദ്ദേഹം പറഞ്ഞുതരും. അതുകൊണ്ട് പരിശുദ്ധാത്മാവ് സജീവമായിരിക്കുന്ന സ്ഥലത്തെ സഭയിൽ എത്തുവാൻ ഓരോരുത്തനും അതീവ ശ്രദ്ധാലുവായിരിക്കണം.

## 36 യാമപ്രാർത്ഥനകൾ

ആദ്ധ്യാത്മ പാരായണം

1. ഉപദേശങ്ങളില്ലാത്ത ദിവസങ്ങളിൽ ഓരോരുത്തനും സ്വഭവനത്തിൽ ഇരുന്ന് ഏതെങ്കിലും വിശുദ്ധ ഗ്രന്ഥത്തിൽനിന്ന് ഉപകാരപ്രദമായ ഭാഗം വായിക്കണം.

മൂന്നാംമണി

2. നിങ്ങരം വീട്ടിൽതന്നെയാണെങ്കിൽ മൂന്നാം യാമത്തിൽ പ്രാർത്ഥിക്കുകയും ദൈവത്തെ വാഴ്ത്തുകയും ചെയ്യുക. എന്നാൽ നിങ്ങരം വേറെ എവിടെയെങ്കിലുമാണെങ്കിൽ ആ സമയത്തു നിങ്ങളുടെ ഹൃദയത്തിൽ പ്രാർത്ഥിക്കുക.

3. കാരണം, ഈ മണിക്കൂറിലാണ് ക്രിസ്തു മരത്തിൽ തറയ്ക്കപ്പെട്ടത്. ആയതിനാൽ പഴയനിയമത്തിൽ ക്രിസ്തുവിൻെറ ശരീരത്തിൻെറയും രക്തത്തിൻെറയും പ്രതീകമായി ഒരുക്കത്തിൻെറ അപ്പം അർപ്പിക്കപ്പെടേണ്ടത്, മൂന്നാം മണിക്കുറിലാണെന്ന് നിയമം അനുശാസിച്ചിരുന്നു. 'യഥാർത്ഥകുഞ്ഞാടിൻെറ' പ്രതിരൂപമായിരുന്ന നിശബ്ദയായ ആട്ടിൻകുട്ടി ബലികഴിക്കപ്പെട്ടിരുന്നതും ആ സമയത്തായിരുന്നു. കാരണം, ക്രിസ്തുവാണ് ഇടയൻ; സ്വർഗ്ഗത്തിൽ നിന്നിറങ്ങിവന്ന അപ്പവും അവിടുന്നാണ്.

ആറാംമണി

4. ആറാംമണിക്കൂറിലും അതുപോലെതന്നെ പ്രാർത്ഥിക്കണം; കാരണം ആ മണിക്കൂറിൽ ക്രിസ്തു കുരിശുമരത്തിൽ തറയ്ക്കപ്പെട്ടപ്പോരം പകൽവെളിച്ചം മങ്ങി എങ്ങും അന്ധകാരം വ്യാപിച്ചു.

www.malankaralibrary.com



അതുകൊണ്ട് അവിശ്വാസികളായ യൂദൻമാർക്കുവേണ്ടി സൃഷ്ടി മുഴുവനും അന്ധകാരമയമാക്കുകയും പ്രാർത്ഥിക്കുകയും ചെയ്തു. അവിടുത്തെ നിലവിളിയോടൊപ്പം ആ മണിക്കൂറിൽ അധിക ബലമുള്ള പ്രാർത്ഥനകളാൽ നാം പങ്കുചേരണം.

ഒൻപതാംമണി

5. വഞ്ചിക്കാത്തവനും, തൻെറ വിശുദ്ധരെ അനുസ്മരിക്കുകയും അവരെ പ്രകാശിപ്പിക്കുവാനായി വചനത്തെ അയയ്ക്കുകയും ചെയ്തവനുമായ ദൈവത്തെ മഹത്വപ്പെടുത്തുന്ന നീതിമാൻമാരുടെ ആത്മാക്കളെപ്പോലെ, ഒൻപതാം മണിക്കൂറിലും നിങ്ങൾ സ്തുതികൾ ആലപിക്കുകയും പ്രാർത്ഥനകൾ ചൊല്ലുകയും ചെയ്യുവിൻ.

6. കാരണം ആ മണിക്കൂറിലാണ് അവിടുത്തെ വിലാപ്പുറം കുന്തത്താൽ പിളർക്കപ്പെട്ടതും രക്തവും ജലവും ഒഴുകിയതും. ദിവസത്തിൻെറ ശേഷിച്ചിരുന്ന പ്രകാശമാനമായ ഭാഗം ഇരുളായി. അതുവഴി അവിടുത്തെ ഉത്ഥാനത്തിൻെറ പ്രതിരൂപത്തെ പൂർത്തിയാക്കിക്കൊണ്ട്, അവിടുത്തെ നിദ്രയുടെ ആരംഭം പുതിയൊരു ദിനത്തിൻെറ പുലരിക്കു കാരണമായിത്തീരുകയും ചെയ്തു.

സൂത്താറാ

7. കിടക്കയിൽ നിൻെറ ശരീരം വിശ്രമിക്കുന്നതിനു മുൻപും പ്രാർത്ഥിക്കണം.

രാത്രി

8. അർദ്ധരാത്രിയിൽ ഉണർന്ന് ജലംകൊണ്ട് കൈകൾ കഴുകിയശേഷം പ്രാർത്ഥിക്കുക. നിനക്കു ഭാര്യയുണ്ടെങ്കിൽ നിങ്ങൾ ഒന്നിച്ചു പ്രാർത്ഥിക്കുക.

9. എന്നാൽ അവൾ ജ്ഞാനസ്നാനം സ്വീകരിച്ചവളല്ലെങ്കിൽ മറെറാരു മുറിയിൽപോയി പ്രാർത്ഥിച്ചശേഷം കിടക്കയിലേയ്ക്കു മടങ്ങുക. പ്രാർത്ഥിക്കുന്നതിൽ അലസരാകരുത്.

10. വിവാഹബന്ധത്തിൽ ഏർപ്പെടുന്നവൻ അശുദ്ധനാകുന്നില്ല. കാരണം, ശുദ്ധീകരിക്കപ്പെട്ടവനെ വീണ്ടും കഴുകേണ്ട ആവശ്യമില്ല. അവർ പരിശുദ്ധരാണ്.

11. കൈയിലേയ്ക്കു നിശ്വസിക്കുക വഴിയും, ശ്വാസോച്ഛ്വാസത്തിൻെറ നനവാൽ ഒപ്പിടുന്നതുവഴിയും, നിൻെറ ശരീരം പാദംവരെ ശുദ്ധീകരിക്കപ്പെട്ടിരിക്കുന്നു. ഒരു ഉറവയിൽ നിന്നെന്നപോലെ വിശ്വാസിയുടെ ഹൃദയത്തിൽനിന്നു വരുന്ന അരൂപിയുടെ ദാനങ്ങളും ജ്ഞാനസ്നാനത്തൊട്ടിയുടെ ആസേചനവും, വിശ്വസിക്കുന്നവരെ ശുദ്ധീകരിക്കുന്നു.[18]

---

18. ഇവിടെയും പാഠഭേദമുണ്ട്.

www.malankaralibrary.com



12. താഴെ പറയുന്ന കാരണത്താൽ ഈ മണിക്കൂറിൽ പ്രാർത്ഥിക്കുക ആവശ്യമാണ്. പാരമ്പര്യം നമുക്കു കൈമാറിത്തന്ന ഭാഗ്യസ്മരണാർഹരായ പ്രെസ്ബിററർമാർ ഇതുതന്നെ പഠിപ്പിക്കുന്നു. ഈ നാഴികയിൽ ഓരോസൃഷ്ടിയും കർത്താവിനെ സ്തുതിക്കാനായി അല്പനേരത്തേക്കു നിശബ്ദരാകുന്നു. നക്ഷത്രങ്ങളും വൃക്ഷങ്ങളും ജലവും ആ സമയം നിശ്ചലമായി നിൽക്കുന്നു. അവിടുത്തേയ്ക്കു ശുശ്രൂഷചെയ്യുന്ന മാലാഖമാരുടെ വ്യൂഹം, നീതിമാൻമാരുടെ ആത്മാക്കളോടൊപ്പം ദൈവത്തെ സ്തുതിക്കുന്നു.

13. ആയതിനാൽ വിശ്വാസികളെല്ലാം ആ നാഴികയിൽ പ്രാർത്ഥിക്കുവാൻ ശ്രദ്ധിക്കണം. ഇതിനെ സാക്ഷ്യപ്പെടുത്തിക്കൊണ്ടു കർത്താവു തന്നെ പറഞ്ഞിരിക്കുന്നു: 'പാതിരാവിൽ ഒരാർപ്പുവിളി കേട്ടു. ഇതാ മണവാളൻ വരുന്നു. പുറത്തുവന്ന് അദ്ദേഹത്തെ എതിരേല്ക്കുവിൻ'. അവിടുന്നു തുടരുന്നു; അതുകൊണ്ടു നിങ്ങൾ ഉണർന്നിരിക്കുവിൻ; എന്തെന്നാൽ അവിടുന്നു സമാഗതമാകുന്ന നാഴിക നിങ്ങൾക്കജ്ഞാതമാണ്.

14. കോഴി കൂവുന്ന മണിക്കൂറിലും ഉണർന്നു പ്രാർത്ഥിക്കുവിൻ. കാരണം, നാം വിശ്വാസംവഴി അറിഞ്ഞിരിക്കുന്ന ക്രിസ്തുവിനെ കോഴികൂവുന്ന സമയത്ത് ഇസ്രായേൽ മക്കൾ തള്ളിപ്പറഞ്ഞു. നാമാകട്ടെ, മരിച്ചവരുടെ ഉയിർപ്പിൽ പ്രത്യക്ഷപ്പെടാനിരിക്കുന്ന പ്രകാശത്തെ പ്രത്യാശാപൂർവം എല്ലാ ദിവസവും കാത്തിരിക്കുന്നു.

15. അതുകൊണ്ടു വിശ്വാസികളായ നിങ്ങൾ ഇവ ആചരിക്കുകയും അനുസ്മരിക്കുകയും, പരസ്പരം ഉപദേശിക്കുകയും, ഇവ അനുഷ്ഠിക്കുവാൻ ജ്ഞാനസ്നാനാർത്ഥികളെ പ്രോൽസാഹിപ്പിക്കുകയും ചെയ്യുകയാണെങ്കിൽ, നിങ്ങളുടെ ഉള്ളിൽ എപ്പോഴും ക്രിസ്തു ഉള്ളതിനാൽ നിങ്ങൾ പരീക്ഷിക്കപ്പെടുകയോ നശിച്ചുപോവുകയോ ഇല്ല.

## 37 കുരിശുവരയ്ക്കൽ

1 പ്രലോഭനങ്ങളുണ്ടാകുമ്പോൾ ആദരപൂർവം നെററിയിൽ കുരിശടയാളം വരയ്ക്കുക. പീഡാനുഭവത്തിന്റെ ഈ അടയാളം, മനുഷ്യരാൽ കാണപ്പെടുവാൻ വേണ്ടിയല്ല, പിന്നെയോ, വിശ്വാസപൂർവം നിർവ്വഹിക്കുകയാണെങ്കിൽ നിന്റെ വിജ്ഞാനത്താൽ പിശാചിനെതിരെയുള്ള പരിചയായിരിക്കും.

2. മാമോദീസായുടെ സാദൃശ്യത്തിൽ ബാഹ്യമായി പ്രകടമാക്കപ്പെട്ട അരൂപിയുടെ ശക്തികണ്ട് അവനെ പ്രഹരിക്കുന്നതു

www.malankaralibrary.com



കൊണ്ടല്ല, പ്രത്യുത അവന്റെമേൽ നിശ്വസിക്കുന്നതുകൊണ്ട് എതിരാവിറച്ചുകൊണ്ട് പലായനം ചെയ്യുന്നു.[19]

3. ഇതുതന്നെയായിരുന്നു പ്രതീകാത്മകമായി പെസഹായ്ക്കു ബലിയർപ്പിക്കപ്പെട്ട ആടിനെക്കൊണ്ടു മോശ ചെയ്തതും. അദ്ദേഹം വാതിൽപ്പടിയിൻമേൽ രക്തംതളിച്ചു. വാതിൽപ്പടികളിൽ അങ്ങനെ പൂശുകവഴി, ഇന്നു നമ്മിൽ കുടികൊള്ളുന്ന പരിപൂർണ്ണ ആട്ടിൻകുട്ടിയിലുള്ള വിശ്വാസമാണ് അദ്ദേഹം സൂചിപ്പിച്ചത്.[19]

4. ആയതിനാൽ നെററിയും കണ്ണുകളും കൈകൊണ്ടു മുദ്രിതമാക്കുക വഴി, നമ്മെ നശിപ്പിക്കുവാൻ തക്കം പാർത്തിരിക്കുന്നവനിൽനിന്നു നാം രക്ഷപെടും.

## 38 ഉപസംഹാരം

1. ഇക്കാര്യങ്ങൾ നന്ദിയോടും ഉത്തമവിശ്വാസത്തോടുംകൂടെ സ്വീകരിക്കപ്പെടുകയാണെങ്കിൽ സഭയുടെമേൽ ആത്മീയോന്നതിയും വിശ്വാസികളിൽ നിത്യജീവനും വർഷിക്കപ്പെടും.

2. ശരിയായി ഗ്രഹിക്കുന്നവർ എല്ലാവരും ഇവ പാലിക്കണമെന്ന് ഞാൻ ഉപദേശിക്കുന്നു. കാരണം അപ്പസ്തോലിക പാരമ്പര്യം ശ്രദ്ധിക്കുകയും അതു പാലിക്കുകയും ചെയ്യുന്നവരെ ഒരു ബദ്ധോപദേശകനും വഞ്ചിച്ചു കീഴ്പ്പെടുത്തുകയില്ല.

3a താന്തോന്നികളായവർ വഴിപിഴച്ചുപോവുകയും അപ്പസ്തോലൻമാരുടെ പാരമ്പര്യത്തെ ദുഷിപ്പിക്കുകയും ചെയ്തു. അവരുടെ പക്കൽ എത്തുന്നവരെയെല്ലാം ഇങ്ങനെതന്നെ പഠിപ്പിക്കുകയും ചെയ്യുന്നു.

3b നേതൃസ്ഥാനത്തിരുന്നവർ അപ്പസ്തോലൻമാരുടെ ഉദ്ദേശ്യം മനസിലാക്കി ഉചിതമായതെന്തെന്നു ശ്രദ്ധിക്കാതെ, അവരവരുടെ ഇഷ്ടമനുസരിച്ച് പ്രവർത്തിച്ചതാണ് പാഷണ്ഡതകൾ വർദ്ധിച്ചുപെരുകാൻ കാരണം.

4. പ്രിയപ്പെട്ടവരേ, ഞങ്ങൾ എന്തെങ്കിലും വിട്ടുപോയിട്ടുണ്ടെങ്കിൽ, പരിശുദ്ധ സഭയെ പ്രശാന്തമായ തുറമുഖത്തു നങ്കൂരമിടുന്നതിനായി നയിച്ചുകൊണ്ടിരിക്കുന്ന യോഗ്യരായവർക്കു ദൈവം അതു വെളിപ്പെടുത്തിക്കൊടുക്കും.

---

19. ഇവിടെയും പാഠഭേദങ്ങളുണ്ട്.

★